KOTTAYAM PUBLIC LIBRARY

Call No. M200 Acc. No. 13015

Author മൈസ്‌ഫിക്ക് ഹാർട്ടിമെൻ സൻ

Title മശിഹായുടെ മഹാജ്ജീവിതം

846

# മശിഹായുടെ മഹജ്ജീവിതം

# THE MANHOOD OF THE MASTER

13015

ഹാരി എമർസൻ ഫൊസ്ഡിക്ക്

എഴുതിയതു്

വിവർത്തകർ:—പൈലൊ പോൾ, ബി. എ.

അയിപ്പ് മത്തായി, ബി. എ., എൽ. റ്റി.

യേശുക്രിസ്തുവിൻെറ ആത്മാവിനെയും സ്വഭാവത്തെയും ഗ്രഹിപ്പാൻ സഹായിക്കുന്ന പന്ത്രണ്ടു ധ്യാനങ്ങളും അവയോടു ബന്ധപ്പെട്ട വിമർശനവീഥികളും.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

MALAYALAM BRANCH OF
THE CHRISTIAN LITERATURE SOCIETY FOR INDIA
1952.

200
FOS-M

*Copyright*

*First edition, 1932.*
*Second edition, 1952.*

This book has been published with the aid of a grant from the Board of Christian Literature of the National Christian Council.

# അവതാരിക

ഈ ചെറിയ പുസ്തകം നമ്മുടെ കർത്താവിൻെറ ഒരു ജീവചരിത്രമോ തൻെറ ഉപദേശത്തിൻെറ ഒരു നിരൂപണമോ അല്ല. ഇതിൻെറ ഉദ്ദേശ്യം അവൻെറ സ്വഭാവം ഗ്രഹിച്ചിട്ട് അതിൻെറ വൈശിഷ്ട്യബോധം നമുക്കുണ്ടാകണമെന്നാണ്. അവൻെറ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ വിവരിച്ചിട്ടുള്ളതു് അവയിൽക്കൂടെ അവയുടെ നായകൻെറ ആത്മാവിനെ കാണുന്നതിനും, അവൻെറ പ്രധാന ഉപദേശങ്ങൾ ധ്യാനവിഷയമാക്കീട്ടുള്ളതു ഉപദേഷ്ടാവിൻെറ ഗുണങ്ങളെ ഗ്രഹിക്കുന്നതിനും ആകുന്നു.

ഈ പുസ്തകം ക്രിസ്തീയസഭയുടെ വേദസിദ്ധാന്തശാസ്ത്ര നിരൂപണം അല്ല, അനേക ശതാബ്ദങ്ങൾകൊണ്ടു് ഉണ്ടായ അഭിപ്രായഭേദങ്ങളെ അവഗണിച്ച്, മനുഷ്യനായി അവതരിച്ച നമ്മുടെ കർത്താവിനെ സുവിശേഷങ്ങളിൽ എങ്ങനെ വർണ്ണിച്ചിരിക്കുന്നു എന്നു അറിവാനുള്ള ശ്രമം മാത്രമാകുന്നു. നമ്മുടെ കർത്താവു ജീവിച്ചിരുന്ന കാലത്തെപ്പററിയും സുവിശേഷങ്ങൾ എഴുതിയവരെപ്പററിയും അവ എഴുതിയ സമയത്തെപ്പററിയും ഉള്ള വാദങ്ങളെക്കുറിച്ചു ഇതിൽ വിമർശനം ചെയ്തിട്ടില്ല. ആ വാദങ്ങളുടെ തീർച്ച നമ്മുടെ കർത്താവിൻെറ സ്വഭാവത്തെപ്പററിയുള്ള അഭിപ്രായത്തെ യാതൊരുവിധത്തിലും ഭേദപ്പെടുത്തുകയില്ല. അവൻെറ ആത്മാവിനെയും സ്വഭാവത്തെയും ഗ്രഹിക്കാൻ പൂർവ്വനിർണ്ണയങ്ങൾ കൂടാതെയും ഭയഭക്തിയോടുകൂടെയും ശ്രമിക്കുന്നവർക്കു ആ ശ്രമം ഗുണപ്രദമാകാതിരിക്കയില്ല. ഈ പുസ്തകം രചിച്ചിട്ടുള്ളതു അങ്ങനെ ശ്രമിക്കുന്നവരെ സഹായിക്കുന്നതിനാകുന്നു.

# സംഗതിവിവരം


| അദ്ധ്യായം. | | പുറം. |
|---|---|---|
| 1. | നമ്മുടെ കർത്താവിന്റെ ആനന്ദജീവിതം .... .... | 1 |
| 2. | ഒന്നാം ആഴ്ചയിലെ വിമർശനവീഥി .... .... | 9 |
| 3. | നമ്മുടെ കർത്താവിന്റെ മഹാമനസ്കത .... .... | 20 |
| 4. | രണ്ടാം ആഴ്ചയിലെ വിമർശനവീഥി .... .... | 27 |
| 5. | നമ്മുടെ കർത്താവിന്റെ കോപം .... .... .... | 40 |
| 6. | മൂന്നാം ആഴ്ചയിലെ വിമർശനവീഥി .... .... | 48 |
| 7. | നമ്മുടെ കർത്താവിന്റെ ഉദ്ദേശ്യസാദ്ധ്യത്തിലുള്ള ദൃഢഭക്തി | 61 |
| 8. | നാലാം ആഴ്ചയിലെ വിമർശനവീഥി .... .... | 69 |
| 9. | നമ്മുടെ കർത്താവിന്റെ സഹനശക്തി .... .... | 82 |
| 10. | അഞ്ചാം ആഴ്ചയിലെ വിമർശനവീഥി .... .... | 93 |
| 11. | നമ്മുടെ കർത്താവിന്റെ നിഷ്കാപട്യം .... .... | 106 |
| 12. | ആറാം ആഴ്ചയിലെ വിമർശനവീഥി .... .... | 115 |
| 13. | നമ്മുടെ കർത്താവിന്റെ ആത്മസംയമനം .... .... | 128 |
| 14. | ഏഴാം ആഴ്ചയിലെ വിമർശനവീഥി .... .... .... | 138 |
| 15. | നമ്മുടെ കർത്താവിന്റെ നിർഭയത്വം .... .... | 154 |
| 16. | എട്ടാം ആഴ്ചയിലെ വിമർശനവീഥി .... .... .... | 163 |
| 17. | നമ്മുടെ കർത്താവിന്റെ സ്നേഹം .... .... .... | 177 |
| 18. | ഒൻപതാം ആഴ്ചയിലെ വിമർശനവീഥി .... .... | 188 |
| 19. | നമ്മുടെ കർത്താവിന്റെ താരതമ്യവിവേചനം .... | 202 |
| 20. | പത്താം ആഴ്ചയിലെ വിമർശനവീഥി .... .... | 212 |
| 21. | നമ്മുടെ കർത്താവിന്റെ ആത്മാവ് .... .... | 226 |
| 22. | പതിനൊന്നാം ആഴ്ചയിലെ വിമർശനവീഥി .... | 236 |
| 23. | നമ്മുടെ കർത്താവിന്റെ പരിപൂർണ്ണത .... .... | 250 |
| 24. | പന്ത്രണ്ടാം ആഴ്ചയിലെ വിമർശനവീഥി .... .... | 260 |

# THE MANHOOD OF THE MASTER

# മശീഹായുടെ മഹജ്ജീവിതം

---

## അദ്ധ്യായം 1

## നമ്മുടെ കർത്താവിന്റെ ആനന്ദജീവിതം

### പ്രതിദിനപാഠങ്ങൾ

### ഒന്നാം ആഴ്ച:—ഒന്നാം ദിവസം

മത്താ. 9: 10—15. അവൻ വീട്ടിൽ ഭക്ഷണത്തിന്നു ഇരിക്കുമ്പോൾ വളരെ ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടുംകൂടെ പന്തിയിൽ ഇരുന്നു. പരീശന്മാർ അതു കണ്ടു അവന്റെ ശിഷ്യന്മാരോടു: നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുന്നതു എന്തു് എന്നു ചോദിച്ചു. യേശു അതു കേട്ടാറെ: ദീനക്കാൎക്കല്ലാതെ സൌഖ്യമുള്ളവൎക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല. യാഗത്തിലല്ല കരുണയിൽ അത്രെ ഞാൻ പ്രസാദിക്കുന്നു എന്നുള്ളതു എന്തു എന്നു പോയി പഠിപ്പിൻ. ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ വിളിപ്പാൻ വന്നതു് എന്നു പറഞ്ഞു.

യോഹന്നാന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു: ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു; നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതു എന്തു് എന്നു ചോദിച്ചു. യേശു അവരോടു പറഞ്ഞതു: മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാൎക്കു ദുഃഖിപ്പാൻ കഴികയില്ല; മണവാളൻ പിരിഞ്ഞുപോകേണ്ടുന്ന നാൾ വരും; അന്നു അവർ ഉപവസിക്കും.

നമ്മുടെ കർത്താവിന്റെ ഇഹലോകജീവിതം ആത്മപരിത്യാഗം നിമിത്തം ദുഃഖഭൂയിഷ്ഠം ആയിരുന്നു എന്നല്ലയോ നിങ്ങൾ സാധാരണയായി വിചാരിച്ചിട്ടുള്ളതു്? എന്നാൽ ഇ

ന്നത്തെ പാഠത്തിൽ കൎത്താവു ഭക്ഷണത്തിന്നിരിക്കുന്നതിൻെറ വിവരണം ശ്രദ്ധിച്ചു വായിക്കുക. അതിൽ കൎത്താവു സന്തോഷിക്കുന്നവനായി വിവരിച്ചിരിക്കുന്നു. തനിക്കു ഇഷ്ടമുള്ളവർ കൂടെ ഉണ്ടു്. തൻെറ സഹായം വേണ്ടുന്നവരെ താൻ സഹായിക്കുന്നു. എന്നുവേണ്ട, തനിക്കുണ്ടായ സന്തോഷം നിമിത്തം അന്നത്തെ വിരുന്നിനെ ഒരു കല്യാണവിരുന്നിനോടു ഉപമിക്കുന്നു. ഇക്കാലത്തു മാത്രമല്ല ശത്രുക്കളുടെ പീഡനം തുടങ്ങിയ കാലത്തും നമ്മുടെ കൎത്താവിൻെറ സന്തോഷത്തിനു യാതൊരു ഭംഗവും വന്നതായി കാണുന്നില്ല. 'ആ നാളിൽ സന്തോഷിച്ചു തുള്ളുവിൻ' എന്നാകുന്നു കൎത്താവു് അരുളിച്ചെയ്യുന്നതു്. 'ആത്മാവിൻെറ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം ഇവയാകുന്നു, എന്നു പൌലൊസു് പറയുന്നു. പ്രസന്നതയുടെയും പ്രമോദത്തിൻെറയും പ്രസരിപ്പുനിമിത്തം നിങ്ങളുടെ ജീവിതം, നിങ്ങളും കൎത്താവിൻെറ സ്നേഹിതന്മാർ ആകുന്നു എന്നു സാക്ഷ്യപ്പെടുത്തുന്നുവോ?

---

## ഒന്നാം ആഴ്ച:—രണ്ടാം ദിവസം

മത്താ. 9: 2. അവിടെ ചിലർ കിടക്കമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ അവൻെറ അടുക്കൽ കൊണ്ടുവന്നു; യേശു അവരുടെ വിശ്വാസം കണ്ടു പക്ഷവാതക്കാരനോടു: മകനേ, ധൈൎയ്യമായിരിക്ക; നിൻെറ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു.

യോഹ. 16: 33. നിങ്ങൾക്കു് എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു; ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടു്; എങ്കിലും ധൈൎയ്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നു പറഞ്ഞു.

അപ്പൊ. പ്ര. 23: 11. രാത്രിയിൽ കൎത്താവു അവൻെറ അടുക്കൽനിന്നു: ധൈൎയ്യമായിരിക്ക; നീ എന്നെക്കുറിച്ചു യരുശലേമിൽ സാക്ഷീകരിച്ചതുപോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു എന്നു അരുളിച്ചെയ്തു.

എവിടെയിരിക്കുമ്പോഴും നമ്മുടെ കർത്താവു തൻെറ ശിഷ്യന്മാർക്ക് സദാപി നല്കിക്കൊണ്ടിരുന്ന ഒരു ഉപദേശം ധൈര്യമായിരിക്ക എന്നാകുന്നു. മനുഷ്യരെ ധൈര്യപ്പെടുത്തി, അവരുടെ ജീവിതം ആനന്ദപ്രദവും പ്രത്യാശയുള്ളതും ആക്കുവാൻ മേൽപറഞ്ഞ മനോഭാവത്തിൽനിന്നും സംജാതമാകുന്ന ശക്തിയെപ്പററി വിചിന്തനം ചെയ്വിൻ. 'മനോവ്യസനം ഹേതുവായി മനുഷ്യൻെറ മനസ്സിടിയുന്നു; ഒരു നല്ല വാക്കോ അതിനെ സന്തോഷിപ്പിക്കുന്നു, (സദൃ. 12: 25) എന്നുള്ള സദൃശവാക്യം സ്മരിക്കുക. ഒരു പത്രത്തിൽ ഇങ്ങനെ ഒരു വർത്തമാനം പ്രസിദ്ധപ്പെടുത്തിയിരുന്നു:—'അന്ന് ഒരു ദുർദ്ദിനം ആയിരുന്നു. ഫിലിപ്പ്സ് ബ്രുക്സിൻെറ ആഗമനം അതിനെ ഒരു സുദിനമാക്കിത്തീർത്തു, നിങ്ങളുടെ ഭാവവും, പ്രവൃത്തിയും സുവിശേഷത്തിൻെറ ശ്ലാഘ്യതയെ ഇങ്ങനെ എല്ലാവർക്കും പ്രത്യക്ഷപ്പെടുത്തുന്നുണ്ടോ?

---

## ഒന്നാംആഴ്ച:—മൂന്നാംദിവസം.

മത്താ. 6: 23,29, ഉടുപ്പിനെക്കുറിച്ചു വിചാരപ്പെടുന്നതും എന്ത്? വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നതുമില്ല. എന്നാൽ ശലോമോൻപോലും തൻെറ സർവ്വ മഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

യോഹ. 15: 13—15. സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. ഞാൻ നിങ്ങളോടു കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എൻെറ സ്നേഹിതന്മാർ തന്നേ. യജമാനൻ ചെയ്യുന്നതു ദാസൻ അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനി പറയുന്നില്ല; ഞാൻ എൻെറ പിതാവിനോടു കേട്ടതു എല്ലാം നിങ്ങളോടു അറിയിച്ചതുകൊണ്ടു നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു.

യോഹ 2: 1, 2. മൂന്നാംനാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി; യേശുവിൻെറ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിനേയും ശിഷ്യന്മാരെയും കല്യാണത്തിനു ക്ഷണിച്ചിരുന്നു.

ഒരു മനുഷ്യൻെറ സ്വഭാവം എന്താണെന്നറിയുന്നതിനുള്ള പ്രധാന മാർഗ്ഗം അവനു സന്തോഷം കൊടുക്കുന്ന വിഷയങ്ങളുടെ സ്വഭാവം അറിയുകയാകുന്നു. എന്നാൽ യഥാർത്ഥസന്തോഷം എന്തു? കർത്താവു പ്രകൃതിയെ സ്നേഹിച്ചു. സുഹൃൽസംസർഗ്ഗത്തിലും സമുദായജീവിതത്തിലും ആനന്ദിച്ചു. ശരീരസൗഖ്യം തനിക്കു ആനന്ദപ്രദമായിരുന്നതുകൊണ്ടു തൻെറ സമയത്തിൻെറ ഭൂരിഭാഗവും രോഗികളെ സൌഖ്യമാക്കുന്നതിനു വിനിയോഗിച്ചു. തനിക്കു കിട്ടിയ നല്ല പുസ്തകങ്ങൾ വായിച്ചു. പ്രവാചകന്മാരുടെ പുസ്തകങ്ങൾ സുപരിചിതങ്ങളായി. ഇങ്ങനെ നമ്മുടെ കർത്താവിനു സന്തോഷം നല്കിയ വിഷയങ്ങളെല്ലാം വിശുദ്ധങ്ങളും വിശിഷ്ടങ്ങളും ആയിരുന്നു. ആത്മികമായി നമ്മുടെ കർത്താവിനുണ്ടായിരുന്ന സന്തോഷങ്ങളെപ്പററി തൽക്കാലം സൂക്ഷ്മമായി ആലോചിക്കാതെ നിങ്ങളുടെ ഹൃദയങ്ങളെ പരിശോധിച്ചു ഈ ചോദ്യത്തിനു മറുപടി പറയുക:—'എനിക്കു സന്തോഷം നൽകുന്ന വിഷയങ്ങൾ എന്തെല്ലാം?

---

## ഒന്നാം ആഴ്ച.—നാലാം ദിവസം.

ലൂക്കോ. 15: 3—10. അവരോടു അവൻ ഈ ഉപമ പറഞ്ഞു: നിങ്ങളിൽ ഒരു ആളിനു നൂറു ആടുണ്ടു എന്നിരിക്കട്ടെ. അതിൽ ഒന്നു കാണാതെപോയാൽ അവൻ തൊണ്ണൂറെറാൻപതിനെയും മരുഭൂമിയിൽ വിട്ടേച്ചു, ആ കാണാതെപോയതിനെ കണ്ടെത്തുംവരെ നോക്കി നടക്കാതിരിക്കുമോ? കണ്ടുകിട്ടിയാൽ സന്തോഷിച്ചു ചുമലിൽ എടുത്തു വീട്ടിൽ വന്നു സ്നേഹിതന്മാരെയും അയൽക്കാരെയും വിളിച്ചുകൂട്ടി കാണാതെപോയ എൻെറ

ആടിനെ കണ്ടുകിട്ടിയതുകൊണ്ടു എന്നോടുകൂടെ സന്തോഷിപ്പിൻ എന്നു അവരോടു പറയും. അങ്ങനെ തന്നെ മാനസാന്തരംകൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂറെറാൻപതു നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

അല്ല ഒരു സ്ത്രീക്കു പത്തു ദ്രഹ്മ ഉണ്ടു എന്നിരിക്കട്ടെ; ഒരു ദ്രഹ്മ കാണാതെപോയാൽ അവൾ വിളക്കു കത്തിച്ചു വീടു അടിച്ചുവാരി അതു കണ്ടുകിട്ടുംവരെ സൂക്ഷ്മത്തോടെ അന്വേഷിക്കാതിരിക്കുമോ? കണ്ടുകിട്ടിയാൽ സ്നേഹിതമാരെയും അയൽക്കാരത്തികളെയും വിളിച്ചുകൂട്ടി കാണാതെപോയ ദ്രഹ്മ കണ്ടുകിട്ടിയതുകൊണ്ടു എന്നോടുകൂടെ സന്തോഷിപ്പിൻ എന്നു പറയും. അങ്ങനെ തന്നേ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

ഇഹലോകവാസം ആനന്ദപ്രദമാകുന്നതു തങ്ങൾ ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുന്നതുകൊണ്ടാകുന്നു എന്നുള്ള അഭിപ്രായത്തോടുകൂടെയാണു് ഓരോരുത്തരും ജീവിതം ആരംഭിക്കുന്നതു്. ജീവിതത്തിന്റെ യഥാർത്ഥസന്തോഷം സേവനത്തിൽ സ്ഥിതിചെയ്യുന്നു എന്നു ലോകപരിചയംകൊണ്ടു മാത്രമെ അറിയുന്നുള്ളു. നിങ്ങളുടെ സ്നേഹത്തിനോ, ദയയ്ക്കോ പ്രത്യേക അവകാശം ഒന്നുമില്ലാത്ത ഒരാൾക്കു എന്തെങ്കിലും ഗുണം നിങ്ങൾ ചെയ്തതായി ഓർമ്മിക്കുന്നുണ്ടോ? അതിനേക്കാൾ ചാരിതാർത്ഥ്യജനകമായ എന്തെങ്കിലും പ്രവൃത്തി അതുപോലെ ദൃഢമായി നിങ്ങളുടെ മനസ്സിൽ പതിഞ്ഞു കിടപ്പുണ്ടോ? സർവ്വസ്വവും നഷ്ടമായിപ്പോയവരെയും സങ്കടപ്പെടുന്നവരെയും കണ്ടുപിടിച്ചു അവർക്കാവശ്യമുള്ള ആശ്വാസം നല്കുന്നതിലായിരുന്നു നമ്മുടെ കർത്താവിന്റെ സന്തോഷം. ഇങ്ങനെ അക്ഷയാനന്ദപ്രദങ്ങളായ സംഗതികൾ ലോകത്തിൽ സുലഭമാകുന്നു. എന്നാൽ അങ്ങനെയുള്ള ആനന്ദത്തെ അനുഭവിക്കുന്നവർ അധികമുണ്ടോ?

## ഒന്നാം ആഴ്ച:—അഞ്ചാം ദിവസം.

മത്താ. 13: 44. സ്വൎഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച നിധിയോടു സദൃശം. അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിററു ആ വയൽ വാങ്ങി.

മത്താ. 25: 21—23. അതിന്നു യജമാനൻ: നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന്നു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്നു അവനോടു പറഞ്ഞു. രണ്ടു താലന്തു ലഭിച്ചവനും അടുക്കെ വന്നു: യജമാനനേ, രണ്ടു താലന്തല്ലോ എന്നെ ഏല്പിച്ചതു്; ഞാൻ രണ്ടു താലന്തുകൂടെ നേടിയിരിക്കുന്നു എന്നു പറഞ്ഞു. അതിന്നു യജമാനൻ: നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന്നു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്നു അവനോടു പറഞ്ഞു.

സ്വഭാവനൈൎമ്മല്യത്തെ സംരക്ഷിക്കാനായി വല്ല തൽക്കാല സുഖത്തെയും പരിത്യജിക്കുമ്പോൾ നാം എത്രമാത്രം ആത്മപരിത്യാഗം അനുഷ്ഠിച്ചു എന്നു വിചാരിച്ചു കൃതാൎത്ഥരാകുന്നു. നേരേ മറിച്ചു നമ്മുടെ കൎത്താവു ആലോചിക്കുന്നതു നമുക്കെത്ര ലാഭമുണ്ടായി എന്നാണു്. മനസ്സാക്ഷി മുഖാന്തരം ദൈവത്തിന്റെ അനുമോദനം, നമ്മുടെ ആത്മശത്രുവിനെ ജയിച്ചു എന്നുള്ള സന്തുഷ്ടി, മേലാലും ജയിക്കാമെന്നുള്ള വിശ്വാസം, നമ്മെസ്നേഹിക്കുന്നവരുടെപ്രശംസ, മററുള്ളവരെ സഹായിക്കാനുള്ള ശക്തിയുടെ വൎദ്ധനവു്, ഇവയെല്ലാം സ്വഭാവനൈൎമ്മല്യപാലനത്തിന്നായി ഒരു തൽക്കാല സന്തോഷത്തെ ഉപേക്ഷിക്കുന്നതിന്റെ ഫലങ്ങളാകുന്നു. ലാഭമോ നഷ്ടമോ ഏതാണു് അധികം എന്നു ആലോചിക്കുക. ഇങ്ങനെ ഗുണഭൂയിഷ്ഠമായ സ്വയം പരിത്യാഗം സന്തോഷത്തോടെ അനുഷ്ഠിക്കേണ്ടതല്ലയോ? തിന്മ ചെയ്തിട്ടു യഥാൎത്ഥ സന്തോഷവും കൃതാൎത്ഥതയും അനുഭവിക്കുന്നവർ ഇല്ല.

---

## ഒന്നാം ആഴ്ച:—ആറാം ദിവസം

മത്താ. 5: 3—12. അവൻ തിരുവാമൊഴിഞ്ഞു അവരോടു ഉപദേശിച്ചതെന്തെന്നാൽ:

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവൎക്കുള്ളതു്; ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ അവൎക്കു ആശ്വാസം ലഭിക്കും. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും. നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവൎക്കു തൃപ്തിവരും. കരുണയുള്ളവർ ഭാഗ്യവാന്മാർ; അവൎക്കു കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും.

നീതിനിമിത്തം ഉപദ്രവിക്കപ്പെട്ടുന്നവർ ഭാഗ്യവാന്മാർ; സ്വൎഗ്ഗരാജ്യം അവൎക്കുള്ളതു്. എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാം തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; സ്വൎഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ.

നമ്മുടെ പ്രസംഗങ്ങളിലും, ഗീതങ്ങളിലും, പുസ്തകങ്ങളിലും അധികഭാഗവും നമ്മുടെ കൎത്താവിന്റെ കഷ്ടതകളെ വൎണ്ണിച്ചു പരിതപിക്കുന്നവയാകുന്നു. എന്നാൽ അസാമാന്യ പീഡകൾ അനുഭവിക്കേണ്ടിവന്നിട്ടും തന്റെ ജീവിതം ആനന്ദപ്രദമാണെന്നു തന്നെയാകുന്നു കൎത്താവു അരുളിച്ചെയ്യുന്നതു്. തന്റെ പിതാവിൽ തനിക്കുണ്ടായിരുന്ന വിശ്വാസം, ഭാവിയെപ്പററി തനിക്കുണ്ടായിരുന്ന നിസ്സീമമായ പ്രത്യാശ, ദൈവത്തിന്റെ അഭീഷ്ടപ്രകാരം താൻ പ്രവൎത്തിക്കുന്നു എന്നുള്ള ബോധം, തന്റെ ജീവിതക്രമം ദൈവത്തിന്നു പ്രസാദകരമാണെന്നുള്ള ജ്ഞാനം, മനുഷ്യരുടെ ഉന്നതിക്കായി താൻ ശാശ്വതമായ ഒരു വലിയ കൃത്യം നിറവേററുകയാണെന്നുള്ള അറിവു്, ഇവയെ

ല്ലാമാണു് നമ്മുടെ കർത്താവിന്റെ ജീവിതത്തെ തനിക്കു അനുഗ്രഹപൂർണ്ണവും ആനന്ദപ്രദവുമാക്കിത്തീർത്തതു്. ഇവ ഓരോന്നും നിങ്ങളുടെ ജീവിതത്തോടു എത്രത്തോളം യോജിക്കുന്നു എന്നു ആലോചിക്കുക. ഇവയിൽ ഓരോന്നും നമ്മുടെ ജീവിതത്തെ അനുഗ്രഹപൂർണ്ണമാക്കിത്തീർക്കയില്ലയോ?

---

## ഒന്നാം ആഴ്ച:—ഏഴാം ദിവസം

യോഹ. 15: 11. എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു.

യോഹ. 16: 22. അങ്ങനെ നിങ്ങൾക്കും ഇപ്പോൾ ദുഃഖം ഉണ്ടു് എങ്കിലും ഞാൻ പിന്നെയും നിങ്ങളെ കാണും; നിങ്ങളുടെ ഹൃദയം സന്തോഷിക്കും; നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്നു എടുത്തുകളകയില്ല.

യോഹ. 17: 13. ഇപ്പോഴോ ഞാൻ നിന്റെ അടുക്കൽ വരുന്നു; എന്റെ സന്തോഷം അവർക്കു ഉള്ളിൽ പൂർണ്ണമാകേണ്ടതിന്നു ഇതു ലോകത്തിൽവെച്ചു സംസാരിക്കുന്നു.

ഒരുവന്റെ ജീവിതം നിരന്തരം സുഖതരമായിരിക്കയില്ല, എപ്പോഴെങ്കിലും വല്ല സങ്കടത്തിലും പെടാത്തവർ ഇല്ല. നിങ്ങളുടെ ഭാഗ്യമെല്ലാം നിങ്ങൾക്കു ഈ ലോകത്തിൽ ഉണ്ടാകാവുന്ന സംഭവങ്ങളെ ആശ്രയിച്ചിരിക്കുന്നുവോ? അന്യൻ അപഹരിക്കയോ, നിർഭാഗ്യം നശിപ്പിക്കയോ ചെയ്യാത്ത വല്ല സന്തോഷഹേതുക്കളും നിങ്ങൾക്കുണ്ടോ? അങ്ങനെയുള്ള ഹേതുക്കൾ നമ്മുടെ കർത്താവിന്നു ഉണ്ടായിരുന്നു എന്നു ഇന്നലെ നാം കണ്ടുവല്ലോ. അവയെപ്പററി ആലോചിക്കുക. അവയിലൊന്നും മനുഷ്യന്റെ ശത്രുതനിമിത്തമോ ലോകത്തിൽ നമുക്കു നേരിടാവുന്ന വിപത്തുകൾ മൂലമോ ഇല്ലാതായിപ്പോകുന്നതല്ല. നമ്മുടെ കർത്താവിന്നുണ്ടായിരുന്ന ഈവിധ

സന്തോഷഹേതുക്കൾ നമ്മിൽ ഓരോരുത്തക്കും ഒരുകാലം അവശ്യമായിവരും. നിങ്ങൾ അവയെ സമ്പാദിച്ചു സംഗ്രഹിച്ചിട്ടുണ്ടോ?

---

അദ്ധ്യായം 2.

## ഒന്നാം ആഴ്ചയിലെ വിമർശനവീഥി

### കത്താവിൻെറ ആനന്ദജീവിതം

### പുതിയനിയമം ലോകത്തിലുള്ളതിലേക്കും ഏററവും സന്തോഷപ്രദമായ പുസ്തകമാണ്.

യേശുവിൻെറ ജനനത്തിങ്കലുള്ള സന്തോഷത്തോടുകൂടി അതു ആരംഭിക്കുന്നു; ഹല്ലേലുയ്യാ ഗീതങ്ങൾ പാടുന്നതും ആക്കും എണ്ണിത്തീക്കാൻ പാടില്ലാത്തതുമായ ഒരു മനോഹര ജനസമൂഹത്തിൻെറ ചിത്രമാണ് അതിൻെറ അവസാനത്തിലുള്ളതു്. ആ പുസ്തകത്തിൻെറ ഏതു ഭാഗം മറിച്ചുനോക്കിയാലും, ഭാഗ്യകരമൊ അധൈര്യപ്രദമൊ ആയ ഏതു സന്ദർഭത്തിലും, സന്തോഷസ്വരം കേൾക്കാം. സ്നേഹിതന്മാർ അവസാനയത്താഴത്തിനു കൂടിയിരുന്നപ്പോൾ തന്നെയും, അവരുടെ നാഥൻ ക്രൂശിക്കപ്പെടുന്നതിനു മുൻപായും, ആ നാഥൻ അവരോടു പറയുന്നതാവിതു്:—

> 'എൻെറ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു' (യോഹ. 15: 11).

അവരുടെ ആ ഉത്തമസ്നേഹിതൻ കടന്നുപോയിരിക്കുമ്പോഴും, ദുഃഖസമുദ്രത്തിൽ മുഴുകിയിരുന്ന അവർ, 'ഉല്ലാസവും ഹൃദയപരമാത്ഥതയും പൂണ്ടു് ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്തു' (അപ്പൊ. പ്ര. 2: 46, 47). അവരുടെ വിശ്വാസത്തിന്നായി ദണ്ഡിപ്പിക്കപ്പെട്ടപ്പോൾ, ശി

ഷ്യന്മാർ ന്യായാധിപസംഘത്തിൽനിന്നും 'തിരുനാമത്തിനു
വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെട്ടക
യാൽ സന്തോഷിച്ചുകൊണ്ടു് പുറപ്പെട്ടുപോകുന്നു' (അപ്പൊ.
പ്ര. 5: 41). ഒരു അപ്പൊസ്തലനെ രാത്രിയിൽ തടവിൽ പാ
ർപ്പിച്ചപ്പോൾ അവൻ പാടിക്കൊണ്ടു ആ സമയം കഴിക്കുന്നു
(അപ്പൊ. പ്ര. 16: 25). ആ അപ്പൊസ്തലൻ റോമായിലെ തട
വിൽ കിടന്നുകൊണ്ടു്, 'കർത്താവിൽ എപ്പോഴും സന്തോഷി
പ്പിൻ, വീണ്ടും ഞാൻ പറയുന്നു, സന്തോഷിപ്പിൻ' എന്നു് ഒരു
സഭയ്ക്കു എഴുതി അയക്കുന്നു (ഫിലി. 4: 4). ദുഃഖസംഭവങ്ങ
ളുടെ ബഹുലതയാൽ ലോകത്തിൽവച്ചു് ഏററവും ദുഃഖകരമാ
യ ഒരു ഗ്രന്ഥമാണെങ്കിലും അതു് ഏററവും സന്തോഷകരമാ
യ ഒന്നായിട്ടാണിരിക്കുന്നതു്.

അതിൽ അടങ്ങിയിരിക്കുന്ന മതം ലോകത്തിലു
ള്ളതിൽവച്ചു ഏററവും സന്തോഷപ്രദമായ ഒന്നാകുന്നു.
പ്രചരണവേല ചെയ്യുന്ന മൂന്നു മതങ്ങൾ ഉണ്ടു്:—മുഹമ്മദു
മതം, ബുദ്ധമതം. ക്രിസ്തുമതം. ഒന്നാംമതത്തിൽ പാട്ടുകളില്ല.
രണ്ടാമത്തേതു നമ്മുടെ പാട്ടുകൾ പകർത്തി ക്രിസ്തുമതത്തെ ഇ
പ്പോൾ അനുകരിപ്പാൻ ശ്രമിക്കുന്നു. അറുപതു തലമുറകളോ
ളമായി ക്രിസ്ത്യാനികൾ പാടിക്കൊണ്ടുവന്ന ആ സന്തോ
ഷഗീതങ്ങളിൽ ചിലതിനെ നിരാശാപരമായ ബുദ്ധമത
വിശ്വാസത്തോടു കൂട്ടിച്ചേർക്കുന്നതിനു ബോധിസംഘം ഇ
പ്പോൾ ഉത്സാഹിക്കയത്രെ ചെയ്യുന്നതു്.

സമ്മോദകരമായ ഈ പുസ്തകത്തിൻെറയും ഈ മതത്തി
ൻെറയും പിന്നിലായി ആനന്ദാത്മകനായ ഒരു ആൾ നിൽ
ക്കുന്നുണ്ടു്. അപ്രാചീന ചിത്രകാരന്മാർ അദ്ദേഹത്തിൻെറ
പടങ്ങൾ ദുഃഖപ്രദർശകങ്ങളായി വരച്ചിരിക്കുന്നതു ശരിയ
ല്ല എന്നു ആ ആളിൻെറ ജീവചരിത്രരേഖകളും അദ്ദേഹത്തി
ൻെറ ശക്തിമൂലം വന്നിട്ടുള്ള ഫലങ്ങളും തെളിയിക്കുന്നുണ്ടു്.
ഇപ്പോഴുള്ളതിൽവച്ചു ഏററവും സന്തോഷകരമായ പുസ്തകവും,

മത്വം അങ്ങനെ ദുഃഖവദനനായ ഒരു ആളിനാൽ നിശ്വസി ക്കപ്പെട്ടിട്ടുള്ളതായിരിക്കാൻ ഇടയില്ല.

ശത്രുക്കളോടുള്ള തൻെറ പെരുമാററത്തെ നീതീകരിക്കു ന്നതിന് യേശു ശ്രമിക്കുന്ന രണ്ടു സന്ദർഭങ്ങളിൽ, താനും ശിഷ്യന്മാരും അത്ര സന്തോഷമുള്ളവരായിരിക്കുന്നത് എങ്ങ നെ എന്ന് വിവരിക്കുന്നു. മക്കോ. 2: 18, 19–ൽ തൻെറ ചെ റിയ കൂട്ടം നിരാഹാരവ്രതം അനുഷ്ഠിക്കാത്തതിൻെറ കാരണം പറയുന്നു. മനസ്സുണ്ടെങ്കിലും ഇല്ലെങ്കിലും പരീശൻ ആഴ്ചയിൽ രണ്ടുദിവസം — തിങ്കളാഴ്ചയും — വ്യാഴാഴ്ചയും — ഉപവസി ക്കുന്നു. ആ തരത്തിലുള്ള കപടോപവാസം ഉപയോഗശൂന്യം എന്നും, താനും തൻെറ ശിഷ്യന്മാരും ഒരു കല്യാണസംഘം പോലെ സന്തോഷമുള്ളവരും ഉപവസിക്കുന്നതിന് ആഗ്രഹ മില്ലാത്തവരും ആണെന്നും പറയുന്നു. യഹൂദചട്ടപ്രകാരം ക ല്യാണക്കാർ ഉപവസിക്കേണ്ടതില്ല. അതിനാൽ യേശുവി ൻെറ ദൃഷ്ടാന്തം വളരെ ചേർച്ചയുള്ളതായിരുന്നു. താനും ത ൻെറ സ്നേഹിതന്മാരും സ്ഥിരകല്യാണാഘോഷത്തിലിരിക്കുന്ന തുകൊണ്ട് പരീശന്മാരുടെ ചട്ടങ്ങൾ തങ്ങളെ ബാധിക്കയി ല്ലെന്നത്രെ യേശുവിൻെറ വാദം.

വേറൊരു സന്ദർഭത്തിൽ, തൻെറ സ്നേഹബന്ധത്തിലേ ക്ക് പാപികളെ യേശു ക്ഷണിക്കുന്നു എന്നു പരീശർ ആവ ലാധിപ്പെടുന്നു. ലൂക്കോസ് 15–ാം അദ്ധ്യായത്തിൽ കാണാ തെപോയവരെ കണ്ടുപിടിച്ചു യഥാർത്ഥ ജീവിതത്തിലേക്ക് നയിക്കുന്ന സന്തോഷപ്രദമായ ജോലിയെ താൻ ചെയ്യു കയാകുന്നു എന്നു യേശു അവരോടു പറയുന്നു. കാണാതെപോ യ ആടിനെ ആട്ടിടയൻ കണ്ടെത്തുകയും, ഒരു വെള്ളിപ്പണം കാണാതെപോയ വീട്ടുകാരി അതിനെ കണ്ടെടുക്കയും, മുടി യൻപുത്രൻ തിരിച്ചു പിതാവിൻെറ അടുക്കൽ വരികയും ചെ യ്യുന്ന അവസരങ്ങളിൽ സ്നേഹിതരെക്കൂടി ക്ഷണിച്ചു സന്തോ ഷിച്ചു വിരുന്നു കഴിക്കുമ്പോലെയാണ് തൻെറ സന്തോഷം.

താൻ അനുഭവിക്കുന്ന ഈ സന്തോഷത്തിങ്കൽ ദൈവദൂതന്മാർ പാടുന്നു. ഇതിനെ വിട്ട പരീശന്മാരെപ്പോലെ ജനങ്ങളിൽ നിന്നും താൻ പിന്മാറി നിന്നുകളകയില്ല.

തൻെറ സ്നേഹബന്ധത്തിലും, ജോലിയിലും സന്തോഷം അനുഭവിച്ചുവന്നതുകൊണ്ടു് തൻെറ ശത്രുക്കളുടെ മുമ്പിൽ യേശു പ്രതിവാദം ചെയ്യേണ്ടിവന്നു. മററുള്ളവരുടെ പ്രയോജനത്തെ ലാക്കാക്കി പ്രവൎത്തിക്കുന്നവൎക്കാണു് അധികം സൌഭാഗ്യം എന്നുള്ള പൊതുതത്വമാണു് യേശുവിൻെറയും സന്തോഷഭാവത്തിൻെറ കാരണം. യേശുവിൻെറ ഐഹികജീവിതം കഷ്ടതയുടെയും താഴ്ച്ചയുടെയും കാലമായിരുന്നു എന്നു് നാം പറയാറുണ്ടെങ്കിലും താൻ അതിനെക്കുറിച്ചു് ഇപ്രകാരമാണു് സസന്തോഷം ഉൽഘോഷിച്ചിരിക്കുന്നതു്:—'എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്യുന്നതുതന്നെ എൻെറ ഭക്ഷണമാകുന്നു.' താൻ തൻെറ ജീവിതത്തെ സ്നേഹിച്ചു. തനിക്കു് നിരാശയോ പ്രതിബന്ധമൊ ഉണ്ടായിട്ടുള്ളതും, സ്നേഹിതന്മാർ വിട്ടുപിരിയുന്നതുമായ ഏതെങ്കിലും ഒരു അവസരത്തിൽ യേശുവിനെ സൂക്ഷിക്കുകതന്നെ. താൻ ചെയ്തുകൊണ്ടിരിക്കുന്ന (ശുശ്രൂഷ) ജോലിയിൽനിന്നു ഒന്നിനും തന്നെ അകററുവാൻ കഴിയുന്നില്ല. താൻ അതിനെ ഇഷ്ടപ്പെടുന്നു, അതിൽ പുകഴുന്നു. അതില്ലാതിരുന്നാൽ വളരെ അനിഷ്ടമായി കരുതുന്നു. യേശു ജീവനെ നഷ്ടപ്പെടുത്തുന്നതിൽ അതിനെ കണ്ടെത്തുന്നു (മത്താ. 10: 39). പ്രയോജനത്തെ ശ്രേഷ്ഠതരമായി ഗണിക്കുന്നു (മത്താ. 20: 25—28). ഭ്രരിനന്മയ്ക്കായിട്ടു അല്ല സൌകൎയ്യങ്ങളെ ത്യജിക്കുമ്പോൾ, കേവലം നിസ്സാരന്മാരായ് നാം സഹിച്ച ത്യാഗത്തെക്കുറിച്ചു അധികമായി വിചാരിക്കുന്നു. എന്നാൽ യേശു പറയുന്നതാവിതു:—'ഒരു മനുഷ്യൻ ഒരു വയലിൽ ഒരു നിക്ഷേപത്തെ കണ്ടിട്ടു, ആഹ്ലാദപൂൎവ്വം തനിക്കുള്ള സകലവും വിററു, ആ വയൽ വാങ്ങി' (മത്താ. 13. 44). യേശു ശക്തിപ്പെടുത്തിപ്പറയുന്നതു ത്യാഗത്തെപ്പററിയല്ല, ആത്മീയനിക്ഷേപത്തെ കണ്ടിട്ടു എന്തു വിലകൊടുത്തും അതി

നെ വാങ്ങിക്കുന്നതിലുള്ള സന്തോഷത്തെക്കുറിച്ചാണ്. സേവനത്തിലുള്ള സന്തോഷം പൂർണ്ണമായിക്കാണുന്നത് മഹാത്മാക്കളിൽ മാത്രമാണ്. കഠിനമായുള്ള പ്രയാസങ്ങളിൽ 'ഞങ്ങൾ കഷ്ടതകളിലും സന്തോഷിക്കുന്നു' എന്നു പൌലൊസു പറയുമ്പോൾ നാം അവനിൽ ഈ സ്വഭാവം കാണുന്നു. അതു ഡേവിഡ് ലിവിങ്സ്റ്റനിലും ഉണ്ടായിരുന്നതുകൊണ്ടു് അദ്ദേഹം തീവ്രമായ കഷ്ടപ്പാടുകൾ അനുഭവിച്ചതിന്റെ ശേഷവും പറയുന്നതു്, 'ഞാൻ എന്റെ ആയുസ്സിൽ ഒരു ത്യാഗവും ചെയ്തിട്ടില്ല' എന്നത്രെ. അപരന്മാൎക്കുവേണ്ടിയുള്ള തങ്ങളുടെ പ്രവൃത്തിയെ അവർ കരുതുന്നതു്, നെൽസൺ യുദ്ധത്തെക്കുറിച്ചു കരുതുന്നതുപോലെയാണു്. അബൂക്കിർ ഉൾക്കടലിലെ യുദ്ധത്തിൽ വെച്ചു വെടിയുണ്ടകൾ തന്റെ ചുററും പായുമ്പോൾ ആ യുദ്ധവീരൻ ഇപ്രകാരമാണു് പറഞ്ഞതു്:—'ഇതു കഠിനപ്രയത്നമാണു്. ഓരോ നിമിഷവും നമ്മുടെ മരണസമയമാവാം. എങ്കിലും എന്തു തരാമെന്നു് പറഞ്ഞാലും ഞാൻ ഇവിടെനിന്നും മാറുകയില്ല.'

യേശുവിലുണ്ടായിരുന്ന ഈ സന്തോഷഭാവത്തിനു വേറൊരു കാരണംകൂടിയുണ്ടു്. ദൈവത്തെക്കുറിച്ചു ഏററവും സന്തോഷപ്രദമായ ധാരണയാണു് യേശുവിനുണ്ടായിരുന്നതു്. മനുഷ്യജീവിതത്തിൽ പിതൃത്വം പോലെ ഏററവും ഭംഗിയുള്ള വശങ്ങളെ ചൂണ്ടിക്കാണിച്ചിട്ടു, ദൈവം ഇതിനെക്കാൾ എത്രയൊ നല്ലവനായിരിക്കുന്നു എന്നു പറഞ്ഞു. 'ദോഷികളാകുന്ന നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു എത്രയധികം?' (മത്താ. 7: 11). ദൈവത്തെക്കുറിച്ചു നാം അറിയുന്നതിലേക്കും സന്തോഷകരമായ ഒരു ചിന്തയാണു് ഇതു്. അനേകശതങ്ങളായി മനുഷ്യർ ദോഷം, നന്മ, സ്പർദ്ധ, മോഹങ്ങൾ, അനുഗ്രഹങ്ങൾ, ഇവയെല്ലാം ദൈവത്തിൽ സങ്കല്പിച്ചിരുന്നു. അതിമിയാത്ഥത്തിൽ മനുഷ്യൎക്കു ചിന്തിക്കാൻ കഴി

യുന്നതിലേക്കും ഉത്തമമായിട്ടു ദൈവത്തെക്കുറിച്ചു ധരിക്കുന്നതിനു് യേശു മനുഷ്യരെ പഠിപ്പിച്ചു. ഏതെല്ലാം സംഗതികൾ നീതിയായിട്ടും, സത്യമായിട്ടും, മാന്യമായിട്ടും ഉണ്ടോ, അതെല്ലാം ദൈവത്തിൽനിന്നാണെന്നു് യേശു പ്രസ്താവിച്ചു.

ദൈവത്തെക്കുറിച്ചുള്ള ഈ ആദർശം യേശുവാണു് ലോകത്തിനു കൊടുത്തതു്. ഇത്ര ആനന്ദകരമായ വേറെ ഒരാദർശവുമില്ല. ദുഃഖവദനനായ ഒരാൾക്കു ദൈവത്തെക്കുറിച്ചു് ഇത്ര ആനന്ദപ്രദമായ ഒരു ആദർശം ഉണ്ടായിരിക്കുകയോ ഉത്ഭവിപ്പിക്കാൻ സാധിക്കയോ ചെയ്തിട്ടില്ല എന്നു തീർച്ചതന്നെ.

ദൈവത്തെക്കുറിച്ചുള്ള ഈ ആദർശത്തിൽനിന്നും നിരന്തരമായ ഒരു പ്രത്യാശ ജനിക്കുന്നു. നമുക്കു വിചാരിക്കാൻ പാടില്ലാത്തവണ്ണം, നാം യാചിക്കയോ നിരൂപിക്കയോ ചെയ്യുന്നതിൽ അപ്പുറമായി നല്ലവനായിരിക്കുന്നതുകൊണ്ടു്, നന്മസ്സു അതിരില്ലാതെ വന്നിരിക്കുന്നു. യേശുവിന്റെ വേലയുടെ മുക്കാൽഭാഗവും ചീത്തനിലത്തുവീണു് ഫലമില്ലാതെ പോയാലും, കാൽഭാഗം മഹത്തായ ഫലം പുറപ്പെടുവിക്കുമെന്നു് യേശുവിനു നിശ്ചയമുണ്ടു് (മത്താ. 13: 1, 2). തന്റെ മാർഗ്ഗം ആരംഭത്തിൽ കടുകുമണിയെപ്പോലെ ചെറുതെങ്കിലും ഒടുവിൽ വൻവൃക്ഷമായിത്തീരും. (മത്താ. 13: 31 32). ഈ ലോകവയലിൽ കളകളും കോതമ്പും തമ്മിൽ മത്സരിക്കുന്നുണ്ടെങ്കിലും കളകൾക്കു ജയമുണ്ടാകുമെന്നു് യേശു ലേശവും വിചാരിക്കുന്നില്ല. കോതമ്പുതന്നെ ജയിക്കുമെന്നു തനിക്കു നിശ്ചയമുണ്ടു് (മത്താ. 13: 24–30). ശത്രുക്കൾ പ്രാബല്യം പ്രാപിക്കയും ശിഷ്യന്മാർ ഭയപ്പെട്ടുതുടങ്ങുകയും ചെയ്തപ്പോൾ യേശുവിന്റെ പ്രത്യാശ ഒട്ടുംതന്നെ ചലിക്കുന്നില്ല. 'അവരെ വിടുക. എന്റെ സ്വർഗ്ഗസ്ഥപിതാവു് നട്ടിട്ടില്ലാത്ത എല്ലാ ചെടികളും വേരോടെപറിച്ചുകളയപ്പെടും' (മത്താ. 15: 13,14). നന്മ, തിന്മയെ ജയിക്കുമെന്നു് യേശുവിനു പൂർണ്ണനിശ്ചയ

മുണ്ടു്. ഇതിൽ യേശു ഒരു രമണീയപരിണാമപ്രണയിയാണു്. ഇതുപോലെ ആനന്ദപ്രദവും ധൈര്യജനകവുമായ ആശ, ദുഃഖിതനായ ഒരുത്തനു് ഉണ്ടാകുന്നതു് അസംഭവ്യമാണു്.

യേശുവിന്റെ ഈ പ്രമോദം എല്ലാ വഴികളിലേക്കും കവിഞ്ഞൊഴുകിക്കൊണ്ടിരുന്നു എന്നു് സുവിശേഷങ്ങൾ വെളിവായി കാണിക്കുന്നു. തന്റെ ശത്രുക്കൾ തന്നെക്കുറിച്ചു 'ഭോജനപ്രിയനും വീഞ്ഞുകുടിക്കുന്നവനും' എന്നു പരിഹസിച്ചപ്പോൾ (മത്താ. 11: 19) തന്റെ ആദ്യശിഷ്യന്മാരെപ്പോലെ താനും സന്തോഷത്തോടുകൂടി തന്റെ ഭക്ഷണം കഴിച്ചില്ലായിരുന്നെങ്കിൽ, അവരുടെ ഇടയിലും ആ ആക്ഷേപം പ്രചരിക്കുകയില്ലായിരുന്നു. സന്തോഷമുള്ള ഒരാത്മാവിനല്ലാതെ യേശുവിനെപ്പോലെ കുട്ടികളിൽ ഇത്ര സന്തോഷമുണ്ടാകയില്ല (മർക്കോ. 10: 16). സന്തോഷമുള്ള ഒരാത്മാവിനല്ലാതെ യേശുവിനെപ്പോലെ ഉഷ്ണകാലത്തിൽ സന്ധ്യാസമയത്തെ ആകാശം കാലഭേദം നിർദ്ദേശിക്കുന്നതും, ലിലിപ്പുഷ്പങ്ങൾ വളരുന്നതും കാണുന്നതിനു സാധിക്കയില്ല (മത്താ. 16: 2, 3; മത്താ. 6: 28, 29). ഒരു സന്തോഷമുള്ള ആത്മാവിനല്ലാതെ യേശുവിനെപ്പോലെ തന്റെ ഏററവും ഗൗരവാവഹമായ ഉപദേശം സന്തോഷരസത്തോടുകൂടി പഠിപ്പിക്കുന്നതിനു സാധിക്കയില്ല. സോക്രട്ടീസിനെപ്പോലെ യേശു ആരേയും കളിയാക്കുന്നില്ല. എങ്കിലും തന്റെ അഗാധ ഉപദേശത്തിന്റെ ഉപരിഭാഗത്തു് ചെറിയ സന്തോഷതരംഗങ്ങൾ ചിലപ്പോൾ കളിയാടുന്നുണ്ടു്. മടുത്തുപോകാതെ ക്ഷമയോടുകൂടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു് ശിഷ്യന്മാരെ പഠിപ്പിക്കുമ്പോൾ യേശു, രാത്രിയിൽ എഴുന്നേററു, അർദ്ധരാത്രിയിൽ വന്ന സ്നേഹിതനു് കതകു തുറന്നുകൊടുക്കുന്നതിനു കുട്ടികളോടുകൂടി ഉറക്കത്തിനു കിടക്കുന്നതിനാൽ മടികാണിച്ച, ഈർഷ്യയുള്ള അയൽക്കാരനോടു ദൈവത്തെ സാമ്യപ്പെടുത്തുന്നു (ലൂക്കോ. 11: 5—8). ക്ഷമിക്കാത്തവന്റെ നീചമനസ്ഥിതിയെ കാണിക്കുന്നതിനു് 24 ലക്ഷം പവൻ കടം ഇളച്ചുകിട്ടിയ ഒരു

ദാസൻ തന്നോടു 4 പവൻ കടപ്പെട്ടിരിക്കുന്ന കൂട്ടുദാസനെ ഞെരുക്കുന്ന ഒരു കഥ പറയുന്നു (മത്താ. 18: 23—35). തന്റെ സ്വന്ത കുററത്തെ മറന്നു് അന്യനെ കഠിനമായി കുററം വിധിക്കുന്നവനെ ശാസിക്കുന്നതിനായി യേശു, കണ്ണിൽ ഒരു കോൽ ഉള്ള ഒരുത്തൻ വേറൊരുവന്റെ കണ്ണിൽനിന്നും ഒരു കരടു എടുക്കാൻ ശ്രമിക്കുന്ന ചിത്രം കാണിക്കുന്നു (മത്താ. 7: 3–5). കൺഫ്യൂഷിയസ് എന്ന മതോപദേശകന്റെ ഒരു ഉപമയെ ഇതു അനുസ്മരിപ്പിക്കുന്നു. 'ഓരോ മനുഷ്യനും അവന്റെ വാതിൽക്കൽനിന്നും മഞ്ഞുകട്ടയെ നീക്കിക്കളയട്ടെ! തന്റെ അയൽക്കാരന്റെ മേച്ചിൽപ്പുറത്തുള്ള ചെറിയ മഞ്ഞുകഷണങ്ങളെക്കുറിച്ചു് വിഷമിക്കേണ്ടാ.'

പാപികളേയും രോഗികളേയും ദുഃഖിതരേയും കാണുമ്പോൾ യേശു പറയുന്നതു: 'ദുഃഖിക്കേണ്ടാ' എന്നാണു്. യേശു ഈ ലോകം വിട്ടതിന്റെശേഷം പൌലൊസു തന്നെക്കുറിച്ചു സ്വപ്നം കണ്ടപ്പോൾ, 'ദുഃഖിക്കേണ്ടാ, സന്തോഷമായിരിക്കൂ' എന്നു പറയുന്നതായിട്ടാണു കേട്ടതു് (അപ്പൊ. പ്ര. 23: 11). ഭാരപ്പെടുന്നതും ഭക്ഷണം വെടിഞ്ഞു തനിയെ പ്രാർത്ഥിച്ചിരുന്നതും ആയ സമയങ്ങൾ യേശുവിനുണ്ടായിരുന്നു. അപ്പോഴെല്ലാം താൻ ശിഷ്യന്മാർക്കു കൊടുത്ത ഉപദേശം പിന്തുടരുന്നുണ്ടായിരിക്കണം. 'നിങ്ങൾ ഉപവസിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ദുഃഖമുഖത്തോടുകൂടി അരുതു്. എന്നാൽ നീ ഉപവസിക്കുമ്പോൾ, നിന്റെ തലയിൽ എണ്ണപൂശി, നിന്റെ മുഖം കഴുകുക. നീ ഉപവസിക്കുന്നു എന്നു മനുഷ്യരല്ലല്ലോ കാണേണ്ടതു്' (മത്താ. 6: 16—18). തന്റെ കാലത്തു പലസ്തീൻനാട്ടിലേക്കും പ്രസന്നവദനനായി യേശു ഇരുന്നിരിക്കണം. തന്റെ ചുററും സംപ്രീതിയുടെ ഒരു അന്തരീക്ഷം ഉണ്ടായിരുന്നു. കടൽത്തീരത്തുള്ള ശുദ്ധജലഉറവുകൾപോലെ ദുഃഖസമുദ്രത്തിലെ കൈപ്പു തിരമാലകൾ തന്റെമേൽ അടിച്ചുകയറുമ്പോഴും, തീരാത്ത ദയയോടും സന്തോഷത്തോടുംകൂടി

ത്തന്നെ താൻ ജീവിച്ചുവന്നു. 'അവൻെറ ശിഷ്യന്മാർ അവ നെ കണ്ടപ്പോൾ സന്തോഷമുള്ളവരായിത്തീർന്നു, എന്ന സു വിശേഷത്തിൽ ഒരിടത്തു പറയുന്നതു്, അദ്ദേഹത്തെ സ്നേഹി ക്കുന്നവർക്കുണ്ടായിരുന്ന ശക്തിക്കു നിരന്തരാനുഭവമാണു്. 'ദുഃഖ ങ്ങളുള്ളൊരു മനുഷ്യനും ഖേദത്തെ ശീലിച്ചവനും' എന്നു് ഒരു നോട്ടത്തിൽ യേശുവിനെക്കുറിച്ചുള്ള ഒരു വലിയ സത്യത്തി നു് ഇതു് എതിരാണെന്നു തോന്നിയേക്കാം. 'എൻെറ ആത്മാ വു് ഇപ്പോൾ കലങ്ങിയിരിക്കുന്നു. ഞാൻ എന്തു പറയട്ടെ?' (യോഹ. 12: 27) എന്ന നിലവിളിയെ ആശ്രയിച്ചാണു് ശി ല്പകലാവിദഗ്ദ്ധന്മാരും സാധാരണ ജനങ്ങളും യേശുവി ൻെറ രൂപത്തെ ധരിച്ചിരുന്നതു്. 'എൻെറ ആത്മാവു് മര ണംവരെ അതിവേദനയോടിരിക്കുന്നു' (മർക്കൊ. 14: 34). ദുഃ ഖിതനായ യേശുവും സന്തോഷവദനനായ യേശുവും തമ്മിൽ ഒരു ഭിന്നിപ്പുമില്ല. ദുഃഖവും സന്തോഷവും വിപരീതമുള്ളവ യല്ല. ദൈവത്തിൻേറയും ലോകത്തിൻേറയും സ്പർശനത്തിനു വശംവദമാകുന്ന ഒരേ ഭാഗത്തെ, വികാരത്തിനുള്ള ഒരേ ശക്തിയെയാകുന്നു രണ്ടും കാണിക്കുന്നതു്.

'ഒന്നിലധികം ജീവിതം ജീവിക്കുന്ന ആൾ
ഒന്നിലധികം മരണം മരിക്കേണ്ടതാകുന്നു'

കൊടുങ്കാറ്റും പെരുംഉള്ളതായ സമുദ്രത്തിൽതന്നെ ശാന്തതയും നിശ്ശബ്ദതയും ഉണ്ടു്. വലിയ കൊടുങ്കാറ്റുള്ള സ്ഥലത്തുതന്നെയാണു് വലിയ ശാന്തതയും ഉണ്ടാകുന്നതു്. ര ണ്ടിനും ഒരേ ശക്തിതന്നെയാണു് വേണ്ടതു്. അഗാധദുഃഖമു ള്ളവൻ അഗാധസന്തോഷമുള്ളവനായിരിക്കണം. തൻെറ പി താവുമായുള്ള സംസർഗ്ഗത്തിൽ തനിക്കു് അധികം സന്തോഷ മുണ്ടാകയാൽ മലയുടെ മുകളിൽവച്ചു് യേശുവിൻെറ മുഖം രൂ പാന്തരപ്പെട്ടു. ഗദസമനത്തോട്ടത്തിൽവച്ചു തൻെറ ഹൃദയം തകർന്നു രക്തം വിയർപ്പുതുള്ളികളായിപ്പൊഴിഞ്ഞു. തൻെറ ദുഃഖവും സന്തോഷവും അന്യോന്യാശ്രയങ്ങളായിത്തന്നെ ഇരുന്നു.

പരമാൎത്ഥത്തിൽ യേശുവിൻെറ ദുഃഖാധിക്യംകൊണ്ടു തന്നെയാണ് അദ്ദേഹത്തിൻെറ സന്തോഷം വൎദ്ധമാനമായി ഭവിച്ചതു്. യേശുവിനു മനുഷ്യരെ ആശ്വസിപ്പിക്കുവാനും ധൈൎയ്യപ്പെടുത്തുവാനും സാധിക്കുന്നതു്, തൻെറ സന്തോഷം അതിനു കഠിനമായ വിഘ്നങ്ങളും കുഴപ്പങ്ങളും ഉണ്ടായിട്ടും, അവസാനത്തിൽ ജയിച്ചതുകൊണ്ടാണ്. മഴവില്ലുപോലെ അവൻെറ സന്തോഷത്തിൻെറ ശോഭ ആസന്നമായ കൊടുങ്കാററിൻെറ മേഘങ്ങൾകൊണ്ടു വൎദ്ധിക്കുന്നതേയുള്ളു. തൻെറ വ്യഥ മാളികമുറിയിൽവെച്ച് അതിൻെറ പരമകാഷ്ഠയെ പ്രാപിച്ചപ്പോൾ തൻെറ സന്തോഷവും അപരിമിതമായിരുന്നു. ,നിങ്ങൾ സന്തോഷിപ്പിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു' എന്നാണു യേശു ശിഷ്യന്മാരോടു പറഞ്ഞതു്. ദുഃഖമില്ലാതിരുന്നവരല്ല തങ്ങളുടെ സമസൃഷ്ടങ്ങളെ ആശ്വസിപ്പിച്ചിട്ടുള്ളതു്; പിന്നെയോ, ദുഃഖത്തിനു് അവരുടെ സന്തോഷത്തെ കീഴടക്കുവാൻ കഴിയാതിരുന്നവരത്രെ. അങ്ങനെയുള്ളവരിൽ ഒരാളായ റോബേർട്ടു ലൂയിസ്റ്റിവൻസൺ, (R. L. Stevenson) തൻെറ ശരീരാസ്വാസ്ഥ്യം നിമിത്തം സാമോവായിൽ പോയി താമസിച്ചിരുന്ന കാലത്തു മരണത്തോടു സമീപിച്ചിരുന്നിട്ടും ഇങ്ങനെയാണ് പ്രാൎത്ഥിച്ചതു്:—പുഞ്ചിരിയോടുകൂടി ഉണൎന്നെഴുനേല്ക്കുന്നതിനു് ഞങ്ങൾക്കു കൃപ തരേണമേ. പുഞ്ചിരിയോടുകൂടിത്തന്നെ ജോലിചെയ്യുന്നതിനു് അനുവദിക്കണമേ. സൂൎയ്യൻ ലോകത്തെ പ്രകാശിപ്പിക്കുന്നതുപോലെ ഞങ്ങളുടെ ഈ വാസസ്ഥലത്തെ ഞങ്ങളുടെ ദയ പ്രകാശിപ്പിക്കട്ടെ!" ഇപ്രകാരമുള്ളവർ മനുഷ്യകുലത്തിൻെറ സന്തോഷവാഹകന്മാരാണ്. യേശു ഇക്കൂട്ടരുടെ നായകനായിരുന്നു.

യേശുവിൻെറ സന്തോഷത്തെക്കുറിച്ചുള്ള ഒരു പ്രധാന സംഗതി അതു മനുഷ്യരെയോ സാഹചൎയ്യങ്ങളെയോ ആശ്രയിച്ചിരുന്നില്ല എന്നുള്ളതത്രെ. യേശുവിൻെറ ജീവിതത്തിലുണ്ടായിരുന്ന സന്തോഷത്തിൽ മനുഷ്യരുടെ നന്മനസ്സിനെ ആ

ശ്രയിച്ചിരുന്ന ചില ഭാഗങ്ങൾ ഉണ്ടായിരുന്നു. ജീവിതസുഖങ്ങളിൽ ഉള്ള തൃപ്തി, ജനങ്ങളെ സ്വാതന്ത്ര്യമായി പഠിപ്പിക്കുന്നതിലുള്ള സന്തോഷം, ശിഷ്യന്മാരിൽ—സ്നേഹിതരിൽക്കൂടിയും—തനിക്കുണ്ടായിരുന്ന വിശ്വാസം, ഇവയും ഇപ്രകാരമുള്ള മററു സന്തോഷമാർഗ്ഗങ്ങളും മനുഷ്യരെ ആശ്രയിച്ചിരുന്നു. അവർ അവയെ അടച്ചുകളഞ്ഞു. തൻെറ ശുശ്രൂഷയുടെ അവസാന ഭാഗങ്ങളിൽ ഈ വാതിലുകൾ അടയ്ക്കുന്നശബ്ദം നമുക്കു കേൾക്കാം. ഭയങ്കരമായ പീഡാനുഭവത്തെ അഭിമുഖീകരിച്ചുകൊണ്ടു ഒരു മാളികയിൽ താൻ അടയ്ക്കപ്പെട്ടിരുന്നതായും കാണുന്നു. അപ്പോഴാണ് എല്ലാം ഉന്നതാത്മാക്കളുടെയും പ്രത്യേകമായി അരുമനാഥൻെറയും അടയാളമാകുന്ന ഒരു അത്ഭുതസംഗതി നടന്നത്—മനുഷ്യൻെറ കൈക്ക് എത്തിപ്പിടിക്കാൻ സാധിക്കാത്ത സ്ഥാനത്തേക്ക് താൻ തിരിഞ്ഞു. അദ്ദേഹം പറഞ്ഞു—'എൻെറ സന്തോഷം ഞാൻ നിങ്ങൾക്കു തരുന്നു. നിങ്ങളുടെ സന്തോഷം ഒരു മനുഷ്യനും എടുത്തുകളകയില്ല.' യേശുവിൻെറ സന്തോഷം മഞ്ഞു ഉരുകിഒഴുകുന്നതും സൂര്യൻെറ ഉഷ്ണംകൊണ്ടു് വററിപ്പോകുന്നതുമായ ഒരു ചെറുനദിപോലെയുള്ളതായിരുന്നില്ല. അതു വററിപ്പോകാത്ത ഉറവിൽനിന്നു ഉത്ഭവിച്ചു പ്രവഹിക്കുന്ന ഒരു നദിപോലെയിരുന്നു. മനുഷ്യരിൽനിന്നോ സാഹചര്യങ്ങളിൽനിന്നോ എന്തുതന്നെ പുറപ്പെട്ടാലും തൻെറ സന്തോഷത്തിന്നു ഒരു ഹാനിയും വന്നിരുന്നില്ല. പീഡിപ്പിക്കപ്പെട്ടാലും 'സന്തോഷിച്ചുല്ലസിപ്പാൻ' കഴിയുന്നതാണെന്നു് യേശു തൻെറ ശിഷ്യന്മാരെ പഠിപ്പിച്ചു (മത്താ.5: 12).

വേറെ എന്തെല്ലാം യേശുവിനെക്കുറിച്ചു വാസ്തവമായിരുന്നാലും താൻ 'വിവർണ്ണവദനനായ ഗലീലക്കാരനാ'യിരുന്നില്ല. നമ്മുടെ മനസ്സിൽ അദ്ദേഹം ആദ്യം ഉളവാക്കുന്നതു്, കരകവിഞ്ഞൊഴുകുന്ന സന്തോഷത്തിൻെറയും പ്രഭയുടെയും ഒരു ദിവ്യാനുഭൂതിയാകുന്നു.

## അദ്ധ്യായം 3.

# നമ്മുടെ കർത്താവിൻെറ മഹാമനസ്കത

## പ്രതിദിനപാഠങ്ങൾ

### രണ്ടാം ആഴ്ച:—ഒന്നാംദിവസം

ലൂക്കൊ. 6: 27, 28. എന്നാൽ കേൾക്കുന്നവരായ നിങ്ങളോടു ഞാൻ പറയുന്നതു്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്വിൻ; നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ.

ലൂക്കൊ. 6: 32—38. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു ഉപചാരം കിട്ടും? പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നുവല്ലോ. നിങ്ങൾക്കു നന്മ ചെയ്യുന്നവർക്കു നന്മ ചെയ്താൽ നിങ്ങൾക്കു എന്തു ഉപചാരം കിട്ടും? പാപികളും അങ്ങനെതന്നേ ചെയ്യുന്നുവല്ലോ. മടക്കി വാങ്ങിക്കൊള്ളാം എന്നു നിങ്ങൾ ആശിക്കുന്നവർക്കു കടം കൊടുത്താൽ നിങ്ങൾക്കു എന്തു കിട്ടും? പാപികളും കുറയാതെ മടക്കി വാങ്ങേണ്ടതിന്നു പാപികൾക്കു കടം കൊടുക്കുന്നുവല്ലോ. നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ; അവർക്കു നന്മ ചെയ്വിൻ; ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ; എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകും; നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും: അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ. അങ്ങനെ നിങ്ങളുടെ പിതാവു മനസ്സലിവുള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സലിവുള്ളവർ ആകുവിൻ. വിധിക്കരുതു; എന്നാൽ നിങ്ങളെയും വിധിക്കയില്ല. ശിക്ഷെക്കു വിധിക്കരുതു; എന്നാൽ നിങ്ങൾക്കും ശിക്ഷാവിധി ഉണ്ടാകയില്ല; വിട്ടുവിപ്പിൻ; എന്നാൽ നിങ്ങളെയും വിട്ടുവിക്കും. കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്നോരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും.

അനുസരിപ്പാൻ പ്രയാസമുള്ള കല്പനകളായിട്ട് ഇവയെ വിചാരിക്കാതെ നമ്മുടെ കൎത്താവിന്റെ ആത്മാവിനെ പ്രസ്പഷ്ടമാക്കുന്ന ആദൎശങ്ങളായി ഇവയെ സ്വീകരിക്ക. ഉദാരതയുടെ മാഹാത്മ്യം എത്ര വലുതു്? സുപ്രസാദത്തിന്റെ ആഴം എത്രയധികം! യേശുക്രിസ്തുവിന്റെ ഹൃദയം ഈ വചനങ്ങൾവഴിയായി കാണുക. നമ്മുടെ കൎത്താവു ഇവയെ ഒരു ഉപദേശമായി കൊടുത്തു മാത്രമല്ല, ഇവയ്ക്കനുസരണമായി താൻതന്നെ പ്രവൎത്തിച്ചും പോന്നു. കൎത്താവിന്റെ മഹാമനസ്കതയോടു നിങ്ങളുടെ ജീവിതത്തെ താരതമ്യപ്പെടുത്തി ഇങ്ങനെയുള്ള ഒരാത്മാവിന്റെ സന്നിധിയിൽ നിങ്ങളുടെ നിസ്സാരത എത്ര ലജ്ജാകരമെന്നു ചിന്തിച്ചുനോക്കുക.

---

## രണ്ടാം ആഴ്ച:—രണ്ടാംദിവസം

മത്താ. 18: 21—24, 27—30. അപ്പോൾ പത്രോസ് അവന്റെ അടുക്കൽ വന്നു: കൎത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴെച്ചാൽ ഞാൻ ക്ഷമിക്കേണം? ഏഴുവട്ടം മതിയോ എന്നു ചോദിച്ചു. യേശു അവനോടു: ഏഴുവട്ടമല്ല, ഏഴു എഴുപതുവട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. സ്വൎഗ്ഗരാജ്യം തന്റെ ദാസന്മാരുമായി കണക്കു തീൎപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടു സദൃശം. അവൻ കണക്കു നോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്തു് കടംപെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു.

അപ്പോൾ ആ ദാസന്റെ യജമാനൻ മനസ്സലിഞ്ഞു അവനെ വിട്ടയച്ചു കടവും ഇളച്ചുകൊടുത്തു. ആ ദാസൻ പോകുമ്പോൾ തനിക്കു നൂറു വെള്ളിക്കാശു കടംപെട്ട ഒരു കൂട്ടുദാസനെ കണ്ടു തൊണ്ടെക്കു പിടിച്ചു ഞെക്കി; നിന്റെ കടം തീൎക്കുക എന്നു പറഞ്ഞു. അവന്റെ കൂട്ടുദാസൻ: എന്നോടു ക്ഷമ തോന്നേണമേ; ഞാൻ തന്നു തീൎക്കാം എന്നു അവനോടു അപേക്ഷിച്ചു. എന്നാൽ അവൻ മനസ്സില്ലാതെ ഉടനെ ചെന്നു കടം വീട്ടുവോളം അവനെ തടവിൽ ആക്കിച്ചു.

ക്ഷമിക്കാതെ വൈരം പ്രകടിപ്പിക്കുന്നതു് ഒരു കുററമെന്നു മാത്രമല്ല, സർവ്വഥാ നികൃഷ്ടമായ ഒരു സ്വഭാവമാണെന്നും കർത്താവു അരുളിച്ചെയ്യുന്നു. നിങ്ങൾ നിമിത്തം മററുള്ളവർ എന്തെല്ലാം സഹിച്ചിട്ടുണ്ടു്? മാതാപിതാക്കന്മാർ എത്ര സഹിഷ്ണുത കാണിച്ചിട്ടുണ്ടു്? നിങ്ങളുടെ കുററങ്ങൾ എത്രപട്ടം ക്ഷമിച്ചിട്ടുണ്ടു്? നിങ്ങളുടെ തെററുകളും ദുർഗ്ഗുണങ്ങളും സ്നേഹിതന്മാർ എത്രപ്രാവശ്യം ഗണ്യമാക്കാതിരുന്നിട്ടുണ്ടു്? ദൈവത്തിൻെറ കരുണയേയും മോചനം നൽകാനുള്ള അവിടുത്തെ മനസ്സിനെയും മാത്രമല്ലയൊ നിങ്ങളുടെ പാപപരിഹാരം ആശ്രയിച്ചിരിക്കുന്നതു്? അങ്ങനെയിരിക്കെ നിങ്ങൾക്കു വല്ല നിസ്സാര ദോഷവും ചെയ്യുവരുടെ നേരെ വൈരം പാലിച്ചുകൊണ്ടിരിക്കുന്നതു് എത്ര നികൃഷ്ടമാകുന്നു? ആരോടെങ്കിലും വൈരമുണ്ടെങ്കിൽ അതിനെപ്പററി ഗാഢമായി ആലോചിച്ചു അതെത്ര നിന്ദ്യമാകുന്നു എന്നു മനസ്സിലാക്കുക.

---

## രണ്ടാംആഴ്ച:—മൂന്നാംദിവസം

മർക്കൊ. 11: 25. നിങ്ങൾ പ്രാർത്ഥിപ്പാൻ നില്ക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന്നു നിങ്ങൾക്കു ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ.

മത്താ. 6: 12—15. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ. നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല.

നിങ്ങൾ വല്ലപ്പോഴും പ്രാൎത്ഥിപ്പാൻ ആരംഭിച്ചിട്ട്, ഏതെങ്കിലും ശത്രുവിനോടുള്ള വൈരംനിമിത്തം ഹൃദയപൂൎവ്വം പ്രാൎത്ഥിപ്പാൻ കഴിയാതിരുന്നിട്ടുണ്ടോ? മാക്ബത്തിൻെറ ഘാതകന്മാർ പ്രാൎത്ഥിപ്പാൻ ശ്രമിച്ചപ്പോൾ പ്രാൎത്ഥനയുടെ വാക്കുകൾ അവരുടെ തൊണ്ടയിൽനിന്നു പുറത്തു വരാതെ മുട്ടിപ്പോയി എന്നു കവി പറയുന്നു. നിങ്ങൾക്കു തീരെ ഇഷ്ടമില്ലാത്ത ഒരുവനുവേണ്ടി ഇന്നു പ്രാൎത്ഥിപ്പാൻ ശ്രമിക്ക. അവനു് ഗുണമുണ്ടാകുന്നതിനു യഥാൎത്ഥമായി കാംക്ഷിക്ക. പ്രാൎത്ഥന കഴിയുന്ന നിമിഷത്തിൽ അവനെ സഹായിപ്പാൻ നിങ്ങൾക്കു് ഒരവസരം കിട്ടിയാൽ അവൻെറ ഗുണത്തിനായി പ്രവൎത്തിപ്പാൻ തക്കവണ്ണം നിങ്ങളുടെ പ്രാർത്ഥന ഹൃദയപൂൎവ്വമായിരിക്കട്ടെ. പിന്നെ അവസരം കിട്ടുമ്പോൾ അവൻെറ അപരാധം ക്ഷമിപ്പാൻ നിർബന്ധിതരാണെന്നു നിങ്ങൾ വിചാരിക്കയും ആ അവസരം ഇപ്പോൾതന്നെ ഉണ്ടാകുവാൻ ശ്രമിക്കയും ചെയ്ക. അതുവരെ നിങ്ങൾക്കുണ്ടായിരുന്ന വിദ്വേഷം നിങ്ങൾക്കു ദൈവത്തോടുള്ള സംസൎഗ്ഗന്നു വിഘ്നം വരുത്താതെ കരുതിക്കൊള്ളുകയും വേണം.

---

## രണ്ടാം ആഴ്ച.—നാലാം ദിവസം

മത്താ. 5: 21—24. കൊല ചെയ്യരുതു എന്നും ആരെങ്കിലും കൊലചെയ്താൽ ന്യായവിധിക്കു യോഗ്യനാകും എന്നും പൂൎവ്വന്മാരോടു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും. സഹോദരനോടു: നിസ്സാര എന്നു പറഞ്ഞാലോ ന്യായാധിപസഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും; മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന്നു യോഗ്യനാകും. ആകയാൽ നിൻെറ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന്നു നിൻെറ നേരെ വല്ലതും ഉണ്ടെന്നു അവിടെവെച്ചു ഓൎമ്മ വന്നാൽ നിൻെറ വഴിപാടു അവിടെ

യാഗപീഠത്തിൻെറ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക; പിന്നെ വന്നു നിൻെറ വഴിപാടു കഴിക്ക.

ഭക്തിയുടെ അൎത്ഥം എന്തു്? അതു നിങ്ങൾക്കു ബാഹ്യമായ ആചാരങ്ങളുടെ അനുഷ്ഠാനവും ദൈവശുശ്രൂഷകളിൽ സംബന്ധിക്കുന്നതും മാത്രമായിത്തീൎന്നുപോയോ? എന്നാൽ നമ്മുടെ കൎത്താവു പറയുന്നതിൻെറ സാരം സൂക്ഷ്മമായി മനസ്സിലാക്കുക. സഹോദരസ്നേഹം, സഹോദരനോടു യഥാൎത്ഥമായി ഹൃദയപൂൎവ്വമുള്ള സ്നേഹം, സാക്ഷാൽ ഭക്തിയുടെ ഒഴിച്ചുകൂടാത്ത ഒരു ലക്ഷണം ആകുന്നു. സഹോദരസ്നേഹം സാധാരണയായി പ്രദൎശിപ്പിക്കുന്നതു് അഭ്യാസക്ഷമമായ സേവനംകൊണ്ടാകുന്നു. പ്രതികാരേച്ഛ കൂടാതെ അപരാധങ്ങൾ ക്ഷമിക്കുക, തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെ ഇരിക്കുക, കഷ്ടം അനുഭവിച്ചിട്ടു പകരം വീട്ടാതെ അപരാധിയെ സഹായിക്കുക, ഇവ സാധാരണയല്ല. എന്നാൽ ഇതാകുന്നു സഹോദരസ്നേഹത്തിൻെറ ഉത്തമരൂപം. ഭക്തിയുടെ ഈ അൎത്ഥത്തിൽ നിങ്ങൾ ഭക്തനോ?

---

## രണ്ടാം ആഴ്ച:—അഞ്ചാം ദിവസം

1 പത്രൊ. 2: 21—24. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു; നിങ്ങൾ അവൻെറ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവൻെറ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണി പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാൎയ്യം ഭരമേല്പിക്കയത്രേ ചെയ്തതു്. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തൻെറ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവൻെറ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യംവന്നിരിക്കുന്നു.

13015

ലൂക്കൊ. 23: 33, 34. തലയോടിടം എന്ന സ്ഥലത്തു എത്തിയപ്പോൾ അവർ അവിടെ അവനെയും ദുഷ്പ്രവൃത്തിക്കാരെയും, ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തുമായി, ക്രൂശിച്ചു. എന്നാൽ യേശു: പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു് എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമെ എന്നു പറഞ്ഞു.

ഒരാൾ സ്വാൎത്ഥതല്പരനല്ലെന്നു പറയുമ്പോൾ, അയാൾ സഹോദരസേവനത്തിൽ നഷ്ടം സഹിക്കാൻ സന്നദ്ധനെന്നാണ് സാധാരണയായി നാം മനസ്സിലാക്കുന്നതു്. എന്നാൽ നമ്മുടെ പ്രവൃത്തികൾ മററുള്ളവരെ സംബന്ധിക്കുന്നതുപോലെ മററുള്ളവരുടെ പ്രവൃത്തികൾ നമ്മെയും സംബന്ധിക്കുന്നുണ്ടു്. മററുള്ളവൎക്കു് സഹായം ചെയ്വാൻ നാം മടിക്കുന്നില്ലായിരിക്കാം. എന്നാൽ മററുള്ളവരുടെ പ്രവൃത്തികളെ സ്വീകരിക്കുന്നതിൽ നാം സ്വാൎത്ഥത കാണിക്കാറുണ്ടു്. ദുശ്ശീലം, എളുപ്പത്തിൽ ക്ഷോഭിക്ക, ഹിതമല്ലാത്തതു കേട്ടാലുടനെ തന്നെ നിന്ദിച്ചു എന്നു സങ്കല്പിക്ക, ഇവയെല്ലാം സ്വാർത്ഥതല്പരതയുടെ വകഭേദങ്ങളാകുന്നു. ഇവയെല്ലാം വൃഥാഭിമാനം, അഹങ്കാരം, പൂജാവാഞ്ഛ, ദുരഭിമാനം ഇവയെ കാണിക്കുന്നു. ഈ സ്വഭാവവും ഇന്നത്തെ പാഠത്തിൽ വിവരിച്ചിരിക്കുന്ന യേശുക്രിസ്തുവിൻെറ സ്വഭാവവും തമ്മിൽ താരതമ്യപ്പെടുത്തി അതിൻെറ മാഹാത്മ്യം എത്രയെന്നു ആലോചിക്കുക. കൎത്താവിൻെറ സ്വഭാവം പ്രമാണമാക്കി, നമ്മുടെ സ്വഭാവം അതിനോടു എത്രമാത്രം യോജിക്കുന്നു എന്നു പരിശോധിക്കുക.

---

## രണ്ടാം ആഴ്ച:—ആറാംദിവസം

മൎക്കൊ. 2: 15—17. അവൻ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ പല ചുങ്കക്കാരും പാപികളും യേശുവിനോടും അവൻെറ ശിഷ്യന്മാരോടും കൂടി പന്തിയിൽ ഇരുന്നു; അവനെ അനുഗമിച്ചു വന്നവർ അനേകർ ആയിരുന്നു. അവൻ ചുങ്കക്കാരോടും പാപികളോടുംകൂടെ തിന്നുകയും കുടിക്കയും ചെയ്യുന്നതു പരീ

ശന്മാരുടെ കൂട്ടത്തിലുള്ള ശാസ്ത്രിമാർ കണ്ടിട്ടു അവന്റെ ശിഷ്യ ന്മാരോടു: അവൻ ചുങ്കക്കാരോടും പാപികളോടുംകൂടെ തിന്നു കുടിക്കുന്നതു എന്തു് എന്നു ചോദിച്ചു. യേശു അതു കേട്ടു അവ രോടു: ദീനക്കാൎക്കല്ലാതെ സൌഖ്യമുള്ളവൎക്കു വൈദ്യനെക്കൊ ണ്ടു ആവശ്യമില്ല; ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നതു് എന്നു പറഞ്ഞു.

നിങ്ങളുടെ ഇഷ്ടവും സഹോദരസ്നേഹവും ഒരു പ്രത്യേക വൎഗ്ഗത്തോടുമാത്രം കാണിപ്പാൻ ഇടവരുന്നില്ലയോ? ഇതു സ മുദായജീവിതത്തിലുള്ള ഒരു വിപത്താകുന്നു. എന്നാൽ നമ്മുടെ കൎത്താവിന്റെ മഹാമനസ്കതയ്ക്കു ഇങ്ങനെയുള്ള പരിധി ഒന്നും ഇല്ലായിരുന്നു. കൎത്താവു എല്ലാ മനുഷ്യരെയും ഏതു സ്ഥി തിയിലുള്ളവരെയും, അനുഗ്രഹിപ്പാൻ സന്നദ്ധനായി രുന്നു. ഇതു മനസ്സിൽ വെച്ചുകൊണ്ടു നിങ്ങളുടെ കുടുംബത്തെ യോ, ബന്ധുക്കളെയോ, സഭയെയോ, സമുദായത്തെയോ വി ചാരിപ്പിൻ. ഈ വ്യക്തികളെ മാത്രം നിങ്ങൾ സഹായിക്കയും അവൎക്കു പുറമേയുള്ളവരെ സഹായിപ്പാൻ നിങ്ങൾ ബാദ്ധ്യസ്ഥ രല്ലെന്നു വിചാരിക്കയും ചെയ്യുന്നുണ്ടോ? ഒരു ക്രിസ്ത്യാനി ഇ ങ്ങനെ തന്റെ അനുഗ്രഹവിതരണത്തിനു് അതിരു കല്പിക്കാ മോ? കൎത്താവിന്റെ ശിഷ്യനു് ഇതു യോഗ്യമോ?

---

## രണ്ടാം ആഴ്ച:—ഏഴാംദിവസം

എഫെ. 4: 25—32. ആകയാൽ ഭോഷ്കു ഉപേക്ഷിച്ചു ഓ രോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ. കോപിച്ചാൽ പാപം ചെയ്യാ തിരിപ്പിൻ. സൂൎയ്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചു കൊണ്ടിരിക്കരുതു്. പിശാചിന്നു ഇടംകൊടുക്കരുതു്. കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ട തിന്നു കൈകൊണ്ടു നല്ലതു പ്രവൎത്തിച്ചു അദ്ധ്വാനിക്കയത്രേ വേണ്ടതു്. കേൾക്കുന്നവൎക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യം പോലെ ആത്മികവൎദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാ

ത്തു ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുതു്. ദൈവത്തിൻെറ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു്; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പു നാളിന്നായി മുദ്രയിട്ടിരിക്കുന്നതു്. എല്ലാം കൈപ്പും കോപവും ക്രോധവും ക്രൂറാരവും ദൂഷണവും സകല ദുർഗ്ഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ.

ഇതിൽ വിവരിച്ചപ്രകാരമുള്ള ഹൃദയപൂർവ്വ കൃപാലുത്വം ആകുന്നു ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ മുദ്ര. ഏതു സമൂഹത്തിലും അവൻ ശോഭിക്കും. ഒരു വർത്തമാനപ്പത്രത്തിൽ വേദപുസ്തകത്തിലെ ഒരു നല്ല വചനം ഉദ്ധരിച്ചു കണ്ടാൽ അതു നമ്മെ എങ്ങനെ ആകർഷിക്കുമോ അങ്ങനെയാകുന്നു ഒരു സമൂഹത്തിൽ ഒരു സത്യക്രിസ്ത്യാനി എന്നു് ഒരു ശ്രുതിപ്പെട്ട ഗ്രന്ഥകർത്താവു പറഞ്ഞിരിക്കുന്നു. ക്രിസ്തുമാർഗ്ഗത്തിൻെറ സത്യതയുടെ തെളിവു് ഇങ്ങനെയുള്ള ഒരുവനാകുന്നു, തത്വശാസ്ത്രപ്രകാരമുള്ള വാഗ്വാദങ്ങൾ അല്ല. നമ്മുടെ ജീവിതം ക്രിസ്തുവിൽ വിശ്വസിക്കാൻ ഒരു മുഖ്യകാരണമായി ആരെങ്കിലും വിചാരിക്കുമോ എന്നു ചിന്തിച്ചുനോക്കുക.

---

## അദ്ധ്യായം 4

### രണ്ടാം ആഴ്ചയിലെ വിമർശനവീഥി

# കർത്താവിൻെറ മഹാമനസ്കത

ആനന്ദവും മഹാമനസ്കതയും. ഇവയിൽ ഒന്നു മറേറതിൽനിന്നു വേർപെട്ടിരിക്കയെന്നതു പ്രായേണ ദുഷ്കരമത്രേ. 'എൻെറ ആത്മാവു ആനന്ദവും ഔന്നത്യവുമുള്ളതാകയാൽ ആരോടും ശത്രുത്വമുള്ളതായിരിക്കയില്ല' എന്നു മാർട്ടിൻലൂഥർ പറയുന്നതുപോലെ അവ സ്വാഭാവികമായി ഒരുമിച്ചു തന്നെ

കാണപ്പെട്ടും. ലൂഥർ തൻെറ ആനന്ദസന്ദർഭങ്ങളിൽ അനുഭവിച്ചതു കർത്താവിൻെറ ജീവിതത്തിൻെറയും ഉപദേശത്തിൻെറയും സ്ഥിരസ്വഭാവമായിരുന്നു. കർത്താവിൻെറ സഖിത്വം ധൈര്യപ്രദമാണ്. അവൻെറ അഭംഗുരമായ ദയയെ നശിപ്പിപ്പാൻ ആരുടേയും ശത്രുത്വത്തിനു കഴികയില്ല.

ശത്രുക്കളോടു പ്രദർശിപ്പിക്കുന്ന ക്ഷമാശീലത്തിൽ യേശുവിൻെറ മഹാമനസ്കത പ്രകർഷേണ ശോഭിക്കുന്നു. ശത്രുക്കളോടുള്ള മഹാമനസ്കതാഭാവം യേശുവിൻെറ വരവിനു വളരെ മുമ്പുതന്നെ അഭിനന്ദിക്കപ്പെട്ടിരുന്ന ഒരു ശ്രേഷ്ഠഗുണമാണ്. സന്മാർഗ്ഗൗന്നത്യത്തിൻെറ ഒരു അടയാളമായി ജ്ഞാനികൾ അതിനെ കരുതിയിരുന്നു. "നിൻെറ ശത്രുവിൻെറ കാളയോ കഴുതയോ വഴിതെററിപ്പോകുന്നതു കണ്ടാൽ നീ അതിനെ അവൻെറ അടുക്കൽ അടിച്ചു കൊണ്ടുവന്നു കൊടുക്കണം" എന്നു പുറപ്പാടു പുസ്തകത്തിൽ ഉണ്ടല്ലൊ. "നിൻെറ ശത്രുവിനു വിശക്കുന്നെങ്കിൽ അവനു ഭക്ഷണം കൊടുക്ക. ദാഹിക്കുന്നെങ്കിൽ കുടിപ്പാൻ കൊടുക്ക, എന്തുകൊണ്ടെന്നാൽ നീ ഇങ്ങനെ ചെയ്യുന്നതു് അവൻെറ തലമേൽ തീക്കനല്ലുകളെ കൂട്ടുകയാകുന്നു" എന്നു പൗലോസ് റോമാലേഖനത്തിൽ എഴുതുന്നതു് സദൃശവാക്യങ്ങളിൽനിന്നു് ഉദ്ധരിക്കുക തന്നെയാകുന്നു. ഉല്പത്തിപ്പുസ്തകം നാല്പത്തിഅഞ്ചാം അദ്ധ്യായത്തിൽ യോസേപ്പ് തൻെറ സഹോദരന്മാരോടു ക്ഷമിക്കുന്നതായി വർണ്ണിക്കുന്ന അചിത്രം മഹാമനസ്കതയുടെ ഒരുത്തമദൃഷ്ടാന്തമാകുന്നു. എന്നാൽ യേശു ഈ മഹാ ഗുണത്തെ വല്ലപ്പോഴുമെല്ലാം കൈക്കൊള്ളേണ്ട ഒരു ആദർശം എന്ന സ്ഥാനത്തുനിന്നും മാററി ഒരു സാധാരണ ധർമ്മമായി പ്രതിഷ്ഠിച്ചു. താൻ അതിനെ ഒരു കടമയാക്കിവച്ചു. എന്തെന്നാൽ നമ്മോടു ക്ഷമിക്കപ്പെട്ടിരിക്കുന്നിടത്തോളം ക്ഷമിക്കുന്നതിനു നമുക്കു ഒരിക്കലും സാധിക്കയില്ല. ശത്രുക്കളോടുള്ള ശരിയായ പെരുമാററം അവരോടു പ്രതികാരം ചെയ്യാതിരിക്കുക മാത്രമല്ല, അവൎക്കുവേണ്ടി പ്രാൎത്ഥിക്കയും,

അവരെ അനുഗ്രഹിക്കയും, അവരുടെ നന്മയെ കാംക്ഷിക്കയും കൂടെ ചെയ്യുകയാകുന്നു എന്നു കൎത്താവു പഠിപ്പിച്ചു (ലൂക്കൊ. 6: 27, 28).

വിരോധമുള്ളവരോടു കവിഞ്ഞൊഴുകുന്ന ദയ, യേശു രക്ഷിതാവു സന്മാൎഗ്ഗജീവിതത്തിലേക്കു കൊണ്ടുവന്നിട്ടുള്ള ഒരു വിശേഷഗുണമാകുന്നു. "കണ്ണിന്നുപകരം കണ്ണ്, പല്ലിന്നു പകരം പല്ല് എന്നും, നിങ്ങളുടെ അയൽക്കാരനെ സ്നേഹിക്കണം ശത്രുവിനെ വെറുക്കണം, എന്നും പറയപ്പെട്ടിരിക്കുന്നതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു—നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ" (മത്താ. 5:38,43). ഈ ഉപദേശത്തിൽ യേശു, യെഹൂദോപദേശത്തെ തൻെറ പുതിയ കല്പനയുമായി താരതമ്യപ്പെടുത്തുകയാകുന്നു ചെയ്യുന്നതു്. "നിങ്ങളുടെ സഹോദരന്മാൎക്കുമാത്രം നിങ്ങൾ വന്ദനം പറഞ്ഞാൽ നിങ്ങൾക്കു് എന്തു വിശേഷമുള്ളു? ജാതികളും അപ്രകാരം തന്നെ ചെയ്യുന്നില്ലയോ?" എന്നു് യേശു പറയുമ്പോൾ ഗ്രേക്കന്മാരുടെയും റോമരുടെയും ഇടയിലുള്ള സന്മാൎഗ്ഗനടപടികളെ തൻെറ ഉപദേശത്തോടു താരതമ്യപ്പെടുത്തുകയാകുന്നു ചെയ്യുന്നതു്. സോക്രട്ടിസ്സിൻെറ പ്രിയശിഷ്യരിൽ ഒരുവനും പ്ലേറേറായുടെ ഒരു സ്നേഹിതനുമായിരുന്ന സെനോഫൺസൈറസ്സിനെ വളരെ സ്തുതിച്ചു പറയുന്നതു് ഈ വിധത്തിലാണു്:—"തൻെറ സ്നേഹിതന്മാൎക്കു് ഇതിലധികം ഗുണമോ തൻെറ ശത്രുക്കൾക്കു് ഇതിലധികം ദോഷമോ ആരും ചെയ്തിട്ടില്ല. മഹാനായിരുന്ന സിസറൊ തൻെറ ശത്രുവായിരുന്ന ക്ലോഡിയസ്സിനെ അത്യധികം വെറുക്കുകയും അതിൽ തനിക്കു അശേഷം ലജ്ജ തോന്നാതിരിക്കയും ചെയ്തതിനാൽ തൻെറ ശത്രു ബോവിൽയുദ്ധത്തിൽ മൃതനായതിനാൽ സന്തുഷ്ടനായി, രണ്ടുവൎഷം കഴിഞ്ഞു് എഴുതിയ ഒരെഴുത്തിൻെറ തീയതി വെച്ചതു് ഇപ്രകാരമായിരുന്നു: "ബോവിലിന്നു പിമ്പു 560-ാം ദിവസം." മനുഷ്യജീവിതത്തിലെ ഈ പെരുമാററത്തിന്നു്

യേശു അവർണ്ണനീയമായ ഒരു മാററമാണു വരുത്തിയതു്. യേശു വന്നപ്പോൾ, ശത്രുവിനോടു ക്ഷമിക്കുന്നതു ഒരു അസാധാരണ സംഗതിയായിരുന്നു. അതു് അനുകരണീയമല്ലാത്ത ഒരു സൽഗുണമെന്നേ കരുതിയിരുന്നുള്ളു. ഇന്നാകട്ടെ, സെനോഫൊൺ, സിസറോ ഇവരെപ്പോലെയുള്ളവരെന്നല്ല, സാധാരണ ജനങ്ങൾക്കുടിയും ശത്രുവിനോടു ക്ഷമിക്കാതിരിക്കുന്നതു നീചസ്വഭാവമായിട്ടാണു കരുതുന്നതു്.

ക്രിസ്തുവിൻെറതുപോലെയുള്ള ക്ഷമാശീലം ഇല്ലാത്ത ആരെയും ഒരു ആദർശപുരുഷനായിട്ടു് ആരും കരുതുന്നില്ല. ബ്രൌണിംഗു മഹാകവി പോമ്പിലിയായുടെ സ്വഭാവം ചിത്രീകരിച്ചിരിക്കുന്നതു്, ഗൈഡോയുടെ നികൃഷ്ടവും ക്രൂരതരവും ആയ പെരുമാററത്തെക്കുറിച്ചറിഞ്ഞിട്ടും, ക്ഷമിക്കുന്നതിനുള്ള നന്മനസ്സും ഒരുക്കവും ഉള്ളതായിട്ടാണു്. മഹാകവി ടെന്നിസൺ തികഞ്ഞ യുദ്ധവീരനായ ആർതർരാജാവിനെ വർണ്ണിക്കുന്നതു്, സങ്കടപ്പെട്ടു നിലംപതിച്ചു കിടക്കുന്ന ദ്രോഹിയായ രാജ്ഞി ഗിനിവീറിൻെറ സമീപത്തു ചെന്നു്,

"വന്നതു വന്നു, പാപവും ചെയ്തു. ഞാനോ
അഹാ! ഞാൻ നിന്നോടു ക്ഷമിക്കുന്നു!
നിത്യനായ ദൈവം ക്ഷമിക്കുന്നതുപോലെയത്രെ"

എന്നു പറയുന്നതായിട്ടാണു്. യേശുവിൻെറ ജീവിതവും മഹാമനസ്കതയെക്കുറിച്ചുള്ള ഉപദേശവും ലോകത്തെ നല്ലതുപോലെ സ്പർശിച്ചിട്ടുള്ളതിനാൽ ഈ വിശിഷ്ടഗുണം ഇല്ലാത്ത ആരേയും മഹാന്മാരായിട്ടു് ഇന്നുലോകം ഗണിക്കുന്നില്ല.

ശത്രുക്കളോടുള്ള ഈ പെരുമാററം പ്രായോഗികമല്ലാത്ത ഒരു ആദർശമാണെന്നു പലരും വിചാരിച്ചിരുന്നെങ്കിലും ഓരോ രാജ്യത്തും കുററപ്പുള്ളികളോടുള്ള പെരുമാററത്തിൽ ഈ ആദർശം ഉത്തരോത്തരം അനുവർത്തിച്ചുവരുന്നു. കുററപ്പുള്ളികളോടു പ്രതികാരബുദ്ധ്യാ വർത്തിക്കണമെന്നുള്ള അഭിപ്രായം ആധുനികന്മാരുടെയിടയിൽ മാറിവരുന്നു. "കണ്ണിനു പ

കരം കണ്ണു്"" എന്ന പ്രമാണം അനുസരിച്ചാണു് ശിക്ഷ നൽകേണ്ടതു് എന്നുള്ള പഴയ അഭിപ്രായത്തിനു പകരം ഇപ്പോൾ വന്നിരിക്കുന്നതു്, സമുദായക്ഷേമത്തിനുവേണ്ടി, അതിനു് എതിരായി പ്രവർത്തിക്കുന്നവരെ, വേറെ മാററിത്താമസിപ്പിക്കയും, അവിടെ കുററപ്പുള്ളികളെ നന്നാക്കുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്യുകയും വേണമെന്നുള്ളതാണു്. പ്രതികാരമല്ല, കുററവാളിയെ നന്നാക്കുകയെന്നുള്ളതാണു് ആധുനിക തത്വം. ഇതു നമ്മുടെ ഇതര സ്ഥാപനകളിലും സ്വീകരിക്കേണ്ടതായിട്ടിരിക്കുന്നു. കുട്ടികളെ വിസ്തരിക്കുന്ന കോടതികളും ദുർഗ്ഗുണപരിഹാരശാലകളും, കാരാഗൃഹങ്ങളും 'ശത്രുക്കളോടു മഹാമനസ്കത കാണിക്കണം' എന്ന യേശുക്രിസ്തുവിൻെറ പ്രമാണം അനുസരിച്ചു നടത്തപ്പെടുന്നു. "ഹൌവാർഡു, ലിവിംഗ്സ്റ്റൺ, ബിക്കേറിയാ മുതലായവർ കുററവാളികളോടു അനുകമ്പയുള്ളവരായിരുന്നു എന്നും അവരുടെ ആശയങ്ങൾ ഇക്കാലത്തുള്ള മനുഷ്യരുടെ ജീവിതഗതിയെ വളരെ മാററിയിട്ടുണ്ടെന്നും നാം പറയുന്നു. എന്നാൽ "യേശുവിൻെറ തത്വങ്ങളും രീതികളും കുററപ്പുള്ളികളെ സംബന്ധിച്ച് ഏതു കാലത്തും അത്യുച്ചനിലയിലുള്ളവ തന്നെയാണു് എന്നു എനിക്കു തോന്നുന്നു" ഡോക്ടർ സാമുവെൽ ബറോസു പറയുന്നു. ഇക്കാലത്തെ നിയമങ്ങളിലും ഈ പ്രമാണങ്ങൾ അംഗീകരിക്കപ്പെടുന്നതിനു 20 നൂററാണ്ടുകളോളം വേണ്ടിവന്നു.

പ്രായോഗികമാക്കാൻ പാടില്ലാത്തവണ്ണം ഉന്നതതരമാണു് യേശുവിൻെറ ആദർശങ്ങൾ എന്നൊരു തടസ്സമേ അവയ്ക്കുള്ളു എന്നു ലിവിങ്ങു് ചാണ്ടു ഒരിക്കൽ പറയുകയുണ്ടായി. ദുഷ്ടാന്തമാർ്ഇട്ടു കർത്തവ്യ ശത്രുക്കളോടു കാണിച്ച അപ്രതിരോദ്ധ്യമായ നന്മനസ്സിനെ കുറിച്ചാണു് ആ മഹാൻ പറഞ്ഞതു്. എന്നാൽ യേശു തന്നെ ഈ ആദർശം തൻെറ ജീവിതത്തിൽ യഥാർത്ഥമാക്കി. മാത്രമല്ല ഇന്നു് ഈ ആദർശത്തിനു് അനുസരിച്ചല്ലാതെയുള്ള ഒരു മഹാത്മാവിനെയൊ ജയിൽ ഭരണരീതിയെയൊ ചിന്തിക്കാൻകൂടി സാധിക്കയില്ല.

തന്റെ ജീവിതത്തിൽ യേശു പ്രദർശിപ്പിച്ച മഹാമനസ്സത, തന്റെ ആത്മാവിനെക്കുറിച്ചുള്ള ഏററവും അത്ഭുതകരമായ ഒരു വെളിപ്പാടാകുന്നു.

യേശുവിനെക്കുറിച്ചുള്ള അപ്പോക്രിഫാ കഥകളിൽ ഒന്നു ഇതാണ്:—വേറൊരു സമയം, യേശു പിതാവുമായി വൈകിട്ടു വീട്ടിലേക്കു മടങ്ങുകയായിരുന്നു. അപ്പോൾ ഒരു കുട്ടി ഓടിവന്നു തന്നെ മുട്ടുകയാൽ താൻ മറിഞ്ഞുവീണു. യേശു അവനോടു പറഞ്ഞു:—'നീ എന്നെ മറിച്ചിട്ടതുകൊണ്ടു നീ എഴുന്നേൽക്കാതവണ്ണം വീണുപോകട്ടെ.' അപ്പോൾ ആ കുട്ടി നിലംപതിച്ചു മരിച്ചുപോയി. പ്രാമാണ്യമുള്ള പുസ്തകങ്ങളിൽ നിന്നല്ല ഈ കഥ എന്നു് അറിഞ്ഞില്ലെങ്കിൽ തന്നെയും ഇതു അവാസ്തവമാണെന്നു നിശ്ചയിക്കാൻ പ്രയാസമില്ല. യേശുവിനെക്കുറിച്ചു് നാം അറിയുന്നതിൽനിന്നെല്ലാം വ്യത്യസ്തമായിട്ടാണിതു ഇരിക്കുന്നതു്. ശമറിയാഗ്രാമക്കാരുടെ പെരുമാററം ശിഷ്യന്മാരെ കോപിപ്പിക്കയും പ്രതികാരത്തിനു പ്രേരിപ്പിക്കയും ചെയ്തു എങ്കിലും കർത്താവു ശിഷ്യന്മാരെ ശാസിക്കയത്രേ ചെയ്തതു (ലൂക്കൊ. 9: 51—56). സ്നേഹമില്ലായ്മയുടെ കാഠിന്യം യേശു അറിഞ്ഞിട്ടുള്ളതുപോലെ വേറെ ആരും അറിഞ്ഞിട്ടില്ല. യേശുവിനെ കള്ളൻ എന്നു വിളിച്ചവരുണ്ടു്. പിശാചുസേവകൻ, ഭ്രാന്തൻ, ലൌകികകിരീടത്തിനുവേണ്ടി യത്നിക്കുന്നവൻ, എന്നൊക്കെ പറഞ്ഞവരുണ്ടായിരുന്നു. എങ്കിലും ഈ പരിഹാസങ്ങളുടെയും, തെററിദ്ധാരണകളുടെയും മദ്ധ്യത്തിൽ താൻ ചെയ്തുവന്നതുപോലെ ശത്രുക്കളെ സ്നേഹിക്കണം, പകയ്ക്കുന്നവർക്കു നന്മ ചെയ്യണം, ശപിക്കുന്നവരെ അനുഗ്രഹിക്കണം, ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്നാകുന്നു ശിഷ്യന്മാരെ പഠിപ്പിച്ചതു. തന്റെ പന്ത്രണ്ടു ശിഷ്യന്മാരിലൊരാൾ ഒരു ചുംബനം കൊണ്ടു തന്നെ ഒററിക്കൊടുക്കുന്നതിനു ഭാവിച്ചപ്പോൾ, 'സ്നേഹിതാ, നീ ചെയ്വാൻ വന്നതു വേഗത്തിൽ ചെയ്ക' എന്നാണു് പറഞ്ഞതു് (മത്താ. 26: 50).

തന്റെ വിശ്വസ്ത സ്നേഹിതന്മാരെക്കുറിച്ചുപയോഗിക്കുന്ന പദമല്ല ഈ അവസരത്തിൽ യേശു ഉപയോഗിച്ചതു്. പിന്നെയോ തന്റെ അനിരോദ്ധ്യമായ ആത്മപ്രഭാവത്തെ കാണിക്കുന്ന ഒരു പദമത്രെ. ക്ഷമയെക്കുറിച്ചുള്ള കർത്താവിന്റെ ഉപദേശം തന്റെ ആത്മാവിന്റെ ഒരു വെളിപ്പാടാകുന്നു എന്നു നാം ചിന്തിക്കുമ്പോൾ അതിന്റെ അർത്ഥം നല്ലതുപോലെ വെളിവാകുന്നു. താൻ പ്രാർത്ഥിപ്പാൻ പോയപ്പോൾ തന്റെ ശത്രുക്കളോടു ഹൃദയപൂർവ്വമായി ക്ഷമിച്ചു. (മർക്കൊ. 11: 25). താൻ രഹസ്യധ്യാനത്തിലിരുന്നപ്പോഴെല്ലാം തന്റെ ശത്രുക്കൾക്കു വേണ്ടിയും പ്രാർത്ഥിച്ചു. കാൽവറിയിൽവെച്ചു തന്റെ ശത്രുക്കളെയെല്ലാവരേയും ഓർത്തുകൊണ്ടു അവൎക്കുവേണ്ടി, 'പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ' (ലൂക്കോ. 2?: 34) എന്നു പ്രാർത്ഥിച്ചപ്പോൾ, കർത്താവു തന്റെ ജീവിതത്തിലെ ഒരു പതിവിനെ നിവൎത്തിക്കയും തന്റെ സ്വഭാവത്തെ വെളിപ്പെടുത്തുകയും അത്രെ ചെയ്തതു്. യേശു ലോകത്തിൽ ജീവിച്ചിരുന്നവരിലേക്കാം ഏററവും മഹാമനസ്കതയുള്ള ആളായിരുന്നു.

കൎത്താവിന്റെ ഈ സ്വഭാവം അധികം അത്ഭുതമായിട്ടു തോന്നുന്നതു് ഈ സംഗതികൊണ്ടാകുന്നു—ഒരാൾക്കു തന്നെക്കുറിച്ചും തന്റെ ജോലിയെക്കുറിച്ചും ഉന്നതമായ അഭിപ്രായമുള്ളപ്പോൾ തന്റെ അവകാശങ്ങളെയും അധികാരങ്ങളെയും അവഗണിക്കയോ തന്റെ പ്ളാൻ തടസ്ഥപ്പെടുത്തുകയോ ചെയ്യുന്നതു അശേഷം രസിക്കുന്നതല്ല. ദൈവത്തിന്റെ പ്രതിനിധി എന്നു തന്നെക്കുറിച്ചു തന്നെ മുഹമ്മദനബി വിചാരിച്ചിരിക്കുമ്പോൾ, തന്നെ പരിഹസിക്കയും തന്റെ ഉദ്ദേശ്യത്തെ ശിഥിലീഭവിപ്പിക്കയും ചെയ്ത ശത്രുക്കളോടു തനിക്കു അത്യുഗ്രകോപമുണ്ടായി. തന്റെ അവകാശങ്ങളെ നിന്ദിക്കയും തന്നെ പരിഹസിക്കയും ചെയ്തപ്പോൾ ഡഡ്ലി എന്ന മഹാനും കോപം ജ്വലിച്ചു. തന്റെ വചനങ്ങളെക്കുറിച്ചു

'ആകാശവും ഭൂമിയും മാറിപ്പോയാലും എൻെറ വചനങ്ങൾ മാറിപ്പോകയില്ല' എന്നും, തൻെറ വേലയെക്കുറിച്ചു 'പിതാവു എന്നിൽ അധിവസിച്ചു തൻെറ വേലകൾ ചെയ്യുന്നു' എന്നും, തന്നെക്കുറിച്ചു 'എന്നെ കണ്ടിട്ടുള്ളവൻ പിതാവിനെ കണ്ടിട്ടുണ്ടു്' എന്നും പറയുന്ന ഒരാളിൽനിന്നും എന്താണു് പ്രതീക്ഷിക്കാവുന്നതു്? മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ധിക്കരിക്കപ്പെടുകയും ചെയ്യുമ്പോഴും തൻെറ പഴയ ചെങ്ങാതിമാർ തന്നെ കൊല്ലുന്നതിനായി മലയുടെ വിളമ്പുവരെ കൊണ്ടുപോകുമ്പോഴും (ലൂക്കോ. 4: 28—30), തന്നെ ഭ്രാന്തൻ, ചതിയൻ, ഭൂതസേവകൻ എന്നെല്ലാം മനുഷ്യർ വിളിക്കുമ്പോഴും, തന്നെ ഒററിക്കൊടുക്കയും, അടിക്കയും, മുൾക്കിരീടം ധരിപ്പിക്കയും തുപ്പുകയും, കള്ളനായ ബറബ്ബാസിനെ വിട്ടിട്ടു തന്നെ ക്രൂശിൽ തറയ്ക്കയും ചെയ്യുമ്പോഴും, താൻ എന്താകുന്നു ചെയ്യുന്നതു്? തന്നെക്കുറിച്ചും തൻെറ ജോലിയെക്കുറിച്ചും ഒരു ഉന്നത മതിപ്പുണ്ടായിരുന്ന യേശു, നിന്ദയും കഷ്ടവും സഹിച്ചപ്പോഴും, സർവ്വമനുഷ്യരോടും നിർവ്വ്യാജ നന്മനസ്സോടുകൂടി ജീവിച്ചതും മരണസമയത്തുകൂടിയും തൻെറ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചതും അദ്ദേഹത്തിൻെറ അത്യുൽകൃഷ്ട മഹാമനസ്കതയുടെ മഹാജയമായിരുന്നു. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള സാമാന്യ ധാരണയിൽ ഇതു ഉൾപ്പെടുന്നില്ല.

ശത്രുക്കളോടുള്ള യേശുവിൻെറ മനോഭാവത്തിൻെറ ഒരു വശം വളരെ തെളിവായിരിക്കുന്നു:—ഒരാൾ തന്നോടു ഒരു അപരാധം ചെയ്യുമ്പോൾ, അതു് ആ മനുഷ്യൻെറ ജീവിതത്തിലുള്ള ഒരു വലിയ കുറവിനെ കാണിക്കുന്നതായിട്ടാണു് യേശു കരുതിയതു്. തൻെറ ശത്രുവിൻെറ ഒരു ആക്ഷേപത്തേയൊ, പ്രഹരത്തെയൊ അവൻെറ അപൂർണ്ണതയുടെ ലക്ഷണമായിക്കണ്ടു മനസ്താപിക്കയായിരുന്നു ക്രിസ്തുനാഥൻെറ സ്വഭാവം. തന്നോടു കാണിച്ച അപരാധത്തെക്കുറിച്ചല്ല യേശു ആദ്യമായി ആലോചിക്കുന്നതു്, പിന്നെയൊ അതു ചെയ്യുന്നതി

ന്ന് പ്രേരിപ്പിച്ച അവൻെറ അജ്ഞതാവും ദുഷ്ടബുദ്ധിയും വെളിപ്പെടുത്തുന്ന അവൻെറ ആവശ്യത്തെക്കുറിച്ചത്രേ. ശമറിയാ ഗ്രാമവാസികൾ തന്നോടു സൗഹാർദ്ദവിരുദ്ധമായി പെരുമാറിയപ്പോൾ തന്നോടു ചെയ്തതിനെക്കുറിച്ചു വിരോധം ഭാവിക്കാതെ, അവരെക്കുറിച്ചു അധികമായി ദുഃഖിച്ചു. യൂദാ അവനെ ഒററിക്കൊടുത്തപ്പോൾ അവൻെറ ഭയങ്കരമായ തോൽവിയെക്കുറിച്ചു യേശു അധികം വ്യാകുലപ്പെട്ടു. അപ്പൊസ്തലനാകേണ്ടവൻ വീഴ്ചക്കാരനായല്ലോ, അവൻ തന്നോടു കാണിച്ച ദ്രോഹത്തെക്കുറിച്ചു കൂട്ടാക്കിയില്ല. സകലവിധ മനുഷ്യരോടും തന്നെ മറന്നു യേശു കാണിച്ച സ്നേഹത്തിൻെറ ഒരു ഭാഗമായിരുന്നു തൻെറ മഹാമനസ്കത. പരസഹായത്തിൻെറ ആവശ്യം മനുഷ്യർ പലവിധത്തിൽ പ്രദർശിപ്പിക്കാറുണ്ടു്. ചിലർ അതിനുവേണ്ടി അപേക്ഷിക്കുന്നു, അവരുടെ ദയനീയാവസ്ഥയും ഒന്നുമില്ലായ്മയും അവർ അറിയാതെതന്നെ ഇതിനെ വെളിപ്പെടുത്തുന്നു; എന്നാൽ കൈപ്പും, ശത്രുത്വവും നന്ദികേടും കാണിക്കുമ്പോൾ അവരുടെ ആവശ്യത്തെ അത്യധികമായി വെളിപ്പെടുത്തുകയാണു് ചെയ്യുന്നതു്. നമ്മോടു ചെയ്ത അപരാധത്തെക്കുറിച്ചല്ല, അവരുടെ ആവശ്യത്തെക്കുറിച്ചാണു് നാം ചിന്തിക്കേണ്ടതു്. ഇതാണു് മഹാമനസ്കത. ബിച്ചർ എന്നായാളിനു് ഒരു ഉപദ്രവം ചെയ്തതല്ലാതെ അയാളുടെ ദയയുടെ മുഴുശക്തി അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല എന്നു അയാളെക്കുറിച്ചു പറയാറുണ്ടു്. 'സ്നേഹം ദോഷം കണക്കിടുന്നില്ല' (1കൊരി. 13: 5) എന്നു പൌലുസ് പറയുന്നതിൻെറ അർത്ഥം ഇതാകുന്നു. അതായതു, നമ്മോടു ചെയ്തിട്ടുള്ള അപരാധങ്ങളുടെ ഒരു കുറിപ്പു എഴുതി സൂക്ഷിക്കാതെ അവയെ മറന്നിട്ടു, ക്ഷമിക്കയും സഹായിക്കുന്നതിനു ശ്രമിക്കയും ചെയ്യുന്നു എന്നത്രെ.

ശത്രുക്കളോടുള്ള യേശുവിൻെറ മനോഭാവത്തിൻെറ വേറൊരു വശം ഇതാണു്:—ഒരാളുടെ അപരാധം തൻെറ

സ്വന്ത ആത്മാവിൻെറ ശാന്തതയെ നിരാകരിപ്പാനൊ ദൈവവുമായിട്ടുള്ള സംസർഗ്ഗത്തെ തടസ്സപ്പെടുത്തുവാനൊ താൻ സമ്മതിച്ചില്ല. ഏബ്രഹാംലിങ്കൻ എന്ന മഹാൻ പറയുന്നു:— 'തനിക്കു കഴിയുന്നത്ര അഭിവൃദ്ധിയുണ്ടാകണമെന്നു നിശ്ചയിച്ചിട്ടുള്ള ഒരുവനു്, വ്യക്തിപരമായ മത്സരത്തിനു സമയമില്ല. കോപം ആത്മസംയമനരാഹിത്യം ആദിയായ തൽഫലങ്ങളെക്കുറിച്ചു ചിന്തിപ്പാനും നിർവ്വാഹമില്ല.' ലിങ്കൻെറ സ്വഭാവത്തിൽ അദ്ദേഹത്തിൻെറ രാജ്യക്കാരെ ഏററവും ആകർഷിച്ചതു പ്രതികാരേച്ഛയില്ലായ്മ എന്നുള്ള ഗുണം ആയിരുന്നു. 'നിങ്ങൾക്കു എന്നെക്കാളധികം പ്രതികാരേച്ഛയുണ്ടു്. പക്ഷെ ആ സ്വഭാവം എനിക്കു കുറച്ചേ ഉള്ളു. എന്നാൽ അതു ഫലപ്രദമായി ഒരിക്കലും തോന്നിയിട്ടില്ല' എന്നു അദ്ദേഹം ഒരിക്കൽ പറകയുണ്ടായി. തൻെറ മഹാമനസ്കതയെ വെളിപ്പെടുത്തുന്ന ഈ വാക്കുകളും അദ്ദേഹം പറഞ്ഞിട്ടുണ്ടു്:- –'പ്രതികാരചിന്തയോടുകൂടി ഞാൻ ഒന്നും ചെയ്യുന്നില്ല. പ്രതികാരവ്യാപാരത്തിനുള്ളതിൽ വിസ്താരമേറിയ കാര്യങ്ങളിലാണു് എനിക്കിടപാടുള്ളതു്'. മററുള്ളവരുടെ വിരോധം തത്തുല്യമായ വികാരത്തെ നമ്മിൽ ഉളവാക്കി നമ്മുടെ ജീവിതത്തെ കോപത്താൽ ഇളക്കിമറിക്കുന്നതിനു നാം അനുവദിക്കുന്നതു്, ശത്രുക്കൾ നമ്മുടെ ജീവിതാദർശത്തെ കരസ്ഥമാക്കുന്നതിനു സമ്മതിച്ചുകൊടുക്കുകയാകുന്നു. യേശു തൻെറ ഹൃദയത്തെ ഒരിക്കലും ശത്രുക്കൾക്കു വിട്ടുകൊടുത്തില്ല; അവരെ മടുപ്പിക്കണമെന്നുള്ള ആഗ്രഹം തൻെറ സ്വന്ത ആത്മാവിനെ മലിനപ്പെടുത്താൻ താൻ അനുവദിച്ചിട്ടില്ല. ശത്രുക്കൾക്കു യേശുവിൻെറ പ്രവൃത്തിപദ്ധതിയെ വിഘാതപ്പെടുത്താമായിരുന്നെങ്കിലും തന്നെ മലിനപ്പെടുത്താൻ അവൎക്കു ഒരിക്കലും സാധിച്ചില്ല.

ക്ഷമിക്കാത്ത മനുഷ്യനു ക്ഷമിക്കുന്ന ദൈവവുമായിട്ടുള്ള കൂട്ടായ്മ സാധിക്കുന്നതല്ല എന്നു യേശുവിനു നല്ല ബോധമുണ്ടായിരുന്നു (മത്താ: 18: 21—36). വിദ്യുച്ഛക്തി പുറത്തോട്ടു

പോകുവാൻ മാർഗ്ഗമില്ലെങ്കിൽ ഒരുവനിലേക്ക പ്രവേശിക്കയില്ല. തന്റെ ജീവിതത്തിൽനിന്നു മററുള്ളവരിലേക്ക പക രാൻ വഴിയിടാത്ത ഒരുവനു് ദൈവപ്രസാദം അനുഭവപ്പെടുകയില്ല. ക്ഷമിക്കാത്തവനു് ക്ഷമ ലഭിക്കയില്ല (മത്താ. 6:15) അതുകൊണ്ടു പ്രാർത്ഥിക്കുന്നതിനു മുമ്പു് ഒരാൾ ദൈവത്തിന്റെ പിതൃസ്നേഹത്തിനു് അനുരൂപമല്ലാത്ത വല്ല ദ്വേഷവുംതടസ്സമായിട്ടു തന്നിലുണ്ടോ എന്നു നോക്കേണ്ടതാണു് (മാക്കോ. 11: 25(. സ്വരക്ഷസ്സായിട്ടു തന്നെയും ഗുരുവരൻ കരുതിയതു ശത്രുക്കളോടുള്ള മഹാമനസ്കതയായിരുന്നു. പക വീട്ടുന്നതു് ദൈവവുമായിട്ടുള്ള ബന്ധത്തെ ഭഞ്ജിക്കുന്നതും ആത്മീയജീവനെ പാഴാക്കുന്നതുമായിരുന്നു. ഗുരുവിന്റെ ആത്മാവിന്റെ പ്രതിഫലനമായിട്ടു ബുക്കർ-ടീ-വാഷിംഗ്ടൺപറയുന്നതു്ഇപ്രകാരമാണു്:—'എൻ ആത്മാവിനെ വെറുപ്പിന്റെ നിലയിലേക്ക വലിച്ചു താഴ്ത്തുവാൻ ആരേയും ഞാൻ അനുവദിക്കയില്ല.' മനുഷ്യന്റെ ശത്രുത്വം ചെന്നെത്തുന്നതിനു് മേലായിട്ടു, തന്റെ ജീവിതത്തെ ദൈവവുമായിട്ടുള്ള ആന്തരിക മൈത്രിയിലും സംസർഗ്ഗത്തിലും യേശു നിലനിത്തിക്കൊണ്ടുപോന്നു.

യേശു തന്റെ മഹാമനസ്കതയെ വെളിപ്പെടുത്തിയതു ശത്രുക്കളോടു കാണിച്ച അപരിമേയമായ ഹൃദയവിശുദ്ധി എന്നതിൽ മാത്രമല്ല, തള്ളപ്പെട്ടിരിക്കുന്ന എല്ലാത്തരത്തിലുള്ള ജനങ്ങളോടും പ്രദർശിപ്പിച്ച തന്റെ സഹോദരസ്നേഹത്തിലുംക്രുടിയായിരുന്നു.

യേശുവിന്റെ കാലത്തുണ്ടായിരുന്ന യൂദന്മാർ മററുള്ളവരോടു അനുകമ്പയില്ലാത്ത ശുഷ്കഹൃദയന്മാരും അന്യന്മാരോടു സാമൂഹ്യവ്യാപാരങ്ങളിൽ ഏർപ്പെടാത്തവരും ആയിരുന്നു. അവരുടെ ഈ അവസ്ഥ റോമാസാമ്രാജ്യത്തിൽ പരക്കെ അറിയപ്പെട്ടിരുന്നതാണു്. അതുകൊണ്ടു പ്രസിദ്ധ എഴുത്തുകാരായ ററാസിററസ്സും, ജൂവിനലും അവരെ നിന്ദിക്കയും മനുഷ്യജാതിയെ വെറുക്കുന്നവരെന്നു അവരെ വിളിക്കയും ചെയ്തിട്ടുണ്ടു്.

പലസ്തീൻനാട്ടിൽ പ്രത്യേകിച്ചും, അന്യന്മാരെ എല്ലാം അശു ദ്ധരും ദൈവകൃപയ്ക്കു വെളിയിലുള്ളവരും ആയിട്ടാണ് യൂദ ന്മാർ കരുതിപ്പോന്നതു്. ഒരു യെഹൂദനല്ലാത്തവന്റെ വീ ട്ടിൽ ഒരു യൂദൻ കയറുകയൊ അവനോടുകൂടി ഭക്ഷണം കഴി ക്കുകയൊ ചെയ്യുകയില്ല. ഒരു യൂദേതരനെ കാണുമ്പോൾ 'നിനക്കു സമാധാനം ഉണ്ടായിരിക്കട്ടെ' എന്നുള്ള സാധാരണ അഭിവന്ദനം ചെയ്യാം എന്നും, യൂദദരിദ്രരോടൊപ്പമുള്ള അവ കാശം യൂദേതരദരിദ്രക്കും കാലാപെറുക്കുന്നതിലുണ്ടായിരിക്ക ണം എന്നും ഗമാലിയേൽ പഠിപ്പിച്ചപ്പോൾ അവനെ അബ ദ്ധോപദേഷ്ടാവായ ഒരു പരിഷ്കാരിയായിട്ടാണ് മററു യൂദ ന്മാർ കരുതിയതു്. യൂദന്മാക്കു ഇതരജാതിക്കാരോടുള്ള മനോ ഭാവം അവരുടെ ഈ പ്രാത്ഥനയിൽ അതിന്റെ മൂർദ്ധന്യാവ സ്ഥയിൽ കാണാം—'നാഥാ ഞങ്ങൾക്കായിട്ടാണ് ഈ ലോക ത്തെ സൃഷ്ടിച്ചതു് എന്നു ഭവാൻ പറഞ്ഞിട്ടുണ്ടല്ലോ. ആദാ മിൽനിന്നും ഉത്ഭവിച്ചിട്ടുള്ള മററു ജാതിക്കാരോ, അവർ തു പ്പൽപോലെ നിഷിദ്ധരാണെന്നു അരുളിച്ചെയ്തിട്ടുണ്ടല്ലോ. പാ ത്രത്തിൽനിന്നും വീഴുന്ന ഒരു തുള്ളിയായിട്ടു മാത്രമാണല്ലോ അ വരുടെ പെരുപ്പത്തെ അവിടുന്നു് എണ്ണുന്നതു്' (എസ്ഡ്റാ സു 6: 55, 56. Book of Esdras.)

ഈ മനോഭാവം നിമിത്തം അവരുടെ ജാതി നിലനി ന്നുപോന്നു എന്ന ഒരു സംഗതി ചരിത്രസംബന്ധമായി ആ ലോചിക്കുമ്പോൾ പ്രശംസാവഹമായിട്ടുള്ളതാണ്. യൂദന്മാരു ടെ ഈ മനഃസ്ഥിതി അവക്കു ന്യായപ്രമാണത്തോടുള്ള അതിഭ ക്തിനിമിത്തം ഉണ്ടായതാണ്. ന്യായപ്രമാണത്തിൽ വിശ്വ സിക്കയോ അതിനെ പ്രമാണമാക്കുകയോ ചെയ്യാത്ത മനുഷ്യ രോടുള്ള പെരുമാററത്താൽ അശുദ്ധരാകാൻ അവക്കു മനസ്സി ല്ലായിരുന്നു. മക്കാബി യുദ്ധംപോലെയുള്ള ആപൽഘട്ടങ്ങളിൽ കൂടിയും യൂദന്മാർ ഭ്രഷ്ടുവരാതെ സൂക്ഷിച്ചതു അവരുടെ ജാ ത്യാചാരതീക്ഷ്ണതയെ തെളിയിക്കുന്നു. ചുരുക്കം ചില ന

ന്മകളുണ്ടായിരുന്ന ഈ നിരോധനങ്ങൾ ഗുരുവിൻെറ നന്മനസ്സിനെ തടുക്കുന്നതിനു പര്യാപ്തങ്ങളായിരുന്നില്ല. തൻെറ സഹോദരസ്നേഹം സകല പ്രതിബന്ധങ്ങളേയും ലംഘിച്ചു ഒഴുകുകയാണുണ്ടായതു്. ചുങ്കക്കാർ തങ്ങളുടെ ജാതിദ്രോഹികളെന്നു യൂദന്മാർ അവരെ നിന്ദിച്ചിരുന്നു. 'അവരുടെ പണം അശുദ്ധമായിരുന്നു. അതു പള്ളിയിൽ സ്വീകരിച്ചില്ല. അവരുടെ പ്രതിജ്ഞ അശേഷം വിലയില്ലാത്തതായിരുന്നു. നീതിന്യായക്കോടതികളിൽ അവക്കു സാക്ഷികളായിരിപ്പാൻ കഴിഞ്ഞില്ല. ഒരുവൻ ഒരു ചുങ്കക്കാരനോടു സത്യത്തിന്മേൽ ഒരു വാഗ്ദാനം ചെയ്തിരുന്നാലും അതു നിർവ്വഹിക്കണമെന്നു കടമയില്ല.' യേശു യൂദന്മാരുടെ ഈ പ്രതികൂലഭാവത്തെ കടന്നു ചുങ്കക്കാരെ തൻെറ ശിഷ്യന്മാരായി സ്വീകരിച്ചു (മത്താ. 9: 10—13). ശമറിയാക്കാരെ പരമ്പരയായി യൂദന്മാർ പകയോടുകൂടിയാണു് വിചാരിച്ചുപോന്നതു്. അശുദ്ധിയെ ഭയന്നു ഒരു പരീശൻ അവരുടെ രാജ്യത്തുകൂടി കടക്കയില്ല. യേശു ശമറിയാക്കാരെ അഭിനന്ദിച്ചു. (ലൂക്കോ. 10: 33—37). അവരെ സഹായിക്കുന്നതിനു കഴിവതു ശ്രമിച്ചു. (യോഹ. 4: 7—10). യൂദേതരരെ യേശു തൻെറ അന്വേഷണത്തിലും ആശയിലും ചേർത്തു. യിസ്രായേലിനാണു് താൻ പ്രഥമമായി അയയ്ക്കപ്പെട്ടതെങ്കിലും (മത്താ. 10: 5, 6; 15: 22 മുതൽ) പല ജാതികൾ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വന്നു അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടുംകൂടി ദൈവരാജ്യത്തിൽ പന്തിയിരിക്കും എന്നു യേശു പറഞ്ഞു (മത്താ. 8: 11). പരജാതിവൈപരീത്യം തന്നെ ബാധിക്കാത്തവണ്ണം യേശു അത്രയ്ക്കു ഉന്നതനായിരുന്നു. മനുഷ്യസംബന്ധമായതൊന്നും തൻെറ സ്നേഹത്തിനു പുറത്തായിരുന്നില്ല. നല്ല ശമറിയക്കാരൻെറ കഥയിൽ, ഒരാളുടെ ഒഴിച്ചു ശേഷമുള്ള ഓരോരുത്തരുടേയും മാർഗ്ഗസ്ഥിതി നമ്മോടു പറയുന്നു. കള്ളന്മാർ ചീത്തമനുഷ്യർ; ആചാര്യനും ലേവ്യനും യൂദന്മാർ; ശമറിയക്കാരൻ മതവിപരീതി; എന്നാൽ മൃതപ്രായനായി വ

ഴിയിൽ കിടക്കുന്ന ആ മനുഷ്യൻ ആരായിരുന്നു? അവൻ ഒരു യ്യൂദനോ, യ്യൂദേതരനോ, ശമറിയക്കാരനോ? അവൻ നല്ലവനോ, ചീത്തയാളോ? അവൻ കൃതജ്ഞനോ, കൃതഘ്നനോ? ആക്കം അറിഞ്ഞുകൂടാ. അവൻ ഇതരസഹായമാവശ്യമുള്ള ഒരു മനുഷ്യനായിരുന്നു എന്നല്ലാതെ യേശു ഒന്നും അവനെക്കുറിച്ചു വിസ്തരിച്ചു പറയുന്നില്ല. മനുഷ്യകുലത്തിൽ ആക്കെങ്കിലും എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ, അവന്റെ സ്വഭാവമൊ ജാതിയൊ മതവിശ്വാസമൊ എന്തുതന്നെയായിരുന്നാലും യേശുവിന്റെ നന്മനസ്സു അവനു ശുശ്രൂഷചെയ്യാൻ സന്നദ്ധമായിരുന്നു. ഇപ്രകാരമുള്ള യേശുവിന്റെ മഹാമനസ്കത മനുഷ്യസാഹോദര്യത്തിൽ ഒരു നവീനകാലഘട്ടത്തെ ഉത്തേജിപ്പിക്കയായിരുന്നു. ഗുരുവരന്റെ ആത്മപ്രഭാവം, യാതൊരു സാഹചര്യങ്ങൾക്കും കീഴടക്കുവാൻ കഴിയാത്തതും സർവ്വദാ ആനന്ദപ്രവാഹിയും പ്രതിലോമഭാവങ്ങളാൽ അസങ്കുചിതവുമായ ഭാസുരരൂപകമായിരുന്നു.

---

## അദ്ധ്യായം 5

# നമ്മുടെ കർത്താവിന്റെ കോപം.

## പ്രതിദിന പാഠങ്ങൾ

### മൂന്നാം ആഴ്ച:—ഒന്നാംദിവസം

മക്കൊ. 3: 1—6. അവൻ പിന്നെയും പള്ളിയിൽ ചെന്നു അവിടെ വരണ്ട കയ്യുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവർ അവനെ കുററം ചുമത്തേണ്ടതിന്നു ശബ്ബത്തിൽ അവനെ സൌഖ്യമാക്കുമൊ എന്നു നോക്കിക്കൊണ്ടിരുന്നു. വരണ്ട കയ്യുള്ള മനുഷ്യനോടു അവൻ: നടുവിൽ എഴുന്നേററുനിൽക്ക എന്നു പറഞ്ഞു. പിന്നെ അവരോടു: ശബ്ബത്തിൽ നന്മ ചെയ്കയോ, തിന്മ ചെയ്കയോ, ജീവനെ രക്ഷിക്കയോ, കൊല്ലുകയോ ഏതു വി

ഹിതം എന്നു ചോദിച്ചു. അവരോ മിണ്ടാതിരുന്നു അവരുടെ ഹൃദയകാഠിന്യം നിമിത്തം അവൻ ദുഃഖിച്ചുകൊണ്ടു കോപത്തോടെ അവരെ ചുററും നോക്കി, ആ മനുഷ്യനോടു: കൈ നീട്ടുക എന്നു പറഞ്ഞു; അവൻ നീട്ടി, അവന്റെ കൈ സൌഖ്യമായി. ഉടനെ പരീശന്മാർ പുറപ്പെട്ടു, അവനെ നശിപ്പിക്കേണ്ടതിന്നു ഹെരോദ്യരുമായി ആലോചന കഴിച്ചു.

നമ്മുടെ കർത്താവിന്റെ ശോകാകുലമുഖത്തോടുകൂടിയ പടങ്ങളും. തന്റെ താഴ്മയ്ക്കും ശാന്തതയ്ക്കും പ്രാധാന്യം കൊടുക്കുന്ന പ്രസംഗങ്ങളും നിമിത്തം തന്റെ ശ്രേഷ്ഠഗുണം ശാന്തതയായിരുന്നു എന്നൊരു അഭിപ്രായം പരക്കെ ഉണ്ടു്. എന്നാൽ ഈ പാഠം വായിച്ചിട്ടു താൻ ചിലപ്പോൾ എത്ര ഉഗ്രമായി കോപിക്കാറുണ്ടായിരുന്നെന്നും തന്റെ പ്രാണഹാനി വരുത്തുവാൻ കഴിവുള്ളവരോടുപോലും താൻ ചിലപ്പോൾ കോപിച്ചു എന്നും ഉള്ള സംഗതിയെപ്പററി ചിന്തിക്കുക. കോപം എല്ലാ മഹാന്മാരുടേയും ഒരു ഗുണമാണു്.

‘നിന്റെ ന്യായപ്രമാണം ഉപേക്ഷിക്കുന്ന ദുഷ്ടന്മാർനിമിത്തം എനിക്കു ഉഗ്രകോപംപിടിച്ചിരിക്കുന്നു’. സങ്കീ. 119:53.

‘ഞാൻ സകല വ്യാജമാർഗ്ഗവും വെറുക്കുന്നു.’ സങ്കീ. 119: 104.

‘ഇരുമനസ്സുള്ളവരെ ഞാൻ വെറുക്കുന്നു.’ സങ്കീ.119:113.

‘ഞാൻ ഭോഷ്കു പകെച്ചുവെറുക്കുന്നു.’ സങ്കീ. 119:163 എന്നു സങ്കീർത്തനക്കാരൻ വിളിച്ചുപറയുന്നു.

നിങ്ങൾ കോപിച്ചിട്ടുള്ള സമയങ്ങളെ സ്മരിക്കുക. നിങ്ങളുടെ കോപവും കർത്താവിന്റെ കോപവും ഒരേമാതിരി ആയിരുന്നോ?

## മൂന്നാം ആഴ്ച:—രണ്ടാംദിവസം

ലൂക്കൊ. 17: 2. അവൻ ഈ ചെറിയവരിൽ ഒരുത്തനു ഇടർച്ച വരുത്തുന്നതിനെക്കാൾ ഒരു തിരികല്ലു അവൻെറ കഴുത്തിൽ കെട്ടി അവനെ കടലിൽ എറിഞ്ഞുകളയുന്നതു അവനു നന്നു്.

ലൂക്കൊ. 20: 45—47. എന്നാൽ ജനം ഒക്കെയും കേൾക്കെ അവൻ തൻെറ ശിഷ്യന്മാരോടു: നിലയങ്കികളോടെ നടപ്പാൻ ഇച്ഛിക്കയും അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും അത്താഴത്തിൽ പ്രധാന സ്ഥലവും പ്രിയപ്പെടുകയും ചെയ്യുന്ന ശാസ്ത്രിമാരെ സൂക്ഷിച്ചുകൊൾവിൻ. അവർ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കയും ചെയ്യുന്നു; അവക്കു ഏററവും വലിയ ശിക്ഷാവിധി വരും.

നാം പലപ്പോഴും കോപിച്ചിട്ടു പിന്നീടു അതിനെപ്പററി ലജ്ജിക്കുന്നതു എന്തുകൊണ്ടു്? കുഞ്ഞുങ്ങളെ ദ്രോഹിക്കുന്ന ദുഷ്ടന്മാരോടും വിധവമാരുടെ വസ്തുക്കളെ അപഹരിക്കുന്ന കപടഭക്തരോടും കോപിച്ച കർത്താവിനു തൻെറ കോപത്തെപ്പററി എപ്പോഴെങ്കിലും മനസ്താപപ്പെടാൻ സംഗതിയുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുവോ? ഫ്രെഡ്റിക്ക്റോബർട്ട്സൺ (Frederick Robertson) എന്നയാൾ നിഷ്കളങ്കയായ ഒരു യുവതിയെ നശിപ്പിക്കാൻ ശ്രമിച്ചിരുന്ന ഒരു മനുഷ്യാധമനെ കാണുമ്പോൾ പല്ലിറുമ്മുകയും മുഷ്ടിചുരുട്ടുകയും ചെയ്യുന്നതു താൻ കണ്ടിട്ടുണ്ടെന്നു അദ്ദേഹത്തിൻെറ ഒരു സ്നേഹിതൻ പറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള കോപത്തെപ്പററി മനസ്താപപ്പെടാൻ ഇടയുണ്ടോ? നമ്മുടെ കോപത്തിൻെറ വിഷയം സാധാരണയായി നമ്മോടു വല്ല ദ്രോഹവും ചെയ്യുന്നവരല്ലയോ? അതുകൊണ്ടല്ലയോ അതിനെപ്പററി പിന്നീടു നാം ലജ്ജിപ്പാൻ ഇടയാകുന്നതു്? നമ്മുടെ കോപം മുഴുവനും സ്വാർത്ഥംതന്നെയാണു്. തന്നെ നിഷ്കരുണം ദ്രോഹിച്ചവരോടു നമ്മുടെ കർത്താവു ഒരിക്കലും ഒരു പരു

ഷവാക്കു പറഞ്ഞിട്ടില്ല. തൻെറ ക്രോധം ജ്വലിച്ചതു മററുള്ള വരെ ദ്രോഹിച്ചവരോടായിരുന്നു. 'കോപിപ്പിൻ. എന്നാൽ പാപം ചെയ്യരുതു്.' കോപിച്ചാൽ പാപംചെയ്യാതിരിപ്പിൻ (എഫെ. 4: 26). എന്നു വിശു. പൗലൊസ് പറയുന്നതിൻെറ അത്ഥം എന്തു്?

---

## മൂന്നാം ആഴ്ച:—മൂന്നാം ദിവസം

മത്താ. 23: 23—28. കപടഭക്തിക്കാരരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചുകളകയും ചെയ്യുന്നു. അതു ചെയ്കയും ഇതു ത്യജിക്കയും വേണം. കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു.

കപടഭക്തിക്കാരരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു. കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാകേണ്ടതിനു, മുമ്പെ അവയുടെ അകം വെടിപ്പാക്കുക.

കപടഭക്തിക്കാരരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം: വെള്ളതേച്ച ശവക്കല്ലറകളോടു നിങ്ങൾ ഒത്തിരിക്കുന്നു; അവ പുറമെ അഴകായി ശോഭിക്കുന്നെങ്കിലും അകമെ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അങ്ങനെ തന്നെ പുറമെ നിങ്ങൾ നീതിമാന്മാർ എന്നു മനുഷ്യൎക്കു തോന്നുന്നു; അകമെയോ കപടഭക്തിയും അധൎമ്മവും നിറഞ്ഞവരത്രേ.

ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ നമ്മുടെ കൎത്താവിൻെറ കോപം ഉഗ്രമായി ജ്വലിച്ചിരുന്നു എന്നുള്ളതിനു സംശയമില്ല. കൎത്താവു നമ്മുടെ കുടുംബത്തെയോ സഭയെയോ സമുദായത്തെ

യോ സന്ദർശിച്ചാൽ തന്റെ കോപം ഇങ്ങനെ ജ്വലിക്കു വാൻ വല്ലതു കാണുമോ? നിങ്ങളുടെ കുടുംബത്തിലും സഭയിലും സമുദായത്തിലും ഉള്ള അസൂയയും പിണക്കവും ഈർഷ്യയും കളവും ചതിവും നീചത്വവും കപടഭക്തിയും എല്ലാം ഹൃദയപൂർവ്വമായും ഭയംകൂടാതെയും ആലോചിക്കുക. കർത്താവിന്റെ കോപത്തെ ഉജ്വലിപ്പിക്കത്തക്ക വല്ല സംഗതിയും നിങ്ങളുടെ ജീവിതത്തിൽ തന്നെ ഉണ്ടോ? ഇല്ലെങ്കിൽ നിങ്ങളുടെ ചുററുമുള്ളവരുടെ പാപജീവിതത്തെപ്പററി നിങ്ങളുടെ നില എന്തു്? നിങ്ങൾ അതിൽ പ്രസാദിക്കുന്നുവോ അല്ലെങ്കിൽ മിണ്ടാതിരിക്കുന്നുവോ? അവസരം കിട്ടുമ്പോൾ അതിനെപ്പററി നിങ്ങളുടെ വെറുപ്പും കോപവും പ്രദർശിപ്പിക്കുന്നുണ്ടോ? നിങ്ങളുടെ കോപവും വെറുപ്പും മററുള്ളവർ വിലവസ്സുത്തക്കവണ്ണം നിങ്ങളുടെ ജീവിതം ഉത്തമമോ?

---

## മൂന്നാം ആഴ്ച.—നാലാം ദിവസം

ലൂക്കോ. 16: 19—23. ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനമ്പ്രതി ആഡംബരത്തോടെ സുഖിച്ചുകൊണ്ടിരുന്നു. ലാസർ എന്നു പേരുള്ളോരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിപ്പുരയ്ക്കൽ കിടന്നു ധനവാന്റെ മേശയിൽനിന്നു വീഴുന്നതു തിന്നു വിശപ്പടക്കാൻ ആഗ്രഹിച്ചു; നായ്ക്കളും വന്നു അവന്റെ വ്രണം നക്കും. ആ ദരിദ്രൻ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രാഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. ധനവാനും മരിച്ചു അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തുനിന്നു അബ്രാഹാമിനെയും അവന്റെ മടിയിൽ ലാസരിനെയും കണ്ടു.

ഇവിടെ ധനവാന്റെസ്വാർത്ഥതല്പരതയെപ്പററി നമ്മുടെ കർത്താവിന്നു അതിയായ കോപം ഉണ്ടെന്നു പ്രത്യക്ഷമാ

ണ്. ധനവാൻെറ സമാധാനം എന്തായിരുന്നിരിക്കും? ലാസരിൻെറ ദാരിദ്ര്യത്തിനു കാരണം താനല്ലെന്നും അതുകൊണ്ടു അവൻെറ കഷ്ടതകൾക്കു തനിയ്ക്കു് ഉത്തരവാദിത്വം ഇല്ലെന്നും വിചാരിച്ചു അവൻ സമാധാനപ്പെട്ടിരിക്കാം. ഈ സമാധാനം ന്യായമോ? ഒരു മനുഷ്യൻ ഒരു ഭവനത്തിനു തീ പിടിക്കുന്നതു കണ്ടിട്ടു് ആർക്കും അറിവുകൊടുക്കാതെ മിണ്ടാതെപോയാൽ തീ വെച്ചവനെപ്പോലെ അവനും കുററക്കാരനല്ലേ? കള്ളന്മാരുടെ കയ്യിൽ അകപ്പെട്ട മനുഷ്യൻ മുറിവേററു് അർദ്ധപ്രാണനായി കിടക്കുന്നതു കണ്ടിട്ടു യാതൊരു സഹായവും ചെയ്യാതെ മാറി കടന്നുപോയ പുരോഹിതനും ലേവ്യനും ആ കള്ളന്മാരുടെ പങ്കാളികളായിട്ടാണു് കർത്താവു വിചാരിക്കുന്നതു്. നിങ്ങളുടെ സമുദായജീവിതം ഉത്തമമാക്കാൻ നിങ്ങളാൽ കഴിവുള്ളതു നിങ്ങൾ ചെയ്യുന്നുണ്ടോ? സമുദായത്തിലെ ദോഷങ്ങൾക്കു കാരണഭൂതർ നിങ്ങളല്ലായ്കയാൽ അവയ്ക്കു് നിങ്ങൾ ഉത്തരവാദികളല്ലെന്നു വിചാരിച്ചു ഒഴിഞ്ഞുകളയാമോ? ആ ദോഷങ്ങൾക്കു പരിഹാരം വരുത്തുവാൻ നിങ്ങൾക്കു എന്തു ചെയ്യാൻ കഴിയുമെന്നു് ആലോചിക്കുക.

---

## മൂന്നാം ആഴ്ച:—അഞ്ചാം ദിവസം.

യോഹ. 2: 13—17. യെഹൂദന്മാരുടെ പെസഹ സമീപം ആകകൊണ്ടു യേശു യെരുശലേമിലേക്കു പോയി. ദൈവാലയത്തിൽ കാള, ആടു, പ്രാവു എന്നിവയെ വിൽക്കുന്നവരെയും അവിടെ ഇരിക്കുന്ന പൊൻവാണിഭക്കാരെയും കണ്ടിട്ടു കയറുകൊണ്ടു ഒരു ചമ്മട്ടിയുണ്ടാക്കി ആടുമാടുകളോടുംകൂടെ എല്ലാവരെയും ദൈവാലയത്തിൽനിന്നു പുറത്താക്കി. പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു, മേശകളെ മറിച്ചിട്ടു; പ്രാവുകളെ വിൽക്കുന്നവരോടു: ഇതു ഇവിടെനിന്നു കൊണ്ടുപോകുവിൻ; എൻെറ പിതാവിൻെറ ആലയത്തെ വാണിഭശാല ആക്കരുതു എന്നു പറഞ്ഞു. അപ്പോൾ അവൻെറ ശിഷ്യന്മാർ: നി

ൻെറ ആലയത്തെക്കുറിച്ചുള്ള എരിവു എന്നെ തിന്നുകളയുന്നു എന്നു എഴുതിയിരിക്കുന്നതു ഓൎത്തു.

ദൈവത്തിൻെറ ആലയത്തിൽ ആരും ഗണ്യമാക്കാതെ അനുവദിച്ചുപോന്ന ഈ ദുരാചാരത്തെപ്പററി നമ്മുടെ കൎത്താവിന്നുണ്ടായ ക്രോധത്തെക്കുറിച്ചു ചിന്തിക്കുക. നമ്മുടെ രാജ്യഭരണത്തിലും നഗരഭരണത്തിലും സഭാഭരണത്തിലും കടന്നുകൂടിയിട്ടുള്ള ദൂഷ്യങ്ങളെ സംബന്ധിച്ചു നമ്മുടെ കൎത്താവിൻെറ നില എന്തായിരിക്കുമെന്നു തോന്നുന്നു? ഏതു ഭരണവും വിശുദ്ധമാക്കാനുള്ള എല്ലാ നിഷ്കളങ്ക ശ്രമങ്ങളും നമ്മുടെ സ്വൎഗ്ഗീയപിതാവിൻെറ ജോലിയെപ്പററിയുള്ള ഭക്തിവൈരാഗ്യം തന്നെയല്ലയോ? നിങ്ങളുടെ ജീവിതജോലിയെപ്പററി ചിന്തിക്കുക. അതിൽ നിങ്ങളെ പ്രേരിപ്പിക്കുന്ന ശക്തി, മനുഷ്യരെ നശിപ്പിക്കുന്ന ദൂഷ്യങ്ങളെ സംബന്ധിച്ചു നിങ്ങൾക്കുള്ള കോപവും, നിങ്ങളുടെ ഉദ്ദേശ്യം അവയുടെ വിധ്വംസനവും ആകുന്നുവോ? ഒരു മനുഷ്യൻ തിരഞ്ഞെടുത്തിട്ടുള്ള ഏതു ജോലിയിലും, ഉദ്യോഗത്തിലും, വ്യവസായത്തിലും, സമുദായത്തിലും, കുടുംബശുശ്രൂഷയിലും ഈ ദൂഷ്യവിധ്വംസനത്തിന്നു സഹായിക്കാൻ കഴികയില്ലയോ?

---

## മൂന്നാംആഴ്ച:—ആറാം ദിവസം

മത്താ. 7:1—5. നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുതു്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. എന്നാൽ സ്വന്ത കണ്ണിലെ കോൽ ഓൎക്കാതെ സഹോദരൻെറ കണ്ണിലെ കരടു നോക്കുന്നതു എന്തു? അല്ല, സ്വന്ത കണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോടു: നില്ല, നിൻെറ കണ്ണിൽനിന്നു കരടു എടുത്തുകളയട്ടെ എന്നു പറയുന്നതു എങ്ങനെ? കപടഭക്തിക്കാരാ മുമ്പെ സ്വന്ത കണ്ണിൽനിന്നു കോൽ എടുത്തുകളക; പിന്നെ സഹോദരൻെറ കണ്ണിൽനിന്നു കരടു എടുത്തുകളുവാൻ വെടിപ്പായിക്കാണും.

മൻപാഠങ്ങളിൽ കണ്ടപ്രകാരം നമ്മുടെ കൎത്താവു കഠിനമായി ശാസിച്ചതും ഈ പാഠത്തിൽ വിധിക്കരുതു് എന്നു കല്പിച്ചതും തമ്മിൽ യോജിപ്പിക്കുന്നതു എങ്ങനെ? അയല്ക്കാരെ വിധിപ്പാൻ എത്ര എളുപ്പമാണെന്നു ആലോചിക്കുക. ന്യായമായ കോപവും അതിരുകടന്നുപോകാൻ എളുപ്പമല്ലേ? നമ്മുടെ കൎത്താവിന്റെ ക്രോധം ഇത്ര ഹൃദയംഗമമായിരിക്കുന്നതു എന്തുകൊണ്ടു്? കൎത്താവു മനുഷ്യരെ സ്നേഹിക്കയാൽ, അവരുടെ ദുഷ്ടതനിമിത്തം അവരെ ശാസിക്കുന്നതിനു മുമ്പായി അവരിൽ ഉള്ള ഗുണങ്ങളെ എല്ലാം അറിവാൻ ശ്രമിച്ചു. നിങ്ങളുടെ ശാസന ഉഗ്രവും പരുഷവും നിഷ്ഠുരവും ആകുന്നുവോ? നിങ്ങൾ ഒരുത്തനെ ശാസിച്ചാൽ നിങ്ങൾ നിങ്ങളെത്തന്നേ അതേ പ്രമാണമനുസരിച്ചു വിധിക്കുന്നുണ്ടെന്നും, അവന്റെ ദുഷ്ടതയെ നിങ്ങൾ വെറുക്കുന്നുണ്ടെങ്കിൽ അവനിലുള്ള നന്മയെ നിങ്ങൾ ബഹുമാനിക്കുന്നുണ്ടെന്നും ഉള്ള ബോധം അവനില്ലെങ്കിൽ നിങ്ങളുടെ ശാസനകൊണ്ടു അവന്നു ഒരു പ്രയോജനവും ഉണ്ടാകയില്ല.

---

## മൂന്നാം ആഴ്ച:—ഏഴാംദിവസം

മത്താ. 4: 8—11. പിന്നെ പിശാചു അവനെ ഏററവും ഉയൎന്നോരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു: വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്നു അവനോടു പറഞ്ഞു. യേശു അവനോടു: സാത്താനേ, എന്നെ വിട്ടുപോ; നിന്റെ ദൈവമായ കൎത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. അപ്പോൾ പിശാചു അവനെ വിട്ടുപോയി.

മത്താ. 8: 31—33. മനുഷ്യപുത്രൻ പലതും സഹിക്കയും മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവനെ തള്ളിക്ക

ളുഞ്ഞു കൊല്ലുകയും മൂന്നു നാൾ കഴിഞ്ഞിട്ട അവൻ ഉയിർത്തെഴുന്നേൽക്കയും വേണം എന്നു അവരെ ഉപദേശിച്ചുതുടങ്ങി. അവൻ ഈ വാക്ക തുറന്നുപറഞ്ഞു. അപ്പോൾ പത്രോസ് അവനെ വേറിട്ട കൊണ്ടുപോയി ശാസിച്ചുതുടങ്ങി. അവനോ തിരിഞ്ഞു നോക്കി ശിഷ്യന്മാരെ കണ്ടിട്ട പത്രോസിനെ ശാസിച്ചു: സാത്താനേ, എന്നെ വിട്ടു പോ; നീ ദൈവത്തിൻേറതല്ല മനുഷ്യരുടേതത്രേ കരുതുന്നതു എന്നു പറഞ്ഞു.

നമ്മുടെ കർത്താവു തന്നെ പരീക്ഷിച്ച വിചാരങ്ങളെപ്പോലും ലഘുവായി വിചാരിച്ചില്ല. അവൻ അവയെ ജുഗുപ്സയോടെ ത്യജിച്ചു. അവൻ ദുഷ്ടതയെ വെറുത്തു. പരീക്ഷകളോട വിളയാടുന്നതു ശരിയല്ലെന്നു പറിച്ചു അവയെ ഉടൻ തന്നെ രൂക്ഷതയോടെ തിരസ്കരിക്കാത്തവൻേറ സ്ഥിതി ആപൽക്കരമാകുന്നു. നിങ്ങളെ സാധാരണയായി പരീക്ഷിക്കുന്ന പാപം എന്താകുന്നു എന്നു ആലോചിക്കുക. നിങ്ങളുടെ സ്വഭാവത്തെ മലിനപ്പെടുത്തുവാൻ വഴിയുള്ള പാപം എന്താകുന്നു? 'പിന്നിൽ പോക സാത്താനേ,' എന്നു കർത്താവു കല്പിച്ചതുപോലെ പരീക്ഷകന്മാരെയും പരീക്ഷകളെയും വെറുപ്പോടെ തിരസ്കരിക്കുവാൻ നിങ്ങൾ ശീലിച്ചിട്ടുണ്ടോ?

---

## അദ്ധ്യായം 6

### മൂന്നാം ആഴ്ചയിലെ വിമർശനവീഥി

### കർത്താവിൻേറ കോപം.

കോപം അതിരില്ലാത്ത നന്മനസ്സിനോട്ട വിപരീതമായിട്ടുള്ളതാണെന്ന് പ്രഥമനോട്ടത്തിൽ തോന്നിപ്പോകാം. അതു വാസ്തവമായിരുന്നാൽ നാം യേശുവിൻേറ മഹാമനസ്കതയെക്കുറിച്ചു പറഞ്ഞിട്ടുള്ളതെല്ലാം ശരിയല്ല. ഒരു ദീനക്കാരൻ സൌഖ്യം പ്രാപിക്കുന്നതിനെക്കാൾ കാര്യമായിട്ടുള്ളത് തങ്ങളു

ടെ ന്യായപ്രമാണം പാലിക്കപ്പെടുന്നതാണെന്ന് വിചാരിച്ചിരുന്ന മൂപ്പന്മാരുണ്ടായിരുന്ന ഒരു പള്ളിയോഗത്തിൽവെച്ച് ജ്വലിക്കുന്ന കോപത്തോടുകൂടി അവരുടെമേൽ യേശു തിരിഞ്ഞുനോക്കി (മർക്കൊ. 3: 5). ദൈവാലയത്തിൽവെച്ച് കച്ചവടം ചെയ്തു ദുരാദായം എടുത്തുവന്നവരെ അദ്ദേഹം എതിരിട്ടു. പണക്കച്ചവടക്കാരെ ഉഗ്രകോപത്തോടുകൂടി ഒരു ചമ്മട്ടികൊണ്ടു അടിച്ചോടിച്ചു (യോഹ. 2: 13—17). തന്റെ അത്യധികമായ വിരോധത്തെ പ്രകടിപ്പിക്കുന്നതിനു വാക്കുകൾക്കുകൂടി പ്രയാസം നേരിടത്തക്കവണ്ണം യേശു ക്ഷുബ്ധനായി. നാം യേശുവിന്റെ അതിരില്ലാത്ത നന്മനസ്സിനെക്കുറിച്ചു പറഞ്ഞതും ഈ രോഷപ്രകടനങ്ങളും തമ്മിൽ എങ്ങനെ യോജിപ്പിക്കാം?

പൊതുവേ പറയുമ്പോൾ, ഭൂമിയുടെ സ്ഥിരാവസ്ഥ അകത്തേക്കു വലിക്കുന്നതും പുറത്തേക്കു തള്ളുന്നതുമായ രണ്ടു ശക്തികളുടെ ഫലമായിരിക്കുന്നതുപോലെ, എല്ലാ മഹാ ഗുണങ്ങളും എതിർവശങ്ങളിലേക്കു വലിക്കുന്ന രണ്ടു സാന്മാർഗ്ഗികശക്തികളുടെ പരിണാമഫലമാകുന്നു. ദൃഷ്ടാന്തമായിട്ടു, സഹതാപത്തോടുകൂടെ, സത്യാവസ്ഥയെക്കുറിച്ചു ദൃഢമായ ബോധവുമില്ലെങ്കിൽ, ഔദാര്യം ദുർബ്ബലവും ബുദ്ധിശൂന്യവുമായ സഹിഷ്ണുതയായിത്തീരുന്നു. അനുകമ്പയില്ലാത്ത സത്യബോധം മതഭ്രാന്താണ്. സത്യബോധമില്ലാതെയുള്ള അനുകമ്പ വികാരക്ഷോഭത്തെ ഉണ്ടാക്കുന്നു. അവ രണ്ടും ശരിക്കു ചേരുമ്പോൾസാക്ഷാത്തായ ഔദാര്യത്തെ ഉളവാക്കുന്നു. സ്നേഹത്തോടു ചേർന്ന നീതിപരമായ രോഷത്തിനുള്ള പാത്രതയുമില്ലെങ്കിൽ അതു സ്നേഹവികാരത്തിന്റെ ഒരു നിഴലായിട്ടു അധഃപതിക്കുന്നു. ദോഷത്തെക്കുറിച്ചുള്ള വെറുപ്പുകൂടാതെയിരുന്നാൽ ദയ ദുർബ്ബലവും വിവേചിക്കാത്തതും ആയിത്തീരുന്നു. ദയ കൂടാതെയിരുന്നാൽ, ദോഷത്തെക്കുറിച്ചുള്ള വെറുപ്പു, കൈപ്പും നിന്ദയുമുള്ളതായിത്തീരുന്നു. ഇവ രണ്ടും ശരിക്കുള്ളവൻ മഹാമനസ്കനാകുന്നു. അങ്ങനെയുള്ള ആൾ തന്റെ സഹോദരരെ സ്നേഹി

ക്കന്നതുപോലെ തന്നെ അവരെ നശിപ്പിക്കുന്ന ദോഷങ്ങളെ വെറുക്കയും ചെയ്യുന്നു.

നീതിപരമായ രോഷത്തോടുകൂടാതെയിരുന്നാൽ നന്മനസ്സ എത്ര ദുർബലമായിരിക്കുമെന്നുള്ളതു് ഇക്കാലത്തു് ഇൻഡ്യയിൽ കാണാവുന്നതാണു്. ഇൻഡ്യയിലെ മഹാമതങ്ങൾ സ്നേഹത്തേയും നന്മനസ്സിനേയും പ്രസംഗിക്കുന്നു. ഒരു ബുദ്ധമതസിദ്ധൻ കാശിപട്ടണത്തിൽ ദൈവധ്യാനത്തോടും സത്സ്വപ്നസൃഷ്ടികളിലും നന്മനസ്സുള്ള വികാരങ്ങളോടുംകൂടി അനേകവർഷങ്ങൾ ഏകാന്തമായി കഴിക്കുന്നു. തന്റെ മനശ്ശാന്തതയെ യാതൊരു വിരോധഭാവവും ഭഞ്ജിക്കുന്നില്ല. നല്ലവരും ദുഷ്ടന്മാരും പഠിപ്പുള്ളവരും പഠിപ്പില്ലാത്തവരുമായ എല്ലാവരേയും അയാൾ സ്നേഹിക്കുന്നു. തന്റെ ധ്യാനത്തിന്റെ ഒഴുക്കിനെ ഒന്നും തടയുന്നില്ല. ഒരാളെ സഹായിക്കുന്നതിനു് തന്റെ ഒരു വിരലെങ്കിലും ഉയർത്തുകയൊ, തന്റെ നാട്ടിലെ ദോഷങ്ങളെ കുറിച്ചു അല്പമായ ക്ഷോഭമെങ്കിലും അയാൾക്കു ഉണ്ടാകയോ ചെയ്യുന്നില്ല. ഒരു മാതൃകാക്രിസ്ത്യാനിക്കാകട്ടെ, സ്നേഹവും നന്മനസ്സും ഒരു വ്യത്യസ്ഥഗതിയെ കാണിക്കുന്നു. അതിൽ ദൃഢമായ വെറുപ്പും ഉൾപ്പെടുന്നു. ദേവദാസികളുമായുള്ള ഭോഗം ഒരു ആരാധനയെന്നു് വിചാരിക്കുന്നതിനെ ഒരു ക്രിസ്ത്യാനി വെറുക്കുന്നു. ബാലവിധവകളെ അടിമപ്പെടുത്തുന്ന ആചാരത്തെ അവനു് സഹിച്ചുകൂടാ. ക്ഷാമകാലത്തു് കഷ്ടപ്പെടുന്നവരെ സഹായിക്കാത്ത അവരുടെ ധനവാന്മാരായ അയൽക്കാരെ കാണുമ്പോൾ അവൻ കോപംകൊണ്ടു് ക്ഷുബ്ധനാകുന്നു. ഇൻഡ്യയിലായാലും ബ്രിട്ടനിലായാലും ഒരു നല്ല ക്രിസ്ത്യാനി കോപമുള്ള മനുഷ്യനാകുന്നു. അവൻ, സ്നേഹത്തെക്കുറിച്ചു കൊരിന്ത്യർ 13-ാംഅദ്ധ്യായം എഴുതിയ പൌലൂസ് 'കർത്താവിനെ സ്നേഹിക്കുന്നവർ ദോഷത്തെ വെറുക്കട്ടെ' എന്നുപദേശിക്കുന്നതു് കേട്ടനുസരിക്കുന്നു.

ക്രിസ്ത്യാനിയുടെ ഈ മനോഭാവം യേശുവിൽനിന്നും കിട്ടിയിട്ടുള്ള ഒരു അവകാശമാകുന്നു. കോപം തന്റെ ജീവി

ത്തിൻെറ ഒരു അററത്തെ വൈദ്യുതശക്തിയും സ്നേഹം മ
റെറ അററത്തെ വിപരീതവൈദ്യുതശക്തിയുമാണ്. നിത്യാ
വശ്യത്തിൻെറ പ്രമാണപ്രകാരം ഇവ രണ്ടും സമമാകുന്നു. ക
ഷ്ടപ്പെടുന്നവരോടു സഹതാപമുള്ളതുകൊണ്ട്, മററുള്ളവർ
കാണേണ്ടതിന്നു് നീണ്ട പ്രാർത്ഥന കഴിക്കുന്നവരായ പരീശ
ന്മാർ വിധവകളുടെ വസ്തുക്കൾ തട്ടിയെടുക്കുന്നതു കാണു
മ്പോൾ, യേശുവിനുണ്ടാകുന്ന കോപവും അത്യധികമാകുന്നു
(മക്കൊ. 12: 40). ദുർമ്മാർഗ്ഗചാരികളായ ഒരുക്കൂട്ടം ആളുകൾ,
ദുർമ്മാർഗ്ഗത്തിൽ കണ്ടുപിടിക്കപ്പെട്ട ഒരു സ്ത്രീയേയുംകൊണ്ട്,
പുരുഷന്മാൎക്കും സ്ത്രീകൾക്കും പ്രത്യേകമായ നിയമങ്ങളാണെന്നു്
സങ്കല്പിച്ചിട്ട്, യേശുവിൻെറ അടുക്കൽ വന്നപ്പോൾ, അവ
രുടെ പരമാർത്ഥമില്ലായ്മ സഹിക്കവയ്യാഞ്ഞിട്ടു താൻ കോപം
നിമിത്തം സംസാരിക്കാതെ അവരെ ഉററുനോക്കുകമാത്രം
ചെയ്തു (യോഹ. 8: 3—11). എല്ലാ മനുഷ്യരേയും അവൻ
സ്നേഹിക്കുന്നതുകൊണ്ട്, സ്വസ്നേഹിയായ ധനവാൻ സുഖാനു
ഭോഗിയായിരിക്കുന്നതും അവൻെറ പടിവാതിൽക്കൽ ലാസർ
കഷ്ടമനുഭവിച്ചുകൊണ്ടു കിടക്കുന്നതും കണ്ടപ്പോൾ, യേശുവി
ൻെറ കോപം കത്തിജ്വലിച്ചു (ലൂക്കൊ. 16: 19—31). ന്യാ
യപ്രമാണപ്രകാരമുള്ള ഏററവും ചെറിയ ആചാരംക്കൂടിയും,
നീതി, കരുണ, വിശ്വാസം ഇവ പോലെതന്നെ ദൈവശാസ
നപ്രകാരം വേണ്ടതാകുന്നു എന്നു വിചാരിച്ചുപോരുന്ന പരീ
ശന്മാരുടേയും ന്യായശാസ്ത്രികളുടേയും സന്നിധിയിൽ തൻെറ
ആത്മാവു് ഇളകി വശായതിനെക്കുറിച്ചു സർ ജോൺ സിലി
പറയുന്നതാവിതു്—'തങ്ങളുടെ ഉപദേശങ്ങൾ എഴുതി സൂ
ക്ഷിക്കപ്പെട്ടിരിക്കുന്ന പുരാതനഗുരുക്കന്മാരിൽ മഹമ്മദിനെ
വളരെ കാഠിന്യമുള്ളവനായി വിചാരിക്കുന്നുണ്ടെങ്കിലും, കു
റാൻ മുഴുവൻ പരിശോധിച്ചാലും ക്രിസ്തു പറഞ്ഞിട്ടുള്ളതിനേ
ക്കാൾ കഠിനതരങ്ങളായ ശാസനാപദങ്ങൾ അതിൽ കാണുക
യില്ല' (മത്താ. 23).

ഗുരുവരൻെറ സ്നേഹം ഉഗ്രതരമായിട്ടുള്ളതാകുന്നു എന്നു തെളിവായി പറയേണ്ടിയിരിക്കുന്നു. അതു ലാസറിന്മേൽ നോക്കുന്നു—അനന്തരം ധനവാൻെറമേലും നോക്കുന്നു. അതു് വ്യവസായശാലയിലുള്ള കൊച്ചുകുട്ടികളുടെമേൽ നോക്കുന്നു. അനന്തരം അവരുടെ വേലകൊണ്ടു് ആദായം എടുക്കുന്നവരുടെമേലും ഈ അക്രമത്തെ അനുവദിച്ചിരിക്കുന്ന സമുദായത്തിന്മേലും നോക്കുന്നു! അതു ഭക്ഷണമില്ലാതെ കഷ്ടപ്പെടുന്ന ദരിദ്രന്മാരുടെമേൽ നോക്കുന്നു. അനന്തരം ഭക്ഷണസാധനങ്ങളുടെ വില കൃത്രിമമായി വർദ്ധിപ്പിക്കുന്ന ആളുകളുടെമേലും നോക്കുന്നു! അതു് 'നിഷിദ്ധയായ ബാലസ്ത്രീയെ' നോക്കുന്നു. അനന്തരം അവളെ ഒററിക്കൊടുത്തവനേയും അവളുടെ ലജ്ജയെ കെടുത്തി സന്തോഷം അനുഭവിക്കുന്നവരേയും നോക്കുന്നു! നിർഭാഗ്യവാന്മാരായി, പട്ടാളക്കാർക്കു് ശരീരത്തിൽ പാടുകളുള്ളതുപോലെ തങ്ങളുടെ ആത്മാവിൽ പാടു നിറഞ്ഞവരായി, ശവക്കുഴിയിലേക്കു് ഇറങ്ങുന്നവരെ അതു നോക്കുന്നു. അനന്തരം അതു ഭാഗ്യവാന്മാരായി, ക്ഷാമംകൊണ്ടു നട്ടംതിരിയുന്നവരെ കണ്ടിട്ടും സഹായിക്കാതെ, തങ്ങളുടെ സുഖത്തെ മാത്രം കരുതി ജീവിക്കുന്നവരെ നോക്കുന്നു! ദുർബ്ബലമായ മഹാമനസ്കത, മനുഷ്യരുടെ ഈ പീഡകളെ കണ്ടിട്ടു് അനങ്ങാതെ ഇരുന്നേക്കാം; എന്നാൽ ഗുരുവരൻേറതുപോലെ ഉഗ്രമായ ഒരു സ്നേഹം ഇവയെ കാണുമ്പോൾ അത്യധികം ക്ഷോഭിക്കുന്നു. തൻെറ വാക്കുകൾ വികാരത്തള്ളൽ ഉളവാക്കുന്ന കോപാഗ്നികൊണ്ടു് ജ്വലിക്കുന്നു. ക്രിസ്തുവിൻെറ സ്നേഹത്തെ നാം വാഴ്ത്തുന്നതുകൊള്ളാം. എന്നാൽ ആ സ്നേഹം ഉളവാക്കുന്ന കോപാഗ്നിയുടെ മുമ്പിൽ നഗ്നരായും ആധാരമില്ലാതെയും നിൽക്കാതെ, 'പശ്ചാത്തങ്ങളേ, ഞങ്ങളെ വന്നു മൂടുവിൻ' എന്നു് നിലവിളിക്കുന്നതു് അധികം കൊള്ളാം.

യേശുവിൻെറ കോപത്തിൻെറ ഒരു പ്രധാന ലക്ഷണം, വ്യക്തിപരമായി തനിക്കു നേരിട്ട ഒരു ദോഷത്തെക്കുറിച്ചും

താൻ ഒരിക്കലും ക്രുദ്ധനായില്ല എന്നുള്ളതാണ്. തൻെറ ക്രോധം ഒരിക്കലും സ്വാൎത്ഥപരമായിരുന്നില്ല. വേലിയേററത്തിന്ന ഒരു കുളത്തിലുണ്ടായിരിക്കാവുന്നതിൽ അനേകസഹസ്രം മടങ്ങു സ്ഥലം സമുദ്രത്തിലുണ്ടായിരിക്കുന്നതുപോലെ, കോപത്തിന്നു നമുക്കുണ്ടായിരിക്കാവുന്നതിൽ അനേക മടങ്ങു പാത്രത യേശുവിലുണ്ടായിരുന്നു. ചെറുപ്പക്കാരനായ ഒരു പട്ടക്കാരൻ സ്റ്റിഫൻററിങ്ങ് എന്ന ദേഹം കോപിച്ചതിനെക്കുറിച്ചു അദ്ദേഹത്തെ ശാസിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: 'യുവാവേ, നിങ്ങൾ ഒരു ജീവകാലം മുഴുവനും അടക്കുന്നതിൽ അധികം കോപം ഞാൻ പതിനഞ്ചു മിനിററിൽ അടക്കുന്നുണ്ടു്." യേശുവിൻെറ നീതിപരമായ കോപത്തിൻെറ വിസ്തീൎണ്ണത നമുക്കുണ്ടാകാവുന്ന കോപത്തെക്കാൾ അനേകമടങ്ങാണെങ്കിലും, അവർ അവൻെറ മുഖത്തു തുപ്പുകയും, അവനെ പരിഹസിക്കയും, അവനെ അടിക്കയും, ക്രൂശിൽ തറെക്കുകയും ചെയ്തപ്പോൾ, തന്നോടു കാണിച്ച അതിക്രൂരകൃത്യങ്ങൾക്കു മറുപടിയായി ഒരു പരുഷവാക്കുപോലും പറഞ്ഞില്ല. 'തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും, കഷ്ടം അനുഭവിച്ചിട്ടു ഭീഷണി പറയാതെയും ഇരുന്നു' (1 പത്രൊ. 2: 23). തന്നോടു കാണിച്ച യാതൊരു ദ്രോഹത്തിന്നും യേശു കോപിച്ചിട്ടില്ല. 'ആരെങ്കിലും മനുഷ്യപുത്രനു നേരെ ഒരു വാക്കു പറഞ്ഞാൽ അതു അവനോടു ക്ഷമിക്കും' എന്നത്രേ അവൻ പറഞ്ഞതു് (മത്താ. 12: 32). തന്നോടു കാണിക്കുന്ന ദ്രോഹങ്ങൾക്കു പ്രതികാരചിന്ത ഇല്ലാതിരിക്കയും, മനുഷ്യർ നിസ്സഹായരോടു ചെയ്യുന്ന അക്രമങ്ങളെക്കുറിച്ചു അത്യധികം ക്ഷോഭിക്കയും ചെയ്യുന്ന സ്വഭാവം, നാം സാധാരണ മനുഷ്യസ്വഭാവത്തെക്കുറിച്ചു ഊഹിക്കപോലും ചെയ്യാവുന്നതിൽ എത്രയോ അപ്പുറമാകുന്നു. ഗുരുവിൻെറ ഈ സാമ്യമില്ലാത്ത സ്വഭാവത്തെക്കുറിച്ചു പൎയ്യാലോചിച്ചാൽ ഒരു മഹാൻെറ, താഴെപ്പറയുന്ന ഏററുപറച്ചിലിലെ അൎത്ഥം ഗ്രാഹ്യമാകുന്നു:—'ഞാൻ കോപിക്കുന്നതു കൊള്ളാവുന്ന സമയങ്ങളുണ്ടു്. എന്നാൽ ചിലപ്പോൾ ആ സന്ദർഭങ്ങൾ തെററാവുമുണ്ടു്.'

ഒരാൾ വേറൊരാളിനെ ഉപദ്രവിക്കുമ്പോൾ യേശു കഠിനമായി ക്ഷോഭിക്കുന്നു. അക്കാലത്തു ക്രിമിനൽക്കുററക്കാരെ കഴുത്തിൽ കല്ലുകെട്ടി ഗലീലക്കടലിൽ മുക്കിക്കൊല്ലുക പതിവായിരുന്നു. 'ഈ ചെറിയവരിൽ ഒരുത്തനു' ദ്രോഹം ചെയ്യുന്നവനു അതിനേക്കാൾ നല്ലതു ഈവിധ ശിക്ഷ സംഭവിക്കയാകുന്നു എന്നു യേശു പറയുന്നു (ലൂക്കോ. 17: 2). പ്രധാനാചാര്യനായ അന്നാസു യെരുശലേമിൽ ഒരു ദുരാദായമാർഗ്ഗം ഏർപ്പെടുത്തിയിരുന്നു. ബലിക്കുള്ള മൃഗങ്ങളെ വാങ്ങുന്നതും ദശാംശം കൊടുക്കുന്നതും ദൈവാലയനാണയങ്ങൾമൂലം വേണ്ടിയിരുന്നു. സാധാരണ നടപ്പുള്ള നാണയങ്ങളെ ഈ പ്രത്യേക നാണയങ്ങളായി എല്ലാ യെഹൂദന്മാരും മാറേറണ്ടിയിരുന്നു. ഇതിൽനിന്നും ലഭിച്ചിരുന്ന വമ്പിച്ച കമ്മീഷൻ ദൈവാലയത്തിലെ പൊൻവാണിഭക്കാരുടേയും അവരുടെ യജമാനന്മാരുടേയും പണസ്സഞ്ചികളെ വീർപ്പിച്ചു. ദൈവാലയത്തിലെ മൃഗവാണിഭസ്ഥലങ്ങളിൽനിന്നും വാങ്ങാത്ത മൃഗങ്ങളെ മൃഗപരിശോധകന്മാർ ബലിക്കു അയോഗ്യമെന്നു പറഞ്ഞു തള്ളുമായിരുന്നു. ഇങ്ങനെ നല്ല ഉറപ്പായി ഏർപ്പെടുത്തിയിരുന്ന ദുരാദായമാർഗ്ഗംമൂലം അധികാരികൾ ജനങ്ങളുടെ ഭക്തിയെ കച്ചവടം ചെയ്യുകയായിരുന്നു. ദൈവാലയം അക്ഷരപ്രകാരം 'കള്ളന്മാരുടെ ഒരു ഗുഹ'യായിത്തീന്നിരുന്നു. ഈ നില കണ്ടപ്പോൾ യേശുവിൻെറ കോപം അതിരുപൊട്ടി പ്രവഹിച്ചു. ഈ ദുഷിച്ച ഏർപ്പാടിനെയും വ്യാപാരികളേയും അട്ടിപ്പായിച്ചു (യോഹ. 12: 13—16). തൻെറ രഹസ്യജീവിതത്തിലും ഭരണത്തിലും നിന്ദ്യനായിരുന്ന ഏറോദേസിനെക്കുറിച്ചു പ്രസ്താവമുണ്ടായപ്പോൾ ഗുരുവിൻെറ കോപം ജ്വലിച്ചിട്ടു 'പോയി ആ ഊളനോടു പറവിൻ' എന്നു യേശു കല്പിച്ചു (ലൂക്കൊ. 13: 32). യേശുവിൻെറ കോപം പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ളതെല്ലാം മററുള്ളവർ അനുഭവിക്കുന്ന സങ്കടങ്ങളെ സംബന്ധിച്ചും നീക്കേണ്ടതായ പൊതുദൂഷ്യങ്ങളെക്കുറിച്ചും ആയിരുന്നു. ഒരിക്കലും താൻ അനുഭവിച്ചിട്ടുള്ള പീഡകൾ സംബന്ധിച്ചായിരുന്നില്ല.

റോബേർട്ടു ലൂയി സ്റ്റീവൻസൺ (R. L. Stevenson) ഈ സംഗതിയെപ്പററി ഭംഗിയായി ഇങ്ങനെ പറഞ്ഞിരിക്കുന്നു:—'ക്രിസ്തുവിൻെറ ഉപദേശസത്യം ഇതാണ്. നമ്മുടെ ശരീരവും ജീവിതഗതിയും സംബന്ധിച്ചുള്ള സംഗതികളിൽ നാം എല്ലാവരേയും വഹിക്കയും എല്ലാവരോടും ക്ഷമിക്കയും ചെയ്യണം. നമ്മുടെ ചെകിടാകുന്ന നാം കാണിച്ചുകൊടുക്കേണ്ടതു്. നമ്മുടെ വസ്ത്രം എടുക്കുന്നവനു നമ്മുടെ പുതപ്പാകുന്ന നാം വിട്ടുകൊടുക്കേണ്ടതു്. എന്നാൽ വേറൊരുവൻെറ മുഖത്തു അടിക്കുന്നതു കാണുമ്പോൾ സിംഹസ്വഭാവം അല്പമായി വരുന്നതു കൊള്ളാം. മററുള്ളവർ പീഡ അനുഭവിക്കുന്നതു കണ്ടിട്ടു ഒന്നും ചെയ്യാതെയിരിക്ക എന്നതു വിചാരിക്കത്തക്കതോ അനുഗ്രഹിക്കത്തക്കതോ അല്ല.' യേശുവിൻെറ കോപവും അത്ഭുതകരമായ അതിൻെറ ശമനവും മനസ്സിലാകണമെങ്കിൽ അവൻെറ കോപത്തെ, അവൻ മനുഷ്യനിലുള്ള നന്മയെ കണ്ടു അതിനെ അഭിനന്ദിക്കുന്നതിനോടു താരതമ്യപ്പെടുത്തി നോക്കേണ്ടതാണ്. കുററപ്പെടുത്തുന്നതുകൊണ്ടു മാത്രം വലിയ പ്രയോജനമില്ല. ഒരു കുട്ടിയുടെ പരീക്ഷക്കടലാസു നീലപെൻസിൽകൊണ്ടു വരച്ചു അടയാളപ്പെടുത്തുന്നതുപോലെ ഒരുവൻെറ പാപത്തെക്കുറിച്ചു അയാളെ ശാസിക്കയും കഠിനപദങ്ങൾ പ്രയോഗിക്കയും ചെയ്യുന്നതു മാത്രമാണ് നമ്മുടെ മനോഭാവത്തിൻെറ പരമകാഷ്ഠയെങ്കിൽ അതുകൊണ്ടു അയാൾക്കു ഒരു സഹായവുമില്ല. അയാളുടെ തോൽവി എവിടെയെന്നു നമ്മെക്കാൾ നല്ലതുപോലെ അയാൾക്കറിയാം. നാം വരച്ചിട്ടു മാററിവെച്ച നീലപെൻസിൽ എടുത്തു അയാൾ ഇവിടെയും തെററുണ്ടു് എന്നു പറഞ്ഞു കുറെ സ്ഥലങ്ങൾകൂടി അടയാളപ്പെടുത്തിയേക്കാം. കുററപ്പെടുത്തൽ മാത്രമുണ്ടായിരുന്നാൽ അതു അനീതിയും ദോഷവുമാണ്. അതു ഒരു മനുഷ്യനു അവനെക്കുറിച്ചു തന്നെയുള്ള അധൈര്യത്തിൽ അവനെ ഉറപ്പിക്കയും നന്മക്കു അവനിലേക്കുള്ള പ്രവേശം തീരെത്തടയത്തക്കവണ്ണം അവനെ കഠിനപ്പെടുത്തുകയും മാത്രമേ ചെയ്യുകയുള്ളു.

യേശുവിൻെറ കോപവും, ഒരു മനുഷ്യനിലുള്ള നന്മയുടെ ആരംഭം കണ്ടുപിടിച്ചു അതിനെ അഭിനന്ദിക്കുന്നതിനുള്ള അവൻെറ ആഗ്രഹവും തുല്യമാകുന്നു. മററുള്ളവരിലുള്ള നന്മയെ കാണുന്നവരായി യേശുവിനെപ്പോലെ ആരുമില്ലായിരുന്നു. അസ്ഥിരനും ഉപരിപ്ലവബുദ്ധിയുമായിരുന്ന പത്രൊസിൽ അവൻ സ്വപ്നത്തിൽപോലും വിചാരിക്കാത്ത ശോഭാപരിപൂർണ്ണമായ ഒരു ഭാവിയെ യേശു സമീക്ഷിച്ചിരുന്നു. ധനവാന്മാരായ യൂദന്മാർ ഭണ്ഡാരത്തിൽ അവരുടെ ധനത്തിൽനിന്നും കാണിക്കയിടുന്ന കൂട്ടത്തിൽ ലജ്ജയോടുകൂടിയെങ്കിലും തനിക്കുള്ള സർവ്വസ്വവുമാണല്ലൊ ഇടുന്നതു എന്നുള്ള ധൈര്യത്തോടുകൂടി രണ്ടു കാശിട്ട വിധവയെ യേശു കണ്ടു, അവളുടെ ഭക്തിയാൽ ആകർഷിക്കപ്പെട്ടു അവളെ അഭിനന്ദിച്ചിപ്രകാരം പറഞ്ഞു:—'ഭണ്ഡാരത്തിൽ ഇട്ട എല്ലാവരെക്കാളും ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു' (മർക്കൊ. 12: 41—44). 'വെറും ചെലവു' എന്നു പറയത്തക്കവണ്ണം മറിയ വളരെ പണം കൊടുത്തു ഒരു വിശിഷ്ടതൈലം വാങ്ങിച്ചു യേശുവിൻെറ തലയിൽ ഒഴിച്ചു തൻെറ അതിരററ നന്ദിയെ പ്രദർശിപ്പിച്ചപ്പോൾ മററുള്ളവർ അവളെ ശാസിച്ചതിനെ യേശു തടഞ്ഞു ഇപ്രകാരം പറഞ്ഞു:—'ഇവളെ വിടുവിൻ. അവൾ തന്നാൽ ആവതു ചെയ്തു.' (മർക്കൊ. 14: 3—9). ശുശ്രൂഷ ചെയ്യുന്നതിനുള്ള എല്ലാ ശ്രമങ്ങളേയും അഭിനന്ദിച്ചു യേശു പറയുന്നതു ഇപ്രകാരമാണു്:—'ഒരു പാനപാത്രം തണ്ണീർമാത്രം കുടിപ്പാൻ കൊടുക്കുന്നവനു പ്രതിഫലം കിട്ടാതെപോകയില്ല' (മത്താ. 10: 42). രണ്ടു താലന്തേ ഉണ്ടായിരുന്നുള്ളുവെങ്കിലും അവയെ ശരിയായി ഉപയോഗിച്ചവനെ പത്തു താലന്തുകൊണ്ടു വ്യാപാരം ചെയ്തവനോടൊപ്പം യേശു അനുമോദിച്ചു (മത്താ. 24 14, 23). ദീനക്കാരോടും, തടവിലിരിക്കുന്നവരോടും, നഗ്നരോടും വിശപ്പുള്ളവരോടും ദയ കാണിച്ചവർ തങ്ങളുടെ ശുശ്രൂഷകൾ തുച്ഛമായിരുന്നതിനാൽ മറന്നുപോയിരുന്നു എങ്കിലും

ന്യായവിസ്താരദിവസത്തിൽ അവ ഓൎക്കപ്പെടുന്നു (മത്താ. 25: 37—40). തന്നെ പിന്തുടരാൻ തക്ക ശുഷ്കാന്തിയില്ലാതിരുന്ന യൌവ്വനക്കാരെയും താൻ അഭിനന്ദിച്ചു (മൎക്കൊ. 10: 17—22). തന്നോടുകൂടെ ഉണൎന്നിരിക്കാതിരുന്ന ശിഷ്യന്മാൎക്കു അദ്ദേഹം ഒഴികഴിവു കാണുന്നു (മത്താ. 26: 36—41). തന്നെ ക്രൂശിച്ചവരുടെ ക്രൂരകൃത്യം അറിവുകേടുകൊണ്ടു വന്നതാണെന്നു പറയുന്നു (ലൂക്കൊ. 23: 34). തീരെ നിഷിദ്ധരായവരെ കുറിച്ചും തനിക്കാശയുണ്ടായിരുന്നു (ലൂക്കൊ. 15: 11). ഒരുത്തൻ തന്റെ പാപത്തെക്കുറിച്ചു ദുഃഖിച്ചാൽ മാത്രംമതി, യേശുവിനു ആശയും സന്തോഷവും ഉണ്ടായിക്കഴിഞ്ഞു (ലൂക്കൊ. 19: 8, 9). അനുതാപത്തിന്റെ ഏതെങ്കിലും ലക്ഷ്യമൊ, നന്മയുടെ ചെറിയ മുളയൊ കണ്ടാൽമതി, യേശു അപ്പോൾ അഭിനന്ദനവും പ്രോത്സാഹനവുംകൊണ്ടു എത്തിക്കഴിഞ്ഞു. യേശു തന്നെ പറയുന്നതു്:—'മുടിയൻപുത്രൻ ദൂരത്തു വന്നപ്പോൾ തന്നെ അവന്റെ അപ്പൻ ഓടിയെത്തി അവന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു' (ലൂക്കൊ. 15: 20). ഗുരുവിന്റെ ഈ സ്വഭാവത്തെ വെളിപ്പെടുത്തുന്ന ഒരു പേഷ്യൻ കഥ ഡോക്ടർ റോബിൻസൻ പറഞ്ഞിരിക്കുന്നു. 'യേശു ഒരു ദിവസം വൈകുന്നേരം ഒരു പട്ടണവാതിൽക്കൽ എത്തി അത്താഴം ഒരുക്കുന്നതിനായി ശിഷ്യന്മാരെ മുമ്പെ അയച്ചിട്ടു താൻ നന്മചെയ്യുന്നതിനുള്ള ആഗ്രഹത്തോടുകൂടി തെരുവീഥികളിൽ കൂടി നടന്നു ചന്തസ്ഥലത്തെത്തി. അതിന്റെ ഒരു കോണിൽ ആളുകൾ കൂടിനില്ക്കുന്നതു കണ്ടു അങ്ങോട്ടുചെന്നു. കഴുത്തിൽ കയറുകെട്ടി ചെളിയിൽ കൂടി വലിച്ചുകൊണ്ടുവന്ന ഒരു ചത്ത പട്ടിയുടെ ചുറ്റും അവർ കൂടിനില്ക്കുകയായിരുന്നു. മനുഷ്യക്കണ്ണുകൾക്കു് ഇതിനെക്കാൾ നിഷിദ്ധമായി ഒരു സാധനവുമുണ്ടായിരിക്കയില്ല. അവരിൽ ഒരാൾ മൂക്കു പൊത്തിക്കൊണ്ടു, 'കഷ്ടം! ഇതു വായു ദുഷിപ്പിക്കുന്നുവല്ലോ' എന്നു പറഞ്ഞു. 'ഇതു എത്രനേരം കണ്ടുകൊണ്ടിരിക്കണം?' എന്നു വേറൊരാൾ

പറഞ്ഞു. 'അതിൻെറ തുകൽ മുഴുവനും കീറിപ്പറിഞ്ഞല്ലൊ. ഒരു ചെരിപ്പിനു വേണ്ട തുകൽ കിട്ടുകയില്ലല്ലൊ' എന്നു മൂന്നാമത്തൊരാളും, 'അതിൻെറ ചെവിയെം, ഉരഞ്ഞുകീറി ചോര ഒലിച്ചിരിക്കുന്നല്ലൊ' എന്നു നാലാമത്തൊരുവനും പറഞ്ഞു. 'തീർച്ചയായും മോഷണത്തിനു ആരെം തല്ലിക്കൊന്നതായിരിക്കണം' എന്നു അഞ്ചാമത്തൊരുത്തൻ പറഞ്ഞു. ഇതെല്ലാം കേട്ടുകൊണ്ടു് യേശു അനുകമ്പയോടുകൂടി ആ ജന്തുവിനെ നോക്കിയിട്ടു, 'മുത്തുകൾക്കും അതിൻെറ പല്ലുകളോടൊപ്പം വെണ്മയില്ലല്ലോ' എന്നു പറഞ്ഞു. 'പന്നപ്പട്ടിയിൽ വിശേഷം കാണുന്നതാരപ്പാ? നസറായനായ യേശുവല്ലാതെ മററാരുമായിരിക്കയില്ല' എന്നു പറഞ്ഞു അവർ തിരിഞ്ഞുനോക്കിയപ്പോൾ യേശുവിനെ കാണുകയും ലജ്ജയോടുകൂടി തലതാഴ്ത്തി പിരിഞ്ഞുപോകയും ചെയ്തു.'

മനുഷ്യരിൽ നല്ലതായുള്ളതിനെ യേശു അഭിനന്ദിക്കുന്നതുകൊണ്ടു അവരെ ധൈര്യപ്പെടുത്തുവാൻ തനിക്കു എങ്ങനെയാണു കഴിയുന്നതു് എന്നു നമുക്കു മനസ്സിലാകുന്നു. ഇതില്ലായിരുന്നെങ്കിൽ യേശു ലോകത്തിൽ ഉണ്ടായിട്ടുള്ള എല്ലാവരെക്കാളും അധികം അധൈര്യപ്പെടുത്തുന്ന ആളായിരിക്കുമായിരുന്നു. താൻ കറയില്ലാത്ത പൂർണ്ണത പ്രാപിച്ചിരിക്കുന്നു. തൻെറ ഉപദേശത്തിൻെറ ഔന്നത്യംകൊണ്ടു ബാഹ്യാചാരങ്ങൾ മാത്രം അല്ല, ആന്തരികസ്വഭാവത്തെയും ആവശ്യപ്പെടുന്നു. പരമാർത്ഥമില്ലായ്മ, സ്വാർത്ഥത, നിഗളം ഇവയെ താൻ കഠിനമായി ശാസിക്കുന്നതുകൊണ്ടു നമ്മെ അധൈര്യപ്പെടുത്തുകകൂടി ചെയ്യുന്നു. എന്നാൽ ഒരു മനുഷ്യൻെറ ജീവിതം ശരിയാകുന്നതിനുള്ള ആരംഭംതന്നെ കാണുമ്പോൾ അഭിനന്ദിക്കുക, തീഷ്ണതയുള്ള മനസ്സുണ്ടെങ്കിൽ അതിനെ പ്രവൃത്തിപോലെതന്നെ അംഗീകരിക്കു, ഇതരന്മാർക്കു ആശയില്ലാതിരിക്കുന്ന സ്ഥാനങ്ങളിലും പുതിയ ഒരു ജീവിതം ഉണ്ടാകാനിടയുള്ളതായി കാണുക, ഇവയാൽ മനുഷ്യരെ ധൈര്യപ്പെടുത്തുന്നതിനാൽ യേശു പ്ര

ശോഭിക്കുന്നു. മനുഷ്യൎക്ക എന്തുണ്ടു, അവർ എന്തു ചെയ്യുന്നു. അവർ എന്താകുന്നു എന്നുള്ളതുകൊണ്ടല്ല യേശു മനുഷ്യരെ വിധിക്കുന്നതു, അവർ എന്തായിത്തീരാം എന്നതുകൊണ്ടാണു്. അഭിനന്ദനംകൊണ്ടു യേശു മനുഷ്യനിലുള്ള നന്മയെ വെളിയിൽ വരുത്തുകയും 'നന്നായി' എന്നു ഒടുവിൽ ദൈവം പറവാൻ അനുഗ്രഹിക്കുന്നു എന്നു താൻ അറിയുന്നതു ഇപ്പോൾ തന്നെ പ്രസ്താവിക്കുകയും ചെയ്യുന്നു.

യേശുവിന്റെ ഈ അഭിനന്ദനമാണു് തന്റെ കോപത്തിനു മൂർച്ചകൂട്ടുന്നതു്. ഒരു മനുഷ്യനിൽ സ്നേഹിക്കത്തക്കതായി വല്ലതുമുണ്ടോ എന്നു ഗാഢമായി അന്വേഷിച്ചതിന്റെ ശേഷമാണു് യേശു തന്റെ ശാസനയെ അയയ്ക്കുന്നതു്. പത്രൊസിനെ കഠിനമായി താൻ ശാസിക്കുന്നു (മൎക്കൊ. 8: 31—33). എന്നാൽ തന്നിലുള്ള നന്മയെ ഗുരു അഭിനന്ദിച്ചതിന്റെശേഷമാണു് തന്നെ ശാസിച്ചതു എന്നോൎത്തു പത്രൊസു യേശുവിനെ അധികം സ്നേഹിക്കുന്നതേയുള്ളു. യേശുവിന്റെ കോപം ചെല്ലുന്നതു നിഗളത്തോടും അനുതാപമില്ലായ്മയോടും കൂടിയ ദുഷ്ടതയുടെ നേൎക്കാണു്. വിധവയെ മടിച്ചു അവളുടെ വസ്തുക്കളെ അനുഭവിക്കുന്ന ക്രൂരന്മാരെ അവൻ മർദ്ദിക്കുന്നു. സ്വാൎത്ഥപരമായ സുഖാനുഭോഗത്തിനു മറയായി ഭക്തിയെ സ്വീകരിച്ചിരിക്കുന്ന കപടഭക്തിക്കാരെയും, ഇതരന്മാരെപ്പോലെയല്ല തങ്ങൾ എന്നു ഓൎത്തു അതിനായി ദൈവത്തെ സ്തുതിക്കുന്ന നിഗളികളേയും, ദൈവാലയത്തിലെ ശുശ്രൂഷകൊണ്ടു ദുരാദായം എടുക്കുന്ന അഴിമതിക്കാരേയും അവൻ ശാസിക്കുന്നു. എന്നിരുന്നാലും അനുതാപത്തിന്റെ ആദ്യലക്ഷണം കാണുമ്പോൾതന്നെ യേശുവിന്റെ കോപം സഹതാപമായിട്ടും, സഹായിപ്പാനുള്ള അനുഗ്രഹമായിട്ടും മാറുന്നു. ഗുരുവിന്റെ കോപം കഠിനമായി പ്രവഹിക്കുന്ന മത്തായിയുടെ 23-ാംഅദ്ധ്യായം തന്നെയും അവസാനിക്കുന്നതു തന്റെ അത്ഭുതകരമായ സ്നേഹപ്രവാഹത്തോടുകൂടിയാണു്—'യെരുശലേമേ, യെ

രുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറികയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേൎക്കുംപോലെ നിന്റെ മക്കളെ ചേൎത്തുകൊൾവാൻ എനിക്ക എത്രവട്ടം മനസ്സായിരുന്നു. നിനക്കോ മനസ്സായില്ല!' കഠിനമായ കൊടുങ്കാററും മഴയും കഴിഞ്ഞു മഴവില്ല കാണുന്നതുപോലെ യേശുവിന്റെ കോപം സ്നേഹത്തിൽ അവസാനിക്കുന്നു. ദുഷ്ടതയെ കോപത്തോടുകൂടി ശാസിക്കുന്നതിന്റെ അവസാനത്തിലായിട്ടാണ് ഗുരുവരന്റെ കരുണാപൂൎണ്ണമായ ഈ വിലാപത്തെ ലൂക്കോസു ചേൎത്തിരിക്കുന്നതു (ലൂക്കൊ. 13: 31—34). ഗുരുവരന്റെ മഹാമനസ്കത അൎത്ഥവത്തായിത്തീരുന്നതു തന്റെ കോപം ഇത്ര അഗാധമായിരിക്കാവുന്നതുകൊണ്ടാണ്. തന്റെ കോപം ഇത്ര രൂക്ഷമായിരിക്കുന്നതു് കരുണയും അഭിനന്ദനവും നിറഞ്ഞ ഒരു ഹൃദയത്തിൽനിന്നും അതു പുറപ്പെടുന്നതുകൊണ്ടാണ്.

യേശുവിന്റെ കോപത്തിന്റെ പ്രധാന ലക്ഷണങ്ങൾ ഇവയാണ്. താൻ ദുഷ്ടതയെ കഠിനമായി വെറുത്തതു, അതു ദുഷിപ്പിക്കുന്ന ആത്മാക്കളെ താൻ സ്നേഹിച്ചതുകൊണ്ടാണ്. തന്റെ കോപം ഒരിക്കലും സ്വാൎത്ഥപരമായിരുന്നില്ല. തന്നോടു കാണിച്ച ദ്രോഹത്തിനു ഒരിക്കലെങ്കിലും യേശു ക്രുദ്ധനായിട്ടില്ല. ഒരു മനുഷ്യന്റെ ജീവിതത്തിൽ സ്തുത്യൎഹമായി വല്ലതും കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തിനു പിമ്പാണു തനിക്കു കോപമുണ്ടായിട്ടുള്ളതു്. അനുതാപത്തിന്റെ പ്രാരംഭലക്ഷണം പ്രത്യക്ഷമാകുന്നതോടുകൂടി കോപത്തിൽനിന്നും വിരമിക്കുന്നതിനു യേശു എപ്പോഴും സന്നദ്ധനായിരുന്നു. 'കോപം ആത്മാവിന്റെ ഒരു അവയവം ആകുന്നു. അതില്ലാത്തവന്റെ മനസ്സ് അംഗഹീനമാകുന്നു' എന്നുള്ള ഒരു വിജ്ഞാനിയുടെ അഭിപ്രായത്തെ ഈവിധമുള്ള കോപം വിശദമാക്കുന്നു

## അദ്ധ്യായം 7.

# നമ്മുടെ കർത്താവിന്റെ ഉദ്ദേശ്യസാദ്ധ്യത്തിലുള്ള ദൃഢ ഭക്തി.

### പ്രതിദിനപാഠങ്ങൾ

### നാലാം ആഴ്ച:—ഒന്നാം ദിവസം

മത്താ. 7: 21—25. എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തുപറയും. ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാററു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാററു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു വീണു, അതിന്റെ വീഴ്ച വലുതായിരുന്നു.

നമ്മുടെ കർത്താവു തന്നെ 'കർത്താവേ, കർത്താവേ' എന്നു വിളിച്ചവരിൽ പ്രസാദിക്കയും അവരുടെ പ്രശംസനിമിത്തം സന്തുഷ്ടനാകയും ചെയ്തു എന്നു നിങ്ങൾ വല്ലപ്പോഴും വിചാരിച്ചിട്ടുണ്ടോ? ഇങ്ങനെയുള്ള പ്രസാദവും സന്തുഷ്ടിയും സുബുദ്ധിയുള്ള ഏവനും അയോഗ്യമായിരിക്കും. നമ്മുടെ കർത്താവിൽ അതു അസംഭവ്യവും ആകുന്നു എന്നു പറയണമോ?

ശിഷ്യന്മാർ തങ്ങളുടെ പാഠങ്ങൾ പഠിക്കുന്നതിന്നു പക രം തന്നെപ്രശംസിക്കുന്നതുകൊണ്ടു തൃപ്തനാകുന്ന ഒരു ആ ളിനെ നല്ല അദ്ധ്യാപകനെന്നു ആരെങ്കിലും പറയുമോ? ഇന്നത്തെ പാഠം പ്രമാണമാക്കിക്കൊണ്ടു നിങ്ങളുടെ ക്രിസ്തീയ ജീവിതത്തെ പരിശോധിക്കുക; യേശുക്രിസ്തുവിനെ കൎത്താ വേ എന്നു വിളിക്കുന്നതു ധൎമ്മാനുഷ്ഠാനമാണെന്നും കൎത്താവേ, കൎത്താവേ, എന്നു വിളിക്കുന്നതു ഭക്തിയാണെന്നും ആരോ ഒരി ക്കൽ പറഞ്ഞു. എന്നാൽ കൎത്താവിന്റെ ഉദ്ദേശ്യസാദ്ധ്യത്തി നായി ദൃഢഭക്തിയോടെ സഹകരിക്കാതെ ഇരുന്നാൽ അതു അവനെ ഒരിക്കലും തൃപ്തിപ്പെടുത്തുകയില്ല.

---

## നാലാം ആഴ്ച:—രണ്ടാംദിവസം

മത്താ. 12: 47—50. ഒരുത്തൻ അവനോടു: നിന്റെ അ മ്മയും സഹോദരന്മാരും നിന്നോടു സംസാരിപ്പാൻ ആഗ്രഹിച്ചു പുറത്തു നിൽക്കുന്നു എന്നു പറഞ്ഞു. അതു പറഞ്ഞവനോടു അ വൻ: എന്റെ അമ്മ ആർ, എന്റെ സഹോദരന്മാർ ആർ എന്നു ചോദിച്ചു. ശിഷ്യന്മാരുടെ നേരെ കൈ നീട്ടി: ഇതാ, എ ന്റെ അമ്മയും എന്റെ സഹോദരന്മാരും. സ്വൎഗ്ഗസ്ഥനായ എ ന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദര നും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു.

ഈ പാഠത്തിൽ, അവരവരെ സംബന്ധിച്ചു ദൈവത്തി ന്റെ ഇഷ്ടം ഏതോ അതു ചെയ്യുന്നവൻ മാത്രമേ തന്റെ കുടും ബത്തിൽ പെടുകയുള്ളു എന്നു നമ്മുടെ കൎത്താവു പറയുന്നു. എ ല്ലാ സംഗതികളും ഇന്നപ്രകാരം നടക്കണം എന്നു ദൈവത്തി ന്നു ഒരു ഇഷ്ടം ഉണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നുവല്ലൊ. എന്നാൽ നിങ്ങൾ ഓരോരുത്തന്റെയും ജീവിതം ഇന്നതായി രിക്കേണമെന്നും ദൈവത്തിന്നു ഒരു ഇഷ്ടം ഉണ്ടെന്നുള്ള സംഗ തിയെപ്പററി നിങ്ങൾ ഗാഢമായി ആലോചിച്ചിട്ടുണ്ടോ? മുഴു വൻ യന്ത്രം ശരിയായി നടക്കണമെങ്കിൽ അതിന്റെ ഓരോ

ഭാഗവും അതതിന്റെ ജോലി ശരിയായി ചെയ്യണം. ലോകത്തെ മുഴുവനും സംബന്ധിച്ചു ദൈവത്തിന്നു ഒരു ഇഷ്ടം ഉണ്ടെങ്കിൽ ലോകത്തിന്റെ അംഗങ്ങളായ നിങ്ങളുടെ ജീവിതത്തെ സംബന്ധിച്ചും ഒരു ഇഷ്ടം ഉണ്ടായിരിക്കാതെ നിവൃത്തിയില്ല. കച്ചവടക്കപ്പലുകളിലെയും കേവുകപ്പലുകളിലെയും കപ്പിത്താന്മാർ അവരുടെ കപ്പലുകൾ പോകേണ്ട വഴി മുൻനിശ്ചയിക്കപ്പെട്ടിട്ടുള്ളതു അറിഞ്ഞു ആ വഴിയെതന്നെ സഞ്ചരിക്കും. ഉല്ലാസത്തിന്നായി സഞ്ചരിക്കുന്ന കപ്പലിന്റെ കപ്പിത്താന്മാർ അവക്കു തൽക്കാലം തോന്നുന്ന വഴിയെ കപ്പൽ വിടും. ഇങ്ങനെ മനുഷ്യർ ഓരോരുത്തക്കും ദൈവം മുൻനിശ്ചയിച്ചിട്ടുള്ള ഒരു വഴിയും അവക്കു യഥേഷ്ടം സഞ്ചരിക്കാവുന്ന ഒരു വഴിയും ഉണ്ടു്. നിങ്ങളുടെ ജീവിതത്തിനു ഏതു വഴിയാണു നിങ്ങൾ സ്വീകരിച്ചിട്ടുള്ളതു്?

---

## നാലാംആഴ്ച:-മൂന്നാംദിവസം,

യോഹ. 4: 31—34. അതിന്നിടയിൽ ശിഷ്യന്മാർ അവനോടു: റബ്ബീ, ഭക്ഷിച്ചാലും എന്നു അപേക്ഷിച്ചു. അതിന്നു അവൻ: നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കു ഉണ്ടു് എന്നു അവരോടു പറഞ്ഞു. ആകയാൽ വല്ലവനും അവന്നു ഭക്ഷിപ്പാൻ കൊണ്ടുവന്നുവോ എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞു. യേശു അവരോടു പറഞ്ഞതു്: എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതുതന്നെ എന്റെ ആഹാരം.

യോഹ. 7: 17. അവന്റെ ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിച്ചതോ എന്നു അറിയും.

നമ്മുടെ കർത്താവു തന്നെ സംബന്ധിച്ച ദൈവത്തിന്റെ ഇഷ്ടം എന്താണെന്നറിയുവാനും അതിൻപ്രകാരം പ്രവൃത്തിപ്പാനും സദാ ജാഗരൂകനായിരുന്നു. ഇങ്ങനെയുള്ള ആത്മാവു

നിങ്ങൾക്കുണ്ടോ? ഒരു മനുഷ്യൻ തന്റെ ജീവിതംകൊണ്ടു എന്തു ചെയ്യണമെന്നാകുന്ന ദൈവത്തിന്റെ ഇഷ്ടം എന്നറിയുന്നതു എങ്ങനെ എന്നു ആലോചിക്കുക.

ദൈവത്തിന്റെ ഇഷ്ടം ചെയ്വാൻ അവൻ ഒരുക്കമുള്ളവനായിരിക്കണം. ദൈവത്തിന്റെ ഇഷ്ടം എന്താണെന്നു അറിവുള്ളിടത്തോളം അതിൽ ദൃഢഭക്തിയുള്ളവനായിരിക്കണം. 'ദൈവമേ, ഞാൻ എന്തു ചെയ്യണമെന്നാകുന്ന നിന്റെ ഇഷ്ടം' എന്നു വല്ലപ്പോഴും അല്ല, സദാ ചോദിച്ചുകൊണ്ടിരിക്കുന്നതു അഭ്യാസമാക്കണം. ദൈവത്തിന്റെ ഇഷ്ടം താൻ അനുഷ്ഠിക്കേണ്ടതു ഇന്നതാണെന്നു തനിക്കു തോന്നുന്നതു നമ്മുടെ കർത്താവിന്റെ പ്രമാണങ്ങളെ ആധാരമാക്കി പരിശോധിക്കണം. അവൻ തന്റെ മനസ്സാക്ഷിക്കും ബുദ്ധിശക്തിക്കും, അവമൂലം ദൈവം തന്നോടു സംസാരിക്കാറാകുന്നതുവരെ, പ്രാർത്ഥനയാൽ പാകത വരുത്തേണം. നിങ്ങളുടെ ജീവിതം ഇതിനു അനുരൂപമോ?

---

## നാലാം ആഴ്ച:—നാലാം ദിവസം

മത്താ. 4: 17, 23. അന്നുമുതൽ യേശു: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പ്രസംഗിച്ചുതുടങ്ങി.

പിന്നെ യേശു ഗലീലയിൽ ഒക്കെയും ചുററിസഞ്ചരിച്ചുകൊണ്ടു അവരുടെ പള്ളികളിൽ ഉപദേശിക്കയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കയും ജനത്തിലുള്ള സകല ദീനത്തെയും വ്യാധിയെയും സൌഖ്യമാക്കുകയും ചെയ്തു.

മത്താ. 6: 9, 10; നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ.

നമ്മുടെ കത്താവിനെ ഒരു മാഹാത്മ്യമേറിയ ആശയഭക്തനായി വിചാരിക്കുക. ഇങ്ങനെയുള്ള ആശയഭക്തി എല്ലാ മഹാത്മാക്കളുടെയും സ്വഭാവത്തിന്റെ ഒരു വിശേഷം ആകുന്നു. ലിവിംഗ്സ്റ്റൺ, ലൂഥർ, ഫ്ളോറൻസ് നൈററിംഗേൽ, ലിങ്കൺ മുതലായവരെ നോക്കുക. ഏതെങ്കിലും ഒരു ആശയസ്ഥാപനത്തിനായി ദൃഢഭക്തിയോടെ പ്രവത്തിക്കാത്ത ഒരുവനും, തന്നെക്കാൾ തന്റെ ആശയം വലിയതായി വിചാരിക്കാത്ത ഒരുവനും, മഹാനായിരുന്നിട്ടില്ല. നമ്മുടെ കത്താവിന്റെ ആശയം ലോകത്തിൽ ദൈവരാജ്യം ഏപ്പെടുത്തി, മനുഷ്യരുടെ സ്വന്ത ജീവിതത്തിലും സമുദായജീവിതത്തിലും നീതി സ്ഥാപിക്കയായിരുന്നു. ഇതിനായി കത്താവു ജീവിച്ചു, ഇതിനായി പ്രാത്ഥിച്ചു, ഇതിനായി കഷ്ടം സഹിച്ചു, ഇതിനായി തന്റെ ജീവനെയും കൊടുത്തു എന്നുള്ള സംഗതി ആലോചിക്കുക. നമ്മുടെ കത്താവിന്റെ ഈ ആശയത്തിനു നിങ്ങൾ ദൃഢഭക്തിയുള്ളവരോ? എന്തു സംഭവിച്ചാലും നിങ്ങളുടെ ഭക്തിക്കു ഭംഗം ഉണ്ടാകയില്ലെന്നു പൂണ്ണമായി വിശ്വസിക്കാമോ?

---

## നാലാം ആഴ്ച:—അഞ്ചാം ദിവസം

മത്താ. 5:13—16. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെപോയാൽ അതിന്നു എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാനല്ലാതെ മറെറാന്നിന്നും പിന്നെ കൊള്ളുന്നതല്ല. നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു, മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻ കീഴെയല്ല തണ്ടിന്മേലത്രെ വെക്കുന്നതു, അപ്പോൾ അതു വീട്ടിലുള്ള എല്ലാവക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.

തൻെറ ശിഷ്യന്മാർ ഓരോ വെറും 'ആളുകൾ' അല്ല എന്നു ഇവിടെ നമ്മുടെ കർത്താവു പറയുന്നു. അവർ ഓരോരുത്തരും തൻെറ പ്രതിനിധികളും തൻെറ മഹാശയത്തിൻെറ സൂക്ഷിപ്പുകാരും ആകുന്നു. അവൻെറ ബഹുമാനവും സൽക്കീർത്തിയും വിജയവും അവരെ ആശ്രയിച്ചിരിക്കുന്നു. ഓരോരുത്തനും തന്നിലും മഹാത്മ്യമേറിയ ഒരു ആശയത്തിൻെറ പ്രതിനിധിയായിരിപ്പാൻ ശക്തിയുണ്ടെന്നു ഓർമ്മിക്കുക. ആ ആശയം സംബന്ധിച്ചാണു് നാം അവരെ സ്മരിക്കുന്നതു്. സംഗീതത്തെപ്പററി വിചാരിക്കാതെ ബീതോവനെ (യൂറോപ്പിലെ ഒരു വിശ്രുതനായ ഗായകൻ) സ്മരിക്കാൻ കഴിയുമോ? ഏബ്രഹാംലിങ്കനെപ്പററി വിചാരിക്കുമ്പോൾ അവൻെറ പ്രയത്നത്താൽ കാപ്പിരി അടിമകൾക്കു ലഭിച്ച സ്വാതന്ത്ര്യം ഓർമ്മയിൽ വരാതിരിക്കുമോ? നമ്മുടെ കർത്താവിനെ സ്മരിക്കുമ്പോൾ ലോകത്തിൽ ദൈവരാജ്യത്തിൻെറയും നീതിയുടെയും പ്രചരണം മനസ്സിൽ വരാതിരിക്കുമോ? നിങ്ങളെ നിങ്ങളുടെ സ്നേഹിതന്മാർ സ്മരിക്കുമ്പോൾ ഏതു ആശയമാണു അവരുടെ ഓർമ്മയിൽ വരുന്നതു? നിങ്ങളുടെ ദേശത്തും നിങ്ങളുടെ സമുദായത്തിലും എന്താശയത്തിൻെറ പ്രതിനിധികളായിട്ടാകുന്നു നിങ്ങൾ വർത്തിക്കുന്നതു?

---

## നാലാം ആഴ്ച:—ആറാം ദിവസം

മത്താ. 6: 24. രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല! അങ്ങനെ ചെയ്താൽ ഒരുത്തനെ പകച്ചു മററവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പററിച്ചേർന്നു മററവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല.

മത്താ. 12: 30. എനിക്കു അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലം ആകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു.

മത്താ. 6: 33. മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

നിങ്ങൾ ദൈവത്തിൻെറ ആശയത്തിൻെറയോ സാത്താൻെറ ആശയത്തിൻെറയോ പ്രാതിനിധ്യം വഹിക്കാതെ നിവൃത്തിയില്ലെന്നും രണ്ടിൻെറയും പ്രാതിനിധ്യം വഹിക്കാൻ ശ്രമിച്ചാൽ കലാശം ആപൽക്കരമാണെന്നും ഇന്നു ഗാഢമായി ചിന്തിക്ക. ഒരുവൻ പാപം ചെയ്യുമ്പോൾ ജീവനു നാശം വരുത്തുന്ന ശക്തികളുടെ സഖിയും പ്രതിനിധിയുമായിത്തീരുന്നു. വിഷയാസക്തി നിമിത്തം മനുഷ്യകുലത്തിനുണ്ടാകുന്ന ഭയങ്കരദോഷങ്ങളെപ്പററി ആലോചിക്കുക. എന്നിട്ടും ആ പാപത്തിൻെറ പ്രതിനിധിയായി ചമയുന്നതിൻെറ അൎത്ഥം എന്താണെന്നു ചിന്തിക്കുക. ചൂതുകളി, കപടം, കളവു മുതലായവയുടെയും ഫലം ഇങ്ങനെ ദോഷകരം അല്ലയോ? പാപം മനുഷ്യരുടെ നന്മയ്ക്കു വിഘാതം ആകുന്നു. പാപി ആ ആശയത്തിനു ശത്രുവായി തീരുന്നു. നീതി ലോകരക്ഷക്കു സഹായവും നീതിമാൻ ആ ആശയത്തിനു സഖാവും ആകുന്നു. ഇരുപക്ഷത്തിൻെറയും പ്രാതിനിധ്യം അന്ത്യത്തോളം വഹിക്കാൻ ആൎക്കും കഴികയില്ല. നിങ്ങൾ ഏതിൻെറ പ്രാതിനിധ്യം വഹിക്കുന്നു?

---

## നാലാം ആഴ്ച:—ഏഴാം ദിവസം

മത്താ. 26: 36—46. അനന്തരം യേശു അവരുമായി ഗെത്ത്ശെമന എന്ന തോട്ടത്തിൽ വന്നു ശിഷ്യന്മാരോടു: ഞാൻ അവിടെ പോയി പ്രാൎത്ഥിച്ചുവരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു, പത്രോസിനെയും സെബെദിപുത്രന്മാർ ഇരുവരെയും കൂട്ടിക്കൊണ്ടുചെന്നു ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി; എൻെറ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണൎന്നിരിപ്പിൻ എന്നു അ

വരോടു പറഞ്ഞു. പിന്നെ അവൻ അല്പം മുമ്പോട്ടുചെന്നു കവിണ്ണുവീണു: പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകേണമേ, എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു. പിന്നെ അവൻ ശിഷ്യന്മാരുടെ അടുക്കൽ വന്നു, അവർ ഉറങ്ങുന്നതു കണ്ടു, പത്രൊസിനോടു, എന്നോടുകൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ? പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ; ആത്മാവു ഒരുക്കമുള്ളതു്, ജഡമോ ബലഹീനമത്രേ എന്നു പറഞ്ഞു രണ്ടാമതും പോയി: പിതാവേ, ഞാൻ കുടിക്കാതെ ഇതു നീങ്ങിക്കൂടാ എങ്കിൽ, നിന്റെ ഇഷ്ടം ആകട്ടെ എന്നു പ്രാർത്ഥിച്ചു. അനന്തരം അവൻ വന്നു, അവർ കണ്ണിന്നു ഭാരം ഏറുകയാൽ പിന്നെയും ഉറങ്ങുന്നതു കണ്ടു. അവരെ വിട്ടു മൂന്നാമതും പോയി ആ വചനം തന്നെ ചൊല്ലിപ്രാർത്ഥിച്ചു. പിന്നെ ശിഷ്യന്മാരുടെ അടുക്കൽ വന്നു: ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ; നാഴിക അടുത്തു; മനുഷ്യപുത്രൻ പാപികളുടെ കയ്യിൽ ഏല്പിക്കപ്പെടുന്നു; എഴുന്നേല്പിൻ നാം പോക; ഇതാ എന്നെ കാണിച്ചുകൊടുക്കുന്നവൻ അടുത്തിരിക്കുന്നു എന്നു പറഞ്ഞു.

ദൃഢഭക്തി എല്ലായ്പോഴും നഷ്ടം വരുത്തും. തിന്മയിൽ ദൃഢഭക്തിയോടിരിക്കുന്നതിന്റെ പരിണാമം ഭയങ്കരമാകുന്നു. എങ്കിലും ദൈവേഷ്ടത്തിന്നു അനുകൂലമായി പ്രവൎത്തിക്കുന്നതിനാലും ചിലപ്പോൾ വലിയ നഷ്ടം സഹിക്കേണ്ടിവരും. ദൈവഭക്തി നിമിത്തം ഉണ്ടാകാവുന്ന നഷ്ടം സഹിക്കാൻ നിങ്ങൾക്കു ഒരുക്കമുണ്ടോ? ഇല്ലെങ്കിൽ ഇന്നത്തെ പാഠം വായിച്ചിട്ടു യേശുക്രിസ്തുവിനെ കൎത്താവെന്നും ഗുരുവെന്നും വിളിക്കുന്നതിൽ വല്ല അൎത്ഥവും ഉണ്ടോ എന്നു ആലോചിക്കുക. ദൈവേഷ്ടം അനുസരിക്കുന്നതിനാൽ ഉണ്ടാകാവുന്ന നഷ്ടം ഭയന്നു നിങ്ങൾ ദൈവേഷ്ടപ്രകാരം പ്രവൎത്തിക്കാതിരുന്നിട്ടുള്ള അവസരങ്ങൾ സ്മരിക്കുക.

## അദ്ധ്യായം 8.

### നാലാം ആഴ്ചയിലെ വിമർശനവീഥി

## നമ്മുടെ കർത്താവിൻെറ ഉദ്ദേശ്യസാദ്ധ്യത്തിലുള്ള ദൃഢഭക്തി

യേശുവിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വാദപ്രതിവാദവിഷയമാക്കുന്നതും യേശുവിനെത്തന്നെ നേരിടുന്നതും തമ്മിലുള്ള വ്യത്യാസം ആററിലെ ഒഴുക്കിൽ ഒരുവൻ അകപ്പെടുന്നതും ഒഴുക്കിനെക്കുറിച്ചു വാദപ്രതിവാദം ചെയ്യുന്നതും പോലെ ആകുന്നു. ഒന്നു ചിന്താപരവും മറേറതു കർമ്മപരവും ആകുന്നു. ഒന്നിനു ആലോചിച്ചു യുക്തി കണ്ടുപിടിക്കേണ്ടതും മററതിനു് എന്തെങ്കിലും ഉടനെ പ്രവത്തിക്കേണ്ടതും ആകുന്നു. യേശുവിനെക്കുറിച്ചുള്ള വാദപ്രതിവാദങ്ങളിൽനിന്നും തിരിഞ്ഞു സുവിശേഷങ്ങളിൽ യേശുവിനെത്തന്നെ അഭിമുഖമായി കാണുന്ന ഒരുവനു് ഈ വ്യത്യാസം അനുഭവമാകുന്നു. യേശു ഏതു സംഗതികൾക്കായി നില്ക്കുന്നുവോ അവയെ കൈവിട്ടു, യേശുവിനെക്കുറിച്ചു ഉത്തമമായ അഭിപ്രായങ്ങൾ മാത്രം വെച്ചുകൊണ്ടിരിക്കുന്നവരെ വഹിക്കാൻ സാധിക്കാത്തതായിട്ടു കാണുന്നു. "എന്നെ കത്താവേ, കത്താവേ, എന്നു വിളിക്കുന്നവനല്ല, എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനത്രെ" (മത്താ. 7: 21) എന്നു കത്താവു വിളിച്ചുപറയുന്നു. തൻെറ ഉദ്ദേശ്യസാധ്യത്തിൽ ദൃഢഭക്തിയില്ലാതെ, തന്നെ സ്തുതിക്കമാത്രം ചെയ്യുവരെ താൻ ഒരിക്കലും സ്വീകരിച്ചില്ല. 'നല്ലഗുരു', 'ദൈവത്തിൽനിന്നും വന്ന ഉപദേഷ്ടാവു്', 'ഏലിയാ,' 'പ്രവാചകന്മാരിൽ ഒരുവൻ', 'മരിച്ചവരിൽനിന്നും പുനരുത്ഥാനം ചെയ്ത യോഹന്നാൻസ്നാപകൻ' എന്നെല്ലാം മനുഷ്യർ അവനെ വിളിച്ചു. ശിഷ്യന്മാർ തന്നെ 'മശിഹാ' എന്നും 'കത്താവു്' എന്നും വിളിച്ചു. എന്നാൽ അവരോടെല്ലാം, തൻെറ ഉദ്ദേശസാധ്യത്തിൽ ദൃഢഭക്തിയില്ലാതെ, തന്നെക്കുറിച്ചു അ

പൂർണ്ണമൊ അഥവാ, ശരിയോ ആയ അഭിപ്രായംതന്നെ ഉണ്ടായിരുന്നാലും നിഷ്പ്രയോജനം എന്നു് അദ്ദേഹം നിർബന്ധമായി പറഞ്ഞു. ടെന്നിസൻ (Tennyson) എന്ന മഹാകവിക്കു് 'കവിരാജ്' (Poet-Laureate) സ്ഥാനം കൊടുത്ത അന്നത്തെ പ്രധാനമന്ത്രി പറഞ്ഞതു് തന്റെ ഈ പ്രവൃത്തി ഔദ്യോഗികനിലയിലുള്ള ഒന്നുമാത്രമാണെന്നും, താൻ അദ്ദേഹത്തിന്റെ കവിത ഒട്ടും തന്നെ വായിച്ചിട്ടില്ലെന്നും, മഹാകവിക്കു ഈ സ്ഥാനം കൊടുത്തതു് അദ്ദേഹത്തിന്റെ കവിതയുടെ ശ്രേഷ്ഠതയെക്കുറിച്ചുള്ള മതിപ്പിനെ കാണിക്കുന്നതിനല്ലെന്നും അത്രെ: യേശുവിനെക്കുറിച്ചുള്ള പലരുടേയും മതിപ്പും ഇതുപോലെ ഔദ്യോഗികനിലയിലുള്ളതത്രേ! പീലാത്തോസു തന്നെ 'രാജാവു്' എന്നു് സൂചിപ്പിച്ചു പറഞ്ഞതിനെക്കാൾ ക്രൂരതലായ വില തന്നെക്കുറിച്ചു മനുഷ്യർ പുകഴ്ത്തിപ്പറയുന്നതിനു് കല്പിക്കേണ്ടതില്ല. 'ഇതു് നീ സ്വയമായി പറയുന്നതൊ മററുള്ളവർ എന്നെക്കുറിച്ചു നിന്നോടു പറഞ്ഞിട്ടോ' എന്നു യേശു പീലാത്തോസിനോടു ചോദിച്ചു (യോഹ. 18: 34). ഇതരന്മാരുടെ ചിന്താഫലമായിട്ടുള്ള സ്തുതിവാചകങ്ങൾ നമ്മുടെ ഗുരു സ്വീകരിക്കുന്നില്ല. മനുഷ്യർ തന്നെത്താൻ തന്റെ ഉദ്ദേശ്യസാധ്യത്തിൽ ദൃഢഭക്തിയുള്ളവരായിരിക്കണമെന്നു് നിർബന്ധമായി കല്പിച്ചു.

യേശുവിന്റെ ഈ മനോഭാവത്തിന്റെ കാരണം കാണുന്നതിനു അദ്ദേഹത്തിന്റെ സ്വഭാവത്തിലേക്കു നോക്കണം. താൻതന്നെ ഉദ്ദേശ്യസാധ്യത്തിൽ ദൃഢഭക്തിയുള്ളവനായിരുന്നു. രാജ്യത്തിന്റെ നടുവിൽക്കൂടി ഒഴുകുന്ന ഒരു നദി എല്ലാവശത്തുനിന്നും പോഷകനദികളെ സ്വീകരിക്കുന്നതുപോലെ യേശുവിന്റെ ജീവിതത്തിൽ കേന്ദ്രസ്ഥാനം വഹിച്ചിരുന്ന ഈ പ്രതിജ്ഞാസ്ഥിതി മറെറല്ലാററിനേയും ഇതിനു പോഷകമാർഗ്ഗമാക്കിയിരുന്നു. പരാക്രമശാലിയായിരുന്ന ഹാനിബൽ ഒമ്പതു വയസ്സു മാത്രമുള്ള ബാലനായിരുന്നപ്പോൾ ദേവസന്നി

ധിയിൽവെച്ചു റോമിനോടുള്ള നിത്യശത്രുത്വം പ്രതിജ്ഞചെയ്തു. പ്രയാസങ്ങളോ കഷ്ടപ്പാടുകളോ അയാളെ മരിക്കുന്നതുവരെ അതിൽനിന്നും വ്യതിചലിപ്പിച്ചില്ല. ഇതിനെക്കാൾ ഉന്നതമായ ഒരു ലോകത്തിലും മഹനീയമായ വിധത്തിലും യേശുവിനും സുസ്ഥിരവും മടുക്കാത്തതും ആയ ദൃഢഭക്തിയുണ്ടായിരുന്നു. പന്ത്രണ്ടുവയസ്സുള്ളപ്പോൾ പിതാവിൻെറ കാര്യങ്ങൾക്കായി തന്നെ പ്രതിഷ്ഠിച്ചു കഴിഞ്ഞു (ലൂക്കൊ. 2: 49). തൻെറ ശുശ്രൂഷാകാലം മുഴുവനും ഈ ദൃഢനിശ്ചയം കാണാം, 'പകലുള്ളപ്പോൾ എന്നെ അയച്ചവൻെറ പ്രവൃത്തികളെ നാം ചെയ്യേണ്ടതാകുന്നു' (യോഹ. 9: 4). 'മററു പട്ടണങ്ങൾക്കും ഞാൻ രാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കേണ്ടതാകുന്നു' (ലൂക്കൊ. 4: 43); 'എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്യുന്നതുതന്നെ എൻെറ ഭക്ഷണം' (യോഹ. 4: 34). യെരുശലേമിൽ തനിക്കു സംഭവിപ്പാൻ പോകുന്നതു ഇന്നതു് എന്നു അറിഞ്ഞിട്ടും അങ്ങോട്ടുതന്നെ പോകുന്നതിനു് തൻെറ മുഖത്തെ സ്ഥിരനിശ്ചയത്തോടുകൂടി തിരിച്ചു. ഗദസീമനാരാമത്തിൽവെച്ചു അവസാനമായിട്ടു പിതാവിനോടുള്ള തൻെറകീഴ്‌വഴക്കവും ഭക്തിയും പ്രദർശിപ്പിച്ചു. 'എൻെറ ഇഷ്ടമല്ല, നിൻെറ ഇഷ്ടം തന്നെ നടക്കട്ടെ' കർത്താവിൻെറ മനസ്സിനേയും ഹൃദയത്തേയും, താൻ സത്യത്തെ വെളിപ്പെടുത്തിയതും തൻെറ സ്നേഹപ്രകടനവും, ഇതിൻെറയെല്ലാം മദ്ധ്യസ്ഥിതമായിരിക്കുന്ന തൻെറ മാർഗ്ഗത്തിലുള്ള ദൃഢനിശ്ചയവും ഭക്തിയും നാം അഭിനന്ദിക്കുന്നു. ഈ ദൃഢനിശ്ചയം തൻെറ ജീവിതത്തിൽ വീണ്ടും വീണ്ടും ആവർത്തിച്ചു കാണുന്ന ഒരു സംഗതിയാണു്. ആനന്ദത്തെ കാണിക്കുന്ന അത്ഭുതകരങ്ങളായ ഭാഗങ്ങളുണ്ടു്, കഷ്ടതയെക്കുറിച്ചുള്ള ഭയങ്കരഭാഗങ്ങളും നിസ്തുല്യങ്ങളായ ഉപദേശപരമ്പരകളും, ഹൃദയത്തെ ഇളക്കുന്നതായ സ്നേഹപ്രകടനങ്ങളും, ഇവയിലെല്ലാററിലും തൻെറ ജീവിതത്തിൻെറ അസ്ഥിവാരത്തിലും കാണുന്നതു തൻെറ ദൃഢനിശ്ചയമാണു്.

യേശുവിനു ഈ ദൃഢഭക്തിയുള്ളതായിട്ടും, മററുള്ളവക്കും ഈ ദൃഢഭക്"തി വേണമെന്നു നിർബന്ധിക്കുന്നതായിട്ടും, നാം ധരിക്കുന്നതു" അദ്ദേഹത്തെക്കുറിച്ചുള്ള ചില തെററിധാരണകൾ നീക്കുന്നതിനു സഹായിക്കുന്നു. യേശുവിനെ ഒരു സന്യാസിയെന്നു ചിലർ വിളിക്കുന്നു. അദ്ദേഹം മനുഷ്യക്കു സാധാരണമായുള്ള സന്തോഷത്തെ വെറുക്കയും തങ്ങളുടെ ആത്മരക്ഷക്കുവേണ്ടി മനുഷ്യരെ അവരുടെ കുടുംബങ്ങളിൽനിന്നും മററു സംബന്ധക്കാരിൽനിന്നും വേർപെടുത്തിക്കൊണ്ടുപോകയും ചെയ്യുന്നുപോലും! തൻെറപേക്കുവേണ്ടി അപ്പനേയും അമ്മയേയും വെറുക്കണമെന്നും ആത്മരക്ഷയെ നഷ്ടപ്പെടുത്തുന്നതിനെക്കാൾ കണ്ണു ചുഴന്നെടുത്തുകളകയോ, കൈ മുറിച്ചുകളകയോ ചെയ്യുന്നതാണു നല്ലതെന്നും അദ്ദേഹം പറഞ്ഞിട്ടില്ലയോ? (ലൂക്കൊ. 14: 26; മത്താ. 5: 29, 30). തനിക്കുള്ളതു സകലവും വിററു ദരിദ്രക്കു കൊടുപ്പാൻ അദ്ദേഹം ഒരു യൌവ്വനക്കാരനോടു ആജ്ഞാപിച്ചില്ലയോ? (മത്താ. 19: 21). അതുകൊണ്ടു യേശു ഒരു സന്യാസിയാണെന്നു മനുഷ്യർ പറയുന്നു.

ഇതിനു മറുപടിയായി ചില യഥാൎത്ഥ സംഗതികളെ താഴെ വിവരിക്കാം. താൻ ഒരു കല്യാണവിരുന്നിൽ സംബന്ധിച്ചിരുന്നു (യോഹ. 2: 11). ശത്രുക്കൾ തന്നെ 'തീന്നിയും കുടിയനുമായ മനുഷ്യൻ' (മത്താ. 11: 19) എന്നു വിളിച്ചു. തൻെറ ഉപദേശങ്ങളിൽ ഒരു വലിയ ഭാഗവും സ്നേഹിതന്മാരുടെ സൽക്കാരസ്ഥലങ്ങളിൽവെച്ചാണു" കൊടുത്തിട്ടുള്ളതു". പുഷ്പങ്ങൾ, പൈതങ്ങൾ, ശിഷ്യന്മാരുടെ കുടുംബജീവിതം ഇവയെ യേശു സ്നേഹിച്ചു. അദ്ദേഹത്തിൻെറ ആനന്ദത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളതെല്ലാം ഈ കുററാരോപണത്തെ തകക്കുന്നതാകുന്നു. തന്നോടുള്ള ഭക്"തിക്കു" തടസ്ഥമായി അമ്മയാകട്ടെ, അപ്പനാകട്ടെ, മക്കളാകട്ടെ, വീടാകട്ടെ, നിലങ്ങളാകട്ടെ നില്ക്കരുതെന്നു ആവശ്യപ്പെട്ടതു ശിഷ്യന്മാക്കു പ്രയാസമേറിയതും ത്യാഗപരവുമായ ഒരു ജീവിതം കാണിച്ചുകൊടുക്കുന്നതി

നായിരുന്നു. അല്ലാതെ ലോകത്തിൽനിന്നും മാറി സന്യാസി പരമായ ഒരു ജീവിതം നയിക്കുന്നതിനല്ലായിരുന്നു. ഗാരി ബാൾഡി സ്വരാജ്യസ്നേഹികളായ തൻെറ ചെറിയ കൂട്ട ത്തോടു ഇപ്രകാരം പറഞ്ഞു:—'ഞാൻ നിങ്ങൾക്കു ദീർഘവും ക്ലേശഭൂയിഷ്ഠവുമായ യാത്രകളും, ഭക്ഷണച്ചുരുക്കവും, രക്തം ചൊരിയുന്ന യുദ്ധങ്ങളും, മുറിവുകളും, തടവുകളും, മരണവും വാഗ്ദാനം ചെയ്യുന്നു. തൻെറ രാജ്യത്തെയോ ഭവനത്തെയോ സ്നേഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ.' ഇതുപോലെ യേശുക്രിസ്തു 'ആപൽക്കരമായ ഒരു യുദ്ധത്തിലേക്കു അവരെ വിളിക്കുകയാകുന്നു. ദൃഢഭക്തിയുള്ള ഒരു ഉദ്ദേശ്യസാദ്ധ്യമായിരുന്നു തനിക്കുണ്ടായിരുന്നത്'. തൻെറ ശബ്ദം ഒരു മഹാ നായകൻെറതാണ്; ഒരു സന്യാസിയുടേതല്ല. 'സഭാഭ്രഷ്ടിലും, ന്യായസഭകളുടെ മുമ്പിലുള്ള വിസ്താരത്തിലും, കുടുംബവും വസ്തുവകകളും നഷ്ടപ്പെടുന്നതിലും, രക്തസ്നാനത്തിലുംകൂടെ എന്നെ പിന്തുടരുക എന്നത്രെ താൻ പറയുന്നത്'.

ഗുരുവിനെ സന്യാസിയെന്നു വിളിച്ചവരുടെ എതിർവശത്തുള്ളവർ അവനെ ഒരു സുഖാനുഭോഗിയെന്നു വിളിക്കുന്നു. 'അവൻെറ സുന്ദരമായ സ്വഭാവവും എബ്രായരിൽ ചിലപ്പോൾ കാണാറുള്ള സന്തോഷശ്രീയോടുകൂടിയ മുഖവും അവനെ ഒരു ആകർഷണീയനായ പുരുഷനാക്കിത്തീർത്തു' എന്നു റിനാൻ (Renan) പറയുന്നു. അവൻെറ ഹൃദയകാരുണ്യം സീമാതീതമായ മാധുര്യമായും അക്ലിഷ്ടമായ കവിതയായും സാംസ്കാരികമായ ആകർഷണീയതയായും രൂപം മാറി പ്രത്യക്ഷപ്പെടുന്നു.' യേശുവിനെക്കുറിച്ചുള്ള ഈ അഭിപ്രായം സ്വീകരിക്കുന്നതിനു പ്രയാസമായി തോന്നുന്നത്, യേശുവിൻെറ കാലത്തിനുശേഷം പത്തൊമ്പതു നൂററാണ്ടു കഴിഞ്ഞു ഇതു ആദ്യം പുറത്തു വന്നിരിക്കുന്നതുകൊണ്ടാണ്. യേശുവിനെ കണ്ടിരുന്ന ആരുംതന്നെ ഇതുപോലെയുള്ള ഒരഭിപ്രായപ്രകടനത്തിനു തുനിയുകയില്ല. ദൈവാലയത്തിൽവെച്ച് അവൻെറ ചമ്മട്ടി

കൊണ്ടുള്ള അടിയേററു വേദന സഹിച്ച നാണയമാററക്കാരും അവൻെറ രൂക്ഷമായ വാക്കുകളുടെ ശാസനയേററ പരീശന്മാരും ‘അവൻെറ സീമാതീതമായ മാധുര്യവും അക്ലിഷ്ടമായ കവിതയും സാർവ്വത്രികമായ ആകർഷണീയതയും’ അനുഭവിച്ചിരിക്കയില്ല. അവനെ പിടിക്കുന്നതിനായി പരീശന്മാർ പടയാളികളെ അയയ്ക്കുന്നു. അവർ രൂക്ഷന്മാരെങ്കിലും അവൻെറ കേൾവിക്കാരുടെ കൂട്ടത്തിൽ പെടുകയും അവൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല (യോഹ. 7: 46) അതുകൊണ്ടു അവനെ പിടിപ്പാൻ സാധിച്ചില്ല എന്നു അവർ തിരിച്ചുവന്നു പറകയും ചെയ്യുന്നു. അവൻെറ ഗ്രാമക്കാർ പള്ളിയിലെ അവൻെറ പ്രസംഗം കേട്ടു കുപിതരായി അവനെ പുറത്തു കൊണ്ടുപോയി കൊല്ലുവാൻ ഭാവിക്കുന്നു. അവനോ അവരുടെ നടുവിൽ കൂടെ കടന്നുപോകുന്നു. ആരും അവനെ തൊടുവാൻ ധൈര്യപ്പെടുന്നില്ല (ലൂക്കോ. 4: 14—30). ‘എന്നെ അനുഗമിക്ക’ എന്നു അവൻ ഉപദേശിക്കുന്നതു കേട്ടു എബ്രായ മീൻപിടുത്തക്കാർ സകലവും ഉപേക്ഷിച്ചു അവനെ അനുഗമിക്കുന്നു. അവിശ്വാസിയായ തോമാസുകൂടിയും പറയുന്നു:—‘അവനോടുകൂടെ മരിക്കേണ്ടതിന്നു നാമും പോക’ (യോഹ. 11: 16). നിർദ്ദാക്ഷിണ്യനും, രൂക്ഷനും, ശക്തനുമായ യോഹന്നാൻസ്നാപകൻ അവനെ നോക്കിപ്പറയുന്നു:—‘എൻെറ പിന്നാലെ ഒരു പുരുഷൻ വരുന്നു. അവൻെറ ചെരിപ്പിൻെറ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ല—ഇതിലെല്ലാം എവിടെയാണ് അക്ലിഷ്ടമായ കവിത സ്ഥിതിചെയ്യുന്നതു്? സുസ്മേരവദനനും സുന്ദരസ്വഭാവമുള്ളവനും ആയ ഒരുവനെ കൊല്ലുന്നതിനായി ‘അവനെ ക്രൂശിക്ക’ എന്നാർക്കുന്ന ആളുകളേയും കള്ളംപറയുന്ന സാക്ഷികളേയും കൂട്ടിക്കൊണ്ടു് കോപാവേശരായി ജനപ്രമാണികൾ വരാറുണ്ടോ? കവികളുടെ അനുഭവം, പരിഹാസവും പട്ടിണിയും അഗണ്യരായി വിചാരിക്കപ്പെടുന്നതും ആയിരുന്നുവോ? ലോകത്തെ കീഴു് മേൽ മറിക്കുന്നതുകൊണ്ടു് അന്യർക്കുള്ള വെറുപ്പു; ‘യൂദന്മാരുടെ

രാജാവു' എന്നുള്ള മേലെഴുത്തോടുകൂടിയ ക്രൂശീകരണം ഇവ, ദർശനങ്ങൾ മാത്രം കണ്ടു തൃപ്തിപ്പെടുകയല്ലാതെ അവയെ പ്രവൃത്തിപഥതിയിൽ കൊണ്ടുവരാത്തവൎക്കുള്ളതല്ല. പരീശന്മാരുടെ ഈ ശത്രു ഒരു സ്വപ്നക്കാരനല്ലായിരുന്നു, പിന്നെയോ പന്ത്രണ്ടു ശിഷ്യന്മാരുടെ നായകനായ അതിശക്തിയോടുകൂടിയ ഒരു ആളായിരുന്നു. അവൻ അവരോടു ഉപദേശിച്ചതു്.— 'ഇപ്പോഴുള്ള സ്ഥിതി മാറി ഒരു പുതിയ സ്ഥിതി വരും. യെരുശലേം നശിപ്പിക്കപ്പെടും, നിങ്ങൾ പീഡിപ്പിക്കപ്പെടും, എന്നാലും ദൈവരാജ്യം സ്ഥാപിതമാകും, നിങ്ങൾക്കു എന്തു നഷ്ടം വന്നാലും കഷ്ടം വന്നാലും അതിൽ ദൃഢഭക്തിയുള്ളവരായിരിക്കണം.' ജ്വനായുധത്തിൽ പീരങ്കികളുടെ ശബ്ദം കേട്ടിട്ടും ചലിക്കാതെ തത്വചിന്തകളിൽ ഏർപ്പെട്ടിരുന്ന ഹ്വേഗലിനെപ്പോലെയുള്ള ആളല്ലായിരുന്നു യേശു. അവൻ ലോകോദ്ധാരണത്തിനായി പ്രയത്നിച്ചുകൊണ്ടിരുന്ന ഒരു നായകനായിരുന്നു. മനുഷ്യർ തന്റെ രാജ്യത്തിലെ ദേശാഭിമാനികളായിരിക്കണം എന്നും അവൻ പഠിപ്പിച്ചു. 'ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു; അതു ഇപ്പോഴെ കത്തിയെങ്കിൽ കൊള്ളായിരുന്നു എന്നല്ലാതെ ഞാൻ മററെന്തു ഇച്ഛിക്കേണ്ടു?' (ലൂക്കൊ. 12: 49). ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുതു്; സമാധാനം അല്ല, വാൾ അത്രെ വരുത്തുവാൻ ഞാൻ വന്നതു്' (മത്താ. 10: 34). ഇവയാണു് യേശുവിന്റെ ഉഗ്രവാക്കുകൾ. ഒരു സ്വപ്നക്കാരന്റെ പേരിലുള്ള കുററങ്ങളല്ല പ്രധാനാചാൎയ്യന്മാർ യേശുവിന്റെ പേരിൽ ചുമത്തുന്നതു്. 'അവൻ ജനത്തെ കലഹിപ്പിക്കുന്നു' എന്നാണു അവർ കൊണ്ടുവരുന്ന കുററം (ലൂക്കൊ. 23: 5).

നെപ്പോളിയനെപ്പോലെയുള്ള ജനനായകന്മാൎക്കു യേശുവിന്റെ സ്വഭാവത്തിന്റെ ഈ വശം നല്ലതുപോലെ മനസ്സിലാകുന്നു. യേശു കുട്ടികൾക്കുവേണ്ടി കരുതുന്നതിനാൽ കുട്ടികൾ ഇഷ്ടപ്പെടുന്നു; കുടുംബസ്ഥന്മാർ, ബഥാന്യകുടുംബത്തിലെ

അംഗങ്ങളായ മാർത്താ, മറിയം, ലാസറസ് ഇവരോടുള്ള യേശുവിൻെറ സ്നേഹത്തിൽ സന്തോഷിക്കുന്നു; സ്നേഹിതന്മാരോടുള്ള യേശുവിൻെറ പെരുമാററത്തെ സ്നേഹിതന്മാരായിട്ടുള്ളവർ പഠിക്കുന്നു; എന്നാൽ നെപ്പോളിയൻ യേശുവിനെക്കുറിച്ചു ചിന്തിക്കുന്നതു്, ഘോരതടസ്ഥങ്ങളുണ്ടായിരുന്നിട്ടും തൻെറ ഉദ്ദേശസാദ്ധ്യത്തിൽ ദൃഢനിഷ്ഠയോടുകൂടെ തുടർന്നുപ്രവർത്തിച്ചു വിജയം നേടിയ ഒരു മഹാ നായകനായിട്ടാകുന്നു. ഒരു വലിയ സേനാനായകൻ യേശുവിനെ ഒരു നായകനായിട്ടു കരുതുന്നതു എങ്ങനെയാണു്? നെപ്പോളിയൻ തൻെറ ബന്ധനത്തിൽ കിടക്കുമ്പോൾ പറയുന്നു:—'വളരെ ആളുകൾ എനിക്കുവേണ്ടി മരിക്കത്തക്കവണ്ണം അവർക്കു എന്നിൽ ഭക്തിയുണ്ടായിട്ടുണ്ടു്. എന്നാൽ ഇതിനു എൻെറ വിദ്യുച്ഛക്തിപോലുള്ള നോട്ടവും, എൻെറ വാക്കുകളും ശബ്ദങ്ങളും, എൻെറ സാന്നിദ്ധ്യവും ആവശ്യമാണു്. ക്രിസ്തുവാകട്ടെ, മനുഷ്യൻെറ മനസ്സിനെ ഉയർത്തി സ്ഥലകാലാതിർത്തികളെ ലംഘിക്കുന്നതിനു ഇടയാക്കുന്നു. ഈ പതിനെട്ടു നൂററാണ്ടുകളിൽ യേശുക്രിസ്തു ആവശ്യപ്പെടുന്നതു സാധിപ്പാൻ വളരെ പ്രയാസമുള്ള ഒരു സംഗതിയാണു്. ഒരു തത്വജ്ഞാനി തൻെറ സ്നേഹിതന്മാരിൽനിന്നോ, ഒരു പിതാവു തൻെറ പുത്രന്മാരിൽനിന്നോ, ഒരു സ്ത്രീ തൻെറ കാമുകനിൽനിന്നോ, ഒരു മനുഷ്യൻ തൻെറ സഹോദരനിൽനിന്നോ ആവശ്യപ്പെട്ടാൽ കിട്ടാത്ത ഒന്നാകുന്നു അവൻ ചോദിക്കുന്നതു്. അവൻ മനുഷ്യൻെറ ഹൃദയത്തെ ആവശ്യപ്പെടുന്നു. അതു മുഴുവനായി അവനു ലഭിക്കയുംചെയ്യുന്നു. വ്യവസ്ഥ കൂടാതെ വേണമെന്നു അവൻ ചോദിക്കുന്നു. തൽക്ഷണം അതു അങ്ങനെ തന്നെ ലഭിക്കുന്നു. എന്തത്ഭുതം! സ്ഥലകാലങ്ങളെ ഗണ്യമാക്കാതെ മനുഷ്യാത്മാവു ക്രിസ്തുവിൻെറ സാമ്രാജ്യത്തിലേക്കു ചേർന്നുവരുന്നു. പരമാർത്ഥമായി അവനിൽ വിശ്വസിക്കുന്ന എല്ലാവരും അവനോടുള്ള അത്യത്ഭുതമായ സ്നേഹത്തെ അനുഭവിക്കുന്നു. ഇതെങ്ങനെ സംഭവിക്കുന്നു എന്നു ആൎക്കും പറവാൻ പാടില്ല. ഇതു മനുഷ്യൻെറ സൃഷ്ടിശ

ക്തികൾക്കു തീരെ അപ്പുറമാണു്. മഹാ നാശകാരനായ 'സമയം' ഈ വിശുദ്ധ അഗ്നിയെ കെടുത്തുന്നതിനു ശക്തിഹീനനാണു്. ഇതിൻെറ ശക്തിയെ ക്ഷയിപ്പിക്കുന്നതിനോ ഇതിൻെറ വ്യാപാരത്തിനു അതിരിടുന്നതിനോ 'സമയ'ത്തിനു സാധിച്ചിട്ടില്ല. എന്നെ അത്ഭുതപ്പെടുത്തുന്നതു് ഇതാണു്. ഞാൻ കൂടെക്കൂടെ അതിനെക്കുറിച്ചു ചിന്തിക്കാറുണ്ടു്. എനിക്കു യേശുക്രിസ്തുവിൻെറ ദൈവത്വത്തെക്കുറിച്ചുള്ള ഏററവും വിശ്വസനീയമായ തെളിവു ഇതുതന്നെയാണു്.

തൻെറ ഉദ്ദേശ്യസാദ്ധ്യത്തിൽ ദൃഢഭക്തിയുള്ളതും, ഈ ഉദ്ദേശ്യത്തോടുകൂടിയ അനുഗാമികളെ ചേർക്കുന്നതും ആയ കത്താവിൻെറ സ്വഭാവം ദൈവത്തെക്കുറിച്ചുള്ള തൻെറ ചിന്തയിൽ പ്രതിബിംബിച്ചുകാണാം. ദൈവത്തിൻെറ സർവ്വജ്ഞാനത്തേയും അളവില്ലാത്ത സ്നേഹത്തേയും ഈ വാക്യത്തിൽ നാം പറയുന്നു—'ദൈവം ജ്ഞാനവും സ്നേഹവും തന്നെയാകുന്നു.' യേശുവോ ദൈവസ്വഭാവത്തിൻെറ വേറൊരു വശത്തെ പ്രധാനമാക്കി പറയുന്നു. 'ദൈവേഷ്ടം!' സർവ്വലോകത്തേയും അതിലുള്ള സകല ജീവികളേയും സംബന്ധിച്ച ദൈവത്തിനു ഒരു ഇഷ്ടവും ഒരു പ്ലാനും, ഒരു ഉദ്ദേശ്യവും ഉള്ളതായിട്ടാണ കർത്താവു കൂടെക്കൂടെ പറയുന്നതു്. 'ദൈവത്തിൻെറ ഇഷ്ടം ചെയ്യുന്നവൻ തന്നെ എൻെറ സഹോദരനും സഹോദരിയും അമ്മയും ആകുന്നു' (മർക്കൊ. 3. 35). 'എന്നെ അയച്ചവൻെറ ഇഷ്ടം ചെയ്തു അവൻെറ പ്രവൃത്തി തികയ്ക്കുന്നതുതന്നെ എൻെറ ആഹാരം' (യോഹ. 4: 34). 'ഞാൻ എൻെറ ഇഷ്ടമല്ല, എന്നെ അയച്ചവൻെറ ഇഷ്ടമത്രെ ചെയ്വാൻ ഇച്ഛിക്കുന്നതു്' (യോഹ. 5: 30; 6: 38). ഒരു പ്രാർത്ഥന പഠിപ്പിക്കണമെന്നു ശിഷ്യന്മാർ ആവശ്യപ്പെട്ടപ്പോൾ, കർത്താവു് തൻെറ സ്വന്ത അപേക്ഷതന്നെ ആ പ്രാർത്ഥനയിൽ ചേർത്തു. 'നിൻെറ രാജ്യം വരേണമേ; നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ' (മത്താ. 6: 10). അവസാ

നത്തിൽ തന്റെ ദൃഢനിഷ്ഠമൂലം ആ മഹാത്യാഗം ആവശ്യ
മായി വന്നപ്പോൾക്കൂടി, 'എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം
തന്നെ ആകട്ടെ' എന്നു അവൻ പറയുന്നു. ദൈവത്തെക്കുറിച്ചു
ള്ള അവന്റെ ചിന്തയിൽ ജ്ഞാനവും സ്നേഹവും ദൈവത്തി
ന്റെ ഇഷ്ടത്തെ വിശേഷിപ്പിക്കുന്ന പദങ്ങളാണു്. ദൈവേ
ഷ്ടം (ദൈവമനസ്സു്) സ്നേഹപൂർണ്ണമാണു്. 'ഈ ചെറിയവ
രിൽ ഒരുത്തൻ നശിച്ചുപോകുന്നതു സ്വർഗ്ഗസ്ഥനായ നിങ്ങളു
ടെ പിതാവിനു ഇഷ്ടമല്ല.' (മത്താ. 18: 14). ദൈവേ
ഷ്ടം ജ്ഞാനപൂർണ്ണമാകുന്നു—'നിങ്ങൾക്കു ആവശ്യമുള്ളതു് ഇ
ന്നതെന്നു് നിങ്ങൾ യാചിക്കുംമുമ്പെ നിങ്ങളുടെ പിതാവു
അറിയുന്നു' (മത്താ: 6: 8). എന്നാൽ പ്രഥമമായിട്ടു ദൈവം
പ്രവർത്തിക്കുന്ന ഒരു ദൈവമാകുന്നു. 'എന്റെ പിതാവു് ഇന്നുവ
രെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു' (യോഹ. 5:
17). ചരിത്രസംഭവങ്ങളെ അർത്ഥവത്തും ഉദ്ദേശ്യപരവുമാക്കു
ന്ന ഒരു പ്ളാൻ ദൈവത്തിനുണ്ടായിരുന്നു; ഈ ഉദ്ദേശ്യ
ത്തെ അറികയും തന്റെ പിതാവിന്റെ പ്ളാനിൽ ദൃഢനി
ഷ്ഠയുണ്ടായിരിക്കയും ചെയ്തു എന്നുള്ളതാണു് യേശുവിന്റെ
മഹിമ. ദൈവസൈന്യങ്ങൾ വിജയപതാക ഉയർത്തിക്കൊ
ണ്ടു സഞ്ചരിപ്പാനുള്ള റോഡുകൾ നിർമ്മിക്കയാണു് തന്റെയും
ശിഷ്യന്മാരുടെയും ജോലി എന്നു അവൻ വിശ്വസിച്ചു. ആ
യുസ്സിൽ ഏതൊന്നിനുവേണ്ടി ജീവിക്കയൊ മരിക്കയൊ ചെ
യ്യേണ്ടതുണ്ടോ ആ ഏക സംഗതിയായ ദൈവോദ്ദേശത്തി
ന്റെ പ്രതിനിധിയായിരുന്നു താൻ എന്നു അവൻ വിശ്വസി
ച്ചു. 'ദൈവരാജ്യം സമീപമായിരിക്കുന്നു' എന്നു ഘോഷിച്ചു
കൊണ്ടു ഗലീലയിൽ പ്രത്യക്ഷനായ നാൾ തുടങ്ങി തന്റെ
ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി കാൽവറിക്കുന്നിൽ മരിച്ചതുവ
രെ അവന്റെ പ്രധാന സ്വഭാവവിശേഷം തന്റെ തീ
ക്ഷ്ണമായ നിഷ്ഠയായിരുന്നു. രാജഭക്തി ഒരു പ്രധാന സൽ
ഗുണമായി കരുതുന്ന ജപ്പാൻരാജ്യത്തു യേശുവിന്റെ ഈ

സ്വഭാവവിശേഷം മററെല്ലാററിനേക്കാളും അധികമായി ആളുകളെ അവങ്കലേക്ക ആദായപ്പെടുത്തുന്നു എന്നു മിഷ്യനറിമാർ പറയാറുണ്ടു്.

ദൈവത്തെക്കുറിച്ചുള്ള ക്രിസ്തീയ ചിന്ത എത്ര വ്യക്തവും അത്ഭുതപൂർവ്വവും ആണെന്നു കാണുന്നതിനു പുരാതന ചിന്തകളിലേക്ക തിരിഞ്ഞു ലോകത്തിൻെറ ഭാവിയെക്കുറിച്ചു ചോദിച്ചാൽ മതി. 'ഇതിൻെറയെല്ലാം പരിണാമം എന്തു്?' എന്നു തത്വജ്ഞാനിയോടു ചോദിക്കുക. അയാൾ ഉത്തരമായിട്ടു പറയുന്നു:—'നീങ്ങിനീങ്ങി പിന്നെയും പുറപ്പെട്ട സ്ഥലത്തേക്ക തിരിയെ വരുന്നതായ വൃത്തപാതയിലുള്ള ജീവിതഗതിയിൽ ലക്ഷം പ്രാവശ്യം ചെയ്തതിനെത്തന്നെ ലക്ഷത്തൊന്നാം പ്രാവശ്യവും ചെയ്യുന്നതിനായി മടങ്ങിവരും. അഭിവൃദ്ധിയൊന്നുമില്ല. പുതിയ രീതികളുമില്ല. ജീവിതരംഗത്തു വെളിപ്പെട്ടുവരുന്ന വർദ്ധമാനമായ പാട്ടുമില്ല. കാട്ടിൽ വഴി തെററിയവൻ നേർവഴിയിൽ ഇറങ്ങാനായി നടന്നു നടന്നു പിന്നെയും പുറപ്പെട്ട സ്ഥലത്തു് ചെന്നെത്തുന്നതുപോലെ മനുഷ്യൻ അവസാനമില്ലാത്ത വൃത്താകാരപാതയിൽ സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നു.' 'ഇപ്രകാരമുള്ള ഒരു ലോകത്തിൽ മനുഷ്യൻെറ ധർമ്മം എന്താണു്?' എന്നു ചോദിച്ചാൽ, ക്രിസ്തീയ ലോകത്തിനുവെളിക്കുള്ള ഏററവും ഉന്നതനായ തത്വജ്ഞാനി—സ്റ്റോയിക്ക തത്വജ്ഞാനി—ഇങ്ങനെ ഘോഷിക്കുന്നതു കേൾക്കാം:—'ഈ വർത്തമാനകാലം കാണുന്നവൻ ഭൂതകാലങ്ങളിലുണ്ടായിട്ടുള്ളതും ഭാവിയിൽ ഉണ്ടാകുവാനുള്ളതുമായി നിത്യതയിലുള്ള സകലവും കണ്ടിരിക്കുന്നു.' 'നാല്പതു വയസ്സുള്ള ആരുംതന്നെ, അല്പം ആലോചനാശക്തിയുള്ളവനാണെങ്കിൽ, ഭൂതവും ഭാവിയുമെല്ലാം ഒരു തരത്തിൽ കണ്ടിരിക്കുന്നു,' 'ലോകം എപ്പോഴും മാററമുള്ളതും ജീവിതം ഒരു അഭിപ്രായം മാത്രവും, മാനുഷികമായതെല്ലാം പുകയുമത്രെ. ചുരുക്കിപ്പറഞ്ഞാൽ, ക്രിസ്തുവിനുമുമ്പു് ഗ്രീസ്സ, റോം ഈ രാജ്യങ്ങളിലുള്ള ആളുകളുടെ ചിന്തയിൽ ലോകത്തിൻെറ ഭാവിയെക്കുറിച്ചു ജീ

വനുള്ള പ്രത്യാശയൊന്നുമില്ലായിരുന്നു. അതു് പുതിയ ഒരു സ്ഥലത്തേക്കു പോകുന്നില്ല, പുതിയ ഒരിടത്തു് വന്നിറങ്ങുന്നുമില്ല. ലോകം സ്ഥിരമായി അതിന്റെ വൃത്തപാതയിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. അതിനെ മാററുവാൻ നിനക്കു കഴിയുകയില്ല. നീ അതിനോടു യോജിച്ചുനിൽക്കണം. മനുഷ്യജീവിതത്തിന്റെ അർത്ഥവും പരിണാമവും എന്തെന്നു വാദിച്ചു ചോദിച്ചാൽ, ചങ്ങലകളാൽ ഊഷരപ്പാറയോടു ബന്ധിക്കപ്പെട്ടിരുന്നവനും ജൂപിററിന്റെ കഴുകൻ ഭക്ഷണം കൊട്ടുത്തിരുന്നവനുമായ പ്രോമത്തിയസ്സിന്റെ മറുപടിയാണു് ലഭിക്കുന്നതു്.

'അലംഘനീയഃ കമലാസനാജ്ഞാ' എന്നറിയുന്നതിനാൽ എനിക്കു് വിധിച്ചിരിക്കുന്നതു് ഞാൻ ക്ഷമയോടെ അനുഭവിക്കണം.'

യേശുക്രിസ്തുവിന്റെ വരവോടുകൂടി മനുഷ്യജീവിതത്തിനു് ഒരു പുതിയ ശക്"തി ലഭിച്ചു. ക്രിസ്ത്യാനിമാർഗ്ഗം പ്രചാരത്തിലിരിക്കുന്നിടത്തെല്ലാം ഈ ശബ്"ദവും കേൾക്കാം. എന്തുകൊണ്ടെന്നാൽ ദൈവരാജ്യത്തിന്റെ സുവിശേഷവും പ്രസംഗിച്ചുംകൊണ്ടു് യേശു ഗലീലയിൽ പ്രത്യക്ഷനായ ദിവസം മനുഷ്യജാതിയുടെ ചരിത്രത്തിൽ എന്നും സ്മരണീയമായ ഒന്നാണു്. ലോകം ഒരു സ്ഥലത്തേക്കു ഗമിച്ചുകൊണ്ടിരിക്കുന്നു. ഈ മത്സരം എന്നും നിൽക്കയില്ല. നന്മയും തിന്മയും, ദൈവവും സാത്താനും, ജീവനും മരണവും, ഇങ്ങനെ വൈപരീത്യമുള്ള രണ്ടു്, ഒരേ ലോകത്തിൽ സ്ഥിരമായി സ്ഥിതിചെയ്യാൻ സാധിക്കയില്ല. ഈ ലോകം വർദ്ധമാനസ്ഥിതിയും മൂർദ്ധന്യാവസ്ഥയും ഉള്ള പ്"ളോട്ടോടുകൂടിയ ഒരു കഥപോലെയാണു് യേശുവിനു തോന്നിയതു്. തത്വജ്ഞാനികൾ പറയുന്ന വൃത്താകാരപാതയിലുള്ള ജീവിതഗതിയെക്കുറിച്ചു് യേശു ചിന്തിച്ചതു്, ഒരു പർവ്വതത്തെ ചുററി ചുററി അതിന്റെ അത്യുന്നതഭാഗത്തു ചെന്നെത്തുന്ന ഒരു പാതയിൽക്കൂടി മനുഷ്യജീവിതം ഗമിക്കുന്നതായിട്ടാണു്. യേശുവിന്റെ പ്രസംഗ

ത്തിൻെറ അന്തസ്സാരം ഇതാണ്. ദൈവം തൻെറ രാജ്യം ഇവിടെ സ്ഥാപിക്കുന്നതിനു ഉദ്ദേശിക്കുന്നു. നാം അതുകൊണ്ടു ഒരു വലിയ സേനാനായകൻെറ കീഴിൽ യുദ്ധംചെയ്യുന്ന പടയാളികളെപ്പോലെയാണ്. അവൻെറ എല്ലാ പ്ലാനും നമുക്കറിഞ്ഞുകൂടാ എങ്കിലും നാം അവനിൽ വിശ്വസിക്കുന്നു. ഈ യുദ്ധം ഇവിടെ ആവശ്യമായിരിക്കുന്നതിൻെറ എല്ലാ ന്യായങ്ങളും നമുക്കു ഗ്രഹിക്കാൻ പാടില്ല. അതു സേനാനായകൻെറ കാര്യമാണ്, നമ്മുടേതല്ല. നമ്മുടെ ജോലി കല്പനയനുസരിച്ചു പോരാടുകയും ഇങ്ങനെ ദൈവത്തിൻെറ മഹായുദ്ധം ഓരോ തലമുറയിലും ജയിച്ചുകൊണ്ടിരിക്കുന്നതിനു സഹായിക്കയും ചെയ്കയാകുന്നു. അവസാനത്തിൽ ജയിക്കുന്നതു നമ്മുടെ പ്രവൃത്തിയല്ല. അവൻ അതു ചെയ്യണം. അവൻ അതു ചെയ്കയും ചെയ്യും. യുഗാന്ത്യത്തോളം നീണ്ടുനിൽക്കുന്ന ഈ സമരം ആകാശത്തെയും ഭൂമിയെയും ഇളക്കുന്ന ഒരു ദിവസം സമാപിക്കയും, സെഡാൻ എന്ന സ്ഥലത്തുവെച്ചു വൺമോട്ട്ക് ചെയ്തതുപോലെ, ഈ ലോകനെപ്പോളിയനെ ഓടിക്കളയാതെ വണ്ണം കുരുക്കിൽ പിടിക്കയും ചെയ്യും. 'ജാഗരിപ്പിൻ', യേശു പറയുന്നു, 'ജാഗരിപ്പിൻ എന്നു ഞാൻ വീണ്ടും നിങ്ങളോടു പറയുന്നു, ദൈവരാജ്യം സമീപമായിരിക്കുന്നു!"

യേശുവിൻെറ ജീവിതത്തിലെ പ്രധാന ലാക്ക് ഇതായിരുന്നു. ഒരുത്തൻ വാലിഫോർജ്ജ് എന്ന സ്ഥലത്തുവെച്ചു ജനാൾ വാഷിംഗ്ടനെ സ്തുതിക്കുന്നതിനു തുനിഞ്ഞിരുന്നുവെങ്കിൽ അദ്ദേഹം മിന്നൽവേഗതയോടു തിരിഞ്ഞു അവനോടു ഇങ്ങനെ ചോദിക്കുമായിരുന്നു:—'ഞാൻ ഏതൊന്നിനായി പോരാടുന്നുവോ, അതിൽ നിൻെറ നിലയെന്തു്? ഇപ്രകാരം തന്നെ ആളുകൾ യേശുവിനെ സ്തുതിക്കുന്നതിനു തുനിഞ്ഞാൽ, താൻ അവരുടെ നേക്കു തിരിഞ്ഞു ദൈവരാജ്യത്തോടു അവർ ഭക്തിയും നിഷ്ഠയുമുള്ളവരായിരിക്കണം എന്നു ആവശ്യപ്പെടുന്നതാണ്. യേശുവിൻെറ കേൾവിക്കാരിൽ ഒരു ആൾ ബാഹ്യ

മായ സംതൃപ്തിയോടുകൂടി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:—'നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ'! ദ്രുതവേഗത്തിൽ യേശു തിരിഞ്ഞു മറുപടിയായി, 'അല്ല, ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവരത്രേ ഭാഗ്യവാന്മാർ' എന്നു പറഞ്ഞു (ലൂക്കൊ. 11: 27, 28). കർത്താവു ഒരു മാതൃകാപുരുഷൻ തന്നെയായിരുന്നു. അവനു് ഒരു ഉദ്ദേശ്യമുണ്ടായിരുന്നു. ആ ഉദ്ദേശ്യസാദ്ധ്യത്തിൽ ഒരു മനുഷ്യനുള്ള നിഷ്ഠ മാത്രമേ തനിക്കു തൃപ്തിവരുത്തുന്നുള്ളു. ആ ഉദ്ദേശ്യസാദ്ധ്യത്തിലുള്ള ദൃഢഭക്തിയായിരുന്നു തന്റെ ജീവിതമഹിമ.

---

## അദ്ധ്യായം 9

# നമ്മുടെ കർത്താവിന്റെ സഹനശക്തി

## പ്രതിദിന പാഠങ്ങൾ

### അഞ്ചാം ആഴ്ച:—ഒന്നാംദിവസം

1 പത്രൊ. 2: 20—24. നിങ്ങൾ കുററം ചെയ്തിട്ടു അടി കൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു? അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിന്നു പ്രസാദം. അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു്; ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണി പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തതു്: നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൌഖ്യം വന്നിരിക്കുന്നു.

ശുദ്ധമുള്ള പത്രോസ് ഇവിടെ തൻെറ ഓർമ്മയിൽനിന്നു നമ്മുടെ കർത്താവിൻെറ പരിദേവനം കൂടാതെ പീഡകൾ സഹിക്കാനുള്ള ധീരതയെ പ്രത്യേകമായി എടുത്തുപറയുന്നു. നമ്മുടെ കർത്താവു കഷ്ടങ്ങൾ സഹിക്കേണ്ടതു എങ്ങനെയെന്നു അറിഞ്ഞിരുന്നു. ഈ ഗുണം കർത്താവിൻെറ ഒരു വിശിഷ്ടഗുണമായി പത്രോസിൻെറ സ്മരണയിൽ കിടക്കുന്നു. കർത്താവിൻെറ സഹനശക്തിയെപ്പററി പഠിക്കാൻ ആരംഭിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ സഹിഷ്ണുതയുടെ ആവശ്യത്തെപ്പററി ചിന്തിക്കുക. ഒരുത്തനും എന്തെങ്കിലും ഒരു ന്യൂനത ഇല്ലാതിരിക്കയില്ല. ചിലക്കു ധനമില്ല; ചിലക്കു ശരീരസുഖമില്ല; ചിലക്കു പ്രിയപ്പെട്ടവർ മരിച്ചുപോകുന്നു; ചിലർ പാരമ്പര്യദോഷങ്ങൾ അനുഭവിക്കുന്നു; ചിലക്കു പരസരങ്ങൾ അനുകൂലമല്ലാതിരിക്കുന്നു.

ഇങ്ങനെ ഓരോ ന്യൂനതകളും, ഓരോ കഷ്ടങ്ങളും, ഓരോരുത്തനും താന്താൻെറ മനോഗതിയനുസരിച്ച് ജീവിക്കുന്നതിനു വിഘ്നങ്ങളായിട്ടുണ്ട്. ഇപ്രകാരമുള്ള സ്ഥിതികളിൽ നമുക്കു ക്ഷാന്തിയും ധീരതയും വിശ്വാസവും പ്രത്യാശയും അത്യാവശ്യമാകുന്നു.

ഈ അരിഷ്ടസ്ഥിതികളിൽ നിങ്ങളുടെ കൃത്യങ്ങൾ നിങ്ങൾ എങ്ങനെ നിർവ്വഹിക്കുന്നു?

---

## അഞ്ചാം ആഴ്ച:—രണ്ടാം ദിവസം

മത്താ. 12: 41, 42. നിനെവെക്കാർ ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു എഴുന്നേററു അതിനെ കുററംവിധിക്കും; അവർ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടുവല്ലോ; ഇതാ, ഇവിടെ യോനയിലും വലിയവൻ. തെക്കെ രാജ്ഞി ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു ഉയിർത്തെഴുന്നേററു അതിനെ കുററം വിധിക്കും; അവൾ ശലോമോൻെറ ജ്ഞാ

നം കേൾപ്പാൻ ഭൂമിയുടെ അറുതികളിൽനിന്നു വന്നുവല്ലോ; ഇവിടെ ഇതാ, ശലോമോനിലും വലിയവൻ.

മത്താ. 13: 13—15. അതുകൊണ്ടു അവർ കണ്ടിട്ടു കാണാതെയും കേട്ടിട്ടു കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കയാൽ ഞാൻ ഉപമകളായി അവരോടു സംസാരിക്കുന്നു. നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും; കണ്ണാൽ കാണും ദർശിക്കയില്ലതാനും ഈ ജനത്തിൻെറ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ടു മന്ദമായി കേൾക്കുന്നു; കണ്ണു അടച്ചിരിക്കുന്നു: അവർ കണ്ണു കാണാതെയും ചെവികേൾക്കാതെയും ഹൃദയംകൊണ്ടുഗ്രഹിക്കാതെയും തിരിഞ്ഞുകൊള്ളാതെയുംഞാൻ അവരെ സൌഖ്യമാക്കാതെയും ഇരിക്കേണ്ടതിന്നുതന്നേ, എന്നു യെശയ്യാവു പറഞ്ഞ പ്രവചനത്തിന്നു അവരിൽ നിവൃത്തിവരുന്നു.

നമ്മുടെ കർത്താവിന്നു തൻെറ പ്രവൃത്തി ചെയ്യാൻ കിട്ടിയ സ്ഥിതി ഏററവും പ്രയാസമേറിയ ഒന്നായിരുന്നു. ചിലപ്പോൾ താൻ അധൈര്യപ്പെട്ടുപോകുവാൻ സംഗതി ഉണ്ടായിരുന്നു. മനുഷ്യർ എല്ലാവരെയും ബാധിക്കുന്ന നിഷ്കാമ്യ സ്ഥിതിയിൽ ജീവിക്കുന്ന പ്രയാസം നമ്മുടെ കർത്താവിനെ അത്യധികം ബാധിച്ചിരുന്നു. നമുക്കു അനിഷ്ടമായ ഒരു സ്ഥിതിയിൽ നാം ആയാൽ നാം നമ്മുടെ സുഖജീവിതത്തിന്നു വിഘാതങ്ങളായ സംഗതികളെപ്പററി പരിതപിച്ചു നമുക്കു വേറൊരു സ്ഥിതി പ്രാപിച്ചെങ്കിൽ എത്ര നന്നായിരുന്നേനേ എന്നാലോചിച്ചു സമയം വ്യയം ചെയ്ക എത്ര സാധാരണയാണെന്നു ആലോചിക്കുക. 'വേറെ വല്ല സ്ഥലത്തും പോയി താമസിച്ചാൽ ഞാൻ വേറൊരു മനുഷ്യൻ ആയിരുന്നേനേ എന്നു എല്ലാവരും പറയുന്നു' എന്നു ഒരു മടിയൻ പറയുകയുണ്ടായി. ഇങ്ങനെ ഒരു വിചാരം നമ്മുടെ കർത്താവിൻെറ മനസ്സിൽ എപ്പോഴെങ്കിലും ഉദിച്ചതായി നമുക്കു സങ്കല്പിപ്പാൻ കഴിയുമോ? ലോകത്തിൽ എത്രയും നിഷ്കാമ്യമായ ഒരു സ്ഥിതിയാണു് നമ്മുടെ കർത്താവിന്നു ലഭിച്ചതു, എന്നാൽ ആ സ്ഥിതിയിൽ തൻെറ ജീവിതത്തെ എത്രയും മഹത്തരമായ ഒന്നാ

ക്കിത്തീൎത്തു; തന്റെ പ്രവൃത്തി ചെയ്വാൻ വേറൊരു സ്ഥലം ആഗ്രഹിച്ചില്ല. തനിക്കു ലഭിച്ച കൃഷിസ്ഥലത്തുതന്നെ കൃഷിചെയ്തു, അന്നുമുതൽ ഇന്നേവരെ ലോകത്തെ പോഷിപ്പിക്കുന്ന ധാന്യം കൊയ്തെടുത്തു.

അവന്റെ ജീവിതം നമുക്കു അനുകരിപ്പാനുള്ള ഒരു ഉത്തമദൃഷ്ടാന്തം ആകുന്നു നിങ്ങളുടെ നീതിയെപ്പററി പ്രലപിക്കാതിരിപ്പിൻ; നിങ്ങളെപ്പററി പരിതപിക്കേണ്ടാ; ലഭിച്ച സ്ഥിതിയിൽ ദൈവസഹായത്താൽ എന്തുചെയ്വാൻ കഴിയുമെന്നു ശ്രമിച്ചുനോക്കിൻ; നിങ്ങൾ ഭയപ്പെടുന്ന വിഘ്നങ്ങൾക്കും പ്രയാസങ്ങൾക്കും ഒരു നീക്കുപോക്കു കാണാതെ ദൈവം നിങ്ങളെ ആ സ്ഥിതിയിൽ വെക്കയില്ലെന്നു വിശ്വസിപ്പിൻ.

---

## അഞ്ചാം ആഴ്ച:—മൂന്നാം ദിവസം.

മൎക്കൊ. 10: 35-41. സെബദിയുടെ മക്കളായ യാക്കോബും യോഹന്നാനും അവന്റെ അടുക്കൽ വന്നു അവനോടു: ഗുരോ, ഞങ്ങൾ നിന്നോടു യാചിപ്പാൻ പോകുന്നതു് ഞങ്ങൾക്കു ചെയ്തുതരുവാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു. അവൻ അവരോടു: ഞാൻ നിങ്ങൾക്കു എന്തു ചെയ്തുതരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എന്നു ചോദിച്ചു. നിന്റെ മഹത്വത്തിൽ ഞങ്ങളിൽ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ വരം നൽകേണം എന്നു അവർ പറഞ്ഞു. യേശു അവരോടു: നിങ്ങൾ യാചിക്കുന്നതു ഇന്നതു എന്നു നിങ്ങൾ അറിയുന്നില്ല, ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും ഞാൻ ഏൽക്കുന്ന സ്നാനം ഏല്പാനും നിങ്ങൾക്കു കഴിയുമോ എന്നു ചോദിച്ചതിന്നു കഴിയും എന്നു അവർ പറഞ്ഞു. യേശു അവരോടു: ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കയും ഞാൻ ഏല്ക്കുന്ന സ്നാനം ഏൽക്കയും ചെയ്യും നിശ്ചയം. എന്റെ വലത്തും ഇടത്തും ഇരിപ്പാൻ വരം നൽകുന്നതോ എന്റേതല്ല: ആൎക്കു ഒരുക്കിയിരിക്കുന്നുവോ അവൎക്കു കിട്ടും എന്നു പറഞ്ഞു. അതു ശേഷം പ

ത്തുപേരും കേട്ടിട്ടു യാക്കോബിനോടും യോഹന്നാനോടും നീരപ്പെട്ടുതുടങ്ങി.

നമ്മുടെ കർത്താവിന്റെ ശിഷ്യന്മാർ പലപ്പോഴും അവനെ തെററിദ്ധരിക്കയും പ്രാധാന്യത്തിനുവേണ്ടി അന്യോന്യം മത്സരിച്ചു തങ്ങളുടെ സ്വാർത്ഥതല്പരതയെ പ്രദർശിപ്പിച്ചുകൊണ്ടിരിക്കയും ചെയ്തുവന്നു. നിങ്ങൾ നമ്മുടെ കർത്താവിന്റെ സ്ഥാനത്തു ആയിരുന്നെങ്കിൽ ഇതൊക്കെ ക്ഷമയോടെ സഹിക്കുമായിരുന്നോ? എങ്കിലും അവരെത്തന്നെയാണ് നമ്മുടെ കർത്താവു ക്രിസ്തുമാർഗ്ഗം ലോകത്തിൽ പ്രചരിപ്പിക്കുവാൻ ഉപയോഗിച്ചതു്. ഒരു കവി ഒരു സ്വപ്നം കണ്ടതായി വർണ്ണിച്ചിരിക്കുന്നതു നമ്മുടെ വിഷയത്തിന്നനുരൂപമായിരിക്കുന്നു. ഒരു വിശാലസമഭൂമിയിൽ ഒരു ഘോരസമരം ഉണ്ടായി. യോദ്ധാക്കളുടെ അട്ടഹാസവും, വാളുകളും പരിചകളും കൂട്ടിമുട്ടിയ ശബ്ദവും, ഭയങ്കരമായിരുന്നു. ഒരു സൈന്യത്തിന്റെ അധിപനായിരുന്ന രാജകുമാരൻ ശത്രുക്കളാൽ അക്രമിക്കപ്പെട്ടു പുറകോട്ടു പോയി. ഭീരുവായ ഒരു ഭടൻ ഇതു കണ്ടിട്ടു 'ഈ ചീത്ത വാളുകൊണ്ടു എന്തു ചെയ്യേണ്ടു? രാജകുമാരന്റെ കയ്യിൽ ഉപയോഗിക്കാതെ വെച്ചിരിക്കുന്ന വാൾ എനിക്കു കിട്ടിയിരുന്നെങ്കിൽ ഞാൻ എന്തെല്ലാം ചെയ്യുമായിരുന്നു' എന്നു പറഞ്ഞുകൊണ്ടു തന്റെ വാൾ എറിഞ്ഞുകളഞ്ഞിട്ടു പോർക്കളം വിട്ടു ഓടിപ്പോയി. രാജകുമാരൻ മുറിവേററു പരാജിതനായി ആയുധമൊന്നുമില്ലാതെ വന്നപ്പോൾ ഭടന്റെ വാൾ കിടക്കുന്നതുകണ്ടു. അതെടുത്തുകൊണ്ടു അട്ടഹാസത്തോടെ വീണ്ടും പോർക്കളത്തിൽ പ്രവേശിച്ചു പരാജയം വിജയമാക്കിത്തീർത്തു.

## അഞ്ചാം ആഴ്ച:—നാലാംദിവസം

ലൂക്കോ. 22: 39—44. പിന്നെ അവൻ പതിവുപോലെ ഒലിവുമലയ്ക്കു പുറപ്പെട്ടുപോയി; ശിഷ്യന്മാരും അവനെ അനുഗമിച്ചു. ആ സ്ഥലത്തു എത്തിയപ്പോൾ അവൻ അവരോടു: നിങ്ങൾ പരീക്ഷയിൽ അകപ്പെടാതെയിരിപ്പാൻ പ്രാർത്ഥിപ്പിൻ എന്നു പറഞ്ഞു. താൻ അവരെ വിട്ടു ഒരു കല്ലേറുദൂരത്തോളം വാങ്ങിപ്പോയി മുട്ടുകുത്തി: പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും എൻെറ ഇഷ്ടമല്ല നിൻെറ ഇഷ്ടം തന്നേ ആകട്ടെ എന്നു പ്രാർത്ഥിച്ചു. അവനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്നു ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി. പിന്നെ അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവൻെറ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി.

നമ്മുടെ കർത്താവിനു ആശ്വാസം വേണ്ട കാലങ്ങൾ, തന്നാൽ കഴിയുന്നതൊക്കെയും ചെയ്തിട്ടും അപരിഹാര്യാവസ്ഥകളെ മുഖാമുഖം ദർശിക്കേണ്ട കാലങ്ങൾ ഉണ്ടായിരുന്നു. ഇങ്ങനെയുള്ള കാലങ്ങൾ, 'നമ്മുടെ തോണി ചെറിയതു്, സമുദ്രം വിശാലം' എന്നു മുക്കവർ പറയുംപ്രകാരമുള്ള കാലങ്ങൾ, നമ്മുടെയും അനുഭവമല്ലയോ? ആശ്വാസം വേണ്ടിവരുന്ന അവസ്ഥകൾ ബലഹീനതയെ സൂചിപ്പിക്കുന്നില്ല. ആശ്വാസം എന്നതു ജീവിതത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങളോടു പോരാടാൻ ഉള്ളിൽ ധൈര്യംപ്രാപിക്കാനുള്ള മാർഗ്ഗം മാത്രമാകുന്നു. ഈ പോരാട്ടത്തിൽ നമ്മുടെ കർത്താവു ഗെത്ത്ശെമനയിൽവെച്ചുതന്നെ വിജയം പ്രാപിച്ചു.

ഒഴിച്ചുകൂടാത്ത പ്രയാസങ്ങൾ മനുഷ്യർക്കു എപ്പോഴെങ്കിലും നേരിടാതിരിക്കയില്ല. അവയുടെ ഫലം രണ്ടിലൊന്നാണ്. ഒന്നുകിൽ അവനിമിത്തം മനുഷ്യൻെറ ഹൃദയം കൈപ്പായിത്തീർന്നു, അവൻ ധൈര്യമില്ലാത്തവനും ജീവിതത്തിൽ അതൃപ്തനും മാനുഷദ്വേഷിയും ആയിത്തീരുന്നു. അല്ലെങ്കിൽ അവ അവനെ താ

ഴ്മയും ദയയും ദൈവത്തിൽ ആശ്രയവും പഠിപ്പിച്ച് ഉൽകൃഷ്ടനാക്കിത്തീക്കുന്നു.

ഈ ഫലങ്ങൾ അവനവൻെറ ഹൃദയാവസ്ഥയെ ആശ്രയിച്ചല്ലയോ ഇരിക്കുന്നത്?

---

## അഞ്ചാം ആഴ്ച:—അഞ്ചാംദിവസം.

യോഹ. 12: 23—5: 27, 28. യേശു അവരോടു ഉത്തരം പറഞ്ഞതു: മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു, ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. തൻെറ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തൻെറ ജീവനെ പകെക്കുന്നവൻ അതിനെ നിത്യജീവന്നായി സൂക്ഷിക്കും.

ഇപ്പോൾ എൻെറ ഉള്ളം കലങ്ങിയിരിക്കുന്നു; ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ നാഴികയിൽനിന്നു എന്നെ രക്ഷിക്കേണമേ; എങ്കിലും ഇതുനിമിത്തം ഞാൻ ഈ നാഴികയിലേക്കു വന്നിരിക്കുന്നു. പിതാവേ, നിൻെറ നാമത്തെ മഹത്വപ്പെടുത്തേണമേ.

മത്താ. 7: 24—27. എൻെറ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാററു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു: അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എൻെറ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു; വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാററു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു; അതു വീണു; അതിൻെറ വീഴ്ച വലിയതായിരുന്നു.

മനുഷ്യർ നന്മചെയ്യുന്നവരായാലും തിന്മചെയ്യുന്നവരായാലും ഇന്നല്ലെങ്കിൽ നാളെ വല്ല പ്രയാസമോ സങ്കടമോ അവരെ ബാധിക്കാതിരിക്കയില്ല. കഷ്ടത സ്വഭാവത്തിൻെറ

ഉത്തമ ഉരകല്ലാകുന്നു. കാററും കോളും ഇല്ലാതിരിക്കുന്നിടത്തോളം ഒരു ഭവനം മറെറാരു ഭവനത്തെപ്പോലെതന്നെ ഉറപ്പുള്ളതായി തോന്നും. കൊടുങ്കാററു അടിക്കുമ്പോൾ മാത്രമേ ഏതാണു ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ പണിതതു എന്നു പ്രത്യക്ഷമാകയുള്ളൂ. മുതലെല്ലാം നഷ്ടമായിപ്പോകുമ്പോൾ, ആലോചനകളെല്ലാം വ്യർത്ഥമായി ചമയുമ്പോൾ, പ്രിയപ്പെട്ടവർ മരിക്കുമ്പോൾ, ആശകൾക്കു ഭംഗം വരുമ്പോൾ, ഉദ്ദിഷ്ടകാര്യങ്ങൾ സാധിക്കാൻ ആരോഗ്യം ഇല്ലാതാകുമ്പോൾ, ഒരു മനുഷ്യന്റെ സ്വഭാവം പാറമേലോ മണലിലോ പണിതിരിക്കുന്നതു എന്നറിയാം.

ദൈവദൃഷ്ടിയിൽ വിജയം ആത്മികമാണെന്നും. ആത്മികവിജയത്തിനു കഷ്ടതകൾ സഹായമാക്കിത്തീർക്കാൻ ദൈവത്തിനു കഴിയുമെന്നും, നിങ്ങൾക്കു ബോധമുണ്ടോ? അവിശ്വസ്തതയുടെ പരിണാമം ലോകദൃഷ്ട്യാ വിജയമായിതോന്നിയാലും യഥാർത്ഥത്തിൽ പരാജയം ആണെന്നും വിശ്വസ്തതയുടെ പരിണാമം ലോകദൃഷ്ട്യാ പരാജയമായി തോന്നിയാലും യഥാർത്ഥത്തിൽ വിജയമാണെന്നും നിങ്ങൾക്കു വിശ്വാസമുണ്ടോ? സങ്കടം വരുമ്പോൾ വീണുപോകാതെവണ്ണം നിങ്ങളുടെ വിശ്വാസം കർത്താവിൽ സ്ഥിരപ്പെട്ടിരിക്കുന്നുവോ?

---

## അഞ്ചാം ആഴ്ച:—ആറാം ദിവസം

മക്കൊ. 15: 22—37. തലയോടിടം എന്നർത്ഥമുള്ള ഗൊൽഗോഥാ എന്ന സ്ഥലത്തേക്കു അവനെ കൊണ്ടുപോയി; കണ്ടിവെണ്ണ കലർത്തിയ വീഞ്ഞു അവനു കൊടുത്തു; അവനോ വാങ്ങിയില്ല. അവനെ ക്രൂശിച്ചശേഷം അവന്റെ ഇന്ന വസ്ത്രം ഇന്നവനു കിട്ടേണം എന്നു ചീട്ടിട്ടു പകുതിചെയ്തു. മൂന്നാം മണിനേരമായപ്പോൾ അവനെ ക്രൂശിച്ചു, യെഹൂദന്മാരുടെ ര

ജാവു എന്നിങ്ങനെ അവന്റെ കുററം മീതെ എഴുതിയിരുന്നു. അവർ രണ്ടു കള്ളന്മാരെ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തുമായി അവനോടുകൂടെ ക്രൂശിച്ചു. (അധൎമ്മികളുടെ കൂട്ടത്തിൽ അവനെ എണ്ണി എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി.) കടന്നുപോകുന്നവർ തലകുലുക്കിക്കൊണ്ടു: ഹാ, ഹാ, മന്ദിരം പൊളിച്ചു മൂന്നുനാളുകൊണ്ടു പണിയുന്നവനേ, നിന്നെത്തന്നേ രക്ഷിച്ചു ക്രൂശിൽനിന്നു ഇറങ്ങിവാ എന്നു പറഞ്ഞു അവനെ ദുഷിച്ചു. അങ്ങനെ തന്നേ മഹാപുരോഹിതന്മാരും മൂപ്പന്മാരും അവനെ പരിഹസിച്ചു: ഇവൻ മററുള്ളവരെ രക്ഷിച്ചു തന്നെത്താൻ രക്ഷിപ്പാൻ വഹിയാ. നാം കണ്ടു വിശ്വസിക്കേണ്ടതിന്നു ക്രിസ്തു എന്ന യിസ്രായേൽരാജാവു ഇപ്പോൾ ക്രൂശിൽനിന്നു ഇറങ്ങിവരട്ടെ എന്നു തമ്മിൽ പറഞ്ഞു; അവനോടുകൂടെ ക്രൂശിക്കപ്പെട്ടവരും അവനെ പഴിച്ചുപറഞ്ഞു.

ആറാം മണിനേരമായപ്പോൾ ഒമ്പതാം മണിനേരത്തോളം ദേശത്തു എല്ലാം ഇരുട്ടുണ്ടായി. ഒമ്പതാംമണിനേരത്തു യേശു: എന്റെ ദൈവമേ; എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്തു എന്നു അർത്ഥമുള്ള എലോഹീ, എലോഹീ, ലമ്മാ ശബക്താനി, എന്നു അത്യുച്ചത്തിൽ നിലവിളിച്ചു. അരികെ നിന്നവരിൽ ചിലർ കേട്ടിട്ടു: അവൻ ഏലിയാവെ വിളിക്കുന്നു എന്നു പറഞ്ഞു. ഒരുത്തൻ ഒരു സ്പോഞ്ചിൽ പുളിച്ച വീഞ്ഞു നിറെച്ചു ഒരു ഓടക്കോലിന്മേലാക്കി: നില്പിൻ! ഏലിയാവു അവനെ ഇറക്കുവാൻ വരുമോ എന്നു നമുക്കു കാണാം എന്നു പറഞ്ഞു അവന്നു കുടിപ്പാൻ കൊടുത്തു. യേശു ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു.

നമ്മുടെ കൎത്താവു നീതിക്കായി മരണത്തിൽ അവസാനിച്ച കഷ്ടങ്ങൾ സഹിച്ചു അതിന്റെ അടയാളമായ ക്രൂശു ലോകത്തെ തനിക്കു അധീനമാക്കാൻ മറെറല്ലാററിനെക്കാൾ അധികം സഹായിച്ചിട്ടുണ്ടു്. ഉദ്ദേശ്യസാദ്ധ്യത്തിന്നായി കഷ്ടത അനുഭവിപ്പാൻ സന്നദ്ധമായ സ്നേഹംപോലെ ശക്തിയുള്ളതു വേറൊന്നുമില്ല. 'അയ്യോ! ഈ ജനം മഹാപാതകം ചെയ്തു—എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽനിന്നു എന്റെ

പേർ മായിച്ചുകളയേണമേ' (പുറ. 32: 31, 32) എന്ന മോശയുടെ പ്രാൎത്ഥനയെ സ്മരിക്കുക.

ഒരാളെ ഒരു ആശയത്തോടു ഏകീഭവിപ്പിച്ചു, താൻ സ്നേഹിക്കുന്ന ജനത്തിനുവേണ്ടി, സ്വാൎത്ഥസംബന്ധമായ സൎവ്വവും ഉപേക്ഷിപ്പാൻ സന്നദ്ധനാക്കുന്ന ഈ ഭക്തിയിലാകുന്നു സ്വഭാവത്തിൻെറ പരിപൂൎണ്ണത സ്ഥിതിചെയ്യുന്നതു്

ഈ സത്യത്തെ മുൻനിൎത്തിക്കൊണ്ടു നമ്മുടെ കൎത്താവിൻെറ ജീവിതത്തെപ്പററി ധ്യാനിച്ചു അവൻെറ സ്നേഹാധിക്യത്തെ നിങ്ങളുടെ ജീവിതത്തോടു സാദൃശ്യപ്പെടുത്തി നോക്കുക.

---

## അഞ്ചാം ആഴ്ച:—ഏഴാം ദിവസം

2കൊരി. 4: 7—10. എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിൻെറ ദാനമത്രേ എന്നു വരേണ്ടതിന്നു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളതു്. ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല; ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല; ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല: യേശുവിൻെറ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന്നു യേശുവിൻെറ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു.

2കൊരി. 4: 16—18. അതുകൊണ്ടു ഞങ്ങൾ അധൈൎയ്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിൻെറ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല,

കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം.

ഈ വാക്യങ്ങളിൽ 'വിശു. പൌലൊസു' നമ്മുടെ കർത്താവിൻെറ ആത്മാവോടു ഏകീഭവിച്ചതായി കാണുന്നില്ലേ? നിഷ്കാമ്യമായ സ്ഥിതികളിലും അസാധാരണ കഷ്ടതകളിലും നമ്മുടെ കർത്താവിനു ധീരതയും സഹിഷ്ണുതയും ഉണ്ടായതു ദൈവത്തിൻെറ സദുദ്ദേശ്യത്തിൽ തനിക്കുണ്ടായിരുന്ന പൂർണ്ണവിശ്വാസം നിമിത്തമാകുന്നു. തന്നെ സംബന്ധിച്ച ദൈവത്തിൻെറ ഇഷ്ടം എന്താണെന്നുവെച്ചാൽ അതു നിവൎത്തിക്കയായിരുന്നു തൻെറ ജോലി. അതിൻെറ പരിണാമം ദൈവത്തിങ്കൽ ഭരമേല്പിച്ചു. ദൈവമോ, വിശ്വസ്തതയോടെ നിൎവ്വഹിക്കുന്ന ജോലികളെ യോഗ്യമായ വിധത്തിൽ പൎയ്യവസാനിപ്പിക്കാതിരിക്കയില്ല. കൎത്തവ്യ ക്ഷമയോടു കഷ്ടം അനുഭവിച്ചു, ധീരതയോടെ സഹിച്ചു, ഉദാരതയോടു തന്നെത്താൻ അർപ്പിച്ചു, പ്രത്യാശയോടു പ്രവൎത്തിച്ചു, എന്തെന്നാൽ ദൈവം തൻെറ പക്ഷത്താണെന്നും തൻെറമേൽ വിജയം പ്രാപിപ്പാൻ വേറെ ഒന്നിനും കഴികയില്ലെന്നും തനിക്കു നിശ്ചയമുണ്ടായിരുന്നു. തൻെറ മരണവും ദൈവത്തിൻെറ ഉദ്ദേശ്യനിവൃത്തിക്കു ആവശ്യമാണെന്നറിഞ്ഞു അതിൽനിന്നുപോലും പിൻമാറാതെ 'നിൻെറ ഇഷ്ടം തന്നെയാകട്ടെ, എൻേറതല്ല' എന്നു ധീരതയോടു പറഞ്ഞു. ഇങ്ങനെയുള്ള സ്വഭാവത്തിനു ഇങ്ങനെയുള്ള വിശ്വാസം ആവശ്യമാണു. ആശയത്തെപ്പററി വിശ്വാസമില്ലാതെ പരിണാമത്തെപ്പററി പ്രത്യാശ ഉണ്ടാകയില്ല. ദൈവത്തിൽ ആശ്രയിക്കാതെ ഒരാൾക്കു മാനുഷദ്വേഷിയോ, നന്മതിന്മകളെപ്പററി സമചിത്തനോ, ആയിരിപ്പാൻ കഴിയും. എല്ലാം നന്മയ്ക്കായി പ്രവൎത്തിക്കുന്നു എന്നുള്ള വിശ്വാസത്തിൽ സന്തോഷത്തോടെ നഷ്ടം സഹിപ്പാനോ, കഷ്ടം അനുഭവിപ്പാനോ അവനു കഴികയില്ല.

## അദ്ധ്യായം 10

### അഞ്ചാം ആഴ്ചത്തേക്കുള്ള വിമർശനവീഥി

# നമ്മുടെ കർത്താവിൻെറ സഹനശക്തി

ഒരു ജയം സമ്പാദിക്കുന്നതോ, ഒരു തോൽവി സഹിച്ച് അധൈര്യപ്പെടാതെ മനശ്ശാന്തത വെച്ചുകൊള്ളുന്നതോ, ഏതാണ് അധികം പ്രയോജനമുള്ളത്? ഏതാണു സ്വഭാവത്തെ അതികഠിനമായി ക്ഷീണിപ്പിക്കുന്നത്? നിർഭാഗ്യാവസ്ഥ നേരിടുമ്പോഴും, അടിക്കടി തോൽവിയിൽക്കൂടി കടക്കേണ്ടി വരുമ്പോഴും, മനുഷ്യാത്മാവ് എങ്ങനെ വർത്തിക്കുമെന്നു നോക്കുന്നതിനേക്കാൾ കൂടുതലായ ഒരു പരിശോധന ഉണ്ടാവാനില്ല. ഒരു മനുഷ്യൻ സാക്ഷാൽ എങ്ങനെയുള്ളവൻ എന്നു തെളിയുന്നതു അപ്പോഴാണ്. ഒരു മനുഷ്യനു പ്രാപ്തിയുണ്ടെങ്കിൽ അവനു ചില കാര്യങ്ങൾ സാധിക്കാൻ കഴിയുന്നതു് ഒരു സന്തോഷംതന്നെയാണ്. എന്നാൽ കഠിനമായ ക്ഷോഭങ്ങൾ തട്ടിയിട്ടും സുസ്മേരവദനനായി കാണപ്പെടുന്നതു്, ജീവിതക്കപ്പലിൻെറ പായ് കാററുപറപ്പിച്ചു കൊണ്ടുപോയിട്ടും, വേറൊരു ചെറിയ പായെങ്കിലും കയററി കപ്പലോട്ടം തുടരാൻ ശ്രമിക്കുന്നതു്—ഇതാണു സ്വഭാവത്തെ ഏററവും സ്പർശിക്കുന്ന പരിശോധന. 'നിനക്കു് എത്രമാത്രം പ്രവർത്തിക്കാം?' എന്നുള്ളതു മാത്രമല്ല ജീവിതത്തിലെ ചോദ്യം. 'നിനക്കെത്രമാത്രം കേടുകൂടാതെ സഹിക്കാം?' എന്നുള്ളതും കൂടിയാണ്.

ഒരു മത്സരക്കളിയിൽ തോൽവി ഉണ്ടായിട്ടും അധൈര്യപ്പെടാതെ അവസാനത്തെ വിനാഴികവരെ കളി തുടരുമ്പോഴും, മത്സര ഓട്ടത്തിൽ ഒരുത്തൻ പിന്നിൽ ആയിപ്പോയാലും മടുത്തുപോകാതെ ഓട്ടം തുടർന്നു അവസാനത്തെ വിനാഴികയിൽ ഒരു ചാട്ടത്തിനു മുമ്പിൽ കയറി ബിരുദു സമ്പാദിക്കുമ്പോഴും, നാം അവരുടെ സാമർത്ഥ്യത്തെ അഭിനന്ദിക്കാറുണ്ട്. മനുഷ്യജീവിതത്തിൽ ഈ സ്വഭാവവിശേഷം ഉന്നതനില

യെ പ്രാപിക്കുന്നതിനു അത്യാവശ്യമുള്ളതാണ്. പ്രെസ്കോട്ട് എന്ന ചരിത്രകാരൻ പതിനഞ്ചു വയസ്സ് പ്രായമുള്ള ഒരു ബാലനായിരുന്നപ്പോൾ ഹാർവാർഡിൽവെച്ചു ഒരു കളിയിൽ യാദൃശ്ചികമായി കണ്ണു പൊട്ടുന്നതിനു ഇടയായി. എന്നിട്ടും അധൈര്യപ്പെടാതെ തൻെറ ജോലിയെ തുടർന്നു ഉന്നതനിലയെ പ്രാപിച്ചതിൽ അദ്ദേഹത്തിൻെറ സാമർത്ഥ്യത്തെ നാം അഭിനന്ദിക്കതന്നെ ചെയ്യുന്നു. സാമർത്ഥ്യം അല്ലെങ്കിൽ പിടിപ്പ് ഓരോരുത്തക്കു ജീവിതത്തിൽ അത്യാവശ്യമുള്ളതാണ്. ഇതില്ലാഞ്ഞാൽ മനുഷ്യസ്വഭാവത്തിൻെറ ഇതരവശങ്ങളൊന്നിനും ഫലപ്രാപ്തി സിദ്ധിക്കയില്ല. ജീവിതം സുഭിക്ഷതയോടെ ആരംഭിച്ചിരുന്നാൽതന്നെയും, ധൈര്യം, ഉറപ്പ്, കേടു കൂടാതെ സഹിക്കുന്നതിനുള്ള ശക്തി ഇവ ഏററവും അത്യാവശ്യമായിരിക്കുന്ന ഒരു സമയമുണ്ടാകും. കർത്താവ് പറഞ്ഞതുപോലെ കാററുകൾ അടിക്കയും മഴ പെയ്തു പെരുവെള്ളം വരികയും ചെയ്യുന്ന നാൾ വരും. സർ വാൾട്ടർ സ്കോട്ടിൻെറ പ്രാരംഭദശ അത്യധികം സുഭിക്ഷതയുള്ളതായിരുന്നു. അദ്ദേഹം ഒരു മഹാകവിയായിരുന്നു. തൻെറ നോവലുകൾ അഭൂതപൂർവ്വമായവിധത്തിൽ പ്രചരിക്കയും യൂറോപ്പു മുഴുവൻ തൻെറ നാമം ആകർഷണീയം ആയിത്തീരുകയുംചെയ്തു. അബ്ബട്ട്സ്ഫോർഡു എന്ന ഒരു കോട്ടയും, സ്ഥലവും പണിതുണ്ടാക്കി, വളരെ ധനം ആർജ്ജിച്ചു, മഹാരാജാവിൻെറ തൃക്കയ്യിൽനിന്നും (സർ) സ്ഥാനം ലഭിക്കയുംചെയ്തു. അപ്പോഴാണു കൊടുങ്കാററുണ്ടായതു്. ആദ്യം പുസ്തകങ്ങൾ പ്രസിദ്ധം ചെയ്തുകൊണ്ടിരുന്ന കമ്പനി പൊളിഞ്ഞതിനാൽ ഒരുലക്ഷത്തിമുപ്പതിനായിരം പവൻ കടമാണ് ശേഷിച്ചതു്. തൻെറ ഭാര്യ മരിച്ചു, തൻെറ ആരോഗ്യവും ക്ഷയിച്ചു. താൻതന്നെ പറയുന്നു:—'ഞാൻ ഈ അന്ധകാരത്തിൻ കടലിലാണ്. എൻെറ കപ്പലും ഓട്ടയുള്ളതാണെന്നു തോന്നുന്നു.' ഈ തോൽവിയുടെ വർഷങ്ങളിൽ സർ വാൾട്ടർ സ്കോട്ടിൻെറ ധൈര്യവും, ലായുടെ ഒരു സൂത്ര

വശം പ്രയോഗിച്ചു കടത്തിൽനിന്നു ഒഴിയുന്നതിനു സമ്മതി ക്കാതിരുന്നതും, തൻെറ ക്ഷമയും മനശ്ശാന്തിയും, ദൈവത്തിൽ ഉള്ള സ്ഥിരവിശ്വാസവും, ക്ഷീണിക്കാതെ ചെയ്തുവന്ന ജോ ലിയും, അറിയുന്ന അൎത്ഥം അദ്ദേഹത്തിൻെറ സ്വഭാവത്തി ൻെറ ആഴമായ നില അദ്ദേഹത്തിൻെറ സുഭിക്ഷകാലങ്ങളി ലേക്കാൾ നല്ലതുപോലെ വെളിപ്പെടുന്നതാണു്. കഷ്ടം സ ഹിക്കുന്നതുവരെ ഒരു സ്വഭാവത്തിൻെറയും പരിശോധന അവസാനമായിരിക്കുന്നതല്ല. നമ്മുടെ കഷ്ടങ്ങളെ ശരിയായി ഉപയോഗിക്കുന്നതിനെക്കാൾ നമ്മുടെ താലന്തുകളെ ശരിയാ യി ഉപയോഗിക്കുന്നതും, നിൎഭാഗ്യാവസ്ഥയിൽ ക്ഷമയുണ്ടാ യിരിക്കുന്നതിനെക്കാൾ സുഭിക്ഷതസമയത്തു സംഗതികൾ സാധിക്കുന്നതും, എളുപ്പമുള്ളതാണു്.

കൎത്താവിൻെറ സ്വഭാവത്തെ മനസ്സിലാക്കണമെങ്കിൽ ഈ വിധത്തിൽ അതിനെ പഠിക്കേണ്ടതാണു്. മനുഷ്യപു ത്രൻ പലതും സഹിക്കേണ്ടതാണു് (മൎക്കൊ. 8: 31) എന്നു ക ൎത്താവു പറഞ്ഞതു് തൻെറ ജീവിതത്തിൽ എങ്ങനെ യഥാൎത്ഥ മായി ഭവിച്ചു എന്നു ആലോചിക്കാം:—

ദൃഷ്ടാന്തമായിട്ടു, എത്രയും അധൈൎയ്യപ്രദമായ പരിത സ്ഥിതികളിൽക്കൂടിയും തൻെറ പ്ലാൻ അനുസരിച്ചു പ്രവ ൎത്തിച്ചതിൽ യേശു പ്രദൎശിപ്പിച്ച അത്ഭുതകരമായ വിശ്വാ സവും ഉറപ്പും നമുക്കു് ചിന്തിക്കാം. ഒരു ഉദ്ദേശ്യസാദ്ധ്യത്തി നായി പ്രവൎത്തിക്കുന്ന ഒരു നായകനു്, തന്നെ വിഘ്നപ്പെടു ത്തുകയും ബുദ്ധിമുട്ടിക്കയും ചെയ്യുന്ന സാഹചൎയ്യങ്ങളുമായി ദി വസേന മല്ലിടേണ്ടിവരുന്നതിനേക്കാൾ കൂടുതൽ പ്രയാസമു ള്ളതു് ഒന്നുംതന്നെയില്ല. യേശു തൻെറ ജോലി ഏതു സാഹ ചൎയ്യങ്ങളിലാണു് ചെയ്തിരുന്നതു് എന്നു് അല്പം ചിന്തിക്കുന്ന ഒരാൾക്കു് അത്ഭുതപ്പെടുന്നതിനു ഇടയുണ്ടു്. തൻെറ പ്രവൃത്തി സ്ഥലം ചെറുതായിരുന്നു. 'ദാൻ തുടങ്ങി ബേൎശേബാവരെ' എന്നുള്ളതു വലുപ്പത്തെ കാണിക്കുന്നതായിട്ടാണിരിക്കുന്നതെ

ങ്കിലും, ദാൻ മുതൽ ബേർശേബാവരെ 139 മൈൽസ് മാത്രമേയുള്ളു. 'ടോം ബ്രൌണിൻെറ വിദ്യാലയകാലം' എന്ന പുസ്തകത്തിൻെറ കത്താവായ മിസ്റ്റർ ഹ്യൂസ് താഴെക്കാണുന്ന വിധത്തിൽ പറയുന്നതു ശരിയാണ്. ഏറോദേസന്മാർ ഫലസ്തീൻനാട്ടു ഭരിച്ചിരുന്നപ്പോൾ പീലാത്തോസു യെരുശലേമിൻെറമേൽ അധീശഗവണ്മെൻറിൻെറ അധികാരം നടത്തിയിരുന്നതുപോലെ, ഒരു ഇംഗ്ലീഷ് ഉദ്യോഗസ്ഥനു മേൽനോട്ടമുള്ളതും ഒരു രാജാവു നാട്ടുകാരെ ഭരിക്കുന്നതുമായ ഒരു സംസ്ഥാനം ഇൻഡ്യയിൽ എടുക്കുക. ഹിമാലയപർവ്വതങ്ങളുടെ അടിവാരത്തു അങ്ങനെയുള്ള ഒരു സംസ്ഥാനത്തിൽ ഒരു നാട്ടുകാരൻ തൻെറ ആശാരിപ്പണിസ്ഥലത്തുനിന്നും ഇറങ്ങിയിട്ടു താൻ ഒരു നിത്യരാജ്യത്തിൻെറ സ്ഥാപകനെന്നും ഒരു സർവ്വലോകസമുദായത്തിൻെറ നിയമദാതാവെന്നും, മനുഷ്യജാതിയെ ദൈവത്തിങ്കലേക്കു വീണ്ടെടുക്കുന്നവനെന്നും ഘോഷിച്ചാൽ ഉള്ള അവസ്ഥ, യേശു തൻെറ വേലയെ ഫലസ്തീൻനാട്ടിൽ തുടങ്ങിയപ്പോൾ ഉള്ള നിലയോടു സാമ്യപ്പെടുത്താവുന്നതാണ്. ഇങ്ങനെയുള്ള പരിതസ്ഥിതികളിൽ ആണ് കർത്താവു അത്ഭുതകരമായ ക്ഷമയോടും വിശ്വാസത്തോടുംക്രൂടി സഞ്ചരിച്ചു പ്രവർത്തിച്ചതു്.

രണ്ടാമതായി, തൻെറ വേല ചെയ്യുന്നതിനു താൻ ഉപയോഗിക്കേണ്ടിയിരുന്ന മനുഷ്യായുധങ്ങളുടെ അപര്യാപ്തതയെക്കുറിച്ചു ചിന്തിക്കുക. ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒടിയുന്നതോ തൻെറ ഹിതപ്രകാരമുള്ള ജോലി ചെയ്യുന്നതിനു പോരാത്തതോ ആയ പണിആയുധങ്ങളേക്കാൾ ഒരു കൊത്തുപണിക്കാരൻെറ ക്ഷമയെ പരീക്ഷിക്കുന്നതായിട്ടു ഒന്നുംതന്നെയില്ല. തങ്ങൾ യേശുവിൻെറ കയ്യിൽ അപ്രകാരമുള്ള ആയുധങ്ങളായിരുന്നു എന്നു ശിഷ്യന്മാർതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതികാരേച്ഛയായി പുറത്തേക്കു പുറപ്പെട്ട നീചതരത്തിലുള്ള വിരോധവിചാരങ്ങൾകൊണ്ടു അവരുടെ ഹൃദയം

നിറഞ്ഞിരുന്നു (ലൂക്കൊ. 9: 54). ശുദ്ധവും അശുദ്ധവുമായ ഭക്ഷണങ്ങളെക്കുറിച്ചുള്ള യെഹൂദചട്ടങ്ങളിൽ അവർ വിശ്വസിച്ചിരുന്നതുകൊണ്ടു് ദൈവം തന്റെ കുഞ്ഞുങ്ങളിൽ ആവശ്യപ്പെടുന്നതു ബാഹ്യാചാരമല്ല ആത്മീയഗുണമാണു് എന്നു യേശു ഉപദേശിച്ചതു പത്രൊസിനു മനസ്സിലായില്ല (മൎക്കൊ. 7: 14—19). അവരുടെ അത്യാഗ്രഹം നിമിത്തം അവർ പ്രഥമസ്ഥാനം കാംക്ഷിക്കത്തക്കവണ്ണം രാഷ്ട്രീയ ചിന്തകൊണ്ടു നിറഞ്ഞിരുന്നു (മത്താ. 20: 20, മൎക്കൊ. 10: 35—37). അവസാനത്തെ പെസഹാഭക്ഷണത്തിനു ഇരുന്നപ്പോൾകൂടിയും അവൎക്കു ഈ മത്സരം ഉണ്ടായിരുന്നതായി ലൂക്കൊസു പറയുന്നു (ലൂക്കൊ. 22: 24—26). തന്റെ യഥാൎത്ഥ ഉദ്ദേശ്യം അവരെ മനസ്സിലാക്കുന്നതിനു യേശുവിനു വളരെ വിഷമമുണ്ടായിട്ടുണ്ടു്. ഒരിക്കൽ അവൻ പത്രൊസിനോടു ചോദിക്കുന്നു—'നിങ്ങളും ഗ്രഹിക്കുന്നില്ലയോ?' അവസാനരാത്രിയിൽ അവൻ ഫീലിപ്പൊസിനോടു തിരിഞ്ഞു ചോദിക്കുന്നു—'ഞാൻ ഇത്രകാലം നിങ്ങളോടുകൂടിയിരുന്നിട്ടും നിങ്ങൾ എന്നെ അറിഞ്ഞിട്ടില്ലയോ?' അവസാനത്തിൽ ഒരു ശിഷ്യൻ കൎത്താവിനെ ഒററിക്കൊടുത്തു. വേറൊരു ശിഷ്യൻ തന്നെ തള്ളിപ്പറഞ്ഞു. ശേഷം എല്ലാവരും തന്നെ വിട്ടു ഓടിപ്പോയി. അവർതന്നെ തങ്ങളെക്കുറിച്ചു ഇതു രേഖപ്പെടുത്തിയിരിക്കുന്നു. യേശു വളരെ പ്രാൎത്ഥനയുടെ ശേഷം തന്റെ ശിഷ്യന്മാരിൽ വളരെ വിശ്വസ്തരും യോഗ്യരുമായിരുന്ന ഇവരെ തിരഞ്ഞെടുത്തു അപ്പൊസ്തലന്മാരായിട്ടു നിയമിച്ചതാണു് (ലൂക്കൊ. 6: 12, 13). ഇവർ മുഖാന്തരം തന്റെ വേല ചെയ്തതിൽ കൎത്താവിന്റെ ക്ഷമ എത്ര അഗാധമായിരുന്നിരിക്കണം!

മനുഷ്യരെ രക്ഷിക്കുന്നതായ തന്റെ വേലയെക്കുറിച്ചു ചിലർ തുടരെ വിരോധഭാവം കാണിച്ചും ദൂഷ്യം പറഞ്ഞും തെററിദ്ധരിച്ചും പ്രവൎത്തിച്ചതു നോക്കുക, ഒരുത്തനു സത്യം പഠിപ്പിക്കുന്നതിനുള്ളപ്പോൾ അതു ഉപദേശിക്കുന്നതും, സ്നേ

ഹാത്മാവുള്ള ഒരാൾ മനുഷ്യരെ ശുശ്രൂഷിക്കുന്നതും, എളുപ്പമുള്ളതെന്നു മാത്രമല്ല സംതൃപ്തി വരുത്തുന്നതുമാകുന്നു. എന്നാൽ കർത്താവു പഠിപ്പിച്ച സത്യത്തെ മനുഷ്യർ കോട്ടിപ്പറഞ്ഞപ്പോഴും, തന്റെ സ്നേഹത്തെ ദുഷിക്കയും ആക്ഷേപിക്കയും ചെയ്തപ്പോഴും, താൻ എത്രമാത്രം സഹിച്ചിരിക്കണം എന്നു ചിന്തിക്കുക. താൻ ആത്മാവിനെ ശരീരത്തെക്കാൾ ഉന്നതമായിട്ടും ആത്മാവു ലോകം മുഴുവനെക്കാൾ വിലയുള്ളതായിട്ടും കരുതിയിരുന്നു; എന്നിട്ടും അവർ തന്നെ ഒരു തിന്നിയും കുടിയനും എന്നു വിളിച്ചു. മനുഷ്യനു ഊഹിക്കാവുന്നിടത്തോളം ദൈവത്തോടു ഭക്തിപൂർവ്വം അടുത്തുമാണു താൻ പെരുമാറിയതു്, എന്നിട്ടും അവർ തന്നെ ഒരു ദൈവദൂഷണക്കാരൻ എന്നു വിളിച്ചു (മത്താ, 9: 3). 'നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ' എന്നുള്ളതു തന്റെ സ്വാഭാവികമായ ഒരു ദൈവാരാധനാവാക്യമായിരുന്നു. ഐഹികമായ ഒരു രാജ്യം സ്ഥാപിക്കണമെന്നു തനിക്കു താല്പര്യമില്ലായിരുന്നു (മത്താ. 4: 8—10). ഒരു കിരീടം സ്വീകരിക്കുന്നതിനൊ ഒരു രാഷ്ട്രീയവിപ്ലവം നയിക്കുന്നതിനൊ താൻ സമ്മതിച്ചില്ല (യോഹ. 6: 15). അവൻ മനുഷ്യരുടെ ആത്മാക്കളെ രക്ഷിക്കുന്നവനായിരുന്നു. എന്നാൽ യഹൂദന്മാർ അവനെ കുററപ്പെടുത്തിയതു രാഷ്ട്രത്തിൽ കലഹമുണ്ടാക്കിയെന്നാണു്, അങ്ങനെ കള്ളസ്സാക്ഷികളെക്കൊണ്ടു പറയിച്ചു; കൂടാതെ, ജനങ്ങളെ ഇളക്കി 'കൈസറല്ലാതെ ഞങ്ങൾക്കു രാജാവില്ല' എന്നു അവരെക്കൊണ്ടു നിലവിളിപ്പിച്ചു. അവൻ സത്യത്തിൽ ദൃഢഭക്തിയുള്ളവനായിരുന്നു. അതിനുവേണ്ടി മരിക്കേണ്ടിവന്നിട്ടും തന്റെ ധൃതിനെ പിടിച്ചുകൊണ്ടു നിന്നു. എന്നിട്ടും അവർ തന്നെ ദുർഭാഷ്കു പറയുന്നവൻ എന്നു കുററപ്പെടുത്തി (യോഹ. 7: 12). എത്ര വിരോധഭാവമുള്ളവരോടും തനിക്കു സ്നേഹമേയുണ്ടായിരുന്നുള്ളു. എന്നിട്ടും അവർ തന്നെ പിശാചിന്റെ ദാസൻ എന്നു വിളിച്ചു (മത്താ. 10: 24). തനിക്കു ഭ്രാന്താണെന്നു സ്വന്ത

കുടുംബക്കാർകൂടി തെററിദ്ധരിച്ചു (മർക്കോ. 3: 4). ഒരുത്തനെ തൻെറ സ്നേഹിതന്മാർ കിറുക്കനെന്നു വിചാരിക്കുമ്പോഴും, തന്റെ സഭക്കാർ വേദവിപരീതക്കാരൻ എന്നു തീരുമാനിച്ചു ഭ്രഷ്ടു കല്പിക്കുമ്പോഴും, തൻെറ സ്വന്തരാജ്യക്കാർ രാജ്യദ്രോഹി എന്നു കുററപ്പെടുത്തുമ്പോഴും, അശേഷം അധൈര്യപ്പെടാതെയും, ദൈവത്തിലുള്ള വിശ്വാസത്തിലും ആശയിലും ഒട്ടും ചാഞ്ചല്യം നേരിടാതെയും, തൻെറ ജോലിയെ തുടരന്നു കൊണ്ടിരിക്കണമെങ്കിൽ എത്രമാത്രം ക്ഷമയും സഹനശക്തിയും ഉണ്ടായിരിക്കണമെന്നു ചിന്തിക്കുക.

കൂടാതെ തൻെറ ഭൌമികജീവിതം ക്രൂശുമുഖാന്തരമുള്ള കഠോരമരണംമൂലമാകുന്ന പര്യവസാനിക്കുവാൻ പോകുന്നതെന്നു യേശു അറിഞ്ഞിരുന്നു. തന്നെ ക്രൂശിക്കുമെന്നുള്ള പ്രവചനം തീർച്ചയായും സംഭവിക്കുമെന്നു യേശു എത്രയും തെളിവായി ഫിലിപ്പിൻെറ കൈസര്യയിൽവച്ചു തൻെറ ശിഷ്യന്മാരോടു പറയുന്നു (മർക്കോ. 8: ?1). മററുള്ളവരെ ക്രൂശിക്കുന്നതു യേശുവും കണ്ടിരിക്കുമെന്നു വിചാരിക്കുന്നതിൽ തെററില്ല. അൻറുവർപ്പിലെ രൂബൻസു എന്ന പ്രസിദ്ധ ചിത്രകാരൻ എഴുതിയ ക്രൂശീകരണചിത്രത്തിൻെറ മുമ്പിൽ ഒരുവൻ നിന്നുകൊണ്ടു, ഇപ്രകാരം ഒരുവനെ ഭയജനകമായ വിധത്തിൽ ക്രൂശിക്കുന്നതു താൻ കണ്ടിട്ടുണ്ടെന്നും, തനിക്കും ഇതുപോലെ ഉള്ള ഒരു മരണം ആകുന്നു ഭവിക്കുവാൻ പോകുന്നതു് എന്നും വിചാരിക്കട്ടെ. അപ്പോൾ അവനു, യേശു തൻെറ പരസ്യശുശ്രൂഷയുടെ അവസാനഭാഗം ഏതുവിധത്തിൽ കഴിച്ചു എന്നു സ്വല്പമായി മനസ്സിലാക്കുവാൻ സാധിക്കും. രൂബൻസിൻെറ ആ സുപ്രസിദ്ധചിത്രം ആരുടെയും മനസ്സിൽ നിത്യമായി പതിയത്തക്കവണ്ണം അത്ര വൈഭവത്തോടുകൂടെ എഴുതിയിട്ടുള്ളതാകുന്നു. അതിൽ ഒരു കള്ളൻ ശ്വാസോച്ഛ്വാസത്തിനായി അക്ഷീണപരിശ്രമം ചെയ്യുന്നു. മററവനാകട്ടെ, മരിച്ചോ എന്നറിവാനായി റോമാപ്പടയാളി നിർദ്ദാക്ഷ

ണ്യവും നിഷ്ഠൂരവുമായ വിധത്തിൽ ഒരു കാലിനെ തല്ലി ഒടിക്കുമൂലം ഉളവായ അസഹനീയമായ വേദനനിമിത്തം മർമ്മഭേദകമായ വിധത്തിൽ നിലവിളിച്ചു ഞെരിയുന്നു. മററെക്കാലിനെ മരത്തോടു അടിച്ചു തറച്ചിരുന്ന ആണിയിൽനിന്നും വലിച്ചൂരി എടുക്കുന്നു. ഈ ഭയങ്കര കാഴ്ചയെ കാണുവാൻ മനസ്സില്ലാതെ വിശുദ്ധ മാതാവും വിശുദ്ധ യോഹന്നാനും നയനങ്ങളെ തിരിച്ചുകൊണ്ടു കഠിനമായി കരയുന്നു. മഗ്ദലനമറിയമാകട്ടെ കഠിനവ്യസനത്തോടും, ഭയരഹിതയായിട്ടും അരുമരക്ഷകന്റെ വിലാപ്പുറത്തു കുത്തിയ ആ പടയാളിയെ തടയുന്നതിനു വൃഥാ ശ്രമിക്കുന്നു. അവളുടെ ശ്രമങ്ങൾ നിഷ്ഫലങ്ങളായി പരിണമിക്കുന്നു. മരിച്ചുപോയ നാഥന്റെ ശരീരം ദയനീയമായ വിധത്തിൽ ക്രൂശിൽ കിടക്കുന്നു. യേശു തന്നെ ഈവിധത്തിലുള്ള ഭയങ്കരമായ ക്രൂശുമരണത്തെ കണ്ടിരുന്നിരിക്കണം. താനും അതുപോലെ മരിക്കുവാൻപോകുന്നു എന്നും അദ്ദേഹം അറിഞ്ഞിരുന്നു. ഇതു് യേശുക്രിസ്തുവിന്റെ ധീരതയും, മനോധൈര്യവും, സുദൃഢമായ മനോനിശ്ചയവും മൂലമായിരുന്നു എന്നു നാം പറയുന്നു എങ്കിൽ ആ വാക്കുകൾക്കു ഏററവും വിപുലവും വിസ്തീർണ്ണവുമായ അർത്ഥം കല്പിക്കേണ്ടിയിരിക്കുന്നു.

താൻമൂലവും തന്റെ മരണംമൂലവും ശിഷ്യന്മാരും ഉപദ്രവങ്ങളിലും പ്രയാസങ്ങളിലും അകപ്പെട്ടുമെന്നുള്ളതായിരുന്നു യേശുവിന്റെ ഹൃദയത്തെ സ്വന്ത മരണത്തെക്കാളും കൂടുതലായി ഖേദിപ്പിച്ചിരുന്നതു എന്നുള്ളതിനു സംശയമില്ല. മററുള്ളവർ പ്രയാസങ്ങൾ അനുഭവിക്കുന്നതിനു അവസരം കൊടുക്കുന്നതിനേക്കാൾ താൻതന്നെ പ്രയാസങ്ങളും കഷ്ടങ്ങളും അനുഭവിക്കുന്നതു് ഗുരുവിനു എളുപ്പമായി തോന്നി. ഗതസമനെ തോട്ടത്തിന്റെ വാതിൽക്കൽവെച്ചു നമ്മുടെ രക്ഷകൻ തിരിഞ്ഞു് തന്നെ പിടിപ്പാനായി വന്ന ഉദ്യോഗസ്ഥന്മാരോടു 'ഞാൻ തന്നെ. എന്നെ ആകുന്നു തിരയുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ള

ട്ടെ' (യോഹ. 18: 8) എന്നു പറഞ്ഞപ്പോൾ ആ വാക്കുകൾ, തൻെറ ഭയങ്കരമായ സങ്കടത്തിൻെറയും ആപത്തിൻെറയും മദ്ധ്യത്തിൽ സ്വശിഷ്യന്മാർ രക്ഷപ്പെടെണമെന്നുള്ള യഥാർത്ഥവും അഗാധവുമായ സ്നേഹത്തിൽനിന്നും കരുതലിൽനിന്നും ഉത്ഭവിച്ചവയായിരുന്നു. യേശുക്രിസ്തുവിൻെറ സ്നേഹം തൻെറ ശിഷ്യന്മാരുടെ ജീവിതത്തിൽ എത്രമാത്രം ഉപകാരപ്രദമായും ശക്തിയോടുകൂടെയും പ്രവർത്തിച്ചു എന്നും നാം പലപ്പോഴും ആലോചിക്കാറുണ്ട്. എങ്കിലും ക്രിസ്തുവിനോടുള്ള അവരുടെ സ്നേഹം അദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരു നിസ്സാരകാര്യമായി താൻ കരുതിയിരുന്നില്ല എന്നും നാം സ്മരിക്കേണ്ടതത്രേ. യേശു അവരെ 'സ്നേഹിതന്മാർ' എന്നത്രെ വിളിച്ചിരുന്നതു്. തൻെറ ജീവിതത്തിലെ ഏററവും പ്രധാനവും അഗാധവുമായ അനുഭവങ്ങളെ അവരോടുകൂടെഅത്രെ അനുഭവിച്ചതു് (മത്താ. 26: 36, 37). യേശു ഏകനായിരുന്നപ്പോൾ അവക്കു വേണ്ടി പ്രാർത്ഥിപ്പാൻ തക്കവണ്ണം അവരെ അത്ര അധികമായി സ്നേഹിച്ചിരുന്നു (ലൂക്കൊ. 22: 32). അവരുടെ നിസ്സാരമായ സഹായങ്ങൾക്കുപോലും അദ്ദേഹം കൃതജ്ഞത ഉള്ളവനായിരുന്നു, 'നിങ്ങളാകുന്നു എൻെറ പരീക്ഷകളിൽ എന്നോടുകൂടെ നിലനിന്നവർ' (ലൂക്കൊ. 22: 28) എന്നു പറഞ്ഞു അവരോടുള്ള നന്ദി പ്രദർശിപ്പിക്കുന്നു. തൻെറ അവസാന ദുർഘടസമയം ആഗതമായപ്പോൾ താൻ അവരുടെ കൂട്ടായ്മയെ അപേക്ഷിക്കുന്നു. 'ഞാൻ കഷ്ടം അനുഭവിക്കുംമുമ്പെ ഈ പെസഹ നിങ്ങളോടുകൂടെ കഴിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു' (ലൂക്കൊ. 22: 15) എന്നത്രെ അദ്ദേഹം അവരോടു പറഞ്ഞതു്. തൻെറ ജോലി മരണശേഷം എങ്ങനെ നിറവേറും എന്നും അതു എത്രമാത്രം അഭിവൃദ്ധിയെ പ്രാപിക്കുമെന്നും താൻ ആലോചിച്ചപ്പോൾ അദ്ദേഹം അത്ഭുതകരമായ വിശ്വാസത്തോടുകൂടെ അതു സ്വശിഷ്യന്മാരിൽ ഭരമേല്പിക്കുകയത്രേ ചെയ്തതു്. നമ്മുടെ കർത്താവിനെ 'സ്നേഹിതവിദഗ്ദ്ധൻ' എ

ന്നു വേണമെങ്കിൽ അഭിസംബോധന ചെയ്യാം. അദ്ദേഹം അ പ്രകാരം തന്നെ ആയിരുന്നു. തന്റെ യഥാർത്ഥമായ സ്നേഹത്തിന്റെ ആഴം അളക്കുന്നതിനു നമ്മുടെ ആലോചനാശക്തിക്ക സാധിക്കുകയില്ല, 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിപ്പിൻ' എന്നുള്ള നമ്മുടെ കർത്താവിന്റെ സ്നേഹത്തെപ്പററിയുള്ള കല്പന പ്രായോഗികമാക്കിത്തീൎക്കത്തക്കവണ്ണം ഒരുവൻ തന്റെ സ്നേഹിതന്മാരെ അത്ര ആഴമായി സ്നേഹിക്കുന്നു എങ്കിൽ, ആ സ്നേഹിതന്മാർ ആപത്തിലും അപവാദത്തിലും അകപ്പെടുന്നതു ആ ആളിനു എത്രമാത്രം ഹൃദയഭാരമായിരിക്കും? യേശുവിനെ ഏററവും കഠിനമായ വിധത്തിൽ ഖേദപ്പെടുത്തിയിരുന്ന ഒരു ഭാരം ഇതായിരുന്നു. അദ്ദേഹം പലപ്പോഴും അതു പ്രസ്താവിച്ചിരുന്നു. 'അവർ നിങ്ങളെ ന്യായാധിപസഭകളിൽ ഏല്പിക്കുകയും തങ്ങളുടെ പള്ളികളിൽവെച്ചു ചമ്മട്ടികൊണ്ടു അടിക്കുകയും......എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകയ്ക്കുകയും ചെയ്യും (മത്താ. 10: 17, 22; മർക്കൊ. 13: 9 മുതൽ). 'മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ചു ഭ്രഷ്ടരാക്കി നിങ്ങളുടെ പേർ വിടുക എന്നു തള്ളും' (ലൂക്കൊ. 6: 22). 'അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും. അത്രയും അല്ല, നിങ്ങളെ കൊല്ലുന്നവൻ എല്ലാം ദൈവത്തിനു വഴിപാടു കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു' (യോഹ. 16: 2). 'ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കുകയും ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കുകയും ചെയ്യും' (മർക്കൊ. 10: 39). തന്നെ പിന്തുടരുന്നതുമൂലം സ്വശിഷ്യന്മാർ ചെയ്യേണ്ടതായ ത്യാഗത്തെപ്പററി യേശു ഒന്നുംതന്നെ മറെച്ചുവെച്ചില്ല. നമ്മുടെ കർത്താവിന്റെ ആത്മാവിനു ഇതു എത്രമാത്രം ഭാരമായി ഭവിച്ചു എന്നു നമുക്ക അളക്കുവാൻ സാധിക്കുമോ?

ഇപ്രകാരം നാനാവിധത്തിൽ ഉള്ള പ്രയാസങ്ങളോടുകൂടെത്തന്നെ മനുഷ്യപുത്രനും തന്റെ ജീവിതത്തിന്റെ ഏകാ

ന്തതയും സഹിക്കേണ്ടതായിട്ടു ഉണ്ടായിരുന്നു. 'ഉന്നതനാകുമ്പോൾ തെററിദ്ധാരണകളക്കു അധീനനായിത്തീരുന്നു' എന്നത്രേ എമേഴ്സൺ പറയുന്നതു്.

ഒരു പർവ്വതത്തിന്റെ ഉയരം കൂടുന്തോറും അതു ഇതര ശിഖരങ്ങളിൽനിന്നും അകലുന്നു. ഇതു ലൌകികപ്രകാരവും വാസ്തവമാകുന്നു. മഹാകവിയായ ടെന്നിസൺ താനും വിക്ടോറിയാമഹാരാജ്ഞിയുമായുള്ള അവസാന അഭിമുഖ സംഭാഷണങ്ങളിൽ ഒന്നു കഴിഞ്ഞപ്പോൾ ഇപ്രകാരം പറയുകയുണ്ടായി. 'ആ ഉയരത്തിൽ മഹാറാണി ഏകാകിനിയാകുന്നു. അതു ഭയങ്കരമത്രേ.' അപ്പോൾ ക്രിസ്തുവിന്റെ ആത്മാവിന്റെ ഉയരത്തെയും ഏകാന്തതയേയുംപററി ആലോചിക്കുക. ഗതസമനതോട്ടത്തിലെ അനുഭവം തന്റെ ജീവിതത്തിന്റെ ഒരു മാതൃക ആയിരുന്നു. അദ്ദേഹത്തിന്റെ അപ്പോഴത്തെ അവസ്ഥ!! തോട്ടത്തിനു വെളിക്കു അശേഷം ചാർച്ചയില്ലാത്തതും വൈരാഗ്യം ഉള്ളതും ആയ ഒരു ലോകം സ്ഥിതിചെയ്യുന്നു. തന്റെ ചില ശിഷ്യന്മാർ—അവൎക്കു തന്നിൽ സഹതാപം ഉണ്ടെങ്കിലും തെററിദ്ധാരണമൂലം മന്ദഗതിയെ പ്രാപിച്ചവരായിരുന്നു—ആ തോട്ടപ്രവേശനത്തിൽ ഇരിക്കുന്നു. തന്റെ പ്രയാസത്തെയും, ഉദ്ദേശ്യത്തേയും കുറേക്കൂടെ മനസ്സിലാക്കിയിരുന്ന പത്രോസും, യാക്കോബും, യോഹന്നാനും കുറേക്കൂടെ അടുത്തു ഇരുന്നിരുന്നു. എന്നാൽ കുറേക്കൂടെ ദൂരത്തിൽ, ആ വൃക്ഷങ്ങളുടെ ചുവട്ടിൽ ശ്രീയേശുക്രിസ്തു ദൈവത്തോടുകൂടെ യുദ്ധത്തിൽ ധീരധീരം പോരാടുകയായിരുന്നു. തന്നെപ്പററി കൂടുതലായി ശിഷ്യന്മാരെ ഗ്രഹിപ്പിക്കുന്നതിനു് ശ്രമിച്ച അവസരങ്ങളിൽ ചിലപ്പോഴെല്ലാം അതു സാധിക്കാതെ വന്നിട്ടുണ്ടു്. ആ അവസരങ്ങളിൽ അദ്ദേഹം പറഞ്ഞതായ വാക്കുകൾ ഇപ്രകാരമായിരുന്നു:'—എനിക്കു നിങ്ങളോടു വളരെ പറവാനുണ്ടു്. എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിയുകയില്ല.' ഈ അവസരത്തിൽ യഥാൎത്ഥത്തിൽ തന്റെ അഗാധമായ ഉദ്ദേശ്യത്തിൽ ഭാഗഭാക്കാകുന്നതിനും, തന്റെ ആത്മികാനുഭ

വത്തിൽ പങ്കാളികളാകുന്നതിനും, കഴിവുള്ള ഒരു മനുഷ്യസ്നേഹി തന്റെ സഹതാപപൂർവ്വമായ കൂട്ടായ്മയ്ക്കുവേണ്ടി അദ്ദേഹം എത്ര ഹാർദ്ദമായി ആഗ്രഹിച്ചിരുന്നു.!!

നമ്മുടെ കർത്താവിന്റെ കഷ്ടപ്പാടുകളേയും പ്രയാസങ്ങളെയും അവലോകനം ചെയ്യുക. താൻ പ്രവർത്തിച്ചിരുന്നതായ യഹൂദപ്രവർത്തനരംഗത്തിലെ പ്രതിബന്ധങ്ങൾ; താൻ ആയുധങ്ങളായി ഉപയോഗിച്ചുവന്നിരുന്ന ആളുകളുടെ ബലഹീനത, തന്റെ രക്ഷാസന്ദേശത്തിനും മശിഹാസ്ഥാനത്തിനും പ്രതിഫലമായി ലഭിച്ച അപവാദവും, കഠിനമായ ഉപദ്രവങ്ങളും, തനിക്കു തീർച്ചയായും ഭവിക്കുവാൻ പോകുന്ന ക്രൂശുമരണവും, തന്റെ ശിഷ്യന്മാർക്കു ഭവിക്കുവാൻ പോകുന്ന പീഡകളും, അവസാനമായിട്ടു തന്റെ ആത്മാവിന്റെ ഏകാന്തതപം, ഇവകൾ എല്ലാം എത്ര ഭയങ്കരങ്ങളായ പ്രയാസങ്ങളായിരുന്നു. മനുഷ്യസ്വഭാവത്തെപ്പററി നമുക്കുള്ള അറിവിൽനിന്നും, ഇപ്രകാരമുള്ള അനവധി പ്രയാസങ്ങൾ കൂടിച്ചേർന്നു വന്നാൽ എന്താകുന്നു സംഭവിക്കുന്നതു് എന്നു ചിന്തിക്കുക. ഈ സ്ഥിതിയിലുള്ള ഒരുവൻ വിചാരമഗ്നനായും ഉത്സാഹരഹിതനായും അത്രെ കാണുവാൻ ഇടയുള്ളതു്. എങ്കിലും ഈ അനേകം പ്രയാസങ്ങൾ ഉണ്ടായിരുന്നിട്ടും നാം കർത്താവിന്റെ ആനന്ദത്തെപ്പററി പറഞ്ഞതെല്ലാം വാസ്തവമായിരുന്നു എന്നു ഓർക്കുക. ഇതൊന്നും അദ്ദേഹത്തിന്റെ സുപ്രശോഭിതമായ മനോധർമ്മത്തെ കീഴ്പ്പെടുത്തിയിരുന്നില്ല. ഈ അവസ്ഥയിൽ ഉള്ള ഒരാൾ തന്റെ ജോലിക്കു നേരിട്ടേക്കാവുന്ന പ്രതിബന്ധത്തെചിന്തിച്ചു ചാഞ്ചല്യമുള്ളവനായി തീരുകയില്ലയോ? എങ്കിലും കർത്താവിന്റെ വിശ്വാസം നിശ്ചഞ്ചലമായിരുന്നു. മഗ്ദലനമറിയം തന്റെ പാദാരവിന്ദങ്ങളെ പരിമളതൈലം കൊണ്ടു അഭിഷേകം ചെയ്തപ്പോൾ അതു തന്റെ ശവസംസ്കാരത്തിനായിട്ടാകുന്നു എന്നു പറഞ്ഞതിന്റെശേഷം ഇപ്രകാരമായിരുന്നു ഉച്ചരിച്ചതു്:—'ലോകത്തിൽ എങ്ങും ഈ സുവിശേ

ഷം പ്രസംഗിക്കുന്നിടത്തെല്ലാം അവൾ ചെയ്തതും അവളുടെ
ഓർമ്മയ്ക്കായി പ്രസ്താവിക്കും' (മത്താ. 26: 12, 13). നമ്മുടെ
കർത്താവിനു നേരിട്ടതുപോലെയുള്ള പ്രയാസങ്ങളെ അ
ഭിമുഖീകരിച്ചതിന്റെശേഷം നിരാശാഭരിതരാകാത്തവരും
ജീവിതത്തിന്റെ പ്രയാസങ്ങളെപ്പററി കുററം പറയാത്ത
വരുമായിട്ടു വല്ലവരുമുണ്ടോ? റൺഡോൾഫ് ചർച്ചിൽപ്രഭു
1891-ൽ തന്റെ ഭാര്യയ്ക്കു അയച്ചതായ ഒരു കത്തിന്റെ ഒരു
ഭാഗം ഇവിടെ ഉദ്ധരിക്കാം:—'എന്റെ ജീവിതത്തിന്റെ
ഭൂരിഭാഗവും മിക്കവാറും കഴിഞ്ഞുപോയി. ഉറച്ച കൽഭിത്തി
കളിന്മേൽ എന്റെ തല തല്ലിത്തകർക്കുന്നതിനു് എന്റെ ശേ
ഷിച്ച സ്വല്പദിവസങ്ങൾ ഞാൻ ഉപയോഗിക്കുകയില്ല. എ
ന്നെക്കുറിച്ചു സ്നേഹവിചാരമോ, ദാക്ഷിണ്യമോ, സ്മരണയോ,
കൃതജ്ഞതയോ ഉണ്ടായിരുന്നില്ല. പ്രത്യുത നിന്ദയും, വിദ്വേ
ഷവും, ശകാരവും മാത്രമെ ഉണ്ടായിരുന്നുള്ളു. ഞാൻ അവയെ
ല്ലാം സഹിച്ചു മുഷിഞ്ഞിരിക്കുന്നു. ഇനിയും രാഷ്ട്രീയജീവിതം
തുടരുന്നതല്ല.' മനുഷ്യഗതി ഇപ്രകാരമാകുമെന്നു സ്മരിച്ചുകൊ
ണ്ടു, നമ്മുടെ കർത്താവിന്റെ ക്ഷമാശക്തിയേയും. സുദൃഢമായ
വിശ്വാസത്തെയും, അജയ്യമായ നന്മനസ്സിനെയും കുറിച്ചു
ആലോചിക്കുക. നമ്മൾക്കുവേണ്ടി നമ്മുടെ കർത്താവു അനുഭവി
ച്ചതുപോലെയുള്ള പീഡകൾ മററുവല്ലവരും അനുഭവിച്ചിരു
ന്നു എങ്കിൽ ദൈവത്തിലുള്ള അവരുടെ വിശ്വാസം നഷ്ടപ്പെ
ട്ടുപോകുമെന്നു നിങ്ങൾ വിചാരിക്കുന്നില്ലയോ? പ്രയാസങ്ങൾ
നേരിടുമ്പോൾ ഒരു മനുഷ്യന്റെ വിശ്വാസം സ്ഥിരമുള്ള
തല്ലെങ്കിൽ അതു നശിക്കുകയും സ്വശക്തിയിൽ ആശ്രയിക്കു
ന്നതിനു അവനെ പ്രേരിപ്പിക്കുകയും ചെയ്യും. സൌഭാഗ്യകാ
ലത്തു ഒരുവൻ ദൈവത്തിൽ വിശ്വസിക്കുകയും സ്വസ്നേഹി
തന്മാരോടുകൂടെ പരസ്യാരാധനകളിൽ സസന്തോഷം സംബ
ന്ധിക്കുകയുംചെയ്യും. എന്നാൽ ആപൽക്കാലങ്ങളിൽ ഈ കൃ
ത്രിമ തൂണുകളെല്ലാം വീണുപോകയും സ്വയാർജ്ജിതമായി
ലഭിച്ചിട്ടുള്ള വിശ്വാസത്തിൽ മാത്രം ആശ്രയിക്കേണ്ടിവരിക

യും ചെയ്യുന്നു. സന്തോഷം 'നാം' എന്നും, സങ്കടമോ 'ഞാൻ' എന്നും പറയുന്നു. 'വരിക, എന്നോടുകൂടെ ദൈവത്തെ ആരാധിക്കുക, നമുക്കു ഒരുമിച്ചു അവന്റെ നാമത്തെ പുകഴ്ത്താം' എന്നു സന്തോഷം പറയുന്നു. സങ്കടമോ നേരെമറിച്ചു, 'എന്റെ ദൈവമേ, എന്റെ ആത്മാവു് എന്നിൽ നിരാശപ്പെട്ടിരിക്കുന്നു' എന്നത്രെ നിലവിളിക്കുന്നതു്. ഇപ്രകാരം തങ്ങളിൽ തന്നെ ആശ്രയിക്കുന്നതിനു നിർബന്ധിതരായിത്തീരുമ്പോൾ എത്ര ആളുകൾ വിശ്വാസരഹിതരായി ഭവിക്കുന്നു എന്നു ആലോചിക്കുക. ക്രൂശിലെ അതിഭയങ്കരമായ വേദന അനുഭവിച്ചപ്പോഴും, 'പിതാവേ, ഞാൻ അവിടുത്തെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു' എന്നു നിലവിളിച്ച യേശുക്രിസ്തുവിനു് സ്വപിതാവിൽ ഉണ്ടായിരുന്ന പരിപൂർണ്ണ വിശ്വാസത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുക.

യേശുക്രിസ്തുവിനെപ്പററി നിങ്ങൾക്കു എന്തു തോന്നുന്നു? യെശയ്യാ 53-ാം അദ്ധ്യായത്തിന്റെ പരിപൂർണ്ണമായ നിവൃത്തി ആകുന്ന യേശു എന്നു സഭ വിശ്വസിക്കുന്നതിൽ അതിശയിപ്പാനുണ്ടോ?

---

## അദ്ധ്യായം 11

# നമ്മുടെ കർത്താവിന്റെ നിഷ്ഠാപാഠ്യം.

## പ്രതിദിനപാഠങ്ങൾ

### ആറാംആഴ്ച:—ഒന്നാംദിവസം.

യെശ. 23: 13—15. ഈ ജനം അടുത്തുവന്നു വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽനിന്നു ദൂരത്തു അകററി വെച്ചിരിക്കുന്നു; എന്നോടുള്ള അവരുടെ ഭക്തി, മനഃപാഠമാക്കിയ മനുഷ്യകല്പനയത്രേ. ഇതു കാരണത്താൽ ഞാൻ ഈ ജനത്തിന്റെ ഇടയിൽ ഇനിയും ഒരു അത്ഭുതപ്രവൃത്തി, അത്ഭുതവും ആശ്ചര്യവും

ആയോരു പ്രവൃത്തിതന്നേ ചെയ്യും; അവരുടെ ജ്ഞാനികളുടെ ജ്ഞാനം നശിക്കും: അവരുടെ ബുദ്ധിമാന്മാരുടെ ബുദ്ധിയും മറഞ്ഞുപോകും എന്നു കത്താവു അരുളിച്ചെയ്തു. തങ്ങളുടെ ആലോചനയെ യഹോവയ്ക്കു അഗാധമായി മറച്ചുവെക്കുവാൻ നോക്കുകയും തങ്ങളുടെ പ്രവൃത്തികളെ അന്ധകാരത്തിൽ ചെയ്കയും: ഞങ്ങളെ ആർ കാണുന്നു? ഞങ്ങളെ ആർ അറിയുന്നു എന്നു പറകയും ചെയ്യുന്നവക്കു അയ്യോ കഷ്ടം!

മത്താ. 15: 7—9. കപടഭക്തിക്കാരേ, നിങ്ങളെക്കുറിച്ചു യെശയ്യാവു: ഈ ജനം അധരംകൊണ്ടു എന്നെ ബഹുമാനിക്കുന്നു: എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മനുഷ്യകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ടു എന്നെ വ്യത്ഥമായി ഭജിക്കുന്നു എന്നിങ്ങനെ പ്രവചിച്ചതു ഒത്തിരിക്കുന്നു.

പ്രവാചകപുസ്തകങ്ങളിൽ കപടഭക്തിയെപ്പററി കഠിന ആക്ഷേപമടങ്ങിയ ചില വാക്യങ്ങളെ നമ്മുടെ കത്താവു പലപ്പോഴും ഉദ്ധരിക്കാറുണ്ടായിരുന്നു. കത്താവു അവയെ വായിച്ചു ധ്യാനിച്ചു പ്രവാചകകാലങ്ങളിൽ അവയ്ക്കുണ്ടായിരുന്ന ഔചിത്യം തൻെറ കാലത്തും ഉണ്ടെന്നു ആലോചിച്ചുവന്നതായി നമുക്കു സങ്കല്പിക്കാൻ കഴിയും. യഥാത്ഥഭക്തിയെയും കപടഭക്തിയെയും കുറിച്ചു നമ്മുടെ കത്താവിൻെറ മനോഭാവം എന്തായിരുന്നെന്നും ആധുനികകാലങ്ങളിൽ അവ എന്തെല്ലാം രൂപഭേദങ്ങൾ അവലംബിക്കാറുണ്ടെന്നും ഈ ആഴ്ചയിൽ നമുക്കു ആലോചിക്കാം. പരീശന്മാരെപ്പററി ഒരു വിധി കല്പിക്കാൻ പ്രയാസമില്ല. അവർ ഇപ്പോൾ നാമാവശേഷം ആയിരിക്കയാണല്ലോ. ബാഹ്യരൂപത്തെ മാത്രം കാണുന്ന മനുഷ്യരുടെ അനുമോദനത്തിൽ ഉള്ള തൃപ്തിയെ ഉപേക്ഷിച്ചിട്ടു ഹൃദയം പരിശോധിച്ചറിയുന്ന ദൈവത്തിൻെറ അനുമോദനത്തിനു പാത്രമാകത്തക്കവണ്ണം നമ്മുടെ ജീവിതം കഴിപ്പാൻ അത്ര എളുപ്പമല്ല. അതിനു ഗാഢമായ സ്വയപരിശോധന വേണം

## ആറാം ആഴ്ച:—രണ്ടാംദിവസം

മത്താ. 23: 5—10. അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിന്നത്രേ ചെയ്യുന്നതു; തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു. നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുതു്; ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവു എന്നു വിളിക്കരുതു്; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവു, സ്വർഗ്ഗസ്ഥൻ തന്നേ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുതു്; ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നേ.

ഈ പാഠത്തിൻെറ അർത്ഥം ഗ്രഹിച്ചുകൊണ്ടു നമ്മുടെ കർത്താവിന്നു വെറുപ്പായിരുന്ന കപടഭക്തിയുടെ ലക്ഷണം വിവരിക്കുക. ജീവിതത്തിൽ യഥാർത്ഥനന്മയും പ്രയോജനവും സാരമായി വിചാരിക്കാതെ മററുള്ളവർ കാണുന്നതിനായി മാത്രം ബാഹ്യമായി പ്രശംസനീയമായ ഒരു ഭാവം നടിക്കയാകുന്നു കപടഭക്തി. ഈദോഷം ആധുനികകാലത്തും ഉള്ളതല്ലയോ? ‘അവർ അരസ്സു ഭക്തിവേഷം കെട്ടിയും, ആഭിജാത്യരൂപം എന്ന കവചം പിടിച്ചും, പരോപകാരേച്ഛാപ്രകടനം ചെരിപ്പാക്കിയും, സ്വദേശാഭിമാനവിലാസം എന്ന ശിരസ്സും ധരിച്ചും നില്ക്കുന്നു. അവൻെറ ഇടങ്കയ്യിൽ സമ്പത്തെന്ന ശൂലവും, വലങ്കയ്യിൽ സ്വാധീനശക്തി എന്ന വാളും ഉണ്ടു്. ദുർദ്ദിവസം വരുമ്പോൾ ഇവയെക്കൊണ്ടു എതിർത്തുനിൽക്കാമെന്നു അവൻ വിചാരിക്കുന്നു’ എന്നു ഒരാൾ എഴുതിയിരിക്കുന്നു. ഇതിനെ എഫെ. 6: 10 തുടങ്ങിയ വാക്യങ്ങളിൽ കാണുന്ന ഒരു യഥാർത്ഥ പുരുഷൻെറ ആയുധവർഗ്ഗവിവരണത്തോടു ഒത്തുനോക്കുവിൻ. അതായിരുന്നുവല്ലൊ നമ്മുടെ കർത്താവിൻെറ സർവ്വായുധവർഗ്ഗം.

## ആറാം ആഴ്ച:—മൂന്നാം ദിവസം

മത്താ. 6: 2—6. ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരാൽ മാനം ലഭിപ്പാൻ പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതുപോലെ നിന്റെ മുമ്പിൽ കാഹളം ഊതിക്കരുതു്; അവൎക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കേണ്ടതിന്നു വലങ്കൈ ചെയ്യുന്നതു എന്തു എന്നു ഇടങ്കൈ അറിയരുതു്. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും.

നിങ്ങൾ പ്രാൎത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുതു; അവർ മനുഷ്യൎക്കു വിളങ്ങേണ്ടതിന്നു പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാൎത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; അവൎക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ പ്രാൎത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടെച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാൎത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും.

നീതി പ്രവൎത്തിക്കുന്നതിനാലുള്ള അസൌകര്യങ്ങളും ഉപദ്രവങ്ങളും സഹിക്കാതെ മററുള്ളവരുടെ ദൃഷ്ടിയിൽ നീതിമാനെന്നുള്ള പേർ സമ്പാദിക്കാനുള്ള ആഗ്രഹമാകുന്നു കപടഭക്തിയുടെ അടിസ്ഥാനം. മനുഷ്യരുടെ ബഹുമാനം നാം കാംക്ഷിക്കുന്നു. അവരുടെ അനുമോദനം നമ്മുടെ പ്രമാണമാകുന്നു. നമ്മുടെ ബാഹ്യനടപടിയാൽ കുറെക്കാലത്തേക്കെങ്കിലും ഈ അനുമോദനം സമ്പാദിപ്പാൻ കഴിയുമെന്നു വിചാരിക്കയും ചെയ്യുന്നു. 'നിങ്ങൾ നിങ്ങളെത്തന്നേ മനുഷ്യരുടെ മുമ്പാകെ നീതീകരിക്കുന്നവർ ആകുന്നു; ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു' (ലൂക്കൊ. 16: 15) എന്നു കൎത്താവു പറയുന്നതു മനുഷ്യരുടെ ഈ പ്രകൃതിയെപ്പററിയാണു്. നിങ്ങളുടെ കുടുംബത്തിന്റെയോ, സ്നേഹിതന്മാരുടെയോ, സഭയുടെയോ, സമുദായത്തിന്റെയോ അനുമോദനം ലഭിപ്പാനായി സത്യം മറച്ചുവെച്ചു ബാഹ്യനടപടി

കൊണ്ടു നിങ്ങൾ ശ്രമിച്ചിട്ടുള്ള അവസരങ്ങളെ ഓരോന്നായി പരമാത്ഥതയോടെ ധ്യാനവിഷയമാക്കുക. ഇതിൻെറ അധമത്വത്തെപ്പററി ചിന്തിക്കുക. 'ആരുടെയും അപ്രമാദിത്വത്തിൽ (തെററില്ലായ്മയിൽ) നാം വിശ്വസിക്കുന്നില്ല. എങ്കിലും ഒരാളിൻെറ സത്യത്തെപ്പററി ഉറപ്പുണ്ടെങ്കിൽ എത്ര ആശ്വാസം' എന്നു പ്രസിദ്ധ പ്രാസംഗികനായ സ്പർജിയൻ ഇംഗ്ലണ്ടിലെ മന്ത്രിയായിരുന്ന ഗ്ലാഡ്സ്റ്റനെപ്പററി പറഞ്ഞതുപോലെ നമ്മുടെ പരിചയക്കാർക്ക് നമ്മെക്കുറിച്ചു പറവാൻ സംഗതിവന്നാൽ അതിൻെറ മാഹാത്മ്യം എത്ര എന്നു ചിന്തിക്കുക.

---

## ആറാം ആഴ്ച:—നാലാം ദിവസം

മത്താ. 5: 13—16. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെപോയാൽ അതിന്നു എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറെറാന്നിന്നും പിന്നെ കൊള്ളുന്നതല്ല. നിങ്ങൾ ലോകത്തിൻെറ വെളിച്ചം ആകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻകീഴെയല്ല തണ്ടിന്മേലത്രെ വെക്കുന്നതു; അപ്പോൾ അതു വീട്ടിലുള്ള എല്ലാവക്കും പ്രകാശിക്കുന്നു. അങ്ങനെതന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.

മത്താ. 6: 1, 2. മനുഷ്യർ കാണേണ്ടതിന്നു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൻെറ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല.

ആകയാൽ ഭിക്ഷകൊടുക്കുമ്പോൾ മനുഷ്യരാൽ മാനിക്കപ്പെടുവാനായിട്ടു, പള്ളികളിലും വീഥികളിലും കപടഭക്തിക്കാർ ചെയ്യുന്നതുപോലെ, നിൻെറ മുമ്പിൽ കാഹളം ഊതരുതു്; അവക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സ

ത്യമായിട്ട നിങ്ങളോട്ട പറയുന്നു. നമ്മുടെ കത്താവു ഒരിക്കൽ 'മനുഷ്യർ നിങ്ങളുടെ നല്ലപ്രവൃത്തികളെകാണത്തക്കവണ്ണം' ജീവിക്കേണമെന്നും പിന്നൊരിക്കൽ'മനുഷ്യർ കാണേണ്ടതിന്ന നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ' എന്നും പറയുന്നു. കത്താവിൻെറ വാക്കുകളിലെ ഈ വൈപരീത്യത്തിനു സമാധാനം എന്തു്? ഇതിൻെറ സമാധാനം കപടഭക്തി രണ്ടുവിധം ഉണ്ടെന്നുള്ളതാകുന്നു. ഒരുവിധത്തിൽ താൻ യഥാൎത്ഥത്തിൽ കവിഞ്ഞു നീതിമാനാണെന്നു എല്ലാവരെയും ബോദ്ധ്യപ്പെട്ടത്താൻ ഒരുവൻ ശ്രമിക്കുന്നു. ഈവിധമുള്ള കപടഭക്തി എല്ലാവൎക്കും സുപരിചിതമാണു്. മറെറാവിധത്തിൽ ഒരുവൻ യഥാൎത്ഥത്തിൽ തനിക്കുള്ള നീതി ഇല്ലെന്നു നടിക്കുന്നു. ഒരുവൻ യഥാൎത്ഥത്തിൽ കത്താവിൻെറ ശിഷ്യനായിരുന്നുകൊണ്ട അവനെ ഏററുപറയാതിരിക്കയും പരസ്യമായി അവനുവേണ്ടി വ്യവഹരിക്കാതിരിക്കയും ചെയ്യുന്നവനും, ദൃഢവിശ്വാസവും ഉത്തമസ്വഭാവവും ഉണ്ടായിരിക്കെ മററുള്ളവരെ തനിക്കു വിശ്വാസമില്ലെന്നോ തൻെറ സ്വഭാവം കാണുന്നപ്രകാരം ഉത്തമമല്ലെന്നോ ധരിക്കാൻ അനുവദിക്കയും ചെയ്യുന്നവനും, കപടഭക്തിക്കാരൻ അല്ലയോ? ഉള്ള ഭക്തി ഇല്ലെന്നു ഭാവിക്കുന്നതും കപടഭക്തിതന്നെയാണു്. തൻെറ ഉത്തമഗുണങ്ങളെ പ്രത്യക്ഷമായി പ്രദർശിപ്പിക്കേണ്ടതും സ്വർഗ്ഗസ്ഥനായ പിതാവു തനിക്കു ചെയ്തിട്ടുള്ള നന്മകളെ ബഹുജനസമക്ഷം പ്രകാശിപ്പിക്കേണ്ടതും ഒരുവൻെറ ധൎമ്മമാണു്.

---

## ആറാം ആഴ്ച:—അഞ്ചാം ദിവസം

മത്താ. 5: 33—37. കള്ളസത്യം ചെയ്യരുതു എന്നും സത്യം ചെയ്തതു കത്താവിന്നു നിവൎത്തിക്കേണം എന്നും പൂൎവ്വന്മാരോട്ട അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട്ട പറയുന്നതു: അശേഷം സത്യം ചെയ്യരുതു്; സ്വർഗ്ഗ

ത്തെക്കൊണ്ടു അരുതു്, അതു ദൈവത്തിന്റെ സിംഹാസനം; ഭൂമിയെക്കൊണ്ടു അരുതു്, അതു അവന്റെ പാദപീഠം; യെരുശലേമിനെക്കൊണ്ടു അരുതു്, അതു മഹാരാജാവിന്റെ നഗരം. നിന്റെ തലയെക്കൊണ്ടും സത്യം ചെയ്യരുതു് ഒരു രോമവും വെളുപ്പിപ്പാനോ കറുപ്പിപ്പാനോ നിനക്കു കഴിയുകയില്ലല്ലോ. നിങ്ങളുടെ വാക്കു ഉവ്വു്, ഉവ്വു് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായതു് ദുഷ്ടനിൽ നിന്നു വരുന്നു.

സംസാരത്തിൽ നിർവ്യാജത്വത്തെ നമ്മുടെ കർത്താവു പ്രശംസിക്കുന്നതിനുള്ള കാരണങ്ങൾ ആലോചിക്കുക. അന്യോന്യം ഗ്രഹിക്കുന്നതിനു വാക്കുകൾ അത്യന്താപേക്ഷിതമാണല്ലോ. ആരെങ്കിലും നമ്മെ ഒന്നു പറഞ്ഞു മനസ്സിലാക്കി വേറൊന്നു പ്രവർത്തിച്ചാൽ നമ്മുടെ വിശ്വാസത്തിനു ഭംഗം വരികയും മറ്റെല്ലാവരെപ്പററിയും എല്ലാകാര്യത്തിലും സംശയം ജനിക്കയും ചെയ്യുന്നു. മധുരവാക്കു പറഞ്ഞു കബളിപ്പിക്കുന്ന മനുഷ്യൻ പായൽമൂടിയ പാറപോലെയാകുന്നു. പായലിൽ കാൽ വഴുതി വീഴുന്നതുവരെ പാറയുടെ കാഠിന്യം അറയുന്നല്ല. അന്യോന്യവിശ്വാസം കൂടാതെ ലോകത്തിൽ സുഖജീവിതം സാദ്ധ്യമല്ലായ്കയാൽ അങ്ങനെയുള്ളവർ മനുഷ്യകുലത്തിന്റെ പരമശത്രുക്കളാകുന്നു. വ്യാജസംഭാഷണത്തോടു നിങ്ങളുടെ വെറുപ്പു കുറഞ്ഞുപോകുന്നുണ്ടോ? നിങ്ങളുടെ വാക്കു വിശ്വസിച്ചു പ്രവർത്തിക്കുന്നതിനു മടിവേണ്ടാ എന്നു നിങ്ങളുടെ സ്നേഹിതന്മാർ പറയത്തക്കവണ്ണം, നമ്മുടെ കർത്താവു വ്യാജത്തെ വെറുത്തതുപോലെ, നിങ്ങളും വെറുക്കുന്നുണ്ടോ?

---

### ആറാം ആഴ്ച:—ആറാം ദിവസം

മത്താ 6: 16—18. ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുതു്; അവർ ഉപവസിക്കുന്നതു മനുഷ്യർക്കു വിളങ്ങേണ്ടതിന്നു മുഖം വിരൂപമാക്കു

ന്നു; അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല രഹസ്യത്തിലുള്ള നിന്റെ പിതാവിന്നു വിളങ്ങേണ്ടതിന്നു തലയിൽ എണ്ണതേച്ചു മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം നൽകും.

ഈ വാക്യങ്ങളും ഈ അദ്ധ്യായത്തിലെ ആറാം വാക്യവും നമ്മുടെ കർത്താവിന്റെ ജീവിതരഹസ്യം സൂചിപ്പിക്കുന്നു. രഹസ്യത്തിൽ കാണുന്ന തന്റെ പിതാവിന്റെ കൂട്ടായ്മയിൽ അവൻ ജീവിച്ചു. തന്റെ പ്രവൃത്തികൾക്കൊക്കെയും പ്രമാണം പിതാവിന്റെ ഇഷ്ടം ആയിരുന്നു. ഹൃദയം കാണുന്ന പിതാവിന്റെ അനുമോദനത്തിന്നു യോഗ്യമല്ലാത്ത യാതൊരു പ്രവൃത്തിയും അവൻ ചെയ്തില്ല. ദൈവദൃഷ്ടിയിൽ തന്റെ പ്രവൃത്തികൾ നീതിയുള്ളവയായിരിക്കേണം എന്നു മാത്രമായിരുന്നു തന്റെ പ്രമാണം. നമ്മുടെ ജീവിതത്തിൽ അയോഗ്യമായതിനെ കണ്ടുപിടിക്കുന്നതിന്നും, നമ്മുടെ ഹൃദയം ദൈവേഷ്ടത്തിന്നു അനുരൂപമാകുന്നതുവരെ നമ്മിൽ നമ്മെക്കുറിച്ചുതന്നെ അതൃപ്തി ജനിപ്പിച്ചുകൊണ്ടിരിക്കുന്നതിന്നും, അങ്ങനെ നമ്മെ സത്യവാന്മാരും വിശുദ്ധന്മാരും ആക്കുന്നതിന്നും, രഹസ്യപ്രാർത്ഥനയുടെ അത്യാവശ്യകതയെ ചിന്തിക്കുക. ദൈവസന്നിധിയിൽ സന്മാർഗ്ഗവേഷംകൊണ്ടു ഒരു പ്രയോജനവുമില്ല. 'വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ' (ഗലാ. 6: 7). അതുകൊണ്ടു നമ്മുടെ സ്വഭാവനൈർമ്മല്യത്തിന്നും ഹൃദയശുദ്ധിക്കുംവേണ്ടി രഹസ്യപ്രാർത്ഥനയാലും ധ്യാനത്താലും നാം നമ്മെത്തന്നെ ഇടവിടാതെ ശോധനചെയ്തുകൊണ്ടിരിക്കുക.

## ആറാം ആഴ്ച:—ഏഴാംദിവസം

മത്താ. 7: 15—21. കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക അവരെ തിരിച്ചറിയാം; മുള്ളുകളിൽനിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്നു അത്തിപ്പഴവും പറിക്കമാറുണ്ടോ? നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു; ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന്നു ആകാത്ത ഫലവും ആകാത്ത വൃക്ഷത്തിന്നു നല്ല ഫലവും കായ്പാൻ കഴികയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും. എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു്.

ഹൃദയത്തെ ശോധന ചെയ്യുന്ന ഈ വാക്യങ്ങളെ ഗാഢമായ ആലോചനയോടുകൂടെ വായിച്ചാൽ, 'ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ' (സങ്കീ. 51: 10) എന്നുള്ള പ്രാർത്ഥന പ്രകൃത്യാതന്നെ നമ്മുടെ മനസ്സിൽ ഉദിക്കാതിരിക്കയില്ല. മനശ്ശുദ്ധികൊണ്ടു ഒരാൾക്ക സ്വാർത്ഥം ചിന്തിക്കാതെ ഒരു സൽക്രിയ ചെയ്വാൻ കഴിയും. എന്നാൽ മനസ്സിനെ പുതുക്കിക്കൊണ്ടിരിക്കാതെ ഒരുവനു സാക്ഷാൽ സ്വാർത്ഥപരിത്യാഗി ആയിരിപ്പാൻ കഴിയുമോ? ഹൃദയത്തിന്റെ പ്രകൃതിയിൽനിന്നും സ്വാഭാവികഗുണത്തിൽനിന്നും ഉത്ഭവിക്കാത്ത സൽപ്രവൃത്തികൾ യഥാർത്ഥ സൽപ്രവൃത്തികൾ അല്ലെന്നു കർത്താവു പറയുന്നു. വിശു. പൌലൊസും, 'എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും, സ്നേഹം ഇല്ലെങ്കിൽ എനിക്ക ഒരു പ്രയോജനവും ഇല്ല' (1 കൊരി. 13:3) എന്നു പറയുന്നു. ഇങ്ങനെ ആന്തരികമായി നിർവ്യാജമായ ഓ

രു ജീവിതപ്രമാണം സ്വീകരിക്കുന്നവൻ തൽക്ഷണം ദൈവത്തിൽ തൻെറ ആശ്രയം വെക്കുന്നു. ചുററുമുള്ള പ്രകൃതിയുടെ ഗുണങ്ങളെ ആസ്വാദിക്കാതെ ഒരു വൃക്ഷം സാരപൂർണ്ണമായിരിക്കയില്ല. ദൈവാത്മാവിൻെറ സഹായം സ്വായത്തമാക്കാതെ ഒരു മനുഷ്യനും നിർവ്യാജസൽഗുണവാനായിരിക്കാൻ കഴികയില്ല.

---

## അദ്ധ്യായം 12.

### ആറാം ആഴ്ചയിലെ വിമർശനവീഥി

## നമ്മുടെ കർത്താവിൻെറ നിഷ്കാപട്യം

തൻെറ ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി നമ്മുടെ കർത്താവു എത്രമാത്രം സഹിച്ചു എന്നു നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടു. ആ സഹനശക്തിതന്നെ കർത്താവിൻെറ നിഷ്കാപട്യത്തിനും ഒരു ഉത്തമ ലക്ഷ്യമാകുന്നു. നമുക്കു ഒരു കാര്യത്തോടു എത്രമാത്രം പ്രതിപത്തിയും അതിനെപ്പററി എത്രമാത്രം തീക്ഷ്ണതയും ഉണ്ടെന്നു നമുക്കുണ്ടാകുന്ന പ്രയാസങ്ങളാകുന്നു നമ്മെ മനസ്സിലാക്കുന്നതു്. പ്രത്യേകിച്ചു ആ കാര്യം എത്രമാത്രം സഫലമാകുമെന്നു നമുക്കു സംശയവും ഭയവുമുള്ളപ്പോൾ അതു ഒന്നുകൂടെ വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. തൻെറ കർത്തവ്യകർമ്മത്തെപ്പററി കർത്താവിനു അതിയായ തീക്ഷ്ണതയുണ്ടായിരുന്നു. ആ തീക്ഷ്ണത സുദൃഢവുമായിരുന്നു. എന്നാൽ ക്രിസ്തുവിൻെറ ജീവിതത്തിൽ പരമാർത്ഥത എന്നതിൻെറ അർത്ഥവ്യാപ്തി പരിമിതമല്ലായിരുന്നു. അതു കൃത്യനിർവ്വഹണത്തിനുവേണ്ടി സകലവും കേന്ദ്രീഭവിപ്പിക്കുകയെന്നതു മാത്രമല്ലായിരുന്നു. അതു അദ്ദേഹത്തിൻെറ ജീവിതം മുഴുവനും നിലനിന്നിരുന്ന ഒരു പൊതു സ്വഭാവവിശേഷം ആയിരുന്നു. ചില സ്വഭാവവിശേഷങ്ങൾ പുഷ്പങ്ങൾ

പോലെയാണ്. അവ ആത്മികാന്തരീക്ഷത്തെ മുഴുവനും രമ്യമാക്കുന്നു. എന്നാൽ ചിലതു് ശീതോഷ്ണാവസ്ഥപോലെയാകുന്നു. അപ്രകാരമുള്ള അന്തരീക്ഷത്തിലത്രെ ഇതരഗുണങ്ങൾ വളരുന്നതു്. ക്രിസ്തുവിന്റെ ആത്മീയജീവിതത്തിൽ പരമാർത്ഥത ഒരു ശീതോഷ്ണാവസ്ഥയായിരുന്നു:

ഒരു മനുഷ്യനു പരമാർത്ഥതയില്ലെങ്കിൽ അവന്റെ ജീവിതത്തിലുള്ള ഇതരഗുണങ്ങൾ ഒന്നുംതന്നെ പ്രകാശിക്കുകയില്ല. കള്ളമാണ് ആദ്യപാപം. ഒരു മനുഷ്യനു യഥാർത്ഥത്തിൽ വേറൊരുവനെ കാണ്മാൻ കഴിയുകയില്ല. നാം നമ്മുടെ ശരീരത്തിൽ വസിക്കുന്ന അജ്ഞാതമനുഷ്യരാകുന്നു. എന്നാൽ നാം പ്രവൃത്തികൊണ്ടും, വാക്കുകൾകൊണ്ടും വീക്ഷണങ്ങൾകൊണ്ടുമത്രേ വേറൊരുവനു നമ്മെത്തന്നേ അറിയിക്കുന്നതു്. കള്ളം പറയുന്ന ഒരുവൻ അറിഞ്ഞുകൊണ്ടു ഇതരന്മാരെ കബളിപ്പിക്കുകയത്രെ ചെയ്യുന്നതു്. തൻമൂലം അവന്റെ മറവുള്ള പ്രവൃത്തികളെ വിശ്വസിക്കുന്നതിനു നമുക്കു പ്രയാസമായിത്തീരുന്നു. തന്മൂലം മനുഷ്യജീവിതം അടിസ്ഥാനപ്പെട്ടിരിക്കുന്നതായ ആ പരസ്പരവിശ്വാസത്തിന്റെ പ്രവൃത്തിപാതകളെ അവൻ നശിപ്പിക്കുന്നു. അങ്ങനെ ആ കള്ളം അവനിൽ നിരന്തരമായി പ്രവർത്തിച്ചു ഒടുവിൽ അവൻ ഒരു വഞ്ചകനായി തീരുമ്പോൾ അവന്റെ മനസ്സിലുള്ള ഇതരഗുണങ്ങൾക്കു ശോഭിക്കുവാൻ സാധിക്കാതെ വരും. ഇതിനെപ്പററി ക്രിസ്തു എന്തായിരുന്നു അഭിപ്രായപ്പെട്ടിരുന്നതെന്നു 'സാത്താനെപ്പററിയുള്ള' അദ്ദേഹത്തിന്റെ വിവരണത്തിൽ നിന്നും നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. 'അവൻ ഭോഷ്ക് (കള്ളം) പറയുമ്പോൾ സ്വന്തത്തിൽനിന്നും എടുത്തുപറയുന്നു. അവൻ ഭോഷ്കു പറയുന്നവനും അതിന്റെ പിതാവുമാകുന്നു' (യോഹ. 8: 44). സത്യത്തെപ്പററിയുള്ള കർത്താവിന്റെ അഗാധമായ തീക്ഷ്ണതയും, കാപട്യത്തെപ്പററിയുള്ള വെറുപ്പും, മററുള്ളവർ തെററായി പ്രവർത്തിക്കുവാൻ ധാ

രാളം ഇടയുള്ള അവസരങ്ങളിൽ ക്രിസ്തു എങ്ങനെ പ്രവൎത്തിച്ചു എന്നു നാം പഠിക്കുമ്പോൾ മനസ്സിലാക്കുവാൻ സാധിക്കും.

പീലാത്തോസിൻെറ മുമ്പിലുള്ള യേശുവിൻെറ നിലയെപ്പററി ആലോചിച്ചുനോക്കുക. ആ റോമൻ ഗവൎണ്ണർ അദ്ദേഹത്തിനു അനുകൂലനായിരുന്നു. പുറത്തു ജനങ്ങൾ തന്നെ ക്രൂശിക്കുന്നതിനായി ആൎത്തുവിളിച്ചുകൊണ്ടിരുന്നു. നമ്മെ അവൻെറ സ്ഥാനത്തു വെച്ചുകൊണ്ടു്, ഒരു കള്ളത്തെ നീതീകരിക്കുന്നതിനു് എന്തെല്ലാം ഒഴികഴിവുകൾ തോന്നുമായിരുന്നു എന്നാലോചിക്കുക: വേണമെങ്കിൽ സമാധാനവാക്കുകൾ പറഞ്ഞു പീലാത്തോസിനെ ശാന്തതപ്പെടുത്തി യേശുക്രിസ്തുവിനു രക്ഷപെടാമായിരുന്നു. താൻ തന്നെ ക്രിസ്തു ആകുന്നു എന്നു തീൎത്തു പറഞ്ഞതുമൂലം യേശുവിനു കാപട്യത്തെയും കളവിനെയും പററിയുള്ള അഭിപ്രായം എന്തായിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ടു്. 'സത്യത്തിനു സാക്ഷിനിൽക്കേണ്ടതിനു ഞാൻ ജനിച്ചു; അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു' (യോഹ. 18: 37) എന്നു അദ്ദേഹം സധൈൎയ്യം പറഞ്ഞതിൽനിന്നും ഇതിനെപ്പററിയുള്ള യേശുവിൻെറ മനസ്ഥിതി നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

ക്രൂശിലുള്ള ഭയങ്കരമായ മരണത്തിൽനിന്നു രക്ഷപ്പെടുന്നതിനുകൂടെയും അദ്ദേഹം കള്ളം പറഞ്ഞില്ല. ഏററവും വിഷമതരങ്ങളായ അവസരങ്ങളിൽപോലും അദ്ദേഹത്തിനു പരമാൎത്ഥമില്ലായ്മയോടുള്ള നീരസവും വെറുപ്പും, പത്രോസു തന്നെ തള്ളിപ്പറഞ്ഞതിൻെറ ശേഷം താൻ നൽകിയ ആ നോട്ടം കൊണ്ടു് സ്പഷ്ടമാക്കിയിട്ടുണ്ടു് (ലൂക്കൊ. 22: 55, 56). കൎത്താവിൻെറ ക്രൂശാരോഹണ സമയംപോലെ ഇത്ര കഠോരമായി സത്യത്തിനുവേണ്ടി പോരാടേണ്ട ഒരു അവസരം ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല.

അദ്ദേഹത്തിൻെറ അപ്പോഴത്തെ നില അനുസരിച്ചു നാം നോക്കുകയാണെങ്കിൽ, താൻ തൻെറ ജീവിതത്തിൽ ഒ

രവസരത്തിലെങ്കിലും മററൊരുവനെ കളിപ്പിക്കുകയോ, വഞ്ചന പ്രവൎത്തിക്കുകയോ ചെയ്തിട്ടില്ല എന്നു തീൎത്തു പറയാവുന്നതാണു്.

യഹൂദന്മാരുമായുള്ള തൻെറ പെരുമാററത്തിലും യേശു ഈ മനസ്ഥിതി പ്രദൎശിപ്പിച്ചിരുന്നു. തൻെറ പിതാവിനെപ്പററിയുള്ള സന്ദേശം സകലരും സഹൎഷം സ്വീകരിക്കണമെന്നുള്ള കൎത്താവിൻെറ അഭിവാഞ്ഛയേയും, വ്യക്തിപരവും സാമുദായികവുമായുള്ള ജീവിതത്തിൽ തൻെറ ജീവിതരീതികൾ ജനങ്ങൾ അനുകരിക്കണമെന്നുള്ള ആഗ്രഹത്തെയും പററി ഒരാൾ ആലോചിക്കുമ്പോൾ, സ്വാധീനശക്തിയുള്ള ജനങ്ങളുടെ ഇടയിൽ ഭിന്നതയുണ്ടാക്കാതെ കഴിക്കണമെന്നുള്ള പരീക്ഷയുംകൂടെ ക്രിസ്തുവിനു ഉണ്ടായിരുന്നതായി തോന്നിയേക്കാം. അദ്ദേഹം റബ്ബികളെ തൻെറ വശത്തേക്കു ആകൎഷിച്ചിരുന്നു എങ്കിൽ—വേണ്ടാ അത്ര ദൂരത്തേക്കു പോകണ്ടാ, അവർ നിഷ്പക്ഷനില അവലംബിക്കുന്നതിനു അദ്ദേഹം പ്രേരിപ്പിച്ചിരുന്നു എങ്കിൽ—തൻെറ സന്ദേശത്തെയും സുവിശേഷത്തെയും ജനങ്ങളുടെ ഇടയിൽ എത്ര വേഗം പ്രചരിപ്പിക്കുവാൻ സാധിക്കുമായിരുന്നു.

റബ്ബികൾക്കു മുൻവിധി ഉണ്ടായിരുന്നു. അതു വാസ്തവം തന്നെ. പക്ഷെ അവരെ കോപിപ്പിക്കാതവണ്ണം ക്രിസ്തുവിനു തൻെറ വാക്കുകളെ ക്രമീകരിക്കാമായിരുന്നു. സദൂക്യൎക്കും പരീശന്മാൎക്കും അവരുടെ സ്വഭാവേനയുള്ള തെററുകൾ ഉണ്ടായിരുന്നു. അതിനെപ്പററി പറയാതെ ക്രിസ്തുവിനു മററു സംഗതികളെപ്പററി ഉപദേശിക്കാമായിരുന്നു. ഈ പ്രവൎത്തനപദ്ധതിയാണു് തൻെറ ജോലിക്കു കൂടുതൽ ഉപയോഗപ്രദമായിരിക്കുന്നതു് എന്ന കാരണവുംകൂടെ അദ്ദേഹത്തിനു പറയാമായിരുന്നു. പക്ഷെ കൎത്താവിൻെറ പ്രവൃത്തി അപ്രകാരമല്ലായിരുന്നു. ആരെയെല്ലാം കോപിപ്പിച്ചാലും യഥാൎത്ഥമായ സത്യത്തെ പറയണമെന്നു അദ്ദേഹത്തിനു നിൎബന്ധമുണ്ടായി

രുന്നു. മതാചാരങ്ങൾക്കു കൂടുതൽ പ്രാധാന്യം കൊടുക്കുകയു ആത്മീയകാൎയ്യങ്ങളെ അവഗണിക്കുകയും ചെയ്യുവരോടു അദ്ദേഹം പ്രസംഗിച്ചു. അവരുടെമാൎഗ്ഗം നിൎജ്ജീവമായ ഒന്നാണെന്നു അദ്ദേഹം പറഞ്ഞു(ലൂക്കൊ. 11: 42) പരീശന്മാരും ഹേരോദ്യരും തന്നെ കൊല്ലുവാൻ ശ്രമിക്കത്തക്കവണ്ണം(മൎക്കൊ. 3: 6) അദ്ദേഹം അത്രമാത്രം ശബ്ദിച്ചു് ആചാരത്തെക്കുറിച്ചു കഠിനമായി പറഞ്ഞു. ധനവാന്മാരായ പരീശന്മാർ തന്നെ പരിഹസിക്കത്തക്കവണ്ണം അദ്ദേഹം അത്ര അധികം ധനവാന്മാരെ ശപിക്കുകയും അരുചികരമായ വാക്കുകൾ പറയുകയും ചെയ്തു (ലൂക്കൊ. 16: 14). ഛായാന്ത്രപ്രയോഗവും കള്ളവും ഉണ്ടായിട്ടു അതിനെക്കുറിച്ചു അശേഷം ദുഃഖപ്രദൎശനം ഇല്ലാത്ത ഇടത്തു തന്റെ ശാസനയ്ക്കു അശേഷം മയമില്ലായിരുന്നു.

ഇപ്രകാരമുള്ള കൎത്താവിന്റെ ഭയരഹിതമായ പരസ്യശുശ്രൂഷയെ സൂക്ഷ്മമായി അവലോകനം ചെയ്യുന്ന ഒരാൾക്കു അദ്ദേഹത്തിന്റെ പരമാൎത്ഥത സ്പഷ്ടമായി കാണുവാൻ കഴിയും. ആൎക്കും ഭയപ്പെടുത്തുവാനും മയക്കുവാനും കഴിയാത്ത ഒരാളായിരുന്നു അദ്ദേഹം. അതേ, നന്മ വരുമെന്നു മനസ്സിലായാൽപോലും കള്ളം പറയാത്ത ഒരു ധീരപുരുഷനായിരുന്നു ക്രിസ്തു.

തന്റെ ശിഷ്യന്മാരാകുവാൻ ആഗ്രഹിച്ചവരുമായി കൎത്താവു ഏതുവിധത്തിൽ പെരുമാറി എന്നുള്ളതു കൎത്താവിന്റെ ആന്തരികവും പരിപൂൎണ്ണവുമായ പരമാൎത്ഥതയ്ക്കു കുറേക്കൂടെ ഉത്തമമായ ഒരു തെളിവത്രെ: തനിക്കു ശിഷ്യന്മാരെ ലഭിക്കണമെന്നു എത്ര അധികമായി വാഞ്ഛിച്ചു എന്നും, ഒരാൾ തന്റെ ഒരു വിശ്വസ്ത ശിഷ്യനായിത്തീരുമ്പോൾ അതു തനിക്കു എത്രമാത്രം സന്തോഷത്തെ പ്രദാനം ചെയ്തു എന്നും സക്കായിയുടെ അനുതാപവും (ലൂക്കൊ. 19: 2) യേശുക്രിസ്തുവിനെ കാണണമെന്നുള്ള യവനന്മാരുടെ ആഗ്രഹവും (യോഹ. 12: 20—23) സ്പഷ്ടമാക്കുന്നുണ്ടു്. തന്റെ ശിഷ്യനായി തീനേ്ക്കുവാൻ ഇ

ടയുള്ള ഒരുവൻ നഷ്ടമായി പോകുമ്പോൾ ക്രിസ്തുവിനുണ്ടായിരുന്ന സങ്കടം ആ ധനവാനായ യൌവ്വനക്കാരൻ യേശുവിനുവേണ്ടി തൻെറ സ്വത്തിനെ ത്യജിക്കുവാൻ മനസ്സില്ലാതെ പോയപ്പോൾ അദ്ദേഹം പ്രദർശിപ്പിക്കുന്നുണ്ടു് (ലൂക്കൊ. 18: 22—24). അദ്ദേഹത്തിനു ശിഷ്യന്മാരെ ആവശ്യമുണ്ടായിരുന്നു. പക്ഷെ തന്നോടും തൻെറ പ്രവൃത്തികളോടും അനുകൂല്യമുള്ളവർ വളരെ ചുരുക്കമായിരുന്നു. അതുകൊണ്ടായിരിക്കണം ഒരു ശാസ്ത്രി എപ്പോഴും തന്നെ അനുഗമിക്കാം എന്നു പറഞ്ഞപ്പോൾ യേശു ഇപ്രകാരം പറഞ്ഞതു്:—'കുറുനരികൾക്കു കുഴികളും, ആകാശത്തിലെ പറവകൾക്കു കൂടുകളും ഉണ്ടു്. മനുഷ്യപുത്രനോ തലചായിപ്പാൻ ഇടംഇല്ല' (മത്താ. 8: 19, 20). ആരേയും പറഞ്ഞു തെററിധരിപ്പിച്ചു അദ്ദേഹം തൻെറ അനുഗാമികളായിട്ടു സ്വീകരിച്ചില്ല. തൻെറ ജോലിയുടെ പ്രയാസങ്ങളെയും വിഷമതകളെയും അദ്ദേഹം നല്ലവണ്ണം തെളിവായി അവരെ പറഞ്ഞു മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിൻെറ ജനസ്വാധീനത്തിൻെറ പരമകാഷ്ഠയുടെ അവസരത്തിൽ ആളുകൾ അനേകായിരങ്ങളായി തന്നെ അനുഗമിച്ചിരുന്നു. ആ അവസരത്തിൽ അദ്ദേഹം തിരിഞ്ഞു ഇപ്രകാരമാണു് അവരോടു പറഞ്ഞതു്: 'എൻെറ അടുക്കൽ വരികയും അപ്പനേയും അമ്മയേയും ഭാര്യയേയും മക്കളേയും സഹോദരന്മാരെയും സഹോദരികളെയും സ്വന്ത ജീവനെക്കൂടെയും പകയ്ക്കാതിരിക്കയും ചെയ്യുന്നവനു എൻെറ ശിഷ്യനായിരിപ്പാൻ കഴികയില്ല. തൻെറ ക്രൂശു എടുത്തു എൻെറ പിന്നാലെ വരാത്തവനും എംൻെറ ശിഷ്യനായിരിപ്പാൻ കഴികയില്ല (ലൂക്കൊ. 14: 26, 27). ഈ അവസരത്തിൽ അദ്ദേഹത്തിൻെറ മനഃസ്ഥിതിയെപ്പററി ആലോചിച്ചു നോക്കുക. അദ്ദേഹം എത്ര വിപുലമായ ഒരു പരമാർത്ഥമാണു് പ്രദർശിപ്പിച്ചിരിക്കുന്നതു്. തൻെറ ജീവിതത്തിലെ ഏററവും മഹത്വമേറിയ ഒരു ത്യാഗമായിരുന്നു ഇതു്. എന്തെന്നാൽ വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ ഇതിനു ശേഷം തന്നെ

അനുഗമിച്ചവർ ഈ വലിയ ത്യാഗത്തെപ്പററി കേട്ടതിൻെറ ശേഷം ഓരോരുത്തരായി തന്നെ വിട്ടുപിരിഞ്ഞുപോയി. അവസാനത്തിൽ ആ പന്ത്രണ്ടു ശിഷ്യന്മാർ മാത്രം ശേഷിച്ചു. അവരോടും യേശു, 'നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ?' എന്നത്രെ ചോദിച്ചതു് (യോഹ. 6: 66, 67). അദ്ദേഹം സത്യം തന്നെ പറഞ്ഞു. തൻെറ ശിഷ്യന്മാക്കു വരുവാൻ പോകുന്ന ആപത്തിനെപ്പററിയുള്ള പരമാത്ഥംകൂടെ അദ്ദേഹം പറഞ്ഞു. കഴിഞ്ഞ അദ്ധ്യായത്തിൻെറ അവസാനഭാഗത്തു ഉദ്ധരിച്ചിട്ടുള്ളതും, തൻെറ ശേഷിച്ച ആ പന്ത്രണ്ടുപേരോടും അവക്കു സംഭവിക്കുവാനിരിക്കുന്ന പ്രയാസങ്ങളെയും ഉപദ്രവങ്ങളെയുംപററി മുൻകൂട്ടി അറിയിച്ചതും ആയ ആ ഭാഗത്തെപ്പററി ആലോചിക്കുക. തൻെറ ജീവിതത്തിൻെറ വിജയം വളരെ സംശയാവസ്ഥയിൽ ഇരിക്കുന്ന അവസരത്തിലും, തൻെറ ശിഷ്യന്മാർ തന്നെ ഉപേക്ഷിക്കുന്നതായ അവസരത്തിലും തൻെറ മൌനതകൊണ്ടുപോലും ഇതരന്മാരെ കബളിപ്പിക്കാത്ത യേശുവിൻെറ പരമാത്ഥതയെപ്പററി എത്ര ആഴമായ ഒരു മതിപ്പത്രെ ഈ കായ്യങ്ങളെപ്പററി ആലോചിക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉണ്ടാകുന്നതു്. ഇപ്രകാരമുള്ള യേശുവിനു കള്ളത്തോടുണ്ടായിരുന്ന വെറുപ്പു എത്രമാത്രമായിരുന്നു എന്നു ചിന്തിക്കുക.

മററുള്ളവരെ തെററിദ്ധരിപ്പിക്കുന്നതോ കബളിപ്പിക്കുന്നതോ പരമാത്ഥമില്ലായ്മയുടെ ഒരു ഭയങ്കരഭാഗമാണെന്നു തോന്നുന്നില്ല. അതിലും ഭയങ്കരമായ ഒന്നാണു്, ഇല്ലാത്തതായ നന്മകൾക്കു പകരം പുറമെ അപ്രകാരം ഭാവിക്കുന്ന കപടഭക്തി. പരമാത്ഥം പറയേണ്ടതു ഏററവും അത്യാവശ്യമായ ഒരു സംഗതിതന്നെയാണു്. അതിൽ കൂടുതലായ ശ്രദ്ധ പതിപ്പിക്കേണ്ട ഒരു സംഗതിയാകുന്നു നമ്മുടെ പരമാത്ഥമായ ജീവിതം. നിങ്ങൾ കപടഭക്തിക്കാരെപ്പോലെ ആകരുതു് (മത്താ. 6: 5) എന്നു യേശുക്രിസ്തു പറഞ്ഞപ്പോൾ ഉദ്ദേശിച്ചതായ അത്ഥവും ഇതുതന്നെ ആയിരുന്നു.

ഈ ഘട്ടത്തിലാണു നാം ക്രിസ്തുവിൻെറ മലപ്രസംഗ ത്തെ വായിക്കേണ്ടതു്. അതു പുതിയ നിബന്ധനകളടങ്ങിയ ഒരു നവീന നിയമസഞ്ചയം അല്ലായിരുന്നു. കർത്താവുതന്നെ ജീവിച്ചിരുന്നതായ ആന്തരജീവിതത്തിൻെറ ഒരു പ്രദർശന മായിരുന്നു അതു്. നമുക്കു, സഹോദരനോടു കലഹമില്ലാതി രുന്നാൽ മാത്രം പോരാ, പിന്നെയോ, സഹോദരനോടു യ ഥാൎത്ഥമായ സ്നേഹമാണു് ഉണ്ടായിരിക്കേണ്ടതു് എന്നാണു ക്രി സ്തു പഠിപ്പിച്ചതെന്നു മലപ്രസംഗത്തിൽനിന്നു മനസ്സിലാകുന്നു (മത്താ. 5: 21—26). ചട്ടങ്ങൾക്കനുസരണമായി വ്യഭിചാ രം ചെയ്യാതിരിക്കാൻ മനശ്ശക്തി പ്രയോഗിച്ചാൽ സാധിക്കു ന്നതാണു്. എന്നാൽ വിചാരത്തിൽക്കൂടി അശുദ്ധിയില്ലാതെ ജീവിക്കണമെന്നാണു് യേശുവിൻെറ ഉപദേശം എന്നു് മല പ്രസംഗത്തിൽനിന്നു കാണാം (മത്താ. 5: 27, 28). നമുക്കു ചില പ്രതിജ്ഞകൾമൂലവും ആണകൾമൂലവും സത്യസന്ധന്മാ രെന്നു ബാഹ്യമായി തെളിയിക്കുവാൻ സാധിക്കും, എങ്കിലും ക്രിസ്തു ആവശ്യപ്പെട്ടതു നിർമ്മലമായ സത്യസന്ധത ആയിരു ന്നു (മത്താ. 5: 33—37). നമ്മുടെ ഔദാൎയ്യബുദ്ധിയും മററുള്ള വരെപ്പററിയുള്ള കരുതലും ധാരാളം ധർമ്മം കൊടുക്കുന്നതു കൊണ്ടു പ്രത്യക്ഷപ്പെടുത്തുവാൻ സാധിക്കും. എന്നാൽ അതു കഴിയുന്നതും രഹസ്യത്തിൽ കൊടുക്കയും, മനുഷ്യരോടുള്ള യ ഥാൎത്ഥമായ സ്നേഹത്തിൽനിന്നും അതു പുറപ്പെടുകയും ചെയ്യു ന്നില്ല എങ്കിൽ അതിനെ ക്രിസ്തു കഠിനമായി ആക്ഷേപിക്കും (മത്താ. 6: 1—4). പ്രാൎത്ഥനപോലും മനുഷ്യരുടെ പ്രീതിക്കു വേണ്ടി അഭിനയമായി ചെയ്യാൻ സാധിക്കും എന്നത്രെ ക്രി സ്തു പറയുന്നതു്. എന്നാൽ തൻെറ പ്രാൎത്ഥനയാകട്ടെ ദൈവ വുമായുള്ള ഒരു അഗാധവും അഗോചരവുമായ സംസർഗ്ഗമാ യിരുന്നു. പക്ഷേ അതു നിർജ്ജനപ്രദേശത്തും, മററുള്ളവരുടെ ദൃഷ്ടിയിൽനിന്നു മറഞ്ഞിരുന്നപ്പോഴും ആയിരുന്നു പരിപൂൎണ്ണ മായിരുന്നതു് (മത്താ. 6. 5, 6). ഉപവാസം മുതലായ പല മ താചാരങ്ങളും അത്രമാത്രം ബാഹ്യവും ക്രിത്രിമവും ആയിത്തീ

ന്നുമൂലം അതിൻെറ ആത്മീകശക്തി നശിച്ചുപോയിരുന്നു. പക്ഷെ ക്രിസ്തുവിനു ആ ആത്മീയജീവിതം അഗാധമായ ഒരു ആന്തരികാനുഭവവും തൻെറ ആത്മാവും ദൈവവും ആയുള്ള ഒരു പരമാൎത്ഥമായ സംസൎഗ്ഗവും ആയിരുന്നു. ഇതുകൊണ്ടുതന്നെയാണു മലപ്രസംഗത്തെ ക്രിസ്തുവിൻെറ പ്രസംഗങ്ങളിൽ വെച്ചു ഏററവും ഉത്തമമായതായിട്ടു കരുതുന്നതു്. പരമാൎത്ഥത ഏററവും പ്രധാനപ്പെട്ട സംഗതി ആയിരുന്നു. തൻെറ ജീവിതത്തിൻെറ ഒരു പ്രദൎശനമായിരുന്നു അതു്. ഈ വാക്കുകളിൽ പഠിപ്പിച്ചതുതന്നെയായിരുന്നു ഒരു കുട്ടിയെ എടുത്തു അവരുടെ മുമ്പിൽ നിൎത്തി അതിൻെറ പരമാൎത്ഥതയും ലാളിത്യവും നിഷ്കപടതയും തങ്ങളുടെ ആദൎശമായിരിക്കണമെന്നു ക്രിസ്തു അവരെ പഠിപ്പിച്ചപ്പോൾ കാണിച്ചുകൊടുത്തതു് (മൎക്കൊ. 9: 36).

ഇപ്രകാരം ക്രിസ്തു തൻെറ വാക്കിലും പ്രവൃത്തിയിലും പ്രത്യക്ഷപ്പെടുത്തിയിരുന്ന പരമാൎത്ഥതയെ വിവേചിക്കുമ്പോൾ രണ്ടു പ്രധാന സംഗതികൾ നമുക്കു കാണാം. അതിൽ ഒന്നാമത്തേതു ആത്മാഭിമാനം ആകുന്നു. അന്യന്മാർ നമ്മെ ബഹുമാനിക്കുന്നതു നമുക്കെല്ലാവൎക്കും സന്തോഷകരമായ ഒരു കാൎയ്യമാണ്. പക്ഷെ ക്രിസ്തു ഇതിലും കൂടേക്കൂടെ അഗാധമായ ഒരു നിയമമത്രെ ഉപദേശിക്കുന്നതു്. നമുക്കു നമ്മെത്തന്നേ ബഹുമാനിക്കത്തക്കവണ്ണം നമ്മുടെ ആന്തരികജീവിതം അത്ര പരിശുദ്ധവും ഉത്തമവുമായ ഒന്നായിരിക്കണം. പരീക്ഷക്കു കണ്ടെഴുതിയ ഒരുവനു ഉയൎന്ന മാൎക്കു വാങ്ങിക്കുവാൻ സാധിക്കുമെങ്കിലും അവനു അവനെത്തന്നെ ബഹുമാനിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടു ആത്മാഭിമാനമുള്ളവനായിട്ടു ജീവിക്കണമെങ്കിൽ പരമാൎത്ഥത ഉള്ളവനായിരിക്കണം.

ഓരോരുത്തരും ഈ മാനദണ്ഡംകൊണ്ടു് അവനവനെ അളന്നു നോക്കട്ടെ! പല സംഗതികൾ ചെയ്യാത്തതായിട്ടല്ല, ഒളിച്ചുവച്ചിരിക്കുന്നതായിട്ടു അപ്പോൾ കാണാം. ഒരു മനുഷ്യൻ

കഴിയുന്നതും മററുള്ളവരുടെ നിന്ദയ്ക്കും പരിഹാസത്തിനും പാത്രമാകാതെ—കുറേക്കൂടി ശക്തിയുള്ളപക്ഷം അവരുടെ അഭിനന്ദനത്തിനു പാത്രമാകത്തക്കവണ്ണമത്രേ ജീവിക്കുന്നതു്. ഈ ആദർശം അവനെ സന്മാർഗ്ഗജീവിതത്തിലേക്കു നടത്തുന്നതിനു ഏറെക്കുറെ പയ്യാപ്തമായ ഒന്നാകുന്നു എങ്കിലും അതിലും വലുതായ ആദർശങ്ങൾ അതിൻെറ പിറകിൽ ഇല്ല എങ്കിൽ അതു അവനെ പരമാത്ഥരഹിതമായ ഒരു ജീവിതത്തിനു പ്രേരിപ്പിക്കുന്ന ഒന്നാകുന്നു. ആരുമില്ലാത്തപ്പോൾ നാം ചിന്തിക്കുയോ, പറകയോ, പ്രവത്തിക്കുയോ ചെയ്യുന്നതിനേക്കുറിച്ചു ലജ്ജിക്കാൻ ആവശ്യമില്ലാത്ത ഒരു ജീവിതമാകുന്നു നയിക്കേണ്ടതു്.

വെനീസ്സിലുള്ള ഒരു പുരാതന പള്ളിയിൽ ഒരു മജിസ്റ്റ്രേട്ടിൻെറ പ്രതിമ കണ്ടതായി റസ്കിൻ (Ruskin) പറയുന്നു. ജനങ്ങളുടെ നേരെയുള്ള അതിൻെറ വശം വളരെ മനോഹരമായി തീർത്തിരിക്കുകയാണു്. എന്നാൽ പിറകുവശം പണിതു തീക്കാതെയാണു് വച്ചിരിക്കുന്നതു്. അദ്ദേഹത്തിൻെറ നെററിയുടെ ചുളിവുകളും, തൊപ്പിയുടെ മനോഹരതയും വസ്ത്രത്തിൻെറ അലങ്കാരങ്ങളും എല്ലാം വളരെ രമ്യമായി ചെയ്തിട്ടുണ്ടു്. എന്നാൽ മറുവശം അതുപോലെയൊന്നും ചെയ്യാതെ വെറുതെ ഇട്ടിരിക്കുകയാകുന്നു. ഇതിനെപ്പററി റസ്കിൻ ഇപ്രകാരമാകുന്നു പറയുന്നതു് 'അതിനെപ്പററിയുള്ള പ്രധാനവും ചുരുക്കവുമായ സംഗതിയിതാണു്. ഈ പ്രതിമ യഥാത്ഥത്തിൽ ആ പണിക്കാരൻെറ സ്വഭാവത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. അവൻ 1487-ൽ കള്ളഒപ്പിട്ടു എന്ന കുററം അസ്സദമാക്കി വെനീസ്സിൽനിന്നും ബഹിഷ്കരിക്കപ്പെട്ടു.' റസ്കിൻ പറയുന്നതുപോലെയുള്ള അവൻെറ സന്മാർഗ്ഗജീവിതത്തിൻെറ അധഃപതനത്തെപ്പററി ആലോചിക്കുക. അവൻെറ ആത്മാഭിമാനവും പരമാത്ഥതയും നശിച്ചതോടുകൂടിയായിരുന്നു അവൻെറ സാന്മാർഗ്ഗികജീവിതവും അധഃപതിച്ചതു്.

ഈ ഒരു ചിന്താഗതിയോടുകൂടി ഗുരുവിൻെറ സ്വഭാവത്തെ നിരീക്ഷണം ചെയ്യുക. 'മററുള്ളവർ കാണുന്നതിനായി

നന്മചെയ്യുന്നവരെ' പഴിച്ചു പറയുമ്പോഴും (മത്താ. 6: 1), പരീശന്മാരോടു, നിങ്ങൾ മനുഷ്യരുടെ മുമ്പിൽ നിങ്ങളെത്തന്നെ നീതീകരിക്കുന്നു. എന്നാൽ ദൈവം നിങ്ങളുടെ ഹൃദയങ്ങളെ അറിയുന്നു' എന്നു പറയുമ്പോഴും, (ലൂക്കൊ. 16: 15). മനുഷ്യൻെറ ദൂഷ്യം അവൻെറ വിചാരങ്ങളിലാണു്, അല്ലാതെ അവൻെറ തെററായ ആചാരങ്ങളിലല്ല (മത്താ. 15: 19, 20). മനുഷ്യൻ യഥാർത്ഥത്തിൽ നല്ലവനാകുന്നതിനു് അവൻെറ ആന്തരികജീവിതവും ശുദ്ധീകരിക്കേണ്ടതാണു് (മത്താ. 12: 34, 35) എന്നു യേശു നിർബന്ധിക്കുമ്പോഴും നാം ആ ജഗൽഗുരുവിൻെറ ഔന്നത്യസ്വഭാവത്തെ കാണുന്നു. അദ്ദേഹത്തിൻെറ നിഷ്കാപട്യം ഇത്തരത്തിലായിരുന്നു. ഈവിധ ചിന്താഗതിയെ അദ്ദേഹം സ്വയം വരിച്ചിരുന്നു. ഇപ്രകാരമുള്ള ആകാംക്ഷകളെ പോഷിപ്പിച്ചിരുന്നു, സമസ്യഷ്ടങ്ങളോടുള്ള വികാരങ്ങൾ ഇത്തരത്തിലുള്ളവയായിരുന്നു, അതുകൊണ്ടു അദ്ദേഹത്തിനു ഒരിക്കലും തന്നെക്കുറിച്ചുതന്നെ ലജ്ജിക്കേണ്ടിവന്നില്ല. ഇങ്ങനെ നിർമ്മലവും പരമാത്ഥവുമായ ഒരു സ്വഭാവത്തെക്കുറിച്ചു ഒരു കവി പാടിയിട്ടുള്ളതിനെ ഏതൊരു പ്രണയിയും ആവത്തിക്കുന്നതാണു്.

സ്ഫടികസമാനനായ ക്രിസ്തുവേ, സവ്വസൽഗുണ-
സമ്പന്നനായ യേശുവേ,
ഞാൻ നിന്നിൽ പൊറുക്കേണ്ടതായിട്ടു ഏതു കുററമുണ്ടു്?
ഏതൊരു ചെറിയ കറവൊ,കറവിൻെറ നിഴലോ ഉണ്ടു?
ഉറക്കത്തിലാകട്ടെ, മരണത്തിലാകട്ടെ, കഠിനോപദ്രവ
സമയത്താകട്ടെ,

നിൻെറ കരുണ അണുവെങ്കിലും കുറഞ്ഞിട്ടുണ്ടോ?
ശത്രുവിൻെറ ഊഹാപോഹങ്ങൾക്കുകൂടി ഏതെങ്കിലും
കുറവു നിന്നിൽ ആരോപിക്കാൻ സാധിച്ചിട്ടുണ്ടോ?

ഗുരുവിൻെറ പരമാത്ഥതയുടെ വേറൊരു അംശം 'രഹസ്യത്തിൽ കാണുന്ന പിതാവു്' എന്ന വാക്കുകളിൽ വെളി

പ്പെട്ടുത്തിയിരിക്കുന്നു. നാം പ്രധാനമായി പൊതുജനാഭിപ്രായമാണ് അറിയുന്നതു്, യേശുവോ അഖിലാണ്ഡത്തിൻെറ പൊതു അഭിപ്രായ ബോധത്തിൽ ജീവിക്കയും അതിനെ കാഴ്ചമായി എണ്ണുകയും ചെയ്തിരുന്നു. അവൻ 'ദൈവത്തിൻകാഴ്ചയിൽ' ജീവിച്ചു എന്നു വിശുദ്ധവേദം ഭംഗിയായി പറഞ്ഞിരിക്കുന്നു. തൻെറ ചിന്താഗതികളെയും, ആകാംക്ഷകളേയും, ഉദ്ദേശ്യങ്ങളേയും, ഹൃദയഭാവനകളേയും 'രഹസ്യത്തിൽ കാണുന്ന പിതാവി'ൻെറ മദ്ധ്യസ്ഥതയ്ക്കു വിട്ടുകൊടുക്കുന്ന ഒരാൾ പരമാൎത്ഥമനുഷ്യനായിരിക്കണം. നമ്മിൽ പലരും മനോഹരമായ ലതകളാൽ മൂടപ്പെട്ടിരിക്കുന്ന പാറകളാകുന്നു. മൂടിയെ മാററിനോക്കുമ്പോൾ വിള്ളലുകളിൽ അഴുക്കുനിറഞ്ഞ എത്രയോ ഇഴജന്തുക്കളെ കാണാം!

ദൈവം നമ്മുടെ ഹൃദയങ്ങളെ അറിയുന്നു എന്നുള്ളതു വാസ്തവമാണ്. നമ്മുടെ സമസൃഷ്ടങ്ങളോടു നാം സമാധാനമായി കഴിയുന്നു എന്നുള്ളതു പരമാൎത്ഥതയുടെ ഒരു ലക്ഷണമായി കരുതേണ്ടതില്ല. നാം ആത്മാഭിമാനത്തോടുകൂടി ജീവിക്കുന്നതു പരമാൎത്ഥതയ്ക്കു കുറേക്കൂടി നല്ല തെളിവാണ്. നാം ദൈവവുമായി നിരപ്പിൽ ജീവിക്കുന്നതു ജീവിതപരമാൎത്ഥതയുടെ ഉത്തമ ലക്ഷണമാണ്. ഈ അളവനുസരിച്ചു ജീവിക്കാൻ നാം ഉത്സാഹിക്കുന്നുണ്ടോ?

പ്രത്യുത, ജനതാമദ്ധ്യത്തിൽ മാനം പാലിക്കുന്നതിനുമാത്രം നാം ചിലതു ചെയ്യുന്നതുകൊണ്ടു തൃപ്തിയടയുന്നതിനെ വിചാരിച്ചു നോക്കുക. ഒരു മനുഷ്യൻ അവൻെറ മുറിയിലിരുന്നു, യാതൊരു ശബ്ദവുംകൂടാതെ, ഒരു ചീത്തപുസ്തകം വായിച്ചു രസിക്കുമ്പോൾ അവൻെറ ആത്മാവു ദുൎവ്വിചാരങ്ങളാൽ മത്തുപിടിച്ചു ലോകത്തിലെ ദുൎമ്മാൎഗ്ഗശാലകളിൽ ഇതരമനുഷ്യർ അനുഭവിക്കുന്ന വെറിക്കൂത്തു് ഇവൻ അവൻെറ മനസ്സിൽ അനുഭവിക്കുന്നു. രാജ്യചട്ടങ്ങൾക്കു അവനെ തൊടാൻ സാധിക്കയില്ല. കായികവിനോദങ്ങളിലും വ്യാപാരങ്ങളിലും മ

നുഷ്യർ അന്യായപ്രയോഗത്തിനു് എത്ര സമീപിച്ചുവരാമോ അത്രകണ്ടു സമീപത്തുവരുന്നു. മാന്യതയുടെ വേലിവരെ നാം മിക്കപ്പോഴും അടുത്തുവന്നു വേലിയിൽക്കൂടി മറുവശത്തേക്കു നോക്കി അപ്പുറം കടക്കാൻ നമുക്കു ധൈര്യം വന്നെങ്കിലോ എന്നു നാം ആഗ്രഹിക്കുന്നു! എത്രയും തിന്മ ചെയ്വാൻ ധൈര്യപ്പെടുന്നുവോ അത്രയും തിന്മചെയ്യുന്നതിലാണു പലരുടേയും നന്മ അടങ്ങിയിരിക്കുന്നതു്. ആത്മാഭിമാനവും 'പിതാവു രഹസ്യത്തിൽ കാണുന്നു' എന്നുള്ളതുംകൊണ്ടു നമ്മെ പരിശോധിച്ചാൽ നമ്മുടെ ക്ഷിപ്രപ്രസാദത്തിനു് കേടു തട്ടുകയും നാം ലജ്ജകൊണ്ടു നിറയുകയും ചെയ്യുന്നു എന്നു സമ്മതിക്കാതെ തരമില്ല. നമ്മുടെ ജീവിതവുമായിട്ടു ഗുരുവിന്റേതിനെ താരതമ്യപ്പെടുത്തുമ്പോൾ കാണുന്നതു് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അത്ഭുതവശം ദൈവത്തോടുകൂടെയുണ്ടായിരുന്ന ജീവിതം ലജ്ജയ്ക്കു കാരണമായില്ല എന്നുള്ളതായിരുന്നു. 'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്നുള്ളതാണു് ദൈവത്തിനു യേശുവിനെക്കുറിച്ചുണ്ടായിരുന്ന മതിപ്പു്. 'അവനു പ്രസാദമുള്ളതു ഞാൻ എപ്പോഴും ചെയ്യുന്നു' (യോഹ. 8: 29) എന്നുള്ളതായിരുന്നു ദൈവത്തോടുകൂടെയുള്ള അവന്റെ ജീവിതത്തിന്റെ രഹസ്യം. ചുരുക്കിപ്പറഞ്ഞാൽ ഗുരുവിന്റെ മഹത്വം തന്റെ ജീവിതത്തിലെ പരമാർത്ഥതയായിരുന്നു.

യേശുവിന്റെ പരമാർത്ഥതയിൽ മൂന്നു ഭാഗങ്ങളുണ്ടു്:— തന്നെത്തന്നെ രക്ഷിക്കുന്നതിനോ, തന്റെ പ്രവൃത്തിക്കുള്ള പ്രതിബന്ധങ്ങളെ ഹനിപ്പിക്കുന്നതിനോ, ശിഷ്യന്മാരെ സമ്പാദിക്കുന്നതിനോ ആയിട്ടു താൻ യാതൊരുതരത്തിലും ആരേയും വഞ്ചിക്കയില്ല. യഥാർത്ഥനന്മയുള്ള ഒരു ആന്തരികജീവിതംകൊണ്ടു് താൻ തൃപ്തിപ്പെട്ടിരുന്നതിനാൽ തന്നെക്കുറിച്ചു തന്നെ ലജ്ജിക്കുന്നതിനോ, പിതാവിന്റെ സന്നിധിയിൽനിന്നു ഒളിക്കുന്നതിനോ ആവശ്യമുണ്ടായിരുന്നില്ല. ഇപ്രകാരമുള്ള ഒരു

ആദർശത്തെ പിടിച്ചുകൊള്ളുന്നതിനും ഈ ആദർശം സാദ്ധ്യമാണെ് എന്നു ലോകത്തെ ബോധപ്പെടുത്തുന്നതിനും ഏതു തരത്തിലുള്ള ജീവിതമാണു് ആവശ്യം?

ഗുരുവിൻെറ ഈ പരമാർത്ഥതയ്ക്കു, നമുക്കു അദ്ദേഹത്തിലുള്ള വിശ്വാസത്തോടു, എന്തു സംബന്ധമാണു് ഉള്ളതു എന്നു തെളിവാണു്. ദൈവവുമായി അദ്ദേഹത്തിനുള്ള പ്രത്യേക ബന്ധത്തെക്കുറിച്ചും, ദൈവത്തെപ്പററിയുള്ള സത്യം തനിക്കറിയാം, അതു നമ്മോടു പറവാൻ കഴിയും എന്നും കർത്താവു നമ്മോടു സംസാരിക്കുമ്പോൾ നാം ഈ വെളിപ്പാടിൽ വിശ്വസിക്കുന്നതു അദ്ദേഹത്തിൻെറ പരമാർത്ഥതകൊണ്ടാണു്. ഗുരു തൻെറ വാസ്തവ അനുഭവത്തിൽനിന്നാണു് ദൈവത്തെക്കുറിച്ചുള്ള സത്യം നമ്മെ അറിയിക്കുന്നതു് എന്നുള്ളതു തൻെറ നിർമ്മലതാവും പരമാർത്ഥതയുംകൊണ്ടു തെളിയുന്നു. 'ഞാൻ അവനെ അറിയുന്നില്ല എന്നു പറഞ്ഞാൽ, ഞാനും നിങ്ങളെപ്പോലെ ഒരു കള്ളനായിത്തീരും' എന്നു് അദ്ദേഹം പരീശന്മാരോടു പറഞ്ഞതായി വിശ്രു. യോഹന്നാൻ പ്രസ്താവിക്കുന്നു (യോഹ. 8: 35).

---

## അദ്ധ്യായം 13

# നമ്മുടെ കർത്താവിൻെറ ആത്മസംയമനം

## പ്രതിദിന പാഠങ്ങൾ

### ഏഴാം ആഴ്ച:—ഒന്നാംദിവസം

എബ്രാ. 2: 17, 18. അതുകൊണ്ടു ജനത്തിൻെറ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരോഹിതനും ആകേണ്ടതിന്നു സകലത്തിലും തൻെറ സഹോദരന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു. താൻ തന്നേ പരീക്ഷിതനായി ക

ഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു.

എബ്രാ. 4: 15, 16. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു്. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക.

നമ്മുടെ കർത്താവിന്റെ സ്വഭാവം നമുക്കു ദൃഷ്ടാന്തമായി ഉപകരിക്കണമെങ്കിൽ, അവന്റെ ജീവിതം നമ്മുടെ പ്രമാണമാക്കി അവന്റെ സ്വഭാവത്തോടൊപ്പംപോലെയുള്ള ഒരു സ്വഭാവം നമുക്കും തരുവാൻ അവനെപ്പോലെ നാമും അതിനെ തരുന്ന പരിശുദ്ധാത്മാവിൽ നമ്മുടെ ആശ്രയം വെക്കയും നാം അവനെപ്പോലെ പരീക്ഷകളിൽ കൂടെ കടക്കയും വേണം. പരീക്ഷകളിൽകൂടെ കടക്കാത്ത ഒരു സ്വഭാവത്തെ നമുക്കു ഗ്രഹിപ്പാനൊ ദൃഷ്ടാന്തമായി സ്വീകരിച്ചു അനുകരിപ്പാനൊ കഴികയില്ല. പരീക്ഷിക്കപ്പെടാത്ത ഒരു ക്രിസ്തു നമ്മുടെ ബുദ്ധിക്കു അഗോചരനായിരിക്കും. യേശുക്രിസ്തു 'സർവ്വത്തിലും നമുക്കുതുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ' എന്നുള്ള സംഗതി ഈ ആഴ്ച നമുക്കു ധ്യാനവിഷയം ആക്കാം. അധൈര്യപ്പെടുത്തുന്ന പരീക്ഷകൾ കൂടാതെ സന്തോഷമോ, തന്റെ ആശയത്തെ ഉപേക്ഷിപ്പിക്കാൻ കഴിയുന്ന പരീക്ഷ ഉണ്ടാകാതെ ആ ആശയനിവൃത്തിക്കുള്ള ദൃഢനിശ്ചയമോ, പ്രതികാരത്തിന്നു പ്രേരിപ്പിക്കുന്ന പരീക്ഷ കൂടാതെ മഹാമനസ്കതയോ സൽഗുണങ്ങളായി സങ്കല്പിപ്പാൻ കഴികയില്ല. സ്വഭാവസംരക്ഷണത്തിന്നുവേണ്ടി നിങ്ങൾ പോരാടേണ്ടിവന്നാൽ, നമ്മുടെ കർത്താവിന്റെ സ്വഭാവവും ഉൽകൃഷ്ടമായി തീർന്നതു അതിനെ നീചമാക്കാൻ ഉണ്ടായ പരീക്ഷകളോടു പോരാടിയതിൽ പിന്നെയാണെന്നു സ്മരിച്ചുകൊൾ

കം. ദൈവം മനുഷ്യനെ ഒരുഭാഗത്തേക്കും പിശാചു അവനെ മറുഭാഗത്തേക്കും പിടിച്ചുവലിക്കുന്നു. അപ്പോൾ അവന്റെ ആത്മാവു ഉണർന്നു അഭിവൃദ്ധി പ്രാപിക്കുന്നു.

---

## ഏഴാം ആഴ്ച:—രണ്ടാം ദിവസം

ലൂക്കൊ. 4: 1—8. യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായി യോർദ്ദാൻ വിട്ടു മടങ്ങി; ആത്മാവു അവനെ മരുഭൂമിയിലേക്കു നടത്തി; പിശാചു അവനെ നാല്പതു ദിവസം പരീക്ഷിച്ചുകൊണ്ടിരുന്നു. ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിച്ചില്ല; അവ കഴിഞ്ഞപ്പോൾ അവനു വിശന്നു. അപ്പോൾ പിശാചു അവനോടു: നീ ദൈവപുത്രൻ എങ്കിൽ ഈ കല്ലിനോടു അപ്പമായിത്തീരുവാൻ കല്പിക്ക എന്നു പറഞ്ഞു. യേശു അവനോടു: മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതു എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു. പിന്നെ പിശാചു അവനെ മേലോട്ടു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകല രാജ്യങ്ങളെയും ക്ഷണനേരത്തിൽ അവനു കാണിച്ചു; ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം; അതു എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ളവനു ഞാൻ കൊടുക്കുന്നു. നീ എന്നെ ഒന്നു നമസ്കരിച്ചാൽ അതെല്ലാം നിന്റേതാകും എന്നു അവനോടു പറഞ്ഞു. യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു.

നമ്മുടെ കർത്താവിനുണ്ടായ ഓരോവിധ പരീക്ഷയുടെയും അർത്ഥത്തെപ്പറ്റി ഇപ്പോൾ ചിന്തിച്ചിട്ടാവശ്യം ഇല്ല. ഇന്നത്തെ ധ്യാനത്തിനു നമ്മുടെ കർത്താവിനു ശക്തിയേറിയ പരീക്ഷകൾ ഉണ്ടായി എന്നുള്ള സംഗതി വിഷയമാക്കാം. മഹാത്മാക്കൾക്കല്ലയോ മഹാപരീക്ഷകൾ ഉണ്ടാകുന്നതു? മിസ്രയീമിലെ രാജമന്ദിരത്തിലെ സന്തോഷങ്ങൾ അനുഭവിച്ചു കാലം കഴിക്കയോ ദൈവത്തിന്റെ ജനത്തോടുകൂടെ മരുഭൂമിയിൽ കിടന്നു കഷ്ടപ്പെടുകയോ ഏതാണു വേണ്ടതെന്നു

തീൎച്ചപ്പെടുത്തേണ്ടിവന്നപ്പോൾ മോശെക്കു നേരിട്ടപ്രയാസ
ത്തെ ആസ്ത്രേലിയായിലെ കാട്ടാളനു അല്പമായിട്ടെങ്കിലും ഗ്ര
ഹിക്കാൻ കഴിയുമോ? മോശയുടെ പരീക്ഷയുടെ കാഠിന്യം
അറിയണമെങ്കിൽ മോശയെപ്പോലുള്ള മഹാനായിരി
ക്കണം. ഒരു കോപ്പയിലെ വെള്ളത്തിൽ കൊടുങ്കാററു
യാതൊരിളക്കവും ഉണ്ടാക്കുകയില്ല. തന്റെ ജീവിത
ത്തിൽ ദൈവത്തിന്നും നീതിക്കുംവേണ്ടി യാതൊരു പോരാട്ട
ത്തിനും ഇടവന്നിട്ടില്ലാത്തവൻ താൻ മിടുക്കനാണെന്നു വി
ചാരിച്ചു തൃപ്തിപ്പെട്ടിരുന്നാൽ അതു സ്വഭാവത്തിന്റെ മാഹാ
ത്മ്യത്തെയോ അല്പതയെയോ ഏതിനെയാണു സൂചിപ്പിക്കുന്ന
തു്? പരീക്ഷ മാനക്കേടല്ല. അതു പുരുഷത്വത്തിനു പൂൎണ്ണത
വരുത്തുന്നതാകുന്നു. നമ്മുടെ കൎത്താവിന്റെ ശക്തികൾ അ
മാനുഷം ആയിരുന്നതിനാൽ അവയെ സംയമനം ചെയ്യുന്ന
തിനു അമാനുഷപരീക്ഷകളും ആവശ്യം ആയിരുന്നു.

---

## ഏഴാം ആഴ്ച;—മൂന്നാം ദിവസം.

ലൂക്കൊ. 4: 9—14. പിന്നെ അവൻ അവനെ യെരൂശലേ
മിലേക്കു കൂട്ടിക്കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തി
ന്മേൽ നിറുത്തി അവനോടു: നീ ദൈവപുത്രൻ എങ്കിൽ, ഇവി
ടെനിന്നു താഴോട്ടു ചാടുക;

"നിന്നെ കാപ്പാൻ അവൻ തന്റെ ദൂതന്മാരോടു നിന്നെക്കു
റിച്ചു കല്പിക്കയും നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം അ
വർ നിന്നെ കയ്യിൽ താങ്ങിക്കൊള്ളുകയും ചെയ്യും"

എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.

യേശു അവനോടു: നിന്റെ ദൈവമായ കൎത്താവിനെ പരീ
ക്ഷിക്കരുതു് എന്നു അരുളിച്ചെയ്തിരിക്കുന്നു എന്നു ഉത്തരം പറ
ഞ്ഞു.

അങ്ങനെ പിശാചു സകല പരീക്ഷയും തികച്ചശേഷം കു
റെകാലത്തേക്കു അവനെ വിട്ടുമാറി.

യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലെക്കു മടങ്ങിച്ചെന്നു; അവന്റെ ശ്രുതി ചുററുമുള്ള നാട്ടിൽ ഒക്കെയും പരന്നു.

ഇന്നത്തെ പാഠത്തിന്റെ അവസാനവാക്യത്തെ പ്രത്യേകമായി ഗൌനിക്കു. പരീക്ഷനിമിത്തം നമ്മുടെ കർത്താവു ആത്മശക്തി പ്രാപിച്ചു. പരീക്ഷ തന്നെ ഉപര്യുപരി ഉൽകൃഷ്ടനാക്കുന്ന ഒരു അനുഭവമുണ്ടാക്കി. പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവു മരുഭൂമിയിലേക്കു നടത്തി. പരീക്ഷ കഴിഞ്ഞു യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലക്കു മടങ്ങിച്ചെന്നു. നമ്മുടെ സ്വഭാവം പരീക്ഷകൾ ഇല്ലാത്തപ്പോൾ മാത്രം നന്മയുള്ളതായിരുന്നാൽ അതു ഉത്തമസ്വഭാവം എന്നു പറയാമോ? പരീക്ഷകൾ വിജയത്തിന്നും അഭിവൃദ്ധിക്കും ഉള്ള അവസരങ്ങളാകുക. ഇതാകുന്നു നമ്മുടെ കർത്താവിന്റെ പ്രമാണം. 'പരീക്ഷകൾ വന്നാൽ ഞങ്ങൾ പരാജിതരാകാതെ അവയോടെതിർപ്പാൻ ശക്തി തരേണമേ,' എന്നു കർത്താവിനോടു പ്രാർത്ഥിക്കു.

---

## ഏഴാം ആഴ്ച:—നാലാം ദിവസം

മത്താ. 6: 9—13. നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നും തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ, ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ.

യാക്കോ. 1: 2—4. എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസ

ത്തിൻെറ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ. എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന്നു സ്ഥിരതെക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ.

ഒരിടത്തു 'ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ' എന്നും മറെറാരിടത്തു 'നിങ്ങൾ വിവിധപരീക്ഷകളിൽ അകപ്പെടുമ്പോൾ.......അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ' എന്നും ഉള്ള വിപരീതവാക്യങ്ങൾക്കു സമാധാനം എന്തു? ചിലർ പരീക്ഷകൾ ഉണ്ടാകും എന്നുള്ള അറിവോടുകൂടി ചില സ്ഥിതികളിൽ ചെന്നു പ്രവേശിക്കാറുണ്ടു്. തങ്ങളുടെ ശക്തിശോധനചെയ്വാൻ ആഗ്രഹിച്ചിട്ടാണെന്നാണു് അവർ പറയുന്നതു്. ഇതു നീതീകരിക്കാമോ? തനിക്കു ഒഴിക്കാവുന്ന പരീക്ഷയെ ആ പരീക്ഷയോടു പോരാടുന്നതിനുവേണ്ടി ക്ഷണിക്കുന്നവൻ ബുദ്ധിയില്ലാതെ തീയോടു കളിക്കയാകുന്നു. തൻെറ ഉദ്ദേശ്യം നല്ലതാണെന്നു വിചാരിക്കുന്നെങ്കിൽ അവൻ തന്നെത്താൻ വഞ്ചിക്കയാകുന്നു. സാധാരണയായി ഉദ്ദേശ്യനൈർമ്മല്യം അല്ല, കൌതുഹലമോ നവവികാരങ്ങൾ ആസ്വദിക്കാൻ ഉള്ള വികൃതമോഹമോ ആകുന്നു കാരണം. ന്യായമായി ഒഴിഞ്ഞിരിപ്പാൻ കഴിവുള്ളേടത്തു നാം പരീക്ഷയിൽനിന്നു ഒഴിഞ്ഞിരിക്കതന്നെ വേണം. എന്നാൽ നമ്മുടെ ധർമ്മാനുഷ്ഠാനത്തിൽ നാം പരീക്ഷയിൽ അകപ്പെട്ടാൽ അതിൽ വിജയം നേടുന്നതിനായി സന്തോഷത്തോടെ യത്നിക്കേണ്ടതാകുന്നു. ഇതായിരിക്കണം നമ്മുടെ വിശ്വാസം:—'ഒന്നാമതായി ഒരു മനുഷ്യൻെറ ധർമ്മം ദൈവത്തിൻെറ ഇഷ്ടം അനുവർത്തിക്കുകയാകുന്നു. രണ്ടാമതായി, ആ മനുഷ്യൻ ദൈവത്തിൻെറ പ്രത്യേക സംരക്ഷണയിൽ ഇരിക്കുന്നു. മൂന്നാമതായി, അതുകൊണ്ടു അവൻ യാതൊന്നിനെയും ഭയപ്പെടരുതു.' ഈ പ്രായോഗികവിശ്വാസമുള്ള ആത്മാവോടുകൂടെയാണു് പരീക്ഷകളോടു പോരാടേണ്ടതു്.

## ഏഴാം ആഴ്ച:—അഞ്ചാം ദിവസം

ലൂക്കൊ. 11: 1—26. ബലവാൻ ആയുധം ധരിച്ചു തൻെറ അരമന കാക്കുമ്പോൾ അവൻെറ വസ്തുവക ഉറപ്പോടെ ഇരിക്കു ന്നു. അവനിലും ബലവാനായവൻ വന്നു അവനെ ജയിച്ചു എ ങ്കിലോ അവൻ ആശ്രയിച്ചിരുന്ന സർവ്വായുധവർഗ്ഗം പിടിച്ചുപ റിച്ചു അവൻെറ കൊള്ള പകുതിചെയ്യുന്നു. എനിക്കു അനുകൂ ലമല്ലാത്തവൻ എനിക്കു പ്രതികൂലം ആകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു. അശുദ്ധാത്മാവു ഒരു മനുഷ്യനെ വിട്ടുപോയിട്ടു നീരില്ലാത്ത പ്രദേശങ്ങളിൽ തണുപ്പു തിരഞ്ഞു നടക്കുന്നു. കാണാഞ്ഞിട്ടു: ഞാൻ വിട്ടുപോന്ന വീട്ടിലേക്കു മ ടങ്ങിച്ചെല്ലും എന്നു പറഞ്ഞു ചെന്നു, അതു അടിച്ചുവാരിയും അ ലങ്കരിച്ചും കാണുന്നു. അപ്പോൾ അവൻ പോയി തന്നിലും ദു ഷ്ടത ഏറിയ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടുവരുന്നു; അവയും അതിൽ കടന്നു പാർത്തിട്ടു ആ മനുഷ്യൻെറ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിനെക്കാൾ വല്ലാതെയായി ഭവിക്കും.

ഈ പാഠത്തിൽ അടങ്ങിയിരിക്കുന്ന സത്യം വ്യക്തമാണ്. ഹൃദയത്തിൽനിന്നു ദുർവ്വികാരങ്ങളെ ബഹിഷ്കരിക്കുന്നതിനു അവയെക്കാൾ ശക്തിയേറിയ മററു വികാരങ്ങൾ വേണം. നമ്മുടെ കർത്താവിൻെറ ഹൃദയം ലോകരക്ഷയാകുന്ന തൻെറ ആശയത്തിലുള്ള ഭക്തികൊണ്ടു നിറഞ്ഞിരിരുന്നതിനാൽ പരീക്ഷകൾ ഉണ്ടായപ്പോൾ സുസ്ഥിരനായിരിപ്പാൻ തനിക്കു കഴിഞ്ഞു. ദോഷവിചാരങ്ങൾക്കു വസിപ്പാൻ അതിൽ അശേഷം സ്ഥലമില്ലായിരുന്നു. തൻെറ ആശയഭക്തിക്കു ദോഷവികാരങ്ങളെ ബഹിഷ്കരിക്കാൻ വേണ്ടുന്ന ശക്തി ഉണ്ടായിരുന്നു. യൂലീസസ്സിൻെറ കഥയിൽ അവൻ മോഹിനികളുടെ ദ്വീപു കടന്നുപോകേണ്ടിവന്നപ്പോൾ അവരുടെ ഗാനങ്ങളാൽ വശീകരിക്കപ്പെട്ടുപോകാതെയിരിപ്പാൻ പാമരത്തോടു തൻെറ ശരീരത്തെ മുറുകെ ബന്ധിപ്പിച്ചു. ഇങ്ങനെതന്നെയാണു ചിലരുടെ ദോഷരഹിത ജീവിതത്തിനുള്ള പരിതാപകരങ്ങളായ ഉദ്യമങ്ങൾ. എന്നാൽ ഓർഫിയസ്സ് ആ ദ്വീപു കടന്നുപോ

കേണ്ടിവന്നപ്പോൾ അവൻ സമബുദ്ധിയോടെ കപ്പലിൻെറ അടിത്തട്ടിൽ തന്നെ ഇരുന്നു. താൻ തന്നെ ഗായകനും ആ മോഹിനികളെക്കാൾ വിശേഷമായി ഗാനം ചെയ്വാൻ കഴിവുള്ളവനും ആയിരുന്നതിനാൽ അവരുടെ ഗാനങ്ങൾ തന്നെ ആകർഷിക്കയില്ലെന്നു അവനു നിശ്ചയമുണ്ടായിരുന്നു. ഇങ്ങനെ നമ്മുടെ കർത്താവിൻെറ നന്മനിറഞ്ഞ ഹൃദയത്തിൽ പാപത്തിനു ഇടമുണ്ടായിരുന്നില്ല. പാപത്തിനു പ്രവേശം അനുവദിക്കാതിരിക്കത്തക്കവണ്ണം നിങ്ങളുടെ ഹൃദയം ഇങ്ങനെയുള്ള രക്ഷാകരമായ ദൃഢഭക്തിയാൽ നിറഞ്ഞിരിക്കുന്നുവോ?

---

## ഏഴാം ആഴ്ച:—ആറാം ദിവസം

മർക്കൊ: 7: 20—23. മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രെ മനുഷ്യനെ അശുദ്ധനാക്കുന്നതു്; അകത്തുനിന്നു, മനുഷ്യരുടെ ഹൃദയത്തിൽനിന്നു തന്നെ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കാമം, വിടക്കണ്ണു്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷം എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്നും അവൻ പറഞ്ഞു.

മത്താ. 12: 34, 35. സർപ്പസന്തതികളേ, നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതിൽനിന്നല്ലൊ വായ് സംസാരിക്കുന്നതു്. നല്ല മനുഷ്യൻ തൻെറ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽനിന്നു തീയതു പുറപ്പെടുവിക്കുന്നു.

പരീക്ഷകളോടു എതിർത്തു അവയെ ജയിക്കേണ്ടതു നമ്മുടെ രഹസ്യചിന്തകളുടെ വിഹാരസ്ഥലത്താകുന്നു എന്നുള്ള സത്യമാണ് നമ്മുടെ കർത്താവു ഈ പാഠങ്ങളിൽ പഠിപ്പിക്കുന്നതു്. 'ഒരു മനുഷ്യൻ തൻെറ ഹൃദയത്തിൽ ഏതുപ്രകാരം വിചാരിക്കുന്നുവോ, അവൻ അപ്രകാരം തന്നെ ആകുന്നു.' 'അ

വൻ തൻെറ മനസ്സിൽ കണക്കുകൂട്ടുന്നതുപോലെ ആകുന്നു' (സദൃശ. 23: 7) എന്നുള്ള വാക്യത്തിൻെറ വ്യാഖ്യാനങ്ങൾ ആകുന്നു. നാം ലോകത്തിൽ കാണുന്ന ദുഷ്പ്രവൃത്തികൾ മനുഷ്യരുടെ വിചാരങ്ങളിലുള്ള പാപങ്ങളുടെ വിസ്താരമായ പ്രതിമകൾ മാത്രമാകുന്നു. നിങ്ങൾക്കു ഇപ്പോൾ ലജ്ജാകരമായി തോന്നുന്ന പാപങ്ങളെപ്പററി ചിന്തിച്ചു, നിങ്ങളുടെ വിചാരങ്ങളിൽ അവയുടെ ഉൽപ്പത്തിസ്ഥാനം കണ്ടുപിടിക്കുക. യഥാർത്ഥപോരാട്ടം ഉള്ളിലാകുന്നു. പുറമേ കാണുന്ന പ്രവൃത്തികൾ അതിൻെറ പ്രതിധ്വനിയും പ്രതിരൂപവും ആകുന്നു. പാപത്തെ ആരംഭത്തിലെ നുള്ളിക്കളയുന്നതിനുള്ള ഏകമാർഗ്ഗം നിൻെറ വിചാരങ്ങളിൽ അതിനു പ്രവേശം അനുവദിക്കാതിരിക്കയാകുന്നു. 'ഞാൻ അതിനെപ്പററി ചിന്തിക്കതന്നേ ഇല്ല' എന്നുള്ള നിർണ്ണയം ആ പാപത്തിൻെറ ഉന്മൂലനാശം ആകുന്നു. ഒരു പാപത്തെ ചിന്താവിഷയം ആക്കീട്ടു ആ പാപം ചെയ്വാൻ അവസരം കിട്ടുമ്പോൾ അതിൽനിന്നു ഒഴിഞ്ഞുപോകാൻ ഒരുവനും സാധിക്കയില്ല.

---

## ഏഴാം ആഴ്ച:—ഏഴാം ദിവസം

മർക്കൊ. 3: 13, 14. പിന്നെ അവൻ മലയിൽ കയറി തനിക്കു ബോധിച്ചവരെ അടുക്കൽ വിളിച്ചു; അവർ അവൻെറ അരികെ വന്നു. അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിനു അയപ്പാനും..........പന്തിരുവരെ നിയമിച്ചു.

2കൊരി. 3: 17, 18. കർത്താവു ആത്മാവാകുന്നു; കർത്താവിൻെറ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ടു്. എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിൻെറ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിൻെറ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു.

ഈ വാക്യങ്ങളെ പര്യാലോചിക്കുക. സംസർഗ്ഗം കൊണ്ടു സ്വഭാവം രൂപാന്തരപ്പെടുന്നു. ശ്രമിച്ചതുകൊണ്ടു മാത്രം ഒരു മനുഷ്യനും നല്ലവനാകയില്ല. സ്വഭാവം എന്നതു അറിവോടു തിരഞ്ഞെടുക്കുന്ന പ്രേരണകളുടെ അറിവില്ലാതെയുണ്ടാകുന്ന ഫലമാകുന്നു. ഒരു സ്നേഹിതനെ തിരഞ്ഞെടുത്തു അവനെ വിശ്വസിച്ചു സ്നേഹിക്ക; ഒരു മഹാശയം ബോധ്യമായിട്ടു അതിന്റെ നിവൃത്തിക്കായി ദൃഢഭക്തിയോടെ പ്രവർത്തിക്ക; ഒരു പുസ്തകത്തിന്റെ ശക്തി ഗ്രഹിച്ചിട്ടു, അതിന്റെ ആത്മാവിനെ നിങ്ങളിൽ വ്യാപരിപ്പിക്കുക; നിങ്ങളുടെ ആകാംക്ഷകളുള്ള ഒരു സഹോദരസംഘം കണ്ടിട്ടു അതിൽ ചേരുക. ഇങ്ങനെ ആ സ്നേഹിതനെ ഇഷ്ടപ്പെട്ടും, ആ ആശയനിവൃത്തിക്കായി സേവിച്ചും, ആ പുസ്തകത്തെ പാരായണം ചെയ്തും, ആ സംഘത്തോടു സഹകരിച്ചും കൊണ്ടിരുന്നാൽ നിങ്ങളുടെ സ്വഭാവത്തെപ്പററി ചിന്തവേണ്ടാ, സ്വഭാവം താനേതന്നെ രൂപീകരിക്കപ്പെടും. ക്രിസ്തുവിനെപ്പോലെ ആകണമെന്നു ആഗ്രഹിച്ചതുകൊണ്ടു ക്രിസ്തുവിനെപ്പോലെ ആകയില്ല. എന്നാൽ ക്രിസ്തുവിനെ നിങ്ങളുടെ സ്നേഹിതനായും അവന്റെ രാജ്യസ്ഥാപനം നിങ്ങളുടെ ആശയമായും അവന്റെ പുസ്തകം നിങ്ങളുടെ പാരായണവിഷയമായും അവന്റെ സഭ നിങ്ങളുടെ സഹോദരസംഘമായും തിരഞ്ഞെടുക്ക. അറിവോടുകൂടെ തിരഞ്ഞെടുക്കുന്ന ഈ പ്രേരണാശക്തികൾ നിങ്ങളുടെ ജീവിതത്തെ ഇന്നത്തെ പാഠത്തിൽ വിവരിച്ചിരിക്കുന്നപ്രകാരം രൂപാന്തരപ്പെടുത്തും.

---

## അദ്ധ്യായം 14

### ഏഴാം ആഴ്ചയിലെ വിമർശനവീഥി

### നമ്മുടെ കർത്താവിൻെറ ആത്മസംയമനം

തന്നെത്താൻ ലജ്ജിതനായിത്തീരുന്നതിനോ, ദൈവസന്നിധിയിൽനിന്നും മറഞ്ഞുനിൽക്കുന്നതിനോ, ആവശ്യമില്ലാത്തവിധം അത്രമാത്രം പരിപൂർണ്ണമായ നമ്മുടെ കർത്താവിൻെറ സ്വഭാവം, ഹൃദയസ്പർശകവും പരിപാവനവുമായ ആ സ്വഭാവം, നമുക്ക് സഹായമായി തീരുന്നതിനേക്കാൾ പ്രതിബന്ധവും, നിരാശാകരവുമായിത്തീരുന്നതാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാം. ഈ വിചാരം അവനെ നമ്മുടെ സ്വന്ത അനുഭവത്തിൽനിന്നും ഏററവും വിദൂരമായ ഒരു സ്ഥലത്തു ആക്കുന്നതു കൂടാതെ, അവനെ അനുകരിക്കുന്നതിനുള്ള കല്പന അസാദ്ധ്യമാക്കി തോന്നിക്കുകയും ചെയ്യുന്നു. തൻെറ പ്രഥമശിഷ്യന്മാർക്ക് താൻ വളരെ തെളിവായി, ആന്തരികമായ ഈ പരിപൂർണ്ണ ജീവിതാനുഭവം പ്രത്യക്ഷപ്പെടുത്തിക്കൊടുത്തു. 'അവനിൽ യാതൊരു അനീതിയും ഇല്ല' എന്ന് യോഹന്നാനോടുകൂടെയും, കളങ്കവും കറയുമില്ലാത്ത കുഞ്ഞാട് എന്നു പത്രോസിനോടുകൂടെയും, 'ദോഷരഹിതനും, നിഷ്കളങ്കനും, പരിശുദ്ധനും, പാപികളിൽനിന്നു വ്യത്യാസപ്പെട്ടവനും' എന്നു എബ്രായലേഖനകർത്താവിനോടുകൂടെയും അവർ പറയുന്നു.

നമ്മുടെ കർത്താവു പ്രദർശിപ്പിച്ച ഈ പൂർണ്ണയനുഭവം മനുഷ്യൻെറ ആത്മികചരിത്രത്തിൽ പ്രത്യേകസ്ഥാനത്തെ അർഹിക്കുന്നതാകുന്നു. അതിനു മുമ്പും പിമ്പും ആരും അതു് ഉണ്ടാക്കുന്നതിനു് തുനിഞ്ഞിട്ടില്ല, എന്നു് തന്നെയല്ല, അതു് തങ്ങളുടെ സ്വന്തമെന്നു ആരും അഭിമാനിച്ചിട്ടുമില്ല.

യഹൂദവിശ്വാസത്തിൻെറ സ്ഥാപകനായ മോശെ ആമതത്തിൽ ദൈവത്തിൻെറയും മനുഷ്യൻെറയും സ്വഭാവവൈശിഷ്ട്യമായി നീതിയെ കാണിച്ചിരുന്നു. എങ്കിലും, നേബോമലയുടെ മുകളിൽവെച്ചു, അനുസരണക്കേടിൻെറ ഫലമായി,

മോശെക്കു് മരണം സംഭവിച്ചു എന്നു കാണുന്നു. എല്ലാ ചൈ
നാക്കാരാലും ആദരിക്കപ്പെടുന്നവനും അവരുടെ മതത്തിന്റെ
സ്ഥാപകനുമായ കൺഫ്യൂഷിയസ്സു പ്രസ്താവിക്കുന്നതു ഇപ്രകാ
രമാകുന്നു:—'അക്ഷരപ്രകാരം ഞാൻ ഇതരന്മാരോടു സമനാ
യിരിക്കാം. എന്നാൽ പ്രകടനംപോലെ ജീവിക്കുന്ന ഒരു പരി
പൂർണ്ണ മനുഷ്യന്റെ സ്ഥാനത്തോളം ഞാൻ എത്തിയിട്ടില്ല.' ഇ
സ്ലാംമതത്തെ നോക്കുന്നപക്ഷം കുറാനിൽത്തന്നെ മഹമ്മദി
നോടു, പ്രബലപ്രാവശ്യം അവന്റെ പാപനിവൃത്തിക്കുവേണ്ടി
ക്ഷമായാചനം ചെയ്യുന്നതിനു് ആജ്ഞാപിക്കുന്നതായും ദൈ
വം തനിക്കു പാപപരിഹാരം ചെയ്തതായും പ്രസ്താ
വിച്ചിരിക്കുന്നു. ബുദ്ധമതസ്ഥാപകനു് ആ മതത്തിൽ വ
ലിയ സ്ഥാനം കല്പിച്ചിട്ടില്ലാത്തതിനാൽ ആ ദേഹത്തി
ന്റെ സ്വഭാവപൂർണ്ണതയെക്കുറിച്ചു ഒന്നും പറഞ്ഞുകാണുന്നി
ല്ല, എന്നുമാത്രമല്ല ബുദ്ധമതാനുസാരികളിൽ അതിനുള്ള പ്രാ
ധാന്യം നാമമാത്രവുമാകുന്നു. യഥാർത്ഥത്തിൽ ആദർശപര
മായ ഒരു ജീവിതം അവകാശപ്പെടുത്തുകയോ, അതിനെപ്പ
റ്റി ഗഹനമായ ധാരണകൾ പ്രദർശിപ്പിക്കയോ ചെയ്യുന്ന
യാതൊരുത്തരെയും കാണുക പ്രയാസംതന്നെ. ആ അഭിപ്രാ
യം സാധിതപ്രായം എന്നു കരുതിയിരുന്നവരും ഇല്ലായിരുന്നു.
'പാപമില്ലായ്മ' എന്ന പദം ക്രിസ്തീയലോകത്തിനു വെളി
യിൽ എവിടെയെങ്കിലും കാണുന്നപക്ഷം അതു് റോമിലെ ഉ
പദേഷ്ടാക്കന്മാരിൽവെച്ചു അഗ്രഗണ്യനായ എപ്പിക്ടെററസ്സ്
പറയുന്നപ്രകാരം 'അസാദ്ധ്യം'എന്ന പദത്തോടുകൂടെയാകുന്നു.
ഒരു പരിപൂർണ്ണനായ മനുഷ്യൻ ഏതുപോലെയിരിക്കുമെന്നുള്ള
തു അതുവരെ ആരും കണ്ടുപഠിച്ചിട്ടില്ല എന്നത്രെ സിസറോ
എന്ന മഹാൻ പ്രസ്താവിക്കുന്നതു്. എത്രയോ ഉയർന്നവനായിരു
ന്നാലും പൂർണ്ണൻ എന്നു പ്രദർശിപ്പിക്കുകയോ, പരിപൂർണ്ണത
സാധിതപ്രായമെന്നു അതുവരെ വിശ്വസിക്കുകയൊ ചെയ്തിട്ടി
ല്ലാതിരുന്ന ഈ ലോകത്തിൽ ഒരു മനുഷ്യൻ ആവിർഭവിച്ചു
താൻ ഒരു പരിപൂർണ്ണജീവിതം നയിക്കുകയാകുന്നു എന്നു ലോ

കം വിശ്വസിക്കത്തക്കവണ്ണം ജീവിച്ചുവെന്നുള്ളതു അത്യത്ഭുതത്തിനു അവകാശമുള്ളതത്രെ. ഏതുവിധത്തിലുള്ള ഒരു സ്വഭാവവൈശിഷ്ട്യംകൊണ്ടാകുന്നു ഇതു സാധിച്ചതു് എന്നു നിങ്ങൾക്കു തോന്നുന്നു?

ഇപ്രകാരമുള്ള ഒരു വിശ്വാസം ജനസാമാന്യത്തിനു് വരുത്തിക്കൊടുത്ത ക്രിസ്തുവിന്റെ ജീവിതത്തിന്റെ അന്തർഭാഗത്തു നാം കടന്നു നോക്കുന്നപക്ഷം 'ദൈവവുമായുള്ള തന്റെ നിരന്തരമായ കൂട്ടായ്മയായിരുന്നു, തന്റെ ആത്മീയബോധത്തിന്റെ അടിസ്ഥാനമെന്നു നമുക്കു മനസ്സിലാകുന്നു.

നന്മയെപ്പററിയുള്ള നമ്മുടെ കർത്താവിന്റെ ബോധം ലോകത്തിൽ ഉണ്ടായിട്ടുള്ളതിൽവച്ചു ഏററവും ഉപരിയായ ഒന്നായിരുന്നു. അന്യരെ നിന്ദിക്കുന്നതു കൊലപാതകമാണെന്നും, പാവനമല്ലാത്ത ആഗ്രഹംതന്നെ വ്യഭിചാരമാകുന്നു എന്നും, ശത്രുവിനോടുള്ള വിരോധം മനസ്സിൽ വെച്ചുകൊണ്ടിരിക്കുന്നതും, പ്രാർത്ഥനകളിലും ദാനധർമ്മങ്ങളിലും പരമാർത്ഥതയില്ലാതെയിരിക്കുന്നതും വാസ്തവത്തിൽ പാപമാണെന്നുമത്രെ അദ്ദേഹം പറയുന്നതു്. ഈ തത്വങ്ങൾക്കു യാതൊരു വ്യത്യാസവും വരുത്താതെ അവയെ അതേവിധത്തിൽ അനുസരിച്ചു തന്നെയാണു് നമ്മുടെ കർത്താവു തന്റെ ജീവിതത്തെ നയിച്ചുപോന്നതും. 'തങ്ങളുടെ കണ്ണുകളിൽ കോലിരിക്കെ അന്യരുടെ കണ്ണുകളിലെ കരടു എടുക്കുന്നതിനു ശ്രമിക്കരുതെന്നു സ്വശിഷ്യന്മാരോടു ഉപദേശിച്ചതു ആരായിരുന്നു? അതു കർത്താവായ യേശുതന്നെ. തന്റെ കണ്ണിലെ കോൽ ആദ്യം എടുക്കണമെന്നു നിർദ്ദേശിച്ചതു ആരായിരുന്നു? അതും യേശുതന്നെ. നീതിനിമിത്തം ഒരുവൻ തന്റെ കയ്യും, കണ്ണും നഷ്ടപ്പെടണമെന്നു വന്നാൽക്കൂടെയും നശിപ്പിച്ചുകളയത്തക്കവണ്ണം തന്നോടുതന്നെ അത്ര നിർദ്ദയവും കർശനവുമായ രീതിയിൽ പെരുമാറണമെന്നും അതേസമയത്തുതന്നെ തന്റെ സഹോദരന്റെ കുററങ്ങളെ ക്ഷമിക്കണമെന്നും ഉള്ളതു് സന്മാർഗ്ഗനി

യമത്തിൻെറ അടിസ്ഥാനതത്വമായി നിയമിച്ചതും അവരായിരുന്നു. അതും യേശു അല്ലാതെമററാരും അല്ലായിരുന്നു. തന്നോടുതന്നെ കഠിനമായും അന്യരോടു ദയവായും വത്തിക്കുകയെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ അഭിമതം. ചുരുക്കിപ്പറയുകയാണെങ്കിൽ, ഈ അത്ഭുതപുരുഷനു് അനന്യസാധാരണമായ വിധത്തിൽ നന്മയെപ്പററിയുള്ള പരിപൂൎണ്ണമായ ഒരു ആത്മിയമാനദണ്ഡവും, പാപത്തിൻെറ ഏററവും സൂക്ഷ്മമായ സ്പർശനംപോലും തിരിച്ചറിവാൻ ശേഷിയുള്ള ഒരു ഹൃദയവും ഉണ്ടായിരുന്നു. ഇതരന്മാരോടല്ല തങ്ങളോടുതന്നെ കഠിനന്മാരായിരിക്കണം എന്ന നിയമത്തെ നിർബന്ധപൂൎവ്വം നിർദ്ദേശിച്ചവനായ ഈ മഹാൻ ഒരിക്കലെങ്കിലും സന്മാർഗ്ഗവിഷയത്തിൽ ലജ്ജിതനായി തീൎന്നിരുന്നില്ല.

'നീ എന്നെ നല്ലവനെന്നു വിളിക്കുന്നതെന്തു്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരും ഇല്ല' (മക്കൊ. 10: 18) എന്നു പറഞ്ഞപ്പോഴും യേശു തന്നെപ്പററിത്തന്നെ ഉള്ള ലജ്ജയെ പ്രദർശിപ്പിക്കുകയല്ലായിരുന്നു. എന്നാൽ, 'താൻ അനുഭവിച്ചതായ കഷ്ടപ്പാടുകൾമൂലം അനുസരണം പഠിച്ചവനും,' 'കഷ്ടാനുഭവങ്ങളാൽ പരിപൂൎണ്ണനായവനും,' 'പാപം ഒഴികെ സൎവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനും (എബ്രാ. 5: 8; 2: 10; 4: 15) ആയ യേശുവിൻെറ നന്മയെപ്പററി സ്തുതിച്ചു പറഞ്ഞ യൌവ്വനക്കാരൻെറ അഭിനന്ദനത്തെ തൻെറ നന്മ മാത്രം പരിപൂൎണ്ണമായിരിക്കുന്ന ദൈവത്തിങ്കലേക്കു് തിരിക്കുകയത്രെ ചെയ്തതു്. യേശുവിൻെറ സ്വഭാവം വളരുകയും സുദൃഢമാകയും പലവിധ പരീക്ഷകളിൽ ഏർപ്പെട്ടു അവയെ ജയിക്കുകയും ചെയ്തു എങ്കിലും (ലൂക്കൊ. 2: 52; മക്കൊ. 1: 12: 13) അതു ആന്തരികമായി പരിശുദ്ധവും യഥാൎത്ഥവുമായിരുന്നു. ദൈവത്തെപ്പററിയുള്ള നമ്മുടെ രക്ഷകൻെറ ദർശനം ഏററവും തെളിവായിരുന്നു. പിതാവുമായുള്ള സംസർഗ്ഗം നിരന്തരമായ ഒന്നുതന്നെ ആയിരുന്നു. ദൈവിക

ഇഷ്ടത്തോടുള്ള പരിപൂൎണ്ണയോജിപ്പിൽത്തന്നെ യേശു ജീവിച്ചിരുന്നു എന്നു് സകല സംഗതികളും തെളിയിക്കുന്നു.

മശിഹായുടെ ആദർശജീവിതം നമുക്കു് പ്രോത്സാഹജനകമായിത്തീരണമെങ്കിൽ, ഈ ഉൽകൃഷ്ടസ്വഭാവം ലഭിച്ചതു വളരെ ആത്മീയപ്രയാസങ്ങളെ ജയിച്ചതിൻെറ ഫലമായിട്ടാണോ അല്ലയോ എന്നു അന്വേഷിക്കേണ്ടിയിരിക്കുന്നു. അതു അപ്രകാരമല്ലായെങ്കിൽ, തനിക്കു യാതൊരു കഠിനപരീക്ഷയും ഇല്ലായിരുന്നു എങ്കിൽ, തൻെറ സ്വഭാവം തീവ്രമായ ആത്മീയപ്രയാസങ്ങളാൽ ശോധന ചെയ്യപ്പെട്ടതിൻെറ ഫലമായി വിജയകരവും ഉത്തമവും ആയിത്തീരുന്നതിനു പകരം, അതു ശോധനാരഹിതമായ നിഷ്കളങ്കതയോടുകൂടിയതായിരുന്നു എങ്കിൽ, അദ്ദേഹത്തെ അനുകരിച്ചു ജീവിക്കുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾ നിഷ്ഫലങ്ങൾ ആകുകയേ ഉള്ളു. യേശു യഥാർത്ഥത്തിൽ പരീക്ഷിക്കപ്പെട്ടിരുന്നുവോ? അദ്ദേഹത്തിനു് പാപം ചെയ്യുന്നതിനു ഇടയുണ്ടായിരുന്നുവോ? താൻ പാപത്തിൻെറ ആകർഷണശക്തി അറിയുകയോ, ദൈവഹിതം എന്താണെന്നു അറിയുന്നതിനും അതു ചെയ്യുന്നതിനും മുമ്പിൽ തൻെറ ഹൃദയത്തിൽ വല്ല പോരാട്ടവും നടക്കുകയോ ചെയ്തിരുന്നുവോ? പുതിയനിയമം ഈ ചോദ്യങ്ങൾക്കെല്ലാം ഏററവും തെളിവായ അനുകൂല ഉത്തരങ്ങളത്രെ കൊടുക്കുന്നതു്. 'നമ്മെപ്പോലെ എല്ലാം സംഗതികളിലും അവൻ തുല്യമായി പരീക്ഷിക്കപ്പെട്ടു.' എന്നാൽ ഇതു നമുക്കു് യഥാർത്ഥമായി ഗ്രഹിക്കണമെങ്കിൽ നമ്മുടെ നാഥൻെറ ആത്മീയപ്രയാസങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടിയിരിക്കുന്നു.

ഈ ചോദ്യങ്ങൾ ശരിയായി മനസ്സിലാക്കുന്നതിനു ആവശ്യമുള്ള അറിവു മൂന്നു നിദാനസ്ഥലങ്ങളിൽനിന്നും നമുക്കു ലഭിക്കുന്നു. നമ്മുടെ സ്വന്ത അനുഭവംതന്നെ മിക്കവാറും ഇവകളോടു യോജിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ സഹചാരികളായിരുന്ന ശിഷ്യന്മാർ ഈ സംഗതികളെക്കുറിച്ചു അറിവു

തരുന്നു. എല്ലാററിലും ഉപരിയായി തൻെറ ആത്മകിജീവിതത്തെപ്പററിയുള്ള യേശുവിൻെറ സ്വന്തവിവരണങ്ങൾ അത്യധികം പ്രയോജനമുള്ളവയായിരിക്കുന്നു. നമുക്കു ഈ മൂന്നു നിദാനങ്ങളെയും പരിശോധിക്കാം. അവ ഐകകണ്ഠ്യേനയുള്ള ഒരു മറുപടി നമുക്കു തരുന്നപക്ഷം, പിന്നെ സംശയത്തിനു വഴിയില്ലല്ലൊ.

ആദ്യമായി നമ്മുടെ സ്വന്ത അനുഭവത്തിൽനിന്നും കാണുന്നതു് ശക്തി അഥവാ അധികാരം എപ്പോഴും അതിനെ ദുരുപയോഗപ്പെടുത്തുന്നതിനുള്ള പരീക്ഷയോടുകൂടെ അത്രെ ഇരിക്കുന്നതു്; മാത്രമല്ല അ ശക്തി (അധികാരം) എത്ര അധികമായിരിക്കുന്നുവോ, അതിനെ ശരിയായി ഉപയോഗിക്കുന്നതിനു അത്രകണ്ടു് ആത്മസംയമനവും ആവശ്യമായിരിക്കുന്നു എന്നത്രെ. വലിയ പരീക്ഷ എപ്പോഴും വലിയ ശക്തിയുടെ സഹചാരി ആയിരിക്കും. ഒരു ചെറിയ മനുഷ്യൻ തൻെറ നിസ്സാരയുദ്ധങ്ങളെ ചെയ്യുമ്പോൾ അവയെ എളുപ്പത്തിൽ ജയിക്കുന്നതിനായി ഒരു വലിയ മനുഷ്യനായിരുന്നെങ്കിൽ കൊള്ളായിരുന്നു എന്നു് ആഗ്രഹിക്കുന്നു. എന്നാൽ അവൻ ഈ 'ഉന്നതമനുഷ്യനെ' മനസ്സിലാക്കുന്തോറും തൻെറ ചെറിയ യുദ്ധങ്ങൾ നിസ്സാരങ്ങളെന്നു തോന്നത്തക്കവിധത്തിൽ ഭയങ്കരങ്ങളായ ആപത്തുകളും പ്രയാസങ്ങളും ആ 'ഉന്നതസ്ഥാനത്തെ' വലയം ചെയ്തിരിക്കുന്നതായി കാണുന്നു. ഒരു ചെറിയ ആഞ്ഞിലിച്ചെടിയെ തടസ്സപ്പെടുത്തുന്നതിനു ഒന്നു രണ്ടു ഉണങ്ങിയ ഇലകൾ മാത്രം മതി. എന്നാൽ അതു ഒരു മരമായെങ്കിൽ മാത്രമെ ഒരു കൊടുങ്കാററിനു അതിനെ കുലുക്കിയിളക്കി മറിക്കുന്നതിനു സാധിക്കുകയുള്ളു. ഇങ്ങനെ നമ്മുടെ സ്വന്ത അനുഭവം തന്നെ നമ്മുടെ നാഥൻ നമ്മെക്കാൾ കുറഞ്ഞവിധത്തിലല്ല പിന്നെയോ നമ്മെക്കാൾ ഏററവും ക്രൂരതയും! ഭയങ്കരവുമായവിധത്തിൽ പരീക്ഷിക്കപ്പെട്ടു എന്നു തെളിയിക്കുന്നുണ്ടു്. ടിൻേറാറെററൊ എന്ന ചിത്രകാരൻ ചിത്രീകരിച്ചിട്ടുള്ളതുപോലെ വിശന്നും ക്ഷീണിച്ചും ഇരുന്ന നമ്മുടെ

നാഥൻ ആ ഏകാന്തമായ മരുഭൂമിയിൽവെച്ചു നമ്മുടെ അല്പബുദ്ധിക്കു ചിന്തിക്കുവാൻകൂടി പാടില്ലാത്തവിധം അത്ര. ഭയങ്കരങ്ങളായ പരീക്ഷകളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. 'നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരുവാൻ കല്പിക്കുക' 'നീ ദൈവപുത്രനെങ്കിൽ താഴോട്ടു ചാടുക.' 'എന്നെ ഒന്നു വന്ദിക്കുന്നപക്ഷം, ലോകത്തിലെ സകല രാജ്യങ്ങളും നിനക്കു തരാം.' തൻെറ അത്യത്ഭുതകരങ്ങളായ ശക്തികൾക്കു നേരിട്ടതു് അതിഭയങ്കരങ്ങളായ പരീക്ഷകളത്രെ.

പരീക്ഷ എവിടെ ആകുന്നു നമ്മെ ഏററവും ഞെരുക്കുന്നതു്? ബലഹീനവശങ്ങളിലോ? ബലമുള്ള വശങ്ങളിലോ? കേസ്സു ജയിക്കുവാൻ സാമർത്ഥ്യം ഇല്ലാത്ത ഒരു വക്കീലിനും, സാക്ഷാൽ കുററക്കാരനായ ഒരു കക്ഷിയെ രക്ഷിക്കുന്നതിനായി ലക്ഷം രൂപാ കൊടുക്കാമെന്നു പറഞ്ഞാൽ അതിൻെറയും, നിയമസഭയിൽ തെററായ ഒരു ഭാഗത്തു ഒരു മണിക്കൂറെങ്കിലും ചേർന്നുനിൽക്കുന്നതിനു് വളരെ ധനം കിട്ടുമെന്നുവന്നാൽ അതിൻെറയും അർത്ഥം എന്താണെന്നു അറിവാൻ കഴിയുമോ? ഇപ്രകാരം സന്മാർഗ്ഗബോധത്തെ സ്പർശിക്കുന്ന പരീക്ഷകൾ സമർത്ഥനല്ലാത്ത ഒരു വക്കീലിനു അറിഞ്ഞുകൂടാ. എന്നാൽ സമർത്ഥനായ ഒരു അഭിഭാഷകൻ അവയെ നല്ലവണ്ണം ഗ്രഹിക്കുന്നു. നമ്മുടെ ശക്തികൾക്കു ചുററും അത്രെ പരീക്ഷ എപ്പോഴും വരുന്നതു്. സാമൂഹ്യസമ്മേളനങ്ങളിൽ സന്തോഷിക്കുന്ന ഒരുവൻ സംഭോഗങ്ങൾക്കു പരീക്ഷിക്കപ്പെടുന്നു. പണം സമ്പാദിക്കുന്നതിനു് സാമർത്ഥ്യമുള്ളവനു മാത്രമെ 'പണഭ്രാന്തു' പിടിപെടുകയുള്ളൂ. സാമൂഹ്യഔന്നത്യമുള്ള ഒരു വിദ്യാർത്ഥിക്കു മാത്രമെ ഇതരവിദ്യാർത്ഥികളിൽനിന്നും മാറിനിൽക്കുന്നതിനുള്ള പരീക്ഷയുണ്ടാകയുള്ളൂ. ഒരു വലിയ യുദ്ധത്തിനു ഒരു വലിയ രാജ്യം പരീക്ഷിക്കപ്പെടുന്നു. നമ്മുടെ ശക്തിയുടെ വർദ്ധനയനുസരിച്ചു് പരീക്ഷകൾ കുറയുക

യല്ല കൂട്ടുകയത്രെ ചെയ്യുന്നതു് എന്നു നമ്മുടെ സ്വന്ത അനുഭവം നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ അറിവിൻെറ രണ്ടാമത്തെ നിദാനം ശിഷ്യന്മാരുടെ സാക്ഷ്യം ആകുന്നു. എന്നാൽ നമുക്കു ലഭിച്ചിരിക്കുന്നതായ അനുഭവത്തെ ഇവരുടെ സാക്ഷ്യം ദൃഢമാക്കുകയത്രെ ചെയ്യുന്നതു്. സുവിശേഷങ്ങളിൽ കാണുന്ന യേശുവിൻെറ ചിത്രം യഥാർത്ഥമാണെന്നു് ഇതുകൊണ്ടറിയാം. ശ്രീയേശുവിനെ ഒരു ആദർശപുരുഷനായി കരുതി പൂജിക്കുകയും അതേസമയംതന്നെ ഏററവും നികൃഷ്ടവും സാധാരണവും ആയ സാഹചര്യങ്ങളിൽ അവനെ കാണിക്കയും ചെയ്യുന്നു. അന്നത്തെ നിർദ്ധനവും, നികൃഷ്ടവും മതഭ്രാന്തുള്ളതുമായ മനുഷ്യരുടെ ഒരു ലോകത്തിലത്രേ യേശുവിൻെറ ജീവിതം നയിച്ചതായി അവർ കാണിക്കുന്നതു്. തൻെറ പരിതസ്ഥിതികളുടെ മഹിമയെ കൂട്ടുന്നതിനു അവർ ഒന്നുംതന്നെ നിർമ്മിച്ചു ചേർക്കുന്നില്ല. ഇപ്രകാരം നികൃഷ്ടവും, സാധാരണവുമായ സാഹചര്യങ്ങളിൽ ജീവിച്ചുകൊണ്ടത്രെ അത്യധികമായ സാന്മാർഗ്ഗികപോരാട്ടത്തിനുശേഷം ഇത്ര മനോഹരമായ ഒരു സ്വഭാവത്തെ യേശു ആർജ്ജിച്ചതു്. സുവിശേഷത്തിലെ യേശു ഒരു യഥാർത്ഥ ജീവിതമത്രെ നയിക്കുന്നതു്. സ്വർഗ്ഗത്തിൽ നിന്നും പ്രദാനംചെയ്യപ്പെട്ട ഒരു മങ്ങിയ പെൻസിൽചിത്രം ചായം ഇട്ടു എഴുതുകയല്ല യേശു ചെയ്തതു്. പിന്നെയോ തൻെറ ജീവിതത്തിൽ മരുഭൂമിയിലെ ആദ്യത്തെ പരീക്ഷ മുതൽ, തൻെറ നെററി രക്തത്തുള്ളികളാൽ നിറയത്തക്കവണ്ണം അത്ര കഠിനമായ വേദനയോടുകൂടെ തൻെറ ഇഷ്ടത്തെ സ്വപിതാവിൻേറതിനു് കീഴ്പ്പെടുത്തിക്കൊടുത്ത ഗത്സമനത്തോട്ടത്തിലെ ആ കഠിനപോരാട്ടംവരെ താൻ പരീക്ഷകളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. മരുഭൂമിയിലെ പരീക്ഷയെപ്പററി ലൂക്കോസിൻെറ സുവിശേഷത്തിൽ പറയുന്ന അവസാനവാക്കുകൾ ശ്രദ്ധേയമാകുന്നു. 'പിശാചു

കുറേക്കാലത്തേക്കു അവനെ വിട്ടുമാറി' (ലൂക്കൊ. 4: 13). പിശാചു പിന്നെയും പല അവസരത്തിലും വന്നിരുന്നു. ശിഷ്യന്മാർ അതു രേഖപ്പെടുത്തിയിട്ടുമുണ്ടു്. ഒരവസരത്തിൽ പത്രോസ്, യേശു കഷ്ടം അനുഭവിക്കുന്ന ഒരു മശിഹാ ആയിരിക്കരുതെന്നു അപേക്ഷിച്ചതായും അദ്ദേഹം തിരിഞ്ഞുനോക്കി ആ പരീക്ഷയോടു തുടരെ പോരാടിക്കൊണ്ടിരിക്കുന്ന ഒരുവനെപ്പോലെ രൂക്ഷതയോടുകൂടി 'സാത്താനേ, എന്നെ വിട്ടു പോ; നീ ദൈവത്തിൻെറ കാൎയ്യമല്ല കരുതുന്നതു്' (മക്കൊ. 8: 33) എന്നു പറഞ്ഞതായും എഴുതിയിരിക്കുന്നു. തെററു ചെയ്യാതിരിപ്പാൻ തക്കവണ്ണം എന്തോ ഒരു ആന്തരികശക്തിയാൽ ബന്ധിക്കപ്പെട്ടവനായി ശിഷ്യന്മാർ ഒരിക്കലും യേശുവിനെ ചിത്രീകരിക്കുന്നില്ല. 'താൻതന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കകയാൽ, പരീക്ഷിക്കപ്പെടുന്നവൎക്കു സഹായിപ്പാൻ കഴിവുള്ളവനാകുന്നു (എബ്രാ. 2: 18) എന്നു ശിഷ്യന്മാർ അവനിൽ പ്രത്യാശ വെച്ചിരുന്നു. ശ്രീയേശുവിൻെറ സ്വഭാവപരിപൂൎണ്ണതയും വൈശിഷ്ട്യവും പാപംചെയ്യാതിരിക്കുന്നതിനുള്ള ശക്തിയിലല്ല, പിന്നെയോ അതിനെ ജയിക്കുന്നതിനുള്ള ശക്തിയിലത്രെ സ്ഥിതിചെയ്യുന്നതു്.

നമ്മുടെ കൎത്താവിൻെറ ഈ ചിത്രവും മഹാകവി ടെനിസൺ എഴുതിയിട്ടുള്ള 'ആർതർമഹാരാജാവി'ൻെറ ചിത്രവും തമ്മിൽ താരതമ്യവിവേചനം ചെയ്തുനോക്കുക. ആർതർ മഹാരാജാവിൻേറതു അചേതനമായും യാന്ത്രികമായും തോന്നുന്നു. അതു നമ്മെ മുഷിപ്പിക്കുന്നു. നാം ആ കവിതയുടെ വൃത്തരസം ആസ്വദിക്കുന്നുണ്ടായിരിക്കാം. എന്നാൽ ആ മഹാരാജാവിൻെറ യന്ത്രസാമാനം നിൎമ്മിതമായ സ്വഭാവത്തോടു നമുക്കു വിരക്തിയാണു് ഉണ്ടാകുന്നതു്. എന്നാൽ സുവിശേഷങ്ങളിലെ യേശുവിൽ ഒരു സാന്മാൎഗ്ഗികയാഥാൎത്ഥ്യം ഉണ്ടു്. അതു പോരാട്ടംകൂടാതെ ലഭിക്കുന്ന ഒന്നല്ല. യേശുവിൻെറ ജീവിതം അത്ഭുതകരമായ സമാധാനവും വിശ്വാസവും ഉള്ള

തായി ഒടുവിൽ കാണപ്പെട്ടുന്നെങ്കിൽ അയതു കാററടി തട്ടാ ത്ത ജലാശയത്തിലെ ശാന്തതയല്ല, പിന്നെയോ പരസ്പരവി രുദ്ധങ്ങളായ ശക്തികളാൽ ആകർഷിക്കപ്പെടുന്ന ഒരു അന്തരീ ക്ഷഗോളത്തിനു അതിൻെറ സഞ്ചാരഗതിയിലുള്ള ശാന്തത യത്രെ.

നമ്മുടെ കത്താവിൻെറ പരീക്ഷയെപ്പററി ഉള്ള ഒരു പൂ ൎണ്ണവിവരണം ഗ്രഹിക്കണമെങ്കിൽ നമ്മുടെ സ്വന്ത അനുഭവ ങ്ങളെയും ശിഷ്യന്മാരുടെ സാക്ഷ്യങ്ങളെയും വിട്ടിട്ടു ക്രിസ്തുവി ൻെറ സ്വന്ത അനുഭവപ്രകടനത്തിലേക്കു തിരിഞ്ഞുനോക്കു ന്നം. മരുഭൂമിയിൽവെച്ചുണ്ടായ പരീക്ഷയെപ്പററിയുള്ള വിവ രണത്തിൽ തൻെറ ആന്തരികപോരാട്ടത്തെപ്പററി ക്രിസ്തുത ന്നെ പ്രത്യക്ഷമായി പ്രസ്താവിച്ചതായിരിക്കണം. അദ്ദേഹം ത ന്നെ പറഞ്ഞിട്ടല്ലാതെ നമുക്കു ഈ ചരിത്രം ലഭിക്കുകയില്ലാ യിരുന്നു. പിശാചിൻെറ ആ മൂന്നു പരീക്ഷകളെ വിവരിക്കു ന്നതിൽ ഹെസക്കിയേലും യിരമിയാവും സാധാരണ ഉപയോ ഗിക്കാറുള്ള രീതിയിൽ നമ്മുടെ നാഥനും തൻെറ സ്വന്ത ആന്തരികപോരാട്ടത്തെ അഭിനയരൂപത്തിൽ കാണിക്കുന്നു.

'എന്നെ ബാധിച്ചിട്ടുള്ള പരീക്ഷകളുടെ ഒരു മാതൃകയത്രെ ഇതു്'. എൻെറ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ആ മരു ഭൂമിയിലെ ഏകാന്തസ്ഥലത്തുവെച്ചു ഞാൻ എൻെറ ശുശ്രൂഷയു ടെ പ്രമാണങ്ങളെപ്പററി ആലോചിച്ചപ്പോൾ എനിക്കു നേ രിട്ടിട്ടുള്ളവയത്രെ ആ പരീക്ഷകൾ എന്നു യേശു പറയുന്നതാ യി ഊഹിക്കാം. യേശുവിൻെറ പർവ്വതപ്രസംഗം ഏതുപ്രകാ രം തൻെറ എല്ലാ പ്രസംഗങ്ങളുടെയും മാതൃകയായിരുന്നുവോ, അതുപോലെ ഈ പരീക്ഷകൾ തന്നെ നിരന്തരമായി ബാ ധിച്ചുകൊണ്ടിരുന്ന സാന്മാർഗ്ഗിക പരീക്ഷകളുടെ മാതൃകയാ യിരുന്നു. തൻെറ പരീക്ഷകളെപ്പററി യേശുവിൻെറ സ്വന്ത വിവരണം ഉള്ള സ്ഥിതിക്കു നാം എത്ര തീക്ഷ്ണതയോടുകൂടി അവയുടെ സ്വഭാവത്തെ പഠിക്കേണ്ടിയിരിക്കുന്നു.

ഈ പരീക്ഷകളിൽ എല്ലാം ഒരു കാൎയ്യം പൊതുവായിട്ടുണ്ടു്. അതു അവയെല്ലാം തന്റെ അനന്യസാധാരണമായ ശക്തിയെ ഉപയോഗപ്പെടുത്തുന്നതിനെ സംബന്ധിച്ചായിരുന്നു. യേശുവിന്റെ സ്നാനം അപ്പോൾ കഴിഞ്ഞതേയുള്ളു. അതു തന്റെ ജീവിതത്തിലെ ഏററവും പ്രധാനവും പ്രയാസവുമായ ഒരു ഘട്ടംതന്നെ ആയിരുന്നു. യേശുവിന്റെ മശിഹാസ്ഥാനസ്വീകരണം, തന്റെ പുതിയ അധികാരത്തെപ്പററിയുള്ള ബോധം, ദൈവികമായ തന്റെ വേലയ്ക്കായി ഉദ്യോഗിപ്പിക്കുന്ന ആത്മാവു ഇവയെല്ലാം ആ സന്ദർഭത്തെ ഏററവും പ്രാധാന്യമുള്ള ഒന്നാക്കിത്തീൎത്തു. ആ ശക്തിയുടെ പരിശോധനയും ശക്തിയുടെ സ്നാനവും തമ്മിൽ എന്തോ ഒരു ബന്ധം ഉള്ള രീതിയിൽ മർക്കൊസു ഇപ്രകാരമത്രെ പറയുന്നതു:—'അനന്തരം ആത്മാവു അവനെ മരുഭൂമിയിലേക്കു പോകുവാൻ നിർബന്ധിച്ചു' (മർക്കൊ. 1: 12). തന്റെ പരീക്ഷകൾ എല്ലാം തന്റെ ശക്തിയെ ദുരുപയോഗപ്പെടുത്തുന്നതിനല്ലായിരുന്നു. നമ്മുടെ കൎത്താവിന്റെ പോരാട്ടം ആത്മസംയമനത്തെ സംബന്ധിച്ച ഒന്നായിരുന്നു.

ഒന്നാമത്തെ പരീക്ഷയിൽ ചിത്രീകരിച്ചിരിക്കുന്ന യേശുവിന്റെ ആത്മീയമത്സരം എത്ര വിശദമായിരിക്കുന്നു! 'ഈ കല്ലുകൾ അപ്പമായി തീരുവാൻ കല്പിക്കുക' (മത്താ. 4: 1—4). തന്റെ ശക്തിയെ സ്വാൎത്ഥപരമായി ഉപയോഗിക്കുന്നതിനത്രെ നമ്മുടെ കൎത്താവു പരീക്ഷിക്കപ്പെട്ടതു്. നമ്മുടെ നാഥനുണ്ടായിരുന്ന ശക്തികളെക്കുറിച്ചു ചിന്തിക്കുക. നെപ്പോളിയന്റെ അസൂയയെക്കൂടെ ഉല്പാദിപ്പിക്കത്തക്കവണ്ണം മനുഷ്യരിൽ ഭക്തിയെ ഉളവാക്കുന്നതിനുള്ള ശക്തിയെക്കുറിച്ചു ആലോചിക്കുക. സാമ്രാജ്യങ്ങളെ ഇളക്കിമറിച്ചു കാലചക്രത്തെ തനിക്കു ഇഷ്ടകരമായ വിധത്തിൽ തിരിച്ചു ലോകത്തെ നയിക്കത്തക്കവണ്ണമുള്ള തന്റെ അത്യഗാധമായ ശക്തിയെ അളക്കുന്നതിനു ശ്രമിക്കുക. ഇപ്രകാരമുള്ള ശക്തി

യെ സ്വാൎത്ഥലാഭത്തിനായി ഉപയോഗിക്കുന്നതിനുള്ള ആ പരീക്ഷയുടെ ഭയങ്കരത്വത്തെയും അൎത്ഥത്തെയും മനസ്സിലാക്കുക. കോടാകോടി നാണയങ്ങൾ നിന്നെ ഏല്പിച്ചിട്ടു അവയിൽ ഒററ ഒരെണ്ണംപോലും നിൻെറ സ്വന്തകാൎയ്യത്തിനായി ഉപയോഗിച്ചുകൂടാ എന്നു പറഞ്ഞാൽ അതിൻെറ പ്രാധാന്യത്തെ ആലോചിക്കുക. യേശുവിൻെറ മനോഹരമായ സ്വഭാവത്തിൻെറ വൈശിഷ്ട്യം താൻ എന്തെല്ലാം ചെയ്തു എന്നതിൽ മാത്രമല്ല, താൻ എന്തെല്ലാം ചെയ്യുന്നതിൽനിന്നും വിരമിച്ചു എന്നതിൽകൂടെ അത്രെ സ്ഥിതിചെയ്യുന്നതു്. അത്ഭുതകരവും അനന്യസാധാരണവുമായ തൻെറ ശക്തികളുടെ നിസ്വാൎത്ഥപരമായ ഉപയോഗം—തനിക്കു വിശപ്പുണ്ടായിരുന്നപ്പോൾ കല്ലുകളെ അപ്പമാക്കാൻ ശക്തി ഉണ്ടായിരുന്നിട്ടും സ്വാൎത്ഥലാഭത്തിനായി അതിനെ ഉപയോഗിക്കാതിരുന്നതു നമ്മുടെ കൎത്താവിൻെറ ഏററവും ആദൎശപരവും അസാമാന്യവും ആയ സ്വഭാവവിശേഷതയത്രെ. അതു ഒരു ഭയങ്കരമായ പോരാട്ടത്തിൻെറ ശേഷമായിരുന്നു സാധിച്ചതു എന്നത്രെ നമ്മുടെ കൎത്താവു പറയുന്നതു്. അദ്ദേഹം തന്നെ പറഞ്ഞതല്ലാതെ ഒരു സ്വാൎത്ഥപരമായ ജീവിതം താൻ നയിക്കുന്നതിനു പരീക്ഷയുണ്ടായി എന്നുപോലും വിചാരിക്കുവാൻകൂടി പാടില്ലാത്തവണ്ണം താൻ ആ പോരാട്ടത്തിൽ അത്ര പരിപൂൎണ്ണമായി ജയിച്ചു. ആ കാഠിന്യമേറിയ കല്ലുകളായ തിരസ്കരണത്തിനും മരണത്തിനും പകരം ആശ്വാസകരങ്ങളായ വിടുതലും വിശ്രമവുമാകുന്ന അപ്പം ആഗ്രഹിക്കുന്നതിന്നു പരീക്ഷയുണ്ടായതുവരെ തൻെറ ജീവിതം മുഴുവനും തൻെറ ശക്തിയെ സ്വാൎത്ഥപരമായി ഉപയോഗിക്കുന്നതിനുള്ള ആഗ്രഹത്തെ താൻ തടുത്തുകൊണ്ടിരുന്നു എന്നുള്ളതിനു യാതൊരു സംശയവും ഇല്ല. നമുക്കു ഇപ്രകാരമുള്ള അസാധാരണ ശക്തികൾ ലഭിച്ചിരുന്നു എങ്കിൽ നാം എന്തു ചെയ്യുമായിരുന്നു എന്നും, ഇപ്പോൾ നമുക്കുള്ള ശക്തികളെ നാം ഏതുവിധത്തിലാകുന്നു ഉപയോഗിക്കു

ന്നതു എന്നും ആലോചിക്കുമ്പോഴത്രെ നമ്മുടെ കത്താവി ന്റെ ആദ്യത്തെ പരീക്ഷയിന്മേലുള്ള വിജയത്തിന്റെ അത്ഭുതം നമുക്കു മനസ്സിലാകുന്നതു്.

രണ്ടാമത്തെ പരീക്ഷയ്ക്കും നമ്മുടെ കത്താവിന്റെ ജീവിതത്തിലുള്ള അത്ഥവും വിശദമത്രെ. ദേവാലയാഗ്രത്തിൽ നിന്നും താഴോട്ടു ചാടുന്നതിനും യാതൊരാപത്തും സംഭവിക്കാതെ ദൈവം രക്ഷിക്കുമെന്നു വിശ്വസിക്കുന്നതിനും അത്രെ ഈ അവസരത്തിൽ നമ്മുടെ കത്താവു പരീക്ഷിക്കപ്പെട്ടതു് (മത്താ. 4: 5—7). സാധാരണ ജീവിതത്തിലെ അനുഭവവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അതിന്റെ പ്രാധാന്യം വെളിവാകും. 'എന്നെ കഷ്ടപ്പാടിൽനിന്നു രക്ഷിക്കുന്നതിനായി തന്റെ ദൈവിക നിയമങ്ങളെ പ്രയോഗശൂന്യമാക്കണം എന്നു ദൈവത്തോടു ആവശ്യപ്പെടുന്നതിനു ഞാൻ പരീക്ഷിക്കപ്പെട്ടു' എന്നത്രെ യേശു പറയുന്നതു്.

പാപപരിപൂർണ്ണമായ ഒരു ലോകത്തെ രക്ഷിക്കുക എന്നുള്ളതു എല്ലായ്പോഴും ഒരാൾ ഉയരത്തിൽനിന്നും താഴോട്ടു ചാടുന്നതിനു സമമാകുന്നു. അതു കഷ്ടപ്പാടും മരണവും ഉളവാക്കുന്നു. എന്നാൽ യേശുവാകട്ടെ, തനിക്കു ദൈവത്തിന്റെ സീമാതീതമായ സ്നേഹത്തിൽ അത്യഗാധമായ വിശ്വാസം ഉണ്ടായിരുന്നിട്ടും, ദൈവം തന്നെ ഒരു ദൈവികവേലയ്ക്കായി അയച്ചതാണെന്നുള്ള ബോധം ഉണ്ടായിരുന്നിട്ടും, 'തന്റെ കാൽ കല്ലിന്മേൽ തട്ടിപ്പോകാതിരിപ്പാൻ തക്കവണ്ണം ദൂതന്മാരോടു കല്പിക്കുന്നതിനു്' ആവശ്യപ്പെടുവാനായി പരീക്ഷിക്കപ്പെട്ടു. അതായതു രക്ഷകൻ എന്ന നിലയിൽ തനിക്കുള്ള ജോലിയിൽ ഉളവാകുന്നതും ഒഴിച്ചുവിടുവാൻ പാടില്ലാത്തതുമായ ഭവിഷ്യങ്ങളിൽനിന്നും രക്ഷപെടുന്നതിനു ആഗ്രഹിച്ചു. ആ ആഗ്രഹം ഒരിക്കലും സാധിച്ചില്ല. ഈ പാപലോകത്തിൽ പരമസ്നേഹത്തിന്റെ സാധാരണ ശിക്ഷയായിട്ടുള്ള ഒററനിയമം പോലും തന്റെ രക്ഷയ്ക്കായിട്ടു പ്രയോഗശൂന്യമാക്കിയില്ല.

താൻ പാനപാത്രം മുഴുവനും, മട്ടോളം തന്നെ കുടിക്കേണ്ടിവന്നു. തൻെറ ജീവിതം കല്ലുകളിന്മേൽ തട്ടുകതന്നെ ചെയ്തു.

നമ്മുടെ നാഥൻ ഈ പരീക്ഷയെപ്പററി പറഞ്ഞില്ലായിരുന്നു എങ്കിൽ തൻെറ മനസ്സിൽ ഇപ്രകാരം ഒന്നു അങ്കുരിച്ചതായി നമുക്കു അറിയുവാൻ സാധിക്കയില്ലായിരുന്നു. കഷ്ടപ്പാടിൽനിന്നും വിടുതൽ ആഗ്രഹിക്കുന്ന ഈ ആന്തരികപരീക്ഷ നമുക്കു പുറമെനിന്നു കാണുവാൻ പാടില്ലാത്തവണ്ണം അത്ര സന്തോഷകരവും പരിപൂൎണ്ണവും ആയ വിധത്തിൽ താൻ മശിഹായുടെ ജോലിയെ നിറവേററുകയും നന്ദികേടിനെയും ഉപദ്രവത്തെയും ആവലാതിയില്ലാതെ സഹിക്കുകയും, സധൈൎയ്യം കാൽവറിയിലെ മരണത്തെ വരിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ തൻെറ പോരാട്ടത്തെപ്പററി പറഞ്ഞതുമൂലം അതു നിരന്തരമായി തൻെറ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരുന്നതാകുന്നു എന്നു നമുക്കു വിശ്വസിക്കുവാൻ കഴിയും.

താൻ കഷ്ടപ്പെടരുതെന്നു പത്രോസ് നിൎദ്ദേശിച്ചപ്പോൾ യേശു ആ പഴയ പരീക്ഷയ്ക്കു തൻെറമേൽ ലഭിച്ചേക്കാവുന്ന അധികാരത്തെ ഓൎത്തിട്ടു അതിനെ 'പൈശാചികം' എന്നു പറയുന്നു. ഗതസമനതോട്ടത്തിൽവെച്ചു നമ്മുടെ കൎത്താവു ക്രൂശിലെ കഠിന മരണത്തിൽനിന്നും തന്നെ ഒഴിവാക്കണമെന്നു ദൈവത്തോടു അപേക്ഷിക്കുന്നതിനു പരീക്ഷിക്കപ്പെട്ടു. ദൈവത്തിൻെറ വാത്സല്യമേറിയ ഏകജാതനായ പുത്രൻ ഈ അപമാനം ഏററിട്ടു എന്താവശ്യമാകുന്നു ഉള്ളതു്? 'എൻെറ ഹിതമല്ല പിതാവേ! അവിടുത്തെ ഹിതംതന്നെ നടക്കട്ടെ' (ലൂക്കൊ. 22: 39—46) എന്നു ജയിച്ചുകൊണ്ടു പറയുന്നതുവരെ ആ ഭയങ്കരമായ പരീക്ഷയോടു യുദ്ധംചെയ്തുമൂലം തൻെറ നെററിത്തടത്തിൽ രക്തബിന്ദുക്കൾ പൊടിച്ചു. കഷ്ടപ്പാടു നമ്മുടെ സ്വന്തപാപത്തിൻെറ ഫലമായിട്ടോ, ജീവിതഗതിയിലെ സാധാരണ ഒരു സംഭവമായോ വന്നാലും നാം അതിനെ വെറുക്കുന്നതും, മററുള്ളവൎക്കുവേണ്ടി ത്യാഗങ്ങൾ ചെയ്യു

ന്നതിനു നമുക്കുള്ള മടിയും ആലോചിക്കുമ്പോൾ, നമുക്കു നമ്മുടെ അരുമരക്ഷകന്റെ പോരാട്ടത്തിന്റെ അല്പമായ ഒരു അംശമെങ്കിലും മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ ശ്രീയേശുഭഗവാന്റെ പോരാട്ടത്തിലുള്ള വിജയത്തെയും, അതിന്റെ എല്ലാം ഭവിഷ്യത്തുകളോടുംകൂടെ തന്റെ ജോലിയെ—മനുഷ്യരെ രക്ഷിക്കുന്ന തന്റെ വേലയെ —സസന്തോഷം പൂൎണ്ണമനസ്സോടുകൂടെ സ്വീകരിച്ചതും നാം ഓൎത്തു തന്റെ സന്നിധിയിൽ അത്ഭുതപരതന്ത്രരായി നിലകൊള്ളേണ്ടതാണ്. മൂന്നാമത്തെ പരീക്ഷ പരമോന്നതനായ ഒരാളിനു ചേൎന്നതത്രെ. 'എന്നെ ലോകത്തിലെ സൎവ്വരാജ്യങ്ങളെയും കാണിച്ചു. ഞാൻ പൈശാചികമായ വഴികളെ ഉപയോഗിക്കുകയാണെങ്കിൽ അവയെല്ലാം എനിക്കു നൽകാമെന്നു പറഞ്ഞു, ആത്മികവും ആന്തരീകവുമായ ഒരു രാജ്യം സ്ഥാപിക്കുന്നതിനു പകരം ഭൌമികമായ ഒരു രാജ്യം സ്ഥാപിക്കുന്നതിനു ഞാൻ പരീക്ഷിക്കപ്പെട്ടു', എന്നത്രെ യേശു പറയുന്നതു് (മത്താ. 4.8—10).

ഇപ്രകാരം ഒരു പരീക്ഷ സംഭവിക്കത്തക്കവണ്ണം ഉള്ള ശക്തികൾ നമുക്കില്ല. അതിനെപ്പററി നമുക്കു സങ്കല്പിക്കാൻമാത്രമെ സാധിക്കുകയുള്ളൂ. എന്നാൽ ക്രിസ്തീയലോകം ഇന്നു് അഗാധമായവിധത്തിൽ സാക്ഷീകരിക്കുന്നപ്രകാരം യേശുവിനുണ്ടായിരുന്ന ശക്തികൾ നമുക്കും ഉണ്ടെന്നു സങ്കല്പിച്ചുകൊണ്ടു് നോക്കുന്നപക്ഷം ഈ പരീക്ഷയുടെ ശക്തിയെപ്പററി സ്വല്പമായി ഗ്രഹിപ്പാൻ നമുക്കു സാധിക്കും. മശിഹായുടെ വരവിനെക്കുറിച്ചുള്ള തന്റെ ജനത്തിന്റെ പ്രതീക്ഷയും ആകാംക്ഷയും, നീതിപരവും പക്ഷെ ബാഹ്യവും ആയ ശക്തിയാൽ സ്ഥാപിതമായ ഒരു രാജ്യത്തിനായി തന്നോടു അപേക്ഷിച്ചു. ജനസമൂഹം തനിക്കു ഒരു കിരീടത്തെ സമർപ്പിച്ചുകൊണ്ടു, സാത്താന്റെ ഈ അപേക്ഷയ്ക്കു് വശംവദനാകുന്നതിനായിട്ടു യാചിച്ചു (യോഹ. 6: 15). കൈസറിയ ഫിലിപ്പിയയിൽ വെച്ചു ഇപ്രകാരമുള്ള അവസരങ്ങളെ കൈവിടുന്നതിനെക്കു

റിച്ചു പത്രോസു ശാസനാരൂപത്തിൽ പ്രസ്താവിച്ചു. കൂടാതെ നമ്മുടെ കർത്താവിന്റെ അവസാന ആഴ്ചവട്ടത്തിൽ തന്നേ കുറിച്ചുള്ള ജനസഞ്ചയത്തിന്റെ വർദ്ധിച്ചതും ആപൽക്കരവുമായ ആശകൾ കണ്ടിട്ടു കയ്യാഫാ പറഞ്ഞതു്: 'ഒന്നുകിൽ യേശു മരിക്കണം; അല്ലെങ്കിൽ അവൻ ഒരു ഭയങ്കരമായ വിപ്ളവത്തിനു കാരണഭൂതനായി ഭവിക്കും' എന്നത്രെ (യോഹ. 11: 47—50). താൻ നമ്മോടു പറഞ്ഞില്ലായിരുന്നുവെങ്കിൽ ഒരു ഭൌമികരാജ്യം സ്ഥാപിക്കണമെന്നുള്ള തന്റെ ആഗ്രഹത്തെ നിരോധിക്കുന്നതിനു ഒരു ആന്തരീകപോരാട്ടം ഉണ്ടായിരുന്നുവെന്നു നാം സംശയിക്കുകയില്ലായിരുന്നു. ആ മരുഭൂമിയിലെ അനുഭവത്തെപ്പററിയുള്ള വിവരണം നമുക്കു ലഭിച്ചില്ലായിരുന്നുവെങ്കിൽ, താൻ ഒരു ഭൌമികരാജ്യത്തെക്കുറിച്ചു വിചാരിച്ചു എന്നുപോലും നമുക്കു ഊഹിക്കുവാൻകൂടി പാടില്ലാത്തവണ്ണം, അതിനുവേണ്ടി ക്രൂശിലെ കഠോരമരണത്തെ സ്വീകരിക്കേണ്ടി വന്നെങ്കിലും താൻ അത്ര നിശ്ചയത്തോടുകൂടി സാത്താന്റെ ഈ അപേക്ഷയെ തിരസ്കരിക്കയത്രെ ചെയ്തതു്.

അനന്യസാധാരണമായ ശക്തികൾ ലഭിച്ചിട്ടും അതിനെ സ്വാർത്ഥപരമായി ഉപയോഗിക്കാതിരുന്നതു്, ഒരു ദൈവീകവേലയ്ക്കായിട്ടു നിയോഗിക്കപ്പെട്ടിട്ടും, ദൈവം സിംഹങ്ങളുടെ വായെ അടച്ചുകളയുമെന്നു ആശിക്കാതിരുന്നതു്, ഒരു ഭൌമിക സാമ്രാജ്യം നൽകിയിട്ടും ആത്മികമായ ഒന്നിനുവേണ്ടി ക്രൂശിൽ മരിച്ചതു് ഇവയായിരുന്നു ശ്രീയേശുവിന്റെ പരീക്ഷകളും വിജയസ്തംഭങ്ങളും. നമ്മെപ്പോലെ എല്ലാ സംഗതികളിലും നമ്മുടെ കർത്താവു പരീക്ഷിക്കപ്പെട്ടു. എന്നാലും അദ്ദേഹത്തെപ്പോലെ നാംഒരിക്കലുംപരീക്ഷിക്കപ്പെട്ടിട്ടില്ല. യേശുവിന്റെ പരീക്ഷകൾ ഒരാൾക്കു ഉണ്ടാകണമെങ്കിൽ അയാൾ യേശുവിനെപ്പോലെ ഉന്നതനിലയുള്ള ആളായിരിക്കണം. ശ്രീയേശു വസിച്ചിരുന്നതായ ആ പ്രശോഭിതമായ ഉന്നതശൃംഗത്തിൽ വലിയ കൊടുങ്കാററുകൾ അടിച്ചുകൊ

ണ്ടിരുന്നു. ആ കൊടുങ്കാററിൽ നമുക്കു നില്പാൻ ഒരിക്കലും സാധിക്കയില്ല. അവ നമ്മെ ധൂളിസമാനം അന്തരീക്ഷത്തിൽ പറപ്പിച്ചുകളയും!

---

അദ്ധ്യായം 15

## നമ്മുടെ കർത്താവിന്റെ നിർഭയത്വം.

### പ്രതിദിനപാഠങ്ങൾ

### എട്ടാംആഴ്ച:—ഒന്നാംദിവസം.

മത്താ. 12: 9—14. അവൻ അവിടംവിട്ടു അവരുടെ പള്ളിയിൽ ചെന്നപ്പോൾ, കൈ വരണ്ട ഒരു മനുഷ്യനെ കണ്ടു. അവർ അവനിൽ കുററം ചുമത്തേണ്ടതിനു ശബ്ബത്തിൽ സൌഖ്യമാക്കുന്നതു വിഹിതമോ എന്നു അവനോടു ചോദിച്ചു. അവൻ അവരോടു: നിങ്ങളിൽ ഒരുത്തനു ഒരു ആടുണ്ടു് എന്നിരിക്കട്ടെ; അതു ശബ്ബത്തിൽ കുഴിയിൽ വീണാൽ അവൻ അതിനെ പിടിച്ചു കയററുകയില്ലയോ? എന്നാൽ മനുഷ്യൻ ആടിനെക്കാൾ എത്ര വിശേഷതയുള്ളവൻ. ആകയാൽ ശബ്ബത്തിൽ നന്മചെയ്യുന്നതു വിഹിതംതന്നേ എന്നു പറഞ്ഞു. പിന്നെ ആ മനുഷ്യനോടു: കൈ നീട്ടുക എന്നു പറഞ്ഞു; അവൻ നീട്ടി, അതു മറേറതുപോലെ സൌഖ്യമായി. പരീശന്മാരോ പുറപ്പെട്ടു അവനെ നശിപ്പിപ്പാൻവേണ്ടി അവന്നു വിരോധമായി തമ്മിൽ ആലോചിച്ചു.

ഉത്തമമാർഗ്ഗത്തിൽ ജീവിക്കുന്നവർ പലപ്പോഴും തങ്ങൾക്കു ചുററുമുള്ള ആചാരമര്യാദകൾക്കെതിരായി പ്രവർത്തിക്കേണ്ടിവരും. ഉദാഹരണമായി നമ്മുടെ കർത്താവു ബാഹ്യാചാരങ്ങൾ പ്രബലമായിരുന്ന കാലത്തു ആദ്ധ്യാത്മിക ജീവിതം ആയിരുന്നു നയിച്ചതു്: രണ്ടിനും തമ്മിൽ ഇടർച്ച അനിവാര്യമായിഭവിച്ചു. ഇന്നത്തെ പാഠത്തിൽ കാണുന്നതു മനുഷ്യരോടുള്ള നമ്മുടെ കർത്താവിന്റെ സ്നേഹവും അന്നത്തെ മര്യാദപ്രകാരമുള്ള ശബത്താചാരവും തമ്മിലുള്ള പോരാട്ടം ആണു്.

ഈ പോരാട്ടത്തിൽ അന്തർഭവിച്ചിരുന്ന സത്യത്തെ വിശാലമാക്കി നിർവ്വ്യാജം ക്രിസ്തുവിനെപ്പോലെ ജീവിക്കുന്ന ഒരുവന് അവൻെറ ജോലിയിലും സമുദായജീവിതത്തിലും എന്തെല്ലാം പ്രതികൂലങ്ങളും വിഘ്നങ്ങളും ശത്രുതയും നേരിടാനിടയുണ്ടെന്നു ആലോചിക്കുക. നിങ്ങൾ എല്ലാവരും ചെയ്യുന്നപ്രകാരം തന്നെ പ്രവർത്തിക്കയും ഒഴുക്കിനനുസരിച്ചും വള്ള വിടുകയും ചെയ്യുന്ന സാധാരണ ജീവിതക്രമത്തെയാണോ അവലംബിച്ചിരിക്കുന്നതു്? അതോ, നിങ്ങളുടെ ചുററുമുള്ള അയോഗ്യാചാരങ്ങളും മര്യ്യാദകളുമായി കൂട്ടിമുട്ടത്തക്കവണ്ണമുള്ള ഒരു ഉത്തമമാർഗ്ഗത്തെയാണോ പിന്തുടരുന്നതു്? ഏതെല്ലാം സന്ദർഭങ്ങളിലും ഏതെല്ലാം വിഷയങ്ങളെ സംബന്ധിച്ചുമാണു കൂട്ടിമുട്ടുന്നതെന്നു വിചിന്തനംചെയ്ക.

---

## എട്ടാം ആഴ്ച:—രണ്ടാംദിവസം

മത്താ. 15: 1—6. അനന്തരം യെരുശലേമിൽനിന്നു പരീശന്മാരും ശാസ്ത്രിമാരും യേശുവിൻെറ അടുക്കൽ വന്നു: നിൻെറ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിക്കുന്നതു എന്തു? അവർ ഭക്ഷിക്കുമ്പോൾ കൈ കഴുകുന്നില്ലല്ലോ എന്നു പറഞ്ഞു. അവൻ അവരോടു ഉത്തരം പറഞ്ഞതു്: നിങ്ങളുടെ സമ്പ്രദായം കൊണ്ടു നിങ്ങൾ ദൈവകല്പന ലംഘിക്കുന്നതു എന്തു്? അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കേണം എന്നും ദൈവം കല്പിച്ചുവല്ലോ, നിങ്ങളോ ഒരുത്തൻ അപ്പനോടു എങ്കിലും അമ്മയോടു എങ്കിലും: നിനക്കു എന്നാൽ ഉപകാരമായി വരേണ്ടതു വഴിപാടു എന്നു പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ട എന്നു പറയുന്നു; ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കിയിരിക്കുന്നു.

സാധാരണ നടപ്പിലുണ്ടായിരുന്ന ആചാരങ്ങൾക്കെതിരായി പ്രവർത്തിക്കുന്നതിനു നമ്മുടെ കർത്താവു പലപ്പോഴും ന

ർച്ചാഡിതനായിത്തീന്നതിനെപ്പററി ഇന്നു വീണ്ടും ചിന്തിക്കാം. ഒരുത്തൻ ഉത്തമരീതിയിൽ ജീവിക്കാൻ ശ്രമിക്കുമ്പോൾ തൻെറ ചുററുമുള്ള സാധാരണ ജീവിതക്രമങ്ങൾ തന്നെ വലിച്ചുതാഴ്ത്തുവാനാണ് എല്ലായ്പ്പോഴും നോക്കുന്നത്. 'ജനത്തിൻെറ ശബ്ദം ദൈവത്തിൻെറ ശബ്ദം' എന്നുള്ളതു പ്രജാപ്രഭുത്വത്തിൻെറ ആദർശവാക്യമാണല്ലോ. എന്നാൽ അതിലെ തത്വം ശരിയാണോ? ത്യാഗരാജൻെറ ഗീതങ്ങളിലോ വല്ല കുറത്തിയുടെയും പാട്ടിലോ ഏതിലാണ് സാധാരണ ജനങ്ങളിൽ ഭൂരിപക്ഷം രസിക്കുന്നത്? കാളിദാസൻെറ ശ്ലോകങ്ങൾക്കോ വല്ലവരുടെയും അമ്മായിശ്ലോകങ്ങൾക്കൊ ഏതിനാണു സാധാരണക്കാരുടെ ഇടയിൽ അധികം പ്രചാരം? ഗൌരവമേറിയ കഥകളൊ ആഭാസവൃത്താന്തങ്ങളോ ഏതാണ് സാമാന്യജനത്തിന്നു അധികം ഇമ്പകരം? സ്വഭാവലാവണ്യത്തെയൊ ചട്ടമ്പിസ്ഥാനത്തെയൊ ഏതിനെ അനുകരിക്കാനാണ് അധികം ആളുകൾ ഉള്ളതു? ലോകം രക്ഷപ്രാപിച്ചിട്ടില്ല. നമ്മിൽ ഉത്തമമായതിനെ ലോകം അധമത്വത്തിലേക്കു ആകർഷിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു ശ്രേഷ്ഠമായവിധത്തിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവനു അധോഗതി വരുത്തുന്ന ലൗകികപ്രമാണങ്ങളോടു എതിക്കാനുള്ള ശക്തിയും ധൈയ്യവും വേണം. ഈ തത്വം ഓർമ്മയിൽ വെച്ചുകൊണ്ടു നിങ്ങളുടെ ഇടയിൽ ഉള്ള സംഭാഷണരീതിയെയും സമുദായാചാരങ്ങളെയും സാധാരണക്കാർ വായിച്ചു രസിക്കുന്ന പുസ്തകങ്ങളെയും മതവിഷയങ്ങളിലുള്ള അഭക്തിയെയും പററി പരിചിന്തനം ചെയ്ക.

---

## എട്ടാം ആഴ്ച:—മൂന്നാം ദിവസം

മക്കൊ. 2: 23—28. അവൻ ശബത്തിൽ വിളഭൂമിയിൽക്കൂടി കടന്നുപോകുമ്പോൾ അവൻെറ ശിഷ്യന്മാർ വഴിനടക്കയിൽ കതിർ പറിച്ചുതുടങ്ങി. പരീശന്മാർ അവനോടു: നോ

കക, ഇവർ ശബത്തിൽ വിഹിതമല്ലാത്തതു ചെയ്യുന്നതു എന്തു് എന്നു പറഞ്ഞു. അവൻ അവരോടു ദാവീദു തനിക്കും കൂടെയുള്ളവർക്കും മുട്ടുണ്ടായി വിശന്നപ്പോൾ ചെയ്തതു എന്തു്? അവൻ അബ്യാഥാർ മഹാപുരോഹിതന്റെ കാലത്തു ദൈവാലയത്തിൽ ചെന്നു, പുരോഹിതന്മാർക്കല്ലാതെ ആർക്കും തിന്മാൻ വിഹിതമല്ലാത്ത കാഴ്ചയപ്പം തിന്നു കൂടെയുള്ളവർക്കും കൊടുത്തു എന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ എന്നു ചോദിച്ചു. പിന്നെ അവൻ അവരോടു: മനുഷ്യൻ ശബത്തു് നിമിത്തമല്ല; ശബത്തു് മനുഷ്യൻനിമിത്തമത്രേ ഉണ്ടായതു്; അങ്ങനെ മനുഷ്യപുത്രൻ ശബത്തിന്നും കർത്താവു ആകുന്നു എന്നു പറഞ്ഞു.

നമ്മുടെ കർത്താവു ദയയോടെങ്കിലും എത്ര സൈഥ്യത്തോടെ സാധാരണ ജനത്തിന്റെ പ്രമാണങ്ങളെ നിരാകരിച്ചു എന്നു ആലോചിക്കുക. തന്നെ അന്യഥാ ഗ്രഹിക്കുമെന്നും തന്റെമേൽ ഇല്ലാത്ത ദോഷങ്ങൾ ആരോപിക്കുമെന്നും ഉള്ള അറിവോടുകൂടെ ഇങ്ങനെ ഒരു നില സ്വീകരിക്കുന്നതിൽ അസാധാരണ ധൈൎയ്യംതന്നെ വേണം. നമ്മുടെ കർത്താവിനു ലഭിച്ച പ്രതിഫലം ഹീനമരണമായിരുന്നു. നമുക്കു സമുദായഭ്രഷ്ടോ, സ്നേഹിതന്മാരുടെ നഷ്ടമോ, 'കിറുക്ക'നെന്നോ കപടഭക്തനെന്നോ ഉള്ള പേരോ ആയിരിക്കും പലപ്പോഴും ലഭ്യമാകുന്നതു്. എങ്കിലും തനിക്കു കഴിയുംവണ്ണം ഉത്തമരീതിയിൽ സൈഥ്യത്തോടെ ജീവിക്കുന്നവനല്ലയോ ഒടുവിൽ മാന്യന്മാരുടെ ബഹുമാനം സിദ്ധിക്കുന്നതു്. തന്റെ ചുററും നടപ്പുള്ള ആചാരങ്ങളെ അതിക്രമിച്ച രീതിയിൽ ജീവിക്കുന്നതിനു ധൈൎയ്യപ്പെടുന്നവനാൽ മാത്രമല്ലയോ സമുദായജീവിതവും നന്നാകുന്നതു്? നിങ്ങളുടെ ചുററുമുള്ളവരുടെ ജീവിതത്തെക്കാൾ ഉത്തമമായ രീതിയിൽ ആത്മശ്ലാഘ കൂടാതെയെങ്കിലും അണുപോലും വിട്ടുകൊടുക്കാതെ, നിങ്ങൾ ജീവിക്കുന്നതിനാൽ നിങ്ങളുടെ നഗരമോ സമുദായമോ സഭയോ നന്നാകുമോ ചീത്തയാകുമോ? ആലോചിക്കുക.

## എട്ടാം ആഴ്ച:—നാലാംദിവസം

മൎക്കൊ. 7: 14—20. പിന്നെ അവൻ പുരുഷാരത്തെ അരികെവിളിച്ചു അവരോടു: എല്ലാവരും കേട്ടു ഗ്രഹിച്ചുകൊൾവിൻ. പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴികയില്ല; അവനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധമാക്കുന്നതു് എന്നു പറഞ്ഞു. അവൻ പുരുഷാരത്തെ വിട്ടു വീട്ടിൽ ചെന്നശേഷം ശിഷ്യന്മാർ ആ ഉപമയെക്കുറിച്ചു അവനോടു ചോദിച്ചു. അവൻ അവരോടു: ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരോ? പുറത്തുനിന്നു മനുഷ്യന്റെ അകത്തുചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴികയില്ല എന്നു തിരിച്ചറിയുന്നില്ലയോ? അതു അവന്റെ ഹൃദയത്തിൽ അല്ല വയററിലത്രേ ചെല്ലുന്നതു്; പിന്നെ മറപ്പുരയിലേക്കു പോകുന്നു; ഇങ്ങനെ സകല ഭോജ്യങ്ങൾക്കും ശുദ്ധിവരുത്തുന്നു എന്നു പറഞ്ഞു. മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധമാക്കുന്നതു്..................എന്നും അവൻ പറഞ്ഞു.

മതം ബാഹ്യമായ ആചാരങ്ങളുടെ അനുഷ്ഠാനം മാത്രമായി പരിണമിച്ച ആ കാലത്തു ആത്മികജീവിതവും മതകാൎയ്യങ്ങളിൽ ഉത്തമ വിചാരങ്ങളും പ്രബലതയിൽ കൊണ്ടുവരാനായിരുന്നു നമ്മുടെ കൎത്താവിന്റെ ശ്രമമൊക്കെയും. തല്ക്കാലസ്ഥിതിയിൽ നമ്മുടെ കൎത്താവു തൃപ്തിപ്പെട്ടില്ല. അതിനെക്കാൾ ഉത്തമമായതു ഉണ്ടാകുമെന്നു അവൻ വിശ്വസിച്ചു, ഭാവിയെ തന്റെ ഏകലാക്കാക്കി പ്രവൃത്തിചെയ്തു. നിങ്ങളുടെ സഭയിലൊ സമുദായത്തിലൊ രാജ്യത്തിലൊ ഉള്ള മനഃസ്ഥിതി എന്തു്? അതിൽ നിങ്ങൾക്കു തൃപ്തിയുണ്ടോ? അതു മുമ്പു ഇങ്ങനെതന്നെ ആയിരുന്നു, ഇനിയും ഇതുപോലെ മാത്രമേ ഇരിക്കയുള്ളു എന്നു നിങ്ങൾ പറയുന്നുവോ? അതിന്റെ ന്യൂനതകളെപ്പററി പരിതപിക്കയും പ്രസ്താവിക്കയും മാത്രമാണോ നിങ്ങൾ ചെയ്യുന്നതു്? എന്നാൽ നമ്മുടെ കൎത്താവിന്റെ ആത്മാവിനെ സ്വീകരിക്ക, ബുദ്ധിയോടും സ്നേഹത്തോടും ധൈൎയ്യത്തോടും ഒരു ശുഭകാലം വരുമെ

സുള്ള വിശ്വാസത്തോടും പ്രവർത്തിക്കുന്ന ഏകനു തന്റെ സമുദായത്തിലെ മനഃസ്ഥിതി ഭേദപ്പെടുത്തുവാൻ പലപ്പോഴും കഴിയും. അവന്നു എതിരാളികൾ ഉണ്ടാകും. എന്നാൽ അല്പമേയുള്ളുവെങ്കിലും തന്നാൽ കഴിയുന്നിടത്തോളം തന്റെ സമുദായത്തിന്റെയും സഭയുടെയും മനഃസ്ഥിതി നന്നാക്കാൻ ശ്രമിക്കേണ്ടതു് കർതൃശിഷ്യന്റെ ധർമ്മം അല്ലയോ?

---

## എട്ടാം ആഴ്ച:—അഞ്ചാം ദിവസം

മത്താ. 21: 9—13. മുമ്പും പിമ്പും നടന്ന പുരുഷാരം: ദാവീദുപുത്രന്നു ഹോശന്നാ; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; അത്യുന്നതങ്ങളിൽ ഹോശന്നാ എന്നു ആർത്തുകൊണ്ടിരുന്നു. അവൻ യെരൂശലേമിൽ കടന്നപ്പോൾ നഗരം മുഴുവനും ഇളകി: ഇവൻ ആർ എന്നു പറഞ്ഞു. ഇവൻ ഗലീലയിലെ നസറെത്തിൽനിന്നുള്ള പ്രവാചകനായ യേശു എന്നു പുരുഷാരം പറഞ്ഞു.

യേശു ദൈവാലയത്തിൽ ചെന്നു, ദൈവാലയത്തിൽ വില്ക്കുന്നവരെയും കൊള്ളുന്നവരെയും എല്ലാം പുറത്താക്കി, പൊൻവാണിഭക്കാരുടെ മേശകളെയും പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങളെയും മറിച്ചുകളഞ്ഞു അവരോടു: എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നു എഴുതിയിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു എന്നു പറഞ്ഞു.

പല ആളുകളും അവരുടെ കാലത്തെ സാമുദായികവും വ്യാവസായികവുമായ സ്ഥിതികളെ സ്വാഭാവികസ്ഥിതികളായി ഗണിച്ചു അവയിൽ വല്ല ഭേദവും ഉണ്ടാക്കാൻ ശ്രമിക്കയോ വല്ല ഭേദഗതികളും ആവശ്യമെന്നു വിചാരിക്കയോ ചെയ്യുന്നില്ല. അടിമവ്യാപാരമോ, ശിശുക്കളെക്കൊണ്ടു വേല എടുപ്പിക്കയൊ വേലക്കാർക്കു് ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഒഴിവുദിവസമായി അനുവദിക്കാതിരിക്കയൊ പതിവാണെങ്കിൽ അവ നടപ്പിലായിട്ടു എത്ര കാലമായി? അവ ന്യാ

യമാണോ? എത്രകാലംകൂടി നിൽക്കേണ്ടതാണ്? എന്നു അവർ ചിന്തിക്കാറില്ലെന്നു മാത്രമല്ല, അവസ്ഥ അനുകൂലിച്ചു അവരും പ്രവൎത്തിച്ചുപോരുന്നു. നമ്മുടെ കൎത്താവോ എന്തെങ്കിലും, എത്രകാലത്തെ പഴക്കമുള്ളതായാലും എത്ര മഹാന്മാർ അനുകൂലിച്ചിട്ടുള്ളതായാലും, ന്യായമല്ലെന്നു തോന്നിയാൽ അതിനെ അനുകൂലിക്കുന്നവനൊ, കണ്ടിട്ടു കണ്ണടച്ചുകളയുന്നവനൊ അല്ലായിരുന്നു, ദൈവരാജ്യം സ്ഥാപിതമാകുമെന്നു അവൻ വിശ്വസിക്കയും തദനുസ്ഥിതികളെല്ലാം ഭേദപ്പെടുത്തേണ്ടതാണെന്നു വിചാരണമായിരിക്കയും ചെയ്തുവന്നു. നിങ്ങളുടെ സമുദായത്തിന്റെ ഭാവിയെപ്പററി നിങ്ങൾക്കും ഇങ്ങനെയുള്ള വിശ്വാസം ഉണ്ടോ? അതിനെ ദൈവരാജ്യത്തിന്നു യോഗ്യമാംവണ്ണം ഭേദപ്പെടുത്താൻ പ്രത്യാശയോടും ധൈൎയ്യത്തോടും ശ്രമിക്കുന്നതിന്നു നിങ്ങൾ നിൎണ്ണയിക്കുന്നുവോ?

---

## എട്ടാം ആഴ്ച:—ആറാം ദിവസം.

മത്താ. 3: 13—17. അനന്തരം യേശു യോഹന്നാനോടു സ്നാനം ഏൽക്കുവാൻ ഗലീലയിൽനിന്നു യോൎദ്ദാൻകരെ അവന്റെ അടുക്കൽ വന്നു. യോഹന്നാനോ അവനെ വിലക്കി: നിന്നാൽ സ്നാനമേൽക്കുവാൻ എനിക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു പറഞ്ഞു; യേശു അവനോടു: ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവൎത്തിക്കുന്നതു നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു; എന്നാറെ അവൻ അവനെ സമ്മതിച്ചു. യേശു സ്നാനം ഏററ ഉടനെ വെള്ളത്തിൽനിന്നു കയറി; അപ്പോൾ സ്വൎഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെമേൽ വരുന്നതു അവൻ കണ്ടു: ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വൎഗ്ഗത്തിൽനിന്നു ഒരു ശബ്ദവും ഉണ്ടായി.

തൻെറ ധർമ്മസ്ഥാപനത്തെപ്പററിയുള്ള ബോധം ഉണ്ടായപ്പോൾ നമ്മുടെ കത്താവു തന്നെത്താൻ ദൈവത്തിനു സമർപ്പണം ചെയ്തതു ആരംഭത്തിങ്കൽ ലാവണ്യമേറിയ ഒരു പ്രവൃത്തി ആയിരുന്നു. എന്നാൽ അതിൻെറ നിവ്വഹണത്തിനു എന്തു സ്വയപരിത്യാഗവും ധൈയ്യവും ആവശ്യമായി വന്നു എന്നു ആലോചിക്കുക. ദൈവത്തിനു ഇഷ്ടമുള്ളേടത്തും അവൻെറ ഇഷ്ടപ്രകാരവും നിങ്ങളെ ഉപയോഗിച്ചുകൊള്ളുന്നതിനു, അതിനാൽ ഉണ്ടാകാവുന്ന നഷ്ടവും സങ്കടവും വിചാരിക്കാതെ നിങ്ങളെത്തന്നേ ദൈവത്തിന്നു സമർപ്പണം ചെയ്വാൻ നിങ്ങൾക്കു ധൈയ്യമുണ്ടോ? ഇതാകുന്നു ധാർമ്മികധൈയ്യത്തിൻെറ ഉത്തമപ്രവൃത്തി. മററെല്ലാം ഇതിനെ ആശ്രയിച്ചിരിക്കുന്നു. ദൈവം തൻെറ പ്രസാദത്തിന്നായി യാഗമോ, തൻെറ ബലിപീഠത്തെ അലങ്കരിപ്പാൻ രത്നങ്ങളോ, നമ്മോടു ആവശ്യപ്പെടുന്നില്ല. നമ്മുടെ ഹൃദയത്തെ ദൈവത്തിനു സമർപ്പണം ചെയ്ക. ഹൃദയത്തെ സമർപ്പണം ചെയ്യുമ്പോൾ നമ്മുടെ സവ്വസ്വവും സമർപ്പണം ചെയ്തുകഴിഞ്ഞു.

---

## എട്ടാം ആഴ്ച:—ഏഴാം ദിവസം

ലൂക്കൊ. 12: 1—4. അതിന്നിടെ പുരുഷാരം തമ്മിൽ ചവിട്ടുവാൻ തക്കവണ്ണം ആയിരം ആയിരമായി തിങ്ങിക്കൂടിയപ്പോൾ അവൻ ആദ്യം ശിഷ്യന്മാരോടു പറഞ്ഞുതുടങ്ങിയതു: പരീശന്മാരുടെ പുളിച്ചമാവായ കപടഭക്തി സൂക്ഷിച്ചുകൊൾവിൻ. മൂടിവെച്ചതു ഒന്നും വെളിച്ചത്തു വരാതെയും ഗൂഢമായതു ഒന്നും അറിയാതെയും ഇരിക്കയില്ല. ആകയാൽ നിങ്ങൾ ഇരുട്ടത്തു പറഞ്ഞതു എല്ലാം വെളിച്ചത്തു കേൾക്കും; അറകളിൽ വെച്ചു ചെവിയിൽ മന്ത്രിച്ചതു പുരമുകളിൽ ഘോഷിക്കും. എന്നാൽ എൻെറ സ്നേഹിതന്മാരായ നിങ്ങളോടു ഞാൻ പറയുന്നതു: ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്വാൻ കഴിയാത്തവരെ ഭയപ്പെടേണ്ടാ.

നമ്മുടെ കർത്താവിൻെറ ഭയമില്ലായ്മയുടെ അടിസ്ഥാനം ദോഷത്തിനു വിജയം ഉണ്ടാകയില്ലെന്നും നന്മയുടെ ആരംഭം ആഡംബരരഹിതമായിരുന്നാലും അവസാനം പ്രസിദ്ധവും സാർവ്വലൌകികവും ആയിരിക്കും എന്നും ഉള്ള ദൃഢവിശ്വാസം ആയിരുന്നു. ദൈവത്തോടും നീതിയോടും സഹകരിച്ചു പ്രവർത്തിക്കുന്നവൻ തൽക്കാലം എന്തെല്ലാം പ്രതികൂലാവസ്ഥകൾ ഉണ്ടായിരുന്നാലും ജയിക്കുന്ന ഭാഗത്താണെന്നു അവന്നു നിശ്ചയമുണ്ടായിരുന്നു. നിങ്ങളുടെ ജീവിതത്തിന്നു ഇങ്ങനെ ഒരാധാരം ഉണ്ടോ? ദൈവത്തിൻെറ ഭാഗത്താണു ജയമെന്നും ദോഷത്തിൻെറ പരാജയം പണ്ടെതന്നെ നിശ്ചിതമാണെന്നും നീതിക്കായി നാം ചെയ്യുന്നതെല്ലാം വിജയോത്സവത്തിന്നുള്ള പ്രാരംഭവേലകൾ മാത്രമാണെന്നും നിങ്ങൾ ദൃഢമായി വിശ്വസിക്കുന്നുവോ? അടിമവ്യാപാരം നിറുത്തലാക്കപ്പെടുന്നതിന്നു മുമ്പായി അതിൻെറ നാശം പ്രായോഗികമാണെന്നു വിശ്വസിച്ച മഹാന്മാർ ആവശ്യം ഉണ്ടായിരുന്നു എന്നുള്ള സംഗതി ആലോചിക്ക. അപ്രകാരം തന്നെ യുദ്ധം നിറുത്തലാക്കപ്പെടാമെന്നും വ്യാവസായിക അനീതികളും രാജനീതി സംബന്ധിച്ച അപഭ്രംശങ്ങളും ഇല്ലായ്മചെയ്യാമെന്നും എല്ലാ മനുഷ്യരുടെയും സഹോദരത്വം പ്രയോഗത്തിൽ കൊണ്ടുവരാമെന്നും സർവ്വലോകത്തെയും ക്രിസ്തുവിൻെറ ശിഷ്യഗണത്തിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്നും ദൃഢവിശ്വാസമുള്ള ആളുകളാണു് ആധുനികകാലത്തു അത്യാവശ്യം എന്നുള്ള സംഗതിയെപ്പററി പരിചിന്തനം ചെയ്ക.

---

## അദ്ധ്യായം 16.

### ഏട്ടാം ആഴ്ചയിലെ വിമർശനവീഥി

# നമ്മുടെ കർത്താവിൻെറ നിർഭയതചം

'ജീവനെയൊ പേരിനെയൊ വകവയ്ക്കാതെ ജനതയേയും മരണത്തേയും, തൻെറ പ്രസംഗത്തിലുള്ള സത്യത്തിനും നടത്തയിലുള്ള ശുദ്ധിയ്ക്കും വേണ്ടി, പൂൎണ്ണധൈൎയ്യത്തോടുകൂടി നേരിടുന്നവൻ' എന്നാണ് എമേഴ്സൺ (Emerson) ഒരു ധൈൎയ്യശാലിയെ വൎണ്ണിക്കുന്നതു്. ഗുരുവിനും ഈവിധം ധൈൎയ്യമുണ്ടായിരുന്നു എന്നു പറയുന്നതു സാധാരണയാണ്. എന്നാൽ അൎത്ഥം മുഴുവനായി ഗ്രഹിക്കണമെങ്കിൽ തനിക്ക് എതിരിട്ട ശക്തികളെക്കുറിച്ചു ചിന്തിക്കേണ്ടിയിരിക്കുന്നു. 'ദേഹത്തെ കൊന്നിട്ടു പിന്നെ അധികമായി ഒന്നും ചെയ്വാൻ കഴിയാത്തവരെ ഭയപ്പെടേണ്ട' (ലൂക്കൊ. 12: 4) എന്നു ക്രിസ്തു പറഞ്ഞപ്പോൾ അതു്, അദ്ദേഹത്തിൻെറ ജീവിതത്തെയും ബാധിച്ചിരുന്ന ഒരു പ്രമാണമാണെന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. ആരംഭകാലത്തു തന്നെ അദ്ദേഹത്തിൻെറ സന്ദേശവും പ്രവൃത്തിരീതിയും മാൎഗ്ഗതല്പരരും ദൃഢവിശ്വാസികളുമായ അന്നത്തെ ജനാവലിയെ ഏറെക്കുറെ ക്ഷോഭിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ സുവിശേഷം യെഹൂദന്മാൎക്കു പ്രക്ഷോഭജനകമായിട്ടാണ് തോന്നിയതു്. 'ഇതു് എന്തു്? ഒരു പുതിയ ഉപദേശം' (മൎക്കൊ. 1: 27) എന്നത്രെ അദ്ദേഹത്തിൻെറ പ്രസംഗം കേട്ടപ്പോൾ ജനങ്ങൾ ഘോഷിച്ചതു്. സകലജനത്തിനും വേണ്ടിയുള്ള അദ്ദേഹത്തിൻെറ പരസ്യശുശ്രൂഷ കണ്ടപ്പോൾ ജനങ്ങൾ, 'ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല' (മൎക്കൊ. 2: 12) എന്നത്രെ പറഞ്ഞതു്.

അത്ര നവീനവും, പ്രക്ഷോഭജനകവും അരുചികരവും ആയിരുന്നു അദ്ദേഹത്തിൻെറ പ്രവൃത്തിയുടെ രീതിയും സ്വഭാവവും. അതുകൊണ്ടുതന്നെയാണ് 'എന്തുകൊണ്ടു' എന്നുള്ള

ചോദ്യം ഒരു സ്വപ്രതിച്ഛായയപോലെ എപ്പോഴും അദ്ദേഹ ത്തെ പിന്തുടർന്നുകൊണ്ടിരുന്നതു്. 'നിങ്ങൾ ചുങ്കക്കാരോടും പാപികളോടുംകൂടെ തിന്നുകുടിക്കുന്നതു എന്തു്?' (ലൂക്കോ. 5: 30). 'നിൻെറ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം അനു സരിച്ചു നടക്കാത്തതു എന്തു്?' (വിശു. മൎക്കൊ. 7: 5). യേശു അക്കാലത്തെ ആത്മീക നേതാക്കന്മാൎക്കു ഇടർച്ചവരുത്തുന്ന ഒ രുവൻതന്നെയായിരുന്നു. ആരംഭകാലത്തു പൊതുജനാനുക്രു ല്യം വളരെ കുറവുള്ള ഒരാളായിരുന്നു അദ്ദേഹം. പുരാതന ക ല്പനകളെ ഒരു നവീനരീതിയിലും അത്ഭുതകരമായ വിധത്തി ത്തിലും അദ്ദേഹം വ്യാഖ്യാനിച്ചു. മോശയുടെ ന്യായപ്രമാണം മുതലായ ചട്ടങ്ങളെ അദ്ദേഹം കഠിനമായി വിമർശിച്ചു. പൂ ർവ്വാനുവൎത്തിതങ്ങളായ വിശ്വാസവിഷയങ്ങളെ അദ്ദേഹം അ വഗണിച്ചു. അദ്ദേഹം റബ്ബികളെ ആക്ഷേപിച്ചു അവരെ കു റവപ്പെടുത്തി. പൌരാണിക ചട്ടങ്ങളെപ്പററി അദ്ദേഹം ഏ റവും ആലോചനയോടുകൂടെ ഇപ്രകാരം പറഞ്ഞു. 'ഇങ്ങ നെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചന ത്തെ ദുർബലമാക്കിയിരിക്കുന്നു' (മത്താ. 15: 6). യഹൂദന്മാ ൎക്കു്, അദ്ദേഹത്തെ സമുദായത്തിൽ ഭയങ്കരനായ വിപ്ളവ കാരിയും മതത്തിൽ ഒരു നവീനതത്ത്വോപദേഷ്ടാവും ആയിട്ടു തോന്നി.

പരീശന്മാരും അവരുടെ പുറകിലായിട്ടു അവരുടെ സ്വാധീനശക്തി ധാരാളം ഉള്ളവരുമായ ഒരുക്കൂട്ടം യഹൂദന്മാ രും ഈ ചട്ടങ്ങളുടെ പരിരക്ഷണത്തിനായിട്ടു അക്ഷീണപരി ശ്രമം ചെയ്തുതുടങ്ങി. പഴയനിയമത്തിലുള്ളവയും പാരമ്പ ൎയ്യങ്ങളും ദൈവത്തിൽനിന്നും ലഭിച്ചവയാണെന്നു അവൎക്കു വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ടു, മനുഷ്യജീവിതത്തി ൻെറ മാഹാത്മ്യം, മുതലായ വലിയതും ഗൌരവം ഉള്ളതുമാ യ കാൎയ്യങ്ങളിലും, ശബത്തുനാളിൽ ഇട്ട മുട്ട ഭക്ഷിക്കാ തിരിക്കുക, മുതലായ ചെറിയ നിസ്സാര കാൎയ്യങ്ങളിലും അ

വർ ഒരുപോലെ നിഷ്ഠയും സൂക്ഷ്മതയും ഉള്ളവരായിരുന്നു. ദേവാലയ വളപ്പിൽ ചക്രവർത്തിയുടെ ഒരു പ്രതിമ വെക്കുന്നതിനു റോമൻ അധിപതി ഇവരോടു അനുവാദം ചോദിച്ചപ്പോൾ അവർ കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു. 'ചട്ടങ്ങളെ അതിലംഘിക്കുന്നതിനേക്കാൾ മരിക്കുന്നതാണു് ഞങ്ങൾക്കു കൂടുതൽ സന്തോഷം'. ഇതിലും രസകരമായ ഒന്നാണു് മക്കബെയിയൻ യുദ്ധസമയത്തു നടന്ന ഒരുസംഭവം. ശബത്തു ദിവസത്തിൽ തങ്ങളെ ആക്രമിച്ചപ്പോൾ, അനേകം യഹൂദന്മാർ ആ ചട്ടങ്ങളെ ഏററവും നിഷ്ഠയോടുകൂടി ആചരിച്ചു ശബത്തുനാളിൽ യുദ്ധം ചെയ്യാതിരുന്നതിനാൽ കൊല്ലപ്പെടുകയുണ്ടായി. ലോകത്തിലെ ഒരു മതചരിത്രത്തിലും മതതത്വങ്ങളോടും ചട്ടങ്ങളോടും ഇത്രയധികമായ ഒരു അനുസരണവും അഗാധമായ വിശ്വാസവും കാണുകയില്ല, ആ പെസഹാദിവസം ശ്രീയേശുക്രിസ്തുവിനെ 'ക്രൂശിക്കുക, ക്രൂശിക്കുക' എന്നു ആർത്തുവിളിച്ചപ്പോഴും ജനങ്ങൾ അശുദ്ധമാകുമെന്നു ഭയന്നു പീലാത്തോസിൻെറ വിസ്താരസ്ഥലത്തു കടന്നില്ല (യോഹ. 18: 28). മതചട്ടങ്ങൾക്കു വിപരീതമാണെന്നു മനസ്സിലാക്കിക്കൊണ്ടു അവർ നിരോധനശീലയുടെ മറുവശത്തു കടക്കാതെയായിരുന്നു ക്രിസ്തുവിനെ ക്രൂശിക്കുന്നതിനു നിലവിളിച്ചതു്. ഇപ്രകാരം പുരാതന ചട്ടങ്ങളെപ്പററി അഗാധമായ വിശ്വാസവും അതിൽ അത്യന്താ അനുസരണവുമുള്ളവരായ ഒരു ജനതയ്ക്കു 'അതു പൂർവ്വികചട്ടമാകുന്നുവല്ലോ എന്നാലൊ ഞാൻ ഇപ്രകാരം പറയുന്നു' എന്നുള്ള കർത്താവിൻെറ ഉപദേശം എത്ര പ്രക്ഷോഭജനകവും അനാശാസ്യവും നവീനവുമായി തോന്നിയിരിക്കണം എന്നു ആലോചിക്കുക.

ഈ ചട്ടങ്ങളെ ഇതേവരെ ആരും എതിർത്തിട്ടില്ലായിരുന്നു. അനേക തലമുറകൾ അവ സത്യങ്ങളായി ഗണിച്ചു ആചരിച്ചുപോന്നു. യാതൊരു എതിർപ്പും കൂടാതെ അതു അനേക നാളുകളായി മനുഷ്യരുടെ ആലോചനയെ നിയന്ത്രിക്കുകയും

ദീർഘനാളത്തെ ചരിത്രംമൂലം സാമൂഹ്യചട്ടങ്ങളെയും മനുഷ്യരുടെ ആലോചനാഗതിയെയും നയിക്കുകയും ചെയ്തു. ഈ സുസ്ഥാപിതങ്ങളായ ചട്ടങ്ങളെ എതിർക്കുന്നതിനായി ആ നവീന നേതാവായ ക്രിസ്തുവത്രെ ആദ്യമായി മുമ്പോട്ടു വന്നതു. അദ്ദേഹം അതിനെ നിർദ്ദാക്ഷിണ്യമായി എതിർക്കയും ചെയ്തു. 'ഇങ്ങനെ ചെയ്യുന്നതുമൂലം അവർ ദൈവത്തിനു വഴിപാടു കഴിക്കുന്നു' (യോഹ. 16: 2) എന്നു അവർ വിചാരിക്കുന്നു എന്നത്രെ ക്രിസ്തു അവരെക്കുറിച്ചു പറയുന്നതു. ഈ ഭൂമിയെപ്പററിയും, ജീവൻെറ ചരിത്രം, ഉത്ഭവം ഇവയെപ്പററിയും ഉള്ള പുതിയ ശാസ്ത്രീയ അറിവുകൾ പുറപ്പെടുവിക്കുമ്പോൾ പലപ്പോഴും വിമർശനവും എതിർപ്പും ചിലപ്പോൾ മരണവും കൂടെ ഉണ്ടാകാറുണ്ടെങ്കിൽ, ഏററവും പൂജ്യവും ദൃഢവുമായ വിശ്വാസങ്ങൾ പൌരാണിക ആശയങ്ങളെ ആകമാനം വലയം ചെയ്തിരിക്കുന്ന അവസരത്തിൽ പുതിയ മതതത്വങ്ങളെ പുറപ്പെടുവിക്കുന്നവക്ഷം, ദൈവത്തെപ്പററി പുതിയ ആശയങ്ങൾ കൊണ്ടുവന്നാൽ, അതിനെ എതിർക്കുന്നതും തട്ടിത്തകർക്കുന്നതും എത്ര പരിശുദ്ധമായ ഒരു പ്രവൃത്തി ആയിട്ടായിരിക്കണം ജനങ്ങൾ കരുതിയിരുന്നതു്. എന്നാൽ ഈ നവീനതത്വങ്ങളെ പുരാതന വിശ്വാസങ്ങളോടു സംയോജിപ്പിക്കുവാൻ സാധിക്കയില്ലായിരുന്നു. അതിനാൽ അവ ഒരു നവീകരിച്ച വിശ്വാസസഞ്ചയത്തിൽ ചേർക്കേണ്ടതു ആവശ്യമായിരുന്നു. യേശുക്രിസ്തുവിൻെറ സന്ദേശത്തിൻെറ അനന്തരഫലങ്ങൾ ഇവയായിരുന്നു. അദ്ദേഹം അതുമൂലം ഉളവായ കഠോരവൈരത്തെ സഹിക്കുകയും ചെയ്തു.

ശ്രീയേശുവിൻെറ ഈ പ്രക്ഷോഭകരമായ സന്ദേശത്തെപ്പററി നാം ആലോചിക്കുമ്പോൾ ഒരുകാര്യം പ്രത്യേകം സ്മരണീയമത്രെ: യഹോവയിൽനിന്നും യിസ്രായേൽമക്കൾക്കു ലഭിച്ചതായ ആ ചട്ടങ്ങളെയും വെളിപാടുകളെയും നശിപ്പിക്കുവാനല്ല, പിന്നെയോ നിവർത്തിപ്പാനത്രെ അദ്ദേഹം

വന്നതു്. ആ ചട്ടങ്ങളുടെ യഥാൎത്ഥമാഹാത്മ്യത്തെ പൌരാണിക ആചാരങ്ങൾ നശിപ്പിക്കുകയും അഗോചരമാക്കുകയും ചെയ്യുന്നു എന്നതു മാത്രമെ അദ്ദേഹം അതിനെപ്പററി കുററം പറയുന്നുള്ളു (മക്കൊ. 7: 8). ദൈവത്തോടും മനുഷ്യനോടും ഉള്ള സ്നേഹം എന്ന തത്വത്തിലാകുന്നു പഴയനിയമം മുഴുവനും സംഗ്രഹിച്ചിരിക്കുന്നതു. സകല നിയമങ്ങളും പ്രവാചകന്മാരും ഇതിലാകുന്നു ആശ്രയിച്ചിരിക്കുന്നതു്. ഇതായിരുന്നു ശ്രീയേശുവിൻെറ വിശ്വാസം. 'ഈ ആത്മീയാൎത്ഥത്തെ നശിപ്പിക്കുന്നതിനല്ല നിവൎത്തിപ്പാനത്രെ ഞാൻ വന്നിരിക്കുന്നതു്' എന്നാകുന്നു അദ്ദേഹം പറഞ്ഞതു് (മത്താ. 5: 17). യേശുക്രിസ്തുവിനു പഴയനിയമചട്ടങ്ങളോടും പ്രവാചകന്മാരോടും അതിയായ ബഹുമാനം ഉണ്ടായിരുന്നു. അക്കാലത്തു ജീവിച്ചിരുന്ന എല്ലാ പരീശന്മാരെക്കാളും കൂടുതലായി അദ്ദേഹം അവയെ സ്നേഹിക്കുകയും പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിൻെറ അടിസ്ഥാനം മുഴുവനും പുരാതന ചട്ടങ്ങളിൽ ആയിരുന്നു. പുതിയ ജീവിതത്തിനും വളർച്ചക്കും ആവശ്യമായിരുന്ന ജീവശക്തി അദ്ദേഹത്തിനു അതിൽനിന്നും ലഭിച്ചിരുന്നു. 'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകാത്ത കാലത്തോളം ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒഴിഞ്ഞുപോകാത്ത (മത്താ. 5: 18) ന്യായപ്രമാണത്തിൻെറ ഒരു നിവൃത്തിയായിട്ടായിരുന്നു അദ്ദേഹം തൻെറ പുതിയ സന്ദേശത്തെ കരുതിയിരുന്നതു്. പൌരാണികനിയമങ്ങൾ ആരംഭിച്ചിരുന്നതായ പ്രഭാതത്തിൻെറ മദ്ധ്യാഹ്നത്തെ സഫലീകൃതമാക്കുകയായിരുന്നു തൻെറ സന്ദേശങ്ങൾ ചെയ്തിരുന്നതു് എന്നു അദ്ദേഹം ധരിച്ചിരുന്നു. എങ്കിലും ഇതരപ്രകാശപ്രഭാതദൂതന്മാരെപ്പോലെ അദ്ദേഹത്തിനും പ്രതിബന്ധങ്ങളും എതിർപ്പുകളും ഉണ്ടായിരുന്നു. സന്ധ്യാസമയത്തെ മങ്ങിമയങ്ങിയ പ്രകാശത്തിൽ പരിചയിച്ച നയനങ്ങൾ മദ്ധ്യാഹ്നസൂൎയ്യൻെറ കഠോരപ്രകാശത്തിൽ അടയ്ക്കുന്നതുപോലെ യഹൂദന്മാർ ഈ പുതിയ സുവിശേഷത്തിൻനേരെ തങ്ങ

ളുടെ കണ്ണുകളെ അടച്ചുകളഞ്ഞു. അവൎക്കു അതു പൂൎത്തീകരണ
മല്ല, പിന്നെയോ നശീകരണമായി തോന്നി. കൎത്താവു അ
തിനെപ്പററി സ്വാരസ്യത്തോടുകൂടെ ഇപ്രകാരമാണു പറയുന്ന
തു്. 'പഴയ വീഞ്ഞു കുടിച്ചിട്ടു ആരും പുതിയതു ഉടനെ അ
ന്വേഷിക്കുന്നില്ല. പഴയതു ഏറെ നല്ലതു എന്നു പറയും' (ലൂ
ക്കൊ. 5: 39). പ്രവാചകന്മാർ പ്രകാശിപ്പിച്ചിട്ടുള്ളതായ സ
ത്യങ്ങളോടു ക്രിസ്തുവിനു ഉണ്ടായിരുന്ന ആദരവു് അദ്ദേഹം പ
ലവിധത്തിൽ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടു്. 'യാഗത്തിലല്ല ക
രുണയിലത്രെ ഞാൻ പ്രസാദിക്കുന്നതു്' എന്നുള്ള ഹോശെയാ
ദീൎഘദൎശിയുടെ വാക്കുകൾ അദ്ദേഹം രണ്ടു പ്രാവശ്യം ആ
വൎത്തിച്ചിട്ടുണ്ടു് (മത്താ. 9: 13; 12: 7). പരീശന്മാരുടെ ക
പടഭക്തിയെ കണ്ടപ്പോൾ അദ്ദേഹം തന്റെ വികാരങ്ങളെ
യശയ്യാദീൎഘദൎശിയുടെ വാക്കുകളിലത്രെ പ്രകാശിപ്പിച്ചതു്.
'ഈ ജനം അധരംകൊണ്ടു് എന്നെ ബഹുമാനിക്കുന്നു എ
ങ്കിലും അവരുടെ ഹൃദയം എന്നിൽനിന്നു അകന്നിരിക്കുന്നു'
(മൎക്കൊ. 7: 6). ജീവിതത്തിലെ ഏററവും പ്രയാസമേറിയ
ഘട്ടത്തിൽ നമുക്കു മുൻകൂട്ടി വിചാരിക്കുവാൻ സാധിക്കാത്ത
അവസരങ്ങളിൽ നാം പുറപ്പെടുവിക്കുന്ന വാക്കുകളാകുന്നു യ
ഥാൎത്ഥത്തിൽ നമ്മുടെ ആത്മാവു ഏതിനാൽ പോഷിപ്പിക്ക
പ്പെടുന്നു എന്നു വെളിവാക്കുന്നതു്. ക്രിസ്തുവാകട്ടെ ഏററവും ഭ
യങ്കരമായ പരീക്ഷയിൽ അകപ്പെട്ടപ്പോൾ സാത്താനോടു ഉ
പയോഗിച്ച ആത്മീയ വാക്കുകൾമൂലം യേശുവിന്റെ ആത്മാ
വിന്റെ സ്വഭാവത്തെ മനസ്സിലാക്കുവാൻ സാധിക്കും (മത്താ.
4: 4, 7, 10). അത്യധികം കോപത്തോടുകൂടെ ദൈവാലയ
ത്തിൽനിന്നും കച്ചവടക്കാരെ ചമ്മട്ടികൊണ്ടു അടിച്ചിറക്കിയ
പ്പോൾ അദ്ദേഹം ഉപയോഗിച്ച വാക്കുകൾ യെശയ്യാദീൎഘ
ദൎശിയുടേതായിരുന്നു. 'എന്റെ ആലയം പ്രാൎത്ഥനാലയം എ
ന്നു വിളിക്കപ്പെടുന്നു.' ഉടനെതന്നെ അദ്ദേഹം യിരെമിയാ
ദീൎഘദൎശിയുടെ വാക്കുകളെ എടുക്കുന്നു. 'നിങ്ങളോ അതി
നെ കള്ളന്മാരുടെ ഗുഹ ആക്കിത്തീൎത്തിരിക്കുന്നു' (മത്താ 21:

13). ക്രൂശിലെ അതികഠോരമായ വേദനയും സങ്കടവും അനുഭവിക്കുമ്പോഴും അദ്ദേഹം തൻെറ സങ്കടത്തെയും വിശ്വാസത്തെയും പ്രകാശിപ്പിക്കുന്നതിനു സങ്കീർത്തനക്കാരൻെറ വാക്കുകളെ അത്രെ ഉപയോഗിക്കുന്നതു്. 'എൻെറ ദൈവമേ, എൻെറ ദൈവമേ, നീ എന്നെ കൈവിട്ടതു എന്തു്?' (മത്താ. 27: 46). 'ദൈവമേ ഞാൻ എൻെറ ആത്മാവിനെ തൃക്കൈകളിൽ ഏല്പിക്കുന്നു' (ലൂക്കോ. 23: 46). ഇപ്രകാരം പഴയനിയമവിചാരങ്ങളും വിശ്വാസങ്ങളും കൊണ്ടു് അദ്ദേഹത്തിൻെറ മനസ്സു നിറഞ്ഞിരുന്നു. അദ്ദേഹം അന്നത്തെ മാർഗ്ഗീയ ജീവിതത്തിൽ ഒരു പ്രക്ഷോഭണം ഉണ്ടാക്കുന്നവൻ ആയിരുന്നു എങ്കിൽ അതു അദ്ദേഹത്തിനു പ്രാചീനപ്രവാചകന്മാരെക്കുറിച്ചുള്ള ബഹുമാനം അന്നത്തെ ജനങ്ങൾക്കു് അവരോടുള്ളതിനെക്കാൾ കുറവായിരുന്നതുകൊണ്ടല്ല. പരീശന്മാർ തങ്ങളുടെ പിതാക്കന്മാരെപ്പോലെതന്നെ ആകുന്നു എന്നത്രെ അദ്ദേഹം ഘോഷിക്കുന്നതു്. അവരാകട്ടെ ഈ പ്രവാചകന്മാരെ കൊന്നതിൻെറ ശേഷം അർത്ഥശൂന്യവും ബാഹ്യവുമായ ആദരവിനും ബഹുമാനത്തിനും വേണ്ടി അവരുടെ കല്ലറകളെ പണിയുകയും അവയെ ഭംഗിപിടിപ്പിക്കുകയും ചെയ്യുന്നു (മത്താ. 23: 29—31). അവൾക്കു ദൈവം ജീവിക്കുന്ന ദൈവം ആണെന്നും, അദ്ദേഹം ഒരു കാര്യത്തെപ്പററിയും ഉള്ള തൻെറ അവസാനവാക്കു പറഞ്ഞുതീർത്ത ഒരാളല്ലെന്നും, അവൾക്കു വഹിപ്പാൻപാടില്ലാത്തവണ്ണം പറവാൻ ശേഷിയുള്ളവനാണെന്നും (യോഹ. 16: 12), പൂർവ്വകാര്യങ്ങളെയും നവീനകാര്യങ്ങളെയും നിവർത്തിക്കുന്നവനാണെന്നും, കാണ്മാനുള്ള പ്രവാചകൻെറ കണ്ണും, മനസ്സിലാക്കുവാനുള്ള പ്രവാചകൻെറ വിചാരവും ഇല്ലായിരുന്നു. അതുകൊണ്ടു സ്വർഗ്ഗരാജ്യത്തിൽ ശിഷ്യനായിത്തീർന്ന ഏതു ശാസ്ത്രിയും തൻെറ നിക്ഷേപത്തിൽനിന്നും പുതിയതും പഴയതും എടുത്തുകൊടുക്കുന്ന ഒരു വീട്ടുടയവനോടു സദൃശനാകുന്നു' (മത്താ. 13: 52) എന്നത്രെ യേശു പറഞ്ഞതു്.

ഈ പുതിയ സന്ദേശം ജനങ്ങൾക്കു മനസ്സിലാകത്തക്ക വണ്ണം രൂപവൽകരിക്കുന്നതിനും അവക്കു സ്വീകരിക്കത്തക്കവണ്ണം അതു എളുപ്പമാക്കുന്നതിനും ക്രിസ്തു കഴിയുന്നതും ശ്രമിച്ചു എന്നുള്ളതു നാം ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കേണ്ടതുതന്നെയാണു്. യഹൂദമര്യാദകളിലും ആചാരങ്ങളിലും വളൎത്തപ്പെട്ടവനായ അദ്ദേഹം തൻെറ മനസ്സാക്ഷി അനുസരിക്കുന്നിടത്തോളം അതു ആചരിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. അതു മാത്രമല്ല തൻെറ ശിഷ്യന്മാരെയും ഇക്കാൎയ്യത്തിൽ അദ്ദേഹം നിർബന്ധിച്ചിരുന്നു. 'ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നതു ഒക്കെയും പ്രമാണിച്ചു ചെയ്വിൻ' (മത്താ. 23: 2, 3). പരീശന്മാരാകട്ടെ തുളസി, ചതകുപ്പ, ജീരകം ഇവകളിൽ ഒക്കെയും പതാരം കൊടുക്കുന്നതിനെപ്പററി യേശു അധിക്ഷേപിച്ചപ്പോൾ ആ മാർഗ്ഗനിയമത്തെ അദ്ദേഹം നിഷേധിച്ചില്ല. നീതിയും കരുണയും വിശ്വാസവും ത്യജിച്ചതിനാലത്രെ അദ്ദേഹം അവരെ കുററം പറയുന്നതു് (മത്താ. 23: 23). ഒരു യാഗത്തെ സഹോദരത്വത്തോടുകൂടെ ഉപമിച്ചപ്പോൾ സഹോദരനോടു സമാധാനപ്പെട്ടതിനു ശേഷം വന്നു യാഗം കഴിക്കുക (മത്താ. 5: 23, 24) എന്നത്രെ യേശു പറഞ്ഞതു്. ഒരു കുഷ്ഠരോഗിയെ സൌഖ്യമാക്കിയപ്പോൾ യഹൂദമതാചാരം അനുസരിച്ചു പുരോഹിതനു അവനെത്തന്നേ കാണിച്ചുകൊടുക്കുക എന്നാകുന്നു യേശു അവനോടു പറയുന്നതു് (മത്താ. 8: 4).

ഏററവും സമാധാനപരമായ രീതിയിൽ തൻെറ ജോലി നിൎവ്വഹിക്കണമെന്നായിരുന്നു ക്രിസ്തുവിൻെറ ആഗ്രഹം. അദ്ദേഹം സൂക്ഷ്മതയോടുകൂടെ ദേവാലയമതില്കൾക്കകത്തു വെച്ചു തൻെറ പ്രവൃത്തികളെ ചെയ്തു. 'ദൈവരാജ്യം', 'മനുഷ്യപുത്രൻ', 'മശിഹ' മുതലായ പുരാതനവും ബഹുമാന്യവുമായ പദങ്ങൾ ഉപയോഗിച്ചു. ശുദ്ധതുലാംഘനം അദിയായ

തൻെറ പ്രവൃത്തികളിൽ തൻെറ നില ശരിയാണെന്നു കാണിക്കുന്നതിനുവേണ്ടി യഹൂദന്മാർക്കു മനസ്സിലാകുന്ന പല കാരണങ്ങളും അദ്ദേഹം പറഞ്ഞു. 'ദാവീദുകൂടെയും. അത്യാവശ്യം വന്നപ്പോൾ ആ ശബ്ബത്തുനിയമങ്ങൾ ലംഘിച്ചുപ്രവൎത്തിച്ചു. പിന്നെ തനിക്കു എന്തുകൊണ്ടു പാടില്ല?' എന്നത്രെ അദ്ദേഹം ചോദിച്ചതു് (മൎക്കൊ. 2: 25-28). 'അവരുടെ ചട്ടപ്രകാരം കുഴിയിൽ വീണ ഒരാടിനെ ശബ്ബത്തു ദിവസത്തിൽ കരക്കു കയററാമെങ്കിൽ എന്തുകൊണ്ടു ഒരു മനുഷ്യനെ സൌഖ്യമാക്കിക്കൂടാ (മത്താ. 12: 11, 12) എന്നാകുന്നു അദ്ദേഹം ചോദിക്കുന്നതു്. അത്യധികം ക്ഷമയോടുകൂടെ അദ്ദേഹം അവരേക്കൂടെ തൻെറ നിലയിൽ ആക്കുന്നതിനു ശ്രമിച്ചു. അദ്ദേഹം നശിപ്പിക്കുന്നതിനല്ല, പൂൎത്തീകരിക്കുന്നതിനത്രെ വന്നതു്.

പുരാതന ചട്ടങ്ങളോടുള്ള ആദരവും, പുതിയ സന്ദേശത്തെ നിവൎത്തിക്കുന്നതിനുള്ള ശ്രമവും തമ്മിലുള്ള പരസ്പരവിരുദ്ധത്തെ വൎദ്ധിപ്പിച്ചപ്പോഴും അദ്ദേഹം ദൃഢബുദ്ധിമാനും ധൈൎയ്യശാലിയും ആയിരുന്നു. 'ഞാൻ ഭൂമിയിൽ സമാധാനം അല്ല, വാൾ അത്രെ വരുത്തുവാൻ വന്നതു' എന്നത്രെ അദ്ദേഹം പറഞ്ഞതു് (മത്താ. 10: 34). ഇതായിരുന്നു അദ്ദേഹത്തിൻെറ പ്രയാസവും സങ്കടകരവുമായ ജീവിതത്തിൻെറയും മരണത്തിൻെറയും കാരണം. 'അദ്ദേഹം ഒട്ടുംതന്നെ സംശയിക്കുകയില്ല. ഒട്ടുംതന്നെ പരമാൎത്ഥരഹിതമായി സംസാരിക്കുകയില്ല, ഒരിഞ്ചു പുറകോട്ടു മാറുകയില്ല, കേൾക്കപ്പെടുകയും ചെയ്യും'. മനുഷ്യരുടെ പലവിധത്തിലുള്ള ധൈൎയ്യത്തെ ആദരിക്കേണ്ടതുണ്ടു്. ഒരു പട്ടാളസൈന്യാധിപനു അവശ്യമായ ധൈൎയ്യം—ഒരു തൂണിന്മേൽ പിടിച്ചുകെട്ടപ്പെട്ടിട്ടും കഠോരമായ അഗ്നിച്ചൂളയുടെ നടുവിൽ നിന്നുകൊണ്ടു, തൻെറ ചെറിയ കുട്ടി തൻെറ ചുംബനത്തിനായിട്ടു കരഞ്ഞിട്ടും, യാതൊരു ഭീരുത്വവും കാണിക്കാതെ ധീരതയോടുകൂടെ താൻ ഏതൊരു കാൎയ്യത്തെ മുറുകെ പിടിച്ചുവോ ആ കാൎയ്യത്തോടുള്ള ഭ

ക്തിനിമിത്തം സസന്തോഷം മരിച്ച ആ പ്രൊട്ടസ്റ്റൻറു സ്ത്രീയുടെ അത്യത്ഭുതമായ ധൈര്യം—ഇങ്ങനെ ലോകത്തിനു അത്യന്താപേക്ഷിതമായ ഒരു നവീനതത്വത്തേയും സന്ദേശത്തേയും അദ്ദേഹം പ്രഖ്യാപനംചെയ്തു. അതികഠോരമായ ഒരു എതിർപ്പിനോടു പോരാടേണ്ടിവന്നു. തൻെറ ശിഷ്യസംഘത്തിൻെറ സംഖ്യ കുറഞ്ഞുകുറഞ്ഞു അവസാനത്തിൽ പന്ത്രണ്ടായി. അവരുടെ ദൃഢവിശ്വാസത്തെപ്പററിയും അദ്ദേഹത്തിനു സംശയമായിരുന്നു. അന്നത്തെ സുസ്ഥാപിതമായ മതവും നേതാക്കന്മാരും അദ്ദേഹത്തെ നശിപ്പിക്കുന്നതിനു ഒരുങ്ങിയിരിക്കുന്നതായി അദ്ദേഹം കണ്ടു. എങ്കിലും ഒട്ടും കൂട്ടാക്കാതെ തൻെറ മൂമതലബോധത്തെ മാത്രം കരുതിക്കൊണ്ടു അദ്ദേഹം ക്രൂശിങ്കലേക്കു നടന്നു. സന്ധിയും രാജിയും, വെറും മൌനംകൂടിയും ഈ അവസരത്തിൽ അദ്ദേഹത്തെ രക്ഷിക്കുമായിരുന്നു. എങ്കിലും ക്രൂശിക്ക, ക്രൂശിക്ക എന്നു അതിഭയങ്കരമായി ആർത്തുകൊണ്ടിരുന്ന ഒരു ജനസമൂഹത്തിൻെറ മദ്ധ്യേ അദ്ദേഹം തൻെറ ഉപദേശത്തിലും വിശ്വാസത്തിലും സധൈര്യം നിന്നു. 'ആകയാൽ നിങ്ങൾ ഭയപ്പെടേണ്ടാ' (മത്താ. 10: 26, 31, ലൂക്കൊ. 12: 7, 32) എന്നു അദ്ദേഹം നിരന്തരമായി ഉപയോഗിച്ചുകൊണ്ടിരുന്ന ഈ വാക്കു തൻെറ സ്വഭാവത്തെ പ്രത്യക്ഷപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു.

അന്നത്തെ സുസ്ഥാപിതമായ മതവുമായിട്ടുള്ള പെരുമാററത്തിൽ ക്രിസ്തു തൻെറ ധൈര്യത്തെ രണ്ടുവിധത്തിൽ പ്രത്യക്ഷപ്പെടുത്തി. ഒന്നാമതു, അദ്ദേഹം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം ആചാരനിയമങ്ങളിലല്ല, പിന്നെയോ, ആത്മീയ നിയമങ്ങളിൽ അടിസ്ഥാനപ്പെടുത്തുവാൻ ശ്രമിച്ചു. ദൈവത്തിൻെറ ആവശ്യങ്ങൾ ആദ്ധ്യാത്മികങ്ങളല്ല, ആചാരരീതിയിലുള്ളവയായിട്ടത്രെ അന്നത്തെ റബ്ബികൾ ജനങ്ങളെ മനസ്സിലാക്കിയിരുന്നതു്. കഴുകാത്ത കൈകൊണ്ടു ഭക്ഷണം കഴിക്കുന്നതു ഒരു പാപമായിരുന്നു. ആ ആചാരത്തെ നിരസി

ക്കുന്ന റബ്ബിയെ സമുദായത്തിൽനിന്നും ബഹിഷ്കരിക്ക മാത്രമല്ല, മരിച്ചാൽ പരിശുദ്ധ ശ്മശാനസ്ഥലത്തു അടക്കുകയുമില്ല. പരീശന്മാരുടെ മതനിഷ്ഠയെ ആക്ഷേപിക്കുന്നതു എളുപ്പമായിരുന്നു. എന്തെന്നാൽ ഇപ്രകാരമുള്ള സാന്മാർഗ്ഗികവും ആചാരപ്രധാനവുമായ ചട്ടങ്ങളെ ആചരിക്കുന്നതുമൂലം ദൈവത്തെ ഏററവും നല്ലവിധത്തിൽ പ്രസാദിപ്പിക്കാമെന്നു അവർ വിചാരിച്ചിരുന്നു. ക്രിസ്തു സ്വീകരിച്ചതായ ആ പത്തു കല്പനകളുടെ സംഗ്രഹം നീ നിന്റെ ദൈവമായ കത്താവിനെ പൂർണ്ണ മനസ്സോടും, പൂർണ്ണ വിശ്വാസത്തോടും, പൂർണ്ണ ആത്മാവിനോടുംകൂടെ സ്നേഹിക്കുക, നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കുക എന്നായിരുന്നു.

മേല്പറഞ്ഞപ്രകാരമുള്ള ഒരു മാർഗ്ഗീയജീവിതത്തെ അത്രെ ക്രിസ്തു എതിർത്തതു്. കതിർ പറിച്ചു തിന്നുക, കരുണയോടുകൂടെ അത്ഭുതപ്രവൃത്തികളെ ചെയ്യുക മുതലായവമൂലം ക്രിസ്തു ശബത്തുനിയമങ്ങളെ ലംഘിക്കുകയും ശിഷ്യന്മാരെ അതിനായി ഉദ്യമിപ്പിക്കുകയുംചെയ്തു (മത്താ. 12: 1; മക്കോ. 3 1). ശുദ്ധവും അശുദ്ധവുമായ ഭക്ഷണങ്ങൾ തമ്മിലുള്ള വിവേചനത്തെ അദ്ദേഹം കഠിനമായി നിഷേധിച്ചു. യഹൂദചട്ടമനുസരിച്ചു അദ്ദേഹം ഉപവസിച്ചില്ല. ആഴ്ചയിൽ രണ്ടുപ്രാവശ്യം ഉപവസിക്കുകയും സകലത്തിലും പതാരം കൊടുത്തുവരികയും ചെയ്തിരുന്ന ഒരു പരീശനെക്കാൾ യഥാർത്ഥമായി അനുതപിച്ച ഒരു ചുങ്കക്കാരനാണു് അനുഗ്രഹിക്കപ്പെട്ടവനെന്നു അദ്ദേഹം പറഞ്ഞു (ലൂക്കൊ. 18. 9—14). അദ്ദേഹത്തിനു തന്റെ ഈ നിലയെപ്പററി നല്ല ബോധമുണ്ടായിരുന്നു. അതുകൊണ്ടത്രേ അദ്ദേഹം തന്റെ നവീന ഉപദേശമാകുന്ന തുണിക്കണ്ടത്തെ അവരുടെ പഴയ തുണിയാകുന്ന പുരാതന നിയമങ്ങളുമായി തുന്നിച്ചേർക്കുകയും തന്റെ പുതിയ വീഞ്ഞിനെ അവരുടെ പഴയ തുരുത്തിയിൽ ഒഴിക്കുകയും ഇല്ലെന്നു പറഞ്ഞതു് (ലൂക്കൊ. 5: 36–39). അദ്ദേഹം ആകെപ്പാടെ പുതിയതാ

യ ഒരു ഉടുപ്പു നിർമ്മിക്കുകയും പുതിയ തുരുത്തിയിൽ തന്റെ നവീന ഉപദേശങ്ങളെ പകരുകയും അത്രെ ചെയ്തതു്. ഒരു സുസ്ഥാപിതമായ സഭയുടെ ഉപദേശങ്ങൾക്കു നേരെ വിപരീതമായ ഈ നവീന ഉപദേശങ്ങൾ അവതരിപ്പിച്ചപ്പോൾ ഈ ഭവിഷ്യത്തുകൾ വന്നതിൽ അതിശയിപ്പാനില്ല. ശബത്തുനിയമത്തെ ഇദംപ്രഥമമായി ലംഘിച്ചപ്പോൾ പരീശന്മാരുടെ മനസ്സിൽ അതു ഉളവാക്കിയ അനുഭവത്തെപ്പററി വിശു. മക്കോസു ഇപ്രകാരമത്രെ പറയുന്നതു്: 'ഉടനെ പരീശന്മാർ പുറപ്പെട്ടു, അവനെ നശിപ്പിക്കേണ്ടതിനു ഹേരോദ്യരുമായി ആലോചനകഴിച്ചു' (മക്കോ. 3: 6).

പരീശന്മാരുടെ ക്ഷുദ്രമായ തന്റേടത്തെയും സ്വാർത്ഥതയെയും പററി ക്രിസ്തുവിനു അതിയായ പുച്ഛവും ദ്വേഷവും ഉണ്ടായിരുന്നു. ദൈവത്തിന്റെ കരുണകളും രക്ഷയും അവർക്കു മാത്രമെ ഉണ്ടായിരുന്നുള്ളു. അവർക്കു മാത്രമെ അതിനു അവകാശവുമുണ്ടായിരുന്നുള്ളു. ഇപ്രകാരമായിരുന്നു അവരുടെ ധാരണ. എന്നാൽ യേശുവാകട്ടെ, ഇതിനെ കഠിനമായി നിഷേധിച്ചിരുന്നു. ഇക്കാര്യത്തിൽ അവരോടു പോരാടുന്നതിൽ യേശു അതിയായ ധൈര്യം പ്രദർശിപ്പിക്കയും ചെയ്തു.

ഭക്തനും ന്യായപ്രമാണചട്ടങ്ങളെ ഏററവും സൂക്ഷ്മതയോടുകൂടെ അനുസരിക്കുന്നവനുമായ യിസ്രായേൽക്കാരനു മാത്രമെ ദൈവകരുണ ലഭിക്കുകയുള്ളു എന്നായിരുന്നു അന്നത്തെ ജനങ്ങളുടെ ധാരണ. സമയദൌർലഭ്യം മൂലം ഇവകളെ പഠിക്കുവാൻ സാധിക്കാത്തവരും, അവരുടെ വിവിധതരത്തിലുള്ള ജോലികൾ മൂലം ഈ ചട്ടങ്ങളെ സൂക്ഷ്മതയോടുകൂടെ ആചരിക്കുവാൻ പാടില്ലാത്തവരും യൂദന്മാർ തന്നെ ആയാലും, ശപിക്കപ്പെട്ടവരാകുന്നു എന്നു എല്ലാവരും വിശ്വസിച്ചിരുന്നു (യോഹ. 7: 49). അവരുടെ അടുത്തു താമസിച്ചിരുന്ന ശമര്യക്കാരെ അന്നത്തെ യഹൂദന്മാർ അതികഠോരമായവിധത്തിൽ പുഛിച്ചിരുന്നു. ഒരു റബ്ബി അവരുടെ സ്ഥലത്തെ ചവിട്ടു

വാൻപോലും ഭയപ്പെടത്തക്കവണ്ണം അത്ര ഭയങ്കരമായിട്ടത്രെ അവരെ ദുഷിച്ചിരുന്നതു്. ക്ഷോഭിതരായിരുന്ന അന്നത്തെ യഹൂദന്മാർ യേശുവിനു ഒരു ഭൂതം ഉണ്ടെന്നു പറയുന്നതിനു പകരം 'നീ ഒരു ശമൎയ്യക്കാരൻ' എന്നത്രെ പറഞ്ഞതു് (യോഹ. 8: 48). അത്രമാത്രം യഹൂദജാതി അവരെ ദ്വേഷിച്ചിരുന്നു. ഈ ഗ്രാമീണ വിശ്വാസത്തോടത്രെ ക്രിസ്തു യുദ്ധം ചെയ്തതു്. അദ്ദേഹം ആദ്യമായിട്ടു തന്റെ സ്വന്ത നഗരത്തിൽ പ്രസംഗിച്ചപ്പോൾ ഇപ്രകാരമത്രെ പറഞ്ഞതു്:—

'........ദേശത്തു എങ്ങും മഹാക്ഷാമം ഉണ്ടായപ്പോൾ യിസ്രായേലിൽ പല വിധവമാർ ഉണ്ടായിരുന്നു എന്നു ഞാൻ യഥാൎത്ഥമായി നിങ്ങളോടു പറയുന്നു. എന്നാലും സിദോനിലെ സരെപ്തയിൽ ഒരു വിധവയുടെ അടുക്കലേക്കല്ലാതെ അവരുടെ ആരുടെ അടുക്കലേക്കും ഏലിയാവിനെ അയച്ചില്ല. അവ്വണ്ണം ഏലീശാപ്രവാചകന്റെ കാലത്തു യിസ്രായേലിൽ പല കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. സുറിയാക്കാരനായ നയമാൻ അല്ലാതെ അവരാരും ശുദ്ധമായില്ല' (ലൂക്കൊ. 4: 16—30). പരീശന്മാരും ശാസ്ത്രിമാരുമായ തന്റെ ശ്രോതാക്കളോടു, 'ദൈവത്തിന്റെ ക്ഷണത്തെ യഹൂദന്മാർ നിരസിക്കയാൽ ദൈവം പുറജാതികളെ തന്റെ കല്യാണവിരുന്നിനു ക്ഷണിച്ചു' എന്നു യേശു പരസ്യമായി പ്രസ്താവിച്ചു (മത്താ. 8: 11, 12). 'ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു മുമ്പായി ദൈവരാജ്യത്തിൽ കടക്കുന്നു എന്നു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു' ഇതു ഏററവും ശക്തിയോടുകൂടിയത്രെ അദ്ദേഹം പറഞ്ഞതു് (മത്താ. 21: 31). ഇവയെല്ലാം യേശുവിനെ കൊല്ലുവാൻ തക്കവണ്ണം അത്ര കഠിനമായ ഒരു ദ്വേഷവും വൈരാഗ്യവും യഹൂദന്മാരിൽ ജനിപ്പിച്ചു.

ഇപ്രകാരമുള്ള ഉപദേശങ്ങൾ ഉളവാക്കാനുള്ള പരിണാമം വന്നപ്പോൾ യേശു ലേശംപോലും ഭയപ്പെട്ടില്ല. അദ്ദേഹം അപ്പോൾ പുഷ്കരസത്തിൽ 'യരുശലേമിനു പുറത്തുവെ

ച്ച ഒരു പ്രവാചകൻ നശിച്ചുപോകുന്നതു അസംഭവ്യമല്ലോ' (ലൂക്കൊ. 13: 33) എന്നു പറഞ്ഞു. ഇതിൻെറ ശേഷം എന്തു സംഭവിക്കുമെന്നു അറിഞ്ഞിട്ടും അദ്ദേഹം പിന്നെയും യരുശലേമിലേക്കു പോകുവാൻ മനസ്സുറപ്പിച്ചു (ലൂക്കോ. 9. 51). ആ നഗരത്തിൽവെച്ചു തന്നെ, വിരോധികളുടെ പ്രധാന സ്ഥലമായ യരുശലേമിൽവെച്ചു, അദ്ദേഹം കള്ളന്മാരെ ചമ്മട്ടികൊണ്ടു അടിച്ചിറക്കി ആ ദേവാലയത്തെ ശുദ്ധീകരിച്ചു. ഒരു സംഘം മഹാപുരോഹിതന്മാർ എന്തു അധികാരംകൊണ്ടു താൻ ഇതു ചെയ്യു എന്നു ചോദിച്ചപ്പോൾ, ഉടമസ്ഥൻെറ വേലക്കാരെ കൊന്നിട്ടു അയാളുടെ പുത്രനെക്കൂടെ കൊല്ലുവാൻ ആലോചിച്ച ആ അക്രമികളായ മുന്തിരിത്തോട്ടക്കാരുടെ ഉപമയത്രെ അദ്ദേഹം മറുപടിയായിട്ടു പറഞ്ഞതു്. അവരോടുള്ള ഒരു കുററപ്പാടായിട്ടു അദ്ദേഹം പിന്നെയും തുടരുന്നു— 'അവൻ ആ വല്ലാത്തവരെ നിഗ്രഹിച്ചു തക്കസമയത്തു അനുഭവം കൊടുക്കുന്ന വേറെ കുടിയാന്മാൎക്കു തോട്ടം ഏല്പിക്കും' (മത്താ. 21. 33—46). ഇപ്രകാരമുള്ള അവസരങ്ങളിൽ പ്രദർശിപ്പിച്ചതായ ധൈൎയ്യത്തിനു ഒരു ഉദ്ദേശം മാത്രമെ ഉണ്ടായിരുന്നുള്ളു. ആ ഉദ്ദേശത്തിൻെറ പൂൎത്തീകരണംവരെ കൎത്താവു സധൈൎയ്യം പ്രവൎത്തിച്ചുകൊണ്ടിരുന്നു. കഠോരമായ ക്രൂശിൻെറ ഭാരത്തിൻകീഴിൽ കിടന്നു വലഞ്ഞപ്പോഴും അദ്ദേഹം, 'എന്നെച്ചൊല്ലി കരയേണ്ടാ, നിങ്ങളെച്ചൊല്ലി കരവിൻ' (ലൂക്കൊ. 23: 28) എന്നത്രെ പറഞ്ഞതു്.

കൎത്താവിൻെറ ജീവിതത്തിലും പ്രവൃത്തികളിലും അത്യാവശ്യമായിരുന്ന ധൈൎയ്യം അപരിമിതമായിരുന്നു. വേണ്ട ധൈൎയ്യം യേശുവിനുണ്ടായിരുന്നു. അതുകൊണ്ടാണു പത്രൊസു കുറെക്കാലങ്ങൾക്കുശേഷം ഈ മനഃസ്ഥിതിയോടുകൂടെ ത്താനന്ന പറയുന്നതു്: "നീതിനിമിത്തം കഷ്ടം സഹിക്കേണ്ടിവന്നാലും നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടുകയും കലങ്ങുകയുമരുതു്" (1പത്രൊ. 3: 14). സാ

ധാരണയായി, നമുക്കു ശാന്തവും സ്നേഹവുമായ സ്വഭാവവിശേഷങ്ങളെ തരണമെന്നും തന്മൂലം നാം ക്രിസ്തുവിനുള്ളവരാണെന്നു് അറിവാൻ ഇടവരണമെന്നും നാം പ്രാത്ഥിക്കാറുണ്ടു്. അതു ആവശ്യം തന്നെ. എന്നാൽ ക്രിസ്തുവിൻെറ ശിഷ്യന്മാരായിരുന്ന ആദ്യ തലമുറയിലെ ക്രിസ്തുമതാനുസാരികൾ ശാന്തതയല്ല, പിന്നെയോ തീക്ഷ്ണതയും ഉത്സാഹവുമത്രെ പ്രദർശിപ്പിച്ചിരുന്നതു്. അവൻ സൌമ്യതയല്ല, ധൈര്യമത്രെ പ്രത്യക്ഷപ്പെടുത്തിയിരുന്നതു്. അതായിരുന്നു അവരെ ക്രിസ്തുവിൻെറ ശിഷ്യന്മാരെന്നു ഇതരന്മാർക്കു മനസ്സിലാക്കിക്കൊടുത്തിരുന്നതു്. 'അവർ പത്രൊസിൻെറയും യോഹന്നാൻെറയും ധൈര്യം കാൺകയാൽ അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്നും അറിഞ്ഞു' (അപ്പൊ: പ്ര. 4: 14). ഇപ്രകാരമത്രെ അവരെക്കുറിച്ചു പറഞ്ഞിരിക്കുന്നതു്.

---

അദ്ധ്യായം 17

## നമ്മുടെ കർത്താവിൻെറ സ്നേഹം

### പ്രതിദിനപാഠങ്ങൾ

### ഒമ്പതാംആഴ്ച:—ഒന്നാംദിവസം

യോഹ. 15: 9—15; പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എൻെറ സ്നേഹത്തിൽ വസിപ്പിൻ. ഞാൻ എൻെറ പിതാവിൻെറ കല്പനകൾ പ്രമാണിച്ചു അവൻെറ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എൻെറ കല്പനകൾ പ്രമാണിച്ചാൽ എൻെറ സ്നേഹത്തിൽ വസിക്കും. എൻെറ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എൻെറ കല്പന. സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേ

ഹം ആർക്കും ഇല്ല. ഞാൻ നിങ്ങളോടു കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നേ. യജമാനൻ ചെയ്യുന്നതു ദാസൻ അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോടു കേട്ടതു എല്ലാം നിങ്ങളോടു അറിയിച്ചതുകൊണ്ടു നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു.

ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽ നമ്മുടെ കർത്താവിന്റെ സ്നേഹത്തിന്റെ ഇത്ര ഹൃദയംഗമമായ ഒരു വിവരണം ഇല്ല. എങ്കിലും അവയിലും നമ്മുടെ കർത്താവു തന്റെ ശിഷ്യന്മാരെ ആർദ്രതയോടും സ്ഥിരതയോടും സ്നേഹിച്ചു എന്നു കാണാവുന്നതാണ്. നമ്മുടെ കർത്താവിന്റെ സ്വഭാവത്തിൽ കോപം വേണ്ടിടത്തൂ ഉഗ്രതയോടെ കോപിപ്പാനും എങ്കിലും ആർദ്രതയോടെ സ്നേഹിപ്പാനും ഉള്ള ശക്തികൾ കലർന്നിരുന്നു. ഇങ്ങനെയുള്ള ഒരു സംയോഗം ഏററവും വിഷമമാകുന്നു. ഇപ്രകാരംതന്നെ വിശുദ്ധ പൌലൊസിന്റെ അഗാധബുദ്ധിയും അതിശോഭനനീതിജ്ഞതയും അസ്ഖലിതധൈര്യവും സ്മരിച്ചുകൊണ്ടു 'ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോററുംപോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു. ഇങ്ങനെ ഞങ്ങൾ നിങ്ങളെ ഓമനിച്ചുകൊണ്ടു നിങ്ങൾക്കു ദൈവത്തിന്റെ സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല, നിങ്ങൾ ഞങ്ങൾക്കു പ്രിയരാകയാൽ ഞങ്ങളുടെ പ്രാണനുംകൂടെ വെച്ചുതരുവാൻ ഒരുക്കമായിരുന്നു' (1തെസ്സ: 2:7,8) എന്നു എഴുതിയിരിക്കുന്നതു വായിക്കുമ്പോൾ നമുക്കു വിസ്മയം തോന്നാതിരിക്കയില്ല. ഇങ്ങനെയുള്ള ഗാഢസ്നേഹം ലജ്ജാകരമായി വിചാരിക്കുന്നവർ ഉണ്ടു്. എന്നാൽ അവർ അല്പന്മാരാണെന്നേ അതുകൊണ്ടു തെളിയുകയുള്ളു. മഹാന്മാർക്കേ ആർദ്രതയോടെ സ്നേഹിപ്പാൻ കഴിയൂ.

## ഒമ്പതാം ആഴ്ച:—രണ്ടാംദിവസം

മത്താ: 18: 1—6, 10—14. ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കെ വന്നു: സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിറുത്തി: നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ്‌വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവൻ ആകുന്നു. ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്നു ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരികല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നതു അവന്നു നന്നു.

ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടുപറയുന്നു. നിങ്ങൾക്കു എന്തുതോന്നുന്നു? ഒരു മനുഷ്യന്നു നൂറു ആടു ഉണ്ടു എന്നിരിക്കട്ടെ; അവയിൽ ഒന്നു തെററി ഉഴന്നുപോയാൽ തൊണ്ണൂറെറാമ്പതിനെയും വിട്ടേച്ചു തെററിപ്പോയതിനെ മലകളിൽചെന്നു തിരയുന്നില്ലയോ? അതിനെ കണ്ടെത്തിയാൽ തെററിപ്പോകാത്ത തൊണ്ണൂറെറാമ്പതിലും അധികം അതിനെക്കുറിച്ചു സന്തോഷിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. അങ്ങനെ തന്നേ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നതു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു ഇഷ്ടമല്ല.

ഇന്നത്തെ പാഠത്തിൽ കാണുന്നതു നമ്മുടെ കർത്താവു പഠിപ്പിച്ചതെല്ലാം കുടുംബോപദേശരൂപത്തിലായിരുന്നു എന്നാകുന്നു. ഏതു സാമുദായികസംഘത്തിൽ എത്ര അധികം അംഗങ്ങളുണ്ടായിരുന്നാലും ഓരോ അംഗവും അതിന്റെ അമൂല്യഭാഗമായി കരുതപ്പെടുന്നുവോ ആ സം

ഘലം യഥാൎത്ഥത്തിൽ ഒരു കുടുംബമാകുന്നു. ഈ കുടുംബഭാവനയുടെ വ്യാപ്തിയിൽ നമ്മുടെ കൎത്താവു ലോകത്തെ മുഴുവനും ശിശുക്കളെപ്പോലും ഉൾപ്പെടുത്തുന്നു. മനുഷ്യകുലം മുഴുവനും ദൈവമായ ഒരു പിതാവിന്റെ കുടുംബവും ഓരോ മനുഷ്യനും ആ കുടുംബത്തിന്റെ വിലമതിച്ചുകൂടാത്ത അംഗവുമായി താൻ വിചാരിക്കുന്നു. വംശം മുഴുവനും തന്റെ ഏക കുടുംബമായും അതിൽ ഓരോരുത്തനും തിരസ്കരിച്ചുകളവാൻ പാടില്ലാത്തവണ്ണം വിലയുള്ളവനായും കരുതുന്നവന്റെ സ്നേഹത്തിനു സീമയുണ്ടോ? നിങ്ങൾ ഇങ്ങനെയുള്ള ഒരു കുടുംബത്തിന്റെ അംഗമായും നിങ്ങളെ നമ്മുടെ കൎത്താവിന്റെ സ്നേഹത്തെപ്പോലെയുള്ള സ്നേഹത്തോടെ സൎവ്വത്തിന്റെയും പിതാവാംഅവൻ സ്നേഹിക്കുന്നു എന്നും കരുതുക. അങ്ങനെയുള്ള സ്നേഹത്തിനു നിങ്ങളുടെ ജീവിതം യോഗ്യമോ? ദൈവദൃഷ്ടിയിൽ നിങ്ങളുടെ ജീവിതം വിലമതിപ്പാൻ പാടില്ലാത്തവണ്ണം ഉൽകൃഷ്ടമോ? മററുള്ളവരും നിങ്ങളെപ്പോലെ വിലമതിച്ചുകൂടാത്തവരെന്നു നിങ്ങൾ വിചാരിക്കുന്നുവോ? സൎവ്വരാലും നിന്ദിക്കപ്പെട്ടും തിരസ്കരിക്കപ്പെട്ടും സ്നേഹിക്കപ്പെടാതെയും ഉള്ള ഒരാളെ ഇന്നു സ്മരിച്ചു ഇന്നുമുതൽ അവൻ നിങ്ങളുടെ കുടുംബത്തിലെ ഒരു അമൂല്യ അംഗമാണെന്നുള്ള രീതിയിൽ അവനോടു പെരുമാറുക.

---

## ഒമ്പതാം ആഴ്ച:—മൂന്നാംദിവസം

ലൂക്കൊ. 15: 21—32. മകൻ അവനോടു: അപ്പാ, ഞാൻ സ്വൎഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല എന്നു പറഞ്ഞു. അപ്പൻ തന്റെ ദാസന്മാരോടു: വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്നു ഇവനെ ധരിപ്പിപ്പിൻ; ഇവന്റെ കൈക്കു മോതിരവും കാലിന്നു ചെരിപ്പും ഇടുവിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു അറുപ്പിൻ; നാം തിന്നു ആനന്ദിക്ക.

ഈ എൻെറ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെപോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞു; അങ്ങനെ അവർ ആനന്ദിച്ചുതുടങ്ങി. അവൻെറ മൂത്തമകൻ വയലിൽ ആയിരുന്നു; അവൻ വന്നു വീട്ടിനോടു അടുത്തപ്പോൾ വാദ്യവും നൃത്തഘോഷവും കേട്ടു, ബാല്യക്കാരിൽ ഒരുത്തനെ വിളിച്ചു: ഇതെന്തു് എന്നു ചോദിച്ചു. അവൻ അവനോടു: നിൻെറ സഹോദരൻ വന്നു; നിൻെറ അപ്പൻ അവനെ സൌഖ്യത്തോടെ കിട്ടിയതുകൊണ്ടു തടിപ്പിച്ച കാളക്കുട്ടിയെ അറുത്തു എന്നു പറഞ്ഞു. അപ്പോൾ അവൻ കോപിച്ചു, അകത്തുകടപ്പാൻ മനസ്സില്ലാതെ നിന്നു; അപ്പൻ പുറത്തുവന്നു അവനോടു അപേക്ഷിച്ചു. അവൻ അവനോടു: ഇത്രകാലമായി ഞാൻ നിന്നെ സേവിക്കുന്നു; നിൻെറ കല്പന ഒരിക്കലും ലംഘിച്ചിട്ടില്ല; എന്നാൽ എൻെറ ചങ്ങാതികളുമായി ആനന്ദിക്കേണ്ടതിനു നീ ഒരിക്കലും എനിക്കു ഒരു ആട്ടിൻകുട്ടിയെ തന്നിട്ടില്ല. വേശ്യമാരോടുകൂടി നിൻെറ മുതൽ തിന്നുകളഞ്ഞ ഈ നിൻെറ മകൻ വന്നപ്പോഴേക്കോ തടിപ്പിച്ച കാളക്കുട്ടിയെ അവനുവേണ്ടി അറുത്തുവല്ലോ എന്നു ഉത്തരം പറഞ്ഞു. അതിനു അവൻ അവനോടു: മകനേ, നീ എപ്പോഴും എന്നോടുകൂടെ ഇരിക്കുന്നല്ലോ; എനിക്കുള്ളതെല്ലാം നിൻേറതു ആകുന്നു. നിൻെറ ഈ സഹോദരനോ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെപോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു. ആകയാൽ ആനന്ദിച്ചു സന്തോഷിക്കേണ്ടതു വശ്യമായിരുന്നു എന്നു പറഞ്ഞു.

മുടിയനായ പുത്രൻെറ ഉപമ മുഴുവനും വായിക്കേണ്ടതാണു്. ഇതിലെ ഉപദേശവും കുടുംബോപദേശരൂപത്തിലാണു് നമ്മുടെ കർത്താവു കൊടുക്കുന്നതു്. ഒരു യഥാർത്ഥ കുടുംബത്തിലേ ദൃഢബന്ധം ഉള്ളു. ഒരു പുത്രൻ എത്ര ചീത്തയായിരുന്നാലും പുത്രൻ തന്നേ; ഒരു സഹോദരൻ എത്ര അവിശ്വസ്തൻ ആയിരുന്നാലും സഹോദരൻ തന്നേ. ഈ തത്വം നമ്മുടെ കർത്താവു എല്ലാവർക്കും സംബന്ധിപ്പിച്ചു. ഉപമയിൽ മൂത്ത സഹോദരൻ ഇളയസഹോദരനെ തിരസ്കരിച്ചതുപോലെ പരീശന്മാർ പാപികൾ തങ്ങളുടെ സഹോദരന്മാർ അല്ലെന്നു ഭാവിച്ചു എന്നു കർത്താവു പറയുന്നു. എന്നാൽ

പലപ്പോഴും ദുഷ്ടന്മാരും മൂഢന്മാരും ദുരാത്മാക്കളും ആയിരുന്നാലും എല്ലാവരും നമ്മുടെ സഹോദരന്മാർ ആകുന്നു. നമ്മുടെ കത്താവിൻെറ തത്വം സ്വീകരിച്ച്, എല്ലാ പുരുഷന്മാരും നമ്മുടെ സഹോദരന്മാരും എല്ലാ സ്ത്രീകളും നമ്മുടെ സഹോദരിമാരും ആയി ഗണിച്ചാൽ ലോകത്തിൻെറ ഭാവി എന്തായിരിക്കും എന്നാലോചിക്ക. നമ്മുടെ ജോലികളിലും വ്യാപാരങ്ങളിലും വ്യവസായങ്ങളിലും എന്തെല്ലാം ഭേദങ്ങൾ ഉണ്ടാകേണ്ടിവരും!!. സമുദായസേവനത്തിലും സുവിശേഷഘോഷണത്തിലും നമുക്കു എത്ര ഉത്സാഹം ഉണ്ടാകും!! ചില പ്രത്യേക ആളുകളോടു നമ്മുടെ പെരുമാററത്തിൽ എന്തെല്ലാം മാററങ്ങൾ വരും എന്നും ആലോചിക്ക.

---

## ഒമ്പതാം ആഴ്ച:—നാലാംദിവസം

മക്കൊ. 6: 30—34. പിന്നെ അപ്പൊസ്തലന്മാർ യേശുവിൻെറ അടുക്കൽ വന്നുകൂടി തങ്ങൾ ചെയ്തതും ഉപദേശിച്ചതും എല്ലാം അറിയിച്ചു. വരുന്നവരും പോകുന്നവരും വളരെ ആയിരുന്നതിനാൽ അവക്കു ഭക്ഷിപ്പാൻ പോലും സമയം ഇല്ലായ്ക കൊണ്ടു അവൻ അവരോടു, നിങ്ങൾ ഒരു ഏകാന്തസ്ഥലത്തു വേറിട്ടു വന്നു അല്പം ആശ്വസിച്ചുകൊൾവിൻ എന്നു പറഞ്ഞു. അങ്ങനെ അവർ പടകിൽ കയറി ഒരു ഏകാന്തസ്ഥലത്തു വേറിട്ടുപോയി. അവർ പോകുന്നതു പലരും കണ്ടറിഞ്ഞു, എല്ലാ പട്ടണങ്ങളിൽനിന്നും കാൽനടയായി അവിടേക്കു ഓടി, അവർക്കു മുമ്പെ എത്തി. അവൻ പടകിൽനിന്നു ഇറങ്ങിയാറെ വലിയ പുരുഷാരത്തെ കണ്ടു, അവർ ഇടയൻ ഇല്ലാത്ത ആടുകളെപ്പോലെ ആകകൊണ്ടു അവരിൽ മനസ്സലിഞ്ഞു പലതും ഉപദേശിച്ചുതുടങ്ങി.

മത്താ. 23: 37, 38. യെരൂശലേമേ, യെരൂശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിൻെറ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറികയും ചെയ്യുന്നവളേ, കോഴി തൻെറ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിൻെറ മക്കളെ ചേ

ത്തുകൊടുപ്പാൻ എനിക്കു എത്ര പട്ടം മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സുമായില്ല. നിങ്ങളുടെ ഭവനം ശൂന്യമായ്തീരും.

നമ്മുടെ കത്താവിന്റെ സ്നേഹത്തിന്റെ അടിസ്ഥാനം മനുഷ്യരെല്ലാം ഒരു കുടുംബത്തിൽ പെട്ടവരാണെന്നുള്ള തത്വമായിരുന്നു എന്നു നാം കണ്ടുവല്ലോ. ദൈവം നമ്മുടെ പിതാവാകുന്നു. നാമെല്ലാവരും സഹോദരന്മാർ. ഒരു കുടുംബത്തിലെന്നപോലെ ഓരോ മനുഷ്യനും അത്യധികം വിലയുള്ളവനാകുന്നു. പിതാവു, പുത്രൻ, സഹോദരൻ എന്നീ ബന്ധങ്ങൾ അഭേദ്യങ്ങളാകുന്നു. അതുകൊണ്ടു ഒരുവൻ പാപം ചെയ്തുപോയതുകൊണ്ടു നമുക്കു അവനോടുള്ള സഹോദരത്വം ഇല്ലാതായിപോകുന്നില്ല എന്നും കണ്ടുവല്ലോ. നമ്മുടെ കത്താവിന്റെ ഈ മൂലതത്വങ്ങൾ അവന്റെ ജീവനെ ഉജ്ജ്വലിപ്പിച്ച മനുഷ്യരോടുള്ള അവന്റെ ഗാഢസ്നേഹത്തെ ആർദ്രതയാൽ എങ്ങനെ കവിഞ്ഞൊഴുകുമാറാക്കി എന്നു ഇന്നത്തെ പാഠം നിങ്ങൾക്കു അനുഭവസിദ്ധമാക്കട്ടെ. ക്രിസ്തീയ തത്വങ്ങളായ ദൈവത്തിന്റെ പിതൃത്വവും എല്ലാ മനുഷ്യരുടെയും സഹോദരത്വവും നിങ്ങൾ സ്വീകരിക്കുന്നുവല്ലോ. എന്നാൽ എല്ലാ മനുഷ്യരോടും നിങ്ങൾക്കുള്ള പെരുമാററത്തിലും ചിത്തവൃത്തിയിലും അവയെ യഥാർത്ഥമാക്കിത്തീക്കുന്നുണ്ടോ?

---

### ഒമ്പതാം ആഴ്ച:—അഞ്ചാം ദിവസം

യോഹ: 13: 1—5; 12—15. പെസഹാപെരുനാളിന്നു മുമ്പെ താൻ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്നു യേശു അറിഞ്ഞിട്ടു, ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു. അത്താഴം ആയപ്പോൾ പിശാചു, ശിമോന്റെ മകനായ യൂദാ ഈസ്കയ്യോത്താവിന്റെ ഹൃദയത്തിൽ അവനെ കാണിച്ചുകൊടുപ്പാൻ തോന്നിച്ചിരുന്നു; പിതാവു സ

> കലവും തന്റെ കയ്യിൽ തന്നിരിക്കുന്നു എന്നും താൻ ദൈവത്തിന്റെ അടുക്കൽനിന്നു വന്നു ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ അത്താഴത്തിൽനിന്നു എഴുന്നേററു വസ്ത്രം ഊരിവെച്ചു ഒരു തുവത്തു എടുത്തു അരയിൽ ചുററി ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുററിയിരുന്ന തുണികൊണ്ടു തുവത്തുവാനും തുടങ്ങി.
>
> അവൻ അവരുടെ കാൽ കഴുകിയിട്ടു വസ്ത്രം ധരിച്ചു വീണ്ടും ഇരുന്നു അവരോടു പറഞ്ഞതു്, ഞാൻ നിങ്ങൾക്കു ചെയ്തതു ഇന്നതു എന്നു അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽതമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്നു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു.

നമ്മുടെ കർത്താവിന്റെ ജീവിതത്തിൽ ഇതിനെക്കാൾ സ്നേഹസൂചകമായ ഒരു പ്രവൃത്തി ഉണ്ടോ? സ്നേഹം പലമാതിരിയുണ്ടു്. 'ലൌകികസ്നേഹം പലപ്പോഴും തിന്മയിലൊ ഉല്ലാസത്തിലൊ അടിസ്ഥാനമുള്ളതായിരിക്കും. നമ്മുടേതു നന്മയിന്മേൽ സ്ഥാപിച്ചതും മരണത്തോളം നിലനില്ക്കുന്നതും ആകുന്നു' എന്നു ഒരു കവി പറയുന്നു. സ്നേഹം ചിലെടത്തു വാടി മുരടിച്ചു കിടന്നാലും മററു ചിലെടത്തു അതിസമൃദ്ധമായും ഭംഗിയായും വളരുന്നതും എല്ലായിടത്തും പിടിക്കുന്നതുമായ ഒരു ചെടിയെപ്പോലെയാകുന്നു. നമ്മുടെ കർത്താവിന്റെയും ശിഷ്യന്മാരുടെയും സ്നേഹം, ഏകവിശ്വാസം, ഏകപ്രത്യാശ, ഏകാശയത്തിൽ ദൃഢഭക്തി, ഇവയാൽ എങ്ങനെ പോഷിപ്പിക്കപ്പെടുകയും ആത്മീയസഹതാപത്തിലും അന്യോന്യസേവയിലും എങ്ങനെ വളരുകയും ചെയ്യുവെന്നു ആലോചിക്കുക. നമ്മുടെ കർത്താവു എല്ലാവരോടും സ്നേഹമുള്ളവൻ ആയിരുന്നു. സ്നേഹിതനായി ഗണിക്കണമെങ്കിൽ ഒരു പ്രമാണം വെച്ചിട്ടുണ്ടായിരുന്നു. 'ഞാൻ നിങ്ങളോ

ട കല്പിക്കുന്നതു ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ' (യോഹ. 15: 14). നിങ്ങളുടെ സ്നേഹത്തിനു ഈ ഗുണം ഉണ്ടോ? ഈ പ്രമാണം അനുസരിച്ചു നിങ്ങൾ കർത്താവിന്റെ സ്നേഹിതന്മാരുടെ സംഘത്തിൽ ഉൾപ്പെടുമോ?

---

## ഒൻപതാംആഴ്ച:—ആറാംദിവസം.

1 യോഹ. 1: 1—7. ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു—ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കയും പിതാവിനോടുകൂടെയിരുന്നു ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോടു അറിയിക്കയും ചെയ്യുന്നു—ഞങ്ങൾ കണ്ടിട്ടും കേട്ടിട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിനു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇതു നിങ്ങൾക്കു എഴുതുന്നു.

ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു. അവനോടു കൂട്ടായ്മ ഉണ്ട് എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു; സത്യം പ്രവൃത്തിക്കുന്നതുമില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

ക്രിസ്തീയജീവിതം പിതാവിനോടുള്ള സ്നേഹസംസർഗ്ഗം ആകുന്നു എന്നാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ദോഷത്തെക്കുറിച്ചു പ്രബോധിപ്പിക്കുന്നവനും പാപം ചെയ്താൽ ശാസിക്കുന്നവനും ഉത്തമമാർഗ്ഗം കാണിച്ചുതരുന്ന

അതിലേക്ക ആകർഷിക്കുന്നവനും പരാജയത്തിൽ നിരാശപ്പെടാതെ പ്രത്യാശിക്കാൻ ഉത്സാഹിപ്പിക്കുന്നവനും നിങ്ങൾ എന്തുചെയ്താലും നിങ്ങളെ വിട്ടുപോകാത്തവനുമായി ആരോ ഒരാൾ അല്ലെങ്കിൽ ഒരു ശക്തി നിങ്ങളുടെ ഹൃദയത്തിൽ ഇല്ലയോ? ഇതും മനസ്സാക്ഷിയാണെന്നു പറയുന്നതു ശരിയായ സമാധാനം അല്ല. അതു നിങ്ങളെ സഹായിക്കാൻ ശ്രമിക്കുന്ന ആരോ ആകുന്നു. ഈ അദൃശ്യമിത്രത്തോടു നിങ്ങൾക്ക കൂട്ടായ്മയുണ്ടോ? അവൻ നിങ്ങളോടു സംസാരിക്കുന്നതിനു നിങ്ങൾ അനുകൂലിക്കുന്നുണ്ടോ? അവൻ സംസാരിക്കുമ്പോൾ നിങ്ങൾ ശ്രദ്ധയോടെ കേൾക്കുന്നുണ്ടോ? സേവയിൽ അവനോടു നിങ്ങൾ സഹകരിക്കുന്നുണ്ടോ? ദൈവരാജ്യത്തിൽ കൂട്ടുവേലക്കാർ എന്നു വിശു. പൌലൊസ് പറയുന്നതു നിങ്ങളുടെ ജീവിതത്തിൽ യഥാർത്ഥമോ?

---

## ഒൻപതാം ആഴ്ച:—ഏഴാംദിവസം

1 കൊരി. 13. ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക സ്നേഹം ഇല്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രെ. എനിക്ക പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും, എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും സ്നേഹം ഇല്ല എങ്കിൽ ഒരു പ്രയോജനവും ഇല്ല. സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു; എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരു

നാളും ഉതിൎന്നുപോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ അതു നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം പ്രവചിക്കുന്നു; പൂൎണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും. ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ ചിന്തിച്ചു, ശിശുവിനെപ്പോലെ നിരൂപിച്ചു; പുരുഷനായ ശേഷമോ ശിശുവിന്നുള്ളതു ത്യജിച്ചുകളഞ്ഞു. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു; അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നേ അറിയും. ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നെ.

ഒരു ചിത്രകാരൻ ഒരാളുടെ ചിത്രം എഴുതുമ്പോൾ അയാളെ നോക്കിക്കൊണ്ടാണ് എഴുതുന്നതു്. അപ്രകാരം വിശു. പൌലൊസു നമ്മുടെ കൎത്താവിനെ നോക്കിക്കൊണ്ടാണു ഈ വിവരണം എഴുതിയതെന്നു ഒരാൾ പറഞ്ഞിരിക്കുന്നു. തന്റെ ഈ വിവരണം കൎത്താവിനു ചേൎച്ചയുള്ളതായിരിക്കണം എന്നു ഇതെഴുതുമ്പോൾ പൌലൊസു വിചാരിച്ചുപോലും, ഇല്ലപോലും, അതു നിശ്ചയമായിട്ടും നമ്മുടെ കൎത്താവിന്നാത്മാവിന്റെ ഒരു ശരിയായ വിവരണം ആകുന്നു. 'സ്നേഹം ദീൎഘമായി ക്ഷമിക്കയും' ഇത്യാദി വാക്കുകൾ തുടങ്ങി വീണ്ടും വായിച്ചു അതിന്റെ ഓരോ ഭാഗവും നിങ്ങൾക്കു അറിവുള്ളടത്തോളം നമ്മുടെ കൎത്താവിന്റെ സ്വഭാവത്തിനു എത്ര ചേൎച്ചയുള്ളതാകുന്നു എന്നു പൎയ്യാലോചിക്കു. ഇന്നത്തെ പാഠത്തിൽ പറഞ്ഞിട്ടുള്ള സൽഗുണങ്ങൾ എല്ലാവരുടെയും പ്രശംസാവിഷയമാണെങ്കിലും പലപ്പോഴും പ്രയോഗവിഷയം അല്ല. നമ്മുടെ കൎത്താവിൽ പ്രത്യക്ഷമായിരുന്ന വിശാലസ്നേഹത്തോടു താരതമ്യപ്പെടുത്തി നമ്മുടെ ജീവിതത്തെ പരിശോധിച്ചാൽ ആ പരിശോധന നിഷ്ഫലമായിരിപ്പാകയില്ല.

## അദ്ധ്യായം 18.

### ഒൻപതാംആഴ്ചയിലെ വിമർശനവീഥി.

### നമ്മുടെ കർത്താവിൻെറ സ്നേഹം.

ക്രിസ്തുവിൻെറ മൃദുലസ്വഭാവവശങ്ങളെപ്പററി നാം ആലോചിക്കുമ്പോൾ സ്വഭാവത്തിൻെറ ഘനവശങ്ങൾ ഏറെക്കുറെ അപ്രധാനങ്ങളായി ഭവിക്കുന്നു. 'കടന്നുപോകുന്ന ഏവരുമായുള്ളോരേ, നിങ്ങൾക്കു ഇതു ഒന്നുമില്ലയോ?' എന്നു കഷ്ടതമൂലം അവശതയിൽ സ്ഥിതിചെയ്യുന്നവനായ യേശുക്രിസ്തു പറഞ്ഞ വാക്കുകൾക്കു സദാചാരങ്ങളിലും, കലകളിലും എത്ര പ്രാധാന്യമുള്ള ഒരു സ്ഥാനത്തെയാണു് കൽപ്പിച്ചിരിക്കുന്നതു്. വിമർശകന്മാർ ക്രിസ്തുവിൻെറ ഈ ശാന്തതയെയും, താഴ്മയെയും, സ്നേഹത്തെയും ആകുന്നു അഭിനന്ദിക്കുന്നതു്. 'അദ്ദേഹത്തിൻെറ ഹൃദയത്തിൻെറ മൃദുലത്വം അളവില്ലാത്ത മനോഹരത്വമായും, അപൂർണ്ണങ്ങളായ കവിതാശകലങ്ങളായും, സാവിത്രികമായ സാരള്യമായും രൂപാന്തരപ്പെടുകയുംചെയ്തു' എന്നു റിനാൻ എന്ന മഹാൻ പറഞ്ഞതു ഇതിനെ ഉദ്ദേശിച്ചായിരിക്കണം. 'യേശു പ്രകൃത്യാ സ്നേഹിക്കത്തക്ക സ്വഭാവത്തോടുകൂടിയിരിക്കുന്നു. അതു പ്രകാശിച്ചിട്ടു ഇനിയും അതിനെപ്പററി മാത്രം അറിയേണ്ട ആവശ്യമേയുള്ളു' എന്നാണു് സ്ട്രാസ്സ് എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നതു്. പക്ഷെ ഇവയോടുകൂടെത്തന്നെ നമുക്കു രക്ഷിതാവിൻെറ കോപം, ധൈര്യം, ദൃഢഭക്തി, ആത്മസംയമനം ഇവയെ ആലോചിക്കേണ്ടതായിട്ടുണ്ടു്. അദ്ദേഹത്തിൻെറ അതിരുകവിഞ്ഞു ഒഴുകുന്നതായ ദയയ്ക്കും ശാന്തതയ്ക്കും സ്നേഹത്തിനും അതുപോലെയുള്ള ഒരു സ്ഥാനം കൽപിക്കേണ്ടതും ആകുന്നു. അതിനെപ്പററി റെറനിസൺ ഇപ്രകാരമാണു് പറയുന്നതു്. 'സാക്ഷാൽ ശാന്തത മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നു.' ക്രിസ്തു തൻെറ സ്നേഹത്തിൽ എല്ലാ ജാതിക്കാരേയും രാജ്യക്കാരേയും ഉൾപ്പെടുത്തി

യിട്ടുണ്ട്. അതുമൂലം ഈ ലോകത്തെപ്പററിയുള്ള ദൈവത്തിന്റെ കരുതൽ പ്രത്യക്ഷപ്പെടുത്തുകയുംചെയ്തു. സുവിശേഷങ്ങളിൽ ഇതിനു വേണ്ടതായ പല ലക്ഷ്യങ്ങളും കാണ്മാനുണ്ട്. അസാധാരണമായ സ്നേഹത്തോടുകൂടെ അദ്ദേഹം ചെറുപൈതങ്ങളെ അനുഗ്രഹിച്ചു. തന്റെ വിശപ്പിനെയും ക്ഷീണത്തെയും കൂട്ടാക്കാതെ അദ്ദേഹം ഒരു പാവപ്പെട്ട സ്ത്രീക്കു വേണ്ടതായ എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു (യോഹ. 4: 6). ഇഷ്ടപ്പെട്ട ഒരു കുടുംബക്കാർ സ്നേഹപൂർവ്വം തനിക്കു നല്കിയ എല്ലാം സ്നേഹസൽക്കാരങ്ങളെയും അദ്ദേഹം സ്വീകരിച്ചു (യോഹ. 11: 5). ഒരൊററ വാചകത്തിൽ തന്റെ സ്നേഹത്തെ മുഴുവൻ സംഗ്രഹിച്ചുകൊണ്ടു അദ്ദേഹം തന്റെ ശിഷ്യന്മാരോടു പറഞ്ഞതു ഇപ്രകാരമാകുന്നു:—'ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനി വിളിക്കുന്നില്ല. നിങ്ങളെ എന്റെ സ്നേഹിതന്മാർ എന്നു വിളിച്ചിരിക്കുന്നു' (യോഹ. 15: 15). എല്ലായിടത്തും അദ്ദേഹം തന്റെ സ്നേഹത്തെയും നന്മനസ്സിനെയും പ്രദർശിപ്പിക്കുന്നു. സകല മനുഷ്യരേയും ആകമാനം ചേർത്തുള്ള ഔദാര്യരീതിയിൽ അല്ല, പിന്നെയോ, അവശ്യമുള്ള ചില പ്രത്യേക പുരുഷന്മാരേയും സ്ത്രീകളേയും അദ്ദേഹം സ്നേഹപാത്രങ്ങളായി തിരഞ്ഞെടുത്തു. ഏകാന്തമായ രീതിയിൽ വിജനമായ കുന്നിന്റെ ചരുവിൽവെച്ചു താൻ തന്റെ പിതാവിനോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ബാർതിമായി എന്ന ഒരു കണ്ണുപൊട്ടനുവേണ്ടിയോ, താൻ തലേദിവസം കണ്ടതായ പൈതലിനുവേണ്ടിയോ, തന്റെ അടുത്ത സ്നേഹിതന്മാക്കുവേണ്ടിയോ തീർച്ചയായും അപേക്ഷിച്ചിരിക്കണം. അദ്ദേഹം പറഞ്ഞതുപോലെ, ഈ ലോകം ഒരു വയൽ ആയിരുന്നു. അതിൽ നട്ടുന്നതിനുവേണ്ടി മുളപ്പിക്കേണ്ടതായ ദയയുടെയും സ്നേഹത്തിന്റെയും വിത്തുകൾ പാകേണ്ടതായ തോട്ടം ആ ഗുരുഭ്രാതനുമായുണ്ടായിരുന്ന വ്യക്തിപരമായ ബന്ധംതന്നെയായിരുന്നു. ആലീസ്സു ഫ്രീമാൻ പാൽമർ അതിനെപ്പററി ഇപ്രകാരമാകുന്നു പ്രസ്താവിക്കുന്നതു്—ആളുകളെയാണ് നാം ക

ണക്കാക്കേണ്ടതു്. നാം ഒരുത്തനെ നല്ല കാൎയ്യങ്ങൾ ചെയ്യുന്നതിനു ഉദ്യമിപ്പിക്കുകയും, അവൻ അവൻെറ കൂട്ടുകാരെ അപ്രകാരം ഉദ്യമിപ്പിക്കുകയും അങ്ങനെ ആ വേല മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കയും ചെയ്യും.

തൻെറ കുടുംബവുമായുള്ള ബന്ധത്തിൽ തൻെറ അപാരമായ സ്നേഹത്തെ ക്രിസ്തു പ്രത്യക്ഷപ്പെടുത്തിയിരുന്നു. യേശുവിനു പന്ത്രണ്ടുവയസ്സായപ്പോൾ ചെയ്ത യരുശലേം സന്ദർശനത്തിനുശേഷം നാം യോസേഫിനെപ്പററി ഒന്നുംതന്നെ അറിയുന്നില്ല. അതുകൊണ്ടു ക്രിസ്തുവിൻെറ യൌവനകാലത്തുതന്നെ അദ്ദേഹം മരിച്ചുപോയിരിക്കണം എന്നാണ് അനുമാനിക്കേണ്ടതു്. ഈ അനുമാനം, യേശുക്രിസ്തു മുപ്പതു വയസ്സാകുന്നതുവരെ പരസ്യശുശ്രൂഷ ചെയ്യാതിരുന്നതിൻെറ കാരണത്തെ പ്രസ്പഷ്ടമാക്കുന്നുണ്ടു്. പിതാവു ദേഹവിയോഗം ചെയ്കതിനാൽ ഇതരസഹോദരന്മാർ പ്രായപൂൎത്തിയാകുന്നതുവരെ ആ കുടുംബത്തെ പോററിപ്പുലൎത്തേണ്ട ചുമതല മൂത്തപുത്രനായ തനിക്കുള്ളതായിരുന്നു. അപ്രധാനങ്ങളായ സാഹചൎയ്യങ്ങളോടുകൂടിയ ഒരു തച്ചൻെറ നിസ്സാരമായ ഗൃഹത്തിൽ വൈധവ്യം പ്രാപിച്ചതായ മാതാവിനും, സഹോദരീസഹോദരന്മാൎക്കുംവേണ്ടി അദ്ദേഹം ഒരു ആശാരിയായി പണി ചെയ്തു ജീവിച്ചു (മത്താ. 13: 55, 56). തൻെറ വേലയെപ്പററിയും തൻെറ ചുററും ജീവിച്ചിരുന്നതായ പാവപ്പെട്ട മനുഷ്യരെപ്പററിയും അദ്ദേഹം എപ്പോഴും തൻെറ ഉപമകളിൽ പറഞ്ഞിരിക്കുന്നു. വീടുപണിയുമ്പോൾ ഒരു ബലമുള്ള അടിസ്ഥാനം ഉണ്ടായിരിക്കേണ്ട ആവശ്യത്തെപ്പററി അദ്ദേഹത്തിനു അറിയാമായിരുന്നു (മത്താ. 7: 24). കെട്ടിടം പണിയുന്നതിനു മുമ്പിൽ അതിൻെറ ചെലവിനെപ്പററി ആലോചിക്കേണ്ടതു അത്യാവശ്യമാണ് എന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നു (ലൂക്കൊ. 14: 28). കുറുനരികളുടെ കുഴികളും പക്ഷികളുടെ കൂടുകളും അദ്ദേഹത്തിനു നിത്യപരിചയങ്ങളായിരു

ന്നു (മത്താ. 8: 20). കോഴി മുട്ടകളുടെമേൽ അടയിരിക്കുന്നതും (മത്താ. 23: 27), കൃഷിക്കാരൻ വിതയ്ക്കുന്നതും അദ്ദേഹം കണ്ടിരുന്നു. കുരികില്പകൾ എത്ര ചെറുതായ ഒരു വിലയ്ക്കാണു് വിൽക്കപ്പെടുന്നതെന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നു (മത്താ. 10: 29). തന്റെ മാതാവു പഴയ തുണിയിൽ പുത്തൻ തുണിക്കണ്ടങ്ങൾ ഇടാതെ പഴയതുതന്നെ ചേർത്തു നന്നാക്കുന്നതും അദ്ദേഹം കണ്ടിരുന്നു (മത്താ. 9: 16). തന്റെ മാതാവു ഒരു വിധവയായിരുന്നതിനാലും അവരുടെ പ്രയാസങ്ങൾ തനിക്കു നല്ലവണ്ണം അറിയാമായിരുന്നതിനാലും യേശുവിനു വിധവമാരോടു എപ്പോഴും അനുകമ്പ തോന്നിയിരുന്നു. രണ്ടു കാശിട്ട വിധവയെപ്പററി അത്ര വലുതായ ഒരു അഭിപ്രായം തോന്നിയതിന്റെ കാരണം വിധവമാരുടെ പ്രയാസം അദ്ദേഹത്തിനു അറിയാമായിരുന്നു എന്നുള്ളതായിരിക്കണം (മക്കൊ. 12: 41—44). വിധവമാരുടെ മുതൽ അപഹരിക്കുന്നവരോടു അദ്ദേഹത്തിനു ഇത്ര കഠിനമായ വെറുപ്പുതോന്നിയതിന്റെ കാരണവും ഇതായിരിക്കണം (മക്കൊ. 12: 40). യാതൊരു സഹായവുമില്ലാതെ കിടന്നു സങ്കടത്തോടെ നിലവിളിക്കുന്നവരുടെ ഒരു ചിത്രം കാണേണ്ടതായി വന്നപ്പോൾ അദ്ദേഹം, ആ ന്യായാധിപതിയുടെ അടുക്കൽ സഹായത്തിനപേക്ഷിച്ച വിധവയുടെ ചിത്രമത്രെ കാണിച്ചുകൊടുത്തതു് (ലൂക്കൊ. 18: 18). ഒരുപക്ഷെ തന്റെ മാതാവിന്റെ വൈധവ്യജീവിതദശയിൽ നടന്ന ഒരു യഥാർത്ഥ സംഭവമായിരിക്കാം അതു്.

ചെറുപൈതങ്ങളോടു അദ്ദേഹത്തിനുണ്ടായിരുന്ന അകൈതവമായ സ്നേഹത്തെപ്പററി നാം ആലോചിക്കുമ്പോൾ അതു നസറേത്തിലെ കുട്ടികളുള്ള ഒരു കുടുംബത്തിലെ നായകൻ എന്ന നിലയിൽ തനിക്കു സിദ്ധിച്ചിരുന്ന പരിചയത്തിൽനിന്നും ഉത്ഭൂതമായതാണെന്നു നമുക്കു ബോധപ്പെടും. മത്താ. 18-ാം അദ്ധ്യായത്തിൽ അദ്ദേഹത്തിനു കുട്ടികളോ

ട്ടുള്ള അഗാധമായ സ്നേഹത്തെ ഏററവും മനോഹരമായ വിധത്തിൽ വിവരിച്ചിട്ടുണ്ടു്. അവരുടെ താഴ്മ, പഠിക്കാനുള്ള അഗ്രഹം, നിർവ്യാജമായ പരമാർത്ഥത ഇവകളാണു് യഥാർത്ഥത്തിൽ ഒരുവനെ ദൈവരാജ്യാവകാശിയാക്കിത്തീർക്കുന്നതു്. (മത്താ. 15: 2—5). ഒരു ചെറുപൈതലിനു ഏതെങ്കിലും വിധത്തിൽ ഉപദ്രവം വരുത്തുന്നതു അക്ഷന്തവ്യമായ ഒരപരാധമാണെന്നും ഒരു ശിക്ഷയും അതിനു ക്രൂടതലായിപ്പോയി എന്നു വരികയില്ലെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ഈ ചെറിയ ഒരുവനു ഇടർച്ച വരുത്തുന്നതിനെക്കാൾ ഒരുവൻെറ കഴുത്തിൽ തിരികല്ലു കെട്ടി നശിപ്പിക്കുന്നതാണു് ഏററവും ഉത്തമമായ ത്യാഗമെന്നു അദ്ദേഹം കരുതിയിരുന്നു (മത്താ. 18: 6—10). ഒരാടിനെ കളഞ്ഞുപോയ ആട്ടിടയൻ മററെ തൊണ്ണൂററൊമ്പതിനെയും വിട്ടിട്ടു ആ കാണാതെപോയതിനെ തെരയുന്നതു പോലെ ഒരു പൈതലിനെ രക്ഷിക്കുവാൻ ശ്രമിക്കത്തക്കവണ്ണം അതു അത്രമാത്രം വിലയുള്ളതാണു് (മത്താ. 18: 12,13). ഒരുവനും നശിച്ചുപോകാതിരിക്കത്തക്കവണ്ണം ദൈവം അത്രമാത്രം അവരെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു (മത്താ. 18: 14). മർക്കോസ്സു ഈ സ്നേഹത്തെ ഏററവും മനോഹരമായ വിധത്തിൽ ചിത്രീകരിച്ചിട്ടുണ്ടു്. 'അവൻ അവരെ കയ്യിൽ എടുത്തു അവരുടെ തലമേൽ കൈവെച്ചു അനുഗ്രഹിച്ചു. (മർക്കൊ. 10: 16). നസറേത്തിലുള്ള കുടുംബജീവിതത്തിൽനിന്നായിരിക്കണം ഇപ്രകാരമുള്ള ഒരു സ്നേഹം ഉളവായതു്.

കുടുംബജീവിതത്തെപ്പററിയുള്ള ക്രിസ്തുവിൻെറ അഭിപ്രായം ഇതല്ലായിരുന്നുവെന്നു പ്രഥമദൃഷ്ടിയിൽ തോന്നിക്കുന്ന പല ഭാഗങ്ങളും സുവിശേഷങ്ങളിലുണ്ടു്. ആരെങ്കിലും എൻെറ അടുക്കൽ വരികയും തൻെറ അപ്പനേയും, അമ്മയേയും, ഭാൎയ്യയേയും കുഞ്ഞുങ്ങളേയും, സഹോദരീസഹോദരന്മാരേയും തൻെറ സ്വന്ത ജീവനെക്കൂടെയും ത്യജിക്കുവാൻ കഴി

യാതിരിക്കയും ചെയ്താൽ അവനു എൻെറ ശിഷ്യനായിരിപ്പാൻ കഴികയില്ല' (ലൂക്കൊ. 14: 26) എന്നു പറഞ്ഞ ക്രിസ്തുവിനു എങ്ങനെ ഇപ്രകാരം പൈതങ്ങളെ സ്നേഹിപ്പാൻ സാധിക്കും? ഇപ്രകാരം ക്രിസ്തു അഭിപ്രായപ്പെട്ടതിൻെറ ഫലമായി സന്യാസിമഠങ്ങൾക്കും കന്യാസ്ത്രീമഠങ്ങൾക്കും ക്രൈസ്തവമതത്തിൽ കൂടുതൽ പ്രചാരം സിദ്ധിക്കുകയും കുടുംബജീവിതം വെറും ഭൗമികാവശ്യങ്ങൾക്കായിത്തീരുകയും ചെയ്തു. ഈ രീതിയിൽ ആ അഭിപ്രായത്തെ വിമർശിക്കുന്നതു അത്ര ശരിയല്ല. ആ വാക്യം നല്ലവണ്ണം വായിച്ചാൽ, ഒരു മനുഷ്യൻ 'തൻെറ സ്വന്ത ജീവനെ' വെറുക്കുന്നതുപോലെ സ്വന്ത കുടുംബത്തെയും ത്യജിക്കേണ്ടതാണെന്നു മനസ്സിലാകും. ക്രിസ്തുവിനുവേണ്ടി സൎവ്വശക്തികളും ഉപയോഗിക്കണമെന്നേ ഇവിടെ താൻ ആവശ്യപ്പെടുന്നുള്ളു. മനുഷ്യജാതിയുടെ ഏററവും ഉൽകൃഷ്ടവും വിലയേറിയതും മററു സകലതും അതിനുവേണ്ടി ത്യജിക്കേണ്ടതുമായ ഒരു കാൎയ്യത്തെപ്പററിയത്രെ ക്രിസ്തു ഇവിടെ പറയുന്നതു്. ഒരുവനു് ദൈവരാജ്യവുമായുള്ള ബന്ധത്തിനു ഏററവും അടുത്ത കുടുംബബന്ധംപോലും ഒരു ബാധകമായിത്തീരരുതെന്നു മാത്രമെ ക്രിസ്തുവിനു അഗ്രഹമുള്ളു. ക്രിസ്തുവിൻെറ ജീവിതത്തിലും ഏതൊരു ഉത്തമപുരുഷൻെറ ജീവിതത്തിലും ത്യജിക്കുവാൻ ഏററവും പ്രയാസമായി തോന്നുന്ന ഒന്നു് സൌഭാഗ്യകരമായ കുടുംബജീവിതമാകുന്നു. മുമ്പു ഉദ്ധരിച്ചതായ വാക്യം കുടുംബജീവിതത്തിൻെറ മഹിമയത്രെ വെളിപ്പെടുത്തുന്നതു്. അതിനെ ഒരിക്കലും താഴ്ത്തിപറകയല്ല ചെയ്യുന്നതു്. ലോകത്തിൽ ഏററവും വിലയേറിയതും എന്നാൽ ദൈവരാജ്യത്തിന്നിപ്പുറം നിൽക്കുന്നതുമായ കുടുംബജീവിതത്തെ ത്യജിക്കുന്നതിനു ഉപദേശിച്ചതിൽ ക്രിസ്തു സ്വാത്മപരിത്യാഗത്തെ അതിൻെറ ഏററവും ഉയൎന്ന സോപാനത്തിൽ പ്രതിഷ്ഠിക്കയായിരുന്നു. മസ്സീനി കുടുംബജീവിതത്തെപ്പററി ഇപ്രകാരമാണു പറയുന്നതു്. 'നിർഭാഗ്യവശാൽ കുടുംബജീവിതസൌഭാഗ്യം അനുഭവിക്കുവാൻ ഇടയാകാത്ത

ഒരുവന്റെ ഹൃദയം ശൂന്യമായ ഒന്നുതന്നെയാണു്. ഞാൻ അതു നല്ലവണ്ണം അനുഭവിച്ചിട്ടുണ്ടു്.' ക്രിസ്തുവിന്റെ അഭിപ്രായവും ഏറെക്കുറെ ഈവിധത്തിലായിരിക്കണം.

ഈ തത്വത്തെ ആസ്പദീകരിച്ചു ക്രിസ്തുവിന്റെ പരസ്യശുശ്രൂഷക്കാലത്തെ പല വാക്കുകളും പ്രവൃത്തികളും നിരൂപണം ചെയ്യുന്നുവെങ്കിൽ അവയ്ക്കു നവീനവും ഉൽകൃഷ്ടവുമായ ഒരു അർത്ഥം ഉണ്ടാകുന്നു. 'കുറുനരികൾക്കു കുഴികളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളും ഉണ്ടു്. എങ്കിലോ മനുഷ്യപുത്രനു തലചായിപ്പാൻകൂടെ സ്ഥലമില്ല' എന്നു പറഞ്ഞപ്പോൾ കുടുംബജീവിതസൌഭാഗ്യത്തിന്റെ അഭാവം അദ്ദേഹത്തിന്റെ ഹൃദയത്തെ സാരമായി സ്പർശിച്ചിട്ടുണ്ടായിരിക്കണം. ബഥാന്യയിലെ ലാസറിന്റെ കുടുംബത്തിൽ അദ്ദേഹം കഴിച്ച ദിവസങ്ങൾ സന്തോഷകരങ്ങളായിരിക്കണം. ഭാര്യയും ഭർത്താവുമായുള്ള അനശ്വരമായ ബന്ധത്തെയും യഹൂദരുടെയിടയിലുണ്ടായിരുന്ന വിവാഹമോചന നടപ്പിനെയും അദ്ദേഹം ഏററവും കർശനമായി ആളുകളോടു പറഞ്ഞതുകൊണ്ടു അദ്ദേഹത്തിന്റെ വാക്കുകൾ തീർച്ചയായും യഥാർത്ഥകുടുംബജീവിതത്തിനോടു അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹത്തിൽനിന്നും ഉളവായവയായിരിക്കണം. 'കോർബാൻ' എന്നു പറഞ്ഞാൽ പിന്നീടു മാതാപിതാക്കന്മാൎക്കു യാതൊരു സഹായവും ചെയ്യേണ്ട ആവശ്യമില്ലെന്നുള്ള പരീശപാരമ്പര്യത്തെ (മക്കൊ. 7: 10—12) കർശനമായി ആക്ഷേപിച്ചപ്പോഴും 'നിത്യജീവനെ അവകാശമാക്കുന്നതിനായി നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക' (ലൂക്കൊ. 19: 19) എന്നു നിർബന്ധമായി പറഞ്ഞപ്പോഴും തന്റെ സുവിശേഷംമൂലം കുടുംബത്തിലെ അംഗങ്ങൾ തമ്മിൽ കലഹിക്കുമെന്നു അദ്ദേഹം ഏററവും സങ്കടത്തോടുകൂടെ പറഞ്ഞപ്പോഴും (ലൂക്കൊ. 12: 53) തനിക്കുവേണ്ടി, 'അമ്മയേയും, അപ്പനേയും, ഭാര്യയേയും, കുഞ്ഞുങ്ങളേയും, സഹോദരീസഹോദരന്മാരെ

യും, നിലങ്ങളെയും, വീടുകളെയും' (മക്കോ. 10: 29, 30) ത്യജിച്ചപ്പോൾ തനിക്കു അവരോടുണ്ടായിരുന്ന അളവററ കൃതജ്ഞതയെ പ്രദർശിപ്പിച്ചപ്പോഴും അദ്ദേഹം കുടുംബത്തോടുള്ള തൻെറ അത്യഗാധമായ സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തുകയത്രെ ചെയ്തതു്. തൻെറ ജോലിയിൽനിന്നും തന്നെ വിലക്കുന്നതിനായി തൻെറ സ്വന്തക്കാർ വന്നപ്പോൾ ആ അപേക്ഷയെ അദ്ദേഹം ത്യജിച്ചതു തൻെറ ജീവിതത്തിലെ ഏററവും മഹത്തരമായ ഒരു ത്യാഗംതന്നെയായിരുന്നു (മക്കോ. 3: 21, 31—35). അതുമുതൽ അദ്ദേഹം ഈ തത്വത്തെ നല്ലവണ്ണം മുറുകെപ്പിടിച്ചിരുന്നു.

അതിനികൃഷ്ടമായ ആ മരക്കുരിശിൽ കിടന്നുകൊണ്ടു കഠോരമായ വേദന അനുഭവിക്കുമ്പോഴും തൻെറ മാതാവിനെ യോഹന്നാനെ ഭരമേല്പിച്ചതിൽനിന്നും (യോഹ. 19: 26,27) ഈ കുടുംബബന്ധം അദ്ദേഹത്തിൻെറ ജീവിതാവസാനംവരെ നിലനിന്നിരുന്നു എന്നു കാണാവുന്നതാണ്.

ക്രിസ്തുവിൻെറ സാരവത്തായ മിക്ക ഉപദേശങ്ങളും കുടുംബജീവിതത്തെ ആസ്പദീകരിച്ചുള്ളവയാണ്. അദ്ദേഹത്തിൻെറ നയങ്ങളെല്ലാം കുടുംബനയങ്ങളാണു്. സർവ്വമനുഷ്യർക്കും കാണിക്കുന്ന അദ്ദേഹത്തിൻെറ ആദർശം കുടുംബാദർശവുമാണ്. അദ്ദേഹം ദൈവത്തെ ഒരു രാജാവോ, ന്യായാധിപതിയോ ആയിട്ടല്ല കരുതുന്നതു്. പിന്നെയോ ദൈവത്തെ ഒരു പിതാവായിട്ടാണ് വിചാരിക്കുന്നതു്. മനുഷ്യൻെറ ഒരു അന്തർലീനമായ ശക്തി എപ്പോഴും സഹോദരത്വത്തിലാണ് സ്ഥിതിചെയ്യുന്നതു്, മുടിയനായ പുത്രൻ തിരിച്ചുവന്നപ്പോൾ അവൻെറ സഹോദരൻ തൻെറ അപ്പനോടു 'ഈ നിൻെറ മകൻ' എന്നു പറഞ്ഞയവസരത്തിൽ മറുപടിയായിട്ടു ക്രിസ്തു ആ പിതാവിനെക്കൊണ്ടു പറയിക്കുന്നതു്, 'ഈ നിൻെറ സഹോദരൻ' എന്നത്രെ (ലൂക്കോ. 15: 29). ദൈവത്തെക്കുറിച്ചുള്ള തൻെറ ഉപദേശത്തിൽ പിതൃത്വവും മനുഷ്യരെക്കുറിച്ചുള്ളതിൽ സഹോദരത്വവും ഉൾപ്പെട്ടിരുന്നു.

കൂടാതെ ക്രിസ്തുവിൻെറ പല ആശയങ്ങളും നയങ്ങളും കുടുംബജീവിതത്തിൽനിന്നും എടുത്തവയായിരുന്നു. ഒരു യഥാൎത്ഥ കുടുംബത്തിൽ ഓരോ അംഗവും വളരെ വിലയേറിയതായിട്ടത്രെ കരുതിവന്നിരുന്നതു്.

മററു എല്ലാ അംഗങ്ങളും സുഖമായിരുന്നാലും ഒരാൾ നഷ്ടപ്പെട്ടാൽ അതു ഒരു വലിയ അസ്വാസ്ഥ്യം ഉളവാക്കുക പതിവാണു്. ഈ തത്വംതന്നെയാണു് ക്രിസ്തു മനുഷ്യലോകത്തിനു ആകമാനം കല്പിച്ചതു്. (ലൂക്കൊ. 15: 3—10) കുടുംബജീവിതത്തിൽ വ്യക്തിപരമായ സ്വാധീനശക്തിയാണു് മാററത്തെ ഉണ്ടാക്കുന്നതു്. തന്നോടുകൂടെ വസിപ്പാനായിട്ടു പന്ത്രണ്ടു ശിഷ്യന്മാരെ ആക്കിയപ്പോഴും (മൎക്കൊ. 3: 14) ഭാവി പ്രവൎത്തനത്തിനായി പ്ലാൻ നിശ്ചയിച്ച സ്വശിഷ്യന്മാരോടു 'നിങ്ങൾ ലോകത്തിൻെറ വെളിച്ചമാകുന്നു, നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു' എന്നു പറഞ്ഞപ്പോഴും അദ്ദേഹം ഉപയോഗിച്ച രീതിയും ഇതുതന്നെയായിരുന്നു. ഒരു കുടുംബത്തിൽ മാത്രമെ, ഒരു മകൻ ചീത്തയായാലും പിന്നെയും മകനായും, ഒരു സഹോദരൻ ഭ്രഷ്ടനായിരുന്നാലും പിന്നെയും ഒരു സഹോദരനായും ജീവിക്കുവാൻ തക്കവണ്ണം ഒരു അനശ്വരവും അഭേദ്യവുമായ ബന്ധം സ്ഥിതിചെയ്യുന്നുള്ളു. ആ കുടുംബബന്ധം, ഒരു ദാസനും യജമാനനും, രാജാവും പ്രജയും, ന്യായാധിപതിയും കുററക്കാരനും തമ്മിലുള്ളതിൽനിന്നും വ്യത്യസ്തവും ഉൽകൃഷ്ടവുമായ ഒന്നുതന്നെ ആകുന്നു. ദാവീദു എത്ര മനോഹരമായ വിധത്തിലാണു അതു പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നതു്. തൻെറ മകൻ നിഷ്ഠൂരനും നികൃഷ്ടനും തന്നോടുതന്നെ എതിൎത്തവനും ആയിരുന്നു എങ്കിലും അവനെപ്പററി 'ഓ അബ്ശാലോമേ!! എൻെറ മകനെ, എൻെറ മകനേ! അബ്ശാലോമേ' എന്നു എത്ര പരിതാപകരമായ വിധത്തിലാണു് വിലപിക്കുന്നതു്! ഈ തത്വംതന്നെയാണു് ക്രിസ്തു ലോകത്തെ പഠിപ്പിക്കുന്നതു്. ദൈവത്തിൻെറ അത്യഗാധമായ കൃപയും,

മനുഷ്യൻ തൻെറ സഹോദരനു് ചെയ്യേണ്ടതായ സേവനവും, അവനോടു ഉണ്ടാകേണ്ടതായ ക്ഷമാശീലവും, അദ്ദേഹം ലോകത്തെ മനസ്സിലാക്കി. യേശുക്രിസ്തുവിനു മനുഷ്യജാതിയെക്കുറിച്ചുള്ള ഏററവും ഉൽകൃഷ്ടമായ ആദർശത്തെ ഏതിനോടു എങ്കിലും താരതമ്യപ്പെടുത്തുന്നതിനു ശ്രമിക്കുന്നുവെങ്കിൽ, അതു ഒരു കുടുംബത്തിനോടു മാത്രമേ സാധിക്കുകയുള്ളു. ദൈവമാകുന്ന ഏകപിതാവു്. എല്ലാം മനുഷ്യരും സഹോദരന്മാരാണു്. കുടുംബജീവിതത്തിലെ ബന്ധംപോലെയിരിക്കേണം എല്ലാ ബന്ധങ്ങളും. ഇതു പരിശുദ്ധമായ ഹൃദയകാരുണ്യത്തിലും നൈർമ്മല്യത്തിലും മഹത്തരമായ ആശയിലും, വിശ്വാസത്തിലും നിന്നാണു് ക്രിസ്തുവിൻെറ ഈ രീതികളും ആദർശങ്ങളും ഉൽഭൂതമായിട്ടുള്ളതു്!

യേശുക്രിസ്തുവിൻെറ സചിത്വത്തിൻെറ ദൃഢതയിലും സ്വഭാവത്തിലും അദ്ദേഹത്തിൻെറ സ്നേഹം പ്രത്യക്ഷപ്പെടുന്നുണ്ടു്. സകല മനുഷ്യരോടുമുള്ള അദ്ദേഹത്തിൻെറ അത്യഗാധമായ സ്നേഹത്തിൻെറ ദൃഢതയും വിശാലതയും ആകുന്നു ക്രിസ്തുവിൻെറ സ്വഭാവത്തിൻെറ ഏററവും മനോഹരമായ വശങ്ങൾ. ക്രിസ്തുസഭ ഇതിനാണു കൂടുതൽ പ്രാധാന്യം കൊടുക്കുന്നതു്. 'സകല മനുഷ്യരുടേയും ഒരു ഉത്തമ സ്നേഹിതനായിട്ടാകുന്നു ഇന്നു ക്രിസ്തുവിനെ കരുതിയിരിക്കുന്നതു്. പക്ഷെ തൻെറ ആത്മികശക്തിയുടെയും ദയയുടെയും ശക്തിയാൽ ആകർഷിക്കപ്പെട്ടിട്ടുള്ള ചുരുക്കം ചിലരെ അദ്ദേഹം അത്യധികമായി സ്നേഹിക്കുന്നു. അദ്ദേഹത്തിൻെറ സകല അനുയായികളിലുംവെച്ചു ആ പന്ത്രണ്ടുപേർ അദ്ദേഹത്തോടു വളരെ അടുത്തിരുന്നു. എന്നാൽ ആ പന്ത്രണ്ടുപേരിൽ മൂന്നുപേരെ അദ്ദേഹം മററുള്ളവരെക്കാൾ അധികമായി സ്നേഹിച്ചിരുന്നു. പത്രോസും, യാക്കോബും, യോഹന്നാനും അദ്ദേഹത്തിൻെറ സ്നേഹത്തെ കൂടുതലായി അനുഭവിച്ചു, അവർ അദ്ദേഹത്തെ കൂടുതലായി മനസ്സിലാക്കി. മറുതപ്പെട്ട

ക (മക്കോ. 9: 21), ഏററവും അടുത്ത ചാർച്ചക്കാർമാത്രം വരുവാൻ അനുവാദമുള്ള ഒരു കുടുംബത്തിൽ ഒരു കാരുണ്യപ്രവൃത്തി ചെയ്ക, (മക്കോ. 5: 37), ഗതസമനത്തോട്ടത്തിലെ അതികഠോരമായ വേദന സഹിക്കുക, (മക്കോ· 14: 32, 33) മുതലായ പ്രധാനങ്ങളായ സംഭവങ്ങൾ നടന്നപ്പോൾ താൻ പ്രത്യേകം തിരഞ്ഞെടുത്ത ഈ മൂന്നുപേർ മാത്രമെ ഉണ്ടായിരുന്നുള്ളു.

തന്നിൽനിന്നും അവൎക്കു എന്തു ലഭിച്ചുവെന്നു തനിക്കു് അവരുടെമേലുണ്ടായിരുന്ന കൎത്തവ്യശക്തിയുടെ ഫലംതന്നെ പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. അവർ തങ്ങളെത്തന്നേ മനസ്സിലാക്കാതെയും വിശ്വസിക്കാതെയും ഇരുന്നപ്പോൾ, അദ്ദേഹം അവരെയും അവരിൽ അന്തർലീനങ്ങളായിരുന്ന ശക്തികളെയും മനസ്സിലാക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു (ലൂക്കൊ. 5: 8—10). അവർ തൻെറ ജീവിതത്തിൻെറ ഗതിയും ആദർശവും മനസ്സിലാക്കുന്നതിനുവേണ്ടി അവരെ തന്നോടുകൂടെ താമസിപ്പിച്ചു (മക്കോ. 3: 14). അവരെ ജോലിക്കായിട്ടു അയച്ചും (മക്കോ. 6: 7), രഹസ്യപ്രാൎത്ഥനക്കും ധ്യാനത്തിനും അവരെ ക്ഷണിച്ചും (മക്കോ. 6: 31) അവരെ പരിശീലിപ്പിച്ചു. താൻ തനിച്ചായിരുന്നപ്പോൾ അവൎക്കുവേണ്ടി പ്രാൎത്ഥിച്ചു (ലൂക്കൊ. 22: 32) അവസാനമായിട്ടു അവർ ഒരുമിച്ചുകൂടിയപ്പോൾ അദ്ദേഹം അവർ കേൾക്കെ അവൎക്കുവേണ്ടി എത്രയും സ്നേഹകരമായ ഒരു പ്രാൎത്ഥന നടത്തി (യോഹ. 17). സ്നേഹബന്ധത്തെ വർദ്ധിപ്പിക്കുന്നതായ സകല ഗുണങ്ങളും ശക്തികളും തനിക്കു ശിഷ്യന്മാരോടുള്ള സ്നേഹത്തിൽ പ്രദർശിപ്പിച്ചിരുന്നു. തന്നെ കാണിച്ചുകൊടുപ്പാൻപോകുന്ന യൂദായെക്കൂടെ അദ്ദേഹം ഹൃദയംഗമമായി സ്നേഹിച്ചു. താൻ അവസാനത്തിൽ അവനോടു പറഞ്ഞ ആ സ്നേഹസംപൂൎണ്ണങ്ങളായ വാക്കുപോലും അവനെ ആ ദുഷ്കൃത്യത്തിൽനിന്നും പിന്തിരിക്കുന്നതിനു സാധിച്ചില്ല (മത്താ. 26: 50). തൻെറ സ്നേ

ഹിതനിൽ കണ്ട കുററത്തെ ഏററവും തെളിച്ചു പറയുവാൻ തക്കവണ്ണം തന്നെ പ്രേരിപ്പിക്കുന്ന ഒന്നായിരുന്നു അദ്ദേഹത്തിന്റെ സ്നേഹം (മൎക്കൊ. 8: 33). അതു പരിശുദ്ധവും കളങ്കരഹിതവും സത്യവുമായിരുന്നു. അവസാനത്തോളം അവരെ കാത്തുസൂക്ഷിക്കുവാൻ തക്കവണ്ണം അത്ര ദൃഢമായതും അവസാനമില്ലാത്തതുമായിരുന്നു അദ്ദേഹത്തിന്റെ സ്നേഹം (മത്താ. 28: 20). താൻ സ്നേഹിക്കുന്നവൎക്കുവേണ്ടി തന്റെ ജീവനെ കൊടുപ്പാൻകൂടെ മടിക്കാത്ത സ്നേഹമായിരുന്നു ക്രിസ്തുവിന്റേതു് (യോഹ. 15: 13).

ഇതുവരെയുള്ള നമ്മുടെ ധ്യാനത്തിൽ നാം ക്രിസ്തുവിനുള്ള സ്നേഹത്തെയാണു് കാൎയ്യമാക്കി ഗണിച്ചതു്. എന്നാൽ ശിഷ്യന്മാൎക്കു ഇപ്രകാരം അഗാധമായ ഒരു സ്നേഹം ഗുരുവനോടു ഉണ്ടായിരുന്നുവോ? തന്റെ പരസ്യശുശ്രൂഷ തുടങ്ങിയതിന്റെശേഷം തന്റെ ഏക ആശ്വാസം അവരുടെ സ്നേഹം മാത്രമായിരുന്നു. അദ്ദേഹം തന്റെ ശിഷ്യന്മാരെ നോക്കിക്കൊണ്ടു അവരെ തന്റെ മാതാക്കളെന്നും, സഹോദരിമാരെന്നും സഹോദരന്മാരെന്നും പറഞ്ഞു (മത്താ. 12: 49, 50). അവർ ശിഷ്യന്മാരും ദാസന്മാരും ആയതുകൊണ്ടു അദ്ദേഹം തൃപ്തനായില്ല. അവരെ തന്റെ സ്നേഹിതന്മാരായിട്ടു കിട്ടണമെന്നു താൻ ആഗ്രഹിച്ചു (യോഹ. 15: 14, 15). അവർ അദ്ദേഹത്തെ യഥാൎത്ഥത്തിൽ മനസ്സിലാക്കിയപ്പോഴും (മത്താ. 16: 15–17), താൻ അവരെ ഭരമേല്പിച്ച ജോലി ഏററവും ഉത്തമമായരീതിയിൽചെയ്തപ്പോഴും (ലൂക്കൊ. 10: 17–20) അദ്ദേഹത്തിനുണ്ടായിരുന്ന സന്തോഷവും അദ്ദേഹത്തിനു സിദ്ധിച്ചിരുന്ന പ്രോത്സാഹനവും അപരിമിതമായിരുന്നു. അവരുടെ അല്പ ശുശ്രൂഷയെക്കാൾ എത്രയോ അധികമായിരുന്നു അദ്ദേഹത്തിന്റെ കൃതജ്ഞതയും സന്തോഷവും (മൎക്കൊ. 10: 29, 30). 'നിങ്ങളാകുന്നു എന്റെ പരീക്ഷകളിൽ എന്നോടുകൂടെ നിന്നവർ' (ലൂക്കൊ. 22: 28) എന്നു എത്ര സ്നേഹത്തോടുകൂടെയാകുന്നു അ

ദ്ദേഹം പറയുന്നതു്. അവരെ വിശ്വസിച്ചിട്ടു താൻ പോയതിൻെറശേഷം തൻെറ വേല ചെയ്യുന്നതിനായിട്ടു അവരെ ഭരമേല്പിച്ചു. ദൈവത്തിലുള്ള ആശ്രയത്തോടും വിശ്വാസത്തോടുംകൂടെ അദ്ദേഹം മാനുഷികസഹായങ്ങളെ ആവശ്യപ്പെട്ടു. അവസാനത്തെ രാത്രിയിൽ അദ്ദേഹത്തിൻെറ ഹൃദയത്തിലെ ആകാംക്ഷയും അഭിവാഞ്ഛയും അതിൻെറ മതിലുകളെ തട്ടിത്തകൎത്തുകൊണ്ടു പ്രവഹിച്ചു. 'ഞാൻ കഷ്ടം അനുഭവിക്കുംമുമ്പേ ഈ പെസഹാ നിങ്ങളോടുകൂടെ കഴിപ്പാൻ എത്ര വാഞ്ഛയോടുകൂടി ആഗ്രഹിച്ചു' (ലൂക്കൊ. 22: 15).

ആ അവസാനരാത്രിയിൽ തനിക്കുള്ള സകലവും തന്നിൽനിന്നുമെടുത്തപ്പോൾ, അവരുടെ സ്നേഹം തനിക്കുള്ള സൎവ്വ സമ്പത്തുമായിട്ടു കരുതിക്കൊണ്ടു അദ്ദേഹം നന്ദിയോടുകൂടെ പറഞ്ഞു: 'അവർ നിനക്കുള്ളവർ ആയിരുന്നു, നീ അവരെ എനിക്കു തന്നു' (യോഹ. 17: 6).

യേശുവിനു ശിഷ്യന്മാരുമായുള്ള ബന്ധം അഗാധമായ ഒരു പരിശുദ്ധ സ്നേഹബന്ധമായിരുന്നു. അതു തത്തുല്യമായ ഒരു സ്നേഹം ലഭിക്കുന്നതിനു പൎയ്യാപ്തമായ ഒന്നുതന്നെ ആയിരുന്നു. അവസാന ഭക്ഷണസമയത്തു താൻ സ്നേഹിച്ച ശിഷ്യൻ യേശുവിൻെറ മാൎവ്വിൽ ചാരിയിരുന്നു എന്നുള്ളതു (യോഹ. 13: 23—25) അവർ തമ്മിലുള്ള അത്യഗാധസ്നേഹത്തിൻെറ ഒരു അലങ്കാരരൂപമായിരിക്കണം.

പരിശുദ്ധമായ സ്നേഹത്തിൽ പൎയ്യവസാനിക്കാത്ത യാതൊരു ബന്ധവും പരിപൂൎണ്ണമല്ല. ലോകത്തിൽ തമ്മിൽ സ്നേഹിച്ചിരുന്ന പല സഹോദരീസഹോദരന്മാർ ഉണ്ടായിരുന്നിട്ടുണ്ടു്. ആ മാതിരി സ്നേഹത്തെ അതിൻെറ അത്യുച്ചാവസ്ഥയിൽ പ്രകടിപ്പിച്ച ചില പേരുകൾ നമ്മുടെ സ്മൃതിപഥത്തിൽ വരുന്നു. 'ഫീലിക്സ് മെൻഡൽഷോണും തൻെറ സഹോദരി ഫാനിയും,' 'ചാറൽസ്ലാംബും തൻെറ സഹോ

ദരി മേരിയും,' 'വേഡ്സ്വർത്തും തൻെറ സഹോദരി ഡോറോത്തിയും,' 'കാതറയിൻ ബോയലും തൻെറ സഹോദരൻ റോബർട്ടും' തമ്മിലുള്ള സ്നേഹം എത്ര വിശേഷമായ ഒന്നായിരുന്നു. റോബർട്ടും തൻെറ സഹോദരിയും തമ്മിലുള്ള സ്നേഹത്തെപ്പററി ബിഷോപ്പ ബേർനററു ഇപ്രകാരമാണ് പറയുന്നതു്. 'ആ സഹോദരനു അനുചിതയായ ഒരു സഹോദരി ആയിരുന്നു കാതറയിൻ.' അവർ തമ്മിലുള്ള ബന്ധം വർദ്ധിച്ചു രണ്ടുപേരും ഉത്തമസ്നേഹിതന്മാരുടെ നില പ്രാപിക്കുന്നതിനു അവരുടെ സ്വഭാവങ്ങൾ നല്ലവണ്ണം സഹായിച്ചു. ഈ ലോകത്തിൽ അനേകം ഭാര്യാഭർത്താക്കന്മാർ ജീവിച്ചിരുന്നിട്ടുണ്ടു്. എങ്കിലും ചാറത്സ് കിങ്ങ്സിലിയും ഫാനിഗ്രൻഫലും, റോബർട്ട് ബ്രൌണിങ്ങും ഏലിസബേത്തു ബാററും, വില്യം ഗ്ലാഡ്സ്റ്റണും കാതറയിൻ ഗ്ലീനും തമ്മിലുള്ള ജീവിതത്തിൽ നിന്നുമാണ് നമുക്കു യഥാർത്ഥമായ വിവാഹജീവിതസ്നേഹം മനസ്സിലാക്കുവാൻ സാധിക്കുന്നതു്.

ഒരു പിതാവു ഒരു കുട്ടിയുടെ രക്ഷകർത്താവായിരിക്കാം. പക്ഷേ അവർ തമ്മിലുള്ള ബന്ധം ഒരു യഥാർത്ഥസ്നേഹിതനുമായുള്ള സ്നേഹബന്ധംപോലെ അല്ലെങ്കിൽ ആ പിതാവിൻെറ പിതൃബന്ധം കേവലം ബലഹീനമായ ഒന്നുതന്നെ ആയിരിക്കും. രാജാവും പ്രജയും തമ്മിലുള്ള ബന്ധം ഈ ഒരു നിലയിൽ എത്തേണ്ടതാണ്. അതുകൊണ്ടായിരിക്കാം ടെനിസൺ വിക്ടോറിയാ മഹാറാണിക്കു ഈവിധത്തിൽ എഴുതിയതു്: 'ഞാൻ ഒരു രാജഭക്തനാണെന്നോ, അവിടുന്നു ഒരു കാരുണ്യവതിയാണെന്നോ ഞാൻ പറയുകയില്ല. അതു രാജസേവകന്മാർ ഉപയോഗപ്പെടുത്തുകയോ ദുരുപയോഗപ്പെടുത്തുകയൊ ചെയ്യുന്ന പദങ്ങളാണ്.' എന്നാൽ ഞാൻ പറയുന്നതു്:—'നമ്മുടെ സംഭാഷണത്തിൽ, രാജാവായിരുന്നാലും ചെറുപ്പക്കാരത്തിയായിരുന്നാലും, എല്ലാ മനുഷ്യഹൃദയങ്ങളെയും ബന്ധിക്കുന്നതായ ആ സ്നേഹം എൻെറ ഹൃദയത്തെയും സ്പർശിച്ചു.'

അതുകൊണ്ടു യേശുക്രിസ്തുവും ശിഷ്യന്മാരും തമ്മിലുള്ള ആ യജമാനദാസസംബന്ധം ശരിയായിട്ടുള്ളതല്ല. അദ്ദേഹം സ്നേഹിതന്മാരെയത്രെ അന്വേഷിച്ചതു്. അതിൻെറശേഷം ക്രിസ്തീയലോകത്തിലെ ആത്മീയാദർശകന്മാർ ദൈവത്തോടും ദൈവപുത്രനോടുമുള്ള സ്നേഹരൂപത്തിലാണു് ക്രിസ്തീയജീവിതത്തിൻെറ അഗാധ തത്വങ്ങളെ പ്രതിപാദിച്ചിട്ടുള്ളതു്.

---

## അദ്ധ്യായം 19

# നമ്മുടെ കർത്താവിൻെറ താരതമ്യവിവേചനം

## പ്രതിദിനപാഠങ്ങൾ

### പത്താംആഴ്ച:—ഒന്നാംദിവസം

മത്തം. 6: 19—24. പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിൻെറ നിക്ഷേപം ഉള്ളേടത്തു നിൻെറ ഹൃദയവും ഇരിക്കും. ശരീരത്തിൻെറ വിളക്കു കണ്ണാകുന്നു. കണ്ണു ചൊവ്വുള്ളതെങ്കിൽ നിൻെറ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണു കേടുള്ളതെങ്കിലോ നിൻെറ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും; എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ടു എത്ര വലിയതു്! രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മററവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പററിച്ചേർന്നു മററവനെ നിരസിക്കും, നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല.

നാം പലപ്പോഴും അന്യോന്യം വിപരീതഗുണങ്ങളെ കാംക്ഷിക്കുന്നവരാണു്. ദുർവ്വൃത്തിയും നല്ല മനസ്സാക്ഷിയും,

വിഷയാസക്തിയും ശരീരസുഖവും, ഔദാസീന്യവും വിജയവും ലൌകികജീവിതവും ദൈവസേവയെന്നുള്ള ബോധവും ഒരേ സമയത്തു അനുഭവമാക്കേണമെന്നാകുന്നു നമ്മുടെ ആഗ്രഹം. അന്യോന്യം വർജ്ജിക്കുന്ന രണ്ടു കാൎയ്യങ്ങളെ കരസ്ഥമാക്കാൻ എല്ലായിടത്തും എല്ലാവരും ശ്രമിക്കുന്നു; അവർ പരാജിതരാകയും ചെയ്യുന്നു. ഏതെങ്കിലും ഒന്നു തിരഞ്ഞെടുക്കണം. ഈ തിരഞ്ഞെടുപ്പാൻ് ജീവിതത്തിലെ സൎവ്വപ്രധാനകാൎയ്യം. ശ്രമംകൂടാതെ ജീവിക്കയും ഒരു ഉത്തമവൈദ്യനായിരിക്കയും രണ്ടുംകൂടെ സാധിക്കയില്ല. തൃപ്തി ഉണ്ടാകണമെങ്കിൽ രണ്ടിലൊന്നു തിരഞ്ഞെടുത്തു അതിൽ മനസ്സു ദൃഢമായി പതിക്കയും മറേറതിനെപ്പററി ചിന്തിക്കാതിരിക്കയും വേണം. ജഡമോഹങ്ങൾക്കധീനനായി കേവലം ലൌകികജീവിതം കഴിക്കയും, ദൈവസേവയിലും ദൈവരാജ്യസ്ഥാപനത്തിലും ഉത്സാഹമുള്ളവനായി ജീവിതം കഴിക്കയും ചെയ്യുന്നതു തമ്മിൽ യാതൊരു ചേൎച്ചയും ഇല്ല. ഒരു മദ്ധ്യമജീവിതം സാദ്ധ്യവും അല്ല. ഹൃദയം ഏതെങ്കിലും ഒന്നിൽ ഉററിരിക്കേണം. ആ ഒന്നിനെ തിരഞ്ഞെടുത്തു അതിൽ ശ്രദ്ധ മുഴുവനും പതിക്കുക.

---

## പത്താം ആഴ്ച:—രണ്ടാം ദിവസം

മത്താ. 6: 25—33. അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നതു: എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്തു ഉടുക്കും എന്നു ശരീരത്തിന്നായിക്കൊണ്ടും വിചാരപ്പെടരുതു്; ആഹാരത്തേക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ? ആകാശത്തിലെ പറവകളെ നോക്കുവിൻ; അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല; എങ്കിലും സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് അവയെ പുലൎത്തുന്നു: അവയെക്കാൾ നിങ്ങൾ ഏററവും വിശേഷതയുള്ളവരല്ലയോ? വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരുമുഴം കൂട്ടുവാൻ നിങ്ങളിൽ ആൎക്കു കഴി

യും? ഉടുപ്പിനെക്കുറിച്ചു വിചാരപ്പെടുന്നതും എന്തു്? വയലിലെ താമര എങ്ങനെ വളരുന്നു എന്നു നിരൂപിപ്പിൻ; അവ അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നതുമില്ല. എന്നാൽ ശലോമോൻപോലും തൻെറ സർവ്വമഹത്വത്തിലും ഇവയിൽ ഒന്നിനോളം ചമഞ്ഞിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്ര അധികം. ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്തു് ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുതു്. ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ. മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

ഇന്നലത്തെ പാഠത്തിൻെറ സാരം ഇന്നത്തെ പാഠത്തിൻെറ അന്ത്യവാക്യാനുസരണം ഇന്നു വീണ്ടും ആലോചിക്കാം. ഏതു മനുഷ്യൻെറയും ജീവിതത്തിൽ ഒരു കാര്യമേ സർവ്വപ്രധാനമായി അമൂല്യവസ്തുവായിരിക്കാൻ പാടുള്ളു. ഒരു മനുഷ്യനു അവൻ ഏററക്കുറെ വിലമതിക്കുന്ന പല കാര്യങ്ങൾ—ശരീരസുഖമോ, ഉല്ലാസമോ, അലങ്കാരമോ, സന്തോഷമോ അവൻെറ ജീവിതത്തിൽ ഉണ്ടായിരിക്കാം. സ്വർഗ്ഗസ്ഥനായ പിതാവു ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ. എന്നാൽ ഒന്നുമാത്രമേ സർവപ്രധാനമായിരിക്കയുള്ളു. ഈ സർവപ്രധാന കാര്യം ദൈവത്തിൻെറ രാജ്യവും നീതിയും ആയിരിക്കേണം. മററെല്ലാം അതിന്നധീനമായിരിക്കേണം എന്നു കർത്താവു പറയുന്നു. ഇതിനു ലോകജീവിതത്തിലെ നന്മകൾ അനുഭവിപ്പാൻ പാടില്ല എന്നു അർത്ഥമില്ല. ആരോഗ്യം, സുഖം, വ്യായാമം, ധനം, കുടുംബജീവിതം മുതലായവ ദൈവരാജ്യത്തിൻെറ ശുശ്രൂഷകന്മാരായിരിക്കുന്നിടത്തോളം ഉത്തമം തന്നേ. അവ ദൈവരാജ്യത്തിൻെറ ഉദ്ദേശ്യ

ങ്ങളിൽ ഉൾപ്പെട്ടവയുമാകുന്നു. എങ്കിലും അവ നഷ്ടപ്പെട്ടാലും നാം ദൈവരാജ്യം സൎവ്വപ്രധാനമായി വിചാരിക്കയും അതിനുവേണ്ടി നന്മയല്ലാത്തവയെല്ലാം ഉപേക്ഷിക്കയും നന്മയായവയെ സൎവ്വപ്രധാനമായി ഗണിക്കയും വേണം. നിങ്ങൾ ഈ തത്വത്തിൻെറ അൎത്ഥം എന്തെന്നു ചിന്തിക്കുക. നിങ്ങളുടെ ജീവിതത്തിൽ ദൈവരാജ്യത്തിനും അവൻെറ നീതിക്കും സൎവ്വപ്രാധാന്യം കൊടുത്താലുള്ള ഭവിഷ്യം എന്തായിരിക്കുമെന്നു വിചിന്തനം ചെയ്ക.

---

## പത്താം ആഴ്ച:—മൂന്നാം ദിവസം

ലൂക്കൊ. 14: 16—24. അവനോടു അവൻ പറഞ്ഞതു്: ഒരു മനുഷ്യൻ വലിയോരു അത്താഴം ഒരുക്കി പലരേയും ക്ഷണിച്ചു. അത്താഴസമയത്തു അവൻ തൻെറ ദാസനെ അയച്ചു ആ ക്ഷണിച്ചവരോടു: എല്ലാം ഒരുങ്ങിയിരിക്കുന്നു; വരുവിൻ എന്നു പറയിച്ചു. എല്ലാവരും ഒരുപോലെ ഒഴികഴിവു പറഞ്ഞു തുടങ്ങി; ഒന്നാമത്തവൻ അവനോടു: ഞാൻ ഒരു നിലം കൊണ്ടതിനാൽ അതു ചെന്നു കാണേണ്ടുന്ന ആവശ്യം ഉണ്ടു്; *എന്നോടു ക്ഷമിച്ചുകൊള്ളേണം എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു. മറ്റൊരുത്തൻ: ഞാൻ അഞ്ചേർ കാളയെ കൊണ്ടിട്ടുണ്ടു്; അവയെ ശോധനചെയ്‌വാൻ പോകുന്നു; *എന്നോടു ക്ഷമിച്ചുകൊള്ളേണം എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു. വേറൊരുത്തൻ: ഞാൻ ഇപ്പോൾ വിവാഹം കഴിച്ചിരിക്കുന്നു; വരുവാൻ കഴിവില്ല എന്നു പറഞ്ഞു. ദാസൻ മടങ്ങിവന്നു യജമാനനോടു അറിയിച്ചു. അപ്പോൾ വീട്ടുടയവൻ കോപിച്ചു ദാസനോടു: നീ വേഗം പട്ടണത്തിലെ വീഥികളിലും ഇടത്തെരുക്കളിലും ചെന്നു ദരിദ്രന്മാർ, അംഗഹീനർ, കു

---

* സുറിയാനിയിൽ നിന്നുള്ള തൎജ്ജമയിൽ 'എനിക്കു നീ വെച്ചേക്ക എന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു.' ഈ പാഠം 'ക്ഷണിച്ച പുരുഷന്മാർ ആരും എൻെറ അത്താഴം ആസ്വദിക്കയില്ല' എന്നതിൻെറ അൎത്ഥം വ്യക്തമാക്കുന്നു.

രുടന്മാർ, മുടന്തന്മാർ എന്നിവരെ കൂട്ടിക്കൊണ്ടു വരിക എന്നു കല്പിച്ചു. പിന്നെ ദാസൻ: യജമാനനേ കല്പിച്ചതു ചെയ്തിരിക്കുന്നു; ഇനിയും സ്ഥലം ഉണ്ടു് എന്നു പറഞ്ഞു. യജമാനൻ ദാസനോടു: നീ പെരുവഴികളിലും വേലികൾക്കരികെയും പോയി, എന്റെ വീടു നിറയേണ്ടതിന്നു കണ്ടവരെ അകത്തുവരാൻ നിർബന്ധിക്ക. ആ ക്ഷണിച്ച പുരുഷന്മാർ ആരും എന്റെ അത്താഴം ആസ്വാദിക്കയില്ല എന്നു് ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.

ക്ഷണപ്രകാരം വരാത്തവർ അന്യായമാണോ ചെയ്തിരുന്നതു്? അവരുടെ കാര്യബോധവും കുടുംബപ്രതിപത്തിയും പ്രശംസനീയം ആകുന്നു. നിലം വാങ്ങിയവൻ അതു ചെന്നുകാണുന്നതും കാളയെ വാങ്ങിയവൻ അതിനെ ശോധനചെയ്യാൻ പോകുന്നതും ന്യായം തന്നേ. അപ്രധാന കാര്യങ്ങൾ അധികം വിലമതിക്കയും സർവ്വപ്രധാന കാര്യം വിലമതിക്കാതിരിക്കയും ചെയ്തതാണു് അവരുടെ തെററു്. അന്നവസ്ത്രാദികളും സമുദായാചാരങ്ങളുടെ അനുഷ്ഠാനവും പലരുടേയും ശ്രദ്ധയെ സവിശേഷം ആകർഷിക്കയും അവർ അവയെപ്പററി ചിന്താകുലരായിരിക്കയും ചെയ്യുന്നു. ജീവിതത്തിൽ അവയെക്കാൾ ആവശ്യവും ഉത്തമവും ആയിട്ടുള്ളവയെപ്പററി അവർ വിചാരിക്കാറില്ല. നമ്മുടെ ജീവിതകാലം ചുരുക്കവും നമ്മുടെ ശക്തികൾ തുച്ഛവും ആണെന്നും നമ്മുടെ ഹൃദയം നിസ്സാരകാര്യങ്ങളിൽ ലയിച്ചുകിടന്നാൽ വൻകാര്യങ്ങൾ നമുക്കു നഷ്ടമായി പോകുമെന്നും ആലോചിക്കാം. 'നിങ്ങൾ ഈ പുസ്തകം വായിച്ചുകൊണ്ടിരുന്നാൽ ആ പുസ്തകം വായിക്കയില്ലല്ലോ' എന്നു റസ്കിൻ പറഞ്ഞിരിക്കുന്നതു എത്രയോ വാസ്തവമാണു്. നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ വിശിഷ്ടകാര്യങ്ങൾക്കു അവശ്യാർഹമായ ശ്രദ്ധ കൊടുക്കുന്നുണ്ടോ?

---

## പത്താം ആഴ്ച:—നാലാം ദിവസം

മത്ത. 13: 19—23. ഒരുത്തൻ രാജ്യത്തിൻെറ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്നു അവൻെറ ഹൃദയത്തിൽ വിതെക്കപ്പെട്ടതു് എടുത്തുകളയുന്നു; ഇതത്രെ വഴിയരികെ വിതെക്കപ്പെട്ടതു്. പാറസ്ഥലത്തു വിതെക്കപ്പെട്ടതോ ഒരുത്തൻ വചനത്തെ കേട്ടിട്ടു ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നതു ആകുന്നു. എങ്കിലും വേരില്ലാതിരിക്കയാൽ അവൻ ക്ഷണികനത്രേ. വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു. മുള്ളിന്നിടയിൽ വിതെക്കപ്പെട്ടതോ, ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിൻെറ ചിന്തയും ധനത്തിൻെറ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലമായിത്തീരുന്നതാകുന്നു. നല്ലനിലത്തു വിതെക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നതു ആകുന്നു; അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നൽകുന്നു.

മുള്ളുകളുടെ ഇടയിൽ വീണ വിത്തിനെപ്പററി ചിന്തിച്ച ഇന്നലത്തെ പാഠത്തിൻെറ ഒരു ഉദാഹരണമായി നമുക്കു അതിനെ ഇന്നു വ്യാഖ്യാനിക്കാം. വിത്തു വീണ സ്ഥലത്തു വേറെ ചെടികൾ ഉണ്ടായിരുന്നതുകൊണ്ടു ആ വിത്തിനു വളരുവാൻ ഇടമില്ലാതെപോയി. നമ്മുടെ മിക്ക പരാജയങ്ങൾക്കും കാരണം, അയോഗ്യമല്ലെങ്കിലും താരതമ്യപ്പെടുത്തി നോക്കിയാൽ അത്യുൽകൃഷ്ടമല്ലാത്ത കാൎയ്യങ്ങളിൽ നമ്മുടെ ജാഗ്രത മുഴവനും ലയിപ്പിച്ചിട്ടു നമ്മുടെ പ്രാർത്ഥനാജീവിതത്തിനും ദൈവവിശ്വാസത്തിനും ആത്മികവരങ്ങൾക്കും ഔദാൎയ്യത്തിന്നും ഇടമില്ലാതെ ഹൃദയത്തിൽനിന്നു ബഹിഷ്കരിക്കപ്പെടുന്നതല്ലയോ? ഒരു ചിത്രകാരൻ തൻെറ ചിത്രത്തിൽ ഉൾപ്പെടുത്താതെ എന്തെല്ലാം വിട്ടുകളയുന്നു എന്നു അറിഞ്ഞാൽ അവൻ ഒരു യഥാൎത്ഥചിത്രകാരനോ അല്ലയോ എന്നറിയാം എന്നു മില്ലർ പറയുന്നു. ഒരു യഥാൎത്ഥ ചിത്രകാരൻ, കാണുന്നതെല്ലാം തൻെറ ചിത്രത്തിൽ കുത്തിച്ചെലുത്തുകയില്ല. അവൻ ഒരു പ്രധാനകാൎയ്യം ചിത്രത്തിൻെറ വിഷയമാക്കി മറെറല്ലാ കാൎയ്യങ്ങ

ളും അതിന്നു അധീനമായി ഗണിക്കും. നിങ്ങൾ എല്ലാ കാൎയ്യങ്ങളെയും താരതമ്യപ്പെടുത്തി നോക്കി ഓരോന്നിന്റെയും വിലയൊ പ്രാധാന്യമോ നിൎണ്ണയിച്ചാണോ പ്രവൎത്തിക്കുന്നതു്? നിങ്ങൾക്കു എല്ലാം ചെയ്വാൻ കാലമോ ശക്തിയോ ഇല്ല. ഒന്നാമത്തെ കാൎയ്യങ്ങൾ നിങ്ങൾ ഒന്നാമതായി വിചാരിക്കുന്നുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ സ്വഭാവനൈൎമ്മല്യത്തിന്നോ അതിന്നെതിരായി പ്രവൎത്തിക്കുന്ന ധനമോഹം, സമുദായോന്നതിക്കുള്ള ആഗ്രഹം, കീൎത്തി, ഉല്ലാസപ്രിയം ഇവയ്ക്കോ ഇവയെപ്പോലെയുള്ള മററു മോഹങ്ങൾക്കോ നിങ്ങൾ പ്രാധാന്യം കല്പിക്കുന്നതു്?

---

## പത്താം ആഴ്ച:—അഞ്ചാം ദിവസം

ലൂക്കൊ. 12: 16—21. ഒരു ഉപമയും അവരോടു പറഞ്ഞതു: ധനവാനായോരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ: ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്നു ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞതു്: ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ചു അധികം വലിയവ പണിതു എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവെക്കും. എന്നിട്ടു എന്നോടുതന്നേ: നിനക്കു ഏറിയ ആണ്ടുകാലക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചു വെച്ചിരിക്കുന്നു; ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും. ദൈവമോ അവനോടു: മൂഢാ, ഈ രാത്രി നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചതു ആൎക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നേ നിക്ഷേപിക്കുന്നവന്റെ കാൎയ്യം ഇങ്ങനെ ആകുന്നു.

നമ്മുടെ കൎത്താവു എന്തിനാണു് സൎവ്വപ്രാധാന്യം കല്പിച്ചതെന്നു ആലോചിച്ചാൽ ഓരോരുത്തന്റെയും ജീവിതത്തിൽ വിശുദ്ധിയും ഉപയോഗവും ഉള്ള ഉൽകൃഷ്ടസ്വഭാവം

അവൻ സർവ്വപ്രധാനമായി വിചാരിച്ച എന്നു കാണാം. നീ ലംറുരയിടങ്ങൾക്കും ധനധാന്യങ്ങൾക്കും അതിനോടു ഒരു സാമ്യവും ഇല്ലായിരുന്നു. ഇന്നത്തെ പാഠത്തിൽ തന്റെ ധനത്തിൽ പ്രത്യാശവെച്ചുകൊണ്ടു ദൈവമുമ്പാകെ സ്വഭാവഗുണത്തിൽ നിർദ്ധനനായിരുന്നവൻ മൂഢനാണെന്നു കർത്താവു പറയുന്നു. നിങ്ങളുടെ ജീവിതോദ്ദേശ്യം ധനസമ്പാദ്യം ആക്കാൻ നിങ്ങൾക്കുണ്ടാകുന്ന പലവിധ പരീക്ഷകളെപ്പററി പര്യാലോചിക്ക. ഈ പരീക്ഷകളിൽനിന്നു വിമുക്തനാകാൻ ദൈവരാജ്യത്തിന്നുവേണ്ടിയുള്ള പ്രയത്നവും, ധനം നിങ്ങളുടെ ഭക്തിക്കു അധീനമാക്കുന്നതും അല്ലാതെ വേറെമാർഗ്ഗം ഉണ്ടോ? ധനത്തെ നിങ്ങളുടെ ദാസനാക്കുക, എന്നാൽ അതിനെക്കൊണ്ടു പല വലിയ കാര്യങ്ങളും നിവൎത്തിക്കാം. അതിനു നിങ്ങളുടെമേൽ കൎത്തവ്യം കൊടുക്കുക; ആത്മികപ്രകാരം നിങ്ങൾ മരിച്ചവനായി.

---

## പത്താം ആഴ്ച:—ആറാം ദിവസം.

യോഹ. 10: 10—16. മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു്! ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ഇടയനും ആടുകളുടെ ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ്‌ വരുന്നതുകണ്ടു ആടുകളെ വിട്ടു ഓടിക്കളയുന്നു; ചെന്നായ്‌ അവയെ പിടിക്കയും ചിന്നിച്ചുകളകയും ചെയ്യുന്നു. അവൻ കൂലിക്കാരനും ആടുകളെക്കുറിച്ചു വിചാരമില്ലാത്തവനുമല്ലോ. ഞാൻ നല്ല ഇടയൻ; പിതാവു എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു. ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കു ഉണ്ടു്; അവയെയും

ഞാൻ നടത്തേണ്ടതാകുന്നു; അവ എൻെറ ശബ്ദം കേൾക്കും: ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും.

ഈ പാഠത്തിൽ നമ്മുടെ കർത്താവിൻെറ താരതമ്യവിവേചനം പ്രത്യക്ഷമായിക്കാണാം. നമ്മുടെ കർത്താവിനു ഓരോ മനുഷ്യൻെറയും ജീവൻ വർണ്ണനാതീതമായി വിലയേറിയതാകുന്നു. അതുകൊണ്ടു അവരുടെ രക്ഷയ്ക്കായി ബലികഴിക്കരുതാത്ത യാതൊന്നുമില്ല. ഇതിൽനിന്നു കർത്താവിൻെറ അഭിപ്രായത്തിൽ എന്തിനാണു സർവ്വപ്രാധാന്യം നൽകേണ്ടതെന്നു എളുപ്പത്തിൽ അനുമാനിക്കാം. എന്തെന്നാൽ നാം പ്രാധാന്യം ഏറിയതിനുവേണ്ടി പ്രാധാന്യം കുറഞ്ഞതാണല്ലോ ബലികഴിക്കുന്നതു്. മനുഷ്യരെ രക്ഷിക്കാൻ കർത്താവു എന്തും ബലികഴിപ്പാൻ ഒരുക്കമായിരുന്നു, അതുകൊണ്ടു മനുഷ്യരക്ഷയ്ക്കു വല്ല ഗുണവും സിദ്ധിക്കുമെങ്കിൽ ധനവും സുഖവും സന്തോഷവും ജീവൻപോലും ഉപേക്ഷിപ്പാൻ അവൻ മടിച്ചില്ല. അവൻെറ അഭിപ്രായത്തിൽ മനുഷ്യൻെറ ആത്മികജീവിതം ഒരു വിശുദ്ധസ്ഥലം ആയിരുന്നു. പാപം ആ വിശുദ്ധഭൂമിയെ അശുദ്ധമാക്കി. മനുഷ്യർ മനുഷ്യരോടു കാണിക്കുന്ന അനീതിയെല്ലാം ആ വിശുദ്ധസ്ഥലത്തെ മലിനപ്പെടുത്തുകയാണു്. മനുഷ്യൻെറ ആത്മാവിനെ സംരക്ഷിക്കാനും വീണ്ടെടുക്കാനും എന്തു വില കൊടുത്താലും എന്തു നഷ്ടം സഹിച്ചാലും അധികമായിപോകയില്ല. ഈ സർവ്വപ്രധാന വസ്തുവിനെപ്പററി നമ്മുടെ കർത്താവിനുണ്ടായിരുന്ന വിലമതിപ്പു നിങ്ങൾക്കും ഉണ്ടോ? ആ വിലമതിപ്പു നിങ്ങൾക്കും ഉണ്ടെന്നു കാണിപ്പാൻ നിങ്ങളുടെ ജീവിതത്തിൽ വല്ല ലക്ഷ്യങ്ങളും കാണ്മാനുണ്ടോ?

---

## പത്താം ആഴ്ച:—ഏഴാം ദിവസം

ലൂക്കൊ. 10: 30—37. യേശു ഉത്തരം പറഞ്ഞതു: ഒരു മനുഷ്യൻ യെരുശലേമിൽനിന്നു യെറിഹോവിലേക്കു പോകു

ഴോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടു; അവർ അവനെ വസ്ത്രം അഴിച്ചു മുറിവേല്പിച്ചു അർദ്ധപ്രാണനായി വിട്ടേച്ചു പോയി. ആ വഴിയായി യദൃഛയാ ഒരു പുരോഹിതൻ വന്നു അവനെ കണ്ടിട്ടു മാറി കടന്നുപോയി. അങ്ങനെതന്നേ ഒരു ലേവ്യനും ആ സ്ഥലത്തിൽ എത്തി അവനെ കണ്ടിട്ടു മാറി കടന്നുപോയി. ഒരു ശമര്യക്കാരനോ ആ വഴി പോകയിൽ അവൻെറ അടുക്കൽ എത്തി അവനെ കണ്ടിട്ടു മനസ്സലിഞ്ഞു അരികെ ചെന്നു എണ്ണയും വീഞ്ഞും പകൎന്നു അവൻെറ മുറിവുകളെ കെട്ടി അവനെ തൻെറ വാഹനത്തിൽ കയററി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി രക്ഷചെയ്തു. പിറെറന്നാൾ അവൻ പുറപ്പെട്ടപ്പോൾ രണ്ടു വെള്ളിക്കാശു എടുത്തു വഴിയമ്പലക്കാരനു കൊടുത്തു: ഇവനെ രക്ഷചെയ്യണം; അധികം വല്ലതും ചെലവിട്ടാൽ ഞാൻ മടങ്ങിവരുമ്പോൾ തന്നുകൊള്ളാം എന്നു അവനോടു പറഞ്ഞു. കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവന്നു ഈ മൂവരിൽ ഏവൻ കൂട്ടുകാരനായിത്തീൎന്നു എന്നു നിനക്കു തോന്നുന്നു? അവനോടു കരുണ കാണിച്ചവൻ എന്നു അവൻ പറഞ്ഞു. യേശു അവനോടു: നീയും പോയി അങ്ങനെ തന്നേ ചെയ്ക എന്നു പറഞ്ഞു.

നമ്മുടെ കൎത്താവിൻെറ അപ്രീതിക്കു പുരോഹിതനും ലേവ്യനും പാത്രമാകാൻ എന്താണു സംഗതി? അവർ ഒന്നും ചെയ്തില്ല. അതാണ് അവരുടെ കുററം. ദുഷ്ടത മനുഷ്യരോടു പോരാടുന്നതിൻെറ ഒരു ദൃഷ്ടാന്തം അവർ പ്രത്യക്ഷമായി കണ്ടപ്പോൾ അവർ നിഷ്പക്ഷപാതം അവലംബിച്ചു വഴി ഒഴിഞ്ഞുപോയി. നിഷ്പക്ഷപാതാവലംബനം എപ്പോഴും ഇങ്ങനെ തോൽവിയല്ലേ പ്രാപിക്കുന്നത്? അന്നുമുതൽ പുരോഹിതനും ലേവ്യനും കള്ളന്മാരുടെ സഖാക്കളായി ദുഷ്ടതയ്ക്കു അനുകൂലിക്കുന്നവരായി ഗണിക്കപ്പെട്ടുവരുന്നതു ന്യായമല്ലയോ? യഥാൎത്ഥ നിഷ്പക്ഷപാതപാലനം ആൎക്കും സാദ്ധ്യമല്ല. അടുത്ത അദ്ധ്യായത്തിൽ നമ്മുടെ കൎത്താവു ഇങ്ങനെ പറയുന്നു: 'എനിക്കു അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലം ആകുന്നു. എന്നോടുകൂടെ ചേൎക്കാത്തവൻ ചിതറിക്കുന്നു' (ലൂക്കൊ. 11: 23). നന്മയും തിന്മയും തമ്മിൽ, ക്രിസ്തു

വും എതിർക്രിസ്തുവും തമ്മിൽ, ഒരു വലിയ പോരാട്ടം നടക്കുന്നു. പോക്കളം നിങ്ങളിലും നിങ്ങളുടെ ചുററും ആകുന്നു. നിങ്ങൾ വിചാരങ്ങളും പ്രവൃത്തികളും മുഖാന്തരം ഒരു ഭാഗം പിടിക്കാതെ നിവൃത്തിയില്ല. ഏതു ഭാഗം നിന്നു നിങ്ങളുടെ സവ്വ ബലത്തോടുംകൂടെ യുദ്ധം ചെയ്യുമെന്നു നിങ്ങൾ തീർച്ചയാക്കീട്ടുണ്ടോ? ദൈവവും അവൻെറ രാജ്യവും സർവ്വപ്രധാനമായി നിങ്ങൾ ആലോചനാപൂർവ്വം തിരഞ്ഞെടുത്തിട്ടുണ്ടോ?

---

## അദ്ധ്യായം 20

### പത്താം ആഴ്ചയിലെ വിമർശനവീഥി

## നമ്മുടെ കർത്താവിൻെറ താരതമ്യവിവേചനം

യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് ക്രിസ്തീയജീവിതത്തിൻെറ ആദ്യപടി എന്നുള്ള ഉപദേശം നമ്മുടെ ഇടയിൽ സവ്വസാധാരണയാണ്. എങ്കിലും ഇക്കാലത്തു ഒരുവനു ക്രിസ്തുവിൻെറ ശിഷ്യന്മാക്കുണ്ടായിരുന്ന അനുഭവമില്ലാഞ്ഞാൽ യേശുക്രിസ്തുവിലുള്ള വിശ്വാസം നശിപ്പിക്കുന്നതിനു യാതൊരു പ്രയാസവും ഇല്ല എന്നു നാം പ്രത്യേകം സ്മരിക്കേണ്ടതാണ്. ലോകത്തിൽ ജീവിച്ചിരുന്നിട്ടുള്ള മഹാന്മാരിൽവെച്ചു അഗ്രഗണ്യൻ എന്ന നിലയിൽ ഒരു അഭിനന്ദനരൂപത്തിൽ ഇന്നു ചിലർ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടു്. വളരെ മനോഹരമായ രീതിയിൽ പൂൎണ്ണമാക്കപ്പെട്ട ഒരു ചിത്രത്തിൻെറയോ, കവിതയുടെയോ മുമ്പിൽ എന്നവണ്ണം ഇന്നു യേശുക്രിസ്തുവിൻെറ ജീവിതത്തിൻെറ മുമ്പിൽ നിന്നുകൊണ്ടു, അതു എത്ര മനോഹരമായ ഒന്നാണ്! എന്നു പറയുന്നവരും ഇക്കാലത്തുണ്ടു്. ചിലരാകട്ടെ, 'സാക്ഷാൽ സത്യദൈവം, ജനിച്ചവൻ, സൃഷ്ടിയല്ലാത്തവൻ' എന്നിപ്രകാരമു

ള്ള വിശ്വാസപ്രമാണവാക്യങ്ങളിൽ ആശ്രയിച്ചു യേശുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. പക്ഷേ ഈ കൂട്ടരെല്ലാം, ക്രിസ്തുവിനു തന്റെ പ്രഥമശിഷ്യന്മാരിൽ ഉണ്ടായിരുന്ന സ്വാധീനശക്തി വിട്ടുകളയുന്നു. സംഗതികൾക്കു വില കല്പിക്കുന്നതിൽ യേശു ഒരു വിപ്ലവംതന്നെയാണ് ആവശ്യപ്പെട്ടതു്. സാധാരണയായി പ്രഥമസ്ഥാനത്തു പ്രതിഷ്ഠിച്ചിരുന്നവയെ യേശു താഴ്ത്തി, ധിക്കരിക്കപ്പെട്ടിരുന്നവസ്തു ഉന്നതസ്ഥാനം കല്പിച്ചു. മനുഷ്യർ തങ്ങളുടെ സർവ്വശക്തികളും ഭൌമിക ആവശ്യങ്ങളായ വസ്ത്രം, ഭക്ഷണം മുതലായവ ലഭിക്കുന്നതിനായി വിനിയോഗിക്കുന്നതു യേശു കണ്ടപ്പോൾ അദ്ദേഹം അവരുടെ ജീവിതത്തെ ഏററവും ഉത്തമവും ഉൽകൃഷ്ടവുമായ ഒരു കാര്യസാദ്ധ്യത്തിന്നായി വിനിയോഗിക്കണമെന്നു അവരെ പഠിപ്പിച്ചു. 'മുമ്പെ അവന്റെ രാജ്യം അന്വേഷിക്കുക' (മത്താ. 6: 33). ഒരു മനുഷ്യനു സഹായശുശ്രൂഷ ചെയ്യുന്നതിനേക്കാൾ അവർ ശബ്ബത്തുകല്പനസ്സു കൂടുതൽ പ്രാധാന്യം കൊടുത്തപ്പോൾ ഈ തെററായ മാർഗ്ഗത്തെ ഉപേക്ഷിച്ചു ശരിയായ പാതയെ സ്വീകരിക്കണമെന്നു അദ്ദേഹം ഉപദേശിച്ചു, 'മനുഷ്യൻ ശബ്ബത്തിനായിട്ടല്ല, ശബ്ബത്തു മനുഷ്യനായിട്ടത്രെ ഉണ്ടായതു്' (മക്കൊ. 2: 27). ചില പ്രത്യേക സംഗതികൾക്കു പ്രാധാന്യവും മററവസ്സു അവയെക്കാൾ ഒരു താഴ്ന്ന സ്ഥാനവും യേശു എപ്പോഴും കൊടുത്തുകൊണ്ടിരുന്നു. മുൻപു് ഉത്തമവും പ്രധാനവുമായ നില സിദ്ധിച്ചിരുന്നവസ്സു ക്രിസ്തു താഴ്ന്ന സ്ഥാനം ആകുന്നു നൽകിയതു്. അദ്ദേഹം പ്രധാനവും അപ്രധാനവുമായ സംഗതികളെ അളന്ന തോതു ഏററവും നവീനമായ ഒന്നുതന്നെ ആയിരുന്നു. അതിനാൽ അവയെ സ്വീകരിച്ചവരുടെ ജീവിതത്തിൽ അത്ഭുതകരവും പൂർണ്ണവുമായ ഒരു വ്യതിയാനം ഉണ്ടായിരുന്നു. യേശുതന്നെയാണ് ക്രിസ്തു എന്നു പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു് (മക്കൊ, 8: 29) ക്രിസ്ത്യാനി ആകുന്നതിനുമുമ്പ്, മനുഷ്യരുടെ പ്രധാനവും അപ്രധാന

വുമായ സംഗതികളെപ്പററിയുള്ള ബോധം മാററണമെന്നുള്ള ക്രിസ്തുവിൻെറ അഗ്രഹം നല്ലവണ്ണം മനസ്സിലാക്കിയിരിക്കണം.

ക്രിസ്തുവിന്നു സ്വശിഷ്യന്മാരിലുള്ള ഈ സ്വാധീനശക്തി അദ്ദേഹം വളരെ കരുതി പ്രയോഗിച്ച ഒന്നാണ്. 'നിങ്ങളുടെ നിക്ഷേപ ഉള്ള ഇടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും എന്നാണ് അദ്ദേഹം കല്പിച്ചതു്. (മത്താ. 6: 21). പ്രധാനവും അപ്രധാനവുമായ സംഗതികളെ അളക്കുന്നതിനു മനുഷ്യർ ഉപയോഗിക്കുന്ന തോതു അവരുടെ ജീവിതത്തെ നിർണ്ണയിക്കുന്നതിനു ഒരു മാർഗ്ഗമായിട്ടു അദ്ദേഹം മനസ്സിലാക്കിരുന്നു. എല്ലാം വിശ്വാസപ്രകടനത്തിനും അടിയിൽ ഉണ്ടായിരുന്ന ചോദ്യം ഇതു ഒന്നു തന്നെ ആയിരുന്നു. മററു സകലതും അപ്രധാനമായി കരുതത്തക്കവണ്ണം ഒരു മനുഷ്യൻ തൻെറ ജീവിതത്തിൽ ഏററവും പ്രധാനമായിക്കരുതുന്ന സംഗതി ഏതാണ്? മനുഷ്യരുടെ 'നിക്ഷേപത്തെ'പ്പററി ഉണ്ടായിരുന്ന പൂർവ്വിക അഭിപ്രായത്തെ പാടെ വിപാടനംചെയ്തു ഏററവും ഉൽകൃഷ്ടവും നവീനവുമായ ഒരു അഭിപ്രായത്തെ അവർക്കു പ്രദാനംചെയ്യുന്നതിനു് ക്രിസ്തു ശ്രമിച്ചു. ക്രിസ്തുവിൻെറ ഈ അഭിപ്രായം എന്താണെന്നു കണ്ടുപിടിക്കുന്നതു അദ്ദേഹത്തിൻെറ സ്വഭാവത്തെപ്പററി പഠിക്കുന്നതിനുള്ള ഒരു എളുപ്പമാർഗ്ഗമാകുന്നു.

ഒരു മനുഷ്യൻെറ സ്വഭാവത്തെ മനസ്സിലാക്കുന്നതിനു്, അവൻ ലോകത്തിൽ ഉൽകൃഷ്ടവും, പ്രധാനവുമായി കരുതുന്ന സംഗതികളെ കണ്ടുപിടിക്കുന്നതിനെക്കാൾ ഉത്തമമായ മാർഗ്ഗമെന്താണ്? നമുക്കു ക്രിസ്തുവിൻെറ പ്രമാണത്തെ തന്നെ ഇവിടെ ഉപയോഗിക്കാം. അദ്ദേഹത്തിൻെറ നിക്ഷേപം എന്താണെന്നും തൻമൂലം ഹൃദയവും മനസ്സും എവിടെയാണ് സ്ഥിതിചെയ്യുന്നതു് എന്നും കണ്ടുപിടിക്കാൻ നമുക്കു ശ്രമിക്കാം.

യേശുക്രിസ്തു ലോകത്തിൽ ഏററവും ഉൽകൃഷ്ടവും പ്രധാനവുമായി കരുതുന്നതു് എന്താണെന്നു അദ്ദേഹത്തിൻെറ ഒരു വചനത്തിൽനിന്നും നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. 'ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തൻെറ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനമുള്ളു?' (മത്താ. 16: 26). ഇവിടെ വെറും ശരീരത്തെപ്പററിയോ, അതിൻെറ സ്ഥിതിയെപ്പററിയോ അല്ല, പിന്നെയോ ആത്മാവിനെയും, അതിൻെറ സ്വഭാവത്തെയും ആത്മിക ജീവിതത്തെയും കുറിച്ചു് ആയിരുന്നു ക്രിസ്തു പറഞ്ഞതു്. അതായിരുന്നു അദ്ദേഹത്തിനു ഏററവും വിലയുള്ളതായി തോന്നിയിരുന്നതു്. അതിനോടു താരതമ്യപ്പെടുത്തത്തക്കവണ്ണം ഒന്നുംതന്നെ ഇല്ലായിരുന്നു. ഒരു മനുഷ്യൻെറ ആത്മീയജീവിതത്തിനു ഒരു കണ്ണോ കയ്യോ ബാധകമായി കണ്ടാൽ ഉടനെ അതിനെ വെട്ടി എറിഞ്ഞുകളയേണ്ടതു അത്യാവശ്യമായിരുന്നു (മത്താ. 5: 29, 30).

മനുഷ്യകണ്ണുകൾക്കു അഗോചരമായതും, ദൈവസാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടതും, സനാതനവും, യഥാർത്ഥവുമായ ആത്മാവിനെ ആകുന്നു ഏററവും വിലയുള്ളതായി യേശു കരുതിയിരുന്നതു്. അതുകൊണ്ടായിരുന്നു ഈ ആത്മാവിൻെറ ഉയർച്ചയ്ക്കും ഉദ്ധാരണത്തിനുമായി, മനുഷ്യജീവിതത്തിലുള്ള മററെല്ലാററിനെയും ത്യജിക്കണമെന്നും ഈ ആത്മാവിന്നു പ്രധാനവും പ്രഥമവുമായ സ്ഥാനം കൊടുക്കണമെന്നും ക്രിസ്തു എപ്പോഴും തൻെറ ശിഷ്യന്മാരോടു ഉപദേശിച്ചുകൊണ്ടിരുന്നതു്.

ദൈവം മനുഷ്യൻെറ ഈ ആത്മിക അളത്വത്തിനു അത്രെ ഈ ലോകത്തിലുള്ള സകലത്തെക്കാളും കൂടുതൽ വില കല്പിച്ചിരുന്നതു്. അതിനെ അദ്ദേഹം ഏററവും മനോഹരമായ കുസുമത്തെക്കാളും (മത്താ. 6: 30), ആകാശത്തിലെ പറവജാതികളെക്കാളും (മത്താ. 6: 31), ആട്ടിൻകൂട്ടങ്ങളെക്കാളും

(മത്താ. 12: 12), ഏററവും ഉൽകൃഷ്ടമായ മതാചാരങ്ങളെക്കാളും (മക്കോ. 2: 27) വിലയുള്ളതാക്കിയിരിക്കുന്നു. സ്വർഗ്ഗത്തോളപ്പോലും ആനന്ദതുന്ദിലമാക്കിത്തീക്കുന്നതിനു പര്യാപ്തമായിട്ടാണ് ഒരു ആത്മാവിൻെറ രക്ഷയെ ക്രിസ്തു ഗണിച്ചിരുന്നതു്!

'........അങ്ങനെതന്നേ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും' എന്നത്രെ അദ്ദേഹം പറഞ്ഞതു് (ലൂക്കൊ. 15: 7—10). യഥാർത്ഥമായ ആത്മികസ്വഭാവമാണ് മനുഷ്യജീവിതത്തിൽ ഏററവും ഉത്തമമായിട്ടുള്ളതെന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യങ്ങളെക്കാൾ ജീവിതം പ്രസ്പഷ്ടമാക്കുന്നുണ്ടു്. മനുഷ്യജാതിയെ രക്ഷിക്കണമെന്നുള്ളതായിരുന്നു തൻെറ ജീവിതത്തിൻെറ പ്രധാന അഭിവാഞ്ഛ. മനുഷ്യരെ രക്ഷിക്കുന്നതിലും, ശുശ്രൂഷിക്കുന്നതിലും ആയിരുന്നു തൻെറ ജീവിതത്തിലെ അത്യാനന്ദം സ്ഥിതിചെയ്തിരുന്നതു്. 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകക്കുവേണ്ടി തൻെറ ജീവനെ മറുവിലയായി കൊടുപ്പാനുമത്രെ വന്നതു്' എന്നാണ് അദ്ദേഹം തന്നെ പറഞ്ഞതു (മക്കോ. 10: 45). 'കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു്' എന്നാണ് വേറൊരു അവസരത്തിൽ പറയുന്നതു് (ലൂക്കൊ. 19: 10). അദ്ദേഹം മനുഷ്യരുടെ ശരീരത്തിൽക്കൂടെ അവരുടെ ആത്മാക്കളെ ശുശ്രൂഷിക്കുകയത്രെ ചെയ്തതു്. അദ്ദേഹത്തിൻെറ സമയത്തിൽ അധികഭാഗവും മനുഷ്യരുടെ ശാരിരിക സുഖക്കേടുകളെ ഭേദമാക്കിയും അവരുടെ ആത്മികപോഷണത്തിനുവേണ്ടി അവരെ ഉപദേശിച്ചും അത്രെ ചെലവഴിച്ചതു് (മക്കോ. 6: 54—56). അദ്ദേഹം ഏതൊരു കാര്യത്തിനുവേണ്ടി ജീവിക്കുകയും, ഉപദേശിക്കുകയും മരിക്കുകയും ചെയ്തുവോ, അതു് തീർച്ചയായും മനുഷ്യരുടെ ആത്മികസ്വഭാവമായിരുന്നു. അദ്ദേഹത്തിൻെറ സകല ത്യാഗവും ഇതിനുവേ

ണ്ടിത്തന്നെ ആയിരുന്നു. മനുഷ്യൎക്കുവേണ്ടി താൻ മരിക്കത്തക്കവണ്ണം അവർ അത്ര യോഗ്യന്മാരെന്നു മനസ്സിലാക്കിയിരുന്നതുകൊണ്ടാണു് അദ്ദേഹം അവൎക്കുവേണ്ടി മരിച്ചതു്.

ഇപ്രകാരം ഉത്തമമായ സ്വഭാവത്തിനും ആത്മാവിനും ജീവിതത്തിൽ ഏററവും ഉയൎന്ന ഒരു സ്ഥാനം കൊടുക്കുന്നതിൽ യേശുവിനു ഒരു പ്രയാസം മാത്രമെ ഉണ്ടായിരുന്നുള്ളു. ഈ പ്രവൃത്തിയിൽ അദ്ദേഹത്തിനു ഏററവും വൈഷമ്യം ഉള്ള ഒരു ശത്രുവിനോടു പോരാടേണ്ടതായിട്ടുണ്ടായിരുന്നു. അതു 'മാമോൻ' എന്ന ബദ്ധവൈരി ആയിരുന്നു. (മാമോൻ എന്നുള്ളതു് ധനത്തിനു സുറിയാനിഭാഷയിലുള്ള പേരാകുന്നു). പുഴുവും തുരുമ്പും കെടുക്കയും, കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഭൌമികസംഗതികളെ ആയിരുന്നു സാക്ഷാൽ സമ്പാദ്യമായിട്ടു ജനങ്ങൾ കരുതിയിരുന്നതു് (മത്താ. 6: 19). അവർ പണത്തിനു സൽസ്വഭാവത്തെക്കാളും, സമ്പാദ്യത്തിനു യഥാൎത്ഥ ആത്മികജീവനെക്കാളും ഉയൎന്നതായ ഒരു സ്ഥാനം കല്പിച്ചു. ആത്മികജീവിതവും സൽസ്വഭാവവുമാണു് ഏററവും ഉത്തമമായതെന്നു മനസ്സിലാക്കുന്നതിൽ മനുഷ്യനു ഏററവും പ്രതിബന്ധമായി നിൽക്കുന്നതു ധനമാണെന്നും, ധനമാണു് സകല വഞ്ചനയും ചെയ്യുന്നതെന്നും (മൎക്കൊ. 4: 19) അദ്ദേഹം ശിഷ്യന്മാരോടു പറഞ്ഞതിൽനിന്നും ക്രിസ്തുവും ധനവും തമ്മിലുള്ള ബന്ധം നമുക്കു വേഗം മനസ്സിലാക്കുവാൻ സാധിക്കും. ഏററവും ഉൽകൃഷ്ടമായ ജീവിതം ചെയ്വാൻ സാധിക്കുന്നവർ ധനം മുതലായ ഭൌമിക ആവശ്യങ്ങൾക്കായി തങ്ങളുടെ സൎവ്വശക്തികളും വിനിയോഗിച്ചു ജീവിതത്തെ പാഴാക്കിക്കളഞ്ഞതും അദ്ദേഹം കണ്ടിരുന്നു (മത്താ. 6: 31). ഏററവും നിസ്സാരമായ കാൎയ്യങ്ങൾമൂലം ആത്മികജീവിതത്തിലേക്കുള്ള ആ രാജകീയക്ഷണത്തെ നിരസിച്ച മനുഷ്യരെയും അദ്ദേഹം അറിയുമായിരുന്നു (ലൂക്കൊ. 14: 18). ഏററവും പരിശുദ്ധമായ സഹോദരത്വത്തെ ധനത്തിനുവേണ്ടിയുള്ള നികൃഷ്ടമായ ആ

ഗ്രഹംമൂലം ത്യജിക്കുന്നവരെയും, സന്തോഷത്തിനും, സുഖ
ത്തിനും, ധനത്തിനുംവേണ്ടി തങ്ങളുടെ ആത്മാക്കളെക്കൂടെ
ബലികഴിക്കുന്നവരെയും അദ്ദേഹം കണ്ടിരുന്നു (ലൂക്കൊ. 12:
16) യഥാൎത്ഥമായ സൽഗുണങ്ങളുടെ സ്ഥാനത്തു ധനത്തെ വെ
ച്ച പരീശന്മാരോടു അദ്ദേഹത്തിനു അതിയായ കോപം ഉ
ണ്ടായിരുന്നു (മത്താ. 6: 2). മനുഷ്യന്റെ ഏററവും ഉത്തമമായ
ആരംഭങ്ങളെ, 'ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വ
ഞ്ചനയും' (മത്താ. 13: 22) നശിപ്പിക്കുന്നതു കണ്ടപ്പോൾ അ
ദ്ദേഹത്തിനുണ്ടായ സങ്കടം അസഹനീയമായിരുന്നു. വിശുദ്ധ
പൌലൊസു: 'ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാര
ണമാണു" (1 തിമൊ. 6: 10) എന്നത്രെ തിമോത്തിയോസി
നോടു ഉപദേശിക്കുന്നതു്. ഇതു യേശുക്രിസ്തുവിന്റെ ഉപദേ
ശം തന്നെ ആയിരുന്നു. എല്ലാ സമയത്തും ദ്രവ്യാഗ്രഹമായിരു
ന്നു ഈ കാൎയ്യങ്ങളിൽ ക്രിസ്തുവിനുണ്ടായിരുന്ന പ്രധാന ബാ
ധകം.

ധനവാന്മാരെക്കുറിച്ചു തീരെ ആശയില്ലാത്തവണ്ണം യേ
ശു പറയുന്നതിനുള്ള കാരണം ദ്രവ്യാഗ്രഹവും ആത്മീയജീവി
തവും തമ്മിലുള്ള അന്തരവും വൈപരീത്യവും ആയിരുന്നു. 'ധ
നവാൻ സ്വൎഗ്ഗരാജ്യത്തിൽ കടക്കുന്നതു പ്രയാസംതന്നെ എ
ന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.' 'ധനവാൻ
സ്വൎഗ്ഗരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴ
യ്യൂടെ കടക്കുന്നതു എളുപ്പം എന്നു ഞാൻ നിങ്ങളോടു പറയു
ന്നു' എന്നത്രെ യേശുക്രിസ്തു ജനങ്ങളോടു പറഞ്ഞതു് (മത്താ.
19: 23, 24). തന്നെ സ്നേഹിച്ചവനും, തന്നെ അനുസരിപ്പാ
നും പിന്തുടരാനും തനിക്കുവേണ്ടി എന്തും ചെയ്വാനും തയ്യാറു
ണ്ടെന്നു പറഞ്ഞുകൊണ്ടു തന്റെ അടുക്കലേക്കു വന്നവനുമായ
ഒരു യുവധനികനോടു തനിക്കുള്ള സകലവും വിററു ദരിദ്രൎക്കു
കൊടുപ്പാൻ കല്പിച്ചപ്പോൾ നിരാശയോടുകൂടെ പോകുന്നതു
കണ്ട സമയത്താണു ക്രിസ്തു ഈ വാക്കുകൾ പറഞ്ഞതു്. 'ദരി

ദ്രരായ നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങൾക്കു ള്ളതു്. എന്നാൽ സമ്പന്നരായ നിങ്ങൾക്കു അയ്യോ കഷ്ടം' (ലൂക്കൊ. 6: 20: 24) എന്നു യേശു പറഞ്ഞപ്പോഴും അദ്ദേ ഹത്തിന്റെ ചിന്താഗതി ഇതുതന്നെയായിരിക്കണം. തന്റെ കുഞ്ഞിന്റെ ജീവനെ അപായപ്പെടുത്തിയേക്കാവുന്ന സുഖ ക്കേടിനെ ഒരു മാതാവു ഭയപ്പെടുന്നതുപോലെ യേശുക്രിസ്തു ദ്രവ്യാഗ്രഹത്തെയും ഭയപ്പെട്ടിരുന്നു. മനുഷ്യർ തങ്ങളുടെ സ മ്പാദ്യങ്ങളെ ആത്മാവിനെക്കാൾ താണതായി മാത്രം ഗണി ക്കുന്നതായിട്ടു എപ്പോൾ യേശു കണ്ടുവോ, അപ്പോൾ താൻ സീമാതീതമായ സന്തോഷത്തിനു അധീനനായിത്തീരുകയും അവരുടെ ജീവിതം ഏററവും ഉത്തമവും മാതൃകാപരവുമായതു ആണെന്നു അഭിപ്രായപ്പെടുകയും ചെയ്തു. ദൈവം സൂക്ഷിക്കു വാൻ നൽകിയിരിക്കുന്ന ഒരു താലന്താണു് പണമെന്നു വി ചാരിച്ചുകൊണ്ടു അപ്രകാരം പ്രവൎത്തിച്ചവരെപ്പററി 'നല്ലവ നും വിശ്വസ്തനുമായ ദാസനെ നീ നന്നായിച്ചെയ്തു' (മത്താ. 25: 21, 23) എന്നത്രെ പറഞ്ഞതു്. നാം പണം ഏതുപ്രകാ രം ഉപയോഗിക്കുന്നു എന്നുള്ളതു് ദൈവത്തിനു നമ്മിലുള്ള വി ശ്വാസത്തെ കണ്ടുപിടിക്കുന്നതിനുള്ള ഒരു മാൎഗ്ഗമാകുന്നു. 'നിങ്ങൾ അനീതിയുള്ള മാമോനിൽ വിശ്വസ്തരായില്ലെങ്കിൽ സത്യമായതു നിങ്ങളെ ആർ ഭരമേല്പിക്കും'? (ലൂക്കൊ. 16: 11) ക്രിസ്തു തന്റെ ജീവിതത്തിൽ ഏററവും അധിക മായ വില കല്പിച്ചതു ഇതിനായിരുന്നു എന്നു തോന്നുന്നു. 'യഥാൎത്ഥമായ സമ്പാദ്യങ്ങൾ പണം അല്ല പിന്നെയോ വിശിഷ്ടമായ സ്വഭാവമാകുന്നു. ആത്മാവിന്റെ ഔൽ കൃഷ്ട്യത്തിനും ഭൌമികശക്തികളെ താഴ്ത്തുന്നതിനും വേണ്ടി എന്തും ത്യജിക്കുവാൻ തയ്യാറുള്ളവനായിരി ക്കണം'

ആളത്വത്തിനു (Personality) ആണല്ലോ ജീവിത ത്തിൽ ഏററവും വലിയ വില യേശു കല്പിച്ചിരുന്നതു്. ഏ

ന്നാൽ ആ ആളത്വത്തിൽ ഒരു വ്യക്തി മാത്രമല്ല ഉൾപ്പെട്ടിരുന്നതു്. ഒരു ജാതിയുടെ സാമൂഹ്യജീവിതം അതിൽ അന്തർലീനമായിരുന്നു. ദൈവരാജ്യസ്ഥാപനം, ആളത്വത്തെപ്പോലെതന്നെ പ്രാധാന്യമുള്ള ഒരു കാര്യമായിട്ടത്രെ ക്രിസ്തു കരുതിയതു്. 'ഒരുത്തൻ സർവ്വലോകത്തെയും നേടീട്ടും തൻെറ ആത്മാവിനെ നശിപ്പിച്ചാൽ അവന്നു എന്തു പ്രയോജനം ഉള്ളു?' എന്നു ചോദിച്ച ക്രിസ്തുതന്നെയാണു്, 'അവൻെറ രാജ്യവും നീതിയും ആദ്യം അന്വേഷിപ്പിൻ' എന്നു പറഞ്ഞതു്. ആദ്യത്തേതിൽ അദ്ദേഹം ഒരു ആളിൽ ഉള്ള സ്വഭാവത്തിനും രണ്ടാമത്തേതിൽ ഒരു സമുദായത്തിലുള്ള സ്വഭാവത്തിനും അത്രെ പ്രാധാന്യം കല്പിച്ചിരുന്നതു്. ഇവിടെയും ഏററവും ഉൽകൃഷ്ടമായ ഒരു സംഗതി കാണുന്നു. അതായതു മനുഷ്യർ തമ്മിലുള്ള ബന്ധത്തിൽ നീതിയെ പാലിക്കേണ്ടതിനു ജീവിതത്തിലെ ഇതര നിസ്സാര സംഗതികളെ ബലി കഴിക്കേണ്ടതു അത്യാവശ്യം തന്നെയാണു്. 'സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച ഒരു നിധിയോടു സദൃശം. അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു തൻെറ സന്തോഷത്താൽ ചെന്നു തനിക്കുള്ളതൊക്കെയും വിററു ആ വയൽ വാങ്ങി' (മത്താ. 13: 44) എന്നത്രെ അദ്ദേഹം പറഞ്ഞതു്. ജീവിതത്തിലുള്ളതൊക്കെയും അതിനുവേണ്ടി ത്യജിക്കത്തക്കവണ്ണം ദൈവരാജ്യം അത്ര മഹത്തേറിയ ഒന്നുതന്നെയാണു്. തൻെറ ഉപദേശത്തിൽ കാണുന്ന ഈ താരതമ്യവിവേചനം യേശുവിൻെറ ജീവിതത്തിൽ പ്രത്യക്ഷമായി കാണാവുന്നതാണു്. തൻെറ സ്വന്തസുഖം, തൻെറ കുടുംബജീവിതം, തൻെറ മഹിമ, തൻെറ ജാതിക്കാരുടെ ഏററവും പരിശുദ്ധമായ മാർഗ്ഗാചാരങ്ങൾ ഇവകളെല്ലാം ദൈവരാജ്യത്തെക്കാൾ ഏററവും താണ ഒരു നിലയിലത്രെ ക്രിസ്തു കരുതിയിരുന്നതു്. ദൈവരാജ്യത്തോടുള്ള അദ്ദേഹത്തിൻെറ ഇത്രയധികമായ ഭക്ത്യാദരങ്ങൾ തൻെറ താരതമ്യവിവേചനത്തിൽ ആയിരുന്നു അടിസ്ഥാനപ്പെ

ട്ടിരുന്നതു്. ആ രാജ്യം സ്ഥാപിക്കുന്നതിനു താൻ മരിക്കത്തക്ക യോഗ്യത അതിനുണ്ടെന്നു അദ്ദേഹത്തിനു മനസ്സിലായപ്പോൾ അദ്ദേഹം അതിനുവേണ്ടി മരിച്ചു.

ക്രിസ്തു ജീവിതത്തിന്റെ വിലയെപ്പററി വേറൊരു രീതിയിൽ ഒരു നവീനമായ ജ്ഞാനം കൊടുക്കുന്നതിനു ശ്രമിച്ചപ്പോൾ അവിടെയും മാമോനെയാണു തന്റെ പ്രധാന വിരോധിയായി കണ്ടതു്. എല്ലാ സ്ഥലത്തും ദ്രവ്യാഗ്രഹം സാമൂഹ്യജീവിതത്തെയും, ദൈവമക്കളുടെ സഹോദരത്വത്തെയും നശിപ്പിക്കുന്നതായിട്ടു അദ്ദേഹം കണ്ടു. തങ്ങളുടെ വാതിൽക്കൽത്തന്നെ കിടന്നു നിലവിളിക്കുന്നതായ പാവപ്പെട്ട യാചകന്മാരുടെ നികൃഷ്ടാവസ്ഥയെ കാണാത്തവണ്ണം അവരുടെ ഈ ദ്രവ്യാഗ്രഹം അവരെ അന്ധന്മാരാക്കിയിരുന്നു (ലൂക്കോ. 16: 19). വലിയ മതനേതാക്കന്മാരെന്നു അഭിമാനിക്കുന്ന പലരും തങ്ങളുടെ ദ്രവ്യാഗ്രഹംമൂലം വിധവമാരുടെ ധനത്തെ മോഷ്ടിക്കയും, അവരുടെ പ്രാർത്ഥനമൂലം ഈ ഭയങ്കരകൃത്യങ്ങളെ മറയ്ക്കുന്നതിനു ശ്രമിക്കയും ചെയ്യുന്നതും യേശു കണ്ടിരുന്നു. (മക്കോ. 12: 40). തന്റെ വഴികളെ മനസ്സിലാക്കുവാൻ ത്രാണിയുള്ളവരും പിന്തുടരുവാൻ ശക്തിയുള്ളവരുമായ അനേകം ആളുകൾ ധനലാഭംമൂലം ആത്മീയാന്ധന്മാരായിത്തീരുന്നതും അദ്ദേഹം കണ്ടിരുന്നു. 'ദ്രവ്യാഗ്രഹികളായ പരീശന്മാർ കേട്ടു അവനെ പരിഹസിച്ചു' (ലൂക്കോ. 16: 14) എന്നു ലൂക്കോസു പറഞ്ഞതു ഇതിനെക്കുറിച്ചായിരുന്നു. ദൈവരാജ്യത്തിന്റെ സ്ഥാപനം ഈ ദ്രവ്യാഗ്രഹം ദുർബ്ബലപ്പെടുത്തുകയായിരുന്നു. ഹോശാനത്തായറാഴ്ച ആ ദേവാലയത്തിൽ നടന്നതുപോലെ, ദ്രവ്യാഗ്രഹം സാധാരണ ജനങ്ങളുടെ ഭക്തിക്രൂടെ നശിപ്പിക്കുന്നതിനു പര്യാപ്തമായിരുന്നു. യറിഹോ റോഡിൽവെച്ചു ആ സാധുവായ മനുഷ്യനെ അർദ്ധപ്രാണനായി വിട്ടുംവെച്ചു പോകുവാൻ ആ തസ്കരന്മാരെ പ്രേരിപ്പിച്ച സംഗതിയും ഇതുതന്നെയായിരുന്നു (ലൂക്കോ. 10: 30). ക്രിസ്തു

വിൻെറ ഉപദേശങ്ങളെ സ്വീകരിക്കുന്നതിലും അതി നെ പിന്തുടരുന്നതിലും മനുഷ്യക്ക് ഏററവും ഭയങ്കരമാ യ ഒരു പ്രതിബന്ധമായിത്തീന്നതു ഈ ദ്രവ്യാഗ്രഹംത ന്നെയായിരുന്നു.

ഇതു യേശുവിനു നല്ലവണ്ണം മനസ്സിലായിരുന്നു. അതു കൊണ്ടാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞതു്. 'നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴിയുകയില്ല' (മത്താ. 6: 24). നമുക്കു ദൈവത്തെ, മാമോൻകൊണ്ടു സേ വിക്കാം. മാമോനെ ദൈവദത്തമായ ശക്തികൾകൊണ്ടു സേ വിപ്പാനും കഴിയും. എന്നാൽ നമുക്കു രണ്ടുപേരെയും ഒരുമി ച്ചു സേവിപ്പാൻ കഴിയുകയില്ല. രണ്ടു കേന്ദ്രങ്ങളുള്ള ഒരു വൃ ത്തംപോലെ, ഒരാൾ തൻെറ ജീവിതത്തെ രണ്ടു കേന്ദ്രങ്ങൾ ക്കു ചുററും നടത്തുന്നതിനു ശ്രമിച്ചാൽ, ഒരു കേന്ദ്രം മറേറ തിൽ ലയിച്ചു ഒററ കേന്ദ്രത്തെ ചുററിയുള്ള വൃത്തംപോലെ അവസാനം അവൻെറ ജീവിതം ആയിത്തീരുന്നതാണ്.

തൻെറ സ്വന്ത ശിഷ്യവർഗ്ഗത്തിലുണ്ടായിരുന്ന ഒരു മനു ഷ്യനിൽ മാമോൻ തൻെറ ശക്തിയെ പ്രയോഗിക്കുന്നതും, ദൈവരാജ്യത്തിനു അവൻ കൊടുക്കേണ്ടതായ ബഹുമാന ത്തെയും, തീക്ഷ്ണതയെയും തട്ടിയെടുക്കുന്നതും ക്രിസ്തു കണ്ടു. 'നിങ്ങൾ എന്തു തരും, ഞാൻ അവനെ കാണിച്ചുതരാം' എ ന്നത്രെ യൂദാ പുരോഹിതന്മാരോടു പറഞ്ഞതു്. അവർ അവനു മുപ്പതു വെള്ളിക്കാശു തൂക്കിക്കൊടുത്തു (മത്താ. 26: 15). ധനത്തെപ്പററിയുള്ള ഗുരുവിൻെറ ഈ അഭിപ്രായത്തി നു എല്ലാം അടിയിലായി മനുഷ്യജീവിതത്തെപ്പററിയുള്ള ത ൻെറ നിരീക്ഷണവും, സങ്കടകരമായ തൻെറ അനുഭവവും സ്ഥിതിചെയ്യുന്നു. ഒരു വ്യവസായി എന്ന നിലയിലോ, സമുദായപരിഷ്കാരകൻ എന്ന നിലയിലോ അല്ലായിരുന്നു അ ദ്ദേഹം ആ അഭിപ്രായത്തെ പ്രകടിപ്പിച്ചതു്. പിന്നെയോ എ ല്ലാ ആളുകളിലും, സമുദായങ്ങളിലും പ്രഥമമായി നീതിയെ

മുളപ്പിക്കുന്ന ഒരു ജീവാത്മാവിൻെറ നിലയിൽ നിന്നുകൊണ്ട ത്രെ അദ്ദേഹം ഇപ്രകാരം പറഞ്ഞതു്: 'മക്കളേ! സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കുന്നതു എത്ര പ്രയാസം?' (മൎക്കൊ. 10: 24).

യേശുക്രിസ്തു വിശിഷ്ടസ്വഭാവത്തെയും, സാമുദായിക ധർമ്മത്തെയും ജീവിതത്തിൽ ഏററവും പ്രാധാന്യവും വിലയുമുള്ള കാൎയ്യങ്ങളായി കരുതിയതിൻെറ ഒരു ലക്ഷ്യമായിട്ടു ദ്രവ്യാഗ്രഹത്തിലുള്ള അദ്ദേഹത്തിൻെറ കഠോരമായ വിരക്തിയെ എടുക്കാവുന്നതാണു്. ഏററവും പ്രയോജനകരമായ ജീവിതം കഴിക്കേണ്ടതിനെ കുറിച്ചുള്ള യേശുവിൻെറ ബോധത്തെക്കുറിച്ചാലോചിക്കുമ്പോൾ അനുഭവത്തിൽ താൻ വലിയ ധനവാനായിരുന്നു എന്നുള്ള തൻെറ അഗാധബോധത്തെ കാണാം. യോഹന്നാൻെറ സുവിശേഷത്തിൽ—പ്രത്യേകിച്ചു ഈ വാചകങ്ങളിൽ—'ഞാൻ ജീവൻ തന്നെയാകുന്നു', 'ഞാൻ ജീവൻെറ അപ്പമാകുന്നു', 'അവൎക്കു ജീവൻ ഉണ്ടാകുവാനായിട്ടും, സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രെ ഞാൻ വന്നിരിക്കുന്നതു്' (യോഹ. 14: 6; 6: 48; 10: 10). സകലത്തെയും ത്യജിച്ചിട്ടും ദാരിദ്ര്യാവസ്ഥ അനുഭവിക്കുന്ന ഒരാളിൻെറ വാക്കുകളല്ല പിന്നെയോ, ലോകത്തിലുള്ള സകല ധനത്തെക്കാളും വിപുലവും ഉൽകൃഷ്ടവുമായ ഒരു ധനം അധീനത്തിലുള്ള ഒരാളുടെ വാക്കുകൾ അത്രെ നാം കേൾക്കുന്നതു്. ഇതിനു മുമ്പു എഴുതിയിട്ടുള്ള സുവിശേഷങ്ങളിലും ക്രിസ്തുവിനെപ്പററി ഈ അഭിപ്രായം തന്നെയാണു് പ്രകടിപ്പിച്ചുകാണുന്നതു്. ലൌകിക ധനസമ്പാദനത്തിനായിട്ടു തങ്ങളുടെ സകല ബാഹ്യശക്തികളെയും ഉപയോഗിക്കുന്നതു കണ്ടപ്പോൾ 'ആരെങ്കിലും തൻെറ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും, ആരെങ്കിലും എൻെറയും സുവിശേഷത്തിൻെറയും നിമിത്തം തൻെറ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും' എന്നാണു് ക്രിസ്തു പറഞ്ഞതു് (മൎക്കൊ. 8: 35). മ

റവുള്ളവൎക്കുവേണ്ടിയും ദൈവരാജ്യത്തിനുവേണ്ടിയും ഒരാൾ തന്റെ ജീവനെ ത്യജിച്ചാൽ അയാൾ മഹൽജീവിതത്തിന്റെ രഹസ്യം കണ്ടുപിടിച്ചു എന്നത്രെ ക്രിസ്തു പറഞ്ഞതു്. ഉൽകൃഷ്ട സ്വഭാവവും സാമൂഹ്യനീതിയും മാത്രമാണു് ശാശ്വത സ്വത്തു എന്നും, ഈ സനാതന സ്വത്തിനെ ആൎജ്ജിക്കുന്നവൻ മാത്രമാണു് യഥാൎത്ഥ കോടീശ്വരൻ എന്നും ആയിരുന്നു ക്രിസ്തുവിന്റെ മതം. ഈ തത്വത്തെ അസ്പദീകരിച്ചു ആലോചിക്കുകയാണെങ്കിൽ ക്രിസ്തു തന്നെയായിരുന്നു യഥാൎത്ഥ കോടീശ്വരൻ. അദ്ദേഹത്തിനു സ്വൎഗ്ഗീയജീവിതത്തിൽ അനശ്വരമായ സമ്പാദ്യവും മഹത്വമേറിയതും ദിവ്യവുമായ നിരവധി (ലൂക്കൊ. 12: 21) ധനവും ഉണ്ടായിരുന്നു. ഒരുത്തനു സമൃദ്ധിയുണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന്റെ ആധാരമായിരിക്കുന്നതു് (ലൂക്കൊ. 12: 15) എന്നു പരിചയത്തിൽനിന്നും യേശു നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. മററുള്ളവരെ സഹായിക്കുന്നതിനു ഒരുക്കമുള്ള ഏററവും ഉത്തമമായ ഒരു സ്വഭാവം, നിത്യനായ ദൈവവുമായി സഹകരിച്ചുള്ള പ്രവൃത്തി, അളവില്ലാത്ത വിശ്വാസം ഇവകളാണു് യഥാൎത്ഥമായ ജീവിതത്തെ ഉളവാക്കുന്നതു്. ഇവതന്നെയാണു് യഥാൎത്ഥവും ഉത്തമവുമായ ജീവിതമെന്നും (1തിമൊ. 6: 19) 'പുത്രനുള്ളവനു ജീവനുണ്ടു്' (1യോഹ. 5: 12) എന്നും വേദം ഘോഷിക്കുന്നു.

എന്നാൽ ക്രിസ്തു ഒരിക്കലും ഭൌമിക ആവശ്യങ്ങൾ വേണ്ടെന്നു പറകയൊ അവയുടെ വില കുറയ്ക്കുകയൊ ചെയ്തിട്ടില്ല. 'സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ' (മത്താ. 6: 32) എന്നും, നിങ്ങൾ പ്രാൎത്ഥിക്കുമ്പോൾ 'ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമേ! എന്നു അപേക്ഷിപ്പിൻ' എന്നുമാണു് അദ്ദേഹം പഠിപ്പിച്ചതു്. അദ്ദേഹം തന്നെ മനുഷ്യരുടെ ഭൌമികാവശ്യങ്ങൾക്കായി പരിശ്രമിച്ചു.

അനേകായിരങ്ങൾ, സുഖക്കേടുകൾ ഭേദമാക്കുന്നതിനും മററാവശ്യങ്ങൾക്കായും എപ്പോഴും ക്രിസ്തുവിനു ചുററും വന്നുകൊണ്ടിരുന്നു എന്നു സുവിശേഷം വായിക്കുമ്പോൾ നല്ലവണ്ണം മനസ്സിലാകും. കുഷ്ഠം നിറഞ്ഞോരു മനുഷ്യൻ (ലൂക്കൊ. 5: 12), രക്തസ്രാവമുള്ളവളും മുതൽ എല്ലാം വൈദ്യന്മാൎക്കു കൊടുത്തിട്ടും സൌഖ്യം വരുത്തുവാൻ കഴിയാത്തവളുമായ ഒരു സ്ത്രീ (ലൂക്കൊ. 8: 43), ആരും വേലക്കു വിളിക്കാഞ്ഞതിനാൽ മടിയന്മാരായി ചന്തസ്ഥലത്തു നിന്ന വേലക്കാർ (മത്താ. 20: 7), വിശന്നവർ, ദാഹിച്ചവർ, നഗ്നന്മാർ, ബന്ധനസ്ഥന്മാർ രോഗികൾ (മത്താ. 25: 35), വേശ്യമാരും ചുങ്കക്കാരും (മത്താ. 21: 31), അവസാനത്തെ കാശു കൊടുത്തുതീരുവോളം തടവിൽകിടന്നു കഷ്ടം അനുഭവിക്കേണ്ടവർ (മത്താ. 5:26) ഇവരെല്ലാവരും ക്രിസ്തുവിന്റെ സ്നേഹത്താലും കരുണയാലും തന്റെ അടുക്കലേക്കു ആകർഷിക്കപ്പെട്ടു. മനുഷ്യൎക്കുള്ള പണത്തിന്റെ ആവശ്യകത അദ്ദേഹത്തിനു നല്ലവണ്ണം അറിയാമായിരുന്നു. ദാരിദ്ര്യത്തിന്റെ കഠോരതയും ഭയങ്കരത്വവും അദ്ദേഹം ഒട്ടുംതന്നെ നിസ്സാരമാക്കിയിരുന്നില്ല. താലന്തുകളെപ്പററിയുള്ള ഉപമ ഈ അഭിപ്രായത്തെ നല്ലവണ്ണം പ്രകാശിപ്പിക്കുന്നുണ്ടു്. പണംകൊണ്ടു സ്നേഹിതന്മാരെ സമ്പാദിച്ച ആ ഉപമ (ലൂക്കൊ. 16: 9) തന്നെ നാം നല്ലതെന്നു കരുതിയിരുന്നതു യേശുവും നല്ലതെന്നു കരുതിയിരുന്നു എന്നുള്ളതു സ്പഷ്ടമാക്കുന്നുണ്ടു്. ലൌകിക ധനസംബന്ധമായ ആവശ്യങ്ങളിൽ നിന്നു ഒഴിഞ്ഞിരിക്കുന്നതുമൂലം 'യഥാൎത്ഥധനം' സമ്പാദിക്കുന്നതിനു സാധിക്കുമെന്നു ഒരിക്കലും ക്രിസ്തു വിചാരിച്ചിരുന്നില്ല. സന്മാർഗ്ഗസ്വഭാവവും സാമൂഹ്യനീതിയും ജീവിതത്തിൽ ഏർപ്പെടുത്തിയാൽ യഥാൎത്ഥ ധനമുണ്ടാകും 'പുഴു അരിക്കുകയും തുരുമ്പു കെടുക്കുകയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യാതെ ഇരിക്കുന്ന യഥാൎത്ഥധനം' ഇതാകുന്നു. ഈ ഉൽകൃഷ്ടമായ ധനത്തെ ലഭിക്കുന്നതിനു നിസ്സാരങ്ങളായ ധനങ്ങൾ പ്രതി

ബന്ധങ്ങളായി നൽകുന്നതു കണ്ടപ്പോൾ ഉത്തമവും നല്ലതുമായതു ലഭിക്കുന്നതിനായിട്ടു 'അദ്ദേഹം സന്തോഷത്തോടു അവയെല്ലാം വിററുകളഞ്ഞു.'

ഇപ്രകാരം താരതമ്യവിവേചനം ചെയ്യുന്ന ഗുരുവിൻെറ മുമ്പാകെ ആക്കാണ് ലജ്ജാരഹിതരായി നിൽക്കുവാൻ കഴിയുന്നതു്? നമ്മുടെ ദിവസംപ്രതിയുള്ള ജീവിതത്തിൽ ഇപ്രകാരമുള്ള അനവധിസന്ദർഭങ്ങൾ ഉണ്ടാകാറുണ്ടു്. ഇപ്രകാരമുള്ള സന്ദർഭങ്ങളെ ക്രിസ്തുവിൻെറ തോതിനോടു ചേർത്തു ചിന്തചെയ്യേണ്ടതാണ്. 'ഒന്നാമത്തെ കാര്യങ്ങൾ ഒന്നാമതു്.' ഇതാണ് അദ്ദേഹം ആവശ്യപ്പെടുന്നതു്. ബാഹ്യ ആചാരങ്ങളോ വിശ്വാസത്തെ ഏററുപറയുന്നതോ മാത്രം ക്രിസ്തുവിൻെറ സമ്മതം സമ്പാദിക്കുന്നില്ല. മററുള്ള സകലത്തിനെയും താണ ഒരു പടിയിൽ കരുതത്തക്കവണ്ണം അത്ര വിലയേറിയതായി നാം കരുതുന്നതു എന്തിനെയാണ്?

---

## അദ്ധ്യായം 21

# നമ്മുടെ കർത്താവിൻെറ ആത്മാവു്.

## പ്രതിദിനപാഠങ്ങൾ

### പതിനൊന്നാം ആഴ്ച:—ഒന്നാംദിവസം.

മത്താ. 11: 25—30. ആ സമയത്തുതന്നെ യേശു പറഞ്ഞതു: പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്കു പ്രസാദം തോന്നിയതു്. എൻെറ പിതാവു സകലവും എങ്കൽ ഭരമേല്പിച്ചിരിക്കുന്നു. പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തിക്കൊടുപ്പാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല. അദ്ധ്വാനിക്കുന്നവരും

> ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു.

ഈ പാഠത്തിൽ രണ്ടു വിപരീതപ്രസ്താവനകൾ അടുത്തടുത്തു കാണുന്നതു വിസ്മയജനകമായി തോന്നുന്നില്ലയോ? നമ്മുടെ കർത്താവു ആദ്യം, പിതാവു സകലവും തന്നിൽ ഭരമേല്പിച്ചിരിക്കുന്നു എന്നും, ഉടനെതന്നെ താൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകുന്നു എന്നും അരുളിച്ചെയ്യുന്നു. ഇവ രണ്ടും എങ്ങനെ യോജിക്കും എന്നു സംശയം തോന്നുന്നു എങ്കിൽ താഴ്മ എന്താകുന്നു എന്നു ആലോചിക്കുക. നമ്മിൽ ഉത്തമമായി കാണുന്നതിന്റെ ഒക്കെയും ഉത്ഭവസ്ഥാനം ദൈവം ആകുന്നു എന്നുള്ള ബോധത്താൽ നമുക്കു എന്തെല്ലാം നിവർത്തിപ്പാൻ സാധിച്ചാലും അതുനിമിത്തം നാം പ്രശംസിക്കയോ അതു നമ്മുടെ സാമർത്ഥ്യംകൊണ്ടാണെന്നു വിചാരിക്കയോ ചെയ്യാതിരിക്കയാകുന്നു യഥാർത്ഥ താഴ്മ. നമ്മുടെ സൽഗുണങ്ങളും നമ്മുടെ വിജയങ്ങളും നമ്മുടെ വിശുദ്ധവിചാരങ്ങളും എല്ലാം ദൈവത്തിന്റേതാകുന്നു എന്നു ഒരു കവി പറയുന്നു. ഇതാകുന്നു താഴ്മയുടെ ആത്മാവു്. അതുകൊണ്ടു ദൈവത്തോടുള്ള സംസർഗ്ഗബോധം വർദ്ധിക്കുമ്പോൾ ഹൃദയത്തിന്റെ സൌമ്യതയും താഴ്മയുംകൂടെ വർദ്ധിക്കും. ഒരുവൻ ഒരു മഹൽകാര്യം ചെയ്തിട്ടു അതിന്റെ സാദ്ധ്യത്തിനു ഉപയോഗമായിത്തീർന്ന ശക്തികളെല്ലാം ദൈവംതന്നെ ഭരമേല്പിച്ചിട്ടുള്ളവയാണെന്നുള്ള സംഗതി വിസ്മരിച്ചുകളഞ്ഞാൽ അവൻ താഴ്മയുള്ളവനല്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളാണു് ഒരുവന്റെ താഴ്മയെ പരീക്ഷിക്കുന്നതു്.

---

## പതിനൊന്നാം ആഴ്ച:—രണ്ടാംദിവസം

ലൂക്കൊ. 14: 7—11. ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തിരഞ്ഞെടുക്കുന്നതു് കണ്ടിട്ടു അവൻ അവരോടു ഒരുപമ പറഞ്ഞു: ഒരുത്തൻ നിന്നെ കല്യാണത്തിനു വിളിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുതു്; പക്ഷേ നിന്നിലും മാനമേറിയവനെ അവൻ വിളിച്ചിരിക്കാം. പിന്നെ നിന്നെയും അവനെയും ക്ഷണിച്ചവൻ വന്നു: ഇവനു ഇടംകൊടുക്ക എന്നു നിന്നോടു പറയുമ്പോൾ നീ നാണത്തോടെ ഒടുക്കത്തെ സ്ഥലത്തു പോയി ഇരിക്കേണ്ടിവരും. നിന്നെ വിളിച്ചാൽ ചെന്നു് ഒടുക്കത്തെ സ്ഥലത്തു ഇരിക്ക; നിന്നെ ക്ഷണിച്ചവൻ വരുമ്പോൾ നിന്നോടു: സ്നേഹിതാ, മുമ്പോട്ടു വന്നു ഇരിക്ക എന്നു പറവാൻ ഇടവരട്ടെ; അപ്പോൾ പന്തിയിൽ ഇരിക്കുന്നവരുടെ മുമ്പിൽ നിനക്കു മാനമുണ്ടാകും. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.

താഴ്മയുള്ള മനുഷ്യന്റെ ആത്മാവിനെ നാം സ്വാഭാവികമായിത്തന്നെ അനുമോദിക്കും. 'എനിക്കു പ്രായംചെല്ലുന്തോറും പാർലമെന്റിൽ (ഇംഗ്ലണ്ടിലെ ജനപ്രതിനിധിസഭ) എന്റെ ശക്തിഹീനത അധികമധികം ബോദ്ധ്യമായിവരുന്നു. എങ്കിലും അധികാരസ്ഥാനത്തുനിന്നു ഭരമേല്പിക്കുന്ന യാതൊരു ഭാരവും ഒഴിഞ്ഞുകളയരുതെന്നാകുന്നു എന്റെ നിയമം' എന്നു പറഞ്ഞുകൊണ്ടു ഭാരമേറിയ ഒരു ജോലി സ്വീകരിച്ച (ഇംഗ്ലണ്ടിലെ മന്ത്രിശ്രേഷ്ഠനായിരുന്ന) ഗ്ലാഡ്സ്റ്റനെ അഭിനന്ദിക്കാതെ കഴിയുമോ? 'ദി ബ്രൂക്കു്' എന്ന ചെറിയ വിശിഷ്ടകാവ്യം എഴുതിക്കഴിഞ്ഞശേഷം അതു പ്രസിദ്ധപ്പെടുത്തുവാൻ യോഗ്യമല്ലെന്നു കരുതി എറിഞ്ഞുകളഞ്ഞ ടെന്നിസൺ എന്ന മഹാകവിയെ അതുകൊണ്ടു ആരെങ്കിലും അനുമോദിക്കയല്ലാതെ പുഛിക്കുമോ? ലോകത്തിലെ ഉത്തമവേലകൾ ചെയ്യുന്നതു താഴ്മയുള്ളവർ, അതായതു ഉപദേശം സ്വീകരിക്കാൻ മനസ്സും, ചെയ്യുന്ന ഉൽകൃഷ്ടവേലകൾക്കു ഉൽക്കർഷം പോരാ എന്നുള്ള വിചാരവും, അവർക്കു ആ വേ

ലകൾ ചെയ്യുന്നതിനുള്ള ശക്തി സ്വയസൃഷ്ടിയല്ല ദൈവദത്തം ആണെന്നുള്ള ബോധവും ഉള്ള മനുഷ്യർ ആകുന്നു. അങ്ങനെയുള്ളവരോടു ലോകവും 'സ്നേഹിതാ, മുമ്പോട്ടു വന്നു ഇരിക്ക' എന്നു പറയും.

---

## പതിനൊന്നാം ആഴ്ച:—മൂന്നാം ദിവസം

മർക്കൊ. 4: 26—32. പിന്നെ അവൻ പറഞ്ഞതു്: ദൈവരാജ്യം ഒരു മനുഷ്യൻ മണ്ണിൽ വിത്തു എറിഞ്ഞശേഷം രാവും പകലും ഉറങ്ങിയും എഴുന്നേറ്റും ഇരിക്കെ അവൻ അറിയാതെ വിത്തുമുളച്ചു വളരുന്നതുപോലെ ആകുന്നു. ഭൂമി സ്വയമായി മുമ്പെ ഞാറും പിന്നെ കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും ഇങ്ങനെ വിളയുന്നു. ധാന്യം വിളയുമ്പോൾ കൊയ്ത്തായതുകൊണ്ടു അവൻ ഉടനെ അരിവാൾ വെക്കുന്നു.

പിന്നെ അവൻ പറഞ്ഞതു്: ദൈവരാജ്യത്തെ എങ്ങനെ ഉപമിക്കേണ്ടു? ഏതു ഉപമയാൽ അതിനെ വർണ്ണിക്കേണ്ടു? അതു കടുകുമണിയോടു സദൃശം; അതിനെ മണ്ണിൽ വിതെക്കുമ്പോൾ ഭൂമിയിലെ എല്ലാ വിത്തിലും ചെറിയതു്. എങ്കിലും വിതെച്ചശേഷം വളൎന്നു, സകല സസ്യങ്ങളിലും വലുതായിത്തീൎന്നു, ആകാശത്തിലെ പക്ഷികൾ അതിന്റെ നിഴലിൽ വസിപ്പാൻ തക്കവണ്ണം വലുതായ കൊമ്പുകളെ വിടുന്നു.

ഒരു മനുഷ്യനു, സസ്യങ്ങൾ കൃഷിചെയ്യാമെങ്കിലും, വളർത്താൻ കഴികയില്ല. വളരാൻ ജീവശക്തി വേണം. അതു ദൈവം കൊടുക്കുന്നതാണു്; മനുഷ്യൎക്കു കൊടുക്കാൻ കഴിവുള്ളതല്ല. മനുഷ്യൻ തന്റെ അദ്ധ്വാനത്താൽ ദൈവം കൊടുക്കുന്ന ജീവശക്തിക്കു വ്യാപരിക്കാൻ ഇടം കൊടുക്കുന്നതേയുള്ളു. മനുഷ്യന്റെ ശക്തികൾ സ്വയസൃഷ്ടിയല്ല; അവൻ അവയെ സ്വന്തമാക്കി ഉപയോഗപ്പെടുത്തുക മാത്രമാണു് ചെയ്യുന്നതു് എന്നുള്ള പരമസത്യം ഇന്നത്തെ ആലോചനാവിഷയം ആകുക. ഒരു വള്ളവും ആവിക്കപ്പലും തമ്മിലുള്ള വ്യത്യാസം പ്രകൃതിയിലെ ശക്തികളെ സ്വന്തമാക്കി ഉപയോഗിക്കാനുള്ള

ഗ്രഹണസാമത്ഥ്യത്തിൻെറ വ്യത്യാസം മാത്രമാണ്. അതി പുഷ്ടിയോടെ വളരുന്ന ഒരു ചെടിയും വളരാതെ മുരണ്ടുകിടക്കുന്ന ഒരു ചെടിയും തമ്മിലുള്ള വ്യത്യാസം ഒന്നു മണ്ണിലും വെയിലിലും ഉള്ള പ്രാകൃതശക്തികളെ കൈവശപ്പെടുത്തി സ്വന്തമാക്കുകയും മറേറതിന്നു അതിന്നു കഴിവില്ലാതിരിക്കയും ചെയ്യുന്നു എന്നുള്ളതാണ്. നമ്മിൽ ഉത്തമമായുള്ളതെല്ലാം ദൈവം നമ്മിൽ വസിക്കുന്നതുകൊണ്ടുണ്ടാകുന്നു; നമ്മുടെ യത്നം എല്ലാപ്പോഴും അവൻെറ ശക്തിയെ നമ്മുടെ സ്വന്തമാക്കാനായിരിക്കേണം. മഹാത്മാക്കൾക്കെല്ലാം ദൈവത്തിൽ ആയിരുന്നു ആശ്രയം. 'എനിക്കു സ്വതേ ഒന്നും ചെയ്വാൻ കഴിയുന്നതല്ല' (യോഹ. 5: 30) എന്നു നമ്മുടെ കത്താവും, 'ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു' (ഗലാ. 2: 20) എന്നു പൗലൊസും പറഞ്ഞിട്ടുള്ളതു ആലോചിക്ക. ഈ ബോധം ഉത്തമവും യോഗ്യവുമായ താഴ്മ ഉണ്ടാക്കാതിരിക്കയില്ല. 'പാപികളിൽ ഞാൻ ഒന്നാമൻ' (1 തിമൊ. 1: 15) എന്നു പറഞ്ഞതുകൊണ്ടു മാത്രം താഴ്മയായില്ല. 'ഞാൻ ആകുന്നതു ദൈവകൃപയാൽ ആകുന്നു' (1 കൊരി. 15: 10) എന്നതത്രെ സാക്ഷാൽ താഴ്മ.

---

## പതിനൊന്നാം ആഴ്ച:—നാലാംദിവസം.

ലൂക്കൊ. 6:12. ആകാലത്തു അവൻ പ്രാത്ഥിക്കേണ്ടതിന്നു ഒരു മലയിൽ ചെന്നു ദൈവത്തോടുള്ള പ്രാത്ഥനയിൽ രാത്രികഴിച്ചു.

മക്കൊ. 1: 32—35. വൈകുന്നേരം സൂയ്യൻ അസ്തമിച്ചശേഷം അവർ സകലവിധ ദീനക്കാരെയും ഭൂതഗ്രസ്തരെയും അവൻെറ അടുക്കൽ കൊണ്ടുവന്നു. പട്ടണം ഒക്കെയും വാതിൽക്കൽ വന്നു കൂടിയിരുന്നു. നാനാവ്യാധികളാൽ വലഞ്ഞിരുന്ന അനേകരെ അവൻ സൌഖ്യമാക്കി, അനേകം ഭൂതങ്ങളെയും പുറത്താക്കി; ഭൂതങ്ങൾ അവനെ അറികകൊണ്ടു സംസാരിപ്പാൻ അവയെ സമ്മതിച്ചില്ല.

അതികാലത്തു ഇരുട്ടോടെ അവൻ എഴുന്നേററു പുറപ്പെട്ടു ഒരു നിർജ്ജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു.

മർക്കൊ. 6: 45, 46. താൻ പുരുഷാരത്തെ പറഞ്ഞയയ്ക്കുന്നതിന്നിടയിൽ തന്റെ ശിഷ്യന്മാരെ ഉടനെ പടകുകയറി അക്കരെ ബേത്ത്സയിദെക്കു നേരെ മുന്നോട്ടുപോവാൻ നിർബന്ധിച്ചു. അവരെ പറഞ്ഞയച്ചുവിട്ടശേഷം താൻ പ്രാർത്ഥിപ്പാൻ മലയിൽ പോയി.

ഈ പാഠങ്ങൾ നമ്മുടെ കർത്താവിന്റെ ഒരു ശീലത്തെ കാണിക്കുന്നു. തന്റെ പ്രവൃത്തികൾ ദൈവാത്മാവിന്റെ ശക്തിയാലാകുന്നു ചെയ്യുന്നതു് എന്നു കർത്താവു തന്നെ പറഞ്ഞിട്ടുണ്ടു്. ഇവിടെ തന്റെ സേവയ്ക്കു വേണ്ടുന്ന ശക്തി പ്രാർത്ഥനയാൽ വീണ്ടും വീണ്ടും പ്രാപിക്കാൻ യത്നിക്കുന്നതായും കാണുന്നു. നിങ്ങളുടെ അല്പബുദ്ധിയും ആത്മിക ഗർവ്വവും സൂചിപ്പിക്കുന്ന സ്വാഭിമാനത്തെ നമ്മുടെ കർത്താവിന്റെ ദൈവാശ്രയത്തോടു് ഉപമിച്ചുനോക്കുക. കർത്താവേ, നിന്റെ സന്നിധിയിൽ വ്യയംചെയ്യുന്ന ഒരു നാഴിക ഞങ്ങളിൽ എന്തു മാററങ്ങൾ വരുത്തുന്നു. എത്ര ഭാരങ്ങൾ ലഘുവാകുന്നു. പ്രാർത്ഥനയ്ക്കു മുട്ടുകുത്തുമ്പോൾ ഇരുളായിരുന്നതെല്ലാം പ്രാർത്ഥന കഴിയുമ്പോൾ പ്രകാശമാകുന്നു. 'ഞാൻ ബലഹീനതയിൽ മുട്ടുകുത്തുന്നു, ശക്തിയിൽ എഴുന്നേൽക്കുന്നു.' അതുകൊണ്ടു കർത്താവേ, ഞങ്ങൾക്കു പ്രാർത്ഥനയും നിന്റെ പക്കൽ ഞങ്ങൾക്കു ദാനംചെയ്വാൻ സന്തോഷവും ശക്തിയും ധൈര്യവും ഉള്ളപ്പോൾ, 'ശക്തിയോ മററു വരങ്ങളോ ഇല്ലല്ലോ, ചിന്താകുലത്താൽ വലയുന്നല്ലോ എന്നു എന്തിനു ഞങ്ങൾ ഖേദിക്കുന്നു' എന്നു ഒരു കവി പാടിയിരിക്കുന്നു.

---

## പതിനൊന്നാം ആഴ്ച:—അഞ്ചാംദിവസം

മത്താ. 7: 7—11. യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എ

ന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ! നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും?

നമ്മുടെ ആവശ്യങ്ങൾ എന്തെല്ലാമെന്നു നമ്മെക്കാൾ നല്ലവണ്ണം ദൈവം അറികയും അവയെ നിവൃത്തിപ്പാൻ ദൈവം ഒരുക്കമുള്ളവനായിരിക്കയും ചെയ്യുന്നു എങ്കിൽ നാം പ്രാർത്ഥിച്ചിട്ടാവശ്യം എന്തെന്നു ചിലർ ചോദിക്കാറുണ്ടു്. പഠിക്കാൻ മനസ്സില്ലാത്ത ഒരു മകനെ അപ്പൻ എത്ര ശ്രമിച്ചാലും വിദ്യ അഭ്യസിപ്പിക്കാൻ കഴിയാത്തതുപോലെ തന്നെ ദൈവത്തിന്റെ അനുഗ്രഹങ്ങളെ കൈക്കൊൾവാൻ നമ്മുടെ ഹൃദയം ഒരുക്കമില്ലെങ്കിൽ ദൈവത്തിനും നമ്മുടെമേൽ അനുഗ്രഹങ്ങൾ വർഷിക്കാൻ കഴികയില്ല. ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ സ്വീകരിക്ക, നമ്മുടെ ജീവിതം ദൈവേഷ്ടത്തിനു അധീനമാക്കുക, സഹിക്കാനും സാധിക്കാനും അവന്റെ ശക്തിയെ അവലംബിക്ക, ഇതു നമുക്കു ജീവൻ നൽകുന്ന പ്രവൃത്തിയാകുന്നു, നമ്മുടെ ജീവന്നു ആവശ്യമാകുന്നു. ഇങ്ങനെയുള്ള സ്വീകാരപ്രവൃത്തിക്കു പ്രാർത്ഥനയെന്നാകുന്നു ഉത്തമനാമം. ഒരു ഗുരുവിനു, പഠിക്കാൻ മനസ്സില്ലാത്ത ശിഷ്യനു ചെയ്യാൻ കഴിയാത്ത പല ഗുണങ്ങളും പഠിക്കാൻ ഉത്സാഹമുള്ള ശിഷ്യനു ചെയ്യാൻ കഴിയുന്നതുപോലെതന്നെ, ദൈവത്തിനു പ്രാർത്ഥിക്കാത്ത മനുഷ്യനിലും അവൻ മുഖാന്തരവും ചെയ്യാൻ കഴിയാത്തവയെ പ്രാർത്ഥനാശീലമുള്ള മനുഷ്യനിലും അവൻ മുഖാന്തരവും ചെയ്യാൻ കഴിയും. പ്രാർത്ഥന ദൈവം നമ്മിൽ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളവയെ ചെയ്യാൻ നാം ദൈവത്തോടു സഹകരിക്കയാകുന്നു.

## പതിനൊന്നാം ആഴ്ച:—ആറാംദിവസം.

മത്താ. 14: 29—36. പത്രൊസ് അവനോടു: എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല എന്നു പറഞ്ഞു. യേശു അവനോടു: ഇന്നു, ഈ രാത്രിയിൽ തന്നേ, കോഴി രണ്ടുവട്ടം കൂകുംമുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു എന്നു പറഞ്ഞു. അവനോ: നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ തള്ളിപ്പറകയില്ല എന്നു അധികമായി പറഞ്ഞു; അങ്ങനെ തന്നേ എല്ലാവരും പറഞ്ഞു.

അവർ ഗെത്ത്ശേമന എന്ന പേരുള്ള തോട്ടത്തിൽ വന്നാറെ അവൻ ശിഷ്യന്മാരോടു: ഞാൻ പ്രാർത്ഥിച്ചു തീരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു. പിന്നെ അവൻ പത്രൊസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു ഭ്രമിപ്പാനും വ്യാകുലപ്പെട്ടുവാനും തുടങ്ങി; എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ പാർത്തു ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു. പിന്നെ അല്പം മുമ്പോട്ടു ചെന്നു നിലത്തുവീണു, കഴിയുമെങ്കിൽ ആ നാഴിക നീങ്ങിപ്പോകേണം എന്നു പ്രാർത്ഥിച്ചു: അബ്ബാ, പിതാവേ, നിനക്കു എല്ലാം കഴിയും; ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ, എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ എന്നു പറഞ്ഞു.

നമ്മുടെ കർത്താവിനു തന്റെ സ്ഥിതിയിൽ ഒരു മാററം വരുത്തേണമേ എന്നു ദൈവത്തോടു യാചിപ്പാൻ ഈ ഭയങ്കര നാഴികയിലെന്നപോലെ മറെറാരിക്കലും ആവശ്യം നേരിട്ടിട്ടില്ല. എങ്കിലും കർത്താവിന്റെ പ്രാർത്ഥനയുടെ അവസാനം എന്താണെന്നു സൂക്ഷിക്ക. 'എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല, നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ. നമ്മുടെ വല്ല പ്രത്യേക ആവശ്യങ്ങളും നിർവ്വഹിച്ചുതരേണമേ എന്നു പ്രധാനമായി യാചിക്കുന്നതു പ്രാർത്ഥനയല്ല. നമ്മുടെ ഉദ്ദേശങ്ങളോടൊ ആഗ്രഹങ്ങളോടോ യോജിച്ചുവരത്തക്കവണ്ണം ദൈവത്തിന്റെ ആലോചനകളെയോ നിയമങ്ങളെയൊ ഭേദപ്പെടുത്തേണമെ

ന്നു അപേക്ഷിക്കുന്നതും പ്രാർത്ഥനയല്ല. ദൈവത്തിന്റെ ഇഷ്ടം നമ്മിൽ ചെയ്വാൻ ഒരു മാർഗ്ഗമുണ്ടാക്കുന്നതിന്നു നമ്മുടെ ആത്മാവിന്റെ ഉദ്യമമാകുന്നു യഥാർത്ഥ പ്രാർത്ഥന. നമ്മുടെ പ്രാർത്ഥന 'ലോകത്തെ നടത്തുന്ന ഭുജത്തെ' നമുക്കായി ചലിപ്പിക്കാനല്ല, ദൈവത്തിന്റെ ഉദ്ദേശ്യത്തോടു ആത്മികസംസർഗ്ഗത്താൽ സഹകരിച്ചു 'ലോകത്തെ നടത്തുന്ന ഭുജം' നമ്മെയും തന്റെ ഇഷ്ടപ്രകാരം നടത്തേണമേ എന്നു ആയിരിക്കേണം. നിങ്ങളുടെ പ്രാത്ഥന ഈ അനുഭവം നിങ്ങൾക്കു തരുന്നുവോ? നിങ്ങളിൽനിന്നു ദൂരത്തായിരിക്കാതെ നിങ്ങളിൽതന്നെ വസിച്ചു നിങ്ങളെ ഉപദേശിക്കുന്ന ആ ആത്മാവിനോടുള്ള സംസർഗ്ഗത്താൽ നിങ്ങളിൽ അവന്റെ ഉദ്ദേശ്യം നിറവേറുവാൻ നിങ്ങൾ ഹൃദയപൂൎവ്വം ആഗ്രഹിക്കുന്നുവോ? ആ ആഗ്രഹം നിമിത്തം നിങ്ങൾക്കു വല്ല പ്രത്യേക ആവശ്യങ്ങളും നിവൎത്തിച്ചു കിട്ടുവാൻ എത്ര ആകാംക്ഷ ഉണ്ടെങ്കിലും നമ്മുടെ കൎത്താവിന്റെ പ്രാൎത്ഥനയുടെ അവസാനം പോലെ നിങ്ങളുടെ പ്രാൎത്ഥനയുടെ അവസാനവും ആകുന്നുവോ? 'എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല, നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ!'

---

## പതിനൊന്നാം ആഴ്ച.—ഏഴാംദിവസം.

ഗലാ. 5: 19—24. ജഡത്തിന്റെ പ്രവൃത്തികളോ ദുൎന്നടപ്പു, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവൎത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു. ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീൎഘക്ഷമ, ദയ, പരോപ

കാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല. ക്രിസ്തുയേശുവിന്നുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു.

വിശു. പൌലൊസ് ആത്മാവിന്റെ ഫലങ്ങൾ ഇന്നവയെന്നു ഈ പാഠത്തിൽ വിവരിച്ചിരിക്കുന്നതു നമ്മുടെ കർത്താവിന്റെ സ്വഭാവത്തിന്റെ അഭ്യസനം ആണെന്നു ആലോചിക്കുക. ഈ ഗുണങ്ങൾ വിവരണംകൊണ്ടു എളുപ്പത്തിൽ ഗ്രഹിക്കാൻ കഴികയില്ല. എങ്കിലും അനുഭവംകൊണ്ടു ക്ഷണത്തിൽ മനസ്സിലാക്കാം. അവ, അനുഷ്ഠിക്കേണ്ടും ധർമ്മങ്ങളല്ല, എന്നാലോ പ്രവൃത്തികളെ പ്രശോഭിപ്പിച്ചു അവയുടെ ലക്ഷണത്തെ പ്രത്യക്ഷമാക്കുന്ന ആത്മികതേജസ്സാകുന്നു. നമ്മുടെ കർത്താവു ചെയ്ത പ്രവൃത്തികളല്ല, ചെയ്ത പ്രവൃത്തികൾമൂലം താൻ ആരായിരുന്നു എന്നു വെളിപ്പെട്ടതാണ് ലോകം തങ്കലേക്കു തിരിവാൻ ഇടവരുത്തിയതു്. ഒരു പ്രവൃത്തിയുടെ വില അതു ചെയ്യുന്നവന്റെ ഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഇപ്പോൾ ലോകത്തിൽ മനുഷ്യർക്കു ആവശ്യമുള്ളതു ഇന്നത്തെ പാഠത്തിൽ വിവരിച്ചിട്ടുള്ള ആത്മികവരങ്ങളാണ്. ആ വരങ്ങൾ ഉള്ളവരിൽനിന്നു സൽപ്രവൃത്തികൾ, പർവ്വതത്തിൽനിന്നു നദികൾ എന്നപോലെ, ശക്തിയോടെ പ്രവഹിച്ചുകൊണ്ടിരിക്കും. നമ്മുടെ കർത്താവിന്റെ പ്രഭാവത്തിന്റെ രഹസ്യം ഇതായിരുന്നു. അതിന്റെ ഉത്ഭവസ്ഥാനം തന്റെ പ്രാർത്ഥനാജീവിതവും ദൈവത്തോടുള്ള കൂട്ടായ്മയും ആയിരുന്നു. ആത്മികശക്തിയും ഐശ്വര്യവും പ്രാപിപ്പാനുള്ള ഈ മാർഗ്ഗം നിങ്ങൾ ഉപയോഗിക്കാതെ ത്യജിച്ചുകളയുന്നുണ്ടോ?

---

## അദ്ധ്യായം 22

### പതിനൊന്നാം ആഴ്ചയിലെ വിമർശനവീഥി

### നമ്മുടെ കർത്താവിൻെറ ആത്മാവു.

ശ്രീയേശുവിൻെറ വിവിധഗുണങ്ങളെ ഓരോന്നായി നാം പഠിക്കുമ്പോൾ അദ്ദേഹത്തിൻെറ സ്വഭാവത്തിൻെറ ഒരു പൊതുവായുള്ള മാഹാത്മ്യം മാത്രമെ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. അതിൻെറ ആഴം വേണ്ടവണ്ണം ഗ്രഹിക്കുവാൻ സാധിക്കയില്ല. ഒരു വൈരക്കല്ലിൻെറ പല വശങ്ങൾ അതിൻെറ ആഭ്യന്തരമായ ശോഭയെ പ്രകാശിപ്പിക്കുന്നതുപോലെ ഈ വിവിധഗുണങ്ങളും യേശുവിലുള്ള ഒരു ആന്തരികമായ മാഹാത്മ്യത്തെ വെളിപ്പെടുത്തുകയത്രെ ചെയ്യുന്നതു്. ഓരോ ഗുണവും അതതിൻെറ വിശേഷങ്ങളെ തന്നെത്താൻ വെളിപ്പെടുത്തുന്നതിനോ തന്നെത്താൻ പ്രദശിപ്പിക്കുന്നതിനോ സാധിക്കുകയില്ല. മിന്നുന്ന അതിൻെറ വശങ്ങൾക്കുള്ള ശോഭയ്ക്കു പിമ്പിലായി ആ വൈരക്കല്ലിൻെറ ആന്തരിക സ്വഭാവം സ്ഥിതിചെയ്യുന്നു. അതിൻെറ ഓരോ വശങ്ങളെ വണ്ണിക്കാമെങ്കിലും ഇവയേയും ആ രത്നത്തെ പൊതുവേയും ശോഭപിടിപ്പിക്കുന്ന പ്രകാശത്തിൽ അടങ്ങിയിരിക്കുന്ന ശക്തിയേയും ഗുണത്തേയും ആക്കു വണ്ണിക്കാൻ കഴിയും? നമ്മുടെ ഗുരുവിൻെറ സ്വഭാവവിശേഷങ്ങളെ പ്രദശിപ്പിക്കുന്ന ആത്മാവിൻെറ ഗുണങ്ങൾ ഏവയെന്നു അന്വേഷിക്കേണ്ടതാണു്. അവ ഒരു ആദ്ധ്യാത്മികവിശേഷതയുടെ വാഹനങ്ങളാകുന്നു. നാണയങ്ങൾക്കുള്ളതുപോലെ മനുഷ്യൻെറ പ്രവൃത്തികൾക്കു ഒരു നിശ്ചിതമായ വിലയല്ല ഉള്ളതു്. നമ്മുടെ പ്രവൃത്തികൾ നമ്മിൽനിന്നും അന്യനിലേക്കു ഗമിക്കുമ്പോൾ അതു നമ്മുടെ ഒരു ഭാഗംകൂടെ കൊണ്ടുപോകുന്നുണ്ടു്. നമുക്കുണ്ടായിരുന്ന ഒരു അന്തരീക്ഷവും ആത്മികസ്ഥിതിയും അവകൾക്കുണ്ടു്. ഒരു മനുഷ്യൻെറ കൃത്യത്തിനു അതിൻെറ സ്രഷ്ടാവിൻെറ ആ

ത്മാവിൽനിന്നും പുറപ്പെടുന്ന ഒരു വാസന (അതു ചീത്തയോ നല്ലതോ ആയിരിക്കും) കൂടെ ഉണ്ടായിരിക്കും. ഈ പ്രത്യേക വാസനമൂലമാണു് രണ്ടുപേർ ചെയ്യുന്ന ഒരേ കൃത്യത്തെ ത്തന്നെ തിരിച്ചറിയുന്നതു്. ക്രിസ്തുവിൻെറ ആത്മാവാകട്ടെ, അദ്ദേഹത്തിൻെറ എല്ലാ ഗുണങ്ങളെയും, എല്ലാ കൃത്യങ്ങളെയും വലയം ചെയ്യുന്ന ഒന്നു തന്നെ ആയിരുന്നു. അവസ്ഥ അദ്ദേഹത്തിൽനിന്നും ലഭിച്ചതായ ഒരു മനോഹരത്വവും മഹത്വവും ഉണ്ടായിരുന്നു. മോശെക്കു ലഭിച്ചതുപോലെ സ്വപിതാവുമായുള്ള നിരന്തര സംസർഗ്ഗംമൂലം ലഭിച്ചതായ ഒരു ശോഭ അവസ്ഥയുണ്ടായിരുന്നു. ഒരു തുവാല അരയിൽ ചുററിയും കൊണ്ടു സ്വശിഷ്യരുടെ കാലുകളെ കഴുകുക എന്ന ആ ഏററവും വിനീതമായ കൃത്യം ചെയ്തപ്പോൾ അതിനു അദ്ദേഹത്തിൽനിന്നും ലഭിച്ച ആ പ്രാധാന്യവും ശോഭയും നാം അതേ കൃത്യംതന്നേ ചെയ്യുമ്പോൾ ലഭിക്കുകയില്ല. അദ്ദേഹത്തിൻെറ എല്ലാ കൃത്യങ്ങളിലും നാം കാണുന്ന വിശേഷത ഈ ശോഭനീയ ആത്മാവുതന്നെയാകുന്നു. ഇതുതന്നെ ആകുന്നു അദ്ദേഹത്തിൻെറ സ്വഭാവത്തിൻെറ രഹസ്യവും.

ഈ ഉത്തമമായ ആത്മാവിൻെറ വിശേഷത്തെയും മനോഹരത്വത്തെയും മനസ്സിലാക്കുന്നതിനുള്ള ഉത്തമമായ മാർഗ്ഗം അദ്ദേഹത്തിൻെറ ആന്തരങ്ങളെയും ഉദ്ദേശ്യങ്ങളെയും പഠിക്കുക എന്നുള്ളതാണു്. എല്ലാ പ്രകാശവും ഒരുപോലെയുള്ളതല്ല. അതുപോലെ തന്നെ എല്ലാ നന്മയും ഒരുപോലെയുള്ളതല്ല. എസ്കിമോയുടെ മീനെണ്ണവിളക്കിൽനിന്നും പുറപ്പെടുന്നതായ പ്രകാശവും നട്ടുച്ചസ്സുള്ള സൂര്യപ്രകാശവും തമ്മിൽ എത്രമാത്രം വ്യത്യാസമുണ്ടോ അതുപോലെയുള്ള ഒരു വ്യത്യാസം മനുഷ്യഹൃദയത്തിലുള്ള നന്മകൾക്കുമുണ്ടു്. ഇപ്രകാരമുള്ള നന്മവ്യത്യാസം പ്രേരകശക്തിയെ ആശ്രയിച്ചിരിക്കും. അടിസ്ഥാനം ഒരു കെട്ടിടത്തെ താങ്ങിക്കൊണ്ടു നിൽക്കുന്നതുപോലെ-പ്രേരകശക്തിയും സ്വഭാവത്തെ താങ്ങിക്കൊണ്ടു നില്ക്കു

കയല്ല. പിന്നെയോ, ഒരു ഉറവയുടെ സ്വഭാവം അതിൽനിന്നും പ്രവഹിക്കുന്ന നദികളുടേതുപോലെ പ്രേരകശക്തിയും സ്വഭാവത്തെ നിയന്ത്രിക്കുന്നു. നദിയും ഉറവയും തമ്മിലുള്ള അഭേദ്യമായ ബന്ധംതന്നെയാണ് സ്വഭാവത്തിനും പ്രേരകശക്തിക്കും തമ്മിലുള്ളത്. ഉറവ അതിൻെറ സ്വഭാവം നദിക്കു കൊടുക്കുന്നതു അതിൻെറ പൂർത്തീകരണത്തിനു സഹായിക്കുന്നതുപോലെ, ഉദ്ദേശ്യവും (പ്രേരകശക്തിയും) സ്വഭാവത്തിൻെറ പൂർത്തീകരണത്തിനു സഹായിക്കുന്നുണ്ട്. ഒരു മനുഷ്യൻ നല്ലവനായിത്തീരുന്ന വഴി അവനെ നടത്തുന്ന ആശയങ്ങൾ, അവനെ പ്രേരിപ്പിക്കുന്ന ശക്തികൾ, അവൻെറ ആലോചനകൾ, ഇവകളാണ് അവൻെറ സ്വഭാവത്തെ ഉളവാക്കുന്നതും നിയന്ത്രിക്കുന്നതും. ഒരു മനുഷ്യൻെറ നന്മയുടെ ആത്മീയവിശേഷത, അവൻ എന്തുകൊണ്ടു നന്മ സമ്പാദിച്ചുവോ, ആ കാരണത്തിൽനിന്നുമാകുന്നു ഉത്ഭവിക്കുന്നതു്.

ക്രിസ്തുവിനെ നാം നോക്കുമ്പോൾ, ശിക്ഷയെക്കുറിച്ചുള്ള ഭയമല്ലായിരുന്നു തൻെറ സ്വഭാവത്തെ നിയന്ത്രിച്ചിരുന്നതു് എന്നു നമുക്കു മനസ്സിലാകുന്നതാണ്. പട്ടണത്തിലെ ആളുകൾ സാമൂഹ്യചട്ടങ്ങളെ അനുസരിച്ചു വരുന്നതു അവയെ ആചരിക്കാതിരുന്നാൽ ലഭിച്ചേക്കാവുന്ന ശിക്ഷയെ ഭയന്നാകുന്നു. ഇപ്രകാരം നയിക്കപ്പെടുന്ന അവരുടെ സ്വഭാവവും ക്രിസ്തുവിൻെറ നന്മയും തമ്മിൽ ഉള്ള വ്യത്യാസം പ്രത്യക്ഷമാണ്. അതുകൊണ്ടു, പരമാത്മാവിൻെറ ഉത്തമനയം എന്നുള്ള തത്വത്തെ അസ്പദീകരിച്ചുകൊണ്ടുള്ള സൽഗുണം—സൽപേരിനെ ലാക്കാക്കിക്കൊണ്ടുള്ള സൽഗുണം—എന്നിങ്ങനെ നന്മകൾ പലവിധത്തിലുണ്ടെന്നു മനസ്സിലാകുന്നു. എന്നാൽ ക്രിസ്തുവിൻെറ സ്വഭാവവിശേഷതയാകട്ടെ ഇവയെ ഒന്നിനെയും ആസ്പദമാക്കി നിവത്തിക്കുവാൻ പാടില്ലാത്തവണ്ണം അത്ര അത്യഗാധവും വിപുലവുമായ ഒന്നായിരുന്നു. പരീശന്മാൎക്കു നല്ല ഗുണങ്ങൾ ഉണ്ടെന്നു ക്രിസ്തു ഒരിക്കലും സമ്മതിക്കാതിരുന്നിട്ടില്ല. എന്നാൽ അ

ഗുണങ്ങളെല്ലാം ബലഹീനങ്ങളും തുഛങ്ങളുമായിരുന്നു എന്നാ ണു് അദ്ദേഹം പറഞ്ഞതു്. 'നിങ്ങളുടെ നീതി ശാസ്ത്രിമാരു ടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ല എങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല' (മത്താ. 5: 20) എന്നത്രെ ഗുരു പ്രസ്താവിച്ചതു്.

ക്രിസ്തുവിൻെറ നന്മയുടെ വിശേഷതയ്ക്കുള്ള പ്രധാനമായ കാരണം, അദ്ദേഹവും ദൈവവുമായുള്ള സംസർഗ്ഗത്തെപ്പററി യുള്ള ബോധം ആയിരുന്നു. അദ്ദേഹത്തിൻെറ ജീവിതത്തി ൻെറ പ്രധാന ഉദ്ദേശ്യവും അതുതന്നെ ആയിരുന്നു. അദ്ദേ ഹം പ്രാർത്ഥനയിൽ ഇപ്രകാരം പറഞ്ഞതായിട്ടാണു് യോഹ ന്നാൻ പറഞ്ഞിരിക്കുന്നതു്. 'നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല, ഞാനോ, നിന്നെ അറിയുന്നു' (യോ ഹ. 17: 25). 'പിതാവല്ലാതെ ആരും പുത്രനെ അറിയുന്നി ല്ല. പുത്രനും പുത്രൻ വെളിപ്പെടുത്തികൊടുപ്പാൻ ഇഛിക്കു ന്നവനുമല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല' (മ ത്താ. 11: 27) എന്നു യേശു ശിഷ്യന്മാരോടു പറഞ്ഞതായിട്ട ത്രെ മത്തായി പറയുന്നതു്. ആ പരിശുദ്ധനായ ദൈവിക പിതാവുമായുള്ള അഭേദ്യമായ സംസർഗ്ഗത്തെയും സംബന്ധ ത്തെയും പററിയുള്ള ബോധം അദ്ദേഹത്തിൻെറ ജീവിതം മു ഴുവനും ഉണ്ടായിരുന്നു. ദൈവവും ക്രിസ്തുവുമായുള്ള ഏകത്വ ത്തെപ്പററിയാണു നാം ഇവിടെ ചിന്തിച്ചതു്. അതു സഭയു ടെ വിശ്വാസപ്രമാണമെന്ന രീതിയിലല്ല, പിന്നെയോ ക്രി സ്തുവിൻെറ സ്വന്ത പരിചയത്തിൻെറ ഒരു ഭാഗമായിട്ടാകുന്നു നാം ആലോചിച്ചതു്. ഈ ബോധമത്രെ അദ്ദേഹത്തിൻെറ സ്വഭാവം മുഴുവനും വ്യാപിച്ചു അതിനു ഇത്രമാത്രം വിശേഷ ത നൽകിയതും. ഈ പിതൃബന്ധത്തിൻെറ സ്വാധീനശ ക്തിയിലില്ലാത്ത ഒരു ഗുണവും യേശുവിൻെറ ജീവിതത്തിലു ണ്ടായിരുന്നില്ല.

നമ്മുടെ രക്ഷിതാവും സ്വപിതാവുമായുള്ള ഈ ആത്മീയ ബന്ധം, ദൈവം ക്രിസ്തുവിൻെറ ജീവിതത്തിലെ അധിവാസശക്തി, തൻെറ സകല പ്രവൃത്തികളുടെയും വാക്കുകളുടെയും കർത്താവ്, പിതാവിനെക്കൂടാതെ ക്രിസ്തുവിനു് ഒന്നും സാധിക്കുകയില്ല, പിതാവും താനും ഒന്നാണു് ഇങ്ങനെയായിരുന്നു ശിഷ്യന്മാൎക്കു് ക്രിസ്തുവിൻെറ ആളത്വത്തെപ്പററിയുള്ള ധാരണകൾ (യോഹ. 5: 30; 14: 9: 11). അവർ അദ്ദേഹത്തിൻെറ പാപമോചനം, നീതി, സ്നേഹം, ക്ഷമ മുതലായ ഗുണങ്ങളെ അറിയുകയും വാഴ്ത്തുകയും ചെയ്തു. എന്നാൽ സാന്മാൎഗ്ഗിക തത്വങ്ങളാകുന്ന ഗോളങ്ങൾക്കിടയിൽ സൂൎയ്യനെന്നപോലെ 'ദൈവം ക്രിസ്തുവിലായിരുന്നു' എന്ന വാക്കുകൾ പ്രശോഭിക്കുന്നു.

ദൈവത്തിൽനിന്നും ക്രിസ്തുവിനെ വേർതിരിക്കുവാൻ പാടില്ല എന്നുള്ളതായിരുന്നു യേശുവിൻെറ ആളത്വത്തെപ്പററിയുണ്ടായിരുന്ന ശിഷ്യന്മാരുടെ പ്രധാനമായ ധാരണ. തന്നെ ശക്തിപ്പെടുത്തിയിട്ടുള്ളവനും, തന്നോടുകൂടെ എപ്പോഴും സംസർഗ്ഗം ചെയ്തുകൊണ്ടിരുന്നവനുമായ പിതാവുമായുള്ള സംബന്ധത്തെയും അദ്ദേഹത്തിൻെറ ജീവിതം എപ്പോഴും പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരുന്നു. എങ്കിലും ക്രിസ്തു തൻെറ സ്നേഹിതന്മാരിൽ ഉളവാക്കിയ ഈ ധാരണയല്ല വളരെ പ്രധാനമായിട്ടുള്ളതു്. അതു മനസ്സിലാക്കേണ്ടതിനായിട്ടു നാം ക്രിസ്തുവിൻെറ ആത്മീയ ജീവിതത്തിലേക്കു നോക്കേണ്ടിയിരിക്കുന്നു. അദ്ദേഹവും പിതാവുമായുള്ള ഐക്യം സ്വശിഷ്യന്മാരുടെ ഒരു പ്രമാണമോ, ധാരണയോ, ആയിത്തീരുന്നതിനു മുമ്പു അതു് അദ്ദേഹത്തിൻെറ സ്വന്ത അനുഭവമായിരുന്നു. യേശുക്രിസ്തു എപ്പോഴും ദൈവത്തിൽ ജീവിച്ചിരുന്നു എന്നു നമുക്കു ഭക്തിയോടുകൂടെ പറയാം. സമുദ്രം നനവുള്ളതാണെന്നു കാണിപ്പാൻവേണ്ടി അതിൽനിന്നും പ്രത്യേകമായിട്ടു വെള്ളം കോരുന്നതുപോലെയാണു് അദ്ദേഹവും പിതാവുമായിട്ടുള്ള ബന്ധം എത്ര അഗാധവും നിരന്തര

വുമായിരുന്നു എന്നു കാണിക്കുന്നതിനുവേണ്ടി അദ്ദേഹത്തി ന്റെ ജീവിതത്തിൽനിന്നും പ്രധാന സംഗതികൾ ഉദ്ധരിക്കുന്നതു്. സമുദ്രം എപ്പോഴും നനവുള്ളതായിരുന്നു. ഈ ദൈവബോധം തന്നെയായിരുന്നു ക്രിസ്തുവിന്റെ വിശേഷതയുടെ പ്രധാന കാരണം.

ദൈവവും താനുമായിട്ടുള്ള സംസർഗ്ഗജീവിതം ദൈവത്തെപ്പററിയുള്ള തന്റെ സംഭാഷണത്താലും ധ്യാനത്താലും അദ്ദേഹം പ്രത്യക്ഷീകരിച്ചിരുന്നു.

നമ്മുടെ സ്വന്ത പരിചയത്തിൽനിന്നും ദൈവത്തെപ്പററി നമുക്കു ലഭിക്കുന്ന അറിവു് ഏററവും പരിമിതമായ ഒന്നു തന്നെയാണു്. അതു നമ്മുടെ പ്രാർത്ഥനമൂലവും, നമുക്കുള്ള സംബന്ധത്തിൽനിന്നും, മനസ്സാക്ഷിയിൽക്കൂടെയുള്ള ദൈവത്തിന്റെ വാക്കുകളിൽനിന്നും, ആദർശങ്ങളിൽനിന്നുമാകുന്നു. എന്നാൽ പാപമോചനം, ദൈവത്തിന്റെ സാന്നിദ്ധ്യം, ഈ പരിചയങ്ങളിൽനിന്നും ലഭിക്കുന്ന അറിവും ഏററവും തുച്ഛമായ ഒന്നുതന്നെയാകുന്നു. എങ്ങനെ നോക്കിയാലും ദൈവത്തെപ്പററിയുള്ള ക്രിസ്തുവിന്റെ ചിന്തകൾ ഒന്നും അന്യരുടേതല്ലായിരുന്നു. നാം ദൈവത്തിങ്കലേക്കു തത്തിക്കയറുവാൻ ശ്രമിക്കുന്നു. എന്നാൽ അദ്ദേഹമാകട്ടെ ദൈവത്തിങ്കൽനിന്നും പുറപ്പെടുന്നു. ലോകത്തെ മനസ്സിലാക്കുവാൻവേണ്ടി ദൈവമുണ്ടെന്നുള്ള സങ്കല്പമല്ല ക്രിസ്തു വെച്ചിരുന്നതു്. അതു ഒരു തത്വത്തിന്റെയോ ന്യായത്തിന്റെയോ അവസാനത്തിൽ അദ്ദേഹത്തിനു ലഭിച്ചിരുന്ന അറിവല്ല. ക്രിസ്തു ദൈവത്തെ മനസ്സിലാക്കിയതു ചിന്തമൂലമല്ലായിരുന്നു, പിന്നെയോ ആന്തരികമായ അനുഭവം മൂലമായിരുന്നു. അദ്ദേഹം ദൈവത്തെപ്പററി ഒരു പുതിയ ന്യായവാദവും നമുക്കു തരുന്നില്ല. എന്നാൽ പിതാവുമായി ഒരു പൂർണ്ണ സംസർഗ്ഗത്തിലുള്ള ജീവിതത്തെ അദ്ദേഹം നമുക്കു കാണിച്ചുതരുന്നു. "ഞാൻ ഏകനല്ല, എന്നെ അയച്ച പിതാവു എന്നോടുകൂടെയുണ്ടു്" (യോ

ഹ. 8: 16). 'എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ടു്' (യോഹ. 8: 29). 'അവർ എല്ലാവരും ഒന്നാകേണ്ടതിനു, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ' (യോഹ. 17: 21). യോഹന്നാൻെറ ഈ വചനങ്ങളിൽനിന്നും, മററു സുവിശേഷങ്ങളിൽനിന്നും വെളിപ്പെടുന്നതു് ക്രിസ്തുവിൻെറ ജീവിതത്തെ പ്രേരിപ്പിക്കയും മഹത്വപ്പെടുത്തുകയും ചെയ്തതു ദൈവത്തോടുള്ള ഈ ബന്ധവും അടുപ്പവും ആയിരുന്നു എന്നത്രെ.

അദ്ദേഹത്തിൻെറ പ്രാൎത്ഥനാജീവിതത്തിലും പിതാവുമായുള്ള ഈ ആത്മീയസംബന്ധം അദ്ദേഹം പ്രത്യക്ഷീകരിച്ചിരുന്നു. ഒരു കുട്ടി ശ്വാസോഛ്വാസം ചെയ്യുന്നതുപോലെ അത്ര നിരന്തരമായ ഒന്നായിരുന്നു ക്രിസ്തുവിൻെറ പ്രാൎത്ഥനാജീവിതവും. ചിലപ്പോൾ അദ്ദേഹം വിജയകരമായിത്തന്നെ പ്രാൎത്ഥിച്ചു. മറുരൂപപ്പെട്ടപ്പോൾ കഴിച്ച പ്രാൎത്ഥന ഈ രീതിയിലുള്ളതായിരുന്നു. അപ്പോൾ 'അവൻെറ മുഖത്തിൻെറ ഭാവം മാറി' എന്നാണു് ലൂക്കോസു പറയുന്നതു് (ലൂക്കൊ. 8: 29). ചിലപ്പോൾ അദ്ദേഹം അത്യധികം സങ്കടത്തോടുകൂടെ പ്രാൎത്ഥിച്ചു. ഗത്സമെനതോട്ടത്തിൽവെച്ചുള്ള പ്രാൎത്ഥന ഈ രീതിയിലുള്ളതായിരുന്നു. 'പിന്നെ അവൻ പ്രാണവേദനയിലായി. അവൻ അതിശ്രദ്ധയോടെ പ്രാൎത്ഥിച്ചു. അവൻെറ വിയൎപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയി (ലൂക്കൊ. 22: 4) എന്നാണു ലൂക്കോസു അതിനെപ്പററി പറയുന്നതു്. ചിലപ്പോൾ അദ്ദേഹം രാത്രി മുഴുവനും പ്രാൎത്ഥനയിൽ കഴിച്ചു. ചില അവസരങ്ങളിൽ പ്രാൎത്ഥനയ്ക്കായി നേരം പുലരുന്നതിനു വളരെ മുമ്പുതന്നെ എഴുന്നേററു. ചിലപ്പോൾ സന്ധ്യയാകുമ്പോൾ പ്രാൎത്ഥനയ്ക്കായി വല്ല നിൎജ്ജനപ്രദേശത്തും പോകാറുണ്ടായിരുന്നു. ക്രിസ്തു പ്രസംഗിച്ചതും അത്യത്ഭുതകരങ്ങളായ സകല കൃത്യങ്ങൾ ചെയ്തതും ഈ പ്രാൎത്ഥനയോടുകൂടെ ആയിരുന്നു. അദ്ദേഹത്തിനു ഏകാ

ന്നസ്ഥലത്തു പോകുവാൻ സാധിച്ചില്ലെങ്കിൽ, തന്റെ ആത്മാവിന്റെ ഏകാന്തത്തിലേക്കു തിരിയുക പതിവായിരുന്നു. അവൻ തനിച്ചു പ്രാൎത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ശിഷ്യന്മാർ കൂടെയുണ്ടായിരുന്നു എന്നത്രെ ലൂക്കൊസു പറയുന്നതു (ലൂക്കൊ. 9: 18). ക്രിസ്തു നമുക്കു വിചാരിക്കാവുന്നതിലും അധികമായ പരിശുദ്ധതയും മാഹാത്മ്യവുമുള്ളവനായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ പ്രാൎത്ഥന ഒരു ശിശുവിന്റേതുപോലെ അത്ര ലളിതമായ ഒന്നുതന്നെ ആയിരുന്നു. ക്രൂശിലെ അതികഠോരമായ വേദനയിൽ കിടന്നപ്പോഴും അദ്ദേഹം ഏററവും വിശ്വാസത്തോടുകൂടെ ഇത്രമാത്രമെ പറയുന്നുള്ളു:—'പിതാവേ, തൃക്കൈയ്യിലേക്കു എന്റെ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു.' എങ്കിലും ആ വാക്കുകൾ ഒരിക്കലും മറന്നുപോകാത്ത വിധത്തിൽ അത്ര ശക്തിയായി കേൾവിക്കാരുടെ മനസ്സിൽ പതിഞ്ഞിരുന്നു. അഞ്ചപ്പം കൊണ്ടു അയ്യായിരം പേരെ പോഷിപ്പിച്ചതിന്റെ പിറെറ ദിവസം ആ സ്ഥലത്തെ വൎണ്ണിക്കുന്നതിനു യോഹന്നാൻ ഉപയോഗിക്കുന്ന വാക്കുകൾ ഇവയാകുന്നു. 'കൎത്താവു വാഴ്ത്തിയിട്ടു അവർ അപ്പം തിന്നുന്ന സ്ഥലം' (യോഹ. 6: 23). അപ്പോൾ യേശുക്രിസ്തു ചെയ്ത പ്രാൎത്ഥന വളരെ ലളിതവും ചെറുതുമായിരുന്നു എങ്കിലും ഒരിക്കലും മറന്നുപോകാത്തവണ്ണം അതു അത്ര നല്ലവണ്ണം കേൾവിക്കാരുടെ മനസ്സിൽ പതിഞ്ഞിരുന്നു.

ഒരൊററ സംഗതിമാത്രമെ ശിഷ്യന്മാർ യേശുവിനോടു പഠിപ്പിക്കുവാനായിട്ടു ആവശ്യപ്പെട്ടിട്ടുള്ളു. അതു പ്രാൎത്ഥിക്കുവാനായിട്ടായിരുന്നു. പ്രാൎത്ഥിക്കുന്നതിനു മുമ്പു തന്നെ തന്റെ ആവശ്യങ്ങളെ എല്ലാം സ്വൎഗ്ഗസ്ഥനായ തന്റെ പിതാവിനു അറിയാമായിരുന്നു. താനും പിതാവും തമ്മിലുള്ള സംബന്ധം അത്ര ആഴമായ ഒന്നായിരുന്നു (മത്താ. 6: 8). മനുഷ്യർ തങ്ങൾക്കു ലഭിക്കുന്നതിനു ആഗ്രഹിക്കുന്നതിനെക്കാൾ കൂടുതലായ ദാനങ്ങൾ കൊടുക്കുന്നതിനു പിതാവു ആഗ്രഹിക്കുന്നു എന്നു

ക്രിസ്തുവിനു നല്ല നിശ്ചയമുണ്ടായിരുന്നു (മത്താ. 7: 9—11). യേശുവിനെപ്പററി ഒരു എഴുത്തുകാരൻ പറയുന്നതു വാസ്തവമാണ്—"അദ്ദേഹം അഗോചരമായ ആ വിപുലശക്തിയിൽ അത്യന്തം വിശ്വാസമുള്ളവനും, സ്നേഹമാണ് സർവത്തിലും പ്രധാനമായിട്ടുള്ളതെന്നു ബോധമുള്ളവനും, ആ സ്നേഹമൂർത്തിയുടെ അപാരമായ ശക്തിയിലും, ആ സ്നേഹമൂർത്തികൾ തന്നെ സഹായിപ്പാനുള്ള സ്വാതന്ത്ര്യത്തിലും വിശ്വാസമുള്ളവനും ആയിരുന്നു." സൂര്യൻ പ്രകാശിക്കുന്നതുപോലെയോ, മാതാവു തൻെറ കുട്ടികളെ സ്നേഹിക്കുന്നതുപോലെയോ അത്ര സാധാരണയായിരുന്നു യേശുക്രിസ്തുവിൻെറ പ്രാർത്ഥനാജീവിതവും. പ്രാർത്ഥന ക്രിസ്തുവിനു ദൈവവുമായിട്ടുണ്ടായിരുന്ന ഐക്യജീവിതത്തിൻെറ നൈസർഗ്ഗികമായ ഒരു പ്രകടനമായിരുന്നു.

ഇപ്രകാരമുള്ള ഒരു ജീവിതത്തിൽനിന്നു പുറപ്പെടുന്നവയും അതുപോലെ തന്നെ ഗുണമുള്ളതായിരിക്കും. ധൈര്യം, സന്തോഷം, സഹനശക്തി, കൃപാമനസ്സ് മുതലായി നാം പഠിച്ച യേശുവിൻെറ പല സ്വഭാവവിശേഷങ്ങളും സ്വയം ശോഭിതങ്ങളാണെങ്കിലും ധൈര്യവും ത്യാഗശീലവും മററുള്ള മഹാന്മാരുടെ ജീവിതത്തിലും നമുക്കു കാണ്മാൻ സാധിക്കുമെങ്കിലും, യേശുക്രിസ്തുവിൻേറതിനുള്ളതുപോലെ ആ ത്യാഗത്തിനും ധൈര്യത്തിനും ദൈവസ്നേഹത്തെ പ്രത്യക്ഷീകരിപ്പാനോ, വിശദപ്പെടുത്തുവാനോ സാധിക്കാത്തതിൻെറ ധാന കാരണം ഇതുതന്നെ ആകുന്നു. അദ്ദേഹത്തിൻെറ വിവിധഗുണങ്ങളും അവയിൽ തന്നെ പരിപൂർണ്ണങ്ങളായിരുന്നില്ല. അദ്ദേഹത്തിൻെറ ആത്മാവാകുന്നു അവയെ പരിപൂർണ്ണപ്പെടുത്തുന്നത്. യേശുവിൻെറ യഥാർത്ഥ മാഹാത്മ്യം അദ്ദേഹത്തിൻെറ വിവിധഗുണങ്ങളിലല്ല സ്ഥിതിചെയ്യുന്നത്. പിന്നെയോ, അദ്ദേഹവും പിതാവും തമ്മിലുള്ള അഗാധമായ സംബന്ധജീവിതത്തിലാകുന്നു. അതിൽനിന്നുമാകുന്നു അദ്ദേഹ

ത്തിൻെറ ഈ വിവിധഗുണങ്ങൾ പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്. അവ നിർമ്മിക്കപ്പെട്ടവയല്ല. ആ യാഥാർത്ഥ ഐക്യം തന്നെയായിരുന്നു അദ്ദേഹത്തിൻെറ ഗുണങ്ങളെ സൌരഭ്യപ്പെടുത്തിയതും.

ഇതു പലപ്രകാരത്തിലും വിശദീകരിക്കാവുന്നതാണു്. എങ്കിലും സ്വപിതാവും താനുമായിട്ടുള്ള ഐക്യജീവിതത്തിൽ നിന്നും ഉളവായ താഴ്മയെപ്പററി നമുക്കു ആലോചിക്കാം. ഇതിനെപ്പററി ചിന്തിച്ചുകൊണ്ടാണു് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ കർത്താവു പറയുന്നതു്:—'എനിക്കു സ്വതേ ഒന്നും ചെയ്വാൻ കഴിയുന്നതല്ല' (യോഹ. 5: 30). ഇതിനാലാകുന്നു ക്രിസ്തുവിൻെറ സ്വതേ ഉള്ള ശക്തികളും, അദ്ദേഹത്തിൻെറ താഴ്മയും തമ്മിൽ പരസ്പരവിരുദ്ധങ്ങളായി നമുക്കു തോന്നുന്നതു്. എങ്കിലും രക്ഷിതാവിൻെറ പല ഉപദേശങ്ങളിലും ഈ താഴ്മയുടെ സ്വരം സ്ഫുരിക്കുന്നില്ല. 'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എൻെറ വചനങ്ങളൊ ഒഴിഞ്ഞുപോകയില്ല' (മർക്കൊ. 13: 31). മനുഷ്യപുത്രൻ തൻെറ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തൻെറ തേജസ്സിൻെറ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവൻെറ മുമ്പിൽ കൂട്ടും' (മത്താ. 25: 31). 'എന്നെക്കാൾ അധികം അപ്പനേയോ, അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല' (മത്താ. 10: 37). 'മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ ദൈവദൂതന്മാരുടെ മുമ്പിൽ ഞാനും തള്ളിപ്പറയും' (ലൂക്കൊ. 12: 9). ഇപ്രകാരം പ്രൌഢങ്ങളായവയായിരുന്നു അദ്ദേഹത്തിൻെറ ഉപദേശങ്ങൾ.

ഇപ്രകാരം താൻ തന്നെ മശിഹാ എന്നു സാക്ഷീകരിക്കുന്നതും (മർക്കൊ. 8: 29) ദൈവത്തെ അറിഞ്ഞിട്ടുള്ള ഏകപുരുഷനെന്നു സ്ഥാപിക്കുന്നതുമായ (മത്താ. 11: 27) ഈ ഉപദേശങ്ങൾ പ്രഥമദൃഷ്ടിയിൽ അദ്ദേഹത്തിൻെറ വിനീതജീവിത

ത്തിനു ഏററവും വിപരീതമായ ഒന്നാണെന്നു തോന്നാവുന്നതാണു്. എങ്കിലും അദ്ദേഹം താഴ്മയെപ്പററി നിരന്തരമായി പഠിപ്പിച്ചുകൊണ്ടിരുന്നു. 'സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും' (മത്താ. 5: 5). ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവനാകുന്നു' (മത്താ. 18: 4). 'തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും' (മത്താ. 23: 12). ഇത്രത്തോളം പ്രധാനവും പ്രാഥമികവുമായ ഒരു തത്വത്തെ വിശദീകരിക്കുന്നതിനായി അദ്ദേഹം പല ഉദാഹരണങ്ങളും പറഞ്ഞിരുന്നു. ഏററവും മുഖ്യമായ ആസനങ്ങളെ തിരയാതെ ഏററവും വിനീതമായ അവസാനത്തെ സ്ഥലത്തു ഇരുന്ന അ അതിഥിയെ അദ്ദേഹം വളരെ പുകഴ്ത്തുന്നു (ലൂക്കൊ 14: 7 *ff*). വേറൊന്നു ദൈവസന്നിധിയിൽ തന്നെത്താൻ താഴ്ത്തിയ ചുങ്കക്കാരനെക്കുറിച്ചാകുന്നു (ലൂക്കൊ. 18: 9 *ff*). എന്നാൽ ഏററവും അത്ഭുതകരമായതു ഇതൊന്നുമല്ല. ഇത്രമാത്രം ഉന്നതമായ ഒരു സ്ഥിതിയെ പ്രാപിച്ചിരുന്ന യേശു—സാക്ഷാൽ മശിഹാ ആയിരുന്ന ആ ക്രിസ്തുതന്നെ—എന്താണു പറയുന്നതു്? 'നിങ്ങൾ എന്നെ നല്ലവൻ എന്നു വിളിക്കുന്നതു് എന്തു്? ദൈവം ഒരുവൻ മാത്രമെ നല്ലവനായിട്ടുള്ളു' (മർക്കൊ. 10: 18.) അദ്ദേഹം തന്നെക്കുറിച്ചു തന്നെ 'ഞാൻ സൌമ്യതയും താഴ്മയും ഉള്ളവനാണു്' (മത്താ. 11: 29) എന്നത്രെ പറഞ്ഞതു്. തന്റെ താഴ്മയെക്കുറിച്ചുള്ള ബോധം ആദ്യതലമുറയിലെ ക്രിസ്ത്യാനികളുടെ മനസ്സിൽ വളരെ ഗാഢമായി പതിഞ്ഞിരുന്നു. അതുകൊണ്ടത്രെ ഏററവും ചുരുക്കം ചില വാക്കുകളിൽ യേശുക്രിസ്തുവിന്റെ സ്വഭാവത്തെയും ജീവിതത്തെയുംകുറിച്ചു വിവരിക്കുമ്പോൾ 'ക്രിസ്തുവിന്റെ ശാന്തതയും സൌമ്യതയും' എന്നു വിശുദ്ധ പൌലൊസു പറഞ്ഞിരിക്കുന്നതു് (2കൊരി. 10: 1).

ഈ പരസ്പരമായ വിരുദ്ധത്തിനുള്ള ഏററവും ശരിയായ കാരണം റസ്കിൻ എന്ന മഹാൻ കെട്ടെത്തിരിക്കുന്നതു ഡോക്ടർ സ്റ്റീയരുടെ 'മനുഷ്യനായ ക്രിസ്തുയേശു' (The Man Christ Jesus) എന്ന പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ട്:—ഏററവും ഉൽകൃഷ്ടനായ ഒരു മഹാൻെറ പ്രധാന ഗുണം താഴ്മയാണ്. താഴ്മ എന്നുള്ളതു ഒരുവൻെറ സ്വന്ത ശക്തികളെപ്പററിയുള്ള അവിശ്വാസമോ, സ്വന്ത അഭിപ്രായങ്ങളെ പറയുന്നതിനുള്ള മടിയോ ആണെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ തൻെറ ഭാഷണവും പ്രവൃത്തിയും, ശേഷിച്ച ലോകത്തിൻെറ ഭാഷണവും പ്രവൃത്തിയും ഇവ തമ്മിലുള്ള സംബന്ധത്തെ കുറിച്ചു ശരിയായ ജ്ഞാനമുണ്ടാകുന്നതാണ് താഴ്മ. എല്ലാ മഹാന്മാക്കും തങ്ങളുടെ കൃത്യങ്ങളെ നല്ലവണ്ണം അറിയാമായിരുന്നു എന്നു മാത്രമല്ല—തങ്ങളുടെ കൃത്യങ്ങളെപ്പററി അറിയാമെന്നുള്ള ബോധവും ഉണ്ടായിരുന്നു. അതുപോലെതന്നെ അവക്കു അവരുടെ വിശ്വാസങ്ങളും അഭിപ്രായങ്ങളും അറിയാമെന്നു മാത്രമല്ല, അവ ശരിയാണെന്നു നിശ്ചയവും ഉണ്ടായിരുന്നു. പക്ഷെ അവർ അവരെപ്പററി അധികമൊന്നും കരുതാറില്ലായിരുന്നു. ഫ്ളോറൻസിൽ ഏററവും മനോഹരമായ ഒരു കെട്ടിടംകെട്ടുന്നതിനു തനിക്കു സാധിക്കുമെന്നു അർനോൾഫോസ്സു് നല്ല വിശ്വാസമുണ്ടായിരുന്നു. തൻെറ ജോലിയെപ്പററി കുററംപറഞ്ഞ ഒരു വിമർശകനോടു ആൽബെർട്ടു ഡ്യൂറൻ ശാന്തമായ രീതിയിൽ പറഞ്ഞ മറുപടി ഇപ്രകാരമാകുന്നു—'അതിനേക്കാൾ നല്ലതായിട്ടു അതു ചെയ്വാൻ ആർക്കും സാധിക്കുകയില്ല.' മററാക്കും സാധിക്കാത്തതായ ചില സംഗതികൾ തനിക്കു സാധിച്ചു എന്നു സർ ഐസക്കു് ന്യൂട്ടനു നല്ല വിശ്വാസമുണ്ടായിരുന്നു. പക്ഷെ ശിഷ്ടമുള്ളവർ എല്ലാവരും താണുവീണു് തങ്ങളെ വന്ദിക്കണമെന്നു ഇവരാരും ആഗ്രഹിച്ചിരുന്നില്ല. അവക്കു അവരുടെ ശക്തിഹീനതയെപ്പററി ഒരു നല്ല ബോധമുണ്ടായിരുന്നു. അവരിൽ ശക്തി ഇ

ല്ലായിരുന്നു, പിന്നെയോ ശക്തി അവരിൽക്കൂടെ വ്യാപരിച്ചിരുന്നു എന്നതായിരുന്നു അവരുടെ വിശ്വാസം. ദൈവം നൽകിയതല്ലാതെ സ്വതവെ ഒന്നുമില്ലായിരുന്നു എന്നു അവക്കു അറിയാമായിരുന്നു. ഈ ദൈവികത്വവും, ദൈവദത്തമായ ശക്തിയും മറെറല്ലാവക്കും ഉണ്ടായിരുന്നു എന്നു അവർ ധരിച്ചിരുന്നു. അതിനാൽ അവക്കു അഗാധവും അകൈതവവുമായ കരുണയുണ്ടായിരുന്നു'—ഇതായിരുന്നു റസ്കിൻെറ അഭിപ്രായം.

ശ്രീയേശുവിൽ ഒരേ സമയത്തു തന്നെ കാണുന്ന ആത്മവിശ്വാസത്തിനും ഹൃദയസൌമ്യതയ്ക്കും ഉള്ള ഏക കാരണം ഇതുതന്നെയാണു്. അദ്ദേഹത്തിൻെറ ശക്തി അദ്ദേഹത്തിലുള്ളതല്ലായിരുന്നു. പക്ഷെ അദ്ദേഹത്തിൽക്കൂടെ ഉള്ളതായിരുന്നു. 'എൻെറ സ്വന്ത വചനങ്ങൾ അല്ല ഞാൻ പറയുന്നതു, എൻെറ സ്വന്ത പ്രവൃത്തികളല്ല ചെയ്യുന്നതു്, എൻെറ സ്വന്ത ശക്തിയല്ല ഉപയോഗിക്കുന്നതു്, ജനങ്ങൾ യേശുവിലല്ല, പിന്നെയോ തന്നെ അയച്ച ദൈവത്തിലത്രെ വിശ്വസിച്ചതു എന്നു യേശു പറയുന്നതായി യോഹന്നാൻ എഴുതുന്നു." ഇതുതന്നെയായിരുന്നു ക്രിസ്തുവിൻെറ ആദ്യജീവചരിത്രങ്ങളിൽ അടങ്ങിയിരുന്നതു്. ദൈവത്തിൻെറ ഉദ്ദേശ്യത്തെ വെളിപ്പെടുത്തുന്നതിൽ അദ്ദേഹം നിമഗ്നനായിരുന്നു. അതു ചെയ്യുന്നതുമൂലം തൻെറ സന്ദേശത്തേയും ഔന്നത്യത്തേയും കുറിച്ചുള്ള നിശ്ചയം ലഭിക്കുമെന്നുള്ള ബോധവും തൻെറ സൌമ്യതയെയും താഴ്മയെയും മദ്ധ്യസ്ഥതയെയും പററിയുള്ള വിശ്വാസവും ഉണ്ടായിരുന്നു. ഹെയിഡൻ എന്ന മഹാൻ 'The Creatiori' എന്ന തൻെറ പുസ്തകം എഴുതിയപ്പോൾ ഇപ്രകാരമത്രെ പറഞ്ഞതു്. 'എന്നിൽനിന്നല്ല പിന്നെയോ മേലിൽനിന്നത്രെ ഇവയെല്ലാം ലഭിച്ചതു്' എമിയൽ ഇപ്രകാരമാണു് അഭിപ്രായപ്പെട്ടതു്—'മനുഷ്യൻ ഉത്തമവും ഉൽകൃഷ്ടവുമായ എന്തെങ്കിലും പ്രവൃത്തിക്കുമ്പോൾ അവൻ തന്നെ

ക്കാൾ ശ്രേഷ്ഠനും ശക്തിമാനുമായ ഒരാളിൻെറ ആയുധമാണു്.' സ്വതവെ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല എന്നുള്ള ബോധംതന്നെ ആയിരുന്നു ഈ ആത്മവിശ്വാസവും താഴ്മയും ഒരേ അവസരത്തിൽ കർത്താവിലും പോററിപ്പുലർത്തിയതു. ഇതുമൂലമായിരുന്നു അദ്ദേഹം 'നല്ല യജമാനൻ' (നല്ലവൻ) എന്നുള്ള ആ മഹത്വനാമത്തെ തിരസ്കരിച്ചതു്. ക്രിസ്തുഭഗവാൻെറ ഈ യഥാർത്ഥ താഴ്മയും, മനുഷ്യർക്കുവേണ്ടി തൻെറ ജീവിതത്തെ നയിക്കുന്നതിനു് തന്നെ പ്രേരിപ്പിച്ച ഈ പരിശുദ്ധവും അഗാധവുമായ സൌമ്യതയും, തനിക്കു പരസ്വശുശ്രൂഷാകാലത്തു ലഭിച്ചതായ സകല ശക്തികളും ദൈവദത്തമാണെന്നുള്ള വിശ്വാസവും, അദ്ദേഹത്തിൻെറ സ്വഭാവനൈർമ്മല്യത്തിനു ഒരു കൂടുതൽ ശോഭ പ്രദാനം ചെയ്യുന്നുണ്ടു്. ഒരു രാജാവിൻെറ രത്നാഭരണമുറിയിൽ ദിവാകരൻെറ പ്രഭകൾ പ്രവേശിച്ചു രത്നങ്ങളേയും, വിലയേറിയ കല്ലുകളേയും കൂടുതൽ ശോഭായമാനമാക്കിത്തീർക്കുന്നതുപോലെ ക്രിസ്തുവിൻെറ ഈ സ്വഭാവവൈശിഷ്ട്യം അദ്ദേഹത്തിൻെറ ഇതരഗുണഗണങ്ങളുടെ ശോഭയെ ശതഗുണീഭവിപ്പിക്കുകയത്രെ ചെയ്യുന്നതു്. നാം അദ്ദേഹത്തിൻെറ ശക്തിയുടെ രഹസ്യമായ ഉത്ഭവസ്ഥാനത്തു പ്രവേശിച്ചു, 'നിങ്ങളുടെ സ്വർഗ്ഗീയപിതാവു സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ' (മത്താ. 4: 58) എന്നുള്ള വാഗ്ദത്തം നിറവേറുന്നതുവരെ ക്രിസ്തുവിൻെറ വിവിധഗുണഗണങ്ങളെ അനുകരിക്കുവാൻ നമുക്കു സാധിക്കുന്നതല്ല.

## അദ്ധ്യായം 23

# നമ്മുടെ കർത്താവിൻെറ പരിപൂർണ്ണത

## പ്രതിദിനപാഠങ്ങൾ

### പന്ത്രണ്ടാം ആഴ്ച:—ഒന്നാംദിവസം

ലൂക്കൊ. 7: 6—9. യേശു അവരോടുകൂടെ പോയി, വീട്ടിനോടു അടുക്കാറായപ്പോൾ ശതാധിപൻ സ്നേഹിതന്മാരെ അവൻെറ അടുക്കൽ അയച്ചു. കർത്താവേ, പ്രയാസപ്പെടേണ്ടാ; നീ എൻെറ പുരയ്ക്കകത്തു വരുവാൻ ഞാൻ പോരാത്തവൻ. അതുകൊണ്ടു നിൻെറ അടുക്കൽ വരുവാൻ ഞാൻ യോഗ്യൻ എന്നു എനിക്കു തോന്നീട്ടില്ല. ഒരു വാക്കു കല്പിച്ചാൽ എൻെറ ബാല്യക്കാരനു സൌഖ്യം വരും. ഞാനും അധികാരത്തിനു കീഴ്പ്പെട്ട മനുഷ്യൻ; എൻെറ കീഴിൽ പടയാളികൾ ഉണ്ടു്; ഒരുവനോടു പോക എന്നു പറഞ്ഞാൽ അവൻ പോകുന്നു; മറ്റൊരുവനോടു: വരിക എന്നു പറഞ്ഞാൽ അവൻ വരുന്നു; എൻെറ ദാസനോടു ഇതു ചെയ്ക എന്നു പറഞ്ഞാൽ അവൻ ചെയ്യുന്നു എന്നു പറയിച്ചു. യേശു അതു കേട്ടിട്ടു അവങകൽ ആശ്ചര്യപ്പെട്ടു തിരിഞ്ഞു നോക്കി, അനുഗമിക്കുന്ന കൂട്ടത്തോടു: യിസ്രായേലിൽകൂടെ ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.

ലൂക്കൊ. 23: 44—47. ഏകദേശം ആറാം മണിനേരമായപ്പോൾ സൂര്യൻ ഇരുണ്ടുപോയിട്ടു ഒമ്പതാംമണിവരെ ദേശത്തു ഒക്കെയും അന്ധകാരം ഉണ്ടായി. ദൈവമന്ദിരത്തിലെ തിരശ്ശീല നടുവെ ചീന്തിപ്പോയി. യേശു അത്യുച്ചത്തിൽ: പിതാവേ, ഞാൻ എൻെറ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു; ഇതു പറഞ്ഞിട്ടു പ്രാണനെ വിട്ടു. ഈ സംഭവിച്ചതു ശതാധിപൻ കണ്ടിട്ടു: ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി.

നമ്മുടെ കർത്താവു ഓരോവിധ ആളുകളെ ഏതുവിധമാണ ആകർഷിച്ചതു്, തൻെറ സ്വഭാവത്തിൽ ഏതേതു ഗുണങ്ങളാണ ഓരോരുത്തരുടെ ഹൃദയത്തെ അപഹരിച്ചതു എന്നു

ളളതു ഈ ആഴ്ചയിൽ നമ്മുടെ ധ്യാനവിഷയം ആക്കാം. ഇന്നത്തെ പാഠങ്ങളിൽ ഒന്നിലെ ശതാധിപൻ, നമ്മുടെ കൎത്താവിനെ തൻെറ പ്രതിദിന സേവാപ്രവൃത്തിയിലും മറെറ പാഠത്തിലെ ശതാധിപൻ തൻെറ മരണസമയത്തും കണ്ടു. എന്നാൽ രണ്ടുപേരെയും അപഹൃതചിത്തരാക്കിത്തീൎത്തതു് തൻെറ അധികാരവും സ്വഭാവഗൌരവവും ആയിരുന്നു. തന്നെ ബന്ധിച്ചു കൊണ്ടുവരുവാൻ അയക്കപ്പെട്ട പടയാളികളും മടങ്ങിവന്നു 'ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല' (യോഹ. 7: 46) എന്നു അവനെ പിടിക്കാതെ വന്നതിനു സമാധാനം പറയുന്നു. സ്വഭാവംകൊണ്ടു ശതാധിപഗണത്തിൽപ്പെട്ടതാവുന്ന മഹാനായ നെപ്പോളിയൻ ചക്രവൎത്തിയും കൎത്താവിനെപ്പററി ഇങ്ങനെ പറയുന്നു:—'അലക്സാണ്ടർ, കൈസർ, ചാർളിമെയിൻ ഇവരും ഞാനും ഓരോ സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. എന്നാൽ ഞങ്ങൾ അവയെ സ്ഥാപിച്ചതു വെറും ബലപ്രയോഗത്താലാണ്. യേശുമാത്രം തൻെറ രാജ്യം സ്നേഹത്തിന്മേൽ സ്ഥാപിച്ചു. അതിനാൽ ഇന്നും ലക്ഷോപലക്ഷം ജനങ്ങൾ അവനായി മരിക്കാൻ ഒരുക്കമുണ്ടു്. മനുഷ്യസ്വഭാവത്തെപ്പററി എനിക്ക അഭിപ്രായം പറവാൻ അവകാശമുണ്ടു്. ഇവർ മനുഷ്യരായിരുന്നു. ഞാനും മനുഷ്യൻ തന്നെ. യേശുക്രിസ്തു മനുഷ്യരിൽ ഉപരി ആയിരുന്നു. അവനെപ്പോലെ വേറെ ആരും ഇല്ല.' നിങ്ങളിൽ ഉൾക്കൊള്ളുന്ന ശക്തിയും വീൎയ്യവുമുള്ള കഴിവുകൾ ഏതുപ്രകാരേണയെല്ലാം കൎത്താവു് ആവശ്യപ്പെടുന്നു എന്നു് സ്വയമേവ ചിന്തിക്കുക.

---

## പന്ത്രണ്ടാം ആഴ്ച.—രണ്ടാം ദിവസം.

മൎക്കൊ. 10: 13—16. അവൻ തൊടേണ്ടതിന്നു ചിലർ ശിശുക്കളെ അവൻെറ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാരോ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോടു:

ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു്; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. ദൈവ രാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നി ങ്ങളോടു പറയുന്നു എന്നു പറഞ്ഞു. പിന്നെ അവൻ അവരെ അ ണെച്ചു അവരുടെമേൽ കൈ വെച്ചു, അവരെ അനുഗ്രഹിച്ചു.

ശതാധിപന്മാരും ശിശുക്കളും തമ്മിലുള്ള അന്തരം എത്ര! എങ്കിലും യോദ്ധാക്കളായ ശതാധിപന്മാരെ ആകർഷിച്ച ഗു ണങ്ങളോടുകൂടിയ കർത്താവിനു ശിശുക്കളെ ആകർഷിച്ച ഗു ണങ്ങളും ഉണ്ടായിരുന്നു എന്നു ഈ പാഠത്തിൽ കാണുന്നു. ക ർത്താവിന്റെ വരവുമൂലം കുഞ്ഞുങ്ങൾക്കു ലോകത്തിൽ സി ദ്ധിച്ചിട്ടുള്ള ഉന്നത പദവികളെപ്പററി ആലോചിക്കുക. അവ ന്റെ ജന്മനാളാഘോഷം കുഞ്ഞുങ്ങളുടെ ഒരു ഉത്സവമായിട്ടാ ണ്് അധികവും ആചരിച്ചുവരുന്നതു്. സുവിശേഷം സ്വീക രിക്കുന്ന പ്രദേശങ്ങളിലൊക്കെയും കുഞ്ഞുങ്ങളെപ്പററിയുള്ള മ തിപ്പു വർദ്ധിക്കുന്നു. ഇതിനൊക്കെയും കാരണം നമ്മുടെ ക ർത്താവു കുഞ്ഞുങ്ങളോടു പെരുമാറിയ രീതിയാണ്്. ശിശു ക്കൾ കർത്താവിനെ സ്നേഹിക്കാൻ ഇടയാക്കിയ ഗുണ ങ്ങൾ എന്തായിരിക്കുമെന്നു ആലോചിക്കുക. ശൈശവ ഗുണങ്ങളായ നിഷ്കാപട്യം, ശുദ്ധത, താഴ്മ, സൗമ്യ ത ഈ ഗുണങ്ങൾ നിങ്ങളേയും കർത്താവിങ്കലേക്കു ആ കർഷിക്കുന്നുവോ?

---

## പന്ത്രണ്ടാം ആഴ്ച:—മൂന്നാം ദിവസം

ലൂക്കൊ. 5: 27—32. അതിന്റെശേഷം അവൻ പുറപ്പെട്ടു, ലേവി എന്നു പേരുള്ളോരു ചുങ്കക്കാരൻ ചുങ്കസ്ഥലത്തു ഇരിക്കുന്ന തു കണ്ടു: എന്നെ അനുഗമിക്ക എന്നു അവനോടു പറഞ്ഞു. അ വൻ സകലവും വിട്ടു എഴുന്നേററു അവനെ അനുഗമിച്ചു. ലേ വി തന്റെ വീട്ടിൽ അവനു ഒരു വലിയ വിരുന്നു് ഒരുക്കി; ചു ങ്കക്കാരും മററും വലിയോരു പുരുഷാരം അവരോടുകൂടെ പന്തി

യിൽ ഇരുന്നു. പരീശന്മാരും അവരുടെ ശാസ്ത്രിമാരും അവന്റെ ശിഷ്യന്മാരോടു: നിങ്ങൾ ചുങ്കക്കാരോടും പാപികളോടുംകൂടെ തിന്നുകുടിക്കുന്നതു എന്തു എന്നു പറഞ്ഞു പിറുപിറുത്തു. യേശു അവരോടു: ദീനക്കാർക്കല്ലാതെ സൌഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല; ഞാൻ നീതിമാന്മാരെ അല്ല പാപികളെ അത്രേ മാനസാന്തരത്തിനു വിളിപ്പാൻ വന്നിരിക്കുന്നതു് എന്നു ഉത്തരം പറഞ്ഞു.

മത്താ. 4: 18—22. അവൻ ഗലീലക്കടൽപ്പുറത്തു നടക്കുമ്പോൾ പത്രോസ് എന്നു പേരുള്ള ശിമോൻ, അവന്റെ സഹോദരനായ അന്ത്രെയോസ് എന്നിങ്ങനെ മീൻപിടിത്തക്കാരായ രണ്ടു സഹോദരന്മാർ കടലിൽ വല വീശുന്നതു കണ്ടു: എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു അവരോടു പറഞ്ഞു. ഉടനെ അവർ വല വിട്ടേച്ചു അവനെ അനുഗമിച്ചു. അവിടെനിന്നു മുമ്പോട്ടു പോയാറെ സെബദിയുടെ മകൻ യാക്കോബും അവന്റെ സഹോദരൻ യോഹന്നാനും എന്ന വേറെ രണ്ടു സഹോദരന്മാർ പടകിൽ ഇരുന്നു അപ്പനായ സെബദിയുമായി വല നന്നാക്കുന്നതു കണ്ടു അവരെയും വിളിച്ചു. അവരും ഉടനെ പടകിനെയും അപ്പനെയും വിട്ടു അവനെ അനുഗമിച്ചു.

ഈ പാഠങ്ങളിലെ ആളുകൾ ശിശുക്കളിൽനിന്നു എത്രയോ വ്യത്യസ്തസ്വഭാവമുള്ള ഐശ്വര്യവാന്മാരായ ഓരോ ജോലിക്കാർ ആയിരുന്നു. നമ്മുടെ കർത്താവിൽ അവർ പ്രത്യക്ഷമായി കണ്ട ഗുണങ്ങൾ നിമിത്തം അവർ സർവ്വവും ഉപേക്ഷിച്ചു അവനെ അനുഗമിക്കയും അവന്റെ സേവയ്ക്കു തങ്ങളുടെ ജീവനെ അർപ്പിക്കയുംചെയ്തു. സെബദിപുത്രന്മാരെപ്പോലെയുള്ള വേറെയും ആളുകളെ കർത്താവു ഇപ്രകാരം ആകർഷിക്കയും അവരും അവരുടെ ജീവനെയും ബുദ്ധിസാമർത്ഥ്യത്തെയും ധനത്തെയും അവന്റെ സേവയ്ക്കായി സമർപ്പിക്കയും ചെയ്തിട്ടുണ്ടു്. ക്വിൻറിൽഹോഗ് എന്നയാൾ തന്റെ ധനവും സമയവും ലണ്ടനിലെ അനാഥക്കുട്ടികളുടെ ഉന്നമനത്തിനായി വ്യയംചെയ്തു. ഭൂതാനുകമ്പ ഇല്ലാത്ത ക്രിസ്ത്യാനിക്കു ക്രി

സുവിൻെറ ആത്മാവില്ല എന്നു അദ്ദേഹം പറഞ്ഞിരിക്കുന്നു. നിങ്ങളുടെ ബുദ്ധിസാമത്ഥ്യങ്ങളെ കത്താവിനു സമപ്പിച്ചിട്ടുണ്ടോ?

---

## പന്ത്രണ്ടാം ആഴ്ച:—നാലാം ദിവസം.

ലൂക്കൊ. 8: 1—3. അനന്തരം അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചുംകൊണ്ടു പട്ടണംതോറും സഞ്ചരിച്ചു. അവനോടുകൂടെ പന്തിരുവരും അവൻ ദുരാത്മാക്കളെയും വ്യാധികളെയും നീക്കി സൌഖ്യം വരുത്തിയ ചില സ്ത്രീകളും ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരത്തി മറിയയും ഹെരോദാവിൻെറ കാൎയ്യവിചാരകനായ കൂസയുടെ ഭാൎയ്യ യോഹന്നയും ശൂശന്നയും തങ്ങളുടെ വസ്തുവകകൊണ്ടു അവൎക്കു ശുശ്രൂഷ ചെയ്തുപോന്ന മററു പല സ്ത്രീകളും ഉണ്ടായിരുന്നു.

ലൂക്കൊ. 10: 38—42. പിന്നെ അവർ യാത്രപോകയിൽ അവൻ ഒരു ഗ്രാമത്തിൽ എത്തി; മൎത്ഥാ എന്നു പേരുള്ള ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു. അവൾക്കു മറിയ എന്ന ഒരു സഹോദരി ഉണ്ടായിരുന്നു. അവൾ കൎത്താവിൻെറ കാല്ക്കൽ ഇരുന്നു അവൻെറ വചനം കേട്ടുകൊണ്ടിരുന്നു. മൎത്ഥയോ വളരെ ശുശ്രൂഷയാൽ കുഴങ്ങിട്ടു അടുക്കെ വന്നു: കൎത്താവേ, എൻെറ സഹോദരി ശുശ്രൂഷെക്കു എന്നെ തനിച്ചു വിട്ടിരിക്കുന്നതിൽ നിനക്കു വിചാരമില്ലയോ? എന്നെ സഹായിപ്പാൻ അവളോടു കല്പിച്ചാലും എന്നു പറഞ്ഞു. കൎത്താവു അവളോടു: മൎത്ഥയേ, മൎത്ഥയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു. എന്നാൽ അല്പമേ വേണ്ടു; അല്ല ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അതു ആരും അവളോടു അപഹരിക്കയുമില്ല.

മത്താ. 27; 55, 56. ഗലീലയിൽനിന്നു യേശുവിനെ ശുശ്രൂഷിച്ചുകൊണ്ടു അനുഗമിച്ചുവന്ന പല സ്ത്രീകളും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു. അവരിൽ മഗ്ദലക്കാരത്തി മറിയയും യാക്കോബിൻെറയും യോസെയുടെയും അമ്മയായ മറിയയും സെബെദിപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു.

സ്ത്രീകളുടെ സ്വഭാവവും പുരുഷന്മാരുടെ സ്വഭാവവും തമ്മിൽ വളരെ വ്യത്യാസങ്ങൾ ഉണ്ടെന്നു സർവ്വസമ്മതമാണല്ലോ. എന്നാൽ നമ്മുടെ കർത്താവു തല ചായ്പാൻപോലും സ്ഥലമില്ലാതെ നിർദ്ധനനായി സഞ്ചരിച്ചിരുന്നു എങ്കിലും ശതാധിപന്മാരും ഐശ്വര്യവാന്മാരായ ജോലിക്കാരും മാത്രമല്ല അവന്റെ ആകർഷണശക്തിക്കധീനരായതു്: സ്ത്രീകളും അവനാൽ ആകർഷിക്കപ്പെട്ടു. അവന്റെ സ്വഭാവത്തിൽ അവരുടെ ചിത്തത്തെ അപഹരിച്ച ഗുണങ്ങൾ ഉണ്ടായിരുന്നു. പലപ്പോഴും സ്ത്രീകൾക്കു ആത്മികനിരീക്ഷണശക്തി പുരുഷന്മാരെക്കാൾ കൂടുതലായിരിക്കും; സൂക്ഷ്മശക്തികൾ ഗ്രഹിക്കാൻ അവർക്കു പ്രാപ്തിയും കൂടിയിരിക്കും. കർത്താവിനോടു പരിചയമായവർ പുരുഷന്മാർ മാത്രമായിരുന്നെങ്കിൽ അവർ ഗ്രഹിക്കാതെ വിട്ടുകളയുമായിരുന്ന പല ഗുണങ്ങൾ സ്ത്രീകൾ അവനിൽ ആദിമുതലെ കണ്ടു. സ്ത്രീകളും പുരുഷന്മാരും അവർക്കു ഉൽകൃഷ്ടമായി തോന്നിയ ഗുണങ്ങൾ അവനിൽ കാണുകയും അവനിൽ ഭക്തിയുള്ളവരായി തീരുകയും ചെയ്തു. സ്ത്രീകൾക്കു അവശ്യം വേണ്ട ഉൽകൃഷ്ടഗുണങ്ങൾ എന്തെല്ലാമെന്നു് ആലോചിച്ചുനോക്കി അവ എത്രത്തോളം നമ്മുടെ കർത്താവിലും പൂർണ്ണമായി കാണപ്പെട്ടു എന്നു വിചിന്തനം ചെയ്ക.

---

## പന്ത്രണ്ടാം ആഴ്ച:—അഞ്ചാംദിവസം

ലൂക്കൊ. 7: 40—48. ശിമോനെ നിന്നോടു ഒന്നു പറവാനുണ്ടു് എന്നു യേശു പറഞ്ഞതിന്നു: ഗുരോ, പറഞ്ഞാലും എന്നു അവൻ പറഞ്ഞു. കടം കൊടുക്കുന്ന ഒരുത്തന്നു രണ്ടു കടക്കാർ ഉണ്ടായിരുന്നു; ഒരുത്തൻ അഞ്ഞൂറു വെള്ളിക്കാശും മററവൻ അമ്പതു വെള്ളിക്കാശും കൊടുപ്പാനുണ്ടായിരുന്നു. വീട്ടുവാൻ അവർക്കു വകയില്ലായ്കയാൽ അവൻ ഇരുവർക്കും ഇളച്ചുകൊടുത്തു; എന്നാൽ അവരിൽ ആർ അവനെ അധികം സ്നേഹിക്കും?

അധികം ഇളച്ചുകിട്ടിയവൻ എന്നു ഞാൻ ഊഹിക്കുന്നു എന്നു ശിമോൻ പറഞ്ഞു. അവൻ അവനോടു: നീ വിധിച്ചതു ശരി എന്നു പറഞ്ഞു. സ്ത്രീയുടെ നേരെ തിരിഞ്ഞു ശിമോനോടു പറഞ്ഞതു: ഈ സ്ത്രീയെ കാണുന്നുവോ? ഞാൻ നിന്റെ വീട്ടിൽ വന്നു, നീ എന്റെ കാലിനു വെള്ളം തന്നില്ല; ഇവളോ കണ്ണുനീർകൊണ്ടു എന്റെ കാൽ നനച്ചു തലമുടികൊണ്ടു തുടെച്ചു. നീ എനിക്കു ചുംബനം തന്നില്ല; ഇവളോ ഞാൻ അകത്തു വന്നതുമുതൽ ഇടവിടാതെ എന്റെ കാൽ ചുംബിച്ചു. നീ എന്റെ തലയിൽ തൈലം പൂശിയില്ല; ഇവളോ പരിമളതൈലംകൊണ്ടു എന്റെ കാൽ പൂശി. ആകയാൽ ഇവളുടെ അനേക പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു. അവൾ വളരെ സ്നേഹിച്ചുവല്ലോ; അല്പം മോചിച്ചുകിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ അവൻ അവളോടു: നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു;

ഈ പാഠത്തിനു അടുത്തു മുമ്പുള്ള ഭാഗംകൂടെ വായിക്കുക. ഇതാ ഒരു സ്ത്രീ—പുണ്യാത്മാക്കളായ പുരുഷന്മാരുടെ വെറുപ്പിനും പതിവ്രതകളായ സ്ത്രീകളുടെ നിന്ദയ്ക്കും പാത്രമായ ഒരു സ്ത്രീ—തന്റെ നടപ്പിനെപ്പററി ലജ്ജിച്ചു പശ്ചാത്താപപ്പെടുന്നവളായി, എങ്കിലും പ്രത്യാശയോടും കൃതജ്ഞതയോടും കൂടെ നമ്മുടെ കർത്താവിന്റെ പാദത്തിങ്കൽ വന്നു അഭയം പ്രാപിപ്പാൻ തക്കവണ്ണം അവന്റെ എന്തു ഗുണമാണ് അവളെ ആകർഷിച്ചതു്? നമ്മുടെ കർത്താവിന്റെ നന്മ ദോഷത്തിന്റെ അഭാവം അല്ലായിരുന്നു. അവന്റെ നന്മ, വ്യത്യാസമെന്നിയേ തന്റെ ചുററും വ്യാപിച്ചു. ഭ്രഷ്ടരായവർക്കു പ്രത്യാശയും ദുർമ്മാർഗ്ഗത്തിൽ ലയിച്ചു നിരാശയിൽ പെട്ടുപോയവർക്കു തങ്ങളുടെ ജീവിതത്തെ ഇനിയും ഉത്തമമാക്കാമെന്നുള്ള ധൈര്യവും കൊടുത്തു അവരെ സന്മാർഗ്ഗത്തിൽ ജീവിപ്പാൻ ഉദ്യമിപ്പിച്ചു. സന്മാർഗ്ഗജീവിതത്തിന്നു ഒരു വഴിയും കാണാതെ കഠിന മനോവേദനയിൽ ജീവിച്ച എത്ര സ്ത്രീപുരുഷന്മാർ നമ്മുടെ കർത്താവിനാൽ ആകർഷിക്കപ്പെട്ടിട്ടു തങ്ങളുടെ ജീവിതത്തെ കേവലം പുതുതാക്കി സുകൃതത്തിലും സ

ന്തോഷത്തിലും അവരുടെ കാലം കഴിച്ചിട്ടുണ്ടു്. ഇതുപോലെ വല്ല പാപവും നിങ്ങളുടെ ജീവിതത്തെ മലിനപ്പെടുത്തി നിങ്ങൾക്കു ധൈര്യക്ഷയം വരുത്തുന്നുണ്ടോ? ഈ സ്ത്രീയെപ്പോലെ യഥാൎത്ഥ മനസ്താപത്തോടെ കൎത്താവിന്റെ തൃപ്പാദത്തിങ്കൽ അഭയം പ്രാപിച്ചാൽ പ്രത്യാശയ്ക്കു വഴി കാണിച്ചുതരാതെ അവൻ നിങ്ങളെ ഉപേക്ഷിച്ചുകളയുമെന്നു നിങ്ങൾക്കു ഭയമുണ്ടോ?

---

## പന്ത്രണ്ടാം ആഴ്ച:—ആറാം ദിവസം

ലൂക്കൊ. 3: 7—9; 15—17. അവനാൽ സ്നാനം ഏൽപാൻ വന്ന പുരുഷാരത്തോടു അവൻ പറഞ്ഞതു: സൎപ്പസന്തതികളേ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഓടിപ്പോകുവാൻ നിങ്ങൾക്കു ഉപദേശിച്ചുതന്നതു ആർ? മാനസാന്തരത്തിന്നു യോഗ്യമായ ഫലം കായിപ്പിൻ. അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ടു് എന്നു ഉള്ളംകൊണ്ടു പറവാൻ തുനിയരുതു്; അബ്രഹാമിന്നു ഈ കല്ലുകളിൽനിന്നു മക്കളെ ഉളവാക്കുവാൻ ദൈവത്തിന്നു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇപ്പോൾ തന്നേ വൃക്ഷങ്ങളുടെ ചുവട്ടിന്നു കോടാലി വെച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു.

ജനം കാത്തുനിന്നു: അവൻ ക്രിസ്തുവോ എന്നു എല്ലാവരും ഹൃദയത്തിൽ യോഹന്നാനെക്കുറിച്ചു വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ യോഹന്നാൻ എല്ലാവരോടും ഉത്തരം പറഞ്ഞതു: ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നിലും ബലവാനായവൻ വരുന്നു; അവന്റെ ചെരിപ്പിന്റെ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനം കഴിപ്പിക്കും അവന്നു വീശുമുറം കയ്യിൽ ഉണ്ടു്; അവൻ കളത്തെ മുറമ്മ വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടിവെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും:

യോദ്ധാക്കൾ, ശിഷ്യന്മാർ, ഓരോ ജോലിയിൽ ഇരിക്കുന്നവർ, സ്ത്രീകൾ, മാനസാന്തരപ്പെടുന്ന പാപികൾ ഇവരെപ്പററി നാം ചിന്തിച്ചുവല്ലോ. ഇവരിൽനിന്നെല്ലാം എത്രയോ വ്യത്യസ്തപ്പെട്ട ഒരാളായിരുന്നു യോഹന്നാൻ സ്നാപകൻ. യോഹന്നാൻ മുഖം നോക്കാതെ അതിധൈര്യത്തോടെ നീതി പ്രസംഗിക്കയും ആരിലായാലും പാപത്തെ അതികഠിനമായി ശാസിക്കയും ചെയ്തു. മത്താ. 11: 7—19-ൽ യോഹന്നാനെപ്പററി നമ്മുടെ കർത്താവിന്റെ അഭിപ്രായം പറഞ്ഞിട്ടുള്ളതു വായിച്ചു അവന്റെ ഉഗ്രത നിമിത്തവും വിട്ടുവീഴ്ച ചെയ്യാത്ത ധൈര്യം നിമിത്തവും അവനെ അഭിനന്ദിക്കുന്നതു സൂക്ഷിക്കുക. യോഹന്നാൻ ശിശുക്കളെ വാത്സല്യത്തോടെ അനുഗ്രഹിച്ചതായും സ്ത്രീകളുടെ സൂക്ഷ്മജ്ഞാനത്തിൽ പ്രസാദിച്ചതായും സങ്കല്പിപ്പാൻ തന്നെ പ്രയാസമല്ലേ? എങ്കിലും ശിശുക്കളുടെ സൌമ്യതയും സ്ത്രീകളുടെ മൃദുലപ്രകൃതിയും ഉള്ള കർത്താവിന്നു നിർദ്ദയനും തപസ്വിയുമായ യോഹന്നാനെ ആകർഷിച്ച ഗുണങ്ങളും ഉള്ളതായി കാണുന്നു. ആത്മികശക്തി യോഹന്നാന്റെ ഒരു പ്രത്യേക വരമായിരുന്നു. എങ്കിലും കർത്താവിനെപ്പററി 'എന്നിലും ബലമേറിയവൻ' 'അവന്റെ ചെരിപ്പിന്റെ വാറു കുനിഞ്ഞഴിപ്പാൻ ഞാൻ യോഗ്യനല്ല' (മൎക്കൊ. 1: 7) എന്നാകുന്നു അവൻ പറയുന്നതു്. നമ്മുടെ കർത്താവിന്റെ സ്വഭാവത്തെ പരിപൂർണ്ണമാക്കിയ വിപരീതമായി തോന്നുന്ന ഗുണങ്ങളുടെ വിസ്മയകരസംയോഗത്തെപ്പററി ചിന്തിക്ക.

## പന്ത്രണ്ടാം ആഴ്ച:—ഏഴാം ദിവസം

മത്താ. 27: 1—5. പുലർച്ചെക്കു മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും എല്ലാം യേശുവിനെ കൊല്ലുവാൻ കൂടി വിചാരിച്ചു, അവനെ ബന്ധിച്ചുകൊണ്ടുപോയി നാടുവാഴിയായ പീലാത്തോസിനെ ഏല്പിച്ചു.

അവനെ ശിക്ഷയ്ക്കു വിധിച്ചു എന്നു അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ടു അനുതപിച്ചു; ആ മുപ്പതു വെള്ളിക്കാശു മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കി കൊണ്ടുവന്നു ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അതു ഞങ്ങൾക്കു എന്തു? നീ തന്നേ നോക്കിക്കൊൾക എന്നു അവർ പറഞ്ഞു. അവൻ ആ വെള്ളിക്കാശു മന്ദിരത്തിൽ എറിഞ്ഞു, ചെന്നു കെട്ടിഞാന്നു ചത്തുകളഞ്ഞു.

ലൂക്കൊ. 15: 1, 2. ചുങ്കക്കാരും പാപികളും എല്ലാം അവന്റെ വചനം കേൾപ്പാൻ അവന്റെ അടുക്കൽ വന്നു. ഇവൻ പാപികളെ കൈക്കൊണ്ടു അവരോടുകൂടി ഭക്ഷിക്കുന്നു എന്നു പരീശന്മാരും ശാസ്ത്രിമാരും പറഞ്ഞു പിറുപിറുത്തു.

ഈ പാഠങ്ങളിൽ നമ്മുടെ കർത്താവിനു അവിശ്വസ്തരും വിരോധികളുമായവരുടെമേൽ തന്റെ ശക്തി എന്തായിരുന്നു എന്നു കാണുന്നു. തന്റെ ആദ്ധ്യാത്മികസുവിശേഷത്താൽ പഴയ യഹൂദാചാരങ്ങളെ ദുർബലപ്പെടുത്തുന്നു എന്നും അത്യധിക ഉദാരതയാൽ ജനസാമാന്യം ഭ്രഷ്ടരാക്കിയവരോടു സംസർഗ്ഗം ചെയ്യുന്നു എന്നും അസാമാന്യ സ്നേഹത്താൽ മാനസാന്തരപ്പെടുന്ന പാപികളുടെ പാപം മോചിച്ചു അവരെ കൈക്കൊള്ളുന്നു എന്നും ആയിരുന്നു ശത്രുക്കൾ അവന്റെമേൽ ആരോപിച്ച കുറ്റങ്ങൾ. അവനിൽ കുറ്റം ഒന്നും കാണുന്നില്ലെന്നു പീലാത്തോസു പിന്നെയും പിന്നെയും നിഷ്കർഷിച്ചു പറഞ്ഞു. നിർദ്ദോഷിയെ ഒറ്റിക്കൊടുത്തല്ലോ എന്നു ഖേദിച്ചു യൂദാ ഇസ്കര്യോത്താ ആത്മഹത്യയും ചെയ്തു. സുവിശേഷങ്ങളിൽ നാം പ്രധാനമായി കാണുന്നതു യേശുവിന്റെ സ്നേഹിതന്മാരുടെ സ്തുതിപാഠകങ്ങളല്ല,

ശത്രുക്കളുടെ കുററാരോപണങ്ങൾ ആകുന്നു. എന്നാൽ എന്തെങ്കിലും ഒരു നന്മയെ ആസ്പദമാക്കാതെ ഏതെങ്കിലും ഒരുകുററം അവൻെറമേൽ ചുമത്തിയതായികാണ്മാനില്ല. ഇങ്ങനെ നമ്മുടെ കർത്താവിൻെറ സ്വഭാവത്തെപ്പററി ആലോചിക്കുമ്പോൾ, അവൻെറ ഗൌരവം യോദ്ധാക്കളെ ആകർഷിച്ചു, അവൻെറ സൌമ്യത ശിഷ്ടക്കളെ സ്നേഹിതരാക്കി, അവൻെറ ആത്മികനിരീക്ഷണശക്തി സ്ത്രീകളെ ശിഷ്യരാക്കി, അവൻെറ കരുണ പാപികളിൽ പ്രത്യാശ ഉണ്ടാക്കി അവരെ ഒരു പുതുജീവൻ അവലംബിക്കുമാറാക്കി, ആരെയും ശങ്കിക്കാത്ത അവൻെറ നീതിതല്പരത ഒരു പ്രവാചകൻെറ ഭയഭക്തിയെ ഉജ്ജ്വലിപ്പിച്ചു എന്നു കാണുന്നു. ഈ സ്വഭാവത്തിന്നായിരുന്നു ശത്രുക്കൾ അവനെ മരണശിക്ഷക്കു ഏല്പിച്ചതു. അവൻെറമേൽ അവർ ആരോപിച്ച കുററങ്ങളോ അവൻെറ മഹാമനസ്കതയെ വെളിപ്പെടുത്തിയ സൽഗുണങ്ങൾ ആയിരുന്നു. അവൻെറ സ്വഭാവത്തെ അപൂൎണ്ണമായിട്ടെങ്കിലും നമുക്കു ഗ്രഹിപ്പാൻ കഴിഞ്ഞാൽ അന്യരിൽ കാണുന്ന ഔന്നത്യവും സന്തോഷങ്ങളും ശക്തികളും നിസ്സാരമായി തോന്നാതിരിക്കുമോ?

---

## അദ്ധ്യായം 24

### പന്ത്രണ്ടാം ആഴ്ചയിലെ വിമർശനവീഥി

## നമ്മുടെ കർത്താവിൻെറ പരിപൂർണ്ണത

യേശുവിൻെറ സ്വഭാവത്തെപ്പററി നാം ഇതേവരെ ഗാഢമായി ചിന്തിച്ചതിൽനിന്നും സമ്മിളിതഭാവേന പ്രത്യക്ഷീഭവിക്കാൻ പ്രയാസമായിട്ടുള്ള വ്യത്യസ്ത സ്വഭാവങ്ങൾ തന്നിൽ യോജിച്ചു കാണപ്പെടുന്നതായി നാം മനസ്സിലാക്കിയിരിക്കുമല്ലൊ. അദ്ദേഹത്തിൻെറ അത്ഭുതകരങ്ങളായ മനഃ

സ്വൈഷ്യത്തെക്കുറിച്ചു നാം പര്യാലോചിച്ചതോടുകൂടിത്തന്നെ തൻെറ മഹത്വമേറിയ വിനയത്തെപ്പററിയും ചിന്തിക്കേണ്ട തായിവന്നു. ധാർമ്മികമായ പരിണാമങ്ങളെക്കുറിച്ചു തനിക്കുള്ള തീവ്രമായ ചിന്താശക്തിയെ സംബന്ധിച്ചു പഠിക്കുന്ന ഘട്ട ത്തിൽതന്നെ മനുഷ്യരിൽ കാണുന്ന സൽസ്വഭാവത്തിൻെറ ഏററവും ലഘുവായ ആരംഭത്തെപ്പോലും വീക്ഷിച്ചു സന്തോ ഷിക്കുവാൻ മനസ്സുള്ളവനായിട്ടും നമുക്കു അദ്ദേഹം ദൃശ്യമാകു ന്നു. അന്യരുടെയും തൻെറയും ദുഃഖങ്ങളിൽ സഹതാപവും ആർദ്രതയും മനസ്സലിവുമുള്ളവനെങ്കിലും തദവസരത്തിൽത്ത ന്നെ സദാ ആനന്ദവും സന്തോഷവും നിറഞ്ഞ് താൻ പ്രത്യ ക്ഷമാകുന്നുണ്ട്. അഖിലലോകത്തെയും സംബന്ധിച്ചു തനി ക്ക് നിസ്സീമമായ അഭിവാഞ്ഛയുള്ളതിനു പുറമെ പ്രഥമ ദൃ ഷ്ടിയിൽ തീരെ നിസ്സാരന്മാരെന്നു ഗണിക്കപ്പെടുന്നവരിൽ പ്ര ത്യേക ശ്രദ്ധയുള്ളവനായും നാം ദൈവത്തെ കണ്ടിട്ടുണ്ട്. യേ ശുവിൻെറ ജീവചരിത്രം ശ്രദ്ധയോടെ പഠിച്ചിട്ടുള്ള ഏവ ർക്കും വിഭിന്നമായ ലക്ഷണങ്ങളുടെ സമ്മിളിതമായ ഒരു സങ്ക ലനമാണ് തൻെറ സ്വഭാവമെന്ന് അഭിപ്രായപ്പെടുവാൻ ഇ ടയായിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു സങ്കലനം ഒരാളിൽ യോ ഗ്യമായ രീതിയിൽ യോജിച്ചു പരിലസിക്കുകയെന്നുള്ളതു് അ ത്യന്തം വൈഷമ്യമേറിയ ഒരു കാര്യമാണ്.

ആത്മസംസ്കാരവും ആത്മപരിത്യാഗവും സമ്മിശ്രമായി വിലസുകയെന്നുള്ളതു് വളരെ പ്രയാസമാണ്. ഈ രണ്ടു ആദർശങ്ങളും അവശ്യം ഉണ്ടായിരിക്കേണ്ടതാണെന്നു യേശു ക്രിസ്തുവിനു അറിയാമായിരുന്നു. നിന്നെപ്പോലെതന്നെ നി ൻെറ അയൽക്കാരനെയും സ്നേഹിക്ക (മത്താ. 19: 19) എന്നു കർത്താവു അരുളിച്ചെയ്തപ്പോൾ നാം നമ്മെത്തന്നെ നല്ലവണ്ണം സ്നേഹിക്കണം, അതേരീതിയിൽത്തന്നെ മററുള്ളവരെയും സ്നേ ഹിക്കണമെന്നാണ് താൻ കല്പിച്ചിട്ടുള്ളതു്. മനുഷ്യർ നിങ്ങ ൾക്കു ഏതെല്ലാം കാര്യങ്ങൾ ചെയ്യണമെന്നു നിങ്ങൾ ഇച്ഛിക്കു

ന്നുവോ. അപ്രകാരംതന്നെ അവക്കും ചെയ്യിൻ, എന്നു് പ്രസ്താവിച്ച ഘട്ടത്തിൽ സർവ്വോൽകൃഷ്ടമായ സംഗതികൾ സ്വന്തമായിത്തന്നെ ഇച്ഛിക്കണമെന്നും അതേകാര്യങ്ങൾ തന്നെ മററുള്ളവക്കായും നാം ഇച്ഛിക്കേണ്ടതാണെന്നുമത്രെ താൻ ആജ്ഞാപിച്ചിട്ടുള്ളതു്. എന്നാൽ ഇപ്രകാരം സ്വന്ത നന്മയെ കരുതുന്നതും, അന്യരുടെ നന്മയെ കരുതുന്നതുമായ ലക്ഷണങ്ങൾ യാതൊരു കളങ്കവും വികല്പവും കൂടാതെ ഒരൊററ ആളിന്റെ സ്വഭാവത്തിൽ മനോഹരമാംവണ്ണം സംയോജിച്ചു വരികയെന്നുള്ളതു അസാധാരണ വിഷമങ്ങളോടുകൂടിയ ഒരു കാര്യമാണു്. അതിദുർഘടമായ ഈ സംഗതി നമ്മുടെ നാഥൻ എങ്ങനെ നിവ്വഹിച്ചു എന്നു ചിന്തിക്കുക.

തന്റെ അന്ത്യ അത്താഴസമയത്തുള്ള കർത്താവിന്റെ പ്രാർത്ഥനയിൽ 'ഞാൻ എന്നെത്തന്നെ അവക്കുവേണ്ടി ശുദ്ധീകരിക്കുന്നു' എന്നൊരു ഭാഗം നാം കാണുന്നു (യോഹ. 17: 19). വിഭിന്നങ്ങളായ ജീവിതചര്യകളെ താൻ സ്വകീയമായി തിരഞ്ഞെടുത്തു തന്റെ സ്വന്ത ജീവിതത്തിൽ ഉൽകൃഷ്ടവും മഹനീയവുമായ വിധത്തിൽ അവയെ സംയോജിപ്പിച്ചിട്ടു് ഇപ്രകാരമുള്ള ഒരു ജീവിതം അന്യന്മാരുടെ ഉന്നതമായ നന്മയെ കരുതി, അവക്കുവേണ്ടി താൻ ജീവിക്കുകയാണു് ചെയ്തിട്ടുള്ളതു്. ലോകത്തിനു് അത്യുൽകൃഷ്ടമായ സേവനം ചെയ്യേണ്ടതിലേക്കായി തന്റെ ജീവിതം എത്രത്തോളം ഭംഗിയും പുഷ്ടിയും ഉള്ളതാക്കിത്തീക്കാമോ അത്രത്തോളം താൻ ആ കാര്യത്തിനായി പ്രയത്നിച്ചു. അക്കാലത്തു തനിക്കു ലഭിക്കാവുന്ന ഏററവും ഉൽകൃഷ്ടമായ ഗ്രന്ഥങ്ങളെ താൻ നല്ലവണ്ണം വായിച്ചു പഠിച്ചുവന്നു. ദൃഷ്ടാന്തമായി പഴയനിയമത്തിലുള്ള പ്രവാചകന്മാരുടെ പുസ്തകങ്ങൾ താൻ നല്ലവണ്ണം അദ്ധ്യയനം ചെയ്തിട്ടുണ്ടായിരുന്നു. പ്രകൃതിയുടെ മനോഹരതയെയും അതിന്റെ മാഹാത്മ്യത്തെയും അദ്ദേഹം വേണ്ടപോലെ നിരീക്ഷണം ചെയ്തുപോന്നു. പ്രാർത്ഥനമൂലം താൻ ആത്മസംസ്കരണം

ചെയ്തു: തൻെറ അനുഗാമികൾക്കു താൻ ഏററവും അധികം പ്രയോജനപ്പെടണം എന്നുള്ള ഏക ലാക്കോടുകൂടിയായിരുന്നു താൻ ഈ വിധമെല്ലാം ചെയ്തതു്. ഉൽകൃഷ്ടവും മഹത്തരവുമായ രീതിയിൽ തൻെറ സ്നേഹിതന്മാക്കും ശിഷ്യന്മാക്കും ലോകത്തിനും പ്രയോജനമുള്ളവനായിത്തീരേണ്ടതു അവശ്യമാണെന്നു് അദ്ദേഹം മനസ്സിലാക്കി. തന്നിമിത്തം ആത്മസംസ്കരണവും സേവനവും ഒരേകാര്യത്തിൻെറ രണ്ടു വശങ്ങളാണെന്നു താൻ ധരിച്ചു. താൻ പരീക്ഷകളോടു എതിരിട്ടു് ജയിച്ചതും, പ്രാർത്ഥന മുഖാന്തരമായി തന്നെത്തന്നെ ക്രമീകരിച്ചതും തനിക്കു സുലഭമായിരുന്ന ആത്മികമായ ഭണ്ഡാരങ്ങളിൽനിന്നു് തൻെറ അന്തരംഗങ്ങളെ പുഷ്ടിപ്പെടുത്തിയതുമെല്ലാം സ്വന്തയാവശ്യത്തിനു മാത്രമല്ല, പിന്നെയോ അദ്ദേഹത്തിൻെറ സ്നേഹിതന്മാരുടെ നന്മയെ കരുതിയുമായിരുന്നു.

പ്രാർത്ഥനയുടെ ദൃഷ്ടാന്തമായി അദ്ദേഹം ഒരു വിശേഷമായ ഉപമ പറഞ്ഞു. യാതൊരു ആഹാരവും ശേഷിച്ചിട്ടില്ലായിരുന്ന ഒരു വീട്ടിൽ ഒരു വിരുന്നുകാരൻ വന്നുചേർന്നു. അയാളുടെ മുമ്പിൽ വിളമ്പിക്കൊടുക്കുന്നതിനു ഒന്നുമില്ലാതിരുന്നതിനാൽ വീട്ടുടമസ്ഥൻ വളരെ ലജ്ജിച്ചു് ധനവാനായ അയൽക്കാരൻെറ അടുക്കൽ പോയി: 'എൻെറ ഒരു സ്നേഹിതൻ ദീർഘയാത്ര കഴിഞ്ഞു വന്നിരിക്കുന്നു, അയാൾക്കു കൊടുപ്പാൻ ഒന്നുമില്ലാത്തതുകൊണ്ടു് കുറെ ആഹാരം തരേണം' എന്നു് അപേക്ഷിച്ചു. പ്രാർത്ഥനയെക്കുറിച്ചുള്ള യേശുവിൻെറ ആദർശം ഇതാണു്. തൻെറ അടുക്കലേക്കു സഹായത്തിനായി വന്നുചേന്നവരുടെ പേക്കായി താൻ ശ്രേയസ്കരമായ ഒരു ജീവിതത്തിനുവേണ്ടി സദാ അന്വേഷിച്ചുകൊണ്ടിരുന്നു. അവരുടെ പേക്കായി അവിടുന്നു തന്നെത്തന്നെ ശുദ്ധീകരിച്ചു. ഉൽകൃഷ്ടമായ ജീവിതത്തിനായി സദാ കാംക്ഷിച്ചുകൊണ്ടിരുന്ന യേശു മററുള്ളവരുടെ പേക്കുള്ള സേവനത്തിൽ തന്നെത്തന്നെ നഷ്ടപ്പെടുത്തുകയാൽ ജീവനെ കണ്ടെത്തി (മത്താ. 10:39).

ആത്മസംസ്കാരവും, ആത്മത്യാഗവും യേശുവിൻെറ ദൃഷ്ടിയിൽ രണ്ടു വിഭിന്നമായ സ്വഭാവഗുണങ്ങൾ അല്ലായിരുന്നു. അവ മനുഷ്യരോടുള്ള ഒരേ ഭാവനയുടെ രണ്ടു വശങ്ങൾ മാത്രമായിരുന്നു. ഈ രണ്ടു ഗുണങ്ങളും അദ്ദേഹത്തിൽ പൂർണ്ണമായി യോജിച്ച് ഇണങ്ങിയിരുന്നു.

ഒരു കാര്യത്തിനുവേണ്ടി തീക്ഷ്ണതയോടുകൂടി തീവ്രമായി പ്രവർത്തിക്കുന്ന ഒരാൾക്കു് ക്ഷമ, സഹിഷ്ണുത എന്നീ ഗുണങ്ങൾ ഉണ്ടാകുക എന്നതു വളരെ പ്രയാസമാണു്. കർത്താവിൻെറ ഉപദേശം നോക്കിയാൽ തീക്ഷ്ണത, ക്ഷമ എന്നീ രണ്ടു ഗുണങ്ങളെയും താൻ പ്രശംസിച്ചു പറഞ്ഞിരിക്കുന്നതായി സുവിശേഷങ്ങളിൽനിന്നു നമുക്കു കാണാം. ദൈവരാജ്യത്തിൻെറ അഭിവൃദ്ധിയിൽ തൻെറ ശിഷ്യന്മാർ വളരെ തീക്ഷ്ണതയുള്ളവരായിരിക്കണമെന്നു് അവിടുന്നാഗ്രഹിച്ചു. കലപ്പയ്ക്കു കൈ വെച്ചശേഷം അവർ പുറകോട്ടു നോക്കരുതെന്നു താൻ പറഞ്ഞു (ലൂക്കൊ. 9: 62). എന്നിരുന്നാലും ദൈവരാജ്യത്തിൻെറ വരവു താമസിച്ചു കാണുന്നു എങ്കിൽ അവർ ക്ഷമകേടുള്ളവരായിരിക്കരുതെന്നും (മർക്കൊ. 4: 26), ഉപദ്രവമുണ്ടാകുമ്പോൾ ഭയപ്പെടരുതെന്നും (മത്താ. 15: 12) കോതമ്പിൻെറ ഇടയിൽ സാത്താൻ കളകൾ വിതയ്ക്കുമ്പോൾ അവർ ആകുലചിന്തയുള്ളവരായിരിക്കരുതെന്നും അദ്ദേഹം പ്രസ്താവിച്ചു (മത്താ. 13: 25). ഒരു കാര്യത്തിൽ അധികം താല്പര്യം ഒരാൾക്കില്ലെങ്കിൽ ആ കാര്യം സാധിക്കുന്നതിൽ താമസവും തോൽവിയും ഉണ്ടാകുമ്പോൾ ക്ഷമ കാണിക്കുന്നതു വളരെ എളുപ്പമാകുന്നു. എന്നാൽ ഒരു പ്രത്യേക കാര്യസാദ്ധ്യത്തിനായി തനിക്കുള്ള സർവ്വവും ഉപേക്ഷിക്കുന്നതിനു മനസ്സുവെച്ചിട്ടുള്ള ഒരാൾ ആ സംഗതിയിൽ താമസം നേരിടുകയും പരാജയത്തിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങുകയും ചെയ്യുമ്പോൾ യാതൊരുവിധമായ ആകുലചിന്തയും ഇല്ലാതെ കഴിഞ്ഞുകൂടുക എന്നുള്ളതു തുലോം പ്രയാസമേറിയ ഒരു

സംഗതിതന്നെയാണ്. യേശുവിൽ ഈ നില എത്ര യോജി ച്ചിരിക്കുന്നു എന്നുള്ളത് സുവിശേഷങ്ങളിൽനിന്നും കാണുന്നു. മനുഷ്യർ എന്തെല്ലാം ദോഷങ്ങൾ ഉണ്ടായാലും യേശുക്രിസ്തു അതിനെ സാരമാക്കിയില്ല. എന്നാൽ തീക്ഷ്ണതയില്ലാത്ത മനുഷ്യരുമായി തനിക്കു യാതൊരു പങ്കും ഓഹരിയും ഉണ്ടായിരിക്കരുതെന്നു താൻ വിചാരിച്ചു എന്ന് സർ ജോൺസിലി എന്ന മഹാൻ പറഞ്ഞിരിക്കുന്നതു വാസ്തവം തന്നെയാണ്. ശിഷ്യനായിത്തീരുവാൻ ആഗ്രഹിച്ച ഒരാൾ മുമ്പേ പോയി തൻെറ ബന്ധുക്കളോടു യാത്രപറവാൻ അനുവാദം ചോദിച്ചതു് എത്രയും നിഷിദ്ധമായ ഒരു സ്വഭാവമാണെന്നു താൻ വിചാരിച്ചു(ലൂക്കൊ. 9: 61, 62).തൻെറ പിതാവിനെ കുഴിച്ചിട്ടിട്ട് വരുവാൻ അനുവാദം ചോദിച്ച വേറൊരാളിനോട്, മരിച്ചവർ അതായതു് കാര്യനിർവ്വഹണത്തിൽ തീക്ഷ്ണത ഇല്ലാത്തവർ, തങ്ങളുടെ മരിച്ചവരെ കുഴിച്ചിട്ടുകൊള്ളട്ടെ എന്ന് അദ്ദേഹം ഉപദേശിച്ചു: ഒരിക്കൽ ഒരു വലിയ പുരുഷാരത്തിൻെറ മദ്ധ്യത്തിൽവെച്ചു ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ കേൾവിക്കാരെല്ലാവരും വിസ്മയിച്ചുപോയി. അവർ ഒന്നാകെ തൻെറ ശിഷ്യന്മാരായിത്തീരുന്നതിനു സംഗതി വന്നേക്കുമോ എന്നും കൂടെ തനിക്കു തോന്നി. അങ്ങനെ വന്നാൽ തീക്ഷ്ണതയും ഉത്സാഹവും ഇല്ലാത്ത ഒരു വലിയ സംഘം ജനങ്ങൾ തൻെറ അനുഗാമികളായിത്തീന്നാൽ നേരിടാവുന്ന ദോഷങ്ങൾ വളരെ ആയിരിക്കുമെന്നു താൻ വിചാരിച്ചിരിക്കണം. ഈ ഘട്ടത്തിലായിരുന്നു താൻ പുരുഷാരങ്ങളുടെ നേരെ തിരിഞ്ഞുകൊണ്ടു തൻെറ പിതാവിനെയൊ, മാതാവിനെയൊ, തൻെറ സ്വന്ത ജീവനെക്കൂടെയൊ ഉപേക്ഷിക്കുവാൻ മനസ്സില്ലാത്ത യാതൊരുത്തനും തൻെറ ശിഷ്യനായിരിക്കുവാൻ കഴിയുന്നതല്ല എന്നുള്ള മൊഴികളെ പൊട്ടുന്നനവെ ഉച്ചരിച്ചതു് (ലൂക്കൊ. 14: 26).

നമ്മുടെ കൎത്താവു ഇത്രവളരെ തീക്ഷ്ണതയുള്ളവനായിരുന്നു എങ്കിലും, ദൈവരാജ്യത്തിൻെറ സാവധാനമായ

വളർച്ച പ്രകൃതിയിൽ കാണപ്പെടുന്ന പോലെ മുമ്പെ തണ്ടും പിന്നെ കതിരും, പിന്നെ കതിരിൽ നിറഞ്ഞ മണിയും എന്നപോലെ ശാന്തവും ക്രമാനുഗതവും ആയിരിക്കുമെന്നു പറയത്തക്കവിധം താൻ അത്രുസ്ലൂ ക്ഷമയുള്ളവനും കൂടെയായിരുന്നു (മക്കൊ. 4: 28). ഒരു കടുകുമണിപോലെ ദൈവരാജ്യത്തിന്റെ ആരംഭം എത്ര ചെറുതായിരുന്നാലും ഒരു വലിയ ജയത്തിൽ അതു പര്യവസാനിക്കുമെന്നു തനിക്കു നല്ല നിശ്ചയമുണ്ടായിരുന്നു (മത്താ. 13: 31). അസാരം പുളിമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുമെന്നു തനിക്കു നല്ലവണ്ണം അറിയാമായിരുന്നു. ഉപദ്രവങ്ങളും പ്രതിബന്ധങ്ങളും ഹേതുവായി തന്റെ ഉദ്ദിഷ്ടകാൎയ്യത്തിനു അവസാനത്തിൽ യാതൊരു തോൽവിയും ഭവിക്കയില്ലെന്നു തനിക്കു നല്ല നിശ്ചയമുണ്ടായിരുന്നു (മത്താ. 5: 12—14). ദൈവത്തിലുള്ള പൂൎണ്ണാശ്രയം തനിക്കുണ്ടായിരുന്നതുകൊണ്ടു തനിക്കു യാതൊരുവിധമായ ആകുലചിന്തയുമില്ലായിരുന്നു. അതുമാത്രമല്ല, ഒരു കുററക്കാരനെപ്പോലെ താൻ ക്രൂശിക്കപ്പെട്ടവാൻ പോകുന്ന സമയത്തും ഭാവിയിൽ വരുവാനിരുന്ന വിജയത്തെക്കുറിച്ചു പൂൎണ്ണനിശ്ചയമുള്ളവനായി ഭവിക്കയും, തന്റെ മരണത്തെ നുറുക്കപ്പെട്ട അപ്പത്തോടും പകരപ്പെട്ട വീഞ്ഞിനോടും ഉപമിച്ചുകൊണ്ടു സംസാരിക്കയും ചെയ്തു.

വ്യത്യാസലക്ഷണങ്ങൾ നമ്മുടെ കൎത്താവിന്റെ സ്വഭാവത്തിൽ എത്ര വിശേഷമായി യോജിച്ചിണങ്ങിയിരുന്നു എന്നതിനെക്കുറിച്ചു നാം പഠിക്കുവാൻ ആരംഭിച്ചാൽ അതിനെ അവസാനിപ്പിക്കുന്നതിനു വളരെ പ്രയാസമാണ്. തള്ളമാർ തങ്ങളുടെ കുഞ്ഞുങ്ങളെ തന്റെ ആശീർവാദത്തിനായി അദ്ദേഹത്തിന്റെ അരികിലേക്കു കൊണ്ടുവരത്തക്കവണ്ണം താൻ അത്രമാത്രം ശാന്തതയുള്ളവനായിരുന്നു. എങ്കിലും ദൈവാലയത്തിൽഇരുന്നു നാണയങ്ങൾ കൈമാററംചെയ്തുകൊണ്ടിരുന്ന കച്ചവടക്കാരെ ആട്ടിഓടിക്കത്തക്കവണ്ണം തനിക്കു അത്രകണ്ടു

കോപവുംഉണ്ടായിരുന്നുവെന്നു നാം കാണുന്നു. ജാതികൾതമ്മിലും വംശങ്ങൾ തമ്മിലുമുള്ള അതിരുകളെ ഇടിച്ചുകളയത്തക്കവണ്ണം ഉൽകൃഷ്ടമാനസനായിരുന്ന ഈ മഹാൻ 'ജീവങ്കലേക്കുള്ള വാതിൽ ഇടുക്കമുള്ളതും വഴി വിസ്താരമുള്ളതുമാകുന്നു, അതിനെ കണ്ടെത്തുന്നവർ ചുരുക്കവുമാകുന്നു' എന്നു പറഞ്ഞു. തന്റെ ദൂതു യാതൊരു വ്യത്യാസവുംകൂടാതെ എല്ലാവർക്കും എല്ലാ ദേശങ്ങൾക്കും, എല്ലാ കാലങ്ങൾക്കും യോജിച്ചതാണെന്നു നാം മനസ്സിലാക്കുമ്പോൾ തന്റെ സ്വഭാവസംപൂർണ്ണതയുടെ മാഹാത്മ്യം വിശദമായി കാണപ്പെടുന്നു.

യേശുവിന്റെ ഉപദേശങ്ങളും അദ്ദേഹത്തിന്റെ ഉത്തമവും യോഗ്യവുമായ സ്വഭാവഗുണങ്ങളും നോക്കിയാൽ അവ എല്ലാക്കാലങ്ങളിലും എല്ലാത്തരത്തിലുമുള്ള ആളുകൾക്കു യോജിച്ചതായിത്തന്നെയിരിക്കുന്നു. മനുഷ്യവർഗ്ഗത്തെയും മനുഷ്യതലമുറകളെയും വ്യത്യാസപ്പെടുത്തുന്ന സകല സീമകളെയും അതിലംഘിക്കുന്നതായി ആകർഷണീയമായ ഒരു സ്വഭാവവൈശിഷ്ട്യം അദ്ദേഹത്തിൽ നിതരാം പരിലസിക്കുന്നുണ്ട് എന്നുള്ളതു നിർവിവാദമായിട്ടുള്ളതാണ്. ഒന്നാംനൂററാണ്ടിലും പത്താംനൂററാണ്ടിലും ജീവിച്ചിരുന്ന ജനങ്ങൾക്കു അദ്ദേഹത്തിന്റെ ആദർശങ്ങൾ എത്രമാത്രം സ്വീകാര്യമായിരുന്നുവോ, അത്രത്തോളംതന്നെ എന്നല്ല അതിലും കൂടുതലായിട്ടു, ഈ ഇരുപതാംനൂററാണ്ടിൽ ജീവിച്ചിരിക്കുന്നവർ അദ്ദേഹത്തെ ആദർശപുരുഷനായിട്ടു സ്വീകരിച്ചിരിക്കുന്നുഎന്നുള്ളതു പ്രത്യേകം വക്തവ്യമാകുന്നു.

ചില്ലറക്കാര്യങ്ങളിൽ യേശുവിനെ അനുഗമിക്കുന്നതിനു ഇക്കാലത്തു പ്രയാസമുണ്ടായേക്കാം. തന്റെ വസ്ത്രധാരണരീതി, താൻ സംസാരിച്ചുവന്ന അറമേയിക് ഭാഷ എന്നിങ്ങനെ കാലദേശാവസ്ഥകൾക്കനുസരണമായ സംഗതികൾ ഇന്നുള്ളവരായ നമുക്കു അനുകരിക്കുവാൻ പ്രയാസമാണ്. എന്നാൽ തന്റെ സ്വഭാവഗുണം നോക്കിയാൽ അതു സാർവ്വ

ത്വികമായിട്ടുള്ളതാകുന്നു. ഇതിനെ സംബന്ധിച്ച കേവലം ഒരു അവിശ്വാസിയായ റെനാൻ (Renan) എന്ന ഗ്രന്ഥകാരൻ താഴെപ്പറയുന്ന വിധത്തിൽ എഴുതിയിരിക്കുന്നതാൽ വളരെ വിസ്മയനീയമായിട്ടുള്ളതാണ്. "ലോകചരിത്രത്തിൽ പല സംഭവങ്ങളും നമ്മിൽ അത്ഭുതത്തെ ജനിപ്പിക്കുന്നവയായി ഉണ്ടായിരിക്കും. യേശുവിൻെറ സ്വഭാവഗുണത്തെ അതിലംഘിച്ചു മുമ്പോട്ടു പോകുവാൻ അക്കം സാധിക്കുന്നതല്ല. അദ്ദേഹത്തിൽ സദാ പരിലസിച്ചുകൊണ്ടിരുന്ന ദൈവാശ്രയം, താൻ ഭരമേററിരുന്ന കാര്യത്തിൽ പ്രദർശിപ്പിച്ചിരുന്ന ഭക്തി, മനുഷ്യവർഗ്ഗത്തോടുള്ള തൻെറ നിസ്സീമമായ സ്നേഹം തൻെറ തളർന്നുപോകാത്ത പ്രത്യാശ, എന്നീവക കാര്യങ്ങളിൽ സകല തലമുറകളിലുമുള്ള ജനങ്ങൾ അദ്ദേഹത്തെ തങ്ങളുടെ പൂർണ്ണമായ ആദർശപുരുഷനായി സ്വീകരിച്ചിരിക്കുന്നു." ചില തലമുറകളിലുള്ള ജനങ്ങളുടെ പ്രത്യേക ഗുണം, അധികാരത്തെ അനുസരിക്ക എന്നുള്ളതായിരുന്നു. എൻെറ ഇഷ്ടമല്ല, നിൻെറ ഇഷ്ടം തന്നെ നടക്കട്ടെ എന്നു അരുളിച്ചെയ്ത യേശുവിൽ ഈ സ്വഭാവം നല്ലവണ്ണം വിളങ്ങിയിരുന്നു. മററു ചില തലമുറകളിൽ ജീവിച്ചിരുന്ന ആളുകൾ സർവ്വപ്രധാനമായി, തെററായ അധികാരത്തോടു മറുതലിക്കുന്ന സ്വഭാവമുള്ളവരായിരുന്നു. നിങ്ങളുടെ പാരമ്പര്യംകൊണ്ടു ദൈവവചനത്തെ നിങ്ങൾ നിഷ്ഫലമാക്കിക്കളയുന്നു (മക്കൊ. 7: 13) എന്നു പറഞ്ഞ യേശുവിൽ ആ സ്വഭാവവും കാണ്മാനുണ്ട്. ചില കാലങ്ങളിൽ ജഡത്തെ അശേഷം കീഴമത്തി സന്യാസജീവിതം ചെയ്യുന്നതാണു ദൈവഭക്തിയുടെ പരമകാഷ്ഠ എന്നു ഗണിച്ചുവന്നിരുന്നു. "ദൈവരാജ്യത്തിനുവേണ്ടി തങ്ങളെത്തന്നേ ഷണ്ഡന്മാരാക്കിത്തീർത്ത ഷണ്ഡന്മാരുമുണ്ടു്," എന്നു പറഞ്ഞവനായ ഗുരുവിനെ ഈ കൂട്ടർ സവിശേഷമായി സ്വീകരിക്കുന്നതാണ്. ഈ ആയുസ്സിൻെറ മനോഹര വസ്തുക്കളിൽ സന്തോഷം അനുഭവിക്കുവാൻ ആഗ്രഹിക്കുന്നവർക്കു ശലോമോൻ തന്നെയും തൻെറ മഹിമയിൽ ഇതിലൊന്നോളം

അലങ്കരിച്ചിരുന്നില്ല എന്നു പറഞ്ഞ കർത്താവിനോടു ബഹുമാനം ഉണ്ടായിരിക്കും (മത്താ. 6: 29). ഒററ ഒററ ആളുകൾ രക്ഷ പ്രാപിക്കുന്നതാണു പ്രധാനമായിട്ടുള്ളതെന്നു ഗണിക്കുന്നവൎക്കു, ഈ ചെറിയവരിൽ ഒരുത്തനെങ്കിലും നശിച്ചുപോകുന്നതു ദൈവേഷ്ടമല്ല: എന്നുള്ള കർത്താവിൻെറ വാക്കുകൾ എത്രമാത്രം സന്തോഷകരമായിരിക്കും. ജനസമുദായത്തിൻെറ രക്ഷയിൽ നിഷ്ക്കർഷ പ്രദർശിപ്പിച്ചവൎക്കു പ്രത്യേക സന്തോഷം തോന്നുമാറു്, നിൻെറ രാജ്യം വരേണമേ; നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ എന്നുള്ള യേശുവിൻെറ പ്രാൎത്ഥന, എത്ര സാരവത്തായി തോന്നിയിരിക്കണം. ഇങ്ങനെ നോക്കിയാൽ വിഭിന്നങ്ങളായ പലേ ലക്ഷണങ്ങൾ യേശുവിൽ ഒരുപോലെ യോജിച്ചു ഇണങ്ങിയിരിക്കുന്നു എന്നു പറയുന്നതിൽ ഒട്ടും അസാംഗത്യമില്ല. ഈവിധത്തിലുള്ള തികഞ്ഞ സ്വഭാവത്തോടുകൂടിയ ഈ മഹാൻ ഒന്നാം നൂററാണ്ടിൽ അപരിഷ്കൃതമെന്നും ഹീനമെന്നും ഗണിക്കപ്പെട്ടുവന്ന ആ ചെറിയ പലസ്റ്റീൻ നാട്ടിൽനിന്നുമാണു് ആവിർഭവിച്ചതു എന്നു പറയുമ്പോൾ നമ്മുടെ വിസ്മയം ശതഗുണീഭവിക്കയത്രെ ചെയ്യുന്നതു്?

യേശുവിൻെറ സാൎവ്വത്രികമായ ഉപദേശങ്ങളിൽ യാതൊരുവിധമായ ജാതിവ്യത്യാസമൊ വർഗ്ഗവ്യത്യാസമോ ഉള്ളതായി കാണപ്പെടുന്നില്ല. ഈ വ്യത്യാസങ്ങൾക്കെല്ലാം അപ്പുറമായിട്ടാണു അദ്ദേഹത്തിൻെറ സ്വഭാവം സ്ഥിതിചെയ്യുന്നതു്. കിഴക്കും പടിഞ്ഞാറും ഒരിക്കലും ഒന്നിച്ചു ചേരുന്നതല്ല എന്നാണു പല വിദ്വാന്മാരും പറഞ്ഞിട്ടുള്ളതു്. എന്നാൽ ശ്രീയേശുവിൽ നേരെ മറിച്ചാണു കാണുന്നതു്. ഈ രണ്ടുകൂട്ടരുടെയും ആദർശങ്ങൾ യേശുവിൽ ഒന്നിച്ചു ഇണങ്ങിച്ചേൎന്നിട്ടുണ്ടു്. ഈ ലോകവാഴ്ച അനിത്യമെന്നും, ആത്മികകാൎയ്യങ്ങളാണു് വാസ്തവത്തിൽ മുന്നിട്ടു നിൽക്കേണ്ടതെന്നും ഇൻഡ്യയിലെ ഭക്തന്മാർ ഗണിക്കാറുണ്ടല്ലൊ. "ഒരു മനുഷ്യൻ ഭൂ

ലോകം മുഴുവൻ നേടിയാൽ അവന്നു എന്തു പ്രയോജനം" എന്നുള്ള യേശുവിന്റെ ചോദ്യം മേല്പറഞ്ഞ ആദർശത്തെ ദ്യോതിപ്പിക്കുന്നു എന്നുള്ളതും ഇവിടെ പറയേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മിക അനുഭവങ്ങളുടെ പരമകാഷ്ഠ സാക്ഷാൽ ജഗദീശ്വരനോടുള്ള പൂർണ്ണമായ ഐക്യമാണെന്നു ഭാരതീയർ ഗണിക്കുന്നു. അതേപ്രകാരം തന്നെ ആത്മാവു ദൈവവുമായി സംസർഗ്ഗം ചെയ്യുന്നതിലാണു് സകല ഭാഗ്യവും അടങ്ങിയിരിക്കുന്നതെന്നു നമ്മുടെ നാഥൻ സിദ്ധാന്തിച്ചിരിക്കുന്നു: ശാന്തമായ പ്രാർത്ഥനയും ധ്യാനവും ഹിന്ദുക്കൾ വലിയകാര്യമായി ഗണിക്കുന്നുണ്ടു്. അപ്രകാരംതന്നെ കർത്താവു പുരുഷാരങ്ങളെ വിട്ടു ദൂരെ മാറി നിർജ്ജനസ്ഥലങ്ങളിലിരുന്നു പ്രാർത്ഥിച്ചു (മത്താ. 14: 23). പൌരസ്ത്യരെപ്പോലെ തന്നെ അദ്ദേഹവും ധ്യാനപരമായ ജീവിതത്തിൽ നിഷ്കർഷയുള്ളവനായിരുന്നു. എങ്കിലും ഈ മഹൽപുരുഷൻ തന്നെയാണു് 'എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവനല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണു് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു്' എന്നു അരുളിച്ചെയ്തിരിക്കുന്നതു് (മത്താ. 7: 21). എന്റെ വചനം കേട്ടു അതിനെ ചെയ്യുന്നവൻ പാറമേൽ തന്റെ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു സദൃശനാകുന്നു എന്നും (മത്താ. 7: 24), 'എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു' എന്നും (മത്താ. 12: 50), എന്നെ അയച്ചവന്റെ പ്രവൃത്തികളെ പകലുള്ളേടത്തോളം ഞാൻ ചെയ്യേണ്ടതാകുന്നു എന്നും (യോഹ. 9: 4) പറഞ്ഞിരിക്കുന്നു. പൌരസ്ത്യർ ധ്യാനനിരതരായിത്തീർന്നിട്ടു പ്രവൃത്തിയിലും പ്രയോഗത്തിലുംപിന്നാക്കമായിത്തീർന്നിട്ടുണ്ടു്. പാശ്ചാത്യർ പ്രവൃത്തിപദ്ധതിയിൽ വളരെ കടന്നുപോയിരിക്കുന്നു എങ്കിലും ധ്യാനപരമായ ജീവിതത്തിൽ അവർക്കു പരാജയംഭവിച്ചിരിക്കയാണു്. എങ്കിലോ ശ്രീയേശുവിൽ മേല്പറഞ്ഞ ഇരുകൂട്ടരുടെയും ഉൽകൃഷ്ടഗുണങ്ങൾ ഒരുമിച്ചുയോജിച്ചു പരിലസി

ക്കുന്നതു എത്ര വിസ്മയനീയമായിരിക്കുന്നു! സകലജാതിക്കാരുടെയും ഭാഷക്കാരുടെയും വർഗ്ഗക്കാരുടെയും ഉൽകൃഷ്ടമായ സകല ഗുണാംശങ്ങളുടെയും സംപൂർണ്ണനിവൃത്തിയാണ് ശ്രീയേശു ക്രിസ്തുവിൽ നാം കാണുന്നതു്. ഒരിക്കൽഒരു ബ്രാഹ്മണൻയേശുവിൻെറ ജീവചരിത്രം കേട്ടപ്പോൾ 'ഹേ ക്രിസ്തുവേ, അങ്ങുതന്നെയാണ് സാക്ഷാൽ ബുദ്ധൻ' എന്നു പറഞ്ഞതായി കേട്ടിട്ടുണ്ടു്.

ഇനിയും നാം ആലോചിക്കേണ്ട വേറൊരു കാര്യമുണ്ടു്. സ്ത്രീകൾക്കും പുരുഷന്മാർക്കും തമ്മിലുള്ള വിപുലമായ വ്യത്യാസങ്ങളെ അതിലംഘിച്ചാണ് ക്രിസ്തുവിൻെറ സ്വഭാവാദർശം. പുരുഷനും സ്ത്രീയും സ്വഭാവവിശേഷത്തിൻെറ രണ്ടു മണ്ഡലങ്ങളെയാണു വെളിപ്പെടുത്തുന്നതു്. സ്വഭാവത്തിൻെറ രണ്ടു പന്ഥാവുകളിൽ കൂടെയാണു അവർ ചരിക്കുന്നതു്. രണ്ടു കൂട്ടരുടേയും ജോലി ഒന്നല്ല, എങ്കിലും അവർ സമഭാവനയോടും ഐക്യത്തോടും വർത്തിച്ചുപോകുന്നതിലാണു മനുഷ്യായുസ്സിൻെറ ശ്രേയസ്സ് അന്തർഭവിച്ചിരിക്കുന്നതു്. എങ്കിലും ഇരുകൂട്ടരും തങ്ങളുടെ ആദർശത്തെ ക്രിസ്തുവിലാണു കാണേണ്ടതു എന്നു സർവ്വസമ്മതമാണല്ലൊ. പുരുഷൻ സ്ത്രീയുടെ സംസ്കാരപരമായ പ്രേരണാശക്തിയിൽനിന്നും അന്യപ്പെട്ടു ജീവിക്കുന്നതായാൽ അവൻ കേവലം മുരടനും നിഷ്ഠൂരനുമായിത്തീരുന്നതിനാണു എളുപ്പമുള്ളതു്: അപ്രകാരം തന്നെ പുരുഷന്മാരുടെ ഗൌരവതരവും ആരോഗ്യകരവുമായ സാന്നിദ്ധ്യത്തിൽനിന്നും സ്ത്രീജനങ്ങൾ അകന്നു ജീവിക്കുന്നതു എവിടെയോ അവിടെ അവരുടെ വൈശിഷ്ട്യവും പരമബോധവും കേവലം സങ്കല്പമായും മനഃചേഷ്ടയായും രൂപാന്തരപ്പെടുന്നതിനും അവരുടെ സ്നേഹശക്തിക്കു അതിൻെറ സാരള്യം നഷ്ടപ്പെട്ടുപോകുന്നതിനും ഇടയുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ ഈ രണ്ടു കൂട്ടരും പരസ്പര പരിപൂർണ്ണതയ്ക്കു അത്യന്താപേക്ഷിതമാകുന്നു എന്നു പറയാതെ നിവൃത്തിയില്ല.

മേല്പറഞ്ഞ വിധത്തിൽ പലതരത്തിലുള്ള സ്വഭാവഗുണങ്ങൾ ശ്രീയേശുക്രിസ്തുവിൽ ഒരുമിച്ചു യോജിച്ചു വന്നിരിക്കുന്നുവെന്നുള്ളതു എത്ര ആശ്ചര്യകരമായിരിക്കുന്നു. ഇങ്ങനെയുള്ള വിവിധസ്വഭാവങ്ങളുടെ ഒരു സംയോജിപ്പു വെറും സങ്കല്പംകൊണ്ടു ചില ക്രിസ്ത്യാനികൾ രൂപീകരിക്കയല്ല ചെയ്തതു്. പിന്നെയോ ഈ വക ഗുണങ്ങൾ യഥാർത്ഥമായി അദ്ദേഹത്തിൽ കാണപ്പെട്ടതു തന്നെയാണു്. ഒരു സ്ത്രീയുടെ ഹൃദയത്തിൽ കുഞ്ഞുങ്ങളോടു വളരെ സ്നേഹമുണ്ടല്ലോ. 'പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടുക്കരുതു്' എന്നു നമ്മുടെ നാഥൻ പറഞ്ഞിട്ടുള്ളതോർത്താൽ താൻ സ്ത്രീകളെക്കാളും കുഞ്ഞുങ്ങളോടു വാത്സല്യം പ്രദർശിപ്പിച്ചുവന്നു എന്നു തെളിയുന്നു. ധീരതയോടുകൂടിയ ഒരു പോരാട്ടത്തിനായി ഒരു പുരുഷന്റെ ഹൃദയം ഉത്സാഹപൂർവ്വം തിരിയുന്നുണ്ടല്ലോ, തന്റെ ശത്രുക്കളോടു ധീരധീരം പോരാടിയിട്ടുള്ളവരിൽ യേശുക്രിസ്തുവിനെക്കാൾ ശ്രേഷ്ഠനായ ഒരു പുരുഷനെ എവിടെ കാണ്മാൻ കഴിയും? തന്റെ ശത്രുക്കൾ ജയം പ്രാപിച്ചു എങ്കിലും തന്റെ ആത്മചൈതന്യത്തോടു ജയം പ്രാപിക്കുന്നതിനു അവൎക്കു സാധിച്ചില്ല. 'നിങ്ങളേയും നിങ്ങളുടെ മക്കളേയും ചൊല്ലി കരവിൻ' എന്നാണല്ലോ താൻ പറഞ്ഞതു് (ലൂക്കൊ. 23: 28). പുരുഷന്മാൎക്കു ഊഹിക്കാവുന്നതില്പമപ്പുറമായിട്ടുള്ള സ്നേഹശക്തി സ്ത്രീകൾക്കുണ്ടു്. ശ്രീയേശുവാകട്ടെ തനിക്കുള്ളവരെ സ്നേഹിച്ചിട്ടു അവരെ അവസാനത്തോളം സ്നേഹിച്ചു എന്നു പറഞ്ഞിരിക്കുന്നു. പുരുഷന്മാർ നായകസാമർത്ഥ്യത്തിൽ സന്തോഷിക്കുന്ന സ്വഭാവമുള്ളവരാണല്ലോ. 'ഒരുത്തൻ അത്രെ നിങ്ങളുടെ ഗുരു, നിങ്ങളോ എല്ലാവരും പരസ്പരം സഹോദരന്മാർ" (മത്താ. 23: 8) എന്നു യേശു പറഞ്ഞു. സ്ത്രീസഹജമായ സ്വാമിഭക്തിയും ക്ഷമയും അദ്ദേഹത്തിൽ തികഞ്ഞു ശോഭിക്കുന്നു എന്നു മാത്രമല്ല അതോടുകൂടെ തന്നേ സകല പുരുഷലക്ഷണങ്ങളും ഒരുമിച്ചു ചേർന്നുമിരിക്കുന്നു.

ഇനിയും നോക്കുന്നപക്ഷം, ശൈശവംമുതൽ വാർദ്ധക്യംവരെയുള്ള മനുഷ്യായുസ്സിൻെറ എല്ലാ ഘട്ടങ്ങളിലും യേശുക്രിസ്തുവിൻെറ സ്വഭാവം എത്രയും ആകർഷണീയമായിട്ടാണിരിക്കുന്നതു്. യൌവ്വനത്തിലും തികഞ്ഞ പ്രായത്തിലും, വാർദ്ധക്യത്തിലും പല പ്രത്യേക ലക്ഷണങ്ങളും ആവശ്യങ്ങളും മനുഷ്യരിൽ കാണുന്നുണ്ടല്ലോ. ശൈശവത്തിൽ ശാന്തപരവും സ്നേഹമസൃണവുമായ കരുതൽ ആവശ്യപ്പെടുന്നു. യൌവ്വനം പരാക്രമപ്രവൃത്തികളിലേക്കു ക്ഷണിക്കുന്ന നായകസാമർത്ഥ്യത്തെ കാംക്ഷിക്കുന്നു. പുരുഷപ്രായത്തിൽ ജ്ഞാനവും ജീവിതമത്സരത്തിലെ വിഷമഘട്ടങ്ങളിൽ വിവേകബുദ്ധിയും ആവശ്യപ്പെടുന്നു. വാർദ്ധക്യം ഉറപ്പും ക്ഷമയും, സഹനശക്തിയും അനുഗ്രഹിക്കുന്നു. ഇങ്ങനെ ആയുസ്സിൻെറ ഓരോ ഘട്ടങ്ങളിലേക്കും ആവശ്യമായ സകല കൃപകളും നാം ക്രിസ്തുവിൽ കാണുന്നു. ശൈശവം ശാന്തതയുള്ളതെങ്കിലും ബലമുള്ളതല്ല. യൌവ്വനം പരാക്രമപ്രവൃത്തികളിലേക്കു വിരഞ്ഞോടുന്നു എങ്കിലും ക്ഷമയുള്ളതല്ല. പുരുഷപ്രായം ധീരതയുള്ളതെങ്കിലും പലപ്പോഴും സംശയസ്വഭാവമുള്ളതാകുന്നു. വാർദ്ധക്യം ക്ഷമയുള്ളതെങ്കിലും പ്രായേണ പ്രത്യാശയില്ലാത്തതായിരിക്കുന്നു. എങ്കിലോ 33 സംവത്സരം മാത്രം ഇഹലോകത്തിൽ ജീവിച്ച ഈ മഹൽപുരുഷനിൽ സകല പ്രായക്കാർക്കുമുള്ള സകല സുകൃതങ്ങളും അവയുടെ ദോഷാംശങ്ങളോടു കലരാതെ കാണപ്പെടുന്നുണ്ടെന്നുള്ളതു് എത്ര വിസ്മയനീയമായിരിക്കുന്നു! ഏതു പ്രായത്തിലുള്ള ആളുകൾക്കും ശ്രീയേശു എത്രയും യോജിച്ച തരത്തിലുള്ള ഒരു ആദർശപുരുഷനായിത്തീർന്നിരിക്കുന്നു.

സകല ശതാബ്ദങ്ങളിലും ജാതികളിലും, വർഗ്ഗങ്ങളിലുമുള്ള ജനങ്ങളുടെ സകല സുകൃതങ്ങളുടെയും നിവൃത്തി ശ്രീയേശുവിൽ കാണപ്പെടുന്നു. ഏതു പ്രായത്തിലുമുള്ള ആളുകൾക്കും യേശുക്രിസ്തു ഒരു പൂർണ്ണനും യോഗ്യനുമായ ആദർശപുരുഷനായി ഭവിച്ചിരിക്കുന്നു എന്നു നിസ്സംശയം പറയാം. 'എ

ത്ര നല്ല സ്നേഹിതൻ യേശു' എന്നു കുഞ്ഞുങ്ങളും, 'ദൈവപുത്രൻ യുദ്ധസന്നാഹമായിപ്പോകുന്നു' എന്നു യൌവ്വനക്കാരും, 'യഹോവാഭക്തന്മാർക്കു എത്ര ബലമായ അടിസ്ഥാനം' എന്നു പ്രായംചെന്നവരും, 'എൻ ഗാനമന്ത്യവായു പോകുമ്പോഴും ഞാൻ സ്നേഹിച്ചെന്നാകിലിപ്പോൾ യേശുവേ' എന്നു വൃദ്ധന്മാരും പാടുവാൻ സംഗതി വന്നിരിക്കുന്നു.

സകല നൂററാണ്ടുകളും, ജാതികളും കാലങ്ങളും, ഏതു വർഗ്ഗത്തിൽപ്പെട്ടവരും സ്ത്രീപുരുഷഭേദമെന്യേ തങ്ങൾ അറിഞ്ഞിട്ടുള്ള സകല സുകൃതങ്ങളുടെയും പരിസമാപ്തി ശ്രീയേശുവിൽ കണ്ടെത്തിയിരിക്കുന്നു. നമ്മുടെ അല്പമായ വർണ്ണരാജിയിലെ അസംപൂർണ്ണങ്ങളും വിസ്തീർണ്ണങ്ങളുമായ എല്ലാ ഛായകളെയും അദ്ദേഹത്തിന്റെ വെണ്മയേറിയ പ്രകാശം സംഗ്രഹിച്ചുകൊള്ളുന്നു. ഇതിന്റെ യഥാർത്ഥമായ അർത്ഥത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ 'നിങ്ങൾ എന്നെ യജമാനനെന്നും കർത്താവെന്നും വിളിക്കുന്നു, അതു ശരിതന്നെ, ഞാൻ അങ്ങനെതന്നെ ആകുന്നുവല്ലോ' എന്നുള്ള നമ്മുടെ മശിഹായുടെ വാക്കുകൾക്കു നവീനവും വിപുലവുമായ ഒരു അർത്ഥം നമുക്കു ലഭിക്കുന്നു.

---

Literature Press, Tiruvalla—191—2000. 10—7—1952

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No M200 Acc. No 13015

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 15 AUG 1996 | | |
| 5 SEP 1996 | | |
| 11 JUL 2013 | | |

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

M200 13015

ഫൊസ്ഡിക്ക് ഹാരി എമെർസൻ

മശിഹായുടെ മഹജ്ജീവിതം

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. M200 Acc. No. 13015

Author [illegible]

Title [illegible]

gpura.org